# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

2017 മാർച്ച് 10, വെള്ളി

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 165 – നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

2017 മാർച്ച് 10, വെള്ളി

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ.വി.കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

75/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....30
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....76

**II ശ്രദ്ധ ക്ഷണിക്കൽ**

ജലക്ഷാമം

—ശ്രീ. ബി.ഡി.ദേവസ്സി

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.) ....378

**III സബ്മിഷൻ**

1. കൈവശ ഭൂമിക്ക് പട്ടയം

—ശ്രീ. ഒ. ആർ. കേളു ....381

2. ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

—ശ്രീ. കെ. ദാസൻ ...383

3. സ്റ്റെന്റുകൾക്ക് അമിത വില ഈടാക്കൽ

—ശ്രീ. പി.ടി. എ. റഹീം ....385

4. സ്പോർട്സ് കോംപ്ലക്സ്

—ശ്രീ. മുല്ലക്കര രത്നാകരൻ ....387

5. ഇംഗ്ലീഷ് ഭാഷാവിഷയം

—ശ്രീ. എം. സ്വരാജ് ...389

**IV റിപ്പോർട്ട് സമർപ്പണം**

2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ട് ....391

*പേജ്*

**V അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

1. റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ...391

2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

I. 2016-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ
-ശ്രീ. ഡി. കെ. മുരളി നോട്ടീസ് നൽകിയത് ....391

ii. 2017-ലെ കേരള കാൽനടയാത്രക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള അതോറിറ്റി രൂപീകരണ ബിൽ
(നോട്ടീസ് നൽകിയ ശ്രീ. പി.ടി. തോമസ്, എം.എൽ.എ. സീറ്റിൽ ഇല്ലാതിരുന്നതിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല.) ...396

iii. 2017-ലെ കേരള ഹോസ്റ്റൽ താമസക്കാരുടെ രജിസ്ട്രേഷൻ അതോറിറ്റി രൂപീകരണ ബിൽ

(നോട്ടീസ് നൽകിയ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, എം.എൽ.എ. സീറ്റിൽ ഇല്ലാതിരുന്നതിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല.) …396

iv. 2016-ലെ കേരള പട്ടികഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ
-ശ്രീ. പുരുഷൻ കടലുണ്ടി നോട്ടിസ് നൽകിയത് ....396

v. 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ
-ശ്രീ. എ. പ്രദീപ്കുമാർ നോട്ടീസ് നൽകിയത് ....399

*പേജ്*

3. <u>താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച</u>

i. 2016-ലെ കേരളത്തിലെ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ....391
(നോട്ടീസ് നൽകിയ ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. സീറ്റിൽ ഇല്ലാതിരുന്നതിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല) ....416

ii. 2016-ലെ കേരള ശുദ്ധജലാവകാശ ബിൽ
- ശ്രീ. ആർ. രാജേഷ് നോട്ടീസ് നൽകിയത് ....416

iii. 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ
- ശ്രീ. എം. സ്വരാജ് നോട്ടീസ് നൽകിയത് ....431

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

*2017 മാർച്ച് 10, വെള്ളി*

വാല്യം 165] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2017 മാർച്ച് മാസം 10-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(9-3-2017-ന് അടിയന്തരപ്രമേയാവതരണ വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശം പിൻവലിക്കണമന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിൽ നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

മി. സ്പീക്കർ: ഓർഡർ.... ഓർഡർ... ചോദ്യം നമ്പർ *241

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ ചില പരാമർശങ്ങൾ പിൻവലിക്കണമെന്ന് ഞാനും യു.ഡി.എഫ്-ലെ മറ്റ് കക്ഷിനേതാക്കന്മാരും അങ്ങയെ കണ്ട് ആവശ്യപ്പെടുകയുണ്ടായി. അതുസംബന്ധിച്ച് ഒരു തീരുമാനമുണ്ടാകണമെന്ന് ഞാൻ വിനയപൂർവ്വം അങ്ങയോട് അഭ്യർത്ഥിക്കുകയാണ്. ഞങ്ങൾക്കെതിരെ സഭാനേതാവ് ഒരിക്കലും അങ്ങനെയൊരു പരാമർശം നടത്താൻ പാടില്ലായിരുന്നു. അതുസംബന്ധിച്ചൊരു തീരുമാനം പറയണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശിവസേനയേയും സംഘ്പരിവാറിനേയുംകുറിച്ച് പറയുമ്പോൾ ചില പ്രത്യേക മാനസികാവസ്ഥയാണ് ഇവിടെ പ്രകടമാകുന്നത്. എന്താണതിന് കാരണമെന്നറിയില്ല. ഈ നിലപാടാണ് തിരുത്തേണ്ടത്. .....(ബഹളം).....

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത്തരം പദപ്രയോഗങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചേർന്നതല്ലെന്ന് അദ്ദേഹം മനസ്സിലാക്കണം. ശിവസേനയെ ഞങ്ങൾ വാടകയ്ക്ക് എടുത്തതാണെന്ന് ഇന്നലെ ഇവിടെ പറഞ്ഞത് ഉചിതമായ നടപടിയാണോയെന്ന് അദ്ദേഹം തന്നെ ആലോചിക്കട്ടെ. ബി.ജെ.പി.-യോടും ശിവസേനയോടും പോരാടുന്നതിന് മുഖ്യമന്ത്രിയുടെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് ആവശ്യമില്ല.

ശ്രീ. പിണറായി വിജയൻ: അത് പൊതുസമൂഹം തിരിച്ചറിയുന്നുണ്ട്. എത്രമാത്രമാണ് ആർ.എസ്.എസ്-നോടും* സംഘ്പരിവാറിനോടും നിങ്ങൾ സമരസപ്പെട്ട് പോകുന്നതെന്ന് പൊതുവായി കാണുന്നുണ്ട്. അതിന്റെ പ്രകടനമാണ് ഇവിടെ കണ്ടത്. ആ പ്രകടനങ്ങൾക്കുനേരെയാണ് എന്റെ വാചകങ്ങളുണ്ടായത്.

ശ്രീ. രമേശ് ചെന്നിത്തല: ഏതായാലും ബി.ജെ.പി.-ക്കും ആർ.എസ്.എസ്-നും എതിരെ പോരാടാൻ ശ്രീ. പിണറായി വിജയന്റെ സർട്ടിഫിക്കറ്റ് ഞങ്ങൾക്ക് വേണ്ട. ഈ രാജ്യത്തെ മതേതരത്വം ഉയർത്തിപ്പിടിക്കാൻ കഴിയുന്ന രാഷ്ട്രീയ പ്രസ്ഥാനം തന്നെയാണ് യു.ഡി.എഫ്. അക്കാര്യത്തിൽ അങ്ങേയ്ക്ക് ഒരു സംശയവും വേണ്ട. ഞങ്ങൾക്ക് അവിടെനിന്നും പാഠം ഉൾക്കൊള്ളേണ്ട കാര്യമില്ല......................(ബഹളം).....

മി. സ്പീക്കർ: ദയവായി ചോദ്യോത്തരവേള ചർച്ചയാക്കരുത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എഴുന്നേറ്റപ്പോൾ അങ്ങേയ്ക്ക് സമയം അനുവദിച്ചുവെന്നേയുള്ളൂ. ....പ്ലീസ്.. .....പ്ലീസ്..... (ബഹളം)......ഇന്നലെ റൂൾ 307 പ്രകാരം ശ്രീ. വി. ഡി. സതീശൻ പ്രസ്തുത വിഷയം ഉന്നയിക്കുകയും പരിശോധിച്ച് നടപടിക്രമമനുസരിച്ച് ചെയർ റൂൾ ചെയ്യുന്നതാണെന്ന് പറയുകയും ചെയ്തു..... (ബഹളം).......ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ**

1. (*241) ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* പ്രസ്തുത പരാമർശങ്ങൾ നീക്കം ചെയ്യണമെന്ന് ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ. കത്ത് മുഖേന ആവശ്യപ്പെട്ടു. സഭാദ്ധ്യക്ഷന്റെ ഉത്തരവുപ്രകാരം (ഫയൽ നമ്പർ1101/ ഇ.ബി./2017/ നി.സെ) രേഖയിൽ നിലനിർത്തി)

(എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻപ്രകാരം സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം പ്രസ്തുത പദ്ധതിപ്രകാരം പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താനായി കേന്ദ്രസർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിനും അക്കാദമിക് നിലവാരം ഉയർത്തുന്നതിനുമായി കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഗുണമേന്മയുള്ള സെക്കണ്ടറി വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (ആർ.എം.എസ്.എ.). ആർ.എം.എസ്.എ. പ്രകാരം ചുവടെ ചേർക്കുന്ന പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നത്.

1. സെക്കണ്ടറി വിദ്യാഭ്യാസം എല്ലാവർക്കും ലഭ്യമാക്കുന്നതിനായി 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ ഹൈസ്കൂളുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുക;
2. എല്ലാ സർക്കാർ സ്കൂളുകൾക്കും 50,000 രൂപ വീതം ഗ്രാന്റായി നൽകുക;
3. ഭിന്നശേഷിയുള്ള കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സ്പെഷ്യൽ ടീച്ചേഴ്സിനേയും ആയമാരേയും നിയമിക്കുക;
4. സെക്കണ്ടറി തലത്തിലുള്ള അദ്ധ്യാപകർക്കും സ്പെഷ്യൽ ടീച്ചേഴ്സിനും 10 ദിവസത്തെ ഇൻ-സർവ്വീസ് കോഴ്സ് നൽകുക.
5. സയൻസ്, കണക്ക് എന്നീ വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് പ്രത്യേകം പരിശീലനം നൽകുക.

.....(ബഹളം).....

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിച്ചു. അതിന് ചെയർ വിശദീകരണം നൽകി. .....(ബഹളം).....പ്ലീസ്.......ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞ് പൂർത്തീകരിക്കട്ടെ....... (ബഹളം)..... ....പ്ലീസ്.. പ്രതിപക്ഷനേതാവിന് ഏതുസമയത്തും മൈക്ക് കൊടുക്കും; ദയവായി നിങ്ങൾ ബഹളമുണ്ടാക്കരുത്.....പ്ലീസ്.. സീറ്റുകളിലേയ്ക്ക് പോകണം.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>:

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം 2017-18 അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്ന് താഴെപ്പറയുന്ന പദ്ധതികളാണ് ആവശ്യപ്പെട്ടിരുന്നത്.

1. ആർ.എം.എസ്.എ.-യുടെ പ്രവർത്തനം വ്യാപിപ്പിക്കുക.
2. ആർ.എം.എസ്.എ. ഫണ്ട് സർക്കാർ/എയ്ഡ്സ് മേഖലയിലെ വിദ്യാലയങ്ങളിലും അനുവദിക്കുക.
3. വിദ്യാർത്ഥികൾക്ക് ശാസ്ത്രതത്വങ്ങൾ ആഴത്തിൽ പഠിക്കാനുള്ള അവസരമുണ്ടാക്കുക.
4. സെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി ക്വസ്റ്റ്യൻ ബാങ്ക് തയ്യാറാക്കി അച്ചടിച്ച് വിതരണം ചെയ്യുക.
5. തീരദേശ വിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുക.
6. സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഫണ്ട് അനുവദിക്കുന്നതിന് പദ്ധതി സമർപ്പിക്കുക.
7. എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും 50,000 രൂപ വീതം സ്കൂൾ ഗ്രാന്റ് നൽകുക.
8. ഭിന്നശേഷിയുള്ള കുട്ടികളെ പഠനത്തിൽ സഹായിക്കുന്നതിനായി സ്പെഷ്യൽ ടീച്ചേഴ്സിനെയും ആയമാരെയും നിയമിക്കുക.
9. സെക്കണ്ടറി തലത്തിലുള്ള അദ്ധ്യാപകർ, സ്പെഷ്യൽ ടീച്ചേഴ്സ്, ഡി.ഇ.ഒ., ഹെഡ്മാസ്റ്റർ, എസ്.എം.ഡി.സി. അംഗങ്ങൾ എന്നിവർക്ക് പരിശീലനം നൽകുക.
10. ഡിജിറ്റൽ ടെക്സ്റ്റ് ബുക്കും അദ്ധ്യാപകർക്കായി ഓൺലൈൻ പരിശീലനവും നൽകുക.
11. കുട്ടികൾക്കായി ടാലന്റ് സെർച്ച് മത്സരം സംഘടിപ്പിക്കുക.
12. വിദ്യാർത്ഥികൾക്കായി തൊഴിൽ സംരംഭകത്വ പരിശീലനം നൽകുക, കലാ ഉത്സവ് സംഘടിപ്പിക്കുക, ആയോധന കലകളിൽ പരിശീലനം നൽകുക.
13. ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുക.

(സി) ചോദ്യം (എ)-യുടെ മറുപടിയിൽ പറയുന്ന പദ്ധതികൾക്ക് പുറമേ, 2017-18 വർഷത്തിൽ 4 സ്കൂളുകളിൽ Ideal Lab പദ്ധതിയും വിദ്യാർത്ഥികളുടെ തൊഴിൽ സംരംഭകത്വ പദ്ധതിക്കായി 82 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സീറ്റിനടുത്തുവന്നുനിന്ന് മുദ്രാവാക്യം മുഴക്കി സഭാനടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നു)

മി. സ്പീക്കർ: ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകൂ. എന്താണ് പ്രതിപക്ഷനേതാവിന് പറയാനുള്ളത്? പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ പോയി ഇരുന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് അവസരം നൽകാം. നിങ്ങൾ സീറ്റിൽ പോയിരിക്കൂ. പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. രണ്ടുംകൂടി നടക്കില്ല. നിങ്ങൾ സീറ്റിൽ പോയി ഇരുന്നാൽ അദ്ദേഹത്തിന് സംസാരിക്കാം. ശ്രീ. റ്റി.വി. രാജേഷ് ...അങ്ങ് സീറ്റിൽ ഇരിക്കൂ .....(ബഹളം)......പ്ലീസ്.

(യു.ഡി.എഫ്. അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോയി)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ, ഞങ്ങൾ വാടകയ്ക്കെടുത്തവരാണ് മറൈൻ ഡ്രൈവിൽ ഇന്നലെ സമരം നടത്തിയതെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശം ഞങ്ങൾക്കൊരിക്കലും അംഗീകരിക്കാവുന്നതല്ല. അത് പിൻവലിക്കണമെന്നായിരുന്നു ഞങ്ങളുടെ ആവശ്യം. ബഹുമാനപ്പെട്ട സ്പീക്കറെ നേരിൽക്കണ്ട് ഞങ്ങൾ അക്കാര്യം ആവശ്യപ്പെട്ടതാണ്. ഇന്നലെ മുഖ്യമന്ത്രി വെല്ലിൽ ഇറങ്ങിയതും വളരെ ദൗർഭാഗ്യകരമായ സംഭവമായിരുന്നു.......... (ബഹളം).........

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇത്രയും ദീർഘമായി സംസാരിക്കരുത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെയുള്ള സംഭവങ്ങൾ ഒരിക്കലും ഈ സഭയിൽ നടക്കാൻ പാടില്ലാത്തതാണ്. ഇക്കാര്യം ഭരണപക്ഷവുമായി സംസാരിച്ച് ഒരു തീരുമാനമറിയിക്കാമെന്ന് അങ്ങ് ഞങ്ങളോട് പറഞ്ഞതാണ്. ഞങ്ങൾ ഇന്ന് രാവിലെ വരെ തീരുമാനത്തിനായി കാത്തിരുന്നു. എന്നാൽ ഇതുവരെയും ഒരു തീരുമാനവുമുണ്ടായില്ല. ആ തീരുമാനം എന്താണെന്നറിയണം. അങ്ങ് പരിശോധിച്ച് ഒരാഴ്ചയ്ക്കുശേഷം തീരുമാനം പറയാമെന്ന് പറയുന്നത് ശരിയല്ല. ഇന്നലെ ഞാനൊരു പരാമർശം നടത്തിയ ഉടൻതന്നെ അങ്ങ് അത് സഭാരേഖയിൽ നിന്നും മാറ്റി. അത് രേഖയിൽ കിടക്കുന്നതാണ് എനിക്ക് നല്ലത്. കാരണം, ഞാൻ പറയാത്ത കാര്യമാണ് പറഞ്ഞത്. എന്തായാലും, ബഹുമാന്യനായ സ്പീക്കർ ഒരു തീരുമാനമെടുത്ത് പറയാമെന്ന് പറഞ്ഞിട്ട് ഇതുവരെ ഞങ്ങൾ വെയിറ്റ് ചെയ്യുകയായിരുന്നു. ഒരു തീരുമാനവുമുണ്ടായില്ല. അതുണ്ടാകണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന.

മി. സ്പീക്കർ: ഈ വിഷയം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇന്നലെ സഭയിൽ ഉന്നയിക്കുകയും ചട്ടം 307 പ്രകാരം പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് ശ്രീ. വി. ഡി. സതീശൻ ആവശ്യപ്പെടുകയും ചട്ടം 307 പ്രകാരം പരിശോധിച്ച് മറുപടി പറയാമെന്ന് ചെയർ റൂളിംഗും നൽകി. അതിനൊരു നടപടിക്രമമുണ്ട്. സാധാരണഗതിയിൽ അതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഈ സെഷൻ തീരുന്നതിനുമുമ്പ് തന്നെ റൂളിംഗുണ്ടാകും.......... (ബഹളം)........ഇപ്പോൾ റൂളിംഗ് വേണമെന്ന് ദയവുചെയ്ത് വാശിപിടിക്കരുത്. സഭയിൽ നൽകിയ റൂളിംഗിനെ സംബന്ധിച്ച് ഒരു ഡിബേറ്റോ രണ്ടാമതൊരു വിശദീകരണമോ ഇല്ല. സഭയിൽ നൽകിയ ഒരു റൂളിംഗിനെ സംബന്ധിച്ച് വീണ്ടും ഉന്നയിച്ച സാഹചര്യത്തിൽ സാധാരണഗതിയിൽ റൂളിംഗിനുമുകളിൽ രണ്ടാമത് അഭിപ്രായപ്രകടനം പാടില്ലാത്തതാണ്. എങ്കിലും ഞാൻ പറയാം; ഈ സഭയിലെ നടപടിക്രമങ്ങളെ സംബന്ധിച്ചോ, സഭയിൽ നടത്തിയ ഏതെങ്കിലും പ്രയോഗങ്ങളെ സംബന്ധിച്ചോ പൊതുസമൂഹത്തിന് തെറ്റിദ്ധാരണയുണ്ടാക്കുന്ന ഒരു കാര്യവും ഉണ്ടാകാൻ പാടില്ലെന്ന് ചെയറിന് നിർബന്ധമുള്ളതുകൊണ്ട്, ഒരു തെറ്റിദ്ധാരണ ഒഴിവാക്കുന്നതിനാണ് ആ സാഹചര്യത്തിൽ അത്തരം നടപടി സ്വീകരിച്ചത്. അത് വീണ്ടും ചർച്ച ചെയ്യാനോ ആവർത്തിച്ച് വിശദീകരിക്കാനോ ആവശ്യപ്പെടുന്നത് ചട്ടപ്രകാരം ശരിയല്ല. അത് ആവർത്തിക്കുന്നത് ശരിയല്ല..........പ്ലീസ്....(ബഹളം)........

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എന്നെക്കുറിച്ച് വാസ്തവവിരുദ്ധമായ കാര്യമാണ് പ്രതിപക്ഷനേതാവ് ഇവിടെ പരാമർശിച്ചത്. എന്തടിസ്ഥാനത്തിലാണ് അങ്ങനെ പറയുന്നതെന്ന് എനിക്കറിയില്ല. അങ്ങ് ഇവിടെ ഇരിക്കുന്ന ഘട്ടത്തിലോ അങ്ങ് എഴുന്നേറ്റ് നിന്ന ഘട്ടത്തിലോ ഞാൻ എന്റെ സീറ്റ് വിട്ട് എവിടെയെങ്കിലും പോയിട്ടുണ്ടോയെന്നതിന് അങ്ങ് സാക്ഷിയാണ്. പച്ചക്കള്ളം പറയുന്നതിന് അതിരുവേണ്ടേ? .........(ബഹളം).........

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ സീറ്റിനടുത്തുവന്നുനിന്ന് ബഹളം വച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തി കൊണ്ടിരുന്നു.)

മി. സ്പീക്കർ: സഭാനടപടികൾ നടന്നുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വെല്ലിൽ ഇറങ്ങിയത് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രതിപക്ഷനേതാവിന് സംസാരിക്കണമെങ്കിൽ പ്രതിപക്ഷാംഗങ്ങൾ സീറ്റിൽപോയി ഇരിക്കണം. ഇതംഗീകരിക്കാൻ കഴിയില്ല; ഇത് ശരിയായ നടപടിയല്ല. ചെയറിനെ സമ്മർദ്ദത്തിലാക്കരുത്. പ്രതിപക്ഷാംഗങ്ങൾ സീറ്റിൽ പോയി ഇരുന്നാൽ മാത്രമേ പ്രതിപക്ഷനേതാവിന് മൈക്ക് നൽകുകയുള്ളൂ.

ഭരണകക്ഷി അംഗങ്ങൾ അനാവശ്യമായി പ്രകോപനം സൃഷ്ടിക്കരുത്. ദയവായി ഇരിക്കൂ................................(ബഹളം).........

(യു.ഡി.എഫ് അംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് പോയി)

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരപ്രമേയത്തിന് മറുപടി പറഞ്ഞതിനുശേഷം ഞാൻ വാക്കൗട്ട് പ്രസംഗം നടത്തുന്ന സന്ദർഭത്തിലാണ് അദ്ദേഹം വീണ്ടും എഴുന്നേറ്റുനിന്ന് ചില പരാമർശങ്ങൾ നടത്തിയത്. അപ്പോഴാണ് പ്രതിപക്ഷാംഗങ്ങൾ വെല്ലിലേയ്ക്ക് വന്നത്. സഭയിൽ ഈ പ്രശ്നമുണ്ടായപ്പോൾ അങ്ങ് ഇവിടെ നിന്നും പോയി. ആ സമയത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയുടെ വെല്ലിലേയ്ക്ക് ഇറങ്ങി. അതെല്ലാവരും കണ്ട കാര്യമാണ്. എന്ത് പ്രകോപനമുണ്ടായാലും ഒരു കാലത്തും ഒരു മുഖ്യമന്ത്രിമാരും വെല്ലിലേയ്ക്ക് ഇറങ്ങിയിട്ടില്ലെന്ന കാര്യം അങ്ങ് ഓർക്കണം. ആരെങ്കിലും ഇറങ്ങിയിട്ടുണ്ടോ; അത് ശരിയായ കാര്യമാണോ; ഞാൻ പച്ചക്കള്ളം പറഞ്ഞുവെന്ന് പറയുന്നത് ശരിയാണോ; ഞാൻ എന്ത് പച്ചക്കള്ളമാണ് പറഞ്ഞത്? സഭ നടന്നുകൊണ്ടിരിക്കുമ്പോഴും അല്ലാത്തപ്പോഴും ഒരു മുഖ്യമന്ത്രിയും വെല്ലിലിറങ്ങി ആരോടും കയർക്കാറില്ല, ആരെയും ഭീഷണിപ്പെടുത്താറുമില്ല. ഇന്നലെ ഇവിടെ ഉണ്ടായത് ദൗർഭാഗ്യകരമായ സംഭവമാണ്. മുഖ്യമന്ത്രി മുഖ്യമന്ത്രിയാണ്, സഭാ നേതാവാണ്. സഭാനേതാവ് പ്രതിപക്ഷാംഗങ്ങളുടെ അവകാശങ്ങൾകൂടി സംരക്ഷിക്കാൻ ബാദ്ധ്യസ്ഥനാണ്. ആ സഭാനേതാവ് സഭ ചേരുമ്പോഴോ അല്ലാത്തപ്പോഴോ വെല്ലിലേയ്ക്ക് ഇറങ്ങിവന്ന് മെമ്പർമാരോട് കയർക്കുന്നത് ഒരിക്കലും ശരിയായ നടപടിയല്ലെന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ:</u> വളരെ ദീർഘകാലത്തെ പാരമ്പര്യവും അനുഭവങ്ങളുമുള്ള അങ്ങയോട് എല്ലാ ബഹുമാനവും വച്ചുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. സഭാ നടപടികൾ തുടരാത്ത സമയത്ത് ഇവിടെ പരസ്പരം കൂടിനിൽക്കുന്നതും സംസാരിക്കുന്നതും സ്വാഭാവികമാണ്. സഭയിൽ നടപടിക്രമങ്ങൾ ഇല്ലാത്ത സമയത്ത്, ചെയറിൽ ആളില്ലാത്ത സമയത്ത് ഇവിടെ ആദ്യമായിട്ടാണോ വെല്ലിൽ നിന്ന് സംസാരിക്കുന്നതും സൗഹൃദം പങ്കുവയ്ക്കുന്നതും? അതൊന്നും തെറ്റിദ്ധാരണ പരത്തുന്ന നിലയിൽ സംസാരിക്കുന്നത് ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുസംബന്ധിച്ചുള്ള കാര്യങ്ങൾ ഏതുകാലത്തേതും നമുക്ക് പരിശോധിക്കാം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ഞാൻ ഉദ്ദേശിച്ച കാര്യമാണ് അങ്ങ് പറഞ്ഞത്. ബഹുമാന്യനായ പ്രതിപക്ഷ നേതാവിന് ഇവിടത്തെ പരിചയം മാത്രമല്ല, ദീർഘകാലത്തെ പാർലമെന്ററി പരിചയവുമുണ്ട്. സ്പീക്കർ ചെയറിൽ ഇരിക്കുന്ന ഘട്ടത്തിലും സഭ ചേരുന്ന ഘട്ടത്തിലും ഇതിനെ നാം വെല്ലായി കണക്കാക്കിയാണ് ഇങ്ങോട്ട് ഇറങ്ങാതിരിക്കുന്നത്. അല്ലാത്ത സമയത്ത് സ്വാഭാവികമായും സഭാംഗങ്ങൾ തമ്മിൽ സംസാരിക്കും. അത് സഭയ്ക്കകത്ത്

എവിടെ വച്ചും സംസാരിക്കും. ഇതുവരെ ഒരു മുഖ്യമന്ത്രിയും വെല്ലിൽ നിന്നും സംസാരിച്ചിട്ടില്ലെന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പറഞ്ഞു. എന്റെ അനുഭവത്തിൽ ധാരാളം ഘട്ടങ്ങളിൽ മുഖ്യമന്ത്രിയും മറ്റുള്ളവരും ഇവിടെ നിന്ന് നേരത്തേയും സംസാരിച്ചിട്ടുണ്ട്. ഞാൻ സഭാംഗമായിരുന്ന ഘട്ടത്തിലും മന്ത്രിയായിരുന്ന ഘട്ടത്തിലും ഇവിടെ അത്തരത്തിൽ സംസാരിക്കുന്ന ദൃശ്യങ്ങൾ കണ്ടിട്ടുണ്ട്. ഇവിടെയുണ്ടായ ഒരു പ്രത്യേക ഘട്ടത്തിൽ എന്റെ സുഹൃത്തുക്കളായ അപ്പുറത്തുള്ളവരുമായി കയർക്കുകയല്ല, അവരുമായി സംസാരിക്കുകയാണ് ചെയ്തത്. അങ്ങനെ സംസാരിച്ചതിൽ എന്താണ് തെറ്റ്? ഒരു തെറ്റുമില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയോടുള്ള എല്ലാ ബഹുമാനവും വച്ച് ഞാൻ പറയട്ടെ, അങ്ങ് പറഞ്ഞത് ശരിയാണ്. ഒരു പ്രത്യേക ഘട്ടമായിരുന്നു ഇന്നലെ. സാധാരണഗതിയിൽ വെല്ലിൽ വച്ച് സംസാരിക്കുന്നതുപോലെയല്ല ഇന്നലെ നടന്നത്. സഭാതലം വളരെയേറെ ചൂടുപിടിച്ച സാഹചര്യത്തിൽ പ്രതിപക്ഷാംഗങ്ങൾ വെല്ലിലിറങ്ങി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്റെ സീറ്റിൽ നിന്നും വെല്ലിലേയ്ക്കിറങ്ങി വന്ന് മെമ്പർമാരോട് കയർക്കുന്ന നടപടിയാണുണ്ടായത്. അതാണ് ശരിയല്ലാത്ത നടപടി.

മി. സ്പീക്കർ: സഭ ചേരാത്ത സന്ദർഭത്തിലുണ്ടായ കാര്യങ്ങളെക്കുറിച്ച് പറഞ്ഞ് സഭയുടെ സമയം കളയുന്നത് ശരിയല്ല.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരാമർശവുമായി ബന്ധപ്പെട്ട് പരിശോധിച്ച് മറുപടി പറയാമെന്ന് അങ്ങ് റൂളിംഗ് നൽകി. അതുവരെ കാത്തിരിക്കാനുള്ള മാന്യതയും മര്യാദയും പ്രതിപക്ഷത്തിനുണ്ടാകേണ്ടതാണ്. ആ റൂളിംഗാണ് പുനഃപരിശോധിക്കണമെന്ന് പറയുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി കുറച്ചുകൂടി ഉയർന്ന നിലയിൽ കാര്യങ്ങൾ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം, സഭയിലുണ്ടാകുന്ന പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കാനുള്ള ഉത്തരവാദിത്തമുള്ളയാളാണ് ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി. എരിതീയിൽ

എണ്ണയൊഴിക്കുന്ന നടപടിയല്ല പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ ഭാഗത്തു നിന്നുമുണ്ടാകേണ്ടത്. സഭാനടപടികൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ അങ്ങയെപ്പോലെതന്നെ ഉത്തരവാദിത്തമുള്ളയാളാണ് പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും. അടുത്ത സഭാസമ്മേളന വേളയിൽ ഇതുസംബന്ധിച്ച തീർപ്പ് കൽപ്പിക്കാമെന്ന് പറഞ്ഞാൽ അത് ഞങ്ങൾക്ക് സ്വീകാര്യമല്ല. അതുകൊണ്ടാണ് ഞങ്ങൾ അങ്ങയുടെ ചേംബറിൽ വന്ന് ഞങ്ങളുടെ പ്രയാസങ്ങൾ അങ്ങയോട് പറഞ്ഞത്. ഞങ്ങളുടെ ഇന്റഗ്രിറ്റിയെയും കോണ്ടക്ടിനെയും ബാധിക്കത്തക്ക നിലയിൽ ബഹുമാന്യനായ മുഖ്യമന്ത്രി നടത്തിയ പരാമർശം അദ്ദേഹം പിൻവലിക്കണം. അതിൽ അദ്ദേഹം ദുരഭിമാനം കാണേണ്ട കാര്യമില്ല. അദ്ദേഹം അത് പിൻവലിക്കുകയാണ് വേണ്ടത്. അല്ലെങ്കിൽ, അങ്ങ് ഇന്നുതന്നെ അതുസംബന്ധിച്ച റൂളിംഗ് നൽകണം.

<u>മി. സ്പീക്കർ</u>: ചെയറിന്റെ റൂളിംഗ് എപ്പോൾ, എങ്ങനെ, എന്ത് നൽകണമെന്ന് പറയുന്ന രീതി ശരിയല്ല. ചെയർ ഇക്കാര്യത്തിൽ റൂളിംഗ് നൽകുമെന്ന് പറഞ്ഞുകഴിഞ്ഞു. അത് ആവശ്യമായ സന്ദർഭത്തിലുണ്ടാകും. ചോദ്യോത്തര വേളയുടെ വിലയേറിയ 15 മിനിറ്റ് ഇതിനുവേണ്ടി കളഞ്ഞു. ഇനി നിർവ്വാഹമില്ല, ദയവായി സഹകരിക്കണം. സഭയിൽ സാധാരണഗതിയിൽ സംഭവിക്കാൻ പാടില്ലാത്ത നിരുത്തരവാദപരമായ, ദൗർഭാഗ്യകരമായ സംഭവങ്ങളാണ് ഇന്നലെയുണ്ടായത്. അതിൽ സ്വയം പശ്ചാത്തപിച്ച് മാന്യമായ നിലപാട് എല്ലാവരും സ്വീകരിക്കുമെന്നാണ് ഞാൻ കരുതിയത്. അതിനുവേണ്ടിയാണ് 15 മിനിറ്റ് കളഞ്ഞത്. അതുകൊണ്ട് ദയവായി സഭാനടപടികൾ തുടരാൻ അനുവദിക്കണം. ശ്രീ. റ്റി.വി. രാജേഷ്, അങ്ങേയ്ക്ക് ചോദ്യം ചോദിക്കാവുന്നതാണ്.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: സർ, കേരളത്തിൽ 142 ആർ.എം.എസ്.എ. ഹൈസ്കൂളുകളാണ് എൽ.ഡി.എഫ്. സർക്കാർ പുതിയതായി ഏറ്റെടുത്തിട്ടുള്ളത്. ..........(ബഹളം)......സർ, ചോദ്യം ചോദിക്കാൻ പ്രൊട്ടക്ഷൻ നൽകണം. ..........(ബഹളം).....

<u>മി. സ്പീക്കർ:</u> ഇനി പ്രതിപക്ഷനേതാവിന് സംസാരിക്കാൻ അവസരമില്ല. ശ്രീ. റ്റി.വി. രാജേഷ് ചോദ്യം ആരംഭിച്ചുകഴിഞ്ഞു.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, ഇന്നത്തെ സാഹചര്യത്തിൽ സഭാനടപടികളുമായി സഹകരിക്കാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.

(യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ ബഹിഷ്കരിച്ചു.)

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിൽ 142 ആർ.എം.എസ്.എ. ഹൈസ്കൂളുകളാണ് എൽ.ഡി.എഫ്. സർക്കാർ പുതിയതായി ഏറ്റെടുത്തിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; അതിന്റെ ഭാഗമായി കേരളത്തിനർഹമായ കേന്ദ്ര ഫണ്ട് നഷ്ടപ്പെടുന്ന സ്ഥിതിയുണ്ടായിട്ടുണ്ടോ; കേന്ദ്ര ഫണ്ട് പുനഃസ്ഥാപിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആർ.എം.എസ്.എ. ഹൈസ്കൂളുകളായി ഉയർത്തിയതിന്റെ ഭാഗമായി കേന്ദ്രത്തിൽ നിന്നും ലഭിച്ച ഫണ്ട് പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോഴും ആ തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ല. പക്ഷെ അതെല്ലാം പൂർണ്ണമായും ചെലവാക്കത്തക്ക രീതിയിൽ സംസ്ഥാന സർക്കാർ ഈ 142 സ്കൂളുകളെയും കെ.ഇ.ആർ. അനുസരിച്ച് തസ്തിക നിർണ്ണയം നടത്താവുന്നവിധം 07-10-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 173/2016 പ്രകാരം ഏറ്റെടുക്കുകയും ഇന്ന് ആ സ്കൂളുകൾ ആർ.എം.എസ്.എ. അസിസ്റ്റഡ് സർക്കാർ സ്കൂൾ എന്നറിയപ്പെടുകയും ചെയ്യുന്നു. ഇന്ന് അവ പൂർണ്ണമായും സർക്കാരിന്റെ കെ.ഇ.ആർ. നിയമം അനുസരിച്ചുള്ള സ്കൂളുകളായതിനാൽ മറ്റ് സ്കൂളുകളിൽ പണം ചെലവാക്കുന്നതുപോലെ പൂർണ്ണമായും അവിടെ ചെലവഴിക്കാം. അതിനാവശ്യമായ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. പൂർണ്ണമായും പണം ചെലവഴിക്കാനുള്ള സാഹചര്യമുണ്ടാകും.

ശ്രീ. റ്റി. വി. രാജേഷ്: സർ, സെക്കണ്ടറി സ്കൂളുകളുടെ ഗുണമേന്മ ലക്ഷ്യംവച്ചുകൊണ്ട് ആരംഭിച്ച പദ്ധതിയാണിത്. ഇന്ന് ഒരേ കോമ്പൗണ്ടിൽത്തന്നെ ബോയ്സ് ഹൈസ്കൂളും ഗേൾസ് ഹൈസ്കൂളും പ്രവർത്തിക്കുന്നുണ്ട്. അതിന്റെ ആവശ്യമുണ്ടോ; ആരോഗ്യകരമായ സ്ത്രീ- പുരുഷ ബന്ധം വളർത്തിയെടുക്കേണ്ടതിന്റെ അനിവാര്യതയിലേയ്ക്കാണ് സമീപ കാലത്തുണ്ടായ ചില സംഭവങ്ങൾ വിരൽ ചൂണ്ടുന്നത്. ഈ സാഹചര്യത്തിൽ ഗേൾസ്-ബോയ്സ് വേർതിരിവ് അവസാനിപ്പിച്ചുകൊണ്ട് സർക്കാർതലത്തിൽ മിക്സഡ് സ്കൂളുകൾ ആരംഭിക്കാൻ മുൻകയ്യെടുക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോൾ മിക്സഡ് സ്കൂളുകളാണ് ധാരാളമായിട്ടുള്ളത്. അതല്ലാത്ത സ്കൂളുകളുമുണ്ട്. ചില സാഹചര്യങ്ങൾകൊണ്ട് അത്തരം സ്കൂളുകൾ പണ്ട് തുടങ്ങിയതാണ്. പി.ടി.എ.-യും അവിടത്തെ അദ്ധ്യാപകരും ചേർന്ന് സമവായത്തിലെത്തുകയാണെങ്കിൽ അക്കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകടന പത്രികയിൽ പറഞ്ഞതുപോലെ വളരെ ദീർഘ വീക്ഷണത്തോടെ ഒട്ടേറെ മാറ്റങ്ങൾ വിദ്യാഭ്യാസ മേഖലയിലുണ്ടാക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കാനുള്ള നടപടികളൊക്കെ ആരംഭിച്ചു. നേരത്തേ മറുപടി പറഞ്ഞതനുസരിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് കഴിഞ്ഞ കാലങ്ങളിൽ വിനിയോഗിക്കാൻ കഴിയാതെ വന്നത് ഇക്കാലത്ത് വിനിയോഗിക്കാൻ തക്കവണ്ണമുള്ള ഇടപെടലും നടത്തിയിട്ടുണ്ട്. എനിക്ക് ചോദിക്കാനുള്ളത്, സംസ്ഥാന ഫണ്ടും വിവിധ ഏജൻസികളുടെ ഫണ്ടും എം.എൽ.എ. ഫണ്ടും വിനിയോഗിച്ചുകൊണ്ട് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഹാബിറ്റാറ്റ് പോലുള്ള ഏജൻസികളെ സഹായിക്കാനും തടസ്സങ്ങൾ നീക്കാനുമുള്ള സർക്കാർ ഉത്തരവ് നൽകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, ഇപ്പോൾ അതിനൊരു തടസ്സവുമില്ല. സർക്കാർ നേരത്തേതന്നെ 18 സ്ഥാപനങ്ങളെ എംപാനൽ ചെയ്തിട്ടുണ്ട്. അതിലൊന്നാണ് ഹാബിറ്റാറ്റ്. നേരിട്ട് ഹാബിറ്റാറ്റിന് മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല. ഏതെങ്കിലും സ്കൂളുകളിൽ എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ പ്രത്യേകം പരിശോധിച്ച് തടസ്സം നീക്കുന്നതാണ്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, പൊതുവിദ്യാഭ്യാസത്തെ നാം ഡിഫൈൻ ചെയ്തിരിക്കുന്നത് സർക്കാർ പ്ലസ് എയ്ഡഡ് എന്നാണ്. ആർ.എം.എസ്.എ. ഫണ്ട് പൂർണ്ണമായും സർക്കാർ സ്കൂളുകൾക്ക് ലഭിക്കുന്നതാണെന്ന് നേരത്തേ ഇവിടെ പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ 154 സ്കൂളുകളുള്ളതിൽ 135 എണ്ണവും എയ്ഡഡ് സെക്ടറിലുള്ളതാണ്. അതുകൊണ്ടുതന്നെ പ്രസ്തുത ഫണ്ട് എന്റെ മണ്ഡലത്തിലുൾപ്പെടെയുള്ള എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കുന്നില്ല. ആർ.എം.എസ്.എ. പദ്ധതിയിൽ സെൽഫ് ഡിഫൻസ് ഫണ്ടുണ്ട്. പെൺകുട്ടികൾക്ക് സെൽഫ് ഡിഫൻസിനായി തലശ്ശേരിയിലെ കതിരൂർ സ്കൂളിൽ 'ബ്രേവ്' എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. യഥാർത്ഥത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വ്യാപകമായി അക്രമം നടന്നുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഇത് മറ്റ് സ്കൂളുകളിലേയ്ക്കുകൂടി

വ്യാപിപ്പിക്കേണ്ടതാണ്. ദൗർഭാഗ്യവശാൽ ഫണ്ട് മറ്റ് രീതിയിൽ ഉപയോഗിക്കാൻ സാധിക്കുന്നില്ല. ഈ ഫണ്ട് ഉപയോഗിക്കാനാവശ്യമായ രീതിയിൽ കേന്ദ്ര സർക്കാരിനുമേൽ എന്തെങ്കിലും ഇടപെടൽ സംസ്ഥാന സർക്കാരിന് നടത്താൻ സാധിക്കുമോ? കേന്ദ്ര സർക്കാർ എയ്ഡഡ് സ്കൂളുകളെപ്പറ്റി കൃത്യമായി മനസ്സിലാക്കാത്തതാണ് ഇതിന് കാരണം. അതുപോലെ ലാബ്, ലൈബ്രറി, എക്യുപ്മെന്റ്സ്, സ്പോർട്സ് ഗുഡ്സ് എന്നിവ വാങ്ങുന്നതിനാണ് ഇതിന്റെ ഗ്രാന്റ് ലഭ്യമാക്കുന്നത്. ഇത് എയ്ഡഡ് സ്കൂളുകളിൽക്കൂടി വ്യാപിപ്പിക്കാനാവശ്യമായ ഇടപെടലുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കണ്ണൂർ ജില്ലയിലെ എട്ട് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തു. പക്ഷേ ഇപ്പോഴും അവയുടെ കെട്ടിടനിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും തരത്തിലുള്ള ഇടപെടൽ നടത്താൻ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആർ.എം.എസ്.എ. വഴി സർക്കാർ സ്കൂളുകളിൽ മാത്രമാണ് ഇതുവരെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. ഈ വർഷം എയ്ഡഡ് സ്കൂളുകൾക്കും അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു. പക്ഷേ ഇപ്പോഴും അത് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടില്ല. സംസ്ഥാന സർക്കാർ അതിനാവശ്യമായ സമ്മർദ്ദം ചെലുത്തുന്നതാണ്. ആർ.എം.എസ്.എ. സ്കൂളുകളിൽ കെട്ടിടം നിർമ്മിക്കുന്നതിന് പല തടസ്സങ്ങളുണ്ടായിരുന്നുവെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചു. ആ തടസ്സങ്ങളെല്ലാം നീക്കി 142 സ്കൂളുകൾക്കും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള എല്ലാ സാഹചര്യവുമുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞ സ്കൂളുകളുടെ പ്രവർത്തനത്തിനാവശ്യമായ പണം നൽകാം.

ശ്രീ. രാജു എബ്രഹാം: സർ, മുൻകാലങ്ങളിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ലഭിച്ചിരുന്ന കേന്ദ്രസഹായം ഇന്ന് ലഭ്യമല്ല. ഇവിടെ കേന്ദ്ര സർക്കാർ സാമ്പത്തിക സഹായമുൾപ്പെടെ നൽകിയതിലൂടെ NSQF (National Skill Qualification Framework), നൈപുണ്യമാണ് പ്രധാനമായും ഉദ്ദേശിച്ചിരുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ വി.എച്ച്.എസ്.ഇ.-യെ ഹയർ സെക്കണ്ടറിയിൽ ലയിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ; ഉദാഹരണത്തിന് വി.എച്ച്.എസ്.ഇ.-യ്ക്ക് ഇപ്പോൾ 7 റീജിയണൽ ഓഫീസുകളുണ്ട്. 50000 കുട്ടികൾ മാത്രമേയുള്ളൂ. അതേസമയം ഹയർ സെക്കണ്ടറിയിൽ 300000 കുട്ടികളുണ്ട്. പക്ഷേ മൂന്ന് റീജിയണൽ ഓഫീസുകൾ മാത്രമേയുള്ളൂ. ഇതൊരു വലിയ അന്തരമാണ്. ഹയർ സെക്കണ്ടറിയുമായി ഒരുമിച്ച് കൊണ്ടു പോകാവുന്നതേയുള്ളൂ. സംസ്ഥാന ഫണ്ടാണ് മുഴുവനും ഉപയോഗിക്കുന്നത്. കേന്ദ്ര

സർക്കാർ നോംസ് ഇത്തരത്തിൽ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇവ തമ്മിൽ ലയിപ്പിച്ച് ഹയർ സെക്കണ്ടറിയാക്കി മാറ്റാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത് നയപരമായൊരു പ്രശ്നമാണ്. ഇതുവരെ അത്തരത്തിൽ ആലോചിച്ചിട്ടില്ല. ഇവ രണ്ടും രണ്ട് സ്ട്രീമായിത്തന്നെ പോകണമെന്നുള്ള ഗൗരവമായ അഭിപ്രായവും നിലനിൽക്കുന്നുണ്ട്. NSQF രീതിയനുസരിച്ച് നൈപുണ്യം 9 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് വ്യാപിപ്പിക്കുക എന്നുള്ളതാണ്. അതും മാൻഡേറ്ററിയാക്കിയിട്ടില്ല. ഇത് വളരെ വ്യാപകമായി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്. വിദ്യാർത്ഥികളുടെ സ്കിൽ വികസിപ്പിക്കുന്നതോടൊപ്പംതന്നെ അവരുടെ സമഗ്രമായിട്ടുള്ള അറിവ് വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പരിപാടിയെന്ന രീതിയിലാണ് നമ്മൾ വിദ്യാഭ്യാസത്തെ കാണേണ്ടത്. സ്കില്ലിന് മാത്രം ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുകയാണെങ്കിൽ സർവ്വകലാശാല എന്നുള്ളത് ഒരു പോളിടെക്നിക്കിന്റെ സങ്കൽപ്പത്തിലേയ്ക്ക് വന്നേക്കാം. അതുകൊണ്ട് സ്കിൽ ഡെവലപ്മെന്റും സമഗ്രമായ വിദ്യാഭ്യാസവും എന്നുള്ളത് ചേർത്തുകൊണ്ട് മാത്രമേ അതിനെക്കുറിച്ച് ആലോചിക്കാൻ കഴിയുകയുള്ളൂ. അത്തരത്തിലുള്ള വിപുലമായ ഫ്രെയിംവർക്കിൽ നിന്നുള്ള ആലോചനയാണ് സംസ്ഥാന സർക്കാർ നടത്തുന്നത്. നയപരമായൊരു തീരുമാനത്തിനുശേഷം മാത്രമേ ഇത്തരം കാര്യങ്ങൾ പറയാൻ സാധിക്കൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ആർ.എം.എസ്.എ. പദ്ധതിപ്രകാരം സ്കൂളുകൾ ആരംഭിച്ചുവെങ്കിലും അദ്ധ്യാപകരുടെ നിയമനം അടക്കമുള്ള നിരവധി പ്രശ്നങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പരിഹാരമുണ്ടാക്കാൻ കഴിഞ്ഞുവെന്നതിൽ അങ്ങയെ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. മലയാളവും തമിഴുമുള്ള സ്ഥലങ്ങളിൽ മലയാളം അദ്ധ്യാപകരെ മാത്രമാണ് നിയമിക്കാൻ കഴിഞ്ഞിരുന്നത്. ഇപ്പോൾ താൽകാലികമായി ദിവസ വേതനാടിസ്ഥാനത്തിൽ തമിഴ് അദ്ധ്യാപകരെ നിയമിക്കുന്നതിന് സർക്കാർ ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ സ്ഥിരമായി അവിടെ തമിഴ് അദ്ധ്യാപകരെ നിയമിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, 142 സ്കൂളുകൾ 7-10-2016-ലെ 173/2016 ഉത്തരവുപ്രകാരം ആർ.എം.എസ്.എ. സഹായത്തോടെയുള്ള പൂർണ്ണ സർക്കാർ സ്കൂൾ/RMSA assisted Government Schools എന്ന രീതിയിൽ മാറ്റിയെടുത്തിട്ടുണ്ട്. മുമ്പ് ആ സ്കൂളിൽ കെ.ഇ.ആർ. അനുസരിച്ച് അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കില്ലായിരുന്നു. എന്നാൽ ഇന്നത് സാധിക്കുമെന്നതു കൊണ്ടുതന്നെ കെ.ഇ.ആർ. അനുസരിച്ച് ഏത് തരത്തിലുള്ള തസ്തിക നിർണ്ണയം

നടത്തുന്നതിനും അവസരങ്ങളുണ്ട്. തൽക്കാലം താത്ക്കാലികാടിസ്ഥാനത്തിൽ എന്ന നിലയിലായിരിക്കാം ഇപ്പോൾ അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്. തീർച്ചയായും പി.എസ്.സി. വഴി അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള എല്ലാ സാദ്ധ്യതകളുമുണ്ട്. ഇത്തരം സ്കൂളുകൾ ഇന്ന് സർക്കാർ നിലവാരത്തിലുള്ളതാണ്. അതുകൊണ്ടുതന്നെ മറ്റ് സർക്കാർ സ്കൂളുകളിൽ നിയമിക്കുന്നതുപോലെ നിയമപരമായി അദ്ധ്യാപകരെ നിയമിക്കുവാനുള്ള സാദ്ധ്യതയുണ്ട്.

ശ്രീ. കെ. വി. വിജയദാസ്: സർ, വിദ്യാഭ്യാസ നിലവാരത്തിൽ പിന്നാക്കം നിൽക്കുന്ന സ്കൂളുകളെ പ്രത്യേകം കണ്ടെത്തി ശാലാസിദ്ധി പ്രോജക്ട് അടിസ്ഥാനത്തിൽ ഏതെങ്കിലും സ്കീമുകൾ നടപ്പിലാക്കാൻ സാധിക്കുമോ; അക്കാര്യത്തിൽ സർക്കാർ തീരുമാനം നടപ്പിലാക്കുമോ; ഇപ്പോൾ യു.പി. സ്കൂളുകൾ മുഴുവൻ ഹൈസ്കൂളായി മാറ്റിയതോടൊപ്പം ഡി.ഡി.ഒ. കോഡ് യു.പി. സ്കൂൾ ഹെഡ്മാസ്റ്ററുടെ പേരിലായതുകൊണ്ട് എ.ഇ.ഒ. കൗണ്ടർസൈൻ ചെയ്താൽ മാത്രമേ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുകയുള്ളൂ എന്ന സ്ഥിതിയുണ്ട്. അതൊഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, നിലവിൽ സ്പാർക്കുമായി ബന്ധപ്പെട്ട ചില സാങ്കേതിക പ്രശ്നങ്ങൾമൂലമാണ് ശമ്പളം ലഭിക്കാത്ത അവസ്ഥയുള്ളത്. അവ അടിയന്തരമായി പരിഹരിക്കത്തക്ക രീതിയിലുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആർ.എം.എസ്.എ. വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ അദ്ധ്യാപകരില്ലാതെ വലിയ ബുദ്ധിമുട്ടിലായിരുന്നു. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തിയ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്, എന്നാൽ സ്റ്റാഫ് ഫിക്സേഷന്റെ ഭാഗമായി ചില തസ്തികകൾ സൃഷ്ടിക്കേണ്ടതുണ്ട്. അക്കാര്യത്തിൽ അങ്ങ് ഇടപെടണം. അതുപോലെതന്നെ ആർ.എം.എസ്.എ. വിദ്യാലയങ്ങൾ ഹൈസ്കൂളുകളായി പ്രഖ്യാപിച്ചപ്പോൾ ചില സ്ഥലങ്ങളിൽ ഒന്നാം ക്ലാസ്സ് മുതൽ നാലാം ക്ലാസ്സ് വരെയുള്ള എൽ.പി.സ്കൂളുകളും 8,9,10 ക്ലാസ്സുകൾ മാത്രമുള്ള സ്കൂളുകളുമാണുള്ളത്. ആ പ്രശ്നവും കൂടി പരിഹരിക്കുവാൻ ഇടപെടുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ആദ്യം ചോദിച്ച ചോദ്യത്തിന് ഞാൻ രണ്ടുതവണ ഉത്തരം പറഞ്ഞതാണ്. കെ.ഇ.ആർ. അനുസരിച്ച് തസ്തിക നിർണ്ണയം നടത്താവുന്ന സാഹചര്യം ഇന്ന് 142 സ്കൂളുകളിലുമുണ്ട്. അതുകൊണ്ട് എല്ലാ

സ്കൂളുകളിലും ആവശ്യമായ അദ്ധ്യാപകരെ നിയമിക്കാനുള്ള സാദ്ധ്യതയുണ്ട്. എവിടെയെങ്കിലും അത്തരത്തിൽ അദ്ധ്യാപകരെ നിയമിക്കാൻ സാധിക്കാതെയുണ്ടെങ്കിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കാം. തുടർന്ന് പി.എസ്.സി. വഴിയുള്ള നിയമനത്തിന്റെ സാദ്ധ്യത നമുക്ക് ആലോചിക്കാവുന്നതാണ്. അതുകൊണ്ട് 142 ആർ.എം.എസ്.എ. സ്കൂളുകളിൽ നിയമനം ഒരു പ്രശ്നമേയല്ല. യു.പി. വിഭാഗത്തിൽ രണ്ട് ക്ലാസ്സുകൾ പോലുമില്ലാത്ത പ്രശ്നങ്ങൾ ചില സ്കൂളുകളിലുണ്ട്. ആ പ്രശ്നം പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ബി. സത്യൻ: സർ, പുതിയ വിദ്യാഭ്യാസ വികസന യജ്ഞത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്. സർക്കാർ വിദ്യാലയങ്ങളെ മെച്ചപ്പെടുത്തുന്നതിന് പ്രാധാന്യം കൊടുത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പ്രീ-പ്രൈമറി സ്ട്രെംഗ്തൻ ചെയ്തുവരികയാണ്. യു.പി. വിഭാഗമായിട്ടാണ് 8-ാം ക്ലാസ്സ് ദേശീയാടിസ്ഥാനത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ഒരു സന്ദർഭത്തിൽ 8-ാം ക്ലാസ്സ് കൂടി യു.പി. വിഭാഗമായി മാറ്റാൻ ആലോചിച്ചിരുന്നതായി അറിയുന്നു. അങ്ങനെയാണെങ്കിൽ 1 മുതൽ 8 വരെയും 9 മുതൽ 12 വരെയുമുള്ള ക്ലാസ്സുകൾ സ്റ്റാൻഡേർഡൈസ് ചെയ്യാൻ കഴിയുമോ; ഇപ്പോൾ ഹയർ സെക്കണ്ടറി സ്കൂളിൽ 7-ാം ക്ലാസ്സുമുതലുള്ള കുട്ടികൾ പഠിക്കുകയാണ്. 7-ാം ക്ലാസിൽ പഠിക്കുന്ന കുട്ടിയും 12-ാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിയും ഒരേ സ്കൂളിൽ വരുമ്പോൾ സ്കൂളുകളുടെ നടത്തിപ്പിൽ മാനേജ്മെന്റിന് ഏറെ പ്രയാസമുണ്ടായിരിക്കുകയാണ്. അതുകൊണ്ട് 8-ാം ക്ലാസ്സ് വരെ യു.പി. എന്ന നിലയിലും 9, 10, 11, 12 എന്നത് പ്രത്യേകമായും നിശ്ചയിക്കാനാകുമോ; അതുപോലെ പഴയകാലത്തെ സ്കൂളുകളിൽ ഹയർ സെക്കണ്ടറി നിലവാരത്തിൽ മെച്ചപ്പെട്ട സൗകര്യങ്ങളുണ്ടാക്കുമ്പോൾ സമീപത്തുള്ള സ്കൂളുകളുടെ എണ്ണം നിയന്ത്രിച്ച്, യു.പി./എൽ.പി. സ്കൂളുകളിൽ പ്രീ-പ്രൈമറികൂടി ചേർക്കുന്നതിനുള്ള ഭാവനാപൂർണ്ണമായ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇതെല്ലാം വളരെ ആലോചിച്ച് ചർച്ചചെയ്ത് സമവായത്തിലൂടെ തീരുമാനിക്കേണ്ട കാര്യങ്ങളാണ്. നിലവിലുള്ള സംവിധാനം തുടർന്നുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണം വിജയിപ്പിച്ച് ഒരു സമവായത്തിൽ പൊതു അഭിപ്രായം രൂപപ്പെടുത്തിയശേഷം ഇത്തരം കാര്യങ്ങൾ പിന്നീട് പരിശോധിക്കുന്നതാണ്.

മി. സ്പീക്കർ: ചോദ്യം നമ്പർ *242

**നെൽവയൽ തണ്ണീർത്തട സംരക്ഷണം**

2 (*242) ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. പി. ഉണ്ണി:

ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽവയൽ തണ്ണീർത്തട സംരക്ഷണത്തിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ വ്യക്തികൾ പാടങ്ങളും തണ്ണീർത്തടങ്ങളും മണ്ണിട്ട് നികത്തുന്നത് സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പരാതി പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഇതുസംബന്ധിച്ച പരാതികളിന്മേൽ നടപടികൾ സ്വീകരിക്കാത്തവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുമോ:

(ഇ) അനുമതി കൂടാതെ മണ്ണിട്ട് നികത്തിയതും എന്നാൽ പരാതിയുടെ അടിസ്ഥാനത്തിൽ മറ്റ് നിർമ്മാണ പ്രവൃത്തികളൊന്നും നടത്താതിരിക്കുകയും ചെയ്യുന്ന നെൽവയലുകളും തണ്ണീർത്തടങ്ങളും പൂർവ്വസ്ഥിതിയിലാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമോ എന്ന് പരിശോധിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പുള്ള അനധികൃത പരിവർത്തനങ്ങൾ ക്രമപ്പെടുത്തുന്നതിനുള്ള 3 എ ഭേദഗതി പിൻവലിക്കുന്നതിന് നിയമനിർമ്മാണം നടത്തിയിട്ടുള്ളതാണ്. കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നിലം/തണ്ണീർത്തടം എന്ന വിഭാഗത്തിൽ ഉൾപ്പെടാത്തതും ടി നിയമത്തിലെ നിലം, തണ്ണീർത്തടം എന്നിവയുടെ നിർവ്വചനങ്ങളിൽപ്പെടാത്തതും

എന്നാൽ റവന്യൂ രേഖകളിൽ നിലം അഥവാ തത്തുല്യ പദങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ ഭൂവുടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് അനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ കെ.എൽ.യു. ഉത്തരവ് ക്ലാസ്സ് (6) പ്രകാരം ജില്ലാ കളക്ടർ/ആർ.ഡി.ഒ. വീട് നിർമ്മാണത്തിനായി മാത്രം പഞ്ചായത്തിൽ 10 സെന്റും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റും ഭൂമി നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട വില്ലേജാഫീസർ, കൃഷി ആഫീസർ എന്നിവരുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ചശേഷം അനുമതി നൽകാവുന്നതാണെന്ന് 22-12-2016-ലെ 46848/പി1/2016/റവന്യൂ. നമ്പർ സർക്കുലർ പ്രകാരവും തുടർന്ന് നൽകിയ സ്പഷ്ടീകരണപ്രകാരവും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അനധികൃത പരിവർത്തനം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ സെക്ഷൻ 12 പ്രകാരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർ സ്റ്റോപ് മെമ്മോ നൽകുകയും അനധികൃത പ്രവൃത്തികൾക്ക് ഉപയോഗിച്ച ഉപകരണങ്ങളും വാഹനങ്ങളും പിടിച്ചെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ നിയമത്തിലെ വ്യവസ്ഥകൾ ലംഘിച്ച് രൂപാന്തരപ്പെടുത്തിയ സ്ഥലങ്ങൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിന് ജില്ലാ കളക്ടർമാർ സെക്ഷൻ 13 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പരാതികൾക്കെതിരെ നടപടി സ്വീകരിക്കാത്ത കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അനുമതി വാങ്ങാതെ അനധികൃതമായി നികത്തിയ ഭൂമികൾ പൂർവ്വ സ്ഥിതിയിലാക്കുന്നതിനായി ജില്ലാ കളക്ടർക്ക് നടപടി കൈക്കൊള്ളുവാനും അതിലേയ്ക്ക് ചെലവഴിക്കേണ്ടി വന്ന തുക പ്രസ്തുത ഭൂമിയുടെ അനുഭവക്കാരനിൽ നിന്നോ അധിവാസിയിൽ നിന്നോ അയാൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ അവസരം നൽകിയശേഷം ഈടാക്കുവാനും നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 ജില്ലാ കളക്ടർമാർക്ക് അധികാരം നൽകുന്നുണ്ട്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, നെൽവയലിന് സമീപമുള്ള കരഭൂമിക്ക് സർക്കാർ നിശ്ചയിച്ച വിലയുടെ 25 ശതമാനം തുക നൽകിയാൽ നെൽവയൽ നികത്തൽ ക്രമപ്പെടുത്തുന്ന യു.ഡി.എഫ്. സർക്കാരിന്റെ ഭേദഗതി ഭൂമാഫിയകളെ സഹായിക്കുന്ന തരത്തിലുള്ളതായിരുന്നു. എന്നാൽ സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി 10 സെന്റുവരെ നികത്തുന്നതിനാണ് എൽ.ഡി.എഫ്. സർക്കാർ 2008-ലെ നിയമം പുനഃസ്ഥാപിച്ചത്. ഈ നിയമത്തിന്റെ ഭാഗമായി

നേരത്തേ സൂചിപ്പിച്ചതുപോലെ ബി.ടി.ആർ.-ൽ നിലം, നെൽവയൽ, വെറ്റ്ലാന്റ് എന്ന് രേഖപ്പെടുത്തിയതും 12-8-2008-നുമുമ്പ് നികത്തപ്പെട്ടതുമായ ഭൂമിയിൽ നിർമ്മാണ അനുമതിക്ക് പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവരടങ്ങിയ ടീമിന്റെ ശിപാർശ പരിഗണിക്കുന്നതിൽ ജില്ലാതല ഉദ്യോഗസ്ഥർ അലംഭാവവും കാലതാമസവും വരുത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി ഇവർക്ക് എൻ.ഒ.സി. നൽകാനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, 3 (എ) പിൻവലിച്ചതിനുശേഷമുള്ള നടപടിക്രമത്തിന്റെ ഭാഗമായി 22-12-2016-നുതന്നെ ജില്ലയിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ ചില സ്ഥലങ്ങളിൽ കാലതാമസമുണ്ടാകുന്നുവെന്ന വിവരം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പല സ്ഥലങ്ങളിലും അതനുസരിച്ച് വീടുകൾ വയ്ക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള അലംഭാവമോ കാലതാമസമോ വരുന്നുണ്ടെങ്കിൽ ആ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് ഭക്ഷ്യസുരക്ഷയ്ക്കും പരിസ്ഥിതി സംരക്ഷണത്തിനും ഭീഷണിയായതുകൊണ്ടാണ് അവ സംരക്ഷിക്കുന്നതിനായി നെൽവയൽ സംരക്ഷണ സമരം നടന്നത്. ആ സമരത്തെ വെട്ടിനിരത്തൽ സമരമെന്ന് ആക്ഷേപിച്ചവർ ഇന്ന് കിട്ടാക്കനിയായ കുടിവെള്ളത്തിൽ വർഗ്ഗീയതയുടെ വിഷം കലർത്തി രസിക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. 2008-ലെ നിയമം യു.ഡി.എഫ്. സർക്കാർ ഭേദഗതി ചെയ്തപ്പോൾ നെൽപ്പാടങ്ങൾ നികത്തുന്നതിനായി വില്ലേജ് ഓഫീസുകൾ വഴി ആയിരക്കണക്കിന് അപേക്ഷകൾ ലഭിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂമാഫിയകളെ സഹായിക്കാനാകുന്ന വിധത്തിൽ അടിയന്തരമായി തീർപ്പുകൽപ്പിക്കണമെന്ന് അന്ന് യു.ഡി.എഫ്. സർക്കാർ നിർദ്ദേശിച്ച ഈ അപേക്ഷകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, 93,000-ത്തിൽപ്പരം അപേക്ഷകൾ അന്ന് ലഭിച്ചതിൽ ചുരുങ്ങിയ അപേക്ഷകളിലാണ് അതുസംബന്ധിച്ച പരിശോധന നടത്തി തീരുമാനമെടുത്തിട്ടുള്ളത്. മറ്റ് അപേക്ഷകളൊക്കെ പെൻഡിംഗാണ്. അതിൽ യാതൊരു കാരണവശാലും തുടർനടപടി സ്വീകരിക്കുന്നതല്ലെന്ന് ചൂണ്ടിക്കാണിച്ചിരുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, പരാതികൾക്കെതിരെ നടപടി സ്വീകരിക്കാത്ത കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പറയുകയുണ്ടായി. ഒരു കേസ് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവരികയാണ്. കോഴിക്കോട് കോട്ടൂളി തണ്ണീർത്തടം കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്ത ഇന്ത്യയിലെ 27 തണ്ണീർത്തടങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്. ജൈവവൈവിദ്ധ്യത്താൽ സമൃദ്ധമായ ഒരു പ്രദേശമാണത്. അതിന്റെ പ്രോജക്ട് ഏരിയ 242 ഏക്കറോളം വരും. കണ്ടൽ വനങ്ങളും മത്സ്യസമ്പത്തുമൊക്കെ അതിലുണ്ട്. അവിടെ മണ്ണിട്ട് നികത്തിയതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഞാൻ സ്ഥലം സന്ദർശിച്ച് ജില്ലാ കളക്ടർക്ക് പരാതി കൊടുത്തിരുന്നു. അത് നടന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്തായിരുന്നു. ഒരു നടപടിയും സ്വീകരിച്ചില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും നടപടിയൊന്നും സ്വീകരിച്ചില്ല. ഇക്കാര്യം ഇപ്പോഴത്തെ കളക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇത് ഡാറ്റാ ബാങ്കിൽപ്പെട്ടതല്ലെന്നാണ് നടപടി സ്വീകരിക്കാത്തതിന് പറഞ്ഞ കാരണം. തണ്ണീർത്തടത്തിൽപ്പെട്ടതാണോയെന്ന് ചോദിച്ചാൽ, തണ്ണീർത്തടത്തിൽപ്പെട്ടതാണ്. ഇത് സംരക്ഷിക്കാതിരിക്കാനായി ഡാറ്റാ ബാങ്കിൽ ഉൾപ്പെടുത്താതിരിക്കുകയാണ്. ഞാൻ നേരിട്ട് രേഖാമൂലം പരാതി കൊടുത്തിട്ടും കളക്ടർ നടപടി സ്വീകരിച്ചിട്ടില്ല. കളക്ടർ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടും അവർ നടപടി സ്വീകരിക്കാത്തത് ആണെന്നാണ് തോന്നുന്നത്. ഈ പ്രശ്നം കഴിഞ്ഞ ജില്ലാ വികസന സമിതി യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി റ്റി. പി. രാമകൃഷ്ണന്റെ സാന്നിദ്ധ്യത്തിൽ ഞാൻ ഉന്നയിച്ചപ്പോൾ പരിശോധിക്കാമെന്ന് പറഞ്ഞിരുന്നു. ഞാനവിടെനിന്ന് വരുന്നതുവരെ ആ കാര്യത്തിൽ നടപടി സ്വീകരിച്ചില്ല. വളരെ ഗൗരവമുള്ള പ്രശ്നമാണിത്. ഈ സഭയിൽ രണ്ടുതവണ ഞാൻ ഈ പ്രശ്നം ഉന്നയിച്ചു. ഇത്തരത്തിൽ തണ്ണീർത്തടങ്ങൾ നികത്തുന്ന മാഫിയാ സംഘത്തെ സഹായിക്കുന്നവർ പരിശോധിച്ച് നടപടിയെടുക്കേണ്ട ഉദ്യോഗസ്ഥർക്കിടയിലുണ്ട്. ഇത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. ഈ പ്രശ്നത്തെ നിസ്സാരമായി കാണരുതെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രി, അദ്ദേഹം വളരെ ഗൗരവമായി മൂന്നാം തവണയാണ് ഇക്കാര്യം ഉന്നയിക്കുന്നത്.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ഈ വിഷയം പ്രത്യേകം പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകി തുടർനടപടി സ്വീകരിക്കുന്നതാണ്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഈ പ്രശ്നം കഴിഞ്ഞ ജില്ലാ വികസന സമിതി യോഗത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ഗൗരവമായി ഉന്നയിക്കുകയുണ്ടായി. എം.എൽ.എ. പറഞ്ഞ പ്രശ്നം പരിശോധിച്ച് നടപടി സ്വീകരിക്കേണ്ട വിഷയം തന്നെയാണ്. ആ ജില്ലാ വികസന സമിതി യോഗത്തിൽ വച്ചുതന്നെ ഇക്കാര്യങ്ങൾ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കാര്യങ്ങൾ പരിശോധിച്ച് നടപടി സ്വീകരിച്ചാൽ മാത്രമേ പ്രശ്ന പരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. പി. ഉണ്ണി: സർ, ഈ നിയമം നടപ്പാക്കുന്നതിന്റെ മറ്റൊരു വശമാണ് ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിക്കുന്നത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പാക്കണമെങ്കിൽ വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, പഞ്ചായത്ത് പ്രസിഡന്റ് എന്നിവരടങ്ങുന്ന പ്രാദേശിക കമ്മിറ്റികളുടെ നിഷ്ക്രിയത്വം അവസാനിപ്പിക്കാനും ഫലപ്രദമായി യോഗം ചേരാനും ആവശ്യമായ നടപടി കൈക്കൊള്ളാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ വ്യവസ്ഥയനുസരിച്ച്, കരഭൂമിയില്ലാത്ത ഒരാൾ വയൽ നികത്തി വീട് വയ്ക്കുന്നതിനാവശ്യമായ സഹായം അഭ്യർത്ഥിക്കുകയാണെങ്കിൽ അതുസംബന്ധിച്ച തീരുമാനമെടുക്കുന്നതിന് പ്രാദേശിക നിലവാരത്തിലുള്ള കമ്മിറ്റിയെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. അത്തരം കമ്മിറ്റികളുടെ നിർദ്ദേശമനുസരിച്ച് അതിലാവശ്യമായ തീരുമാനം ആർ.ഡി.ഒ.-യ്ക്കോ കളക്ടർക്കോ സ്വീകരിക്കാൻ കഴിയുന്നതാണ്. അതിന് നിലവിൽ വ്യവസ്ഥയുണ്ട്.

ശ്രീ. ഡി. കെ. മുരളി: സർ, 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഉദ്ദേശ്യം നിറവേറ്റാൻ സാധിച്ചിട്ടുണ്ടോ; ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതുസംബന്ധിച്ച എന്തെങ്കിലും കണക്കുകളുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കൂട്ടതലായി വയലുകൾ നികത്തുന്നതിനെ പ്രതിരോധിക്കുകയെന്നതായിരുന്നു 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ ഉദ്ദേശ്യം. എന്നാൽ അതിനുശേഷവും ചില പ്രദേശങ്ങളിൽ നികത്തൽ ഉണ്ടായപ്പോൾ അതിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നികത്തിയ നിലം പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ തിരൂർ വില്ലേജിൽ തളക്കടത്തൂർ പാലത്തിനടുത്ത് നികത്തിയ 75 സെന്റ് നിലവും

കൊണ്ടോട്ടി വാഴക്കൂർ വില്ലേജിൽ അയിത്തല ദേശത്ത് നികത്തിയ 30 സെന്റ് നിലവും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ അലനെല്ലൂർ വില്ലേജിൽപ്പെട്ട 40 സെന്റോളം നിലത്തിൽ 10 സെന്റോളം നികത്തിയപ്പോൾ അതിൽപ്പെട്ട ബാക്കി ഭൂമി നികത്തുന്നത് തടയുകയും നികത്തിയ 10 സെന്റ് പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ 8-ഉം കൊല്ലം ജില്ലയിൽ 29-ഉം കോട്ടയം ജില്ലയിൽ 62-ഉം ഇടുക്കി ജില്ലയിൽ 2-ഉം എറണാകുളം ജില്ലയിൽ 72-ഉം കോഴിക്കോട് ജില്ലയിൽ 15-ഉം വയനാട് ജില്ലയിൽ 13-ഉം കാസർഗോഡ് ജില്ലയിൽ 22-ഉം കേസ്സുകൾ പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ട്. പല സ്ഥലങ്ങളിലായി ഉദ്ദേശ്യം 36 ഏക്കറോളം ഭൂമി പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ്: സർ, വർഷങ്ങളായി കരയായി ഉപയോഗിക്കുകയും തെങ്ങും മാവും ഉൾപ്പെടെയുള്ള ഫലവൃക്ഷങ്ങളുള്ളതും വീടുകളും മറ്റുമുള്ളതുമായ 50-ഉം 100-ഉം സെന്റ് സ്ഥലങ്ങൾ പതിറ്റാണ്ടുകൾക്കുമുമ്പ് കരയായി മാറിയതാണ്. പക്ഷെ റവന്യൂ രേഖകളിൽ നിലമായി കിടക്കുന്നതിനാൽ ക്രയവിക്രയം നടത്താനോ പുതിയ ആവശ്യത്തിന് ഉപയോഗിക്കാനോ പറ്റാതെ ലക്ഷക്കണക്കിനാളുകൾ ബുദ്ധിമുട്ടുകയാണ്. ആ പ്രയാസം അപ്പുറത്തുമിപ്പുറത്തുമിരിക്കുന്ന ആളുകൾ പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. അതെല്ലാം ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ചില വിധിയുമുണ്ടായിട്ടുണ്ട്. നേരത്തേയുണ്ടായിരുന്ന കമ്മിറ്റിയെ അസ്ഥിരപ്പെടുത്തിയിട്ടുണ്ട്. അത് പരിഹരിക്കണമെന്നാവശ്യപ്പെട്ട് ഞാനിവിടെ സബ്മിഷൻ ഉന്നയിച്ചിരുന്നു. ബഹുമാനപ്പെട്ട മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ പ്രിൻസിപ്പൽ സെക്രട്ടറിമാർ സംയുക്തമായി യോഗം ചേർന്നാൽ മാത്രമേ ഇത് പരിഹിക്കാൻ സാധിക്കുകയുള്ളൂ. ആ പ്രശ്നം പരിഹരിക്കുന്നതിനുള്ള ഉത്തരവുണ്ടാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇക്കാര്യത്തിൽ ഒരു പുതിയ നിയമനിർമ്മാണം ആവശ്യമാണ്. അല്ലാത്തിടത്തോളംകാലം നേരത്തേ നികത്തപ്പെട്ട ഭൂമിയിൽ യാതൊരു തരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ അനുവദിക്കാവുന്നതല്ല. ഇക്കാര്യങ്ങളെ സംബന്ധിച്ചുള്ള ഒരു സുപ്രീംകോടതി വിധി കഴിഞ്ഞ സഭാസമ്മേളന സമയത്തുതന്നെ ചൂണ്ടിക്കാണിച്ചതാണ്. അതുൾപ്പെടെ ഇപ്പോൾ നൽകിയിരിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഉടമയ്ക്ക് വീട് വയ്ക്കുന്നതിനാവശ്യമായ 5 സെന്റ് ഭൂമി നഗരപ്രദേശങ്ങളിലും 10 സെന്റ് ഭൂമി ഗ്രാമപ്രദേശങ്ങളിലും ഉപയോഗിക്കാമെന്നതാണ് നിലവിലെ വ്യവസ്ഥ. അല്ലാത്ത വിധത്തിൽ ഉപയോഗിക്കണമെങ്കിൽ ഫൈനൽ 'ഡാറ്റാബാങ്ക് ' വരികയും 2008-ന് മുമ്പ് നികത്തപ്പെട്ടത് ഏതൊക്കെ ഭൂമിയാണെന്ന്

നിർണ്ണയിക്കപ്പെടുകയും ഇത്തരം ഭൂമി ഏത് രീതിയിൽ ഉപയോഗിക്കാമെന്നത് സംബന്ധിച്ച് ആവശ്യമായ നിയമനിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ സ്വീകരിക്കുകയും ചെയ്യേണ്ടതുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കൃഷി നിലനിർത്താനുള്ള നല്ലൊരു നിയമമാണിത്. ഭൂമിയുടെ ക്ലാസിഫിക്കേഷൻ കൃത്യമായി നടക്കാത്തതാണ് പ്രായോഗിക ബുദ്ധിമുട്ട്. കൃഷിഭൂമിയേത്, കൃഷിക്കുപയുക്തമായ ഭൂമിയേത്, അതിനനുയോജ്യമല്ലാത്തതേത് എന്നിങ്ങനെ വേർതിരിക്കേണ്ടതുണ്ട്. അത്തരത്തിൽ കുറ്റമറ്റ രീതിയിൽ ഭൂമി ക്ലാസിഫൈ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ക്ലാസിഫിക്കേഷൻ നടപടി ഇപ്പോൾ പൂർണ്ണമല്ല. തീർച്ചയായും അത്തരം കാര്യങ്ങളുൾപ്പെടെ പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, 'ഡാറ്റാബാങ്ക് ' -ൽ നിലമെന്നും വില്ലേജ് രേഖയിൽ മറ്റൊരു തരത്തിലും രേഖപ്പെടുത്തിയിട്ടുള്ള ഭൂമി സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് വകുപ്പ് '3 എ' പ്രകാരം അധികാരം നൽകിയിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, '3 എ' - യുടെ അടിസ്ഥാനത്തിൽ റെഗുലറൈസ് ചെയ്യുന്നതിനുള്ള തീരുമാനമാണ് നേരത്തേ സർക്കാർ കൊണ്ടുവന്നിരുന്നത്. ആ നടപടി കഴിഞ്ഞ സഭാസമ്മേളനത്തിൽ റദ്ദ് ചെയ്തിട്ടുണ്ട്. സ്വാഭാവികമായും റെഗുലറൈസ് ചെയ്യുന്നതിനുള്ള തീരുമാനം ഇപ്പോൾ എടുക്കാൻ കഴിയില്ല. എന്നാൽ അതിന് പകരമായി, ഇത്തരം സന്ദർഭങ്ങളിൽ ഭൂവുടമയ്ക്ക് അവരുടെ സ്വന്തം ആവശ്യത്തിന് വീട് വയ്ക്കുന്നതിനായി 1967-ലെ കെ.എൽ.യു. ഓർഡറിലെ വ്യവസ്ഥകൾക്കനുസരിച്ച് നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. സി. കെ. നാണു: സർ, വരൾച്ചയെയും കുടിവെള്ള ദൗർലഭ്യത്തെയുംകുറിച്ച് ഒരുഭാഗത്ത് ശക്തമായി പറയുമ്പോൾ, മറുഭാഗത്ത് വ്യാപകമായ രീതിയിൽ വയൽ നികത്തുകയാണ്. ഏതെങ്കിലുമൊരു വയൽ നികത്തിയതിനെതിരായ നടപടിയിലേയ്ക്ക് നീങ്ങുമ്പോൾ, അവരുടെ പേരിൽ കേസെടുക്കരുതെന്നും അവരെ രക്ഷിക്കണമെന്നും ആവശ്യപ്പെട്ട് എം.എൽ.എ.-മാരെ ആളുകൾ സമീപിക്കും. അതുകൊണ്ട് ഉദ്യോഗസ്ഥ തലത്തിൽ തണ്ണീർത്തടങ്ങളും വയലുകളും നികത്തുന്നതിനെതിരെ നടപടി സ്വീകരിച്ചില്ലെങ്കിൽ ഏത് സർക്കാർ അധികാരത്തിൽ വന്നാലും വരൾച്ചപോലുള്ള

ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരും. അതുകൊണ്ട് എവിടെയെങ്കിലും വയൽ നികത്തിയിട്ടുണ്ടെങ്കിൽ അവ പൂർവ്വസ്ഥിതിയിലാക്കാനുള്ള നടപടികൾ ശക്തമായ രൂപത്തിൽ ബഹുമാനപ്പെട്ട റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി തുടർന്നും സ്വീകരിക്കണം. രണ്ട് വർഷം മുമ്പ് വടകര താലൂക്കിൽ പട്ടാപ്പകൽ വയൽ നികത്തിയിരുന്നു. അന്ന് ഇതിനെതിരായ നിയമം വരികയും ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയും ചെയ്തിരുന്നു. എന്നിട്ടും യാതൊന്നും സംഭവിച്ചില്ല. എം.എൽ.എ.-മാർക്ക് അവരുടെ മണ്ഡലത്തിൽ ഉദ്യോഗസ്ഥർ ചെയ്യുന്നതുപോലെ സജീവമായി നടപടികൾ സ്വീകരിക്കാൻ കഴിയില്ല. ഇക്കാര്യങ്ങളെ സംബന്ധിച്ച് ശക്തമായ നിലപാടില്ലെങ്കിൽ ഇതിനേക്കൾ വരൾച്ച നേരിടുന്ന വിഷമാവസ്ഥയിലേയ്ക്ക് നമ്മൾ നീങ്ങും. ഇതിനാവശ്യമായ നടപടികൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട സി. കെ നാണു ഇവിടെ ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. വയൽ നികത്തൽ പ്രതിരോധിക്കാൻ ജനകീയ ഇടപെടൽ അനിവാര്യമാണ്. നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരോ, സർക്കാരുദ്യോഗസ്ഥരോ മാത്രം ഇടപെട്ടുകൊണ്ട് ഇക്കാര്യം പരിഹരിക്കാൻ കഴിയില്ല; അതിനുമപ്പുറത്തേയ്ക്ക് കാര്യങ്ങൾ നീങ്ങുകയാണ്. തീർച്ചയായും വയൽ, തണ്ണീർത്തടങ്ങൾ എന്നിവ നികത്തുന്നത് തടഞ്ഞ് അവയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായി വലിയ തോതിലുള്ള ജനകീയ അവബോധവും തിരിച്ചറിവുമുണ്ടാക്കുന്ന തരത്തിലുള്ള ഇടപെടൽ ആവശ്യമുണ്ട്. 2008-നുശേഷമുള്ള ഇത്തരം വിഷയങ്ങളിലാണ് നമ്മൾ നിർബന്ധപൂർവ്വമായ നിലപാട് സ്വീകരിച്ചത്. 2008-ന് മുമ്പ് നികത്തപ്പെട്ട ഭൂമിയുടെ കാര്യത്തിൽ ഫൈനൽ ഡാറ്റാബാങ്ക് വരുന്ന മുറയ്ക്ക് തീരുമാനമെടുക്കാൻ കഴിയും. അതിനുശേഷം ഒരിഞ്ചു ഭൂമിപോലും നികത്തപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടത് പൊതുസമൂഹത്തിന്റെ ബാദ്ധ്യതയാണ്. ഈ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി ഉദ്യോഗസ്ഥ തലത്തിൽ സർക്കാരിന്റെ എല്ലാ കഴിവുകളും ഉപയോഗിക്കും.

ശ്രീമതി യു. പ്രതിഭ ഹരി: സർ, ഈ സർക്കാർ അധികാരമേറ്റശേഷം നെൽവയൽ, തണ്ണീർത്തടങ്ങൾ എന്നിവ നികത്തുന്നതിനെതിരായി ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ നെല്ലുല്പാദിപ്പിക്കുന്ന കുട്ടനാട്ടിൽ ഇപ്പോഴും വയൽ നികത്തൽ വ്യാപകമായി നടന്നുകൊണ്ടിരിക്കുകയാണ്. കുട്ടനാടിന്റെ മദ്ധ്യഭാഗത്തുകൂടി പ്രധാനപ്പെട്ട നാല് റോഡുകളുണ്ട്. ഈ റോഡിന്റെ ഇരുഭാഗത്തും പുതിയ വീടുകളുടെ എണ്ണം ഓരോ

മാസവും വർദ്ധിക്കുന്നതായി കാണാം. ഈ നിയമം ദുരുപയോഗം ചെയ്ത് 10 സെന്റ് ഭൂമി നികത്തി, എഴുപത് ലക്ഷത്തോളം രൂപ വിലമതിക്കുന്ന വീടുകളാണ് ഇവർ നിർമ്മിക്കുന്നത്. ഇക്കാര്യത്തിൽ ഒരു ക്രോസ്ചെക്കിംഗ് നടത്തുമോ; അങ്ങ് ഇടപെട്ട് ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത് വളരെ പ്രസക്തമായ ചോദ്യമാണ്. എവിടെയെല്ലാം റോഡ് വന്നാലും അതിന് ഇരുവശങ്ങളിലുമായി ധാരാളം വീടുകളും കടകളും നിർമ്മിക്കുന്നുണ്ട്. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് കൊമേഴ്സ്യൽ ആവശ്യത്തിന് നിലം നികത്തൽ അനുവദനീയമല്ല. കരഭൂമി ഇല്ലാത്തവർക്ക് മാത്രമാണ് അഞ്ചോ പത്തോ സെന്റ് വയൽ നികത്തി വീട് വയ്ക്കാൻ അനുവദിക്കുന്നത്. എന്നാൽ ഇങ്ങനെ അനുവദിക്കുന്ന ഭൂമിയിൽ ദശലക്ഷങ്ങൾ ചെലവഴിച്ച് വീടുകളും അനുബന്ധ സ്ഥാപനങ്ങളും നിർമ്മിക്കുന്നുവെന്ന പരാതി സർക്കാർ വളരെ ഗൗരവമുള്ള വിഷയമായി പരിഗണിക്കുകയും പരിശോധനയ്ക്കാവശ്യമായ സംവിധാനങ്ങളുണ്ടാക്കുകയും ചെയ്യും.

**കരട് ദേശീയ വിദ്യാഭ്യാസ നയം**

3 (*243) ശ്രീ. കെ. സുരേഷ് കുറുപ്പ്:

പ്രൊഫ. കെ. യു. അരുണൻ:

ശ്രീ. വി. ജോയി:

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരട് ദേശീയ വിദ്യാഭ്യാസ നയം മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിരുന്നോ;

(ബി) സാമൂഹ്യശാസ്ത്ര വിഷയങ്ങളിലെ സിലബസ് കേന്ദ്ര സർക്കാർ നിശ്ചയിക്കുംപോലെ തയ്യാറാക്കണമെന്ന നിബന്ധന സംസ്ഥാനങ്ങളുടെ അവകാശത്തിന്മേലുള്ള കടന്നുകയറ്റത്തോടൊപ്പം പിന്തിരിപ്പൻ ആശയങ്ങൾ കടത്തിവിടാനുള്ള നീക്കവുമാണെന്നിരിക്കെ ഈ നിർദ്ദേശത്തോട് സർക്കാർ പ്രതികരണം അറിയിക്കാമോ; ഇത് കേന്ദ്ര സർക്കാരിനെ അറിയിക്കാൻ നടപടിയുണ്ടാകുമോ;

(സി) ഒരു വശത്ത് വിദ്യാഭ്യാസ മേഖലയിൽ ആഗോള മൂലധനത്തെ ക്ഷണിച്ചുകൊണ്ടുവരാൻ വേണ്ട നിർദ്ദേശങ്ങളും അതോടൊപ്പം ഗുരുശിഷ്യ ബന്ധത്തിലൂന്നിയ വിദ്യാഭ്യാസ നയം രൂപീകരിക്കുകയും ചെയ്യണമെന്ന അശാസ്ത്രീയ നിർദ്ദേശങ്ങൾ തള്ളിക്കളയാൻ ആവശ്യപ്പെടുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ.സി. രവീന്ദ്രനാഥ്): സർ,

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതിയും പാഠപുസ്തകവുമാണ് സംസ്ഥാന സിലബസ് പിന്തുടരുന്ന സ്കൂളുകളിൽ നടപ്പാക്കുന്നത്. കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും മറിച്ചൊരു നിർദ്ദേശം ഇതുവരെ സംസ്ഥാന സർക്കാരിന് ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേന്ദ്ര സർക്കാർ ചർച്ചയ്ക്കായി പുറത്തുവിട്ടിട്ടുള്ള രേഖയിൽ ഇത്തരം നിർദ്ദേശമുണ്ട്. സംസ്ഥാന കരിക്കുലം കമ്മിറ്റി അംഗീകരിക്കുന്ന പാഠ്യപദ്ധതിയായിരിക്കണം സ്കൂളുകളിൽ നടപ്പാക്കേണ്ടത് എന്നതാണ് സർക്കാർ നിലപാട്.

(സി) നവലിബറൽ കാഴ്ചപ്പാടുകൾക്കനുസൃതമായ നയങ്ങൾ ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ വരുന്ന ഘട്ടത്തിൽ അതിനെതിരായ നിലപാടാണ് ഈ സർക്കാരിനുള്ളത്. നമ്മുടെ കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകാനുള്ള പ്രവർത്തനങ്ങൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. ജനാധിപത്യപരമായും ആധുനിക വിദ്യാഭ്യാസ രീതിക്കനുസൃതമായും വിദ്യാർത്ഥി അദ്ധ്യാപക ബന്ധം വികസിക്കണമെന്നതാണ് സർക്കാർ നിലപാട്.

ശ്രീ. കെ. സുരേഷ് കുറുപ്പ് : സർ, ദേശീയ വിദ്യാഭ്യാസ നയം സംബന്ധിച്ച കരട് രേഖ എന്ന പേരിൽ പുറത്തുവന്നത് ഔദ്യോഗികമായ ഒരു രേഖയല്ലെന്നുള്ള വിവരം പ്രചരിക്കുന്നുണ്ട്. ഔദ്യോഗികമായ ഒരു കരട് രേഖ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; അതനുസരിച്ച് ഏതെങ്കിലും തരത്തിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ? കരട് രേഖയെന്ന പേരിൽ പുറത്തുവന്ന രേഖയ്ക്ക് മുമ്പ് വ്യാപകമായ ചർച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റും കേന്ദ്രീകരിച്ച് നടന്നുവെന്ന് പറയുന്നു. കേരളത്തിൽ അതെത്രമാത്രം ഫലപ്രദമായി നടന്നിട്ടുണ്ട്? നടന്ന ചർച്ചകളെക്കുറിച്ചോ അതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളെക്കുറിച്ചോ സർക്കാരിന് അറിവുണ്ടോ? ചുരുക്കത്തിൽ ദേശീയ വിദ്യാഭ്യാസനയമെന്ന പേരിൽ കേന്ദ്ര സർക്കാർ പുറത്തുവിട്ടിട്ടുള്ള ഈ കാര്യങ്ങളിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഔദ്യോഗികമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: ഈ രേഖയിൽ Some inputs for draft National policy എന്നാണ് പറയുന്നത്. ചർച്ചയ്ക്ക് വേണ്ടിയുള്ള ഒരു ആമുഖക്കുറിപ്പെന്നാണ് അതിൽ പറയുന്നത്. ആ കുറിപ്പിലെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ഞാൻ മറുപടിയിൽ പറഞ്ഞത്. ഇതിനെക്കുറിച്ച് കേരളത്തിൽ

ചർച്ച നടത്തുകയും കേന്ദ്ര സർക്കാരുമായി ആദ്യഘട്ട ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ആ ചർച്ചയിൽ ബഹുമാനപ്പെട്ട കേന്ദ്ര മന്ത്രി പ്രകാശ് ജാവേദ്കർ പങ്കെടുത്തു. ദേശീയ വിദ്യാഭ്യാസ നയം കച്ചവടവൽക്കരണത്തിന്റെയും വർഗ്ഗീയവൽക്കരണത്തിന്റെയും പ്രധാനപ്പെട്ട ആശയമാണ് ഉൾക്കൊള്ളുന്നതെന്ന സംസ്ഥാന സർക്കാരിന്റെ ആശങ്ക വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലപാട് അതാണെന്നും അതുകൊണ്ട് സംസ്ഥാനത്തെ കൂടുതൽ ജനാധിപത്യ വൽക്കരിക്കുന്ന പ്രക്രിയയ്ക്കാണ് സംസ്ഥാന സർക്കാർ കൂടുതൽ ഊന്നൽ നൽകുന്നതെന്നും ആ യോഗത്തിൽവച്ച് കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : സർ, വിദ്യാഭ്യാസം സ്റ്റേറ്റ് ലിസ്റ്റിൽ ആദ്യം ഉൾപ്പെടുത്തുകയും പിന്നീട് അത് കൺകറന്റ് ലിസ്റ്റിലാക്കിയതിന്റെയും അടിസ്ഥാനകാരണം ഓരോ സംസ്ഥാനത്തിനും അതിന്റെ പാരമ്പര്യത്തിനും സാംസ്കാരിക പൈതൃകത്തിനും അനുസൃതമായിട്ടുള്ള വിദ്യാഭ്യാസ രീതി കരുപ്പിടിപ്പിക്കണമെന്നുള്ളതുകൊണ്ടാണ്. ഒരേ വാർപ്പിലുള്ള വിദ്യാഭ്യാസരീതി ഇന്ത്യ മുഴുവൻ നടപ്പാക്കാൻ ശ്രമിക്കുന്നത് നമ്മുടെ സാംസ്കാരിക വൈവിദ്ധ്യത്തിനെതിരാണ്. ഇപ്പോൾ ഒരേ തരത്തിലുള്ള വിദ്യാഭ്യാസ രീതി ഇന്ത്യാ രാജ്യത്ത് മുഴുവൻ നടപ്പാക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കേന്ദ്ര സർക്കാരിന് പരമാവധി ചെയ്യാവുന്നത് ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരുകൾക്ക് സമർപ്പിക്കുകയെന്നതാണ്. സംസ്ഥാന സർക്കാരിന് അത് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. ഇത്തരത്തിലുള്ള കർശനമായ നിർദ്ദേശങ്ങൾ സംസ്ഥാന സർക്കാരിന് സമർപ്പിക്കുന്നത് ശരിയല്ലെന്ന നിലപാട് സർക്കാർ സ്വീകരിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : ബഹുമാനപ്പെട്ട കേന്ദ്രമന്ത്രിയുമായിട്ടുള്ള ചർച്ചയിൽ വളരെ വ്യക്തമായിത്തന്നെ ഞാൻ ഈ കാര്യങ്ങൾ പറഞ്ഞതാണ്. Some inputs for draft National policy -യിൽത്തന്നെ വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. മുമ്പ് അത് സ്റ്റേറ്റ് ലിസ്റ്റിലായിരുന്നു. 1975-വരെ സെൻട്രൽ ലിസ്റ്റിലും 1976-ന് ശേഷം അത് കൺകറന്റ് ലിസ്റ്റിലുമാണ്. കൺകറന്റ് ലിസ്റ്റിൽ വന്നതിനുശേഷം ധാരാളം വിദ്യാഭ്യാസ നയങ്ങളും നാഷണൽ കരിക്കുലം ഫ്രെയിം വർക്കും അതിനുശേഷം 2007-ൽ കേരള കരിക്കുലം ഫ്രെയിം വർക്കും വന്നതിന്റെ പശ്ചാത്തലത്തിൽ അതത് പ്രദേശത്തിന്റെ തനിമ ഉൾക്കൊണ്ടുകൊണ്ടാണ് ആ പ്രദേശത്തെ വിദ്യാഭ്യാസ സിലബസും തുടർ പ്രവർത്തനവും നിശ്ചയിക്കേണ്ടത്. അതിനൊരു നാഷണൽ

പെർസ്പെക്ടീവ് വേണം, ഒരു ഫെഡറൽ സംസ്കാരവും ഉൾക്കൊള്ളണം. ആ രീതിയിൽത്തന്നെ വേണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. അതിൽനിന്ന് വ്യതിചലിച്ചുകൊണ്ടാണ് ഗ്ലോബലൈസേഷന്റെ ഭാഗമായിട്ടുള്ള കച്ചവടവൽക്കരണത്തിന്റെ ചില രൂപങ്ങൾ ഈ ഡ്രാഫ്റ്റ് പോളിസിയിൽ വന്നിട്ടുള്ളത്. സംസ്ഥാനങ്ങൾക്ക് അതത് സംസ്ഥാനത്തിന്റെ തനിമ ഉൾക്കൊണ്ടു കൊണ്ടുള്ള വിദ്യാഭ്യാസ പരിപാടി രൂപീകരിക്കാനുള്ള അവകാശം വേണമെന്ന അഭിപ്രായം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രൊഫ. കെ. യു. അരുണൻ : സർ, കരട് സമീപനരേഖയിൽ സാമൂഹിക ശാസ്ത്ര വിഷയങ്ങളെ സംബന്ധിച്ച് പറയുന്ന സ്ഥലത്ത് ആര്യന്മാരെ, They are all indigenous എന്നാണ് പറഞ്ഞിരിക്കുന്നത്. അത് നമ്മുടെ ചരിത്രകാരന്മാർ ഒരിക്കലും അംഗീകരിക്കുന്നതല്ല. ആര്യന്മാർ പുറത്തുനിന്നും വന്നവരാണ്, എവിടെനിന്നാണ് വന്നിട്ടുള്ളതെന്ന ഒരു കൃത്യമായ ധാരണയിലെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ് ബിപിൻ ചന്ദ്രയെപ്പോലുള്ള ചരിത്രകാരന്മാർ പറഞ്ഞിട്ടുള്ളത്. വേദകാല മാത്തമാറ്റിക്സ് - All the problems in the mathematical field can be easily solved through sixteen formulae എന്ന രൂപത്തിൽ വേദകാല മാത്തമാറ്റിക്സ് പഠിപ്പിക്കണമെന്നാണ് പറയുന്നത്. ഫിസിക്സിലേയ്ക്ക് വരുമ്പോൾ - Atomic charges are carved from spiritual forces എന്നാണ് പറഞ്ഞിരിക്കുന്നത്. ഇലക്ട്രോ മാഗ്നെറ്റിക് ഫോഴ്സിൽ നിന്നാണ് ഇതെല്ലാമുണ്ടാകുന്നതെന്ന ശാശ്വതമായ ശാസ്ത്രസത്യത്തെ നിരാകരിച്ചുകൊണ്ട് കുട്ടികളുടെ മനസ്സിൽ ജ്യോതിഷം, കൈരേഖ, മഷിനോട്ടം തുടങ്ങിയ ശാസ്ത്രങ്ങളൊക്കെ പഠിപ്പിക്കണമെന്ന വളരെ അധികാരത്തോടുകൂടിയ ശാസന നമ്മൾ നിരാകരിക്കേണ്ടതുണ്ടെന്ന് സൂചിപ്പിക്കുകയാണ്. അങ്ങനെയുള്ള കാര്യങ്ങൾ നിരാകരിക്കാനുള്ള എന്തെല്ലാം പരിപാടികൾ ഇതുവരെ ചെയ്തിട്ടുണ്ട്?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചതിന്റെ ഒരു വിശകലനമാണ്. കൺകറന്റ് ലിസ്റ്റിലുള്ള ഒരു വിഷയത്തിൽ ദേശീയ തലത്തിൽ എല്ലാ രൂപഭാവങ്ങളും നിശ്ചയിച്ച് സംസ്ഥാന സർക്കാരിന് കൊടുക്കുകയെന്നത് തെറ്റാണ്. അതിലൊരു വാചകം മാത്രം ഞാൻ വായിക്കാം. For Science, Mathematics and English subjects, a common National curriculum will be designed എന്നാണ് എഴുതിയിരിക്കുന്നത്. For other subjects such as Social Sciences a part of curriculam will be common across the country and the rest will be at the discretion of States.

പ്രധാനമായും സോഷ്യൽ സയൻസിന് ഒരു നാഷണൽ കരിക്കുലം തന്നെയുണ്ടാകും എന്നുള്ള നിർദ്ദേശവും ഡ്രാഫ്റ്റ് പോളിസിയിൽ വന്നിട്ടുണ്ട്. ഇത് തെറ്റാണെന്നും അതത് സംസ്ഥാനത്തിന്റെ എല്ലാ തനിമകളും നിലനിർത്തിക്കൊണ്ടും അതേസമയം സാങ്കേതികവിദ്യയുടെ വളർച്ചയനുസരിച്ചും അതത് സ്ഥലത്ത് കരിക്കുലം രൂപപ്പെടുത്താനുള്ള അവകാശം വേണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് മുന്നിൽ അവതരിപ്പിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാനത്തെയും വിദ്യാഭ്യാസ മന്ത്രിമാർ ആ യോഗത്തിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. ബഹുഭൂരിപക്ഷം മന്ത്രിമാരും നമ്മുടെ നിലപാടിനോട് യോജിക്കുകയാണുണ്ടായത്. അത്തരത്തിലാണ് ചർച്ച പുരോഗമിക്കുന്നത്. സാമൂഹികമായിട്ടുള്ള ഒരു പൊതു അഭിപ്രായം ആ കാര്യത്തിൽ രൂപീകരിക്കപ്പെടേണ്ടതുണ്ട്. പൊതുവായ സിലബസ്സുകളല്ല അതത് പ്രദേശത്തിന്റെ തനിമ ഉൾക്കൊണ്ടുകൊണ്ടാകണമെന്ന അഭിപ്രായം രൂപീകരിക്കപ്പെടേണ്ടതുണ്ട്.

മി. സ്പീക്കർ : ജ്യോതിശാസ്ത്രത്തിനുപകരം ജ്യോതിഷം പഠിപ്പിക്കണമെന്ന നിർദ്ദേശമുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, അത് ചർച്ച ചെയ്യേണ്ടതുണ്ട്. ഓരോ ഇഷ്യൂവും എടുത്തുപറയുന്നില്ല. എല്ലാവർക്കും ഒരേ സിലബസ് അടിച്ചേൽപ്പിക്കുന്ന രീതി തെറ്റാണെന്നും അതെങ്ങനെ വേണമെന്നുള്ള പൊതുവായ ചർച്ച വികസിപ്പിച്ചെടുത്ത് ജനകീയ അഭിപ്രായം രൂപപ്പെടുത്തേണ്ടതുണ്ടെന്നുള്ള ഒരു പ്രധാനപ്പെട്ട ആശയം ഉൾക്കൊള്ളുകയാണ്.

ശ്രീ. വി. ജോയി : സർ, ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ടി. എസ്. ആർ. സുബ്രഹ്മണ്യം കമ്മിറ്റി സമർപ്പിച്ച കരട് റിപ്പോർട്ടിനെപ്പറ്റി അങ്ങ് സൂചിപ്പിച്ചു. ചർച്ചയ്ക്കുവേണ്ടി ഒരു ആമുഖക്കുറിപ്പ് നൽകിയെന്നും അതിന്റെ ആദ്യത്തെ ചർച്ച നടന്നുവെന്നും സൂചിപ്പിക്കുകയുണ്ടായി. വർഗ്ഗീയ വാണിജ്യ അജണ്ടയ്ക്ക് പുറമേ ആറ് വയസ്സുമുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികളുടെ സാർവ്വത്രിക വിദ്യാഭ്യാസത്തെ തടയുന്ന തരത്തിലുള്ള എന്തെങ്കിലും കാര്യങ്ങൾ ഈ കരട് ആമുഖ ക്കുറിപ്പിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, അത്തരത്തിലുള്ള ഒരു സമീപനം അതിലില്ല. മറിച്ച് സമഗ്രമായൊരു വിദ്യാഭ്യാസ സങ്കൽപ്പത്തിനപ്പുറം നൈപുണ്യത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു സമീപനമാണ് അവിടെ വന്നിട്ടുള്ളത്. ആ കാര്യം വിശദമായി ചർച്ച ചെയ്യേണ്ടതാണ്. നേരത്തേ പറഞ്ഞ പ്രശ്നം നിലവിൽ വന്നിട്ടില്ല.

ശ്രീ. കെ. ഡി. പ്രസേനൻ : സർ, വരാൻ പോകുന്ന ദേശീയ വിദ്യാഭ്യാസ നയത്തിൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുന്നില്ല. അതുകൊണ്ട് ജനാധിപത്യവേദികൾ രൂപപ്പെടില്ലെന്നത് തീർച്ചയാണ്. ക്യാമ്പസ്സുകളിലെ അരാഷ്ട്രീയവാദം പുതിയ തലമുറകളിലെ അരാജകത്വ പ്രവണതയ്ക്ക് കാരണമാകുന്നുവെന്ന് ചർച്ച ചെയ്യുന്ന ഈ കാലത്ത് അതിനെ മറികടക്കാൻ, ദേശീയ വിദ്യാഭ്യാസ നയത്തിലെ ജനാധിപത്യ വിരുദ്ധമായ ഇത്തരം കാഴ്ചപ്പാടിനെ മറികടക്കാൻ ബദലുകൾ കൂട്ടിച്ചേർക്കാൻ കഴിയുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, സംസ്ഥാന സർക്കാർ അതിനും മറുപടി നൽകിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സംഘടിക്കാനുള്ള അവകാശവും ജനാധിപത്യപരമായ പല അവകാശങ്ങളും നിഷേധിക്കപ്പെടുക എന്ന പ്രശ്നം ഈ ഡ്രാഫ്റ്റ് ഇൻപുട്ടിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതാണ്. കേരളത്തെ സംബന്ധിച്ച് വിദ്യാലയങ്ങളെ ജനാധിപത്യവൽക്കരിക്കുക എന്നുള്ളതാണ് ലക്ഷ്യമെന്നതിനാൽ വിദ്യാർത്ഥികളുടെ ജനാധിപത്യ അവകാശങ്ങൾ വിദ്യാലയങ്ങളിലുമുണ്ടാകണം. നമ്മുടേത് ജനാധിപത്യ സമൂഹമാണ്. വിദ്യാലയങ്ങളിൽനിന്നും കടന്നുവരുന്ന ഓരോ പൗരനും സമൂഹത്തിലെ ജനാധിപത്യ ചിന്തയ്ക്ക് പരസ്പരപൂരകമായി ചിന്തിക്കണം. ജനാധിപത്യ പൗരനെ വളർത്തിയെടുക്കുകയെന്നുള്ളതാണ് വിദ്യാഭ്യാസ ലക്ഷ്യം. ഓരോ വിദ്യാലയത്തിലും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുണ്ടാകണം. അതിന് വിരുദ്ധമായി സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കുന്ന ചില നിർദ്ദേശങ്ങൾ ഈ കരട് വിദ്യാഭ്യാസ നയത്തിലുണ്ടെന്നുള്ള കാര്യവും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : സർ, കരട് ദേശീയ വിദ്യഭ്യാസനയത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രമങ്ങളുമായും മറ്റിതര മതസ്ഥാപനങ്ങളുമായും കൂട്ടിയിണക്കുന്നത് രാജ്യത്തിന്റെ മതേതരത്വത്തിന് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കും. ഇത് പരിഹരിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഭരണഘടനയിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു മതേതര രാഷ്ട്രമെന്ന നിലയിൽ ഒരു രാഷ്ട്രം മുന്നോട്ടുപോകണമെങ്കിൽ ഓരോ വിദ്യാലയത്തിൽനിന്നും പുറത്ത് വരുന്നവർക്ക് മതേതര സ്വഭാവമുണ്ടാകണം. അതുകൊണ്ട് തുടക്കത്തിൽത്തന്നെ ആ സംസ്കാരം വികസിപ്പിച്ചെടുക്കുന്ന ഒരു നീതിശാസ്ത്രം വിദ്യാലയങ്ങളിലുണ്ടാകണം. അതല്ലാത്തപക്ഷം മതേതര സംസ്കാരം നഷ്ടപ്പെടുവാനുള്ള സാധ്യതയുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് ഈ ഡ്രാഫ്റ്റ് പോളിസിയിലുള്ള മത നിരപേക്ഷതയ്ക്കപ്പുറമുള്ള ചിന്തകളോട് സംസ്ഥാന സർക്കാർ യോജിക്കുന്നില്ലെന്ന നിലപാടും കേന്ദ്ര സർക്കാരിന് മുന്നിൽ വച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡുനിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

4 (*244) ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ:

ശ്രീ. കാരാട്ട് റസാഖ്:

ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് റോഡിന്റെ അറ്റകുറ്റപ്പണികളിൽ നിലവാരം പുലർത്താതിരുന്നതിനാൽ നിരവധി റോഡുകൾ തകർന്ന് ഉപയോഗശൂന്യമായി തീർന്നിരിക്കുന്ന സാഹചര്യത്തിൽ ഇത്തരം റോഡുകൾ നവീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നിർമ്മാണത്തിലെ അപാകതകൾമൂലം നിശ്ചിത കാലയളവിന് മുൻപായി റോഡുകൾക്കും നടപ്പാതകൾക്കും മറ്റു നിർമ്മിതികൾക്കും നാശനഷ്ടമുണ്ടായാൽ കരാറുകാരനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പ് നടത്തുന്ന റോഡ് വികസന പദ്ധതികൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് ചെയ്യാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) കഴിഞ്ഞ കാലങ്ങളിൽ അറ്റകുറ്റപ്പണികൾ ചെയ്ത റോഡുകളിൽ ഉണ്ടായിട്ടുള്ള കേടുപാടുകൾ ഗ്യാരണ്ടി പീരിഡിനുള്ളിൽ സംഭവിച്ചിട്ടുണ്ടെങ്കിൽ അതാത് കരാറുകാരെ കൊണ്ടാണ് അവ പരിഹരിച്ച് വരുന്നത്. ഇതുകൂടാതെ മറ്റു വിവിധ കാരണങ്ങളാൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ നോൺ-പ്ലാൻ ഫണ്ട് ഉപയോഗിച്ച് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ District Level Task Force Committee രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള State Level Task Force Committee പരിഗണിച്ച് നോൺ-പ്ലാൻ ഫണ്ടിൽ നിന്നും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകി യഥാസമയം പൂർത്തീകരിച്ചു വരികയാണ്. നാളിതുവരെ നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഇത്തരം അറ്റകുറ്റപ്പണികൾ ചെയ്യുന്നത് കേരളത്തിലെ എല്ലാ

നിയോജകമണ്ഡലത്തിലെയും പ്രവൃത്തികൾക്കായി 286.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ എൻ.എച്ച്.47-ൽ എക്സ്റേ ജംഗ്ഷൻ (കി.മീ.106/00) മുതൽ കൃഷ്ണപുരം ജംഗ്ഷൻ (കി.മീ.462/000) വരെ മുൻ സർക്കാരിന്റെ കാലത്ത് അറ്റകുറ്റപ്പണികൾ നടത്തുകയും ഭാഗികമായി തകർന്നിട്ടുള്ളതുമാകുന്നു. തകർന്ന ഭാഗങ്ങൾ വർക്ക് ഏറ്റെടുത്ത് നടത്തിയിരുന്ന അതേ കരാറുകാരെക്കൊണ്ടുതന്നെ ഗതാഗത യോഗ്യമാക്കിയിട്ടുള്ളതുമാണ്. നിലവിൽ മുൻ പ്രവൃത്തികളുടെ കാലാവധി കഴിഞ്ഞതിനാൽ എക്സ്റേ ജംഗ്ഷൻ മുതൽ കൃഷ്ണപുരം വരെ 4 പ്രവൃത്തികളിലായി പുനരുദ്ധാരണം നടത്തുന്നതിലേയ്ക്കായി 4412 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) നിർമ്മാണത്തിലെ അപാകതകൾമൂലം നിശ്ചിത കാലയളവിന് മുമ്പായി റോഡുകൾക്കും നടപ്പാതകൾക്കും മറ്റു നിർമ്മിതികൾക്കും കേടുപാടുകളോ നാശനഷ്ടങ്ങളോ സംഭവിക്കുകയാണെങ്കിൽ അതാത് കരാറുകാർക്കെതിരെ എഗ്രിമെന്റ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഈ വ്യവസ്ഥ കരാറുകാരൻ പാലിക്കപ്പെടാത്ത പക്ഷം അറ്റകുറ്റപ്പണികൾക്ക് ചെലവാകുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കാറുണ്ട്.

അതുപോലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ 5 ലക്ഷം രൂപയ്ക്കുമേൽ വരുന്ന പ്രവൃത്തികൾ e-tendering സംവിധാനം മുഖേനയാണ് നടപ്പാക്കുന്നത്. ഇതു കാരണം ടെൻഡർ നടപടികൾ സുതാര്യവും വേഗത്തിലാക്കുവാനും സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ e-payment സംവിധാനം നടപ്പിലാക്കുന്നതുവഴി കരാറുകാരുടെ പണമിടപാടുകൾ സുതാര്യമാക്കുവാൻ സാധിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് വകുപ്പ് മാനുവൽ പ്രകാരം നടപ്പിലാക്കി വരുന്നു. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി Two tier Quality Control System നിലവിലുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും മറ്റെല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ചു പ്രവർത്തനം നടപ്പാക്കി വരുന്നു. നിലവിലെ പൊതുമരാമത്ത് വകുപ്പ് മാനുവൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകളുടെയും കൂടി അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പേയ്മെന്റ് നടത്തി വരുന്നത്. കൂടാതെ, പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് social auditing റോഡ് ദേശീയപാതാ വിഭാഗത്തിൽ കൂടി നടപ്പാക്കി വരുന്നു. ആയത് മറ്റു വിഭാഗത്തിൽ കൂടി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

## വിദ്യാലയങ്ങളിലെ ലഹരി ഉപയോഗം

5 (*245) ശ്രീ. വി. ടി. ബൽറാം:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ ഒരു വിഭാഗം ലഹരി വസ്തുക്കളുടെ സ്ഥിരം ഉപയോക്താക്കളാണെന്നും അതിൽ തന്നെ നല്ലൊരു ശതമാനം ലഹരിക്ക് അടിമകളാണെന്നും ഉള്ള വസ്തുത പരിഗണിച്ച് ഈ പ്രശ്നത്തിൽ എന്ത് നടപടിയാണ് വിദ്യാഭ്യാസ വകുപ്പ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത്;

(ബി) പരിഹാര മാർഗ്ഗങ്ങൾ ശാസ്ത്രീയമായി ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുവാനുള്ള നടപടി കൈക്കൊള്ളുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ, തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചു കൊണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ് ' പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഈ ജാഗ്രതാ സമിതികൾ പുനഃസംഘടിപ്പിക്കപ്പെട്ടിട്ടുള്ളതുമാണ്. 'സ്ഥാപനത്തിന്റെ 100 വാര ചുറ്റളവിൽ പുകയില വിൽക്കാൻ പാടില്ല' എന്ന ബോർഡ് സ്കൂളുകൾക്ക് സമീപം സ്ഥാപിച്ചിട്ടുണ്ട്. സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രവർത്തിച്ചു വരുന്ന "സൗഹൃദ ക്ലബ്ബുകൾ" ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം തടയുന്ന പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകുന്നത്. സംസ്ഥാനത്തെ ഓരോ സ്കൂളിലേയും രണ്ട് വിദ്യാർത്ഥികളെ വീതം പങ്കെടുപ്പിച്ചുകൊണ്ടുള്ള മൂന്ന് ദിവസത്തെ റസിഡൻഷ്യൽ ട്രെയിനിംഗ് പ്രോഗ്രാമിൽ ലഹരി വസ്തുക്കളുടെ അപകടങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിയിരുന്നു. ഓരോ സ്കൂളിലെയും സൗഹൃദ കോ-ഓർഡിനേറ്റർമാരെ (അദ്ധ്യാപകർ) പങ്കെടുപ്പിച്ചുകൊണ്ട് ഓരോ വിദ്യാഭ്യാസ ജില്ലയിലും നടത്തിയ Refresher Training Programme-ലെ മുഖ്യ ഇനം ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്നും വിദ്യാർത്ഥികളെ എങ്ങനെ പിന്തിരിപ്പിക്കാം എന്നതായിരുന്നു. ഈ വിഷയത്തിൽ NIMHANS-ൽ നിന്നും ട്രെയിനിംഗ് ലഭിച്ച ഇന്ത്യൻ ഡെന്റൽ അസോസിയേഷനിലെ ഡോക്ടർമാരും എക്സൈസ് വകുപ്പിൽ നിന്നുള്ള അസിസ്റ്റന്റ് കമ്മീഷണർമാർ ഉൾപ്പെടെയുള്ളവരും ക്ലാസ്സെടുത്തിരുന്നു. വരുന്ന വർഷങ്ങളിൽ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധയൂന്നേണ്ടതുണ്ട്. സംസ്ഥാനത്തെ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും

ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കാൻ എല്ലാ പ്രിൻസിപ്പൽമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഈ വർഷം ജനവരിയിൽ എല്ലാ ഹയർ സെക്കണ്ടറി സ്കൂളിലും വിദ്യാർത്ഥികളേയും അദ്ധ്യാപകരേയും ഉൾപ്പെടുത്തി ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിയിരുന്നു. ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ കെയർ & ഷെയർ ഫൗണ്ടേഷൻ തയ്യാറാക്കിയ 'വഴികാട്ടി' എന്ന ഹ്രസ്വ ചിത്രം 3-2-2017 ഉച്ചകഴിഞ്ഞ് 2.30 മുതൽ 3 മണിവരെ വിക്ടേഴ്സ് ചാനൽ, തിരുവനന്തപുരം ദൂരദർശൻ എന്നിവ സംപ്രേക്ഷണം ചെയ്തിരുന്നു. ഇത് തത്സമയം കാണുവാൻ എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും അവസരമൊരുക്കിയിരുന്നു. ടി വിഷയം സംബന്ധിച്ച ജാഗ്രതാ നിർദ്ദേശം എല്ലാ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും നൽകിയിട്ടുണ്ട്. NSS സെല്ലിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളുകളിൽ നടത്തുന്നുണ്ട്. സംസ്ഥാന പോലീസ് വകുപ്പിന്റെ സർക്കുലർ നമ്പർ 16/2011 തീയതി 8-6-2011 പ്രകാരം സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകളുടെ രൂപീകരണത്തിനും തുടർ പ്രവർത്തനങ്ങൾക്കും വകുപ്പ് പ്രോത്സാഹനം നൽകുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 6-6-2011 ലെ ഉത്തരവ് ജി.ഒ. (എം.എസ്)നമ്പർ 136/2011 പ്രകാരം ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം മൂലമുണ്ടാകുന്ന ദൂഷ്യഫലങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനും ഇവയുടെ നിരോധനം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസര പ്രദേശങ്ങളിലും ശരിയായ രീതിയിൽ നടക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും വകുപ്പിന് കീഴിലുള്ള വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളിലെ പ്രധാന അദ്ധ്യാപകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ ലഹരിക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ 'വിമുക്തി' എന്ന പദ്ധതി ആരംഭിച്ച് നടപ്പിലാക്കി വരുന്നു. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. സ്കൂൾ/കോളേജുകളിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനുവേണ്ടി 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ ലഹരി വസ്തുക്കൾ വില്പന/ ഉപയോഗത്തിനെതിരെയുള്ള പരാതിയും വിവരങ്ങളും അധികൃതരെ അറിയിക്കുന്നതിന് 1400-ഓളം സ്കൂൾ/കോളേജ് കാമ്പസുകളിൽ പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. 2014-2015, 2015-2016, 2016-2017 എന്നീ അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യ പദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠ പുസ്തകങ്ങളിൽ ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പരിഹാരമാർഗ്ഗങ്ങൾ ശാസ്ത്രീയമായി ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന് നടപടി**

6 (*246) ശ്രീ. മുഹമ്മദ് മുഹസിൻ പി.:

ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനും അഴിമതി രഹിതമാക്കുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ;

(ബി) റവന്യൂ മന്ത്രി എല്ലാ ജില്ലകളിലും നടത്തിയ വില്ലേജ് ഓഫീസർമാരുടെ യോഗത്തിന് ശേഷം എന്തൊക്കെ തുടർനടപടികളാണ് ഇത് സംബന്ധിച്ച് സ്വീകരിച്ചതെന്നറിയിക്കുമോ;

(സി) ഈ സർക്കാർ വന്ന ശേഷം അഴിമതി ആരോപണങ്ങളുടെ പേരിൽ എത്ര ജീവനക്കാരെ സസ്പെൻഡ് ചെയ്തെന്നും എത്രപേർക്കെതിരെ നടപടി തുടരുന്നുവെന്നും അറിയിക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പൊതുജനങ്ങൾക്ക് അഴിമതിരഹിത സേവനം ലഭ്യമാക്കുന്നതിനും റവന്യൂ വകുപ്പ് കാര്യക്ഷമമാക്കുന്നതിനും റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് യഥാക്രമം തിരുവനന്തപുരം ആസ്ഥാനമാക്കി ദക്ഷിണ മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും എറണാകുളം ആസ്ഥാനമാക്കി മധ്യമേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും കോഴിക്കോട് ആസ്ഥാനമാക്കി ഉത്തര മേഖല വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയവും പ്രവർത്തിച്ചു വരുന്നു. കൂടാതെ എല്ലാ ജില്ലാ കളക്ടറേറ്റിലേയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്ന് നാമകരണം ചെയ്തു പ്രവർത്തിച്ചു വരുന്നു. കൂടാതെ വകുപ്പു മേധാവിയായ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഇൻസ്പെക്ഷൻ ആന്റ് ആഡിറ്റ് വിഭാഗം സബ് ആഫീസുകളിലെ റിക്കാർഡുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവ കൃത്യമായി പരിശോധിച്ചു വരുന്നുണ്ട്.

റവന്യൂ വകുപ്പ് കാര്യക്ഷമമാക്കുന്നതിലേയ്ക്കായി വില്ലേജാഫീസിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ ഓൺലൈനായി അക്ഷയ വഴി നൽകുന്നു. കൂടാതെ, ഓൺലൈൻ പോക്കുവരവ് സിസ്റ്റം റവന്യൂ വകുപ്പിൽ നടപ്പിലാക്കി വരുന്നു. താലൂക്ക്, വില്ലേജ് തലങ്ങളിൽ നിന്നും ലഭ്യമാകേണ്ട 23-ഓളം സേവനങ്ങൾ ഓൺലൈനായി നൽകി വരുന്നു. കൂടാതെ, ഐ.എൽ.ഡി.എം-ൽ റവന്യൂ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരവധി പരിശീലന പരിപാടികളും നടത്തി വരുന്നു.

(ബി) വില്ലേജ് ഭരണം കാര്യക്ഷമമായി കൊണ്ടുപോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും അടിസ്ഥാന സൗകര്യങ്ങളുടേയും ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തതകളും ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി, വില്ലേജ് ഓഫീസർമാരിൽ നിന്നും നേരിട്ട് കേൾക്കുകയും അവയിൽ അടിയന്തര പ്രാധാന്യമുള്ളവ ഉടൻ സർക്കാർ തലത്തിൽ തീരുമാനം എടുത്തു പരിഹരിക്കുമെന്നും മറ്റുള്ളവ സമയബന്ധിതമായി പരിഹരിക്കുമെന്നും യോഗങ്ങളിൽ തീരുമാനമാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ വിഷയങ്ങളിന്മേൽ പരിഹാരം കാണുന്നതിനായി തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അഴിമതി ആരോപണങ്ങളുടെ പേരിൽ 54 പേരെ സസ്പെൻഡ് ചെയ്യുകയും 130 ആൾക്കാർക്കെതിരെയുള്ള നടപടി തുടരുകയും ചെയ്യുന്നു.

**അന്തർദേശീയ നിലവാരമുള്ള ആയിരം സ്കൂളുകൾ പദ്ധതി**

7 (*247) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. കെ. എസ്. ശബരീനാഥൻ:

ശ്രീ. അനിൽ അക്കര:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർദ്ദേശീയ നിലവാരമുള്ള ആയിരം സ്കൂളുകൾ അഞ്ചു വർഷം കൊണ്ട് യാഥാർത്ഥ്യമാക്കുന്ന പദ്ധതി എത്ര സ്കൂളുകളിൽ ഈ സാമ്പത്തിക വർഷം നടപ്പിലാക്കി;

(ബി) അൺ എയ്ഡഡ് സ്കൂളുകളിലെ പഠന സൗകര്യം പൊതു വിദ്യാലയങ്ങളിൽ ഒരുക്കുന്നതിനായി പ്രസ്തുത സ്കൂളുകളിൽ നടപ്പിലാക്കിയ സൗകര്യങ്ങൾ എന്തൊക്കെയാണ്;

(സി) ഈ പദ്ധതിയുടെ വെളിച്ചത്തിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ കാര്യത്തിൽ എത്ര ശതമാനം വർദ്ധനവാണ് 2017-18 അദ്ധ്യയന വർഷം പ്രതീക്ഷിക്കുന്നത്;

(ഡി) നടപ്പു വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഇതുവരെ എന്ത് തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) അന്തർദ്ദേശീയ നിലവാരമുള്ള ആയിരം സ്കൂളുകൾ അഞ്ചു വർഷം കൊണ്ട് യാഥാർത്ഥ്യമാക്കുന്ന പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ ഒരുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകൾ ഹൈടെക്കാക്കുന്ന പദ്ധതിയുടെ പൈലറ്റ് പ്രവർത്തനങ്ങൾ 4 മണ്ഡലങ്ങളിൽ നടന്നു വരികയാണ്. സ്കൂളുകൾക്ക് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ ലഭ്യമാക്കുക, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിശീലനം, ഐ.സി.ടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ, ഐ.സി.ടി അധിഷ്ഠിത ഉള്ളടക്കം, പ്രത്യേക ഐ.സി.ടി പാഠപുസ്തകങ്ങൾ. ഐ.ടി പരീക്ഷ എന്നീ പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി നടപ്പിലാക്കി വരുന്നു. കൂടാതെ പൊതുവിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപന പരിശീലന പരിപാടികൾ കൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചു വരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി പൂർണ്ണമായ രീതിയിൽ നടപ്പിലാക്കി കഴിയുമ്പോൾ കുട്ടികളുടെ എണ്ണത്തിൽ ആനുപാതികമായ വർദ്ധനവ് പ്രതീക്ഷിക്കുന്നു.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ പ്രസ്തുത പരിപാടിക്കായി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## കമ്പനികളും സ്വകാര്യ വ്യക്തികളും കൈവശം വച്ചിട്ടുള്ള ഭൂമി

8 (*248) ശ്രീ. അബ്ദുൽ ഹമീദ്. പി.:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പനികളും സ്വകാര്യവ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുള്ള തോട്ടം മേഖലയിലെ സർക്കാർ ഭൂമി തിരിച്ചെടുക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) തോട്ടം മേഖലയിൽ ധാരാളം സർക്കാർ ഭൂമി, കമ്പനികളും സ്വകാര്യവ്യക്തികളും കൈവശം വച്ചിട്ടുള്ളതായി വ്യക്തമാക്കിക്കൊണ്ടുള്ള സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും സർക്കാർ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്ത് കമ്പനികളും സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുള്ള തോട്ടം മേഖലയിലെ സർക്കാർ ഭൂമി തിരിച്ചെടുക്കണം എന്നതാണ് സർക്കാരിന്റെ നയം. അതിനായി സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ കേരള ഭൂസംരക്ഷണ നിയമപ്രകാരം നോട്ടീസ് നൽകി നടപടികൾ എടുത്തുവരികയും ചെയ്യുന്നു. എന്നാൽ സ്പെഷ്യൽ ഓഫീസറുടെ നടപടിക്കെതിരെ കമ്പനികളും വ്യക്തികളും ഫയൽ ചെയ്ത വിവിധ കേസുകളിൽ തൽസ്ഥിതി തുടരുവാൻ ബഹു. ഹൈക്കോടതി ഉത്തരവിട്ടിട്ടുള്ളതാണ്.

(ബി) സംസ്ഥാനത്ത് വിവിധ കമ്പനികളും സ്വകാര്യ വ്യക്തികളും അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം മേഖലയിലെ സർക്കാർ ഭൂമി തിരിച്ചെടുക്കുന്നതിന് നിയോഗിച്ച സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ വിവിധ കമ്പനികൾ അനധികൃതമായി കൈവശം വയ്ക്കുന്ന 38,170.92 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്തുകൊണ്ട് 18 ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകൾക്കെതിരെ ഹാരിസൺസ് മലയാളം ഉൾപ്പെടെയുള്ള കമ്പനികളും മറ്റു കക്ഷികളും ഫയൽ ചെയ്ത വിവിധ കേസ്സുകൾ വിശദമായ വാദം കേൾക്കുന്നതിനായി രണ്ടംഗ ഡിവിഷൻ ബഞ്ചിന് 'റഫർ' ചെയ്ത് 25-11-2015-ൽ ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. അതുപോലെ ട്രാവൻകൂർ റബ്ബർ & ടീ, ഹോപ് പ്ലാന്റേഷൻസ്, ബ്രൈമൂർ എസ്റ്റേറ്റ്, പീരുമേട് ടീ കമ്പനി തുടങ്ങിയവയ്ക്കെതിരായ സ്പെഷ്യൽ ഓഫീസറുടെ നടപടികളും ബഹു. ഹൈക്കോടതിയുടെ തൽസ്ഥിതി തുടരുവാനുള്ള ഉത്തരവുകൾ പ്രകാരം തൽക്കാലം തടസ്സപ്പെട്ടിരിക്കുകയാണ്.ടി കേസുകളിലെല്ലാം തന്നെ സർക്കാർ വിശദമായ കാര്യവിവരണ പത്രികകൾ സമർപ്പിച്ചിട്ടുള്ളതാണ്.

## റീ-സർവ്വേ പുനരാരംഭിക്കാൻ നടപടി

9 (*249) ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. മോൻസ് ജോസഫ്:

ശ്രീ. സി. എഫ്. തോമസ്:

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ റീസർവ്വേ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനും മുടങ്ങിക്കിടക്കുന്ന റീസർവ്വേ പുനരാരംഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) റീസർവ്വേ നടപടികൾ നിർത്തലാക്കിയ കാലയളവ് ഏതെന്ന് വ്യക്തമാക്കുമോ;

(സി) റീസർവ്വേ നടപടികൾ പുനരാരംഭിക്കുന്നതിനും കുറ്റമറ്റ രീതിയിൽ പൂർത്തിയാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) 31-5-2010-ലെ സ.ഉ.(എം.എസ്.) നമ്പർ 200/10/റവന്യൂ പ്രകാരം റീസർവ്വേ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ റീസർവ്വേ സംബന്ധിച്ചുണ്ടായ പരാതികൾ ബന്ധപ്പെട്ട താലൂക്ക് അഡീഷണൽ തഹസിൽദാർക്ക് നൽകി ഉത്തരവായിട്ടുണ്ട്. ഏതെങ്കിലും വില്ലേജിൽ പരാതികൾ കൂടുതലായി വന്നാൽ അഡീഷണൽ തഹസിൽദാർ ആവശ്യപ്പെടുന്ന മുറയ്ക്ക് കൂടുതൽ സർവ്വേ ജീവനക്കാരെ നിയോഗിച്ച് പരാതികൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

24-1-2017-ലെ ജി.ഒ.(എം.എസ്) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് 31-10-2012 മുതൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി ഉത്തരവായിരുന്നു. എന്നാൽ 24-1-2017 ലെ ജി.ഒ.(എം.എസ്.) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്.

(സി) 24-1-2017-ലെ ജി.ഒ.(എം.എസ്) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീസർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## അദ്ധ്യാപക പാക്കേജ്

10 (*250) ശ്രീമതി പി. അയിഷാ പോറ്റി:

ശ്രീ. രാജു എബ്രഹാം:

ശ്രീ. ജോൺ ഫെർണാണ്ടസ്:

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പാക്കിയപ്പോൾ എത്ര അദ്ധ്യാപകരെയാണ് അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇവർക്ക് പുനർനിയമനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പതിനഞ്ചും ഇരുപതും വർഷങ്ങളായി അദ്ധ്യാപകരായി താൽക്കാലിക തസ്തികയിൽ ജോലി നോക്കുകയും സ്കെയിൽ ഓഫ് പേ അനുവദിച്ച് ശമ്പളം വാങ്ങിക്കുകയും ചെയ്ത പല അദ്ധ്യാപകരും പിന്നീട് സ്ഥിരം വേക്കൻസിയിൽ നിയമിക്കപ്പെടുമ്പോഴും ഡിവിഷൻ ഫോൾ ഉണ്ടാവുമ്പോൾ പ്രൊട്ടക്ഷൻ കിട്ടാതെ പുറത്തുപോകേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരം കേസ്സുകളിൽ ഇവർക്ക് പ്രൊട്ടക്ഷൻ നൽകാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) അദ്ധ്യാപക പാക്കേജ് സംബന്ധമായി ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയം, നിയമനാംഗീകാരം, അദ്ധ്യാപക/അനദ്ധ്യാപകരുടെ സംരക്ഷണം, പുനർവിന്യാസം എന്നിവ സംബന്ധിച്ച് 29-1-2016-ലെ ജി.ഒ. (പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. ഇതിന്റെയടിസ്ഥാനത്തിൽ നടത്തിയ തസ്തിക നിർണ്ണയത്തിലൂടെ അധികമെന്ന് കണ്ടെത്തിയ 3523 അദ്ധ്യാപകർക്കും 85 അനദ്ധ്യാപകർക്കുമാണ് ഇപ്പോൾ സംരക്ഷണം അനുവദിച്ചിട്ടുള്ളത്. ഈ സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റിനെയാണ് "അദ്ധ്യാപക ബാങ്ക് " എന്ന് വിളിക്കുന്നത്. അദ്ധ്യാപക ബാങ്കിൽ ഉൾപ്പെട്ട സംരക്ഷിത ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തണമെന്ന് 5-8-2016-ലെ ജി.ഒ. (പി) നമ്പർ 134/2016/ പൊ.വി.വ. എന്ന ഉത്തരവിലൂടെ സർക്കാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

(ബി) 29-1-2016-ലെ ജി.ഒ (പി) നമ്പർ 29/2016/പൊ.വി.വ. പ്രകാരം റഗുലർ തസ്തികയിൽ നിയമനാംഗീകാരത്തോടെ ജോലി നോക്കിയിരുന്നതും തസ്തിക നഷ്ടം വന്ന് പുറത്തായതുമായ അദ്ധ്യാപക/അനദ്ധ്യാപകർക്കാണ് നിലവിൽ സംരക്ഷണത്തിന് അർഹതയുള്ളത്.

നാളിതുവരെയുള്ള പ്രൊട്ടക്ഷൻ ഉത്തരവുകളെല്ലാം റെഗുലർ (സ്ഥിരം) ഒഴിവുകളിൽ നിയമനാംഗീകാരം ലഭിച്ചവർക്കുവേണ്ടിയുള്ളതാണ്. അവധി ഒഴിവുകളിൽ താൽക്കാലിക നിയമനം ലഭിച്ച ജീവനക്കാർക്കുകൂടി സംരക്ഷണാനുകൂല്യം നൽകുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ അവധി ഒഴിവുകളിൽ ജോലി നോക്കിയിരുന്നവർ പിന്നീട് റെഗുലർ ഒഴിവുകളിൽ നിയമിക്കപ്പെട്ട് അംഗീകാരം നേടുകയും കാലാന്തരത്തിൽ തസ്തിക നഷ്ടപ്പെടുകയും ചെയ്താൽ അക്കാലത്ത് നിലവിലുള്ള സംരക്ഷണ ഉത്തരവ് പ്രകാരം അർഹതയുണ്ടെങ്കിൽ അവർക്കും സംരക്ഷണം നൽകുന്നതാണ്.

(സി) 31-3-2015 വരെ 2011-12 മുതൽ 2014-15 വരെയുള്ള വർഷങ്ങളിലെ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളിൽ നിയമനാംഗീകാരം നേടിയ അർഹരായ എല്ലാ എയ്ഡഡ് സ്കൂൾ ജീവനക്കാർക്കും ഇപ്പോൾ സംരക്ഷണം നൽകിയിട്ടുണ്ട്. ഈ തീയതി പരിഷ്കരിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**ജനസൗഹൃദ വില്ലേജ് ഓഫീസ്**

11 (*251) ശ്രീ. കെ. രാജൻ:

ശ്രീ. സി. ദിവാകരൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ കൂടുതൽ ജനസൗഹൃദ മാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രദേശത്തെ പ്രമുഖ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, ചാരിറ്റബിൾ സൊസൈറ്റികൾ തുടങ്ങിയവയുടെ സഹകരണത്തോടെ വില്ലേജ് ഓഫീസുകൾ ജനസൗഹൃദമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'സ്മാർട്ട് ' റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെ വച്ചും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വില്ലേജ്/താലൂക്ക് ഓഫീസുകളിൽ പൊതുജനങ്ങൾക്കാവശ്യമുള്ള സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് 'ഇ-ഡിസ്ട്രിക്ട് പദ്ധതി'. എപ്പോഴും എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി നൽകി വരുന്നു.

(ബി) സർക്കാരിന്റെ പരിഗണനയിലാണ്.

**മലയോര, തീരദേശ ഹൈവേ പദ്ധതികൾ**

12 (*252) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി.കെ. ഹരീന്ദ്രൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര, തീരദേശ ഹൈവേ പദ്ധതികൾ നടപ്പാക്കുന്നതിന്റെ മുന്നോടിയായി നാറ്റ്പാക്ക് തയ്യാറാക്കിയ പദ്ധതി റിപ്പോർട്ടിലെ പ്രധാന കാര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ പാതകളുടെ നിർമ്മാണം കിഫ്ബിയിൽ ഉൾപ്പെടുത്താൻ നടപടിയുണ്ടാകുമോ; മതിപ്പ് ചെലവ് എത്രയാണ്;

(സി) പരിസ്ഥിതി ദുർബ്ബല മേഖലകളിലൂടെയുള്ള പാതകളായതിനാൽ പാരിസ്ഥിതിക പ്രത്യാഘാതം കുറയ്ക്കാനുതകുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളും നിർമ്മാണ രീതിയും അവലംബിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) മലയോര ഹൈവേ സംബന്ധിച്ച DPR തയ്യാറാക്കി സമർപ്പിച്ച ഓരോ നിർദ്ദേശത്തെപ്പറ്റിയും വിശദമായ പഠന റിപ്പോർട്ട് NATPAC തയ്യാറാക്കി വരുന്നു.

കേരളത്തിലെ മലയോര പ്രദേശങ്ങൾ സിറ്റികളുമായി യോജിപ്പിക്കുന്നതിനു വേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് ഹൈവേ ആയി ഉയർത്തുവാനാണ് മലയോര ഹൈവേ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്.

ഇത് പ്രകാരം പ്രസ്തുത പദ്ധതിയുടെ ഓരോ ജില്ലയിലേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കാസർഗോഡ്:-

നന്ദാരപ്പടവ് - പുത്തിഗെ - പെർള – ബദിയഡുക്ക – മുള്ളേരിയ – അത്തിനടി - പാണ്ടി - പടിപ്പ് - ബന്ദഡുക്ക – ഇരഞ്ഞിലംകോട് - കോളിച്ചാൽ - പതിനെട്ടാംമൈൽ - വള്ളിക്കടവ് - ചിറ്റാരിക്കൽ - ചെറുപുഴ – 133 കി.മി.

കണ്ണൂർ:-

ചെറുപുഴ – മഞ്ഞക്കാട് - ആലക്കോട് - കരുവഞ്ചാൽ - താവുക്കുന്ന് - നടുവിൽ - ചെമ്പേരി - പയ്യാവൂർ - ഉളിക്കൽ - വള്ളിത്തോട് - ആനപ്പന്തി - കരിക്കോട്ടക്കരി - ഏട്ടൂർ - ആറളം - കാപ്പുകടവ് - പെരുമ്പുന്ന - മുടപുരച്ചാൽ - മണത്തണ – കൊട്ടിയൂർ - അമ്പായത്തോട് - ബോയ്സ്ടൗൺ - 118 കി.മി.

വയനാട്:-

ബോയ്സ്ടൗൺ - മാനന്തവാടി - നാലാംമൈൽ - അഞ്ചുകുന്ന് - പനമരം - കൈനാട്ടി - കൽപ്പറ്റ – കാപ്പംകൊല്ലി - മേപ്പാടി - ചൂരൽമല – അരുണപ്പുഴ – 100 കി.മി.

വയനാട് ജില്ലയിൽ ഈ ഹൈവേ അലൈൻമെന്റിൽ വരുന്ന ചൂരൽമല മുതൽ അരുണപ്പുഴ വരെയുള്ള ഭാഗത്തെ 2 കി.മി. ദൂരം ഫോറസ്റ്റ് ഏരിയ വരുന്നുണ്ട്.

കോഴിക്കോട് (Loop Road):-

(എ) വിലങ്ങാട് - കല്ലാച്ചി - കടിയങ്ങാട് - തലയാട് - കോടഞ്ചേരി - തിരുവമ്പാടി കൂടരഞ്ഞി - കുമ്പാറ - കക്കാടംപൊയിൽ - വെളിയന്തോട് (Loop link) – 117 കി.മി.

(ബി) പുല്ലവായ് (ജില്ലാ ബോർഡർ) - വിലങ്ങാട് - കന്നുകുളം - കായക്കൊടി - തൊട്ടിൽപാലം - മുളംകുന്ന് - ചെമ്പനട - പെരുവണ്ണാമൂഴി - ചക്കിട്ടപ്പാറ - ചെമ്പ്ര - കൂരാച്ചുണ്ട് - കല്ലനോട് - തലയാട് - മലപ്പുറം - തെയ്യപ്പാറ - തേവർമല - കോടഞ്ചേരി - മീമുട്ടി - നെല്ലിപ്പൊയിൽ - പുല്ലൂരാംപാറ - പുന്നക്കൽ - കൂടരഞ്ഞി - കൂമ്പാറ - ആനക്കല്ലുംപാറ - താഴെകക്കാട് - കക്കാടംപൊയിൽ

മലപ്പുറം:-

അരുണപ്പുഴ - തമ്പുരാട്ടിക്കല്ല് - പാലുണ്ട - എടക്കര - കരുളായി - മൂത്തേടം - പൂക്കോട്ടുപാടം - കാളിക്കാറ - കേരളം - കിഴക്കേത്തല (കരുവാരക്കുണ്ട്) - തരിശ്ശു - പുൽവേട്ട - കരിങ്കൽതോണി - പൊൻപാറ - വെളിയഞ്ചോട് - പൂക്കോട്ടുംപാടം (Loop link) - 108 കി.മി.

പാലക്കാട്:-

പൊൻപാറ - എടത്തിനാട്ടുകര - കാപ്പുപറമ്പ് - തിരുവിഴാംകുന്ന് - കോട്ടോപ്പാടം - കുമരംപുത്തൂർ - മണ്ണാർകാട് - പാലക്കാട് - പുതുനഗരം - കൊല്ലങ്കോട് - നെന്മാറ - വടക്കാഞ്ചേരി - പന്തലംപാടം - 138 കി.മി.

തൃശ്ശൂർ:-

പന്തലംപാടം - പട്ടിക്കാട് - വിലങ്ങന്നൂർ - മന്ദാരമംഗലം - പുലിക്കണ്ണി - പാലിപ്പിള്ളി - വെള്ളിക്കുളങ്ങര - വെറ്റിലപ്പാല - 67 കി.മി.

എറണാകുളം:-

വെറ്റിലപ്പാല - അടിവാരം - കടപ്പാറ - ഇല്ലിത്തോട് - ചെട്ടിനട - പയ്യാൽ - ചേലാട് - ഊഞ്ഞാപ്പാറ - നാട്ടുകാണി - നേര്യമംഗലം - ആറാംമൈൽ - എളപ്ലാശ്ശേരി - 117 കി.മി.

ഇടുക്കി:-

എളപ്ലാശ്ശേരി - കുറത്തിക്കുടി - പെരുമ്പൻകുത്ത് - മാങ്കുളം - കല്ലാർ - ഇരുട്ടുകാനം - ആനച്ചാൽ - രാജാക്കാട് - തിങ്കൾകാട് - മയിലാട്ടുംപാറ - നെടുങ്കണ്ടം - പുളിയൻമല - കട്ടപ്പന - ഏലപ്പാറ - കുട്ടിക്കാനം - മുണ്ടക്കയം - 152 കി.മി.

കോട്ടയം:-

മുണ്ടക്കയം - എരുമേലി - പ്ലാച്ചേരി - 23 കി.മി.

പത്തനംതിട്ട:-

പ്ലാച്ചേരി - റാന്നി - കുമ്പഴ - കോന്നി - പത്തനാപുരം - 50 കി.മീ.

കൊല്ലം:-

പ്ലാച്ചേരി - പത്തനാപുരം - അലിമുക്ക് പുനലൂർടൗൺ - ആലഞ്ചേരി - കുളത്തുപ്പുഴ - മടത്തറ - കൊല്ലായിൽ - 63 കി.മി.

തിരുവനന്തപുരം:-

കൊല്ലായിൽ - പാലോട് - പെരിങ്ങമ്മല - വിതുര - ആര്യനാട് - കുറ്റിച്ചൽ - കള്ളിക്കാട് - വാഴിച്ചാൽ - അമ്പൂരി - കുടപ്പനമൂട് - ആനപ്പാറ - വെള്ളറട - കാരക്കോണം - പാറശ്ശാല (കടുക്കറ) - 81 കി.മി.

നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ പ്രാഥമിക സർവ്വേ NATPAC പൂർത്തീകരിച്ചിട്ടുള്ളതാകുന്നു. അതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിൽ പൂവാറിൽ നിന്നും ആരംഭിക്കുകയും, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലൂടെ കടന്ന് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

NATPAC-ന്റെ പ്രാഥമിക സർവ്വേ പ്രകാരം നിർദ്ദിഷ്ട ഹൈവേയ്ക്ക് 591.5 കി.മീ. നീളവും 6612 കോടി രൂപയുടെ ചെലവുമാണ് പ്രതീക്ഷിക്കുന്നത്. നിർദ്ദിഷ്ട ഹൈവേയ്ക്ക് 12 മീറ്റർ റൈറ്റ് ഓഫ് വേയും 7 മീറ്റർ ക്യാരേജ് വേയുമാണ് നിർദ്ദേശിച്ചിരിക്കുന്നത്. സ്ഥല പരിമിതിയുള്ള പ്രദേശങ്ങളിൽ ക്യാരേജ് വേയുടെ വീതി 5.5 മീറ്റർ ആയി നിജപ്പെടുത്തിയിട്ടുമുണ്ട്.

ജില്ല തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു.

| ജില്ല | നീളം | പ്രതീക്ഷിക്കുന്ന പുനരുദ്ധാരണ ചെലവ് (കോടി) |
|---|---|---|
| തിരുവനന്തപുരം | 75.2 | 1048 |
| കൊല്ലം | 45.5 | 465 |
| ആലപ്പുഴ | 78.6 | 1256 |
| എറണാകുളം | 47.2 | 644 |
| തൃശ്ശൂർ | 64.2 | 562 |
| മലപ്പുറം | 63.9 | 634 |
| കോഴിക്കോട് | 63.6 | 463 |
| കണ്ണൂർ | 70.2 | 551 |
| കാസർഗോഡ് | 83.1 | 989 |
| ആകെ | 591.5 | 6612 |

(ബി) കിഫ്ബിയിൽ ടി പദ്ധതികൾ ഉൾപ്പെടുത്തുന്നതാണ്. മലയോര ഹൈവേയ്ക്ക് ഏകദേശ മതിപ്പ് ചെലവായി 3500 കോടി രൂപയും തീരദേശ ഹൈവേയ്ക്ക് 6612 കോടി രൂപയുമാണ് കണക്കാക്കിയിട്ടുള്ളത്.

(സി) മലയോര – തീരദേശ ഹൈവേ നിർമ്മാണത്തിനായി പദ്ധതിപ്രദേശ-ഭൂപ്രകൃതി അനുസരിച്ച് നിലവിലുള്ള പുതിയ നിർമ്മാണ സാങ്കേതിക വിദ്യകളും പാരിസ്ഥിതിക സൗഹൃദ സാങ്കേതിക വിദ്യകളും അവലംബിക്കുന്നതാണ്.

**റോഡ് സുരക്ഷാ കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ**

13 (*253) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:

ശ്രീ. പി. ഉബൈദുള്ള:

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ എന്തൊക്കെ പദ്ധതികളാണ് ഇതോടനുബന്ധിച്ച് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) ഉണ്ട്. അവ ചുവടെ ചേർക്കുന്നു:

1 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി അവയുടെ മുൻഗണനാക്രമം അനുസരിച്ച് പരിഹരിക്കുകയും പരിഹരിച്ചവ എത്രത്തോളം ഫലപ്രദമായി എന്ന് പരിശോധിക്കുകയും ചെയ്യുന്നതിനുവേണ്ടി ആവശ്യമായ തുക കൂടി ഉൾപ്പെടുത്തി ഒരു കലണ്ടർ രൂപീകരിക്കണം.

2 സ്റ്റേറ്റ് റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ രൂപീകരിക്കുക.

3 ട്രോമാ കെയർ സെന്റർ ഉയർന്ന നിലവാരത്തിലേയ്ക്ക് ആക്കുകയും ട്രോമാ

രോഗികളെ സെന്ററിൽ കൊണ്ടു വരുന്നതിനു മുമ്പായി അവരെ തിരിച്ചറിയുന്നതിനായ് പ്രീ-ഹോസ്പിറ്റൽ ട്രോമാ ടെക്നീഷ്യൻ സെന്റർ രൂപീകരിക്കുക.

4 സിനിമ പ്രദർശനത്തിന് മുമ്പായി റോഡ് സേഫ്റ്റിയെക്കുറിച്ച് ഷോർട്ട് ഫിലിം പ്രദർശിപ്പിക്കാൻ തീയേറ്ററുകൾക്ക് നിർദ്ദേശം നൽകുക.

5 പത്ത് കോടി രൂപയിൽ കൂടുതൽ നിർമ്മാണച്ചെലവ് വരുന്ന റോഡ് നിർമ്മാണ പദ്ധതികളുടെ രൂപഘടന, നിർമ്മാണം, പരിപാലനം എന്നീ ഘട്ടങ്ങളിലെല്ലാം തന്നെ റോഡ് സുരക്ഷാ ആഡിറ്റ് പ്രത്യേക സംഘം മുഖാന്തരം നടപ്പാക്കുക. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് റോഡ് സുരക്ഷ അടിസ്ഥാനമാക്കി തയ്യാറാക്കിയ ഒരു കലണ്ടർ പ്രകാരം പരിശീലനം നൽകുക.

6 ദേശീയ/സംസ്ഥാന ഹൈവേകളിൽ ചേരുകയോ ആരംഭിക്കുകയോ ചെയ്യുന്ന റോഡുകളിൽ 'സ്പീഡ് കാമിങ് ' സംവിധാനങ്ങൾ ഏർപ്പെടുത്തുക.

7 വാഹന ഗതാഗതത്തിനോ, വഴിയാത്രക്കാർക്കോ തടസ്സമുണ്ടാകുന്ന തരത്തിൽ റോഡുകളിലുള്ള അനധികൃത കയ്യേറ്റങ്ങൾ മുതലായവ ഇല്ലാതാക്കുക.

(ബി) 21-12-2016-ൽ ചേർന്ന യോഗം റോഡ് സേഫ്റ്റി ആക്ഷൻ പ്ലാൻ അംഗീകരിക്കുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

1 റോഡിൽ സ്ഥിരമായി പാർക്ക ചെയ്യുന്ന വാഹനങ്ങൾ കണ്ടെത്തുകയും കർശന നടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

2 റോഡ് കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നോട്ടീസ് അടിയന്തരമായി നൽകേണ്ടതാണ്. കണ്ടം ചെയ്ത വാഹനങ്ങൾ, കെ.എസ്.ഇ.ബി പോസ്റ്റുകൾ, കേരള വാട്ടർ അതോറിറ്റി പൈപ്പുകൾ തുടങ്ങിയവ ബന്ധപ്പെട്ട വകുപ്പുകൾ റോഡുകളിൽ നിന്നും അടിയന്തരമായി മാറ്റേണ്ടതാണ്.

3 പൊതുമരാമത്ത് വകുപ്പിന്റെ അനുവാദമോ അറിവോ ഇല്ലാതെ പോസ്റ്റുകളും പൈപ്പുകളും റോഡിൽ ശേഖരിക്കുന്നതുമൂലമുണ്ടാകുന്ന അപകടങ്ങൾക്കും ജീവഹാനിക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ അതാത് വകുപ്പുകൾ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്.

4 അപകടമുണ്ടാക്കുന്നതും അനാവശ്യവുമായ മരങ്ങൾ മുറിച്ച് മാറ്റേണ്ടതാണ്. ഫലവൃക്ഷങ്ങൾ വച്ച് പിടിപ്പിക്കുന്നത് നന്നായിരിക്കും.

5 അവ്യക്തവും തെറ്റിദ്ധരിപ്പിക്കുന്നതുമായ സൈൻ ബോർഡുകൾ ഉടൻ തന്നെ മാറ്റുകയും പുതിയവ സ്ഥാപിക്കേണ്ടതുമാണ്.

6 റോഡ് സുരക്ഷാ ആക്ഷൻ പ്ലാൻ, റോഡ് സുരക്ഷാ പോളിസി, പ്രോട്ടോക്കോൾ എന്നിവ നാറ്റ്പാക്ക് മുഖേന കേരള റോഡ് സുരക്ഷാ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്.

7 കേരളത്തിലെ റോഡുകളിൽ 355 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും അവയെ 5 ആയി തരംതിരിച്ച് (അപകട സാധ്യതയുടെ അടിസ്ഥാനത്തിൽ) പട്ടിക തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത 355 ബ്ലാക്ക് സ്പോട്ടുകളുടെ പട്ടിക എല്ലാ റോഡ്സ് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കുകയും, പോലീസ്, മോട്ടോർ വാഹനം എന്നീ വകുപ്പുകളുമായി സംയുക്ത പരിശോധന നടത്തി അവയുടെ നിവാരണ മാർഗ്ഗങ്ങൾ കണ്ടെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അതാത് ജില്ലാ റോഡ് സുരക്ഷാ അതോറിറ്റി മുഖാന്തരം ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അവയുടെ പ്രഥമ പരിഗണനാ വിഭാഗത്തിലുള്ള 42 എണ്ണത്തിന് അടിയന്തര പ്രാധാന്യം നൽകി നിവാരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

8 പത്ത് കോടി രൂപയിലധികം നിർമ്മാണ ചെലവ് ആവശ്യമായ റോഡുകളിൽ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുന്നതിനായി ഉത്തരവായിട്ടുണ്ട്. ആയത് നിർവ്വഹിക്കാനാവശ്യമായ ഉദ്യോഗസ്ഥ സംഘത്തെ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ തുടർ നടപടി സ്വീകരിച്ചുവരുന്നു.

9 'അനധികൃത കയ്യേറ്റങ്ങൾ, സ്പീഡ് കാമിങ്ങ് ' എന്നീ വിഷയങ്ങളിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ബഹു. സുപ്രീം കോടതി കമ്മിറ്റിയെ അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ബ്ളാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും അതിന്റെ ലിസ്റ്റ് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് അയച്ച് കൊടുത്ത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബ്ലാക്ക് സ്പോട്ട് ഓഡിറ്റ് നടത്തി ശാശ്വതമായ പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

എല്ലാ അനധികൃത കയ്യേറ്റക്കാരും ഒഴിയുന്നതിനുവേണ്ടി നോട്ടീസ് നൽകുകയും ഒഴിഞ്ഞുപോകാത്ത കുടിയേറ്റക്കാരെ ഒഴിപ്പിക്കുന്നതിലേയ്ക്കായുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. ഒഴിവാകാത്തവരുടെ പേരിൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് കേസ്സെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഫെബ്രുവരി 15 മുതൽ മാർച്ച് 15 വരെ നീളുന്ന ഒരുമാസക്കാലം സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പുവരുത്തുന്നതിന് വേണ്ടിയുള്ള തീവ്രയജ്ഞ പരിപാടിയായി ആവിഷ്കരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടപ്പാക്കി വരുന്നു.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

14 (*254) ശ്രീ. എൽദോ എബ്രഹാം :

ശ്രീ. ചിറ്റയം ഗോപകുമാർ :

ശ്രീ. ഇ. കെ.വിജയൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും ഓൺലൈനായി അംഗീകാരം ലഭ്യമാക്കുന്നതിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് അറിയിക്കുമോ;

(സി) മറ്റെന്തൊക്കെ സാങ്കേതിക പരിഷ്കാരങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിലവിലെ പൊതുമരാമത്ത് വകുപ്പ് മാനവൽ അനുസരിച്ചുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കി വരുന്നു. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും മറ്റ് ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടപ്പിലാക്കി വരുന്നു. നിലവിലെ പൊതുമരാമത്ത് വകുപ്പ് മാനവൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലാണ് പ്രവൃത്തികളുടെ പേയ്മെന്റുകൾ നടത്തി വരുന്നത്. പൊതുമരാമത്ത് വകുപ്പ് മാനവൽ പരിഷ്കരിച്ചതും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC (National Informatic Centre)- യുമായി സഹകരിച്ച് PRICE (Project Information and Cost Estimation) സോഫ്റ്റ്‌വെയർ രൂപകൽപന ചെയ്ത് നടപ്പിലാക്കിയതും e-tendering സംവിധാനം നടപ്പിലാക്കിയതും പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

എല്ലാ ജില്ലാ/റീജിയണൽ ലാബുകൾക്കും ഒരു മൊബൈൽ ക്വാളിറ്റി കൺട്രോൾ ലാബ് വാങ്ങി പ്രവർത്തനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. ആധുനിക യന്ത്ര സാമഗ്രികളാൽ സജ്ജമാക്കുന്ന മൊബൈൽ ലബോറട്ടറി വാൻ മുന്നറിയിപ്പില്ലാതെ വർക്ക് സൈറ്റുകളിൽ പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അങ്ങനെ ഗുണനിലവാരവും കാര്യക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യും. ഇത് കൂടാതെ 5 കോടി രൂപയ്ക്ക് മുകളിൽ വരുന്ന നിർമ്മാണ പ്രവൃത്തികൾ ആവശ്യാനുസരണം പൊതുമരാമത്ത് വകുപ്പിന് പുറത്തുള്ള വിദഗ്ദ്ധന്മാരുടെ നേതൃത്വത്തിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്. കൂടാതെ സോഷ്യൽ ഓഡിറ്റും ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC (National Informatic Centre)-യുമായി സഹകരിച്ച് PRICE (Project Information and Cost Estimation) സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതു

മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി കാലതാമസം കൂടാതെ അംഗീകാരം നൽകുന്നതിന് സാധിക്കുന്നു. നിലവിൽ PRICE മുഖേന എസ്റ്റിമേറ്റുകൾ വകുപ്പ് മേധാവിയുടെ കാര്യാലയം വരെ സമർപ്പിക്കുന്നതിനും ടെണ്ടർ നടപടികൾക്ക് BOQ തയ്യാറാക്കുന്നതിനും സാധിക്കുന്നതാണ്. ഇതിന്റെ തുടർച്ചയായി എസ്റ്റിമേറ്റുകൾ PRICE മുഖേന തന്നെ സർക്കാരിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിക്കുന്നതിനും സാങ്കേതികാനുമതി നൽകിയാൽ PRICE മുഖേന തന്നെ ടെൻഡറിംഗ് മുതൽ പ്രവൃത്തിയുടെ പൂർത്തീകരണം വരെയുള്ള എല്ലാ നടപടികളും സാധിക്കുന്നതിനായി PRICE Upgradation നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന് പുറമേ കോൺട്രാക്ടർമാരുടെ രജിസ്ട്രേഷൻ, വകുപ്പിലെ asset register എന്നിവ പൂർണ്ണമായും ഓൺലൈൻ സംവിധാനം വഴി നടപ്പിലാക്കുവാനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(സി) ആധുനിക യന്ത്രസാമഗ്രികൾ എല്ലാ ജില്ലാ/റീജിയണൽ ലാബുകൾക്കും ലഭ്യമാക്കാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. അതുവഴി മെച്ചപ്പെട്ട പരിശോധന സംവിധാനങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിനോടൊപ്പം തന്നെ ആധുനിക യന്ത്രസാമഗ്രികളാൽ സജ്ജമായ മൊബൈൽ ലബോറട്ടറിയും പ്രവർത്തനക്ഷമമാകുന്നതോടെ മെച്ചപ്പെട്ട ഗുണനിലവാരം ഉറപ്പാക്കാൻ കഴിയും.

'PRICE'-ന്റെ രണ്ടാം ഘട്ടം താഴെപ്പറയുന്ന ഘടകങ്ങൾ കൂടി ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് ഭരണാനുമതി ആയിട്ടുണ്ട്.

1 കംപ്യൂട്ടറൈസ്ഡ് ബിൽ നിർമ്മാണം (ഇ-ബില്ലിംഗ്), ഇ-മെഷർമെന്റ് ബുക്ക് പുരോഗതി വിലയിരുത്തൽ മുതലായവ

2 ആസ്തികളുടെ ഡിജിറ്റൈസ് ചെയ്യൽ

3 ഓൺലൈനിൽ കോൺട്രാക്ടർ ലൈസൻസ് രജിസ്റ്റർ ചെയ്യുന്നതിനും റെസ്റ്റ് ഹൗസ് ബുക്ക് ചെയ്യുന്നതിനും

പൊതുമരാമത്ത് വകുപ്പ് നിരത്തുകളുടെ പ്രവൃത്തിയിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇത്തരത്തിൽ 100 കി.മീ. റോഡുകൾ ഈ സാമ്പത്തിക വർഷം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. കൂടാതെ, സംസ്ഥാനത്ത് BPCL (Bharath Petroleum Corporation Limited) ഉൽപ്പാദിപ്പിക്കുന്ന N.R.M.B (Natural Rubber Modified Bitumen) ഉപയോഗിച്ചും കയർ ഭൂവസ്ത്രം മുതലായവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## ഭൂരഹിതരുടെ പ്രശ്നം പരിഹരിക്കാൻ പദ്ധതി

15 (*255) ശ്രീ. പി. വി. അൻവർ:

ശ്രീ. കെ. ബാബു:

ശ്രീ. എസ്. രാജേന്ദ്രൻ:

ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 അവസാനത്തോടെ കേരളം ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുമെന്ന് മുൻ സർക്കാർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ ഭൂമി ലഭിച്ചവർ എത്രയെന്ന് അറിയിക്കാമോ;

(ബി) ഭൂരഹിതരുടെ പ്രശ്നം സമയബന്ധിതമായി പരിഹരിക്കുന്നതിന് ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) ഈ സർക്കാർ ടോട്ടൽ ഹൗസിംഗ് മിഷൻ (ലൈഫ്) പ്രഖ്യാപിച്ചിരിക്കുന്നതിനാൽ സീറോ ലാന്റ് ലെസ് പദ്ധതി അതിന്റെ ഭാഗമായി മാറുമോ; ലൈഫ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ 58398 കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിരുന്നു. ഇതിൽ 30650 ഭൂരഹിത കുടുംബങ്ങൾക്ക് നാളിതുവരെ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പദ്ധതി പ്രകാരം നൽകിയ ഭൂമിയെ സംബന്ധിച്ച് നിരവധി ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അവശേഷിക്കുന്നവരെ സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്താനും സർക്കാർ ആലോചിച്ചിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന ലൈഫ് (സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി) വഴി അടുത്ത് അഞ്ച് വർഷം കൊണ്ട് കേരളത്തിലെ മുഴുവൻ ഭൂരഹിത-ഭവനരഹിതർക്കും സുരക്ഷിതത്വമുള്ള ഭവനം, ജീവനോപാധി എന്നിവ ഉറപ്പാക്കാൻ ലക്ഷ്യമിടുന്നു. പദ്ധതിയുടെ വിശദമായ രൂപരേഖ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 9-2-2017-ലെ സ.ഉ. (സാധാ)നമ്പർ391/2017/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## കലോത്സവ വിധിനിർണ്ണയം നിരീക്ഷിക്കുന്നതിന് സംവിധാനം

16 (*256) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. കെ. അബ്ദു റബ്ബ്:

ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലോത്സവ വിധിനിർണ്ണയം നിരീക്ഷിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ ഉദ്ദേശ്യമെന്തായിരുന്നു;

(ബി) കലോത്സവ വേദികളിൽ വിജിലൻസ് എന്തെങ്കിലും നിരീക്ഷണം നടത്തിയിരുന്നോ; കലാമത്സര വിധി നിർണ്ണയത്തിലെ പാകപ്പിഴ കണ്ടെത്താൻ വിജിലൻസിന് എന്തെങ്കിലും സാങ്കേതിക/വിദഗ്ദ്ധ സഹായം ലഭിച്ചിരുന്നോ;

(സി) വിധി നിർണ്ണയത്തിലെ വിജിലൻസ് നിരീക്ഷണം വിധികർത്താക്കളെ ഏതൊക്കെതരത്തിൽ ബാധിച്ചു എന്നും വിധിനിർണ്ണയത്തെ ഏതൊക്കെ വിധത്തിൽ കുറ്റമറ്റതാക്കി എന്നും വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ പല കോണുകളിൽ നിന്നും ഉയർന്ന അഴിമതി ആരോപണത്തെ തുടർന്ന് കലോൽസവം തുടങ്ങുന്നതിന് മുമ്പ് തന്നെ വിധികർത്താക്കളുടെ പാനൽ തിരുവനന്തപുരം വിജിലൻസ് ഡയറക്ടർക്ക് നൽകിയിരുന്നു.

(ബി) 57-ാം സംസ്ഥാന കലോത്സവത്തിൽ വിജിലൻസ് നിരീക്ഷണം നടത്തിയിരുന്നു. കുച്ചിപ്പുടി മത്സരത്തിന്റെ വിധികർത്താക്കൾക്കെതിരെ ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ വിധികർത്താക്കൾക്കെതിരെ കേരള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ എന്തെങ്കിലും സാങ്കേതിക/വിദഗ്ദ്ധ സഹായം ലഭിച്ചിരുന്നോ എന്ന് അറിയാൻ സാധിക്കുകയുള്ളൂ.

(സി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ വിധികർത്താക്കളെ കൂടുതൽ ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും വിധിനിർണ്ണയം നടത്തുന്നതിന് പ്രേരകമായിട്ടുണ്ട്.

## അനധികൃത മണൽ വാരൽ

17 (*257) ശ്രീ. പി. ടി. എ. റഹീം:

ശ്രീ. ജെയിംസ് മാത്യു:

ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നദികളിൽ നിന്നും അനധികൃതമായി മണൽ വാരുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ നദികളിലെ മണൽ ലഭ്യതയെക്കുറിച്ച് സാന്റ് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്നത് എന്താണ്; വിശദാംശം നൽകുമോ;

(സി) പുഴകളിലെ മണൽ ലഭ്യത സംബന്ധിച്ച് നിലവിൽ ഏതൊക്കെ ഏജൻസികൾ പഠനം നടത്തുന്നുണ്ടെന്ന് അറിയിക്കാമോ;

(ഡി) ഡാമുകളിലെ റിസർവോയറുകളിൽ നിന്നും മണൽ വാരുന്നത് നിമിത്തം ജലസംഭരണ ശേഷി വർദ്ധിക്കുന്നതോടൊപ്പം മണൽ ദൗർലഭ്യവും പരിഹരിക്കപ്പെടുമെന്നതിനാൽ അതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഇ) മണലിന്റെ ആവശ്യകത നിറവേറ്റുന്നതിനായി പരിസ്ഥിതിക്ക് ഹാനികരമാകാത്ത വിധത്തിൽ കടൽ മണൽ ഖനനം ചെയ്ത് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) അനധികൃത മണൽ ഖനനവും കടത്തും തടയുന്നതിന് റവന്യൂ വകുപ്പും പോലീസും സംയുക്തമായി ജില്ലാ തലത്തിലും റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക് തലത്തിലും സ്ക്വാഡുകൾ രൂപീകരിച്ച് ശക്തമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമങ്ങളിൽ പ്രതിപാദിക്കുന്ന രീതിയിൽ അനധികൃത മണൽ കടത്തിൽ ഏർപ്പെട്ടിരിക്കുന്ന വാഹനങ്ങൾ കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ 16 നദികളിൽ സാന്റ് ഓഡിറ്റിംഗ് പൂർത്തിയാക്കി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ ഓരോ നദിയിലെയും മണൽ ലഭ്യത, നിയമാനുസൃതമായി ഖനനം ചെയ്യേണ്ട മണലിന്റെ അളവ് എന്നിവ വ്യക്തമാക്കിയിട്ടുണ്ട്. പഠനം പൂർത്തിയാക്കിയ 16 നദികളിൽ 6 നദികളിൽ മാത്രം (ഇത്തിക്കര, പെരിയാർ, പമ്പ, മൂവാറ്റുപുഴ,

ചാലിയാർ, കടലുണ്ടി) നിലവിലെ നിയമങ്ങൾക്ക് വിധേയമായി ഖനനം ചെയ്യാവുന്ന മണൽ ലഭ്യമാണ്. അവശേഷിക്കുന്ന 10 നദികളിൽ (നെയ്യാർ, വാമനപുരം, കബനി, കല്ലട, ചന്ദ്രഗിരി, കുറ്റ്യാടി, കരിവണ്ണൂർ, അഞ്ചരക്കണ്ടി, മീനച്ചിൽ, കരമന) നിയമവിധേയമായി ഖനനം ചെയ്യാവുന്ന മണൽ ലഭ്യത ഇല്ല എന്ന് സാന്റ് ഓഡിറ്റിംഗ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഈ 10 പുഴകളിലും 3 വർഷത്തേയ്ക്ക് മണൽ വാരൽ നിരോധനം ഏർപ്പെടുത്തികൊണ്ടുള്ള ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പുഴകളിലെ മണൽ ലഭ്യത സംബന്ധിച്ച് നിലവിൽ 3 ഏജൻസികൾ പഠനം നടത്തുന്നുണ്ട്. ഇവ

1. സെന്റർ ഫോർ എൻവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ്, തിരുവനന്തപുരം - വളപട്ടണം പുഴ
2. മുസലിയാർ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പത്തനംതിട്ട – അച്ചൻകോവിലാർ
3. മൈത്രി - പാലക്കാട് - ഭാരതപ്പുഴ

(ഡി) ഡാമുകളിലെ റിസർവോയറുകളിൽ നിന്നും മണൽ വാരുന്നതിനുള്ള പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് വരികയാണ്. സർക്കാർ ഉത്തരവ് നമ്പർ 898/2016/WRD തീയതി 18-11-2016 പ്രകാരം റിസർവോയറുകളിൽ മണൽ വാരുന്നതിനുള്ള കരട് SOP (സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യൂവർ) തയ്യാറാക്കുന്നതിനായി വിവിധ വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു സാങ്കേതിക സമിതി സർക്കാർ രൂപീകരിക്കുകയും ഈ സാങ്കേതിക സമിതി കരട് SOP തയ്യാറാക്കുകയും ചെയ്തു. അതിനെത്തുടർന്ന് 3-1-2017-ൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി അണക്കെട്ടുകളിലെ മണൽ വാരുന്നതിനുള്ള SOP സംബന്ധിച്ച് യോഗം കൂടുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1. SOP-യിൽ പറഞ്ഞിരിക്കുന്ന സാങ്കേതിക വിദ്യ ഉപയോഗിച്ച് മണൽ വാരൽ നടത്തുന്നതിനുള്ള പൈലറ്റ് പദ്ധതികളായി ചുള്ളിയാർ, മംഗലം എന്നീ അണക്കെട്ടുകളെ തെരഞ്ഞെടുത്തു.
2. കരട് SOP പൊതുജനാഭിപ്രായം ശേഖരിക്കുന്നതിനുവേണ്ടി വിവിധ സർക്കാർ വെബ്സൈറ്റുകളിൽ ഇടേണ്ടതാണ്.
3. കരട് SOP ദേശീയ തലത്തിലുള്ള വിദഗ്ദ്ധരുടെ/സ്ഥാപനങ്ങളുടെ അഭിപ്രായം ശേഖരിക്കുന്നതിനുവേണ്ടി അയച്ചു കൊടുക്കേണ്ടതാണ്.

ഇതിനെത്തുടർന്ന് കരട് SOP വിവിധ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും തെരഞ്ഞെടുക്കപ്പെട്ട വിദഗ്ദ്ധർക്ക്/സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കുകയും ചെയ്തു. SOP ജലവിഭവ വകുപ്പ് അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഇ) കടൽ മണൽ ഖനനം ചെയ്ത് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനുള്ള പദ്ധതി നിലവിൽ നടപ്പിലാക്കാൻ തീരുമാനമെടുത്തിട്ടില്ല.

**വില്ലേജ് റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി**

18 (*258) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത വില്ലേജ് റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) അറ്റകുറ്റപ്പണികൾ നടത്താതെ കിടക്കുന്ന വില്ലേജ് റോഡുകൾ പുനരുദ്ധാരണം ചെയ്യാൻ ഉപകരിക്കുന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; നടപടികൾ ത്വരിതപ്പെടുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ&ബി) 2016-17 സാമ്പത്തിക വർഷത്തിൽ വില്ലേജ് റോഡുകളുടെ ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

**സി.ആർ.ഇസഡ്. പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ**

19 (*259) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. ഹൈബി ഈഡൻ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.ഇസഡ് പരിധിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ അവരുടെ ഭൂമിയിലുള്ള അവകാശം നിലനിർത്തിക്കൊണ്ട് സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം എന്ത് തുകയാണ് ഓരോ കുടുംബത്തിനും നൽകുന്നത്;

(സി) ഈ പദ്ധതി അനുസരിച്ച് ഇതുവരെ എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റിപ്പാർപ്പിച്ചു;

(ഡി) ഈ പദ്ധതിക്കെതിരെ മത്സ്യത്തൊഴിലാളികളിൽ നിന്നും എതിർപ്പുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഇല്ല. എന്നാൽ കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 25 കോടി രൂപ അടങ്കൽ തുക വരുന്ന പ്രത്യേക പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) ബാധകമല്ല.

## പാഠപുസ്തകങ്ങൾ ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്നതിന് നടപടി

20 (*260) ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. സി. ദിവാകരൻ:

ശ്രീമതി ഗീതാ ഗോപി:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാലയങ്ങളിലേയ്ക്കുള്ള പാഠപുസ്തകങ്ങളെ ഇ-ബുക്കുകൾ ആക്കി ഇന്റർനെറ്റിലൂടെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ ഏത് ഏജൻസിയെയാണ് പ്രസ്തുത ചുമതല ഏല്പിക്കുന്നത്;

(ബി) കേന്ദ്ര സർക്കാരിന്റെ 'ഇ-ബസ്റ്റാ' വിദ്യാഭ്യാസ പോർട്ടൽ മാതൃകയിൽ ഒരു വിദ്യാഭ്യാസ പോർട്ടൽ തുടങ്ങുന്നതിന് തയ്യാറാകുമോ;

(സി) പാഠപുസ്തകങ്ങളുടെ പിഡിഎഫ് ഫയലുകൾ, ഇന്റർനെറ്റ് മുഖേന ലഭ്യമാക്കുന്നതുവഴി പാഠപുസ്തക വിതരണത്തിലെ കാലതാമസം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ മറികടക്കാനാകുമെന്ന് കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി.രവീന്ദ്രനാഥ്):

(എ) ഒന്നുമുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഇ-ബുക്കുകൾ ആക്കി ഇന്റർനെറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടിയുടെ http://scert.kerala.gov.in/ എന്ന വെബ്സൈറ്റിലും ഐറ്റി@സ്കൂളിന്റെ http://it@school.gov.in/ എന്ന വെബ്സൈറ്റിലും ഇത് ലഭ്യമാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ 'ഇ-ബസ്റ്റാ' വിദ്യാഭ്യാസ പോർട്ടൽ മാതൃകയിൽ ഒരു വിദ്യാഭ്യാസ പോർട്ടൽ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ ഡിജിറ്റൽ കണ്ടന്റ്, ഇ-റിസോഴ്സ് മറ്റ് പഠന സഹായ സംവിധാനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ഒരു പോർട്ടൽ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള വെബ്സൈറ്റ് 'മൊബൈൽ ഫ്രണ്ട്‌ലി' ആക്കുന്നതിനുള്ള ക്രമീകരണങ്ങളും ചെയ്യുന്നതാണ്. പ്രസ്തുത പോർട്ടലിന്റെ സേവനം 2017-18 അദ്ധ്യയന വർഷം മുതൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ ഉപയോഗിക്കത്തക്ക രീതിയിൽ ലഭ്യമാക്കുന്നതാണ്.

(സി) പ്രസ്തുത കാലതാമസം ഒരു പരിധിവരെ മറികടക്കാനാകുമെങ്കിലും പാഠപുസ്തകങ്ങളുടെ പി.ഡി.എഫ്. ഫയലുകൾ ഇന്റർനെറ്റ് മുഖേന ലഭ്യമാക്കുന്നത് ഒരു തരത്തിലും പാഠപുസ്തകങ്ങൾക്ക് പകരമാവില്ല എന്നതിനാൽ കൃത്യസമയത്ത് പാഠപുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഇതിനകം ചെയ്തിട്ടുണ്ട്.

**വരൾച്ചയെ പ്രതിരോധിക്കാൻ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ**

21 (*261) ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാധിച്ചിരിക്കുന്ന കൊടുംവരൾച്ചയെ പ്രതിരോധിക്കാൻ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും ജില്ല വിശദമായ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കാതിരുന്നിട്ടുണ്ടോ;

(സി) സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ പ്രകാരം വരൾച്ചയെ പ്രതിരോധിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ;

(ഡി) ഈ വിഷയത്തിൽ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്റെയും അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച കേന്ദ്രസഹായങ്ങളുടെയും വിശദാംശം ലഭ്യമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതി രേഖയിൽ വരൾച്ചാ പ്രതികരണത്തിനും പ്രതിരോധത്തിനും ആവശ്യമായ പദ്ധതികളും, അനുബന്ധ രേഖകളും, നോഡൽ വകുപ്പുകളും, അവർ ചെയ്യേണ്ട ചുമതലകളും നിർണ്ണയിച്ചിട്ടുണ്ട്. വരൾച്ചയ്ക്കായി പ്രത്യേക ദുരന്ത ലഘൂകരണ പദ്ധതി രേഖ തയ്യാറാക്കുവാൻ ദുരന്ത നിവാരണ നിയമം അനുശാസിക്കുന്നില്ല. സംസ്ഥാനത്തെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച ശേഷം വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 26 ഇന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇല്ല. 30-7-2016-ലെ സ.ഉ.(സാധാ)നമ്പർ3104/2016/ഡി.എം.ഡി. പ്രകാരം എല്ലാ ജില്ലകളുടെയും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ അംഗീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ പ്രകാരം വരൾച്ച, പ്രതിരോധത്തിന്റെ നോഡൽ വകുപ്പ് ജലവിഭവ വകുപ്പാണ്. ജലവിഭവ വകുപ്പിലെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ കേരള ജല അതോറിറ്റി, ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ഓഫീസ്, ഭൂജലവകുപ്പ് എന്നിവയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചാണ് നടപ്പാക്കി വരുന്നത്. ജലസേചന വകുപ്പ് "ഹരിത കേരളം" പദ്ധതിയിലൂടെ പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ഉതകുന്ന ഒരു പുതിയ ജല ഉപയോഗ സംസ്കാരത്തിന് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആദ്യഘട്ടമായി 320 കോടി രൂപ ചെലവിൽ ഏകദേശം 9453 കുളങ്ങൾ നവീകരിക്കാനാണ് ജലവിഭവ വകുപ്പ് ഉദ്ദേശിക്കുന്നത്. കേരള ജല അതോറിറ്റി വരൾച്ച സംബന്ധിച്ച സ്ഥിതിഗതികൾ നിരന്തരം വിലയിരുത്തി വേണ്ട പരിഹാര നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇതിനായി മേഖലാടിസ്ഥാനത്തിൽ അവലോകന യോഗങ്ങൾ നടത്തി ത്വരിതഗതിയിൽ തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ട്. കൂടാതെ സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിനായി തടയണ കെട്ടുക, ജലം പമ്പ് ചെയ്യാൻ ഉപയോഗിക്കുന്ന

കിണറുകൾ വൃത്തിയാക്കുക, ഗ്യാലറികളിൽ തടസ്സങ്ങൾ നീക്കി നീരൊഴുക്ക് സുഗമമാക്കുക എന്നിവ പ്രാദേശിക സാഹചര്യം പരിഗണിച്ച് ചെയ്യുവാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

വരൾച്ച നേരിടുന്നതിനുവേണ്ടി കുടിവെള്ള ലഭ്യത പൂർണ്ണമായോ ഭാഗികമായോ ഇല്ലാത്ത പ്രദേശങ്ങളിൽ ഭൂജലപര്യവേഷണം നടത്തി കുഴൽകിണറുകൾ നിർമ്മിച്ച് ജലലഭ്യതയുള്ള കിണറുകളിൽ ചെറുകിട കുടിവെള്ള പദ്ധതികളും ജലലഭ്യത കുറഞ്ഞ കിണറുകളിൽ കൈപ്പമ്പ് പദ്ധതികളും രാജീവ് ഗാന്ധി പദ്ധതിയിൻകീഴിൽ ഭൂജലവകുപ്പ് നടപ്പിലാക്കി വരുന്നു. തുറന്ന കിണറുകൾ റീ-ചാർജ്ജ് ചെയ്യുക വഴി ഭൂജലനിരപ്പ് ഉയരുകയും അതുവഴി കടുത്ത വരൾച്ചയെ പ്രതിരോധിക്കുവാൻ ഒരു പരിധി വരെ കഴിയുന്നതാണ്. ജലവിഭവ വകുപ്പിന്റെ കീഴിലുള്ള ജലനിധിയുടെ ഭാഗമായി പ്രവർത്തിക്കുന്ന മഴകേന്ദ്രം മുഖേന മഴവെള്ള സംഭരണികൾ നിർമ്മിച്ചു നൽകുന്നുണ്ട്. സ്റ്റേറ്റ് പ്ലാൻ സ്കീമിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്നിവ വഴി വ്യക്തിഗത കുടുംബങ്ങൾക്ക് 1000 ലിറ്റർ മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സാധിക്കുംവിധം ഇവ നിർമ്മിച്ച് നൽകുന്നു.

31-10-2016-ലെ 42830/കെ.3/2016/ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരം 26 ഇന വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി നടപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ അവലോകനം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നു. കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-5-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചു. വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നത് ചെറുക്കുന്നതിനായി നടപടികൾ സ്വീകരിക്കുവാൻ വനം വകുപ്പിന് നിർദ്ദേശം നൽകുകയും ഇത് സംബന്ധിച്ച അവലോകന യോഗം ചേരുകയും ചെയ്തു. വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് ഭൂഗർഭ ജലം വിനിയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31-5-2017 വരെ നിയന്ത്രിക്കുന്നതിന് ഭൂജല വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ശുദ്ധജല വിതരണം നടത്തുന്നതിനുള്ള വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം

നടത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ജലവിതരണം നടത്തേണ്ട പ്രദേശങ്ങൾ തീരുമാനിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുമായി ചേർന്ന് നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സ്ഥിരം ശുദ്ധജല സ്രോതസ്സുകൾ മലിനീകരിക്കുന്നത് തടയുന്നതിന് പോലീസ്, റവന്യൂ, ജല അതോറിറ്റി എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ പരിശോധനാ ടീമിനെ നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ നാശനഷ്ടം വിലയിരുത്തി ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആശ്വാസം നൽകുവാൻ കൃഷി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രാപ്തിയ്ക്ക് അതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും അധിക ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള വരൾച്ച മൂലമുള്ള നാശനഷ്ടത്തിന്റെ വിവരം സമാഹരിച്ച് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വരൾച്ചാ പ്രതിരോധത്തിന് 'മഴപ്പൊലിമ' എന്ന ഭൂജല പരിപോഷണ പദ്ധതി തൃശ്ശൂർ ജില്ലയിൽ നടത്തിവരുന്നു. കേരളത്തിൽ ജലസ്രോതസുകളെ പരിപാലിക്കുന്നതിനായി 'ജലവർഷിണി' എന്ന പേരിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

(ഡി) സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-2-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യപ്പെടുന്നത്. കേന്ദ്ര സർക്കാരിന് നൽകുവാനുള്ള മെമ്മോറാണ്ടം 22-2-2017-ന് ചേർന്ന മന്ത്രിസഭായോഗം അംഗീകരിച്ചു. മെമ്മോറാണ്ടം സമർപ്പിക്കുവാൻ കേന്ദ്ര കൃഷി മന്ത്രിയെയും കേന്ദ്ര ആഭ്യന്തര മന്ത്രിയെയും സന്ദർശിക്കുവാനുള്ള അനുയോജ്യമായ സമയം ലഭ്യമാക്കുന്നതിന് അഭ്യർത്ഥിച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ സാങ്കേതിക നൈപുണ്യ വർദ്ധന

22 (*262) ശ്രീ. ആർ. രാമചന്ദ്രൻ:

ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളുടെ സാങ്കേതിക നൈപുണ്യ വർദ്ധനയ്ക്കായി എഞ്ചിനീയറിംഗ് കോളേജുകളെ ഐ.ടി. പാർക്കുകളുമായി ബന്ധിപ്പിക്കുന്ന 'സ്കിൽസ് ഡെലിവറി പ്ലാറ്റ്ഫോം കേരള' എന്ന പദ്ധതി നടപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഏത് ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്;

(സി) പദ്ധതി നടപ്പാക്കുന്നതിന് എന്തൊക്കെ സാങ്കേതിക, ഭൗതിക സഹായങ്ങളാണ് സർക്കാർ ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി.രവീന്ദ്രനാഥ്):

(എ) ഉണ്ട്. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്കിൽസ് ഡെലിവറി പ്ലാറ്റ്ഫോം കേരള. വിവരസാങ്കേതിക വിദ്യയുടെ നൂതനവും ഉന്നത നിലവാരമുള്ളതുമായ സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളുടെ കഴിവുകൾ വളർത്തുന്നതിന് ഉപകരിക്കുന്ന പദ്ധതിയാണിത്. കേരളത്തിലെ 150 എഞ്ചിനീയറിഗ് കോളേജുകളെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ബന്ധിപ്പിക്കാവുന്ന (Tele presence Network) ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജീകരിച്ച് കമ്പനികളിലെ പ്രമുഖ വ്യക്തികൾക്കും വ്യവസായ മേഖലയിൽ ഉയർന്ന സ്ഥാനം വഹിക്കുന്നവർക്കും വിദ്യാർത്ഥികളുമായി സംവദിക്കാൻ ഉതകുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

ഓരോ വർഷവും 50000 വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യ വികസനത്തിനുള്ള പരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. സ്കിൽ ഡെലിവറി പ്ലാറ്റ്ഫോമിലൂടെ വിദ്യാർത്ഥികൾക്ക് നൽകുന്ന പരിശീലന കോഴ്സുകൾ വ്യവസായ മേഖലയിലെ പ്രമുഖ കമ്പനികളുമായി ചേർന്ന് അവരുടെ സഹായത്തോടെയാണ് വികസിപ്പിക്കുന്നത്. അതുവഴി തൊഴിൽദാതാക്കൾ എന്തൊക്കെ മികവുകളാണ് പ്രതീക്ഷിക്കുന്നതെന്ന് വിദ്യാർത്ഥികൾക്ക് വ്യക്തമാവുകയും പ്രസ്തുത കഴിവുകൾ സ്വായത്തമാക്കാൻ ഉപകരിക്കുകയും ചെയ്യുന്നു.

തൊഴിൽദാതാക്കൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ പരിശീലനം ലഭിച്ച വിദ്യാർത്ഥികളുടെ വിവരങ്ങൾ അടങ്ങുന്ന ഒരു ഡാറ്റ ബേസ് പ്രസ്തുത പ്ലാറ്റ്ഫോമിൽ രൂപീകരിക്കുന്നത് വഴി തൊഴിൽദാതാക്കൾക്ക് കഴിവുള്ള ഉദ്യോഗാർത്ഥികളിലേയ്ക്ക് നേരിട്ട് എത്തിച്ചേരാനും സാധിക്കുന്നു.

(ബി) കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി.ഐ.എൽ.) എന്ന ഏജൻസി മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്.

(സി) ടി പദ്ധതി നടപ്പാക്കുന്നതിന്റെ സാങ്കേതിക, ഭൗതിക സഹായങ്ങളുടെ രൂപരേഖ തയ്യാറാക്കി വരുന്നു.

**മത്സ്യത്തൊഴിലാളികൾക്ക് വീട്**

23 (*263) ശ്രീ. വി. ജോയി:

ശ്രീ. കെ. ദാസൻ:

ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിതമായ വീട് ഉറപ്പാക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുടുംബങ്ങൾക്ക് സഹായം ലഭിക്കുമെന്നാണ് കരുതുന്നത്;

(സി) ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി എത്ര കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്;

(ഡി) ഇവർക്കായി പാർപ്പിട സമുച്ചയം പണിത് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം 2016-17 വർഷം ആകെ 3397 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭിക്കും.

(സി) 2016-17 വർഷം ഇതിനായി 48 കോടി രൂപ നീക്കി വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. ഭൂരഹിതരും ഭവനരഹിതരുമായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം കണ്ടെത്തി ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്ന 'ഭൂരഹിത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന പദ്ധതി'ക്ക്, 2014-15 സാമ്പത്തിക വർഷം 48 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ആദ്യ ഘട്ടമായി തിരുവനന്തപുരത്ത് വലിയതുറയിൽ 32 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ഫ്ലാറ്റ് നിർമ്മാണം ആരംഭിക്കുകയും ഇതിൽ 8 എണ്ണത്തിന്റെ പണി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

## പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ മാറ്റം

24 (*264) ശ്രീമതി വീണാ ജോർജ്ജ്:

ശ്രീ. എ. പ്രദീപ്കുമാർ:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ:

പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഏത് തരത്തിലുള്ള മാറ്റം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഭൗതിക സാഹചര്യത്തോടൊപ്പം അക്കാദമിക തലത്തിൽ എന്ത് മാറ്റമാണ് ലക്ഷ്യമിടുന്നത്; നവീകരണ നടപടികളിൽ അദ്ധ്യാപകരുടെ പങ്കാളിത്തവും സഹകരണവും ഉറപ്പാക്കാൻ ശ്രദ്ധ പതിപ്പിക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്തേതിൽ നിന്നും വ്യത്യസ്തമായി പാഠപുസ്തകങ്ങൾ യഥാസമയം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി.രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ ഭൗതികമായും അക്കാദമികമായും കാതലായ മാറ്റങ്ങൾ വരുത്തി പൊതുവിദ്യാഭ്യാസ സമ്പ്രദായം ശക്തിപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിരിക്കുന്ന 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതി മുഖേന നിരവധി പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള ക്ലാസ്സ് മുറികൾ ഹൈടെക് ആക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്കൂളുകൾക്കാവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും

ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പദ്ധതിയുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ കുട്ടികളുടെ നൈസർഗ്ഗികമായ അക്കാദമികേതര/പാഠ്യേതര കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇപ്രകാരം മികച്ച പഠന സൗകര്യം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ സമ്പ്രദായത്തിൽ കാതലായ മാറ്റം വരുത്താൻ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതി മുഖേന ലക്ഷ്യമിടുന്നു.

(ബി) പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്ന ഭൗതികവും അക്കാദമികവുമായ മാറ്റങ്ങളിൽ പ്രധാന പങ്ക് അദ്ധ്യാപകർ വഹിക്കുന്നുണ്ട്. ശിശുകേന്ദ്രീകൃതമായ അദ്ധ്യയനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി കാലാനുസൃതമായ അദ്ധ്യാപക പരിശീലന പരിപാടികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികവിദ്യാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. അദ്ധ്യാപകരുടെ ശാക്തീകരണത്തിനായി മുഴുവൻ അദ്ധ്യാപകർക്കും കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മതിയായ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൂടാതെ on site supporting സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു.

(സി) പാഠപുസ്തകങ്ങൾ യഥാസമയം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായി വരുന്ന അക്കാദമിക വർഷം സ്കൂൾ തുറക്കുന്ന സമയത്തുതന്നെ എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ ലഭ്യമാക്കത്തക്ക രീതിയിൽ പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയാക്കി വരുന്നു.

**എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ യൂണിഫോം**

25 (*265) ശ്രീ. പി. ടി. തോമസ്:

ശ്രീ. എൽദോസ് കുന്നപ്പിള്ളി:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുമെന്ന് പ്രഖ്യാപിച്ചിരുന്നോ;

(ബി) മേൽപ്പറഞ്ഞ തീരുമാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാറ്റം വരുത്തുന്നതിനുണ്ടായ സാഹചര്യമെന്താണ്;

(സി) സൗജന്യ യൂണിഫോം നൽകുന്നതിന് ആവശ്യമായ തുണി ഉത്പാദിപ്പിച്ച് നൽകുന്നതിന് സാധിക്കുകയില്ലെന്ന് വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെങ്കിലും സ്ഥാപനം രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(ഡി) സൗജന്യ യൂണിഫോം വിതരണം സംബന്ധിച്ച് പ്രഖ്യാപനം നടത്തിയ വേളയിൽ ഇതിനാവശ്യമായിവരുന്ന തുണിയുടെ അളവ് സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിരുന്നോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി.രവീന്ദ്രനാഥ്):

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) ഉണ്ട്. ഒന്നുമുതൽ എട്ടുവരെയുള്ള മുഴുവൻ സർക്കാർ/എയ്ഡഡ് സ്കൂൾ കുട്ടികൾക്ക് കൈത്തറി തുണികൊണ്ടുള്ള യൂണിഫോം വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിരുന്നത്. എന്നാൽ പദ്ധതിയുടെ തുടക്കമെന്ന നിലയിൽ സംസ്ഥാനത്തെ കൈത്തറി സംഘങ്ങൾക്ക് ഇതിനാവശ്യമായ മുഴുവൻ തുണിയും നെയ്ത് തീർക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ പ്രൈമറി വിദ്യാലയങ്ങളിൽ മാത്രമായി ഈ പദ്ധതി 2017-18 അദ്ധ്യയന വർഷത്തിൽ പരിമിതപ്പെടുത്തുന്നതിനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്.

(സി) അറിയിച്ചിട്ടില്ല.

(ഡി) 2017-18 അദ്ധ്യയന വർഷം മുതൽ കേരളത്തിലെ സർക്കാർ എയ്ഡഡ് മേഖലയിലെ 1 മുതൽ 7 വരെ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജന്യമായി സ്കൂൾ യൂണിഫോം നൽകുമെന്ന് നടപ്പുവർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനാവശ്യമായ തുണിയുടെ അളവ് സംബന്ധിച്ച കണക്കെടുപ്പ് കൈത്തറി വസ്ത്ര ഡയറക്ടറേറ്റിൽ നടത്തിയിരുന്നു.

## തണ്ണീർത്തടങ്ങളിലെ കയ്യേറ്റം

26 (T*266) ശ്രീ. സി. മമ്മൂട്ടി:

ശ്രീ. പി.കെ.അബ്ദു റബ്ബ്:

ഡോ. എം. കെ. മുനീർ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കായലുകൾ, തടാകങ്ങൾ എന്നിവ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളിലുള്ള കയ്യേറ്റം മൂലമുള്ള വിസ്തീർണ്ണ വ്യതിയാനം, വിവിധ ജില്ലകളിൽ നടത്തിയ റീസർവ്വേ നടപടികളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കേരളപ്പിറവിക്കുശേഷം കായലുകളുടെയും കുളങ്ങളുടെയും വിസ്തൃതിയിൽ, പകുതിയിലധികം കുറവു വന്നിട്ടുള്ളതായ ആക്ഷേപം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം ഗൗരവപൂർവ്വം പരിശോധിക്കുമോ;

(സി) രേഖകൾ പരിശോധിച്ചും ജില്ലാ ഭരണകൂടത്തിന്റെ സഹായത്താലും അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് അവ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ):

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോട്ടയം, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ വിസ്തീർണ്ണ വ്യതിയാനം റീസർവ്വേ നടപടികളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതാണ്. റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകളിൽ കായലുകൾ, തടാകങ്ങൾ എന്നിവയിലെ വിസ്തീർണ്ണ വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പത്തനംതിട്ട, ഇടുക്കി, വയനാട്, പാലക്കാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ വിസ്തീർണ്ണ വ്യതിയാനം റീസർവ്വേ നടപടികളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഗൗരവപൂർവ്വം പരിശോധിക്കുന്നതാണ്. കായലുകളും, കുളങ്ങളും ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളിലെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ ആയത് നിക്ഷിപ്തമായിരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ഭൂസംരക്ഷണ നിയമ പ്രകാരവും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരവും ശക്തമായ നടപടി സ്വീകരിച്ച് കയ്യേറ്റം ഒഴിവാക്കി പൂർവ്വസ്ഥിതിയിൽ സംരക്ഷിക്കുന്നതിന് ഉത്തരവ് നൽകുകയും ആയതിന് വിസമ്മതിക്കുന്നവരുടെ പേരിൽ ക്രിമിനൽ നടപടികൾ സ്വീകരിക്കുന്നതിന് സി.ജെ.എം കോടതിയിൽ കേസ്സുകളും രജിസ്റ്റർ ചെയ്തു വരുന്നു.

(സി) 23-5-2016-ലെ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ (റവന്യൂ) 25/ACS/Rec/16-ാം നമ്പർ നോട്ടിലെ നിർദ്ദേശ പ്രകാരം കൊല്ലം ജില്ലയിൽ കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് രേഖകൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിന് Land Resumption Squad-നെ രൂപീകരിച്ചു പ്രവർത്തിച്ചും, കയ്യേറ്റം അളന്നു നിർണ്ണയിക്കുന്നതിന് സ്പെഷ്യൽ സർവ്വേ ടീമിനെ നിയോഗിച്ചും നടപടി സ്വീകരിച്ചു വരുന്നു.

എറണാകുളം ജില്ലയിൽ കായലുകളിലേയും തണ്ണീർത്തടങ്ങളിലേയും കയ്യേറ്റം നിലവിലെ സർവ്വേ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ആയത് ഒഴിവാക്കി പൂർവ്വസ്ഥിതിയിൽ സംരക്ഷിക്കുന്നതിന് എറണാകുളം സർവ്വേ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

മറ്റ് ജില്ലകളിലും ജില്ലാ ഭരണകൂടത്തിന്റെ നിർദ്ദേശാനുസരണം ജില്ല, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് 1957-ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് കയ്യേറ്റം ഒഴിപ്പിച്ച് അവ സംരക്ഷിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

**'രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ'**

27 (*267) ശ്രീ. എം. രാജഗോപാലൻ:

ശ്രീ. എം. സ്വരാജ്:

ശ്രീ. എം. നൗഷാദ്:

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) നിലവിൽ വന്ന ശേഷം ആയതിന്റെ മാർഗ്ഗരേഖ പ്രകാരം സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിൽ ആവശ്യമായ ഭേദഗതികൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരെയാണ് ഇതിനായി ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് കൗൺസിൽ ആക്ടിന് വിരുദ്ധമായി സമിതികൾ പുനഃസംഘടിപ്പിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി.രവീന്ദ്രനാഥ്):

(എ&ബി) ഉണ്ട്. രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) മാനദണ്ഡങ്ങൾ കൂടി പരിഗണിച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ട് 2007-ൽ കാലോചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കുവാൻ പ്രൊഫ. (ഡോ) രാജൻ ഗുരുക്കളെ ഏകാംഗ കമ്മീഷനായി നിയോഗിക്കുകയും ടി കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. 2007-ൽ കേരള നിയമസഭ പാസ്സാക്കിയ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിലിന് അഡ്വൈസറി കൗൺസിൽ, ഗവേണിംഗ് കൗൺസിൽ, എക്സിക്യൂട്ടീവ് കൗൺസിൽ എന്നിങ്ങനെ ത്രിതല ഭരണ സംവിധാനമാണുണ്ടായിരിക്കേണ്ടത്. ആക്ടിന്റെ 14 (ഡി) വകുപ്പ് പ്രകാരം ഗവേണിംഗ് കൗൺസിലിൽ അംഗങ്ങളായി നിയമിക്കപ്പെടുന്ന അഞ്ച് വിദ്യാഭ്യാസ വിചക്ഷണരാണ് എക്സിക്യൂട്ടീവ് കൗൺസിൽ അംഗങ്ങളായി നിയമിതരാകേണ്ടത്. എന്നാൽ, മുൻ സർക്കാരിന്റെ കാലത്ത് ഗവേണിംഗ് കൗൺസിൽ രൂപീകരിക്കാതെയാണ് 2011 ഒക്ടോബറിൽ എക്സിക്യൂട്ടീവ് കൗൺസിൽ രൂപീകരിച്ചുകൊണ്ട് കൗൺസിൽ പുനഃസംഘടിപ്പിച്ചത്. ഗവേണിംഗ് കൗൺസിൽ രൂപീകരിക്കുന്നത് 2014 നവംബറിലാണ്. മാത്രവുമല്ല, കഴിഞ്ഞ കൗൺസിലിന് ഒരു അഡ്വൈസറി കൗൺസിൽ രൂപീകരിച്ചിരുന്നുമില്ല. ഇതെല്ലാം തന്നെ 2007-ൽ നിയമസഭ പാസ്സാക്കിയ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആക്ടിന് വിരുദ്ധമായിരുന്നു.

**റെയിൽവേ വികസനത്തിനായുള്ള നടപടി**

28 (*268) <u>ശ്രീ. കാരാട്ട് റസാഖ്:</u>

<u>ശ്രീ. എസ്. ശർമ്മ:</u>

<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കേന്ദ്ര റെയിൽവേയുമായി സഹകരിച്ച് ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിക്കുന്നതിന് എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതു പ്രകാരം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി.സുധാകരൻ):

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി സംസ്ഥാനത്തിന് താത്പര്യമുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലേയ്ക്കായി കേരള സർക്കാർ റെയിൽവേ മന്ത്രാലയവുമായി ചേർന്നുകൊണ്ട് സംയുക്ത സംരംഭക കമ്പനി (കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്) ജനുവരി മാസം മൂന്നാം തീയതി രജിസ്റ്റർ ചെയ്ത് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചു തുടങ്ങി. കൂടാതെ അതിവേഗ റെയിൽ പാത നടപ്പിലാക്കുന്നതിലേയ്ക്കായി കേരള ഹൈസ്പീഡ് റെയിൽ കോർപ്പറേഷനും രൂപീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. അൻപത്തൊന്ന് ശതമാനം കേരള സർക്കാരും, നാല്പത്തൊൻപത് ശതമാനം റെയിൽവേ മന്ത്രാലയവും എന്ന തോതിൽ നൂറ് കോടി രൂപ മൂലധനത്തിലാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് പ്രവർത്തനമാരംഭിക്കുന്നത്.

(സി) ഉണ്ട്.

(ഡി) രണ്ട് ഘട്ടങ്ങളിലായി ഏഴ് പദ്ധതികളുടെ ഒരു മുൻഗണനാപട്ടിക തയ്യാറാക്കിയിട്ടുണ്ട്.

ഒന്നാം ഘട്ടം

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)
2. തലശ്ശേരി-മൈസൂർ പാത
3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി
4. കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽ ലൈൻ സ്ഥാപിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്കുനീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ.

രണ്ടാം ഘട്ടം

1. എരുമേലി-പുനലൂർ - നിർദ്ദിഷ്ട അങ്കമാലി-എരുമേലി പാതയെ എരുമേലിയിൽ നിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.
2. ഏറ്റുമാനൂർ - ശബരി ലിംഗ് ലൈൻ - നിർദ്ദിഷ്ട അങ്കമാലി - ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.
3. നിലമ്പൂർ - നഞ്ചൻകോട് - നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണ്ണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

(ഇ)

1. അങ്കമാലി - ശബരി റെയിൽപാതയുടെ അങ്കമാലി മുതൽ കാലടി വരെയുള്ള പാതയുടെ റെയിലിടൽ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കാലടി സ്റ്റേഷന്റെ പണിയും പെരിയാർ നദിക്കു കുറുകെയുള്ള പാലം പണിയും പുരോഗതിയിലാണ്. പ്രസ്തുത പാതയ്ക്കുവേണ്ടി എറണാകുളം ജില്ലയിൽ 132.24.63 ഹെക്ടർ ഭൂമി 47 കി.മീ. ദൂരത്തിൽ 490 സർവ്വേ നമ്പരുകളിലായി പൊന്നുംവിലയ്ക്ക് എടുക്കുന്നതിന് അർത്ഥനകൾ ലഭിച്ചിട്ടുള്ളതും, പെരുമ്പാവൂർ, മൂവാറ്റുപുഴ എന്നിവിടങ്ങളിലുണ്ടായിരുന്ന പൊന്നുംവില തഹസിൽദാർമാരുടെ കാര്യാലയങ്ങൾ നിർത്തിയ സാഹചര്യത്തിൽ ടി കാര്യാലയങ്ങളുടെ ചാർജ്ജുള്ള സിവിൽ സ്റ്റേഷൻ പ്രവർത്തിക്കുന്ന സ്പെഷ്യൽ തഹസിൽദാർ (എൽ.എ) ജനറലിനെ മേൽ പദ്ധതിയുടെ പൊന്നുംവില തഹസിൽദാരായി നിയമിക്കുകയും നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് റെയിൽവേ അധികാരികൾ നൽകിയ അന്തിമ സ്കെച്ച് സ്ഥലമെടുപ്പ് നടപടികൾ സ്വീകരിക്കുന്നതിനായി പാലാ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) റെയിൽവേയ്ക്ക് കൈമാറിയിട്ടുള്ളതാണ്. ഇടുക്കി ജില്ലയിൽ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.

2. ഗുരുവായൂർ - തിരുനാവായ റെയിൽവേ ലൈനിന്റെ മലപ്പുറം ജില്ലയിലെ അലൈൻമെന്റ് കനോലി കനാലിന് സമാന്തരമായി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിനായുള്ള പ്രാരംഭ സർവ്വേ നടപടികൾ

പൂർത്തീകരിക്കാൻ റെയിൽവേ അധികൃതർക്ക് 29-1-2016-ന് കത്ത് നൽകിയിട്ടും ഇതുവരെയും പൂർത്തിയായിട്ടില്ല. കൂടാതെ തിരൂർ ട്രാക്ഷൻ സബ് സ്റ്റേഷന് വേണ്ടി ഇലക്ട്രിക് കേബിൾ സ്ഥാപിക്കുന്നതിനുള്ള 2.026 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നിലമെടുപ്പ് നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. തൃശ്ശൂർ ജില്ലയിൽ കുന്നംകുളം വഴിയുള്ള അലൈൻമെന്റ് അംഗീകരിച്ചിട്ടുള്ളതാണ്. സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.

3. നിലവിൽ കോട്ടയം വഴിയും ആലപ്പുഴ വഴിയുമുള്ള റെയിൽപാത ഇരട്ടിപ്പിക്കലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഹരിപ്പാട് - അമ്പലപ്പുഴ റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് അർത്ഥന ലഭിച്ച 19.2479 ഹെക്ടർ ഭൂമിയും 18.958 ഹെക്ടർ ഭൂമിയും റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. ബാക്കിയുള്ള 28.98 ആർ ഭൂമി റെയിൽവേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കോട്ടയം ജില്ലയിൽ മുളന്തുരുത്തി - ചെങ്ങന്നൂർ റെയിൽപാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിൽ നിന്നും ഏറ്റെടുത്ത് നൽകേണ്ട 36.0769 ഹെക്ടറിൽ നിന്നും 24.0769 ഹെക്ടർ സ്ഥലം ഇതുവരെ ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ബാക്കി ഏറ്റെടുത്ത് നൽകാനുള്ള 12 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി നടന്നു വരുന്നു.

4. എറണാകുളം - കുമ്പളം, കുമ്പളം - തുറവൂർ റെയിൽപാത ഇരട്ടിപ്പിക്കലുകളുടെ നിർമ്മാണ ചെലവിന്റെ 50% സംസ്ഥാന സർക്കാർ വഹിക്കണമെന്നും കൂടാതെ, ഇതിനാവശ്യമായ ഭൂമി സംസ്ഥാന സർക്കാർ സൗജന്യമായി നൽകണമെന്നും റെയിൽവേ ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാനത്തിന്റെ പ്രത്യേക സാമ്പത്തിക അവസ്ഥ പരിഗണിച്ച് റെയിൽവേയുടെ പ്രസ്തുത ആവശ്യം അനുവദിക്കാൻ കഴിയുകയില്ലെന്ന് റെയിൽവേയേയും കേന്ദ്ര സർക്കാരിനേയും രേഖാമൂലം അറിയിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല. ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ വരെയുള്ള റെയിൽപാത ഇരട്ടിപ്പിക്കാനായി അർത്ഥന ലഭിച്ചിട്ടുള്ള 19.24.79 ഹെക്ടർ ഭൂമിയിൽ 18.95.81 ഹെക്ടർ ഭൂമി അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതാണ്. ബാക്കിയുള്ള 28.96 ആർ സ്ഥലം ബന്ധപ്പെട്ട കക്ഷികൾ ഹാജരാക്കാത്തതും സമ്മതപത്രം സമർപ്പിക്കാത്തതുമായ കേസ്സുകളുമാണ്. ഹരിപ്പാട് - അമ്പലപ്പുഴ റെയിൽപാതയിൽ സബ് വേ നിർമ്മാണത്തിനായി കരുവാറ്റ, ചെറുതന, അമ്പലപ്പുഴ, കരുമാടി, തകഴി എന്നീ വില്ലേജുകളിലായി 24.92 ആർ സ്ഥലവും അരൂർ പാലം നിർമ്മാണത്തിനായി 2.72 ആർ സ്ഥലവും പൊന്നും വിലയ്ക്ക് എടുക്കുന്നതിനായി റെയിൽവേ അർത്ഥന നൽകിയിട്ടുള്ളതിനാൽ, ഡയറക്ട് പർച്ചേസ് മുഖേന ടി വസ്തുക്കൾ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

5. സുൽത്താൻബത്തേരി വഴിയുള്ള പുതിയ നിലമ്പൂർ - നഞ്ചൻകോട് ബ്രോഡ്ഗേജ് റെയിൽവേ ലൈനിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തി മൊബിലൈസേഷൻ അഡ്വാൻസായി 2 കോടി രൂപ 13-2-2017- ലെ സ.ഉ(സാധാ) 60/2017/ഗതാഗതം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് - പാണത്തൂർ - കണിയൂർ റെയിൽവേ ലൈനിന്റെയും നടപടിക്രമങ്ങൾ അതിന്റെ പ്രാഥമിക ഘട്ടത്തിലാണ്. ആയതുകൊണ്ട് തന്നെ സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ല.

6. ചെങ്ങന്നൂർ - ചിങ്ങവനം റെയിൽപാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ നിന്നും റെയിൽവേയ്ക്ക് ഏറ്റെടുത്തു നൽകേണ്ട 7.9547 ഹെക്ടറിൽ നിന്നും 7.2045 ഹെക്ടർ റെയിൽവേയ്ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 75.02 ആർ ഭൂമി ഇനിയും ഏറ്റെടുക്കേണ്ടതുണ്ട്. റെയിൽവേ, നിർമ്മിതി വില ലഭ്യമാക്കുന്നതിന് കാലതാമസം വരുത്തിയതിനാൽ അവാർഡ് പാസാക്കാൻ കഴിയാതെ ഡിനോവയായി മാറിയതിനാൽ പഴയ നിയമപ്രകാരം ഭൂമി ഏറ്റെടുക്കാൻ കഴിയാതെ വന്നതാണ്. ഇപ്പോൾ ഡയറക്ട് പർച്ചേസ് മുഖേന ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടയമേളകൾ**

29 (*269) ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. പി. ഉണ്ണി:

ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുന്നതിന്റെ ഭാഗമായി പട്ടയമേളകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കളക്ടറേറ്റുകളിൽ ലഭ്യമായ ഭൂരഹിതരുടെ അപേക്ഷകളിൽ അടിയന്തര നടപടി സ്വീകരിച്ച്, വിതരണം ചെയ്യുവാനുള്ള ഭൂമിയുടെ അളവും ഗുണഭോക്തൃ പട്ടികയും ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) ഭൂമി സംബന്ധിച്ച് ലാൻഡ് ട്രിബ്യൂണലിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വനാവകാശ നിയമപ്രകാരം ഭൂമി ലഭിക്കാൻ അർഹരായ ആദിവാസികൾക്ക് പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ.ചന്ദ്രശേഖരൻ)

(എ&ബി) ഭൂരഹിതരായ എല്ലാപേർക്കും ഭൂമി വിതരണം ചെയ്യുണമെന്നതാണ് സർക്കാർ നയം. നിലവിലുള്ള ഭൂരഹിതർക്ക് പട്ടയമേളകൾ ഉൾപ്പെടെ നടത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിച്ചു വരുന്നു. വിതരണം ചെയ്യുന്നതിനും ഭൂമി കണ്ടെത്തുന്നതിനും അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് സർക്കാർ തലത്തിൽ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 30-9-2016-ൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സംസ്ഥാനത്തെ 17 ലാൻഡ് ട്രൈബ്യൂണൽ ഓഫീസുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച അവലോകനം നടത്തുകയും 30-12-2016 വരെ തീർപ്പാക്കേണ്ട കേസ്സുകളുടെ ടാർജറ്റ് നിശ്ചയിച്ചു നൽകുകയും ചെയ്തിരുന്നു. ആയതു പ്രകാരം 92211 കേസ്സുകൾ തീർപ്പാക്കുവാനുണ്ടായിരുന്നതിൽ 4774 കേസ്സുകൾ 30-12-2016 വരെ തീർപ്പാക്കിയിട്ടുണ്ട്. തുടർന്ന് പുരോഗതി കൈവരിച്ചിട്ടുണ്ടോ എന്നത് വിലയിരുത്തുന്നതിനും 31-03-2017-നകം തീർപ്പാക്കേണ്ടുന്ന കേസുകളുടെ എണ്ണം നിശ്ചയിച്ച് നൽകുന്നതിനുമായി 15-2-2017-ൽ ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വീണ്ടും യോഗം വിളിക്കുകയും ചെയ്തു. 2017 ജനുവരി മാസത്തിൽ 1163 കേസ്സുകൾ തീർപ്പാക്കിയിട്ടുണ്ട്. കൂടാതെ, നിയമസഭ സബ്ജക്ട് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം ട്രൈബ്യൂണൽ ഓഫീസുകളിലെ കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി വരുന്നു. ലാന്റ് റിഫോംസ് ഹെഡ്ഡിൽ നിന്നും ശമ്പളം വാങ്ങുന്നവർക്ക് മറ്റ് ജോലികൾ അനുവദിച്ച് കൊടുക്കാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിന് ലാന്റ് ട്രൈബ്യൂണൽ തഹസിൽദാർമാർ കുറഞ്ഞത് രണ്ട് വർഷമെങ്കിലും ടി ഓഫീസുകളിൽ സേവനമനുഷ്ഠിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതിനും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാർക്ക് ലാന്റ് ബോർഡ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. ലാന്റ് ട്രൈബ്യൂണൽ കേസ്സുകൾ തീർപ്പാക്കി അവലോകന റിപ്പോർട്ട് എല്ലാ മാസവും സർക്കാരിൽ സമർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. റവന്യൂ മന്ത്രി ജില്ലകളിൽ നടത്തുന്ന അവലോകന യോഗങ്ങളിൽ കേസ്സുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച പുരോഗതി വിലയിരുത്തി പര്യാപ്തമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ഡി) പട്ടികവർഗ്ഗക്കാരും, മറ്റു പരമ്പരാഗത ഗോത്രവാസികളും (വനാവകാശം അംഗീകരിക്കൽ) ചട്ടങ്ങൾ 2008 പ്രകാരം ആദിവാസികൾക്ക് കൈവശരേഖയാണ് അനുവദിക്കുന്നത്. കേന്ദ്രസർക്കാരിന്റെ 2006-ലെ വനാവകാശ നിയമത്തിന് കീഴിലുള്ള ചട്ടത്തിൽ ഭേദഗതി വരുത്തിയാൽ മാത്രമേ കൈവശ രേഖയ്ക്ക് പകരം പട്ടയം നൽകുവാൻ കഴിയുകയുള്ളൂ.

**കാസർഗോഡ് - കഴക്കൂട്ടം ദേശീയപാത വികസനം**

30 (*270) ശ്രീ. ബി. സത്യൻ :

ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എം. രാജഗോപാലൻ :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയ പാത നാൽപ്പത്തിയഞ്ച് മീറ്റർ വീതിയിൽ വികസിപ്പിക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പാതയുടെ അലൈൻമെന്റ് നിശ്ചയിച്ചിട്ടുണ്ടോ;

(സി) ദേശീയ പാത വികസനത്തിന്റെ ഫലമായി എത്ര പേർക്ക് വീടും സ്ഥലവും നഷ്ടപ്പെടുമെന്ന് കണക്കാക്കിയിട്ടുണ്ടോ; നീതിയുക്തമായ നഷ്ടപരിഹാരം നൽകി ഇവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) തൊഴിലും ജീവനോപാധിയും നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കാൻ പാക്കേജിന്റെ ഭാഗമായി നടപടിയുണ്ടാകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) കാസർഗോഡ് മുതൽ കഴക്കൂട്ടം വരെ ദേശീയപാത 45 മീറ്റർ റൈറ്റ് ഓഫ് വേ (RoW) യിൽ സർവ്വീസ് റോഡോടുകൂടി 4 വരിയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ NHDP Phase III-ൽ ഉൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ് നടപ്പിലാക്കുന്നത്. ഇതിനായുള്ള പുതുക്കിയ വിശദമായ പദ്ധതി രൂപരേഖ M/s AECOM, M/s FEEDBACK, M/s SMEC India Pvt Ltd എന്നീ കൺസൾട്ടൻസി കമ്പനികൾ മുഖാന്തരം പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ അലൈൻമെന്റിന് പൊതുവായുള്ള അംഗീകാരം (മലപ്പുറം-തൃശ്ശൂർ-എറണാകുളം സ്ട്രെച്ച് ഒഴികെ) സംസ്ഥാന തലത്തിൽ നൽകിയിട്ടുണ്ട്. ഇതിൽ കാസർഗോഡ് ജില്ലയിൽപ്പെടുന്ന ദേശീയപാത സർവ്വീസ് റോഡോടു കൂടിയ നാലുവരിപ്പാതയായി

വികസിപ്പിക്കുന്നതിന്റെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഹെഡ്ക്വാർട്ടേഴ്സിൽ അനുമതിക്കായി സമർപ്പിച്ചു കഴിഞ്ഞു. കണ്ണൂർ ജില്ലയിലെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. ഉടൻ തന്നെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഹെഡ്ക്വാർട്ടേഴ്സിൽ സമർപ്പിക്കുന്നതാണ്. കണ്ണൂർ ജില്ലയിലെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി അവസാന ഘട്ടത്തിലാണ്. ഉടൻ തന്നെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഹെഡ്ക്വാർട്ടേഴ്സിൽ സമർപ്പിക്കുന്നതാണ്. കോഴിക്കോട് ജില്ലയിലെ നന്ദി - ചെങ്ങോട്ടുകാവ് ബൈപ്പാസ് ഒഴികെയുള്ള ഭാഗം സർവ്വേ നടപടികൾ അവസാനഘട്ടത്തിലാണ്. കാസർഗോഡ് പാക്കേജിന്റേയും കോഴിക്കോട് ബൈപ്പാസ് എന്നിവയുടേയും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ബിഡ് ഡോക്കുമെന്റ്സും നാഷണൽ ഹൈവേ അതോറിറ്റിക്ക് സമർപ്പിച്ചു കഴിഞ്ഞു. തലശ്ശേരി - മാഹി ബൈപ്പാസിന്റെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. നേരത്തേ എഞ്ചിനീയറിംഗ് പ്രൊക്യുയർമെന്റ് കോൺട്രാക്റ്റ് (EPC) നിബന്ധനയിൽ ഉൾപ്പെടുത്തിയിരുന്ന കേരളത്തിന്റെ നാഷണൽ ഹൈവേ പ്രോജക്ട് പുതിയ തീരുമാന പ്രകാരം ഹൈബ്രിഡ് ആന്വിറ്റി രീതിയിൽ തുടരാനാണ് തീരുമാനിച്ചിട്ടുള്ളത്. 1000 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പ്രോജക്ടുകളായതിനാൽ കേന്ദ്ര മന്ത്രിസഭയുടെ തീരുമാന പ്രകാരം മാത്രമേ പ്രവൃത്തികൾ അവാർഡ് ചെയ്യാൻ കഴിയുകയുള്ളൂ. ആയതിനാലാണ് നേരത്തേ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അറിയിച്ചതിൽ നിന്നും വ്യത്യസ്തമായി അല്പം കാലതാമസം നേരിടുന്നത്. മലപ്പുറം, തൃശ്ശൂർ ജില്ലകളിലെ സർവ്വേ നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതനുസരിച്ചുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഹെഡ്ക്വാർട്ടേഴ്സ് മുഖേന കേന്ദ്രമന്ത്രാലയത്തിന് അനുമതിക്ക് സമർപ്പിക്കുന്നതാണ്.

(സി&ഡി) ദേശീയപാതാ വികസനത്തിന്റെ ഫലമായി എത്ര പേർക്ക് വീടും സ്ഥലവും നഷ്ടപ്പെടുമെന്ന കണക്ക് അന്തിമ പദ്ധതി രൂപരേഖ പൂർത്തിയാക്കിയാൽ മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളൂ. ദേശീയപാതാ വികസനത്തിന്റെ ഭാഗമായി വീട്, സ്ഥലം, തൊഴിൽ ജീവനോപാധി എന്നിവ നഷ്ടപ്പെടുന്നവർക്ക് 2013-ലെ RFCTLARR Act-ലും കേരള സർക്കാർ രൂപീകരിച്ച ഭൂമി ഏറ്റെടുക്കൽ ചട്ടങ്ങൾ 2015-ലും ദേശീയപാത നിയമം 1956-ലും പ്രതിപാദിച്ചിട്ടുള്ള തരത്തിൽ നീതിയുക്തമായ നഷ്ടപരിഹാരവും പുനരധിവാസവും നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഐ. ഇ. ഡി. എസ്. എസ്. സ്കീമിലെ റിസോഴ്സ് അദ്ധ്യാപകർ

1 (2752) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഐ.ഇ.ഡി.എസ്.എസ്. (Inclusive Education for Disabled at Secondary Stage) സ്കീമിലെ റിസോഴ്സ് അദ്ധ്യാപകരുടെ ജോലി സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

ഐ.ഇ.ഡി.സി./ഐ.ഇ.ഡി.എസ്.എസ്. എന്നീ പദ്ധതികൾ പ്രകാരം കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് എസ്.എസ്.എ./ആർ.എം.എസ്.എ. എന്നിവയുടെ കീഴിൽ റിസോഴ്സ് സപ്പോർട്ടിനായി അദ്ധ്യാപകരെ ഓരോ വർഷവും കരാർ വ്യവസ്ഥയിൽ നിയമനം നൽകുവാൻ മാത്രമേ വ്യവസ്ഥയുള്ളൂ. കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന ഉദ്യോഗാർത്ഥികളെ നിലവിൽ സ്ഥിരപ്പെടുത്തുന്നതിന് വ്യവസ്ഥയില്ല.

### "കൂലി" എന്നതിനു പകരം "ദിവസവരുമാന തൊഴിൽ"എന്ന് മാറ്റണമെന്ന നിർദ്ദേശം

2 (2753) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളുടെ ഔദ്യോഗിക രേഖകളിലെ രക്ഷിതാക്കളുടെ തൊഴിൽ കോളത്തിൽ ദിവസവരുമാനക്കാർ "കൂലി" എന്ന് രേഖപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോളത്തിൽ "കൂലി" എന്നതിനു പകരം "ദിവസവരുമാന തൊഴിൽ" എന്ന് മാറ്റുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## ഐ.ഇ.ഡി. സ്കോളർഷിപ്പ്

3 (2754) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹയർ സെക്കണ്ടറി വിഭാഗത്തിൽ പഠിക്കുന്ന വികലാംഗരായ കുട്ടികൾക്ക് വർഷംതോറും നൽകി വരുന്ന ഐ. ഇ. ഡി. സ്കോളർഷിപ്പ് കഴിഞ്ഞ സർക്കാർ 2014-15 അദ്ധ്യയന വർഷം വരെ 3500 രൂപ വീതം കൃത്യമായി നൽകിയിരുന്നുവെങ്കിലും 1/2017-ൽ 1800 രൂപ വീതം മാത്രമേ വിതരണം നടത്തിയിട്ടുള്ളൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബാക്കിയുള്ള തുക എപ്പോൾ വിതരണം ചെയ്യുമെന്നും ആയതിലേയ്ക്ക് എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

### ഉത്തരം

കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം വികലാംഗരായ കുട്ടികൾക്ക് സ്കോളർഷിപ്പിനത്തിൽ ഒരു കുട്ടിക്ക് 3,000 രൂപയാണ് മുൻപ് അനുവദിച്ചത്. കുട്ടികളുടെ വൈകല്യത്തിന്റെ കാഠിന്യത്തിന്റെ വ്യത്യാസമനുസരിച്ച് ടി തുകയിൽ നേരിയ വ്യത്യാസം വരുന്നതാണ്.

എം.എച്ച്.ആർ.ഡി.-യിൽ നിന്നും തുക ലഭിക്കാൻ താമസം നേരിട്ടതിനാൽ 2016-17 വർഷത്തിൽ അലവൻസുകളൊന്നും ഇതുവരെ നൽകിയിട്ടില്ല. ലഭ്യമായ ഫണ്ട് ഉപയോഗിച്ച് സാമ്പത്തിക വർഷം തീരുന്നതിനുമുമ്പ് പരമാവധി അലവൻസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സി-ആപ്റ്റ്-ൽ പ്രിന്റിംഗ് അഴിമതി

4 (2755) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സി - ആപ്റ്റ് (C- apt) ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രിന്റിംഗ് അഴിമതി നടത്തിയതുമായി ബന്ധപ്പെട്ട് അന്നത്തെ എം.ഡി.-യ്ക്കെതിരെ കേസ് നിലവിലുണ്ടോ; കേസ്സിന്റെ നിലവിലെ സ്ഥിതി എന്താണ്; അന്വേഷണം ഏത് ഘട്ടത്തിലാണ്; പുരോഗതി വിശദമാക്കുമോ;

(ബി) സി - ആപ്റ്റിന് സാമ്പത്തിക ഭദ്രതയും സ്വയം പര്യാപ്തതയും കൈവരുന്നതിന് പാഠപുസ്തകങ്ങളുടെ പ്രിന്റിംഗ് പ്രസ്തുത സ്ഥാപനത്തെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്ഥാപനത്തിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്ന് വിശദമാക്കുമോ;

(ഡി) സ്ഥാപനത്തെ പുരോഗതിയിലേയ്ക്ക് നയിക്കാൻ, ആധുനിക അച്ചടി സംവിധാനങ്ങൾക്കുള്ള പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടത്തുന്ന ഏജൻസിയായി ഉയർത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സി-ആപ്റ്റ്-ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രിന്റിംഗ് അഴിമതിയുമായി ബന്ധപ്പെട്ട് അന്നത്തെ മാനേജിംഗ് ഡയറക്ടർ ശ്രീ. സജിത് വിജയരാഘവനെതിരെ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-II-ൽ വി.സി.8/15/എസ്.ഐ.യു-II നമ്പരായി ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അന്വേഷണം പുരോഗമിച്ചുവരുന്നു.

(ബി) 2017-18 അദ്ധ്യയന വർഷത്തെ ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും സി-ആപ്റ്റിന് ലഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതിയിനത്തിൽ 250 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 64.28 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**സി-ആപ്റ്റ്-ലെ നിയമനങ്ങൾ**

5 (2756) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിൽ 2002- ന് ശേഷം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ തസ്തിക തിരിച്ച് വിശദമാക്കാമോ;

(ബി) 2002 -ലെ നിയമനങ്ങൾക്ക് ശേഷം പെൻഷനായി പോയവർ, മരണപ്പെട്ടു പോയവർ തുടങ്ങി സർവ്വീസിൽ നിന്നും എത്ര പേർ പിരിഞ്ഞിട്ടുണ്ടെന്ന് തസ്തികയും പേരും തിരിച്ച് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് രേഖകൾ സഹിതം വിശദമാക്കാമോ;

(സി) വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ അച്ചടി ജോലികൾ സി-ആപ്റ്റിന് നൽകുവാൻ നടപടി സ്വീകരിക്കുമോ; ഇതിനായി ഏതെങ്കിലും ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സി-ആപ്റ്റ്-ൽ 2002-ന് ശേഷം ആശ്രിത നിയമനങ്ങൾ ഒഴികെ മറ്റ് നിയമനങ്ങൾ നടന്നിട്ടില്ല. ആശ്രിത നിയമനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(ബി) 2002-ലെ നിയമനങ്ങൾക്ക് ശേഷം പെൻഷനായി പോയവർ-75 പേർ, മരണപ്പെട്ടുപോയവർ-17, രാജിവച്ച് പോയവർ-67, പുറത്താക്കിയവർ-1. ഇതുസംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

(സി) വിദ്യാഭ്യാസ വകുപ്പിന്റെ അച്ചടികൾക്ക് മാത്രമായി ഉത്തരവ് ലഭ്യമാക്കിയിട്ടില്ല. പൊതുവായി അച്ചടി ജോലികൾ വിവിധ സർക്കാർ വകുപ്പുകളിൽനിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്നും സി-ആപ്റ്റ്-ന് ലഭിക്കുവാനായി താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1. ജി.ഒ.(ആർ.റ്റി.) നമ്പർ1613/94/ഉ.വി.വ. തീയതി 22-10-1994

2. ജി.ഒ.(ആർ.റ്റി.) നമ്പർ1147/2000/ഉ.വി.വ. തീയതി 24-7-2000

3. ജി.ഒ.(ആർ.റ്റി.) നമ്പർ1697/2003/ഉ.വി.വ. തീയതി 27-11-2003

4. ജി.ഒ.(ആർ.റ്റി.) നമ്പർ231/11/ഉ.വി.വ. തീയതി 22-9-2011

ആയതിന്റെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു*.

**യു.പി. സ്കൂളിന്റെ അപ്ഗ്രഡേഷൻ**

6 (2757) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി ഗവൺമെന്റ് മാപ്പിള യു.പി.എസ് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് 39187/F1/2015/പൊ.വി.വ. നമ്പർ ഫയലിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യുന്നതിന് നിയമപരമായോ, സാങ്കേതികമായോ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് വ്യക്തമാക്കുമോ;

(സി) 2016-17 സാമ്പത്തിക വർഷം എത്ര യു .പി .സ്കൂളുകൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് റിട്ട് ഹർജി 3060/14-ന്മേലുള്ള 18-6-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V ചട്ടം 2, 2A എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. ആയത് പ്രകാരം വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ സ്ഥലങ്ങൾ 25-5-2016-ലെ 985-ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. കണ്ണൂർ ജില്ലയിലെ കാട്ടാമ്പള്ളി എന്ന പ്രദേശം 8-ാം ക്ലാസ്സ്, വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

(സി) 2016-17 സാമ്പത്തിക വർഷം യു.പി. സ്കൂളുകൾ ഒന്നുംതന്നെ അപ്ഗ്രേഡ് ചെയ്തിട്ടില്ല.

**വി.എച്ച്.എസ്.ഇ. സെക്രട്ടറിക്ക് ലഭിച്ച പരാതി**

7 (2758) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-2-2016 ൽ വി.എച്ച്.എസ്.ഇ.എക്സാമിനേഷൻ സെക്രട്ടറി ഇറക്കിയ ഉത്തരവ്/ സർക്കുലർ-ന്റെ വിശദാംശം ലഭ്യമാക്കാമോ; (VX/3/1340/2016, dtd 16/2/2016)

(ബി) മേൽ ഉത്തരവ്/സർക്കുലർ ലംഘിച്ചതിനെതിരെ വി.എച്ച്.എസ്.ഇ. സെക്രട്ടറിക്ക് 17-2-2017 തീയതിയിൽ ലഭിച്ച പരാതിയുടെ കോപ്പി ലഭ്യമാക്കാമോ; പരാതി പരിശോധിച്ചിട്ടുണ്ടോ; ഉത്തരവ്/സർക്കുലർ ലംഘിച്ചിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 16-2-2016-ലെ വി.എക്സ്3/1340/2016 നമ്പർ സർക്കുലർ ഉള്ളടക്കം ചെയ്യുന്നു. *

(ബി) കോപ്പി ഉള്ളടക്കം ചെയ്യുന്നു *. പരാതി പരിശോധിച്ചിട്ടുണ്ട്. സർക്കുലർ പ്രകാരം പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എസ്. എസ്. എ. സ്റ്റേറ്റ് പ്രോജക്ട്

8 (2759) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയനവർഷത്തേയ്ക്കുള്ള എസ്. എസ്. എ.- യുടെ സ്റ്റേറ്റ് പ്രോജക്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ കാര്യങ്ങൾക്ക് തുക അനുവദിക്കണമെന്നാണ് പ്രോജക്ടിൽ ആവശ്യപ്പെട്ടിട്ടുള്ളത്;

(സി) നൂതനമായ എന്തെങ്കിലും പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർവ്വശിക്ഷാ അഭിയാൻ, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത് പ്രകാരം ഗേൾസ് എഡ്യൂക്കേഷൻ, മൈനോറിറ്റി എഡ്യൂക്കേഷൻ, എസ്.സി./എസ്.ടി. എഡ്യൂക്കേഷൻ, അർബൻ പ്ലാനിംഗ്, കമ്പ്യൂട്ടർ അസിസ്റ്റ് ലേണിംഗ്, ലേണിംഗ് എൻഹാൻസ്മെന്റ് പ്രോഗ്രാം, എൻഹാൻസിംഗ് ക്വാളിറ്റി, ആർ.ഇ.എം.എസ്., കമ്മ്യൂണിറ്റി മോബിലൈസേഷൻ, ഐ.ഇ.ഡി.സി. (സി.ഡബ്ല്യൂ.എസ്.എൻ.), മീഡിയ കമ്പോണൻസ് തുടങ്ങിയവയാണ് പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഉണ്ട്.

- പഠന മികവിനായി പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾ
- എല്ലാ വിദ്യാലയങ്ങളിലും ഗേൾസ് ക്ലബ്ബ്
- ആദിവാസികൾ അധിവസിക്കുന്ന തെരഞ്ഞെടുത്ത കേന്ദ്രങ്ങൾക്ക് പ്രത്യേക പാക്കേജുകൾ
- കമ്പ്യൂട്ടർ സഹായത്തോടുകൂടിയുള്ള പഠനത്തിന് ഓരോ ജില്ലയ്ക്കും 25 ലക്ഷം രൂപ വീതം ഉൾക്കൊള്ളിച്ചിട്ടുണ്ട്.

## എസ്.എസ്.എൽ.സി. രേഖകളിൽ ജനനത്തീയതി തിരുത്തൽ

9 (2760) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) നിലവിൽ ഒരു തവണ മാത്രമാണോ എസ്.എസ്.എൽ.സി. രേഖകളിൽ ജനനത്തീയതി തിരുത്തൽ അനുവദനീയമായിട്ടുള്ളത്;

(ബി) എസ്.എസ്.എൽ.സി. രേഖകളിലെ ജനനത്തീയതി രണ്ടാമതും തിരുത്താൻ അവസരം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ജനനത്തീയതി തിരുത്തുന്നത് ഒരു തവണ മാത്രമാണ്.

(ബി) ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ച അസൽ ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഒരു പ്രാവശ്യം മാത്രമാണ് ജനനത്തീയതി തിരുത്തി നൽകുന്നത്.

## പ്രീ പ്രൈമറി അദ്ധ്യാപകർ, ആയമാർ എന്നിവരുടെ വർദ്ധിപ്പിച്ച വേതനം

10 (2761) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ പ്രൈമറി അദ്ധ്യാപകർ, ആയമാർ എന്നിവർക്ക് നൽകിയ വർദ്ധിപ്പിച്ച വേതനം എന്നു മുതലാണ് പ്രാബല്യത്തിലായതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സർക്കാർ ജീവനക്കാർക്ക് ശമ്പള വർദ്ധനവിന് മുൻകാല പ്രാബല്യം നൽകിയിരുന്നത് കണക്കിലെടുത്ത് പ്രീ-പ്രൈമറി അദ്ധ്യാപകർ, ആയമാർ എന്നിവരുടെ വേതന വർദ്ധനവിന് മുൻകാല പ്രാബല്യം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 18-6-2016 മുതൽ

(ബി) സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിച്ചുവരുന്ന പ്രീ പ്രൈമറി ക്ലാസ്സുകളിലെ അദ്ധ്യാപികമാരുടെയും ആയമാരുടെയും ഓണറേറിയം ഉത്തരവ് തീയതി മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. മുൻകാല പ്രാബല്യം നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## ഏരിയ ഇന്റൻസീവ് പദ്ധതി

11 (2762) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയ ഇന്റൻസീവ് പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) ഇത്തരം സ്കൂളുകൾക്കായുള്ള അപേക്ഷകൾ നിലവിലുണ്ടോ;

(സി) ഇപ്പോൾ ഏതെല്ലാം സ്കൂളുകളാണ് ഈ പദ്ധതിയിൽ പ്രവർത്തിക്കുന്നത്;

(ഡി) ഈ പദ്ധതി പ്രകാരം ആരംഭിച്ച കോഴിക്കോട് ജില്ലയിലെ കൊടുവള്ളി കെ.എം.ഒ. സ്കൂളിന് ഏതെങ്കിലും സഹായം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) നിലവിലില്ല.

(ബി) അപേക്ഷകൾ നിലവിലില്ല.

(സി) ഈ പദ്ധതി പ്രകാരം ആരംഭിച്ച 28 സ്കൂളുകളാണ് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നത്. കൂടാതെ സ്കൂളുകളുടെ ലിസ്റ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു*. 5 ഹയർ സെക്കണ്ടറി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

(ഡി) ഇല്ല.

## പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

12 (2763) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ആദ്യ ഘട്ടത്തിൽ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ ഏതെല്ലാം സ്കൂളുകളെയാണ് ഈ പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നത്;ഇതിനാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതിനായി എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) എൽ.പി.,യു.പി.,ഹൈസ്കൂൾ ,ഹയർ സെക്കണ്ടറി തലങ്ങളിൽ സ്കൂളുകൾ തെരഞ്ഞെടുക്കുന്നത് എങ്ങനെയാണ്; ഓരോ തലത്തിലും അനുവദിക്കുന്ന ഫണ്ട് എത്രയാണ്; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ടുകൊണ്ട് പൊതുവിദ്യാഭ്യാസരംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിച്ചിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക.

2. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ്സ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3. എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക-രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.

4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക, അടുത്ത 2 വർഷംകൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

പൂർണ്ണമായും ശിശുകേന്ദ്രീകൃതമായുള്ള അദ്ധ്യാപന രീതിയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് എല്ലാ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും പഠനത്തിൽ പങ്കാളിത്തം ഉറപ്പാക്കുന്ന ഒരു 'യൂണിവേഴ്സൽ ഡിസൈൻ ഓഫ് ലേണിംഗി'ന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപന പരിശീലന പദ്ധതികൾകൂടി ഉൾപ്പെടുത്തി വിവര സാങ്കേതികാധിഷ്ഠിതമായി പുതുക്കിയ പാഠ്യപദ്ധതി വിനിമയ പ്രവർത്തനങ്ങൾ രൂപപ്പെടുത്തുകയും പാഠ്യപദ്ധതി ലക്ഷ്യങ്ങൾ കൈവരിക്കാത്ത പ്രശ്നം പരിഹരിക്കുന്നതിനായി പാഠ്യപദ്ധതിയിൽ ആവശ്യമായ മെച്ചപ്പെടുത്തലുകളും അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളും ഉൾപ്പെടെ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കി നടപ്പിൽ വരുത്തുകയും ഇപ്രകാരം അദ്ധ്യാപന-അദ്ധ്യയന തലങ്ങളിൽ സമഗ്രമായ മാറ്റം വരുത്തുന്നതോടൊപ്പം കുട്ടികളുടെ നൈസർഗ്ഗിക കഴിവുകൾക്ക് പ്രോത്സാഹനം നൽകുന്ന വിധത്തിലുള്ള പദ്ധതികളും പൊതുവിദ്യാഭ്യാസ യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ ലിസ്റ്റ് അർഹതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെടേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കേണ്ടതും ആയതിന് സർക്കാർ അനുമതി ലഭ്യമാക്കിയതിനുശേഷം പ്രസ്തുത സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിനായി തനതായ ഒരു മാസ്റ്റർ പ്ലാൻ 8-12-2016-ലെ സ.ഉ.(സാധാ)നമ്പർ205/2016/പൊ.വി.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതുമാണ്.

(ഡി) സ്കൂളുകൾ തെരഞ്ഞെടുക്കുന്ന വിഷയത്തിൽ കുട്ടികൾ കൂടുതലുള്ളതും പഴയ കെട്ടിടങ്ങളും ക്ലാസ്സ് മുറികളുമുള്ള സ്കൂളുകൾക്ക് മുൻഗണന നൽകുന്നതായിരിക്കും. ഇക്കാര്യത്തിൽ സ്കൂളുകളുടെ സ്ഥലപരിമിതിയും ഒരു ഘടകമായി പരിഗണിക്കുന്നുണ്ട്. കൂടാതെ എല്ലാ വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പരമാവധി പ്രയോജനം ലഭിക്കത്തക്ക രീതിയിലായിരിക്കും സ്കൂൾ തെരഞ്ഞെടുപ്പ് നടത്തുക.

പദ്ധതി നിർവ്വഹണത്തിനായി സർക്കാർ ധനസഹായത്തിന് പുറമേ എം.പി., എം.എൽ.എ., ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ, എസ്.എസ്.എ., ആർ.എം.എസ്.എ. ഫണ്ടുകൾ സ്പോൺസർഷിപ്പ് മുഖേന ലഭ്യമാകുന്ന ഫണ്ടുകൾ മുതലായവ പ്രയോജനപ്പെടുത്തിക്കൊണ്ട് പൂർണ്ണമായും പൊതുജന പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്. ഇപ്രകാരം വിവിധ സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ടുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതി നിർവ്വഹണം നടത്താൻ ഉദ്ദേശിക്കുന്നതിനാൽ ഫണ്ട് സംബന്ധിച്ച കൃത്യമായ വിവരം നൽകാൻ നിർവ്വാഹമില്ല.

**ലാബ് അസിസ്റ്റന്റ് ബൈ ട്രാൻസ്ഫർ നിയമനം**

13 (2764) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ ലാബ് അസിസ്റ്റന്റുമാരായി ജോലി നോക്കി വരുന്ന ജീവനക്കാരെ ഹൈസ്കൂളുകളിൽ എന്നതുപോലെ ബൈ ട്രാൻസ്ഫർ ആയി ഹയർ സെക്കണ്ടറി അദ്ധ്യാപകരായി നിയമിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭ്യമായിട്ടുണ്ടോ;

(സി) ഈ വിഷയത്തിൽ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. എന്നാൽ എയ്ഡഡ് ഹയർ സെക്കണ്ടറിയിൽ ഇത് ബാധകമാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) പരിശോധിച്ചുവരുന്നു.

**പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ**

14 (2765) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഏവൂർ വടക്ക് ഗവൺമെന്റ് എൽ.പി.എസ്സിന്റെ 25 സെന്റ് ഭൂമി പട്ടികജാതി വകുപ്പിന് കൈമാറുന്നകാര്യം പരിഗണിക്കുമോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും ശിപാർശ സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഹരിപ്പാട് മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഏവൂർ വടക്ക് ഗവൺമെന്റ് എൽ.പി.എസ്.-ന്റെ 25 സെന്റ് ഭൂമി പട്ടികജാതി വകുപ്പിന് കൈമാറുന്ന കാര്യത്തിൽ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എതിർപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**എൽ.പി.എസ്.എ. നിയമനം റെഗുലറൈസ് ചെയ്യാൻ നടപടി**

15 (2766) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല വിദ്യാഭ്യാസ ആഫീസിന്റെ കീഴിലുള്ള കോഴിമല സെന്റ് മേരീസ് യു. പി. സ്കൂളിൽ എൽ. പി. എസ്.എ. ആയി 2011 ൽ നിയമനം ലഭിച്ചിട്ടുള്ള ശ്രീമതി. ആഷ .പി. അച്ചൻകുഞ്ഞിനെ റഗുലറൈസ് ചെയ്യുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിയമനം എന്ന് റെഗുലറൈസ് ചെയ്യുമെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കോഴിമല സെന്റ് മേരീസ് യു.പി. സ്കൂളിലെ എൽ.പി.എസ്.എ. ശ്രീമതി ആശ പി. അച്ചൻകുഞ്ഞിന്റെ നിയമനാംഗീകാരം സംബന്ധിച്ച അപേക്ഷയിന്മേൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ പുല്ലാട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസറോട് 7-2-2017-ൽ റിപ്പോർട്ട് തേടിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീമതി ആശ പി. അച്ചൻകുഞ്ഞിന്റെ 6-6-2011 മുതലുള്ള നിയമനാംഗീകാരം, റെഗുലറൈസേഷൻ എന്നിവയിൽ തീരുമാനമെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ശ്രീ. ബിബിൻ ബാബുവിന്റെ നിയമനാനുമതിക്കുള്ള അപേക്ഷ**

16 (2767) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നാലാഞ്ചിറ സെന്റ് ജോൺസ് മോഡൽ എച്ച്.എസ്.എസ്-ൽ കായിക അദ്ധ്യാപകനായി നിയമിതനായ ശ്രീ. ബിബിൻ ബാബുവിന്റെ നിയമനാനുമതിയ്ക്കുള്ള അപേക്ഷ തിരുവനന്തപുരം ഡിസ്ട്രിക്ട് എഡ്യുക്കേഷൻ ഓഫീസിൽ ലഭിച്ചത് എന്നാണ്;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയലിൽ ഡി.ഇ.ഒ. നിയമനാനുമതി നൽകിയ തീയതി വ്യക്തമാക്കാമോ ;

(സി) ഡി.ഇ.ഒ.-യുടെ നിയമനാനുമതിയെ തുടർന്ന് നിയമനാനുമതി പത്രിക പുറപ്പെടുവിച്ച തീയതി എന്നാണ്;

(ഡി) ശ്രീ. ബിബിൻ ബാബുവിന് നിയമനാനുമതി ലഭിച്ചിട്ടും ഇത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ അസാധാരണമായ കാലതാമസം നേരിട്ടുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) നിയമനാനുമതി പത്രിക പുറപ്പെടുവിച്ച് രണ്ട് മാസം പൂർത്തിയായിട്ടും ടിയാന് അർഹമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നാളിതുവരെയായി ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(എഫ്) ഈ വിഷയം സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥരുടെ പേര് വിവരം ലഭ്യമാക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥരിൽ ആർക്കെങ്കിലും എതിരെ അവരുടെ സർവ്വീസിൽ വകുപ്പ്തല അച്ചടക്ക നടപടികൾ നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടിയും അതിന്റെ കാരണവും വ്യക്തമാക്കുമോ;

(ജി) ഈ വിഷയം സംബന്ധിച്ച് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ എന്ന വിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 10-6-2015

(ബി) 16-12-2016

(സി) 3-1-2017

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ശ്രീ. ബിബിൻ ബാബുവിന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്.

(എഫ്) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയൽ കൈകാര്യം ചെയ്ത തിരുവനന്തപുരം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ ഉദ്യോഗസ്ഥരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ശ്രീ. സജീവ് കുമാർ ആർ. (ക്ലാർക്ക്)

2. ശ്രീ. ഐ. കൃപാകരൻ (ജൂനിയർ സൂപ്രണ്ട്)

3. ശ്രീ. സി. വി. രാജൻ (പേഴ്സണൽ അസിസ്റ്റന്റ്)

4. ശ്രീമതി ലളിതകുമാരി (ജില്ലാ വിദ്യാഭ്യാസ ഓഫീസർ)

ടി ജീവനക്കാരിൽ ശ്രീ. ആർ. സജീവ് കുമാറിനെതിരെ അബ്കാരി ചട്ടം 15 (സി) പ്രകാരമുള്ള കേസ്സിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുണ്ട്.

(ജി) ലഭിച്ചിട്ടുണ്ട്.

**എൽ.പി.എസ്.എ.-യുടെ ശമ്പളം**

17 (2768) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവാറ്റ എസ്. കെ. വി. എൻ. എസ്. എസ്. യു.പി. സ്കൂളിലെ എൽ. പി. എസ്. എ. ആയ ശ്രീമതി എസ്. ജയശ്രീയുടെ ശമ്പളം നൽകാതിരിക്കുന്നതിന്റെ കാരണം വിശദീകരിക്കുമോ;

(ബി) ഈ അദ്ധ്യാപികയുടെ ശമ്പളം നിഷേധിച്ചത് സംബന്ധിച്ച് 23-11-2016-ൽ എൻ. എസ്. എസ്. മാനേജ്മെന്റ് സർക്കാരിൽ സമർപ്പിച്ച റിവിഷൻ പെറ്റീഷന് നാളിതുവരെയായി മറുപടി നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(സി) ഈ റിവിഷൻ പെറ്റീഷന് എന്ന് മറുപടി നൽകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദായകരമായ സ്കൂളുകളുടെ ഗണത്തിൽപ്പെട്ട ഉറവൂർ പാണാവള്ളി എൽ.പി. സ്കൂളിൽ നിന്നും അനാദായകരമായ സ്കൂളുകളുടെ ഗണത്തിൽപ്പെട്ട കരുവാറ്റ എസ്.കെ.വി.എൻ.എസ്.എസ്. സ്കൂളിലേയ്ക്ക് എൽ.പി.എസ്.എ. ആയ ശ്രീമതി എസ്. ജയശ്രീയെ സ്ഥലം മാറ്റിയ മാനേജരുടെ നടപടി ക്രമവിരുദ്ധമാണ്. ഇക്കാരണത്താലാണ് ശ്രീമതി എസ്. ജയശ്രീയുടെ സ്ഥലമാറ്റ നിയമനം അംഗീകരിച്ച് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് സാധിക്കാതെ വന്നിരിക്കുന്നത്. ടി അദ്ധ്യാപികയുടെ സ്ഥലംമാറ്റ നിയമനം പരിശോധിച്ച് ക്രമീകരിക്കേണ്ടതായുണ്ട്.

(ബി&സി) റിവിഷൻ പെറ്റീഷൻ പരിശോധിച്ചുവരികയാണ്.

## മപ്രം ജി.എൽ.പി. സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തുന്നതിനുള്ള അപേക്ഷ

18 (2769) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ മപ്രം ജി.എൽ.പി സ്കൂളിനെ യു.പി. സ്കൂളായി ഉയർത്തുന്നതിനുള്ള അപേക്ഷ ഗവൺമെന്റ്, ഡി.പി.ഐ., ഡി.ഡി.ഇ, എസ്.എസ്.എ എന്നിവ മുമ്പാകെ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് ആർ.ടി.ഇ. അനുശാസിക്കുന്ന പ്രകാരം മൂന്ന് കിലോമീറ്റർ ദൂരപരിധിയിൽ യു.പി.സൗകര്യം ലഭ്യമാണോ ;

(സി) ഇല്ലെങ്കിൽ കുട്ടികളുടെ അവകാശം ഉറപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അപേക്ഷ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി&സി) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ ആരംഭിക്കുന്നതും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരുകൂട്ടം ഹർജികളിന്മേൽ 18-6-2015-ലെ വിധിന്യായ പ്രകാരം ആവശ്യമായ നടപടി സ്വീകരിക്കുവാൻ ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമൊട്ടാകെ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തി കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം V ചട്ടം 2, 2 A എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്. വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ സ്ഥലങ്ങൾ 25-5-2016-ലെ 985-ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. അപേക്ഷ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് 3 കിലോമീറ്ററിനുള്ളിൽ യു.പി. സ്കൂൾ ഉണ്ടോയെന്നും പ്രസ്തുത സ്ഥലത്തെ വിദ്യാഭ്യാസ ആവശ്യകത സംബന്ധിച്ചും പരിശോധിക്കുന്നതാണ്.

## പ്ലസ് വൺ അഡ്മിഷൻ മാർജിനൽ ഇൻക്രീസ്

19 (2770) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അക്കാദമിക വർഷം പ്ലസ് വൺ അഡ്മിഷൻ മാർജിനൽ ഇൻക്രീസ് വരുത്തികൊണ്ടുള്ള ഉത്തരവിൽ ഇത് മൂലമുണ്ടാകുന്ന വിഷയങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കൂടി ഉത്തരവ് നൽകിയിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഈ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള കാലപരിധി വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) പ്രസ്തുത റിപ്പോർട്ട് 31-7-2016-നകം സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

(സി) ലഭിച്ച റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

## ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ

20 (2771) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ കഴിഞ്ഞ വർഷം സെപ്റ്റംബറിലും ഒക്ടോബറിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ ഇരുപത്തിയെട്ട് ജീവനക്കാരെ പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നിയമിതരായ എത്ര താത്ക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുവെന്നും പ്രസ്തുത ജീവനക്കാരെ നിലനിർത്തിക്കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായവരെ 179 ദിവസം പൂർത്തിയാക്കുന്നതിന് മുമ്പ് പിരിച്ചുവിട്ടതിന്റെ അടിസ്ഥാനം എന്തെന്നും അറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. വേതനം നൽകാനുള്ള ഫണ്ടിന്റെ അപര്യാപ്തതമൂലം 28 ജീവനക്കാരെ പിരിച്ചുവിട്ടിരുന്നു. തുടർന്ന് ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം അധിക ഫണ്ട് ലഭ്യമായതിനെത്തുടർന്ന് ജനുവരി 16-ന് ഇവരെ തിരിച്ചെടുത്തിട്ടുണ്ട്.

(ബി) 38 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ ജോലി ചെയ്തിരുന്നു. ജനുവരി 13-ന് ടിയാളുകളെ പിരിച്ചുവിട്ടിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തതയുണ്ടായപ്പോൾ അടിയന്തര സ്വഭാവമുള്ള ജോലികൾ ചെയ്ത് പരിചയമുള്ളവരെ ഒഴിവാക്കുന്നതിന് ആ സമയത്ത് നേരിട്ട പ്രതിസന്ധികൊണ്ടാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും പുതുതായി നിയമിച്ചവരെ താൽക്കാലികമായി മാറ്റി നിർത്തേണ്ടിവന്നത്. നിലവിൽ 7 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ താൽക്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്നുണ്ട്. ഇവരിൽ നാലുപേർ അദ്ധ്യാപകരുടെ ക്രെഡിറ്റ് കാർഡ് വിതരണവുമായി ബന്ധപ്പെട്ട് ട്രെയിനിംഗ് ലഭിച്ചവരായതിനാൽ അടിയന്തരമായി ജോലി പൂർത്തീകരിക്കണമെന്ന ധനകാര്യ വകുപ്പിന്റെ നിർദ്ദേശപ്രകാരം നിലനിർത്തിയിട്ടുള്ളതാണ്. അസാപ്, എൻ.എസ്.എസ്. എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് രണ്ടുപേരെ നിലനിർത്തിയിട്ടുണ്ട്. എംപ്ലോയ്മെന്റിൽ നിന്നും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ഡ്രൈവർ തസ്തികയിലുള്ള ജീവനക്കാരന് പകരം നിയമനം നടത്തുന്നതാണ്.

**ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ തസ്തികയിലെ സ്ഥാനക്കയറ്റം**

21 (2772) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) അർഹതപ്പെട്ട ഹയർ സെക്കണ്ടറി അദ്ധ്യാപകർക്ക് പ്രിൻസിപ്പൽമാരായി പ്രൊമോഷൻ നൽകുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ;

(സി) എങ്കിൽ അർഹരായ അദ്ധ്യാപകർക്ക് പ്രിൻസിപ്പൽമാരായി സ്ഥാനക്കയറ്റം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരുടെ 176 ഒഴിവുകൾ നിലവിലുണ്ട്.

(ബി&സി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്രിൻസിപ്പൽ നിയമനത്തിനായി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവനുസരിച്ച് എച്ച്.എസ്.എസ്.റ്റി.-മാരുടെ പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നത് ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തതിനാലാണ് പ്രൊമോഷൻ നൽകാതിരുന്നത്. പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും ലാബ് അസിസ്റ്റന്റുമാർക്കും ശമ്പളം**

22 (2773) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സർക്കാർ ഉത്തരവ് (കൈ) നമ്പർ 143/2014/പൊതു വി.സർക്കാർ ഉത്തരവ് (കൈ) 247/2014/പൊതു.വി.സർക്കാർ ഉത്തരവ് (കൈ) 77/2016/പൊതു.വി.എന്നീ ഉത്തരവുകൾ പ്രകാരം എയ്ഡഡ് ഹയർസെക്കണ്ടറി മേഖലയിൽ അനുവദിച്ച സ്കൂളുകളിൽ ജോലി ചെയ്യുന്ന ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും ലാബ് അസിസ്റ്റന്റുമാർക്കും കഴിഞ്ഞ മൂന്ന് വർഷക്കാലമായി ശമ്പളം ലഭിക്കുന്നില്ലയെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാരുടെ തസ്തിക നിർണ്ണയ നടപടി അടിയന്തരമായി പൂർത്തീകരിച്ച് അവർക്ക് ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തസ്തിക നിർണ്ണയത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ദേശീയ വിദ്യാഭ്യാസ നയം**

23 (2774) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കിയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ദേശീയ വിദ്യാഭ്യാസ നയം നടപ്പാക്കുന്നതോടൊപ്പം പൊതുവിദ്യാഭ്യാസം സംരക്ഷിക്കാൻ ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) പിന്നോക്ക മേഖലകളിൽ മതിയായ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും ഇതുവരെ ഔദ്യോഗികമായ യാതൊരു അറിയിപ്പും ലഭിച്ചിട്ടില്ല.

(ബി) പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനായി സർക്കാർ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതി മിഷൻ മാതൃകയിൽ നടപ്പിലാക്കിവരുന്നു.

പൊതുവിദ്യാഭ്യാസ രംഗത്തെ നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനു വേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ട് പൊതുവിദ്യാഭ്യാസ രംഗം ആധുനികവൽക്കരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി ആവിഷ്കരിക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യങ്ങൾ ഇവയാണ്. 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക, ഹൈസ്കൂൾ - ഹയർ സെക്കണ്ടറി തലത്തിൽ എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ്സ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക, എൽ.പി./യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക, 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും, അടുത്ത 2 വർഷംകൊണ്ട് രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും, ഓരോ ജില്ലയിലും 5 സ്കൂളുകളിൽ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുക എന്നിവയാണ്.

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പിന്നോക്ക മേഖലകളിൽ മതിയായ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായുള്ള വിവിധ കർമ്മ പരിപാടികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ രംഗത്ത് നയപരമായ മാറ്റങ്ങൾ_**

24 (2775) ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. പുരുഷൻ കടലുണ്ടി:

ശ്രീ. ഐ. ബി. സതീഷ്:

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് നയപരമായ മാറ്റങ്ങൾ വരുത്താൻ വേണ്ട ഇടപെടലിന് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഇതുവരെ എത്രമാത്രം സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) കൗൺസിലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് വേണ്ട മാറ്റങ്ങളെ കുറിച്ച് പഠിക്കാൻ നിയോഗിച്ച ഡോ.രാജൻ ഗുരുക്കൾ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്;

(സി) കാലാവധി കഴിഞ്ഞ ഉന്നത വിദ്യാഭ്യാസ കൗൺസിൽ പുനഃസംഘടിപ്പിക്കാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗുണമേന്മ, മികവ്, പ്രാപ്യത, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കുക, ടി മേഖലയുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളിൽ സർക്കാരിനും സർവ്വകലാശാലകൾക്കും ഉപദേശം നൽകുക തുടങ്ങിയ ഉത്തരവാദിത്വങ്ങളോടെ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ സമിതി. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം ഉയർത്തുന്നതിന് വിവിധ പദ്ധതികൾ സമിതി നടപ്പിലാക്കിവരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നയപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ബിരുദതല വിദ്യാഭ്യാസം പുനഃസംഘടിപ്പിച്ച് ക്രെഡിറ്റ് സെമസ്റ്റർ സമ്പ്രദായം സംസ്ഥാനത്ത് നടപ്പിലാക്കി.
2. കൗൺസിൽ സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ സർക്കാർ/എയ്ഡഡ് കോളേജുകൾക്ക് സർക്കാർ ഓട്ടോണമസ് പദവി നൽകി.

3. പാഠ്യപദ്ധതികളുടെ നവീകരണവും പരീക്ഷാ പരിഷ്കരണവും, മാനവികശേഷി വികസനവും കാര്യക്ഷമതാ പരിപോഷണവും, അക്കാദമിക മേഖലയിലുള്ള അന്താരാഷ്ട്ര സഹകരണത്തിനുള്ള പദ്ധതികൾ, കോളേജ്/ സർവ്വകലാശാല അദ്ധ്യാപകർക്ക് പ്രോത്സാഹനവും അവാർഡുകളും നൽകൽ, ഹ്രസ്വ-ദീർഘകാല ഗവേഷണ പദ്ധതികൾക്ക് സാമ്പത്തിക സഹായം, അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് ശില്പശാല, അന്താരാഷ്ട്ര സമ്മേളനങ്ങളും കൂടിയാലോചനകളും തുടങ്ങിയവ.

4. സർക്കാരിന് ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട നയപരമായ വിഷയങ്ങളിൽ പൊതുവായും പ്രത്യേക വിഷയങ്ങളിൽ കൃത്യമായും മറുപടി നൽകുന്നതിനുള്ള ചുമതല ഉന്നത വിദ്യാഭ്യാസ സമിതിക്കാണ്. സർക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് വിവിധ വിഷയങ്ങളെക്കുറിച്ച് കൗൺസിൽ പഠനം നടത്തുകയും റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്യുന്നു. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമകാലികമായി നടപ്പിലാക്കേണ്ട മാറ്റങ്ങളെക്കുറിച്ചുള്ള പഠനങ്ങളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്.

5. എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജുകൾ തുടങ്ങിയവ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. റിപ്പോർട്ട് സർക്കാർ പഠിച്ചുവരുന്നു.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**ഹൈടെക് ക്ലാസ്സ് റൂം പദ്ധതി**

25 (2776) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഹൈടെക് ക്ലാസ്സ് റൂം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ ;

(ബി) മികച്ച ഭൗതികസൗകര്യമുള്ള എയ്ഡഡ് സ്കൂളുകൾ പദ്ധതി കയ്യടക്കുമ്പോൾ നിലവാരമുള്ള സർക്കാർ സ്കൂളുകൾ പോലും പദ്ധതിയിൽ നിന്ന് പിന്തള്ളപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അടിസ്ഥാന സൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ ഹൈടെക് ക്ലാസ്സ് റൂം പദ്ധതി നടപ്പാക്കിയശേഷം എയ്ഡഡ് മേഖലയെ പരിഗണിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഹൈടെക് സ്കൂൾ പദ്ധതി ഈ വർഷം (2016-17) ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ അസംബ്ലി നിയോജകമണ്ഡലങ്ങളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അടച്ചുറപ്പുള്ള ക്ലാസ്സ് മുറികളിൽ കമ്പ്യൂട്ടർ/ലാപ്ടോപ്പ്, പ്രൊജക്ടർ, ഇന്റർനെറ്റ് സൗകര്യം, ഇ-കണ്ടന്റ്, പ്രത്യേക പരിശീലനം തുടങ്ങിയവയാണ് ഇപ്പോൾ ലഭ്യമാകുന്നത്. സ്കൂളിലെ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കമ്പ്യൂട്ടർ ലാബുകളും നൽകുന്നുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യത്തോടെയാണ് സർക്കാർ 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം' നടപ്പിലാക്കുന്നത്. എല്ലാ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെയും 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ  പദ്ധതി നടപ്പിലാക്കുന്നതിനാൽ സർക്കാർ സ്കൂളുകൾ ഒരിക്കലും പദ്ധതിയിൽനിന്നും പിന്തള്ളപ്പെടില്ല.

(സി) അടിസ്ഥാന സൗകര്യമുള്ള സർക്കാർ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനോടൊപ്പം അടിസ്ഥാന സൗകര്യമുള്ള എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്.

**പരീക്ഷാ സമ്പ്രദായം മാറ്റുവാനുള്ള നീക്കം**

26 (2777) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹയർസെക്കണ്ടറി മേഖലയിൽ അക്കാഡമിക് വിഭാഗവും കരിക്കുലം കമ്മിറ്റിയും രണ്ട് തട്ടിൽ ആണെന്ന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യക്തമായ മുന്നൊരുക്കം ഇല്ലാതെ ഈ വർഷത്തെ പരീക്ഷാ സമ്പ്രദായം മാറ്റുവാൻ എസ്.സി.ഇ.ആർ.റ്റി.-യും കരിക്കുലം കമ്മിറ്റിയും നീക്കം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കുറ്റമറ്റ രീതിയിൽ നടക്കുന്ന ഹയർസെക്കണ്ടറി മേഖലയെ തകർക്കുവാനുള്ള ചില കേന്ദ്രങ്ങളുടെ ഇടപെടലുകൾ ഭാവിയിൽ ഹയർസെക്കണ്ടറി മേഖലയിൽ സംരക്ഷിത വിഭാഗം അദ്ധ്യാപകർ ഉണ്ടാകുവാൻ സാധ്യതയുണ്ടാക്കുമെന്ന വസ്തുത മനസ്സിലാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പരീക്ഷാ സമ്പ്രദായം മാറ്റുവാൻ തീരുമാനമെടുത്തിട്ടില്ല.

(സി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്കോൾ കേരള**

27 (2778) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പൺ സ്കൂളിനെ പുനഃസംഘടിപ്പിച്ച് രൂപീകരിച്ച സ്കോൾ കേരളയിൽ നിലവിൽ എത്ര തസ്തികകളും ജീവനക്കാരുമുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്കോൾ കേരളയിൽ പുതിയതായി ഏതെങ്കിലും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സ്കോൾ കേരളയുടെ ജനറൽ കൗൺസിൽ യോഗം അധിക തസ്തിക സൃഷ്ടിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി അനുമതി നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ - കേരള (സ്കോൾ-കേരള) യിൽ നിലവിൽ വൈസ് ചെയർമാൻ, എക്സിക്യൂട്ടീവ് ഡയറക്ടർ, സെക്രട്ടറി എന്നീ തസ്തികകളിൽ 3 പേരും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന 87 പേരും ഉൾപ്പെടെ ആകെ 90 ജീവനക്കാരുണ്ട്.

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സ്കോൾ കേരളയിൽ പുതിയതായി തസ്തികകളൊന്നും സൃഷ്ടിച്ചിട്ടില്ല.

(സി) അധിക തസ്തിക സൃഷ്ടിക്കണമെന്ന് തീരുമാനിച്ചിട്ടില്ല.

**ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്**

28 (2779) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പതിനഞ്ച് സ്കൂളുകൾക്ക് ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് 2016-17-ലെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള എം.എൽ.എ.- യുടെ നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതിനായുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

**റാഗിംഗ് തടയാൻ നടപടി**

29 (2780) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെയും, സംസ്ഥാനത്തിനുപുറത്തെയും കലാലയങ്ങളിൽ പഠിക്കുന്ന കേരളീയരായ കുട്ടികൾക്ക്, പൂർവ്വ വിദ്യാർത്ഥികൾ/കോളേജിലെ ജീവനക്കാർ/സീനിയർ വിദ്യാർത്ഥികൾ/സുഹൃത്തുക്കളായ പുറത്തുള്ളവർ എന്നിവരിൽ നിന്നും റാഗിംഗ് എന്ന പേരിൽ കൊടുംക്രൂരതയ്ക്കും കൊലപാതകത്തിനും വരെ വിധേയരാകേണ്ടിവരുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ കഴിഞ്ഞ അഞ്ച് വർഷമായി സംസ്ഥാനത്ത് റിപ്പോർട്ടുചെയ്തതും, ഇവിടെനിന്നും മറ്റു സംസ്ഥാനങ്ങളിൽ പഠനത്തിന് പോയവർക്കുമായി ഓരോവർഷവും എത്ര കേസ്സുകൾ റിപ്പോർട്ടു ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ദുഷ് പ്രവണതകൾ തടയുവാൻ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും, നിലവിലെ നിയമം ഇവ പരിഹരിക്കാൻ പര്യാപ്തമാണോ എന്നും വ്യക്തമാക്കുമോ;

(ഡി) കോളേജുകളിലെ ആന്റി റാഗിംഗ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമല്ലാതാകുന്നത് പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ 5 വർഷങ്ങളിൽ സംസ്ഥാനത്തും സംസ്ഥാനത്തിന് പുറത്തുമായി പഠനത്തിനുപോയ വിദ്യാർത്ഥികൾക്കെതിരെ റാഗിംഗുമായി ബന്ധപ്പെട്ട് 2012, 2013 വർഷങ്ങളിൽ 19 കേസ്സുകൾ വീതവും, 2014-ൽ 21 കേസ്സുകളും, 2015-ൽ 60 കേസ്സുകളും, 2016-ൽ 65 കേസ്സുകളും, 2017-ൽ ഇതുവരെ 8 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) റാഗിംഗുമായി ബന്ധപ്പെട്ട ദുഷ്പ്രവണതകൾ തടയുവാനായി Kerala prohibition of Ragging Act പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ റാഗിംഗ് തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ പോലീസിന്റെ നേതൃത്വത്തിൽ നൽകിവരുന്നുണ്ട്. റാഗിംഗ് തടയുന്നതിനായി കേരള സർവ്വകലാശാലയുടെ കീഴിൽ ആന്റി റാഗിംഗ് കമ്മിറ്റിയും ആന്റി റാഗിംഗ് സ്ക്വാഡും മോണിറ്ററിംഗ് സെല്ലും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിംഗ് നിയന്ത്രണവിധേയമാക്കുവാൻ കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം നിഷ്കർഷിച്ചതനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആന്റി റാഗിംഗ് കമ്മിറ്റി ബന്ധപ്പെട്ട ഡെപ്യൂട്ടി കമ്മീഷണറുടെയോ ജില്ലാ ജഡ്ജിയുടെയോ സാന്നിദ്ധ്യത്തിൽ രൂപീകരിക്കുവാനും റാഗിംഗിന് ഇരയാകുന്നവരുടെ പരാതികൾ ലഭിക്കുന്ന മുറയ്ക്ക് ആയതിന് അടിയന്തര പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ വരുന്ന എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കുറ്റകൃത്യങ്ങൾ പരിഹരിക്കുന്നതിന് നിലവിലുള്ള നിയമം ഒരു പരിധിവരെ പര്യാപ്തമാണ്.

(ഡി) കോളേജുകളിൽ ആന്റി റാഗിംഗ് സെല്ലുകളുടെ പ്രവർത്തനം ഫലപ്രദമല്ലാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിലെ എല്ലാ വകുപ്പ് മേലധികാരികൾക്കും ആന്റി റാഗിംഗ് സെല്ലുകളുടെ പ്രവർത്തനം മോണിറ്ററിംഗ് ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**നാഷണൽ സ്കീമിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്**

30 (2781) <u>ശ്രീ. ആർ. രാജേഷ്:</u>

<u>ശ്രീ. ജോർജ് എം. തോമസ്:</u>

<u>ശ്രീ. യു. ആർ. പ്രദീപ്:</u>

<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് ഏത് വർഷം നടപ്പിലാക്കണമെന്നായിരുന്നു കേന്ദ്രം നിർദ്ദേശിച്ചിരുന്നത്; കഴിഞ്ഞ സർക്കാർ ഇതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫ്രെയിംവർക്ക് നടപ്പിലാക്കിയില്ലെങ്കിൽ പൊതുവിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം ഭവിഷ്യത്തുകളാണ് ഉണ്ടാകാൻ സാധ്യതയുള്ളത്;

(സി) പ്രസ്തുത ഫ്രെയിംവർക്ക് നടപ്പിലാക്കുന്നതിനുവേണ്ടി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) 20-12-2018-ന് മുമ്പായി നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് പൂർണ്ണമായും പൂർത്തിയാക്കേണ്ടതുണ്ടെന്നാണ് കേന്ദ്രം നിർദ്ദേശിക്കുന്നത്. 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിലെ പദ്ധതി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും ടി ഇനത്തിന് കേന്ദ്ര സർക്കാരിൽനിന്ന് ആർ.എം.എസ്.എ.-യ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ഫ്രെയിംവർക്ക് നിർബന്ധിതമാക്കിയാലുണ്ടാകുന്ന ദോഷഫലങ്ങളെ സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

(സി) 2017-18-ലെ പദ്ധതി പ്രകാരം 20 സെക്കണ്ടറി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് നടപ്പിലാക്കാൻ കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുത്തിട്ടുണ്ട്.

**കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള സ്റ്റാഫ് ഫിക്സേഷൻ**

31 (2782) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽ; കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമത്തിലെ ഏതെല്ലാം ഭാഗങ്ങളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) കെ.ഇ.ആർ. അനുസരിച്ചാണോ കേന്ദ്രവിദ്യാഭ്യാസ അവകാശ നിയമ പ്രകാരമുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം അനുസരിച്ചാണോ ഇക്കഴിഞ്ഞ സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് ഇറക്കിയതെന്ന് വ്യക്തമാക്കുമോ; സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ; സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് അനുസരിച്ച് കെ.ഇ.ആർ. ഭേദഗതി ചെയ്യുമോയെന്ന് വ്യക്തമാക്കുമോ;

(സി) കെ.ഇ.ആർ. ഭേദഗതികൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; 2011 ജനുവരി മുതൽ നടത്തിയ ഭേദഗതികൾ ഏതെല്ലാം; ഓരോന്നും വ്യക്തമാക്കുമോ; തസ്തിക നിർണ്ണയം സംബന്ധിച്ച് ഇറക്കിയ ഉത്തരവുകളെ അടിസ്ഥാനമായി കെ.ഇ.ആർ.ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-4-2010 മുതൽ നിലവിൽ വന്ന "സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ ആക്ട്-2009" (കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം) കേരളത്തിലും നടപ്പാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച കേരള ചട്ടങ്ങൾ (കേരള സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ലഭിക്കാനുള്ള കുട്ടികളുടെ അവകാശ ചട്ടങ്ങൾ 2011) 30-4-2011-ലെ ജി.ഒ.(പി) നമ്പർ 100/2011/പൊ.വി.വ. പ്രകാരം 6-5-2011 മുതൽ പ്രാബല്യത്തിലായതോടെ നമ്മുടെ സംസ്ഥാനത്തും കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ട്. കേന്ദ്ര ആക്ട് സെക്ഷൻ 25 പ്രകാരം ആക്ട് നിലവിൽ വന്ന് (01-4-2010) മൂന്ന് വർഷത്തിനുള്ളിലാണ് ആക്ടിന്റെ ഷെഡ്യൂളിൽ പറയുന്ന വിദ്യാർത്ഥി-അദ്ധ്യാപക അനുപാതം (PTR) സംസ്ഥാനത്ത് നടപ്പിലാക്കേണ്ടത്. 2012-13 വർഷം മുതൽ ഇതും കേരളത്തിൽ പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്.

(ബി&സി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഗസ്റ്റ് ലക്ചറർമാർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം**

32 (2783) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 കാലയളവിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് ലക്ചററായി ജോലി നോക്കുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം ഉണ്ടോ;

(ബി) അവരുടെ തസ്തിക അംഗീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണ്;

(സി) അദ്ധ്യാപക തസ്തികകൾക്ക് അംഗീകാരം നൽകി അവർക്ക് ശമ്പളം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2014-15, 2015-16 കാലയളവിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഗസ്റ്റ് അദ്ധ്യാപകരായി ജോലി ചെയ്യുന്നവർക്ക് 31-10-2016-ലെ സ.ഉ.(കൈ) നമ്പർ185/2016/പൊ.വി.വ. ഉത്തരവിന്റെയും 3-2-2017-ലെ 1154660/റ്റി2/2017/പൊ.വി.വ. സർക്കാർ കത്തിന്റെയും അടിസ്ഥാനത്തിൽ വേതനം അനുവദിക്കാൻ ഹയർ സെക്കണ്ടറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാനത്ത് 2014-15, 2015-16 അദ്ധ്യയന വർഷം അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം കണക്കിലെടുത്തുകൊണ്ട് തസ്തിക നിശ്ചയിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. ധനകാര്യ വകുപ്പിന്റെ അനുമതിക്കും മന്ത്രിസഭാ യോഗതീരുമാനത്തിനും വിധേയമായി മാത്രമേ തസ്തിക സൃഷ്ടിച്ച് നിയമന അംഗീകാരം നൽകാൻ കഴിയുകയുള്ളൂ. അപ്രകാരം തസ്തിക സൃഷ്ടിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ നിയന്ത്രണം**

33 (2784) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1979 മേയ് 22- ന് ശേഷം പുതിയതായി തുടങ്ങിയതോ, അപ്ഗ്രേഡ് ചെയ്യുന്നതോ ആയ സ്കൂളുകളിൽ ഭാവിയിൽ വരുന്ന എല്ലാ ഒഴിവുകളും അദ്ധ്യാപക ബാങ്കിൽ നിന്നും നിയമനം നടത്തണമെന്ന വ്യവസ്ഥ പ്രകാരം 2017-18 അദ്ധ്യയനവർഷം എത്ര അദ്ധ്യാപകരെ നിയമിക്കാൻ കഴിയും എന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) 1979-ന് മുമ്പ് നിലവിൽ വന്ന സ്കൂളുകളിലുള്ള രണ്ട് അധിക തസ്തികകളിൽ ഒന്നിലേയ്ക്ക് അദ്ധ്യാപക ബാങ്കിൽ നിന്നും നിയമനം നടത്തണമെന്ന വ്യവസ്ഥ പ്രകാരം 2017-18 അദ്ധ്യായനവർഷം എത്ര അദ്ധ്യാപകരെ അദ്ധ്യാപക ബാങ്കിൽ നിന്നും നിയമിക്കുവാൻ സാധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനത്തിൽ നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഭാഗമായുള്ള കെ.ഇ.ആർ.ഭേദഗതിക്കെതിരെ എയ്ഡഡ് സ്കൂൾ മാനേജർമാർ പരാതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017 ജൂൺ മാസം സ്കൂൾ തുറന്നതിനുശേഷമുള്ള ആറാം സാധ്യായ ദിനത്തിലെ കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി 2017-18 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം നടത്തിയതിനുശേഷം മാത്രമേ നിയമിക്കേണ്ട അദ്ധ്യാപകരുടെ എണ്ണം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(സി) നൽകിയിട്ടുണ്ട്.

## കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയം

34 (2785) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>

<u>ശ്രീ. സി. കെ. നാണു</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പുതിയ വിദ്യാഭ്യാസ നയം കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏതൊക്കെ രീതിയിലാണ് ബാധിക്കുക എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി പ്ലസ് ടു വരെ എല്ലാ ക്ലാസ്സുകളിലും ഏകീകൃത സിലബസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രൈമറി-ഹൈസ്കൂൾ-ഹയർസെക്കണ്ടറിതലം വരെ നവീകരിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയിലുപരിയായി എന്തൊക്കെയാണ് പ്രസ്തുത നയം വിഭാവനം ചെയ്യുന്നത്;

(ഡി) ഈ നയം നടപ്പിലാക്കാൻ സംസ്ഥാന സർക്കാരിന് കേന്ദ്ര വിഹിതം ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ പുതിയ വിദ്യാഭ്യാസ നയം ഇതുവരെ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല.

(ബി) കേരളത്തിന്റെ സവിശേഷതകൾ ഉൾക്കൊള്ളുന്നതും ഇവിടത്തെ വിദ്യാർത്ഥികൾക്ക് മികച്ച നിലവാരം കൈവരിക്കാൻ സഹായിക്കുന്നതുമായ സിലബസാണ് ലക്ഷ്യമിടുന്നത്.

(സി) സംസ്ഥാനത്തിന്റെ സമഗ്ര വിദ്യാഭ്യാസ വികസന പദ്ധതിയിലൂടെ വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താൻ ലക്ഷ്യമിടുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും ഐ.സി.റ്റി. സാധ്യതകൾ പഠനത്തിൽ ഫലപ്രദമായി ഉപയോഗിക്കാനും പ്രകൃതിയുമായി ഇണങ്ങിയുള്ള പഠനം പ്രോത്സാഹിപ്പിക്കാനുമുള്ള പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികൾ സംസ്ഥാന സർക്കാർ നേരിട്ട് നടപ്പിലാക്കുന്നതാണ്. അവ കേന്ദ്ര പദ്ധതിയുടെ ഭാഗമല്ല.

## മലപ്പുറം മണ്ഡലത്തിലെ വിദ്യാലയങ്ങൾക്ക് ബസ് വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ

35 (2786) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി മലപ്പുറം മണ്ഡലത്തിലെ 10 വിദ്യാലയങ്ങൾക്ക് രണ്ട് ഘട്ടങ്ങളിലായി 95 ലക്ഷം രൂപ അനുവദിച്ച് സ്കൂൾ ബസ് വാങ്ങുന്നതിനുള്ള പ്രൊപ്പോസലിന്റെ നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഏത് കമ്പനിക്കാണ് ടെണ്ടർ നൽകിയിട്ടുള്ളത്;

(സി) ധനകാര്യ വകുപ്പ് ചീഫ് എഞ്ചിനീയർ, വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസ് എന്നിവിടങ്ങളിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ;

(ഡി) ഓരോ വിദ്യാലയങ്ങൾക്കും ഈ അദ്ധ്യായന വർഷാവസാനത്തിന് മുൻപ് തന്നെ വാഹനം വിതരണം ചെയ്യുമോ?

ഉത്തരം

(എ) മലപ്പുറം നിയോജക മണ്ഡലത്തിലെ 10 വിദ്യാലയങ്ങൾക്ക് ബസ്സുകൾ വാങ്ങുന്നതിന് 23-11-2015-ലെ സ.ഉ.(സാധാ)5529/2015/പൊ.വി.വ., 28-6-2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 2047/2016/പൊ.വി.വ. എന്നീ ഉത്തരവുകൾ പ്രകാരം യഥാക്രമം 50 ലക്ഷം രൂപയും 45 ലക്ഷം രൂപയും ചെലവാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. 23-11-2015-ലെ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപ ഉപയോഗിച്ച് 5 സ്കൂളുകൾക്ക് വാഹനങ്ങൾ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ഇതനുസരിച്ച് സ്കൂളുകളിൽ വാഹനം വിതരണം ചെയ്യുന്നതിനുള്ള ഉത്തരവും വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയിട്ടുണ്ട്.

28-6-2016-ലെ ഉത്തരവ് പ്രകാരമുള്ള 45 ലക്ഷം രൂപ ഇതുവരെ ലഭ്യമായിട്ടില്ല. ഇതിനുള്ള ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ എംലി സോഫ്റ്റ്‌വെയറിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ച്നീയർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) 23-11-2015-ലെ സ.ഉ.(സാധാ) 5529/2015/പൊ.വി.വ. പ്രകാരം ഭരണാനുമതി ലഭിച്ച 5 സ്കൂളുകൾക്ക് വാഹനം നൽകുന്നതിന് ഇ-ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സിൽവർ മോട്ടേഴ്സ്, മഞ്ചേരി, പാത്തിക്കൽ ടെമ്പോ ലിങ്ക്, മലപ്പുറം എന്നീ സ്ഥാപനങ്ങൾക്കാണ് ടെണ്ടർ പ്രകാരം വിതരണ ഉത്തരവ് നൽകിയിട്ടുള്ളത്.

(സി) മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ, ബന്ധപ്പെട്ട സ്കൂളുകളിൽനിന്നും അവർക്ക് അനുയോജ്യമായ വാഹനത്തിന്റെ വിശദാംശങ്ങൾ ആവശ്യപ്പെടുകയും ഭരണാനുമതി ഉത്തരവ് പ്രകാരം തുക ലഭ്യമായ മുറയ്ക്ക് ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

28-6-2016-ലെ ജി.ഒ. (ആർ.റ്റി.)നമ്പർ 2047/2016/പൊ.വി.വ. നമ്പർ ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക ലഭ്യമാക്കുന്നതിനുവേണ്ടി മലപ്പുറം പൊതുമരാമത്ത് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ആദ്യം ലഭിച്ച അനുമതി ഉത്തരവിൽ പരാമർശിച്ച 5 സ്കൂളുകൾക്ക് ഈ അദ്ധ്യയന വർഷാവസാനത്തിന് മുമ്പുതന്നെ വാഹനങ്ങൾ വിതരണം ചെയ്യുന്നതാണ്.

ബാക്കിയുള്ളവ നടപടിക്രമങ്ങൾ പാലിച്ച് വാങ്ങി നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## തലശ്ശേരി നിയോജകമണ്ഡലത്തിലെ വിദ്യാലയങ്ങൾ

36 (2787) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി മണ്ഡലത്തിലെ സർക്കാർ, എയ്ഡഡ് മേഖലകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ സ്ഥാപനത്തിന്റെ പേര്, പഠിക്കുന്ന കുട്ടികളുടെ എണ്ണം, അദ്ധ്യാപകരുടെ എണ്ണം, അനദ്ധ്യാപകരുടെ എണ്ണം, സ്ഥാപനം ആരംഭിച്ച വർഷം എന്നക്രമത്തിൽ ലഭ്യമാക്കുമോ?

ഉത്തരം

പൊതുവിദ്യാഭ്യാസ വകുപ്പ്, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പ് എന്നീ വകുപ്പുകളിലെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബാലാവകാശ കമ്മീഷൻ നിർദ്ദേശം

37 (2788) ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. എൽദോസ് കുന്നപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്ന ബാലാവകാശ കമ്മീഷൻ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എൽ.കെ.ജി. തലം മുതലുള്ള സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ പ്രസ്തുത നിർദ്ദേശം കർശനമായി നടപ്പിലാക്കുമോ;

(സി) 2016-17 അദ്ധ്യയനവർഷം ഏതെങ്കിലും സർക്കാർ/എയ്ഡഡ് സ്കൂൾ കെട്ടിടം തകർന്ന് വീണ് കുട്ടികൾ മരിച്ചതോ, പരിക്കേറ്റതോ ആയ സംഭവമുണ്ടായിട്ടുണ്ടോ; പ്രസ്തുത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുണ്ടായിരുന്നോ; ഇല്ലെങ്കിൽ അവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ബാലാവകാശ കമ്മീഷന്റെ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളുടെ കെട്ടിടങ്ങൾക്ക് എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുമ്പായി പൊതുമരാമത്ത് /എൽ.എസ്.ജി.ഡി. എഞ്ചിനീയർ എന്നിവർ പരിശോധിച്ച് നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താനും ജീർണ്ണാവസ്ഥയിലുള്ളതും ഉപയോഗയോഗ്യമല്ലാത്തതുമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റാനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാനും എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശം നടപ്പാക്കിലാൻ ബന്ധപ്പെട്ട അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ശിക്ഷാ നടപടികൾ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്നതാണ്.

**സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി**

38 (2789) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതിയിൽ മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2016-2021 കാലയളവിൽ 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മണലൂർ നിയോജക മണ്ഡലത്തിലെ ഒരു ഹൈസ്കൂൾ മികവിന്റെ കേന്ദ്രമായി ഉയർത്തപ്പെടും. ഇതിന്റെ ഭാഗമായി പ്രസ്തുത സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ആവശ്യാനുസരണം മെച്ചപ്പെടുത്തുകയും ലൈബ്രറി, ലബോറട്ടറി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതാണ്. സ്ഥലപരിമിതിയ്ക്ക് അനുസൃതമായി ജൈവവൈവിധ്യ പാർക്കിന്റെ നിർമ്മാണവും നടത്തുന്നതാണ്. കൂടാതെ എല്ലാ സ്കൂളുകൾക്കും ലഭ്യമാകുന്ന തരത്തിലുള്ള അക്കാദമിക മികവ് കൈവരിക്കുന്നതിനുള്ള സൗകര്യവും ടി സ്കൂളിന് ലഭിക്കുന്നതാണ്.

**സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി**

39 (2790) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സ്വാശ്രയ സ്ഥാപനങ്ങളിൽ വിദ്യാർത്ഥി പീഡനവും അരാജകത്വവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ പ്രവേശന കാര്യത്തിൽ സർക്കാർ ഇടപെടലിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ;

(സി) സ്വാശ്രയ മേഖലയിലെ അദ്ധ്യാപകർക്ക് മിനിമം വേതനം പോലും ലഭിക്കാതെ ചൂഷണം ചെയ്യപ്പെടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ യു.ജി.സി., എ.ഐ.സി.റ്റി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തുവരുന്നു. എന്നിരുന്നാലും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017 തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ37/2017/ഉ.വി.വ. ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ.കെ.എൻ. കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

ഇന്റേണൽ അസസ്മെന്റുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 3-2-2017-ലെ ജി.ഒ.(സാധാ)നമ്പർ 179/2017/ഉ.വി.വ. ഉത്തരവ് പ്രകാരം എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ കൺവീനറും എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല, ആരോഗ്യ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല വൈസ്ചാൻസലർമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയമിക്കപ്പെട്ട ജസ്റ്റിസ് കെ.കെ.ദിനേശൻ കമ്മീഷന്റെയും വൈസ്ചാൻസലർമാരുടെ കമ്മിറ്റിയുടേയും റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് പ്രവേശനം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 19-7-2014-ലെ സ.ഉ.(കൈ)നമ്പർ552/2014/ഉ.വി.വ. ഉത്തരവ് പ്രകാരം യു.ജി.സി./നെറ്റ്, പി.എച്ച്.ഡി. യോഗ്യതയുള്ള അദ്ധ്യാപകർക്ക് തത്തുല്യ തസ്തികയിലെ സംസ്ഥാന ശമ്പള സ്കെയിൽ അനുവദിക്കുന്നതിനും എഞ്ചിനീയറിംഗ് കോളേജുകളിലെ യോഗ്യരായ അദ്ധ്യാപകർക്ക് എ.ഐ.സി.ടി.ഇ. നിർദ്ദേശിച്ചിട്ടുള്ള ശമ്പള സ്കെയിൽ അനുവദിക്കുന്നതിനും നിർദ്ദേശിക്കുകയുണ്ടായി. ഇതര അദ്ധ്യാപകർക്ക് കുറഞ്ഞ വേതനമായി 10,000 രൂപ നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

ഫാക്കൽറ്റികൾക്കുള്ള കുറഞ്ഞ കരാർ ദൈർഘ്യം 3 വർഷമായി നിജപ്പെടുത്തി. പ്രസവാവധി, ഇ.എസ്.ഐ., സി.പി.എഫ്. എന്നീ ആനുകൂല്യങ്ങൾ അദ്ധ്യാപകർക്ക് അനുവദിച്ച് നൽകി. യോഗ്യരായ അദ്ധ്യാപകരുടെ സേവനം യൂണിവേഴ്സിറ്റി പരീക്ഷ ജോലികൾക്കും പരീക്ഷ പേപ്പർ മൂല്യനിർണ്ണയത്തിനും ഡ്യൂട്ടി ലീവായി പരിഗണിക്കുവാൻ അംഗീകാരം നൽകി. ടി ഉത്തരവിൽ വ്യവസ്ഥ ചെയ്യുന്ന കാര്യങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് യൂണിവേഴ്സിറ്റി തലത്തിൽ മോണിറ്ററിംഗ് സമിതിയെ നിശ്ചയിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**രോഗികളായ കുട്ടികളുടെ വിദ്യാഭ്യാസത്തിന് എസ്.എസ്.എ. വഴി**

**പദ്ധതികൾ**

40 (2791) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ രോഗങ്ങൾ ബാധിച്ച് സ്കൂളിൽ പോകാൻ കഴിയാതെ വീട്ടുകളിൽ കഴിയുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനും ക്ഷേമത്തിനുമായി ഇപ്പോൾ എസ്.എസ്.എ. വഴി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ വിപുലീകരിക്കുമോ;

(ബി) ഇതിനായി നിയമിച്ചിരിക്കുന്ന അദ്ധ്യാപകർക്ക് സ്ഥിര നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗുരുതരമായ രോഗം ബാധിച്ച് സ്കൂളുകളിൽ എത്താൻ കഴിയാത്ത കുട്ടികൾക്ക് റിസോഴ്സ് അദ്ധ്യാപകർ അവരുടെ വീട്ടുകളിൽ എത്തി പഠന പ്രവർത്തനങ്ങൾ നടത്തുന്നു. ഓരോ കുട്ടിയുടെയും അവന്റെ പ്രായത്തിനനുസരിച്ചും ശേഷികൾക്കനുസരിച്ചും ശേഷി വികസനത്തിനുമുള്ള പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം നടത്തുന്ന കുട്ടികൾക്ക് യൂണിഫോമും ആവശ്യമായ പഠനബോധന സാമഗ്രികളും എസ്.എസ്.എ. വഴി നൽകിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.എസ്.എ.-യുടെ ചട്ടങ്ങൾക്ക് വിധേയമായാണ് ഇത്തരം പ്രവർത്തനങ്ങൾ ചെയ്തുവരുന്നത്.

(ബി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പ്രകാരം ഇത്തരം അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ സമാഹൃത വേതനം നൽകി നിയമിക്കുവാൻ മാത്രമേ നിലവിൽ വ്യവസ്ഥയുള്ളൂ.

**ഹൈടെക് വിദ്യാലയങ്ങൾ**

41 (2792) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളാണ് ഹൈടെക് ആക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എൽ.പി. സ്കൂൾ ഹൈടെക് ആക്കി മാറ്റുമ്പോൾ വിദ്യാർത്ഥികൾക്ക്

ലഭിക്കുന്ന സൗകര്യങ്ങൾ വിശദീകരിക്കുമോ;

(സി) ഹൈടെക് വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ, വിവരസാങ്കേതികവിദ്യ പഠിപ്പിക്കുന്നതിന് കൂടുതൽ അദ്ധ്യാപകരെ നിയമിക്കുമോ; വിശദീകരിക്കുമോ;

(ഡി) നിലവിലെ അദ്ധ്യാപകർക്ക് കൂടുതൽ ഐ.ടി. പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നതിനാൽ കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും പദ്ധതി നടപ്പിലാക്കുന്നതാണ്.

(ബി) സർക്കാർ നിലവിൽ പ്രഖ്യാപിച്ച ഹൈടെക് സ്കൂൾ പദ്ധതി ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് നടപ്പാക്കുന്നത്. സർക്കാർ/എയ്ഡഡ് എൽ.പി./യു.പി. സ്കൂളുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് ലഭ്യമാക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എൽ.പി./യു.പി. സ്കൂളുകളിൽ ഐ.ടി. ലാബുകൾ സ്ഥാപിക്കുന്നതാണ്.

(സി) ഐ.സി.ടി. അധിഷ്ഠിത വിദ്യാഭ്യാസമാണ് സ്കൂളുകളിൽ നടപ്പിലാക്കുന്നത്. നിലവിലുള്ള അദ്ധ്യാപകർക്ക് നിരന്തര പരിശീലനം നൽകി ഐ.സി.ടി.-യുടെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് പഠന-ബോധന പ്രക്രിയ കൂടുതൽ ഫലപ്രദമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ആയതിനാൽ വിവര സാങ്കേതിക വിദ്യാപഠനത്തിന് മാത്രമായി പ്രത്യേക അദ്ധ്യാപകരെ നിയമിക്കേണ്ട ആവശ്യം വരുന്നില്ല.

(ഡി) നിലവിലുള്ള എല്ലാ അദ്ധ്യാപകർക്കും ഐ.സി.ടി. പരിശീലനവും ഐ.സി.ടി. അധിഷ്ഠിത പാഠഭാഗങ്ങൾ ഫലപ്രദമായി വിനിമയം ചെയ്യുന്നതിനുള്ള പ്രത്യേക പരിശീലനവും നൽകുന്നതാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ ഒഴിവുകൾ**

42 (2793) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലെ ജീവനക്കാരുടെ ഒഴിവുകൾ കാറ്റഗറി തിരിച്ച് വിശദമാക്കാമോ;

(ബി) ഓരോ സ്കൂളിലും ഉള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ജി.എച്ച്.എസ്., കല്ലറ

എച്ച്.എസ്.എ. (ഇംഗ്ലീഷ്) -1

ഡ്രോയിംഗ് -1

ജി.എച്ച്.എസ്., ജവഹർ കോളനി

എച്ച്.എസ്.എ. (ഇംഗ്ലീഷ്) -1

എച്ച്.എസ്.എ. (മാത്സ്) -1

എച്ച്.എസ്.എ. (നാച്ചുറൽ സയൻസ്) -1

എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) -1

എച്ച്.എസ്.എ. (മലയാളം) -1

യു.പി.എസ്.എ. (മലയാളം) -2

എൽ.പി.എസ്.എ. (മലയാളം) -2

ക്ലാർക്ക് -1

ജി.എച്ച്.എസ്., വെഞ്ഞാറമൂട്

എച്ച്.എസ്.എ. (മാത്സ്) -1

എച്ച്.എസ്.എ. (അറബിക്- പാർട്ട് ടൈം)-1

ഗവൺമെന്റ് ട്രൈബൽ എച്ച്.എസ്., ഇടിഞ്ഞാർ

എച്ച്.എസ്.എ. (ഹിന്ദി) -1

ഓഫീസ് അറ്റൻഡന്റ് -2

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഗവൺമെന്റ് ജി.എച്ച്.എസ്.എസ്., ഭരതന്നൂർ</u>

എച്ച്.എസ്.എ. (ഹിന്ദി) -1

യു.പി.എസ്.എ. (മലയാളം) -1

ക്ലാർക്ക് -1

ഓഫീസ് അറ്റൻഡന്റ് -1

<u>ജി.എച്ച്.എസ്., മടത്തറക്കാണി</u>

എച്ച്.എസ്.എ. (അറബിക്)-1

<u>ജവഹർ എൽ.പി.എസ്., തെന്നൂർ</u>

എൽ.പി.എസ്.എ. (അറബിക്-ഫുൾ ടൈം)-1

<u>ഗവ. ബി.എച്ച്.എസ്., മിതൃമ്മല</u>

യു.പി.എസ്.എ. (മലയാളം)-3

<u>പഞ്ചായത്ത് യു.പി.എസ്., തെങ്ങുംകോട്</u>

യു.പി.എസ്.എ. (മലയാളം)-1

<u>ഗവ. യു.പി.എസ്., വിതുര</u>

യു.പി.എസ്.എ. (മലയാളം)-1

<u>വി.വി.ദായിനി. ഗവ. യു.പി.എസ്.</u>

യു.പി.എസ്.എ. (മലയാളം)-2

<u>ഗവ. യു.പി.എസ്., വാമനപുരം</u>

യു.പി.എസ്.എ. (മലയാളം)-2

<u>ഗവ. യു.പി.എസ്., പൊൻമുടി</u>

യു.പി.എസ്.എ. (മലയാളം)-1

എൽ.പി.എസ്.എ. (മലയാളം)-1

<u>ഗവ. യു.പി.എസ്., വെഞ്ഞാറമൂട്</u>

യു.പി.എസ്.എ. (മലയാളം)-1

ഗവ. എൽ.പി.എസ്., ഭരതന്നൂർ

എൽ.പി.എസ്.എ. (മലയാളം)-1

ഗവ. യു.പി.എസ്., പെരിങ്ങമ്മല

എൽ.പി.എസ്.എ. (മലയാളം)-2

ഗവ. എൽ.പി.എസ്., പാങ്ങോട്

എൽ.പി.എസ്.എ. (മലയാളം)-2

ഗവ. യു.പി.എസ്., ആലന്തറ

ഓഫീസ് അറ്റൻഡന്റ്-1

ഗവ. യു.പി.എസ്., പാലുവള്ളി

ഓഫീസ് അറ്റൻഡന്റ് -1

ഗവ. യു.പി.എസ്., ആനാകുടി

യു.പി.എസ്.എ. (മലയാളം)-2

ഹയർ സെക്കണ്ടറി വകുപ്പിലെ ഒഴിവുകൾ:

| സ്കൂൾ | എച്ച്.എസ്.എസ്.റ്റി. ജ്യോഗ്രഫി | എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) അറബിക് | ലാബ് അസിസ്റ്റന്റ് |
|---|---|---|---|
| ജി. എച്ച്.എസ്.എസ്. വെഞ്ഞാറമൂട് | - | 1 | 1 |
| ജി. എച്ച്.എസ്.എസ്. മിതൃമല | - | - | 1 |
| ജി. എച്ച്.എസ്.എസ്. മിതൃമല | - | - | 1 |
| ജി. എച്ച്.എസ്.എസ്. ഭരതന്നൂർ | - | - | 1 |
| ആകെ | | 1 | 4 |

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകരുടെ യോഗ്യത**

43 (2794) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതു-സ്വകാര്യ എൽ.പി.-യു.പി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളിലെ അദ്ധ്യാപകരുടെ യോഗ്യതാ മാനദണ്ഡങ്ങൾ പുനഃക്രമീകരിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പുതിയ കേന്ദ്രനയത്തിന്റെ അടിസ്ഥാനത്തിൽ യോഗ്യതാ വിഷയത്തിൽ കൃത്യമായ മാനദണ്ഡം പാലിക്കുന്നതിലേയ്ക്ക് അദ്ധ്യാപക പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം ഒരു വർഷം നിർത്തിവയ്ക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) തീരുമാനമെടുത്തിട്ടില്ല.

**ഹൈസ്കൂൾ തലത്തിലെ ഇംഗ്ലീഷ് വിഷയം**

44 (2795) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഒരു കോർ സബ്ജക്ട് ആയാണോ അതോ ഭാഷാ വിഷയമായാണോ അംഗീകരിച്ചിരിക്കുന്നത് ;

(ബി) കോർ സബ്ജക്ട് ഗണത്തിലുള്ള വിഷയങ്ങൾക്ക്പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തുവാനായി ഒഴിവിന്റെ എത്ര ശതമാനമാണ് നൽകി വരുന്നത്;

(സി) ഇംഗ്ലീഷ്, ഭാഷാ വിഷയമായി കണക്കാക്കുന്നില്ലായെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) തസ്തികയില്ലാത്ത എത്ര സ്കൂളുകൾ ഉണ്ടെന്നും അവ ഏതാണെന്നും വ്യക്തമാക്കാമോ?

## ഉത്തരം

(എ) ഹൈസ്കൂൾ തലത്തിൽ ഇംഗ്ലീഷ് ഒരു കോർ സബ്ജക്ടായാണ് നിലവിൽ അംഗീകരിച്ചിരിക്കുന്നത്.

(ബി) സയൻസ് വിഷയങ്ങൾക്ക് 50 ശതമാനവും സോഷ്യൽ സയൻസിന് 40 ശതമാനവും ഇംഗ്ലീഷിന് 30 ശതമാനവും ഒഴിവുകൾ പി.എസ്.സി. വഴി നിയമനത്തിനായി നൽകിവരുന്നു.

(സി) 7-1-2002-ലെ ജി.ഒ. (എം.എസ്.)നമ്പർ 11/2002/പൊ.വി.വ. പ്രകാരമാണ് ഹൈസ്കൂൾ വിഭാഗത്തിൽ കോർ സബ്ജക്ടുകളുടെ കൂട്ടത്തിൽ ഇംഗ്ലീഷിനെ ഉൾപ്പെടുത്തിയത്. 2002 വരെ ഇംഗ്ലീഷ് പഠിപ്പിക്കാൻ പ്രത്യേക ഭാഷാദ്ധ്യാപകർ ഉണ്ടായിരുന്നില്ല. സയൻസ്, ഗണിതം, സാമൂഹ്യശാസ്ത്രം എന്നീ കോർ വിഷയങ്ങളിലെ അദ്ധ്യാപകരാണ് ഇംഗ്ലീഷ് ഭാഷയും കൈകാര്യം ചെയ്തിരുന്നത്. അന്നുണ്ടായിരുന്ന അദ്ധ്യാപകരെ ക്രമീകരിക്കുന്നതിനു വേണ്ടിയാണ് ഈ സംവിധാനമേർപ്പെടുത്തിയത്. തുടർന്ന് ഒഴിവുവരുന്ന മുറയ്ക്ക് ഇംഗ്ലീഷ് ഭാഷാദ്ധ്യാപകരെ നിയമിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം ജില്ലയിൽ ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) തസ്തികയില്ലാത്ത 33 സ്കൂളുകളുണ്ട്.

സർക്കാർ വിഭാഗം:

1. ജി.എച്ച്.എസ്., ഇടിഞ്ഞാർ
2. ജി.എച്ച്.എസ്., മീനാങ്കൽ
3. ജി.എച്ച്.എസ്., ആനപ്പാറ
4. എസ്.എൻ.ജി.വി.എച്ച്.എസ്., കടയ്ക്കാവൂർ
5. ജി.എം.എച്ച്.എസ്., നടയറ
6. ജി.എച്ച്.എസ്., ചെറ്റച്ചൽ
7. ജി.എൽ.വി.എച്ച്.എസ്., ആറയൂർ
8. ജി.എൻ.കെ.എം.എച്ച്.എസ്., ധനുവച്ചപുരം
9. പഞ്ചായത്ത് എച്ച്.എസ്., കാഞ്ഞിരംകുളം
10. ജി.ബി.എച്ച്.എസ്., മലയിൻകീഴ്

11. ഗവൺമെന്റ് റ്റി.റ്റി.ഐ., നെയ്യാറ്റിൻകര
12. ജി.എം.റ്റി.എച്ച്.എസ്., ഊരൂട്ടുകാല
13. ജി.എം.റ്റി.എച്ച്.എസ്., പരണിയം
14. ജി.എം.ബി.എച്ച്.എസ്., ചാല
15. ജി.ജി.എച്ച്.എസ്., ചാല
16. ജി.റ്റി.എച്ച്.എസ്. ചാല
17. ജി.എച്ച്.എസ്., ജഗതി
18. ജി.ബി.എച്ച്.എസ്., കരമന
19. ജി.എച്ച്.എസ്., കരിക്കകം
20. ജി.എച്ച്.എസ്., കറ്റച്ചക്കോണം
21. ജി.എച്ച്.എസ്., മണ്ണന്തല
22. ഗവൺമെന്റ് മെഡിക്കൽ കോളേജ് എച്ച്.എസ്.
23. ജി.എച്ച്.എസ്., പാപ്പനംകോട്
24. ജി.പി.എസ്.എൻ.എം.എച്ച്.എസ്., പേരൂർക്കട
25. ജി.ജി.എച്ച്.എസ്., പേട്ട
26. ജി.ബി.എച്ച്.എസ്., പേട്ട
27. ഗവൺമെന്റ് സംസ്കൃതം എച്ച്.എസ്., തിരുവനന്തപുരം
28. ജി.എച്ച്.എസ്., വഞ്ചിയൂർ
29. ജി.സി.എച്ച്.എസ്., അട്ടക്കുളങ്ങര

<u>എയ്ഡഡ് വിഭാഗം:</u>

1. എൻ.എസ്.എസ്.എച്ച്.എസ്., കേശവദാസപുരം
2. എൻ.എസ്.എസ്.എച്ച്.എസ്, പാൽക്കുളങ്ങര
3. ഫോർട്ട് എച്ച്.എസ്., തിരുവനന്തപുരം
4. എൻ.എസ്.എസ്.എച്ച്.എസ്., പാലോട്

## പാലക്കാട് ജില്ലയിലെ വിദ്യാലയങ്ങളിൽ പുതുക്കിയ അനുപാതത്തിൽ ക്ലാസ്സ് മുറികൾ

45 (2796) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പന്ത്രണ്ട് വിദ്യാഭ്യാസ ഉപജില്ലകളിലും മൂന്ന് വിദ്യാഭ്യാസ ജില്ലകളിലുമായി പുതുക്കിയ അനുപാതത്തിൽ ക്ലാസ്സ് മുറികൾ ലഭ്യമല്ലാത്തതിനാൽ അഡീഷണൽ ഡിവിഷനുകൾ നഷ്ടപ്പെട്ട ഗവൺമെന്റ് എൽ.പി, യു.പി വിദ്യാലയങ്ങൾക്ക് പുതുതായി കെട്ടിടങ്ങൾ നിർമ്മിച്ചു നൽകാൻ നടപടികളെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ വിദ്യാലയങ്ങളിൽ നിലവിലുള്ള അക്കോമഡേഷൻ ഉപയോഗിച്ച് നടത്തി വരുന്ന പ്രീ-പ്രൈമറി ക്ലാസ്സുകൾക്ക് പ്രത്യേക കെട്ടിട സൌകര്യം ലഭ്യമാക്കുവാൻ തയ്യാറാകുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഇതുസംബന്ധിച്ച അപേക്ഷകൾ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ലോക്കൽ ഗാർഡിയൻ

46 (2797) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാതാപിതാക്കൾ നഷ്ടപ്പെട്ടതോ അല്ലെങ്കിൽ അതുപോലുള്ള സാഹചര്യത്തിലുള്ള കുട്ടികളെ സ്കൂളിൽ ചേർക്കുമ്പോൾ അപേക്ഷാഫാറത്തിന്റെ 4 ാം കോളത്തിൽ ലോക്കൽ ഗാർഡിയന്റെ പേരും മേൽവിലാസവും എഴുതുന്നതിനാൽ കുട്ടിയുടെ സംരക്ഷണവും ഉത്തരവാദിത്വവും ഏറ്റെടുക്കുന്ന ഇത്തരക്കാർക്ക് സാധാരണ രക്ഷകർത്താക്കൾക്ക് നൽകുന്ന എല്ലാ അധികാരങ്ങളും കുട്ടിയുടെ പഠനകാലത്ത് നൽകാനുള്ള നടപടി സ്വീകരിച്ച് ഉത്തരവുണ്ടാകുമോ?

<u>ഉത്തരം</u>

സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷാ ഫോറമായ കെ.ഇ.ആർ. ഫോം 3-ലെ 2-ാം കോളത്തിൽ മാതാപിതാക്കളുടെ/രക്ഷിതാവിന്റെ പേര് നിർബന്ധമായും എഴുതേണ്ടതുണ്ട്. കാരണം മാതാവും പിതാവും ജീവിച്ചിരുന്നാലും ഇല്ലെങ്കിലും അവരുടെ പേരുകൾ എസ്.എസ്.എൽ.സി.-യിൽ

രേഖപ്പെടുത്തുന്നുണ്ട് എന്നതാണ്. ഈ ഫോമിന്റെ നാലാം കോളത്തിൽ ലോക്കൽ ഗാർഡിയന്റെ പേരുവിവരം ചേർക്കാൻ ആവശ്യപ്പെടുന്നുണ്ട്. സ്കൂൾ അഡ്മിഷൻ രജിസ്റ്ററിലെ വിവരങ്ങളാണ് ഒരു കുട്ടിയെ സംബന്ധിച്ച് ആധികാരികമായിട്ടുള്ളത്. കെ.ഇ.ആർ. ഫോം 4-ൽ എഴുതി സൂക്ഷിക്കുന്ന അഡ്മിഷൻ രജിസ്റ്ററിന്റെ മൂന്നാം കോളത്തിൽ മാതാപിതാക്കളുടെ/ രക്ഷിതാവിന്റെ പേരുവിവരങ്ങൾ മാത്രമാണ് ചേർക്കാൻ നിർദ്ദേശമുള്ളത്. അതുകൊണ്ടുതന്നെ ഈ കോളത്തിൽ പേര് ചേർക്കപ്പെടുന്ന ആളിനാണ് കുട്ടിയുടെ രക്ഷിതാവെന്ന നിലയിലുള്ള അധികാരാവകാശങ്ങൾക്ക് അർഹതയുള്ളത്.

സ്കൂൾ പ്രവേശനത്തിനുള്ള അപേക്ഷയിൽ സൂചിപ്പിക്കുന്ന 'ലോക്കൽ ഗാർഡിയന് കുട്ടിയുടെ മാതാപിതാക്കളുടെ അഭാവത്തിൽ രക്ഷിതാവിനുള്ള അധികാരാവകാശങ്ങൾ പൂർണ്ണമായും നൽകാനാവില്ല.

**ഹൈസ്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിന് സ്പെഷ്യൽ ഓർഡർ**

47 (2798) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഹൈസ്കൂൾ അദ്ധ്യാപകരുടെ സ്ഥലം മാറ്റത്തിന് എത്ര സ്പെഷ്യൽ ഓർഡർ നൽകി ; ഇതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ;

(ബി) അദ്ധ്യാപകർക്ക് കംപാഷനേറ്റ് ഗ്രൗണ്ടിൽ സ്ഥലം മാറ്റത്തിന് അപേക്ഷ നൽകുവാൻ അഞ്ച് വർഷം സർവ്വീസ് പൂർത്തിയാക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) കംപാഷനേറ്റ് ഗ്രൗണ്ടിൽ അപേക്ഷിക്കുന്നതിനുള്ള സാഹചര്യങ്ങൾ സർവ്വീസിൽ എപ്പോൾ വേണമെങ്കിലും ഉണ്ടാകാമെന്നിരിക്കെ അഞ്ച് വർഷം സർവ്വീസ് പൂർത്തീകരണം എന്നത് നീതീകരിക്കൽത്തക്കതാണോയെന്ന് വിശദമാക്കാമോ; ഇക്കാര്യം പുനഃപരിശോധിച്ച് അർഹരായവർക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കംപാഷനേറ്റ് ഗ്രൗണ്ടിൽ സ്ഥലംമാറ്റത്തിന് അഞ്ചുവർഷം വേണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

(സി) ഇക്കാര്യത്തിന്മേൽ പൊതുവായ ഉത്തരവ് പുറപ്പെടുവിച്ചത് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പാണ്. (സ.ഉ.(പി)36/91/പി.ആന്റ് എ.ആർ.ഡി. തിയതി 2-12-1991) ആയതിനാൽ ആ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിൽ പുനഃപരിശോധിക്കാൻ നിർവ്വാഹമില്ല.

## കുമ്പഡാജെ പഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ

48 (2799) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂളുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളുണ്ടോ; എങ്കിൽ ഏതൊക്കെ പഞ്ചായത്തുകളിൽ എന്ന് വ്യക്തമാക്കാമോ;

(ബി) മലയാള ഭാഷയ്ക്ക് ശ്രേഷ്ഠഭാഷ പദവി ലഭ്യമായിട്ടും കാസർഗോഡ് ജില്ലയിലെ മലയോര, എൻഡോസൾഫാൻ ബാധിത പഞ്ചായത്തായ കുമ്പഡാജെയിൽ മലയാളം മീഡിയം ഹൈസ്കൂളില്ലാത്ത ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മലയാളം മീഡിയം ഹൈസ്കൂൾ ആരംഭിക്കുന്നതിനുള്ള തടസ്സമെന്തെന്ന് വിശദീകരിക്കാമോ;

(ഡി) കുമ്പഡാജെ പഞ്ചായത്തിൽ മലയാളം മീഡിയം ഹൈസ്കൂൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ ഇത് എപ്പോൾ യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) പുതിയ മലയാളം മീഡിയം ഹൈസ്കൂൾ ആരംഭിക്കുക എന്നത് നയപരമായ തീരുമാനമെടുക്കേണ്ട വിഷയമായതിനാൽ ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

## സ്കൂൾ പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിലെ മാനദണ്ഡങ്ങൾ

49 (2800) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ;

(ബി) പാഠപുസ്തകങ്ങളിൽ കടന്നുകൂടുന്ന തെറ്റുകൾ തിരുത്തുന്നതിന് ഏത് രീതിയിലുള്ള സംവിധാനമാണ് നിലവിലുള്ളത്;

(സി) പാഠപുസ്തകങ്ങളിലെ പിശകുകൾ ചൂണ്ടിക്കാട്ടിയാലും ആയത് പരിഹരിക്കുന്നതിന് സംവിധാനമില്ലാത്ത സാഹചര്യം നിലവിലുണ്ടോ;

(ഡി) സ്വകാര്യ പ്രസാധകരുടെ പുസ്തകങ്ങൾ ഏതെങ്കിലും തലത്തിലുള്ള വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം തലങ്ങളിലാണ് ഇത് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഇ) ഇത്തരം പുസ്തകങ്ങളുടെ ഉള്ളടക്കം ഏതെങ്കിലും തരത്തിലുള്ള പരിശോധനയ്ക്ക് ശേഷമാണോ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കുന്നില്ല. സംസ്ഥാന സർക്കാരിനുവേണ്ടി കൃത്യമായ മാനദണ്ഡങ്ങൾ പ്രകാരം എസ്.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കിവരുന്നു.

(ബി) പാഠപുസ്തകങ്ങൾ കഴിവതും തെറ്റില്ലാതെയാണ് തയ്യാറാക്കുന്നത്. എന്നാൽ ഏതെങ്കിലും തരത്തിലുള്ള തെറ്റുകളോ കുറവുകളോ ചൂണ്ടിക്കാണിക്കപ്പെട്ടാൽ അതൊരു വിദഗ്ദ്ധ സമിതി വിലയിരുത്തി ആവശ്യമെങ്കിൽ ഭേദഗതി വരുത്തുന്നതാണ്.

(സി) ഇല്ല. തെറ്റ് ചൂണ്ടിക്കാട്ടിയാൽ അതൊരു വിദഗ്ദ്ധ സമിതി വിലയിരുത്തി ആവശ്യമെങ്കിൽ ഭേദഗതി വരുത്താറുണ്ട്.

(ഡി) പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത് എസ്.സി.ഇ.ആർ.ടി.-യാണ്. സ്വകാര്യ പ്രസാധകരുടെ പാഠപുസ്തകങ്ങൾ നിലവിലുള്ള പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഇ) ബാധകമല്ല.

## നെല്ലിമൂട് ന്യൂ എച്ച്.എസ്.എസ്. അദ്ധ്യാപകൻ ശ്രീ. വി. എസ്. ഹരിയുടെ നിയമനം

50 (2801) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 5942 ചോദ്യത്തിനുള്ള മറുപടിയിൽ കൊല്ലം മൈനാഗപ്പള്ളി മിലാദേ ഷെറീഫ് ഹയർ സെക്കണ്ടറി സ്കൂളിലെ അറബിക് എച്ച്.എസ്.എ. ആയിരുന്ന ശ്രീമതി സക്കീനയ്ക്ക് അതേ സ്കൂളിലെ എച്ച്.എസ്.എസ്.ടി. (അറബിക്) ആയി സെലക്ഷൻ കമ്മിറ്റി ചേരാതെ തന്നെ നിയമനം നൽകിയതായി മറുപടി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത അദ്ധ്യാപിക ജോലി നോക്കുന്ന എയ്ഡഡ് സ്കൂളിലുണ്ടായ ഒഴിവിലേയ്ക്ക് തസ്തികമാറ്റം വഴി നിയമനം നൽകുമ്പോൾ യോഗ്യതയുള്ള മറ്റൊരാൾ അതേ സ്കൂളിൽ ഇല്ലാതിരുന്നതു കൊണ്ടാണോ സെലക്ഷൻ കമ്മിറ്റി ചേരാതെ തന്നെ നിയമനം നൽകാൻ തീരുമാനമെടുത്തത്;

(സി) എങ്കിൽ അതേ പ്രകാരമുള്ള സാഹചര്യമായതിനാൽ തിരുവനന്തപുരം നെല്ലിമൂട് ന്യൂ ഹയർ സെക്കണ്ടറി സംസ്കൃതം എച്ച്.എസ്.എ. ആയിരുന്ന ശ്രീ. വി. എസ്. ഹരി -ക്ക് സംസ്കൃതം എച്ച്.എസ്.എസ്.ടി.-യുടെ ഒഴിവുണ്ടായ 1-6-2015 മുതൽ തന്നെ തസ്തികമാറ്റം വഴി നിയമനം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവിന്റെ പകർപ്പാണ് നൽകിയിട്ടുള്ളത്.

(ബി) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് അനുസരിച്ച് സെലക്ഷൻ കമ്മിറ്റി കൂടി മാത്രമേ നിയമനം നടത്താൻ പാടുള്ളൂ. അപ്രകാരം നിയമനം നൽകേണ്ടത് മാനേജരാണ്.

(സി) പരിശോധിച്ചുവരുന്നു.

**ചെമ്പനരുവി സെന്റ് പോൾസ് എം.എസ്.സി.എൽ.പി. സ്കൂളിന്റെ അപ്ഗ്രഡേഷൻ**

51 (2802) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പിറവന്തൂർ പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതി ചെയ്യുന്ന ചെമ്പനരുവി സെന്റ് പോൾസ് എം.എസ്.സി. എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ വിധി മുൻനിർത്തി ചെമ്പനരുവി സെന്റ് പോൾസ് എം.എസ്.സി. എൽ.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പുതിയ സ്കൂളുകൾ തുടങ്ങുന്നതും നിലവിലുള്ള സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതും സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 3060/14 ഉൾപ്പെടെയുള്ള ഒരു കൂട്ടം ഹർജികളിന്മേലുള്ള 18-6-2015-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ അവശ്യകതയുള്ള പ്രദേശങ്ങൾ കണ്ടെത്തുകയും

പ്രസ്തുത പ്രദേശങ്ങൾ ഉൾപ്പെടുത്തി കരട് വിജ്ഞാപനം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ അഞ്ചാം ക്ലാസ്സ് തുടങ്ങുന്നതിനാവശ്യമായ പ്രദേശങ്ങളുടെ പട്ടിക (ഷെഡ്യൂൾ III) യിൽ കൊല്ലം ജില്ലയിലെ പിറവന്തൂർ പഞ്ചായത്തിലെ ചെമ്പനരുവി ഉൾപ്പെടുന്ന 3-ാം വാർഡ് ഉൾപ്പെട്ടിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നയപരമായ തീരുമാനം കൈക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതുണ്ട്. ആയതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

## സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതി

52 (2803) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഏതെല്ലാം ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾക്ക് ജൈവവൈവിദ്ധ്യ ഉദ്യാനം നിർമ്മിക്കാൻ തുക അനുവദിച്ചു എന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഭാഗമായി ലാബ് നവീകരണത്തിനായി ഏതെല്ലാം എം.എൽ.എ.-മാർ ഫണ്ട് അനുവദിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ വിവിധ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ 'ജൈവവൈവിദ്ധ്യ ഉദ്യാനം' നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. അന്തിമ ലിസ്റ്റ് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് വിവിധ സ്കൂളുകൾക്ക് പദ്ധതി നിർവ്വഹണത്തിനായി തുക അനുവദിക്കുന്നതാണ്.

(ബി) പദ്ധതിയുടെ ഭാഗമായി ലാബ് നവീകരണത്തിന് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുകയൊന്നും അനുവദിച്ചിട്ടില്ല.

## സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി

53 (2804) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കൽ പദ്ധതിയുടെ ഭാഗമായി, ചാലക്കുടി മണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടുള്ള സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) ലാബ് നവീകരണം, ജൈവവൈവിധ്യ ഉദ്യാനം, മികവിന്റെ കേന്ദ്രം, യു.പി./എൽ.പി. സ്കൂൾ നവീകരണം എന്നിവ ഈ അദ്ധ്യയന വർഷം തന്നെ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മണ്ഡലാടിസ്ഥാനത്തിൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ആയതിന് സർക്കാർ അനുമതി ലഭ്യമാക്കിയതിനുശേഷം പ്രസ്തുത സ്കൂളിന്റെ ഭൗതിക സാഹചര്യ വികസനത്തിനായി തനതായ ഒരു മാസ്റ്റർ പ്ലാൻ 8-12-2016-ലെ സ.ഉ.(സാധാ) നമ്പർ205/2016/പൊ.വി.വ. നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും തുടർന്ന് പദ്ധതി നിർവ്വഹണത്തിനായുള്ള നടപടി സ്വീകരിക്കാവുന്നതുമാണ്.

(ബി) ലാബ് നവീകരണം, ജൈവവൈവിധ്യ ഉദ്യാനം, മികവിന്റെ കേന്ദ്രം, എൽ.പി./യു.പി. സ്കൂൾ നവീകരണം തുടങ്ങിയ പ്രവൃത്തികൾ നടത്തേണ്ട സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി**

54 (2805) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് എന്നാണ് തീരുമാനമെടുത്തത്;

(ബി) പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; ഇത് എന്ന് നടപ്പിലാക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 9-2-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ38/2016/ പൊ.വി.വ. തീയതി പ്രകാരമാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിശീലിപ്പിക്കുന്ന 33 സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി അനുവദിച്ചത്.

(ബി&സി) ഈ വിഷയം സംബന്ധിച്ച ഫയൽ ക്യാബിനറ്റ് സബ്കമ്മിറ്റിയുടെ പരിഗണനയിലാണ്.

## സ്കൂളുകളിലെ ക്ലാർക്ക്, ലൈബ്രേറിയൻ തസ്തികകൾ

55 (2806) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ സ്കൂളുകളിലും ക്ലാർക്ക്, ലൈബ്രേറിയൻ എന്നീ തസ്തികകൾ നിലവിലുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദവിവരം അറിയിക്കുമോ;

(സി) പ്രസ്തുത തസ്തികകൾ ഇല്ലാത്ത സ്കൂളുകളിൽ അവ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ;

ഉത്തരം

(എ) എല്ലാ സർക്കാർ ഹൈസ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ക്ലാർക്ക് തസ്തിക നിലവിലുണ്ട്. ലൈബ്രേറിയൻ തസ്തികകൾ നിലവിലില്ല.

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഒരു സ്കൂളിൽ ഒരു എൽ.ഡി. ക്ലാർക്ക് തസ്തികയാണ് അനുവദിച്ചിട്ടുള്ളത്. 1051 സർക്കാർ ഹൈസ്കൂളുകളിലായി 1137 ക്ലാർക്ക് തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി സ്കൂളുകളിൽ ക്ലാർക്ക്, ലൈബ്രേറിയൻ തസ്തികകൾ അനുവദിക്കുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. ഹൈസ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലും ലൈബ്രേറിയൻ തസ്തിക അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല.

## കിളിമാനൂർ രാജാ രവിവർമ്മ ഗേൾസ് ഹയർ സെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പലിനെതിരെ നടപടി

56 (2807) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ രാജാ രവി വർമ്മ ഗേൾഡ് ഹയർ സെക്കണ്ടറി സ്കൂളിൽ 20-2-2017 -ന് നടത്തേണ്ടിയിരുന്ന പ്ലസ് ടു കമ്പ്യൂട്ടർ സയൻസ് പ്രാക്ടിക്കൽ പരീക്ഷ (പബ്ലിക്ക് പരീക്ഷ) സ്വന്തം ഇഷ്ട പ്രകാരം മാറ്റി വച്ച സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ജയചന്ദ്രൻ നായർക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ;

(ബി) ഇത്തരത്തിൽ പരീക്ഷ മാറ്റി വച്ച് പരീക്ഷയ്ക്കായി വന്ന കുട്ടികളെയും എക്സ്റ്റേണൽ അദ്ധ്യാപകനെയും തിരിച്ചയച്ച് കുട്ടികൾക്ക് മാനസികമായി ബുദ്ധിമുട്ടുണ്ടാക്കിയ പ്രിൻസിപ്പാളിനെ സർവ്വീസിൽ നിന്ന് മാറ്റി നിറുത്തി അന്വേഷണം നടത്തുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ശ്രീ. ജയചന്ദ്രനെ പരീക്ഷാ ചുമതലയിൽ നിന്നും ഒഴിവാക്കി നിർബന്ധിത അവധിയിൽ പ്രവേശിക്കാൻ നിർദ്ദേശം നൽകുകയും അന്വേഷണത്തിന് ഉദ്യോഗസ്ഥരെ ചുമതല പ്പെടുത്തിയിട്ടുള്ളതുമാണ്. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക**

57 (2808) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീവ് വേക്കൻസിയിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക, പ്രോവിഡന്റ് ഫണ്ടിൽ ലയിപ്പിക്കണമെന്ന ഉത്തരവ് റദ്ദാക്കി, കുടിശ്ശിക സംഖ്യ പണമായി നൽകണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ലീവ് വേക്കൻസിയിൽ ജോലി ചെയ്തിരുന്ന അദ്ധ്യാപകർക്ക് പ്രോവിഡന്റ് ഫണ്ട് നിലവിലില്ല എന്ന വസ്തുത പരിഗണിച്ച്, കുടിശ്ശിക ശമ്പളം നേരിട്ട് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്.

(ബി) കുടിശ്ശിക ശമ്പളം നേരിട്ട് നൽകുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

**വിദ്യാഭ്യാസ പരിശീലന കേന്ദ്രം**

58 (2809) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ വിദ്യാഭ്യാസ പരിശീലന കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥത ആരിലാണ് നിക്ഷിപ്തമായിരിക്കുന്നത്;

(ബി) പ്രസ്തുത സ്ഥലത്തിന്റെ വിസ്തീർണ്ണം എത്രയാണ്;

(സി) അവിടെ ഇപ്പോൾ ഏതെല്ലാം ആഫീസുകൾ സ്ഥിതിചെയ്യുന്നു എന്നും ആഫിസ് കെട്ടിടങ്ങളുടെ പഴക്കവും വിശദമാക്കുമോ?

ഉത്തരം

(എ) കൊട്ടാരക്കരയിൽ വിദ്യാഭ്യാസ പരിശീലന കേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉടമസ്ഥതയിലാണ്.

(ബി) 1 ഏക്കർ 60 സെന്റ് (ഒരേക്കർ അറുപത് സെന്റ്)

(സി) 1. ഡയറ്റ് - (കാലപ്പഴക്കം 26 വർഷം)

2. ജില്ലാ വിദ്യാഭ്യാസ ഓഫീസ് - കൊട്ടാരക്കര (കാലപ്പഴക്കം 30 വർഷം)

3. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ്, കൊട്ടാരക്കര (കാലപ്പഴക്കം 26 വർഷം)

4. ടെക്സ്റ്റ് ബുക്ക് ഡിപ്പോ - (കാലപ്പഴക്കം 26 വർഷം)

5. കെ.ബി.പി.എസ്. ഹബ്ബ് - (കാലപ്പഴക്കം 26 വർഷം)

**വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ**

59 (2810) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി., എ.എ./എ.പി.എഫ്.ഒ./എ.ഒ. തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള ഒഴിവുകൾ എത്രയാണ്; ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി ഡി.പി.സി. കൂടുവാൻ ആവശ്യമായ നിർദ്ദേശം ഡി.പി.ഐ.യ്ക്ക് നൽകുമോ;

(സി) ടെക്സ്റ്റ് ബുക്ക് ഓഫീസറെ സ്ഥിരമായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

| | | |
|---|---|---|
| (ബി) അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ | - | 02 |
| ഡിസ്ട്രിക്ട് എഡ്യൂക്കേഷൻ ഓഫീസർ | - | 01 |
| ഡെപ്യൂട്ടി ഡയറക്ടർ ഓഫ് എഡ്യൂക്കേഷൻ | - | 07 |
| അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ | - | 04 |

എച്ച്.എം./അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസർ/സീനിയർ സൂപ്രണ്ട് സ്ഥാനക്കയറ്റത്തിനായി ഡി.പി.സി (ലോവർ) മീറ്റിംഗ് 22-2-2017-ന് കൂടിയിട്ടുണ്ട്. ഡി.ഇ.ഒ., ഡി.ഡി.ഇ., എ.എ./എ.ഒ./എ.പി.എഫ്.ഒ., സീനിയർ എ.എ./എ.ഒ.(പി.എഫ്.), ടെക്സ്റ്റ് ബുക്ക് ഓഫീസർ തസ്തികയിലേയ്ക്ക് ഡി.പി.സി. കൂടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/ അസിസ്റ്റന്റ് പ്രോവിഡന്റ് ഫണ്ട് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ എന്നീ ഒഴിവുള്ള 4 തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ടെക്സ്റ്റ് ബുക്ക് ആഫീസറെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെക്സ്റ്റ് ബുക്ക് ഓഫീസറുടെ ചാർജ്ജ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (ജനറൽ)-നെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

**കീക്കൊഴൂർ ഗവൺമെന്റ് എച്ച്.എസ്.-ൽ ഹയർ സെക്കണ്ടറി കോഴ്സ്**

60 (2811) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നു വർഷം മുമ്പ് ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ച കീക്കൊഴൂർ ഗവൺമെന്റ്എച്ച്.എസ്-ൽ ഇതുവരെ ഹയർ സെക്കണ്ടറി ആരംഭിച്ചില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏത് കോഴ്സാണ് ഇവിടെ അനുവദിച്ചിട്ടുള്ളത്; കെട്ടിടം ഉൾപ്പെടെയുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമായിട്ടും മറ്റു സ്കൂളുകളോടൊപ്പം കോഴ്സ് ഇവിടെ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ അദ്ധ്യയന വർഷം ഇവിടെ കോഴ്സ് ആരംഭിക്കണം എന്നാവശ്യപ്പെട്ട് എം.എൽ.എ. നൽകിയ കത്തു പ്രകാരം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഹയർ സെക്കണ്ടറി കോഴ്സ് അനുവദിച്ചു എന്നതൊഴികെ പ്രിൻസിപ്പാളിനെയോ മറ്റ് അദ്ധ്യാപകരെയോ ഇവിടെ നിയമിച്ചിട്ടില്ല എന്നതും കഴിഞ്ഞ തവണ ഓൺലൈൻ ആപ്ലിക്കേഷൻ വെബ്സൈറ്റിൽ സ്കൂളിന്റെ പേരുപോലും പ്രസിദ്ധീകരിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇത്തരത്തിൽ വീഴ്ച വരാൻ ഇടയാക്കിയ സാഹചര്യം എന്താണ്; ഇതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുമോ;

(ഇ) 2017-18 അദ്ധ്യയന വർഷം കീക്കൊഴൂർ ഗവൺമെന്റ് എച്ച്.എസ്-ൽ ഹയർ സെക്കണ്ടറി ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൊമേഴ്സ് (കോഴ്സ് കോഡ് നമ്പർ39) ബാച്ചാണ് അനുവദിച്ചിട്ടുള്ളത്. 2014-15 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കപ്പെട്ട ടി സ്കൂളിൽ 2014-15 അദ്ധ്യയന വർഷത്തിൽ മതിയായ എണ്ണം വിദ്യാർത്ഥികളെ ലഭിക്കാത്തത് കാരണമാണ് ക്ലാസ്സുകൾ ആരംഭിക്കാതിരുന്നത്. അടുത്ത വർഷം മുതൽ പ്രവർത്തനം തുടങ്ങണമെങ്കിൽ സർക്കാരിൽ നിന്നും അനുമതി നേടേണ്ടതായിട്ടുണ്ട്. സ്കൂളിൽ അടിസ്ഥാന സൗകര്യമുണ്ടോയെന്ന് പരിശോധിച്ച വകുപ്പുതല കമ്മിറ്റി ടി സ്കൂളിൽ ഹയർ സെക്കണ്ടറി ബാച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അതിനാലാണ് 2015-16 അദ്ധ്യയന വർഷം മുതൽ പ്രവർത്തനാനുമതി ലഭിക്കാതിരുന്നത്.

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) യഥാസമയം പ്രവർത്തനം ആരംഭിക്കാതിരുന്ന ബാച്ചിന് തുടർ പ്രവർത്തനാനുമതി ലഭിക്കാത്തതിനാലാണ് 2015-16 അദ്ധ്യയന വർഷം മുതൽ ഓൺലൈൻ ആപ്ലിക്കേഷൻ സൈറ്റിൽ ടി സ്കൂളിന്റെ പേരുവരാത്തത്. സ്കൂളിൽ അടിസ്ഥാന സൗകര്യം ഇല്ലാതിരുന്നതിനാലാണ് 2015-16 മുതൽ പ്രവർത്തനാനുമതി ലഭിക്കാതിരുന്നത്. ആയതിന് ഉദ്യോഗസ്ഥർ ഉത്തരവാദികളല്ല. സ്കൂൾ പ്രവർത്തിച്ചു തുടങ്ങിയതിനുശേഷം മാത്രമേ തസ്തികകൾ അനുവദിക്കുകയുള്ളൂ.

(ഇ) സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ വിലയിരുത്തി മതിയായ ഭൗതിക സാഹചര്യങ്ങളുണ്ടെങ്കിൽ 2017-18 അദ്ധ്യയന വർഷം മുതൽ സ്കൂളിൽ ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണ്.

**സർക്കാർ/എയ്ഡഡ് സ്വകാര്യ മേഖലകളിലെ വിദ്യാർത്ഥികൾ**

61 (2812) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ/എയ്ഡഡ്, സ്വകാര്യമേഖലകളിൽ സ്റ്റേറ്റ് സിലബസ്/മറ്റുസിലബസുകൾ എന്നിവയിലായി എത്ര വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട് ; ഇതിനായി എത്ര സ്കൂളുകൾ (പ്ലസ് ടു ഉൾപ്പെടെ) സംസ്ഥാനത്തു പ്രവർത്തിക്കുന്നു എന്നും ഓരോ ജില്ലയിലും എത്ര എന്നും വിഭാഗം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത വിദ്യാഭ്യാസ മേഖലയിൽ ബാലാവകാശം സംബന്ധിച്ച ആഗോള ഉടമ്പടിയുടെ ലംഘനങ്ങളും കുട്ടികളുടെ നൈസർഗ്ഗികമായ മാതൃഭാഷ നിഷേധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സ്വകാര്യമേഖലയിലെ സ്കൂളുകളിൽ മാതൃഭാഷ സംസാരിച്ചതിന് പിഴയും മറ്റുപല ശിക്ഷാ നടപടികളും സ്വീകരിക്കുമ്പോൾ (സി.ബി.എസ്.സി. തുടങ്ങി മറ്റു സിലബസ് പഠനം നടത്തുന്ന സ്ഥാപനങ്ങളിൽ) ഇവർക്കെതിരെ ജില്ലാ / സംസ്ഥാന വിദ്യാഭ്യാസ ഓഫീസുകളും അധികാരികളും എന്തു നടപടി സ്വീകരിച്ചു എന്നും, ഇതിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയോ എന്നും ഇത്തരം നടപടികൾ നടത്തിയ വിദ്യാഭ്യാസ സ്ഥാപനം/ഉടമ/ അദ്ധ്യാപക/അനദ്ധ്യാപക ഉദ്യോസ്ഥർ എന്നിവർക്കെതിരെ എന്തു നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ;

(ഡി) മാതൃഭാഷ മലയാളത്തിന്റെ വ്യാപനവും പോഷണവും നയമായും ഒദ്യോഗിക ഭാഷ മലയാളമായും പ്രഖ്യാപിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ഈ സർക്കാരിന്റെ നയങ്ങൾക്കെതിരായി നിലകൊള്ളുന്ന മറ്റു സിലബസ്സുകൾ കൈകാര്യം ചെയ്യുന്ന സ്കൂളുകളുടെ പൂർണ്ണമായ നിയന്ത്രണം വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാക്കാനും, നിയന്ത്രണ വിധേയമല്ലാത്ത പ്രവർത്തനം നടത്തുന്ന സ്കൂളുകളുടെ പ്രവർത്തനം അവസാനിപ്പിക്കാനുള്ള അധികാരം വിദ്യാഭ്യാസ വകുപ്പിന്റെ പരിധിയിൽ കൊണ്ടുവരുവാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹൈസ്കൂളുകളെ സംബന്ധിച്ച വിശദാംശവും ഹയർ സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ച വിശദാംശവും വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ച വിശദാംശവും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സി.ബി.എസ്.ഇ. സിലബസ്സിൽ പ്രവൃത്തിക്കുന്ന സ്കൂളുകൾക്ക് കേവലം എൻ.ഒ.സി. നൽകുക മാത്രമാണ് സംസ്ഥാന സർക്കാർ ചെയ്യുന്നത്. സ്കൂളുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് പൂർണ്ണമായും സി.ബി.എസ്.ഇ. ആണ്. അതുകൊണ്ട് തന്നെ ഇത്തരം സ്കൂളുകളെ നിയന്ത്രിക്കുന്നതിനും വിഷയങ്ങളിൽ ഇടപെടുന്നതിനും വിദ്യാഭ്യാസ വകുപ്പിന് പരിമിതികളുണ്ട്. ഇത്തരം വിഷയവുമായി ബന്ധപ്പെട്ട് ഗൗരവമായ നടപടി ഒന്നും തന്നെ സ്വീകരിക്കുന്നതിന് നിലവിലുള്ള നിയമ പ്രകാരം സാധിക്കുന്നില്ല.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**വകുപ്പുകളുടെ സംയോജനം**

62 (2813) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർസെക്കൻഡറി എന്നീ വകുപ്പുകളുടെ സംയോജനം പരിഗണനയിലുണ്ടോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം വകുപ്പുകളുടെ സംയോജനത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പരിഗണനയിലില്ല.

(ബി) ബാധകമല്ല.

**സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോക്കോൾ**

63 (2814) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ വിദ്യാഭ്യാസ സമ്പ്രദായം നവീകരിക്കുന്നതിന്റെ ഭാഗമായി അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്കൂളുകളിൽ ഗ്രീൻ പ്രോട്ടോകോൾ സമ്പ്രദായം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രസ്തുത സമ്പ്രദായത്തിന്റെ ഭാഗമായി നടപ്പിലാക്കാൻ ശ്രമിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഒന്നര ലക്ഷം അദ്ധ്യാപകർക്ക് പരിശീലനം നല്കുവാനുള്ള ഒരുക്കങ്ങൾ നടത്തിവരുന്നു.

(ബി) വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന മിക്ക പ്രവർത്തനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നുണ്ട്.

(സി) " ജൈവവൈവിദ്ധ്യ ഉദ്യാനം സ്കൂളുകളിൽ" എന്ന പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്കൂളുകളിൽ ജല ക്ലബ്ബുകൾ**

64 (2815) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ജല ക്ലബ്ബുകൾ രൂപീകരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; എല്ലാ സ്കൂളുകളിലും ജല ക്ലബ്ബുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) ജല ക്ലബ്ബുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് പൊതു മാർഗ്ഗരേഖ നിർദ്ദേശിക്കാമോ; ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്കൂളുകളിൽ ജല ക്ലബ്ബുകൾ രൂപീകരിക്കുന്നതിനാവശ്യമായ എല്ലാവിധ സഹകരണവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ജല ക്ലബ്ബുകളുടെ പ്രവർത്തനം സംബന്ധിച്ച് പൊതു മാർഗ്ഗരേഖ തയ്യാറാക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

**പഠനവൈകല്യവും ബുദ്ധിവൈകല്യവുമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

65 (2816) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഠനവൈകല്യവും ബുദ്ധിവൈകല്യവുമുള്ള കുട്ടികൾക്ക് എസ്.എസ്.എൽ.സി. പരീക്ഷയിൽ സഹായിയെ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദീകരിക്കുമോ;

(ബി) IQ100-ൽ താഴെ വരുന്ന വിദ്യാർത്ഥികൾക്ക് ഈ സഹായം നൽകാറുണ്ടോ;

(സി) പാവറടി സെന്റ് ജോസഫ്സ് ഹൈസ്കൂളിലെ ചില വിദ്യാർത്ഥികൾക്ക് ഈ ആനുകൂല്യം നിരസിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു കൊണ്ടാണ് നിരസിച്ചതെന്ന് അറിയിക്കുമോ:

(ഡി) പഠന വൈകല്യത്തിന് ഡോക്ടർമാർ സർട്ടിഫിക്കറ്റ് നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) IQ ശതമാനം മാത്രം ഡോക്ടർമാർ രേഖപ്പെടുത്തുന്നതു മൂലമാണ് IQ ശതമാനം പഠനവൈകല്യ ശതമാനമായി കണക്കാക്കി ആനുകൂല്യം നിഷേധിക്കുന്നത് എന്നത് പരിശോധിക്കുമോ;

(എഫ്) ഇക്കാര്യത്തിൽ അർഹതപ്പെട്ട മുഴുവൻ വിദ്യാർത്ഥികൾക്കും ആനുകൂല്യം ലഭ്യമാക്കാൻ നടപടികൾ എടുക്കുമോ?

<u>ഉത്തരം</u>

(എ) മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) നിരസിച്ചിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) IQ ശതമാനം നോക്കിയാണ് ആനുകൂല്യങ്ങൾ നൽകിയിട്ടുള്ളത്.

(എഫ്) നോട്ടിഫിക്കേഷനിൽ പറഞ്ഞിരിക്കുന്ന IQ-ന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ട എല്ലാ കുട്ടികൾക്കും ആനുകൂല്യം നൽകിയിട്ടുണ്ട്.

**വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം**

66 (2817) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ സ്കൂളുകളിൽ നിലവിൽ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നീ മേഖലകളിലെ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും എണ്ണം ആൺ - പെൺ ക്രമത്തിൽ വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സർക്കാർ സ്കൂളുകളിലുള്ള അദ്ധ്യാപകരുടെ എണ്ണവും വിദ്യാർത്ഥികളുടെ എണ്ണവും ആൺ-പെൺ ക്രമത്തിൽ ചുവടെ ചേർക്കുന്നു:

1. <u>തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യാസം അദ്ധ്യാപകരുടെ എണ്ണം:</u>

ആൺ - 1681

പെൺ - 2902

<u>വിദ്യാർത്ഥികളുടെ എണ്ണം</u>

ആൺ - 21053

പെൺ - 19248

2. <u>ഹയർ സെക്കണ്ടറി വിദ്യാഭ്യാസം:</u>

| | | |
|---|---|---|
| വിദ്യാർത്ഥികൾ (ആൺ) | - | 77132 |
| വിദ്യാർത്ഥികൾ (പെൺ) | - | 87354 |
| അദ്ധ്യാപകർ (ആൺ) | - | 4625 |
| അദ്ധ്യാപകർ (പെൺ) | - | 8312 |

3. <u>പൊതുവിദ്യാഭ്യാസം:</u>

വിദ്യാർത്ഥികളുടെ എണ്ണം

പ്രൈമറി വിഭാഗം

ആൺ - 349069

പെൺ - 344880

ആകെ - 693949

<u>അദ്ധ്യാപകരുടെ എണ്ണം</u>

ആൺ - 9444

പെൺ - 23564

ആകെ - 33008

ഹൈസ്കൂൾ വിഭാഗം:

| | | |
|---|---|---|
| ആൺ | - | 220745 |
| പെൺ | - | 211549 |
| ആകെ | - | 432294 |

അദ്ധ്യാപകരുടെ എണ്ണം:

| | | |
|---|---|---|
| ആൺ | - | 6645 |
| പെൺ | - | 12056 |
| ആകെ | - | 18701 |

**സ്വാശ്രയമേഖലയെ നിയന്ത്രിക്കാൻ നടപടി**

67 (2819) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനഭിലഷണീയ പ്രവണതകൾ നടമാടുന്നതായി ആക്ഷേപമുള്ള സ്വാശ്രയ വിദ്യാഭ്യാസ മേഖലകളെ നിരീക്ഷിക്കാനും നിയന്ത്രിക്കാനും വേണ്ടി ഉന്നതതല സമിതിയെയും ഓംബുഡ്സ്മാനെയും ചുമതലപ്പെടുത്തുവാനുള്ള സർക്കാർ തീരുമാനത്തിന്മേൽ നാളിതുവരെ എന്തു നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) കച്ചവടത്വരയുള്ളതായി ആക്ഷേപമുള്ള പ്രസ്തുത മേഖലയിലെ ദുഷ് പ്രവണതകൾ എന്തെല്ലാം എന്നു സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ഒരു വിദഗ്ദ്ധസമിതിയെക്കൊണ്ട് പരിശോധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാന സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ അനഭിലഷണീയ പ്രവർത്തനം തടയുവാനും മേഖല സംശുദ്ധമാക്കാനുമായി എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ബന്ധപ്പെട്ട സർവ്വകലാശാലകൾ, യു.ജി.സി., എ.ഐ.സി.റ്റി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ എന്നിവയുടെ മാനദണ്ഡമനുസരിച്ച് അവലോകനം ചെയ്തുവരുന്നു. എന്നിരുന്നാലും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 4-2-2017 തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 37/2017/ഉവിവ. ഉത്തരവ് പ്രകാരം

ജസ്റ്റിസ് കെ.കെ. ദിനേശൻ ചെയർമാനും ഡോ. കെ. കെ.എൻ. കുറുപ്പ്, ഡോ. ആർ.വി.ജി. മേനോൻ എന്നിവർ അംഗങ്ങളുമായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്.

ഇന്റേണൽ അസസ്മെന്റുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 3-2-2017-ലെ ജി.ഒ.(സാധാ) നമ്പർ 179/2017/ഉവിവ. ഉത്തരവ് പ്രകാരം എം.ജി. സർവ്വകലാശാല വൈസ് ചാൻസലർ കൺവീനറും എ.പി.ജെ.അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല, ആരോഗ്യ സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല വൈസ് ചാൻസലർമാർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ നിയമിക്കപ്പെട്ട ജസ്റ്റിസ് കെ.കെ. ദിനേശൻ കമ്മീഷന്റെയും വൈസ് ചാൻസലർമാരുടെ കമ്മിറ്റിയുടെയും റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാലയിൽ എ.ഐ.സി.റ്റി.ഇ. മാനദണ്ഡ പ്രകാരം ഓംബുഡ്സ്മാനെ നിയമിക്കുവാനുള്ള നടപടി പുരോഗമിച്ചുവരുന്നു.

**ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകൾ**

68 (2820) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പുകളിൽ ചിലത് നിർത്തലാക്കുകയും മറ്റ് ചിലത് വെട്ടിക്കുറക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയെന്ന് വ്യക്തമാക്കാമോ;

(സി) ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇപ്പോൾ വർഷത്തിൽ ശരാശരി എത്ര രൂപയാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പുകൾ ഒന്നും നിർത്തലാക്കുകയോ വെട്ടിക്കുറയ്ക്കുകയോ ചെയ്തിട്ടില്ല.

(ബി) ബാധകമല്ല.

(സി) 1 മുതൽ 8-ാം ക്ലാസ്സുവരെ പഠിക്കുന്ന ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും 1350 രൂപ. 9 മുതൽ 12 വരെ പഠിക്കുന്ന പെൺകുട്ടികൾക്ക് 5,550 രൂപ, ആൺകുട്ടികൾക്ക് 3550 രൂപ.

**ഹയർ സെക്കണ്ടറി നിയമനം**

69 (2821) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-2015 അദ്ധ്യയന വർഷത്തിൽ പുതുതായി അനുവദിച്ച ഹയർസെക്കണ്ടറി കോഴ്സുകളിലും അധിക ബാച്ചുകളിലും പോസ്റ്റ് ക്രിയേഷന് നിയമനാംഗീകാരത്തിനുള്ള നടപടികൾ ആരംഭിച്ചോ ;

(ബി) ഇല്ലെങ്കിൽ ആയത് വൈകുന്നതിന്റെ കാരണം വിശദമാക്കാമോ ?

ഉത്തരം

(എ & ബി) പോസ്റ്റ് ക്രിയേഷനുവേണ്ടി ഹയർ സെക്കണ്ടറി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ഹയർ സെക്കണ്ടറി പരീക്ഷ ഭാഷ ഇടകലർത്തി എഴുതുന്നതിനുള്ള വിലക്ക്**

70 (2822) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി പരീക്ഷയ്ക്ക് ഭാഷ ഇടകലർത്തി എഴുതുന്നതിനുള്ള വിലക്ക് പിൻവലിക്കുകയുണ്ടായോ;

(ബി) എങ്കിൽ മുൻ വർഷങ്ങളിൽ തുടർന്നു വന്ന രീതി 2017 മാർച്ച് പരീക്ഷയിൽ തുടരാനാകുമോ; വിശദാംശങ്ങൾ നൽകുമോ;

(സി) പുസ്തക രൂപത്തിലുള്ള ലോഗരിതം ടേബിൾ പരീക്ഷാ ഹാളിൽ കൊണ്ടുവരുന്നതിന് വിലക്കുണ്ടോ;

(ഡി) ഹയർസെക്കണ്ടറി പരീക്ഷയിൽ ആൾമാറാട്ടം നടത്തുന്ന വിദ്യാർത്ഥികൾക്ക് നിലവിലുള്ള ശിക്ഷ എന്താണ്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) പരീക്ഷാ മാന്വൽ പ്രകാരവും 2017-ലെ പരീക്ഷാ വിജ്ഞാപന പ്രകാരവും ഒരു വിദ്യാർത്ഥി ഇംഗ്ലീഷ്, തമിഴ്, മലയാളം, കന്നട എന്നിവയിൽ ഏതെങ്കിലുമൊരു ഭാഷയിൽ മാത്രമേ ഉത്തരമെഴുതാൻ പാടുള്ളൂവെന്നത് നിർദ്ദേശ രൂപത്തിൽ ഹാൾടിക്കറ്റിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ പരീക്ഷാവേളയിൽ ഇപ്രകാരം ഒരു നിർദ്ദേശം പുറപ്പെടുവിച്ചത് വിദ്യാർത്ഥികളിൽ ആശയക്കുഴപ്പം

ഉണ്ടാക്കിയെന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി നിർദ്ദേശം പിൻവലിക്കുകയുണ്ടായി. ആയതിനാൽ മുൻ വർഷങ്ങളിൽ തുടർന്നുവന്ന രീതി 2017 മാർച്ചിലെ പരീക്ഷയിലും തുടരാനാകും.

(സി) ഇല്ല.

(ഡി) ഹയർ സെക്കണ്ടറി പരീക്ഷകളിൽ ആൾമാറാട്ടം നടത്തി പരീക്ഷ എഴുതുന്നത് ക്രിമിനൽ കുറ്റമാണ്. യഥാർത്ഥ പരീക്ഷാർത്ഥിക്കെതിരെയും പകരം പരീക്ഷയെഴുതുന്നയാളിനെതിരയും പോലീസ് കേസ് ഫയൽ ചെയ്യുന്നതും യഥാർത്ഥ വിദ്യാർത്ഥിയെ തുടർന്നുള്ള മൂന്ന് വർഷത്തേയ്ക്ക് ഹയർ സെക്കണ്ടറി പരീക്ഷയെഴുതുന്നതിൽ നിന്നും വിലക്കുന്നതുമാണ്.

**കലോത്സവങ്ങളിൽ അപ്പീൽ നൽകുന്നതിലേയ്ക്കായി കെട്ടിവയ്ക്കുന്ന തുകയുടെ ആഡിറ്റ്**

71 (2823) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കലോത്സവങ്ങളിൽ അപ്പീൽ നൽകുന്നതിലേയ്ക്കായി കെട്ടിവെയ്ക്കുന്ന തുക ആഡിറ്റിന് വിധേയമാക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം ഡെപ്പോസിറ്റ് തുകകൾ എങ്ങനെയാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ പത്ത് വർഷങ്ങളിലായി ഇങ്ങനെ സ്വരൂപിച്ച തുക എത്രയെന്നും അവ എങ്ങനെ വിനിയോഗിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓരോ വർഷത്തെ കലോത്സവത്തിന്റെ കണക്കുകൾ ആഡിറ്റ് വിഭാഗവും അക്കൗണ്ടന്റ് ജനറൽ ആഫീസിൽ നിന്നും സർക്കാരിന്റെ ഫിനാൻസ് വിഭാഗവും പരിശോധിക്കാറുണ്ട്.

(ബി) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഇത്തരം ഡെപ്പോസിറ്റ് തുകകൾ കലോത്സവവുമായി ബന്ധപ്പെട്ട വിവിധയിനം ചെലവുകൾക്കായി വിനിയോഗിക്കാറുണ്ട്.

(സി) 2007-8 വർഷത്തെ സംസ്ഥാന കലോത്സവത്തിൽ അപ്പീൽ ഫീസ് ഇല്ലായിരുന്നു. 2008-9 വർഷം മുതൽ 2016-17 വർഷം വരെ ലഭിച്ച അപ്പീലിൽ അനുവദിച്ച അപ്പീലും പോയിട്ട് ബാക്കി 3424 അപ്പീലുകളാണ് ഉണ്ടായിരുന്നത്. 3424 അപ്പീലുകൾക്ക് 5000 രൂപ അപ്പീൽ ഫീസിനത്തിൽ 1,71,20,000

രൂപയാണ് ലഭിച്ചത്. പ്രസ്തുത തുകയിൽ അതാത് വർഷത്തെ കലോത്സവത്തിന് ഉണ്ടായ വിവിധ ചെലവുകളായ മത്സരാർത്ഥികൾക്കുള്ള പ്രൈസ് മണി, വിധികർത്താക്കൾക്കുള്ള റെമ്യൂണറേഷൻ, റ്റി.എ., ഡി.എ., അപ്പീൽ ജൂറികൾക്കുള്ള റെമ്യൂണറേഷൻ, റ്റി.എ., ഡി.എ., താമസ ചെലവുകൾ തുടങ്ങിയവയ്ക്ക് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻ പ്രകാരം ചെലവഴിക്കുകയും ബാക്കി തുക കലോത്സവ ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്.

വിശദവിവരങ്ങളടങ്ങിയ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം

72 (2824) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനത്തിന് മെറിറ്റ് അട്ടിമറിക്കപ്പെട്ടു എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാരിൽ ലഭ്യമായ റിപ്പോർട്ട് വ്യക്തമാക്കാമോ;

(ബി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സ്ഥിരം ഒഴിവുകൾ സംസ്ഥാനത്ത് എത്ര എണ്ണം ഉണ്ട്; നിലവിൽ ഇത്തരം അദ്ധ്യാപകരെ നിയമിക്കുന്ന രീതി വ്യക്തമാക്കാമോ;

(സി) സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ തെരഞ്ഞെടുക്കാൻ ഉപയോഗിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്കൂളുകളിലെ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനത്തിന് മെറിറ്റ് അട്ടിമറിക്കപ്പെട്ടുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സ്ഥിരം ഒഴിവുകളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. എന്നാൽ സർവ്വ ശിക്ഷാ അഭിയാൻ പ്രോജക്ടിന്റെ ഭാഗമായി 2514 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലവിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ സ്ഥിരം ഒഴിവുകളിൽ നിയമിക്കുന്നത് കെ.ഇ.ആർ. പ്രകാരമാണ്. സർക്കാർ സ്കൂളുകളിൽ പി.എസ്.സി. മുഖേനയും എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് അനുവദനീയമായ തസ്തികകളിൽ അതത് മാനേജ്മെന്റിലെ മാനേജരുമാണ് നിയമിക്കുന്നത്.

(സി) കെ.ഇ.ആർ.-ലെ XXIII-ാം അദ്ധ്യായത്തിലെ ചട്ടം 6(4)-ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം നടത്തുന്നത്.

സർവ്വ ശിക്ഷാ അഭിയാൻ പ്രോജക്ടിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ വെളിച്ചത്തിൽ എസ്.എസ്.എ. പ്രോജക്ട് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഗ്രന്ഥശാലകൾക്ക് സൗകര്യങ്ങൾ**

73 (T*2825) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രന്ഥശാലകൾക്ക് പുതിയ കെട്ടിടവും ആധുനിക സൗകര്യവും ഒരുക്കുന്നതിന് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(ബി) 'എ' ഗ്രേഡ് ലൈബ്രറികൾക്കുള്ള വാർഷിക ഗ്രാന്റ് എത്രയാണ്; വ്യക്തമാക്കുമോ; പ്രസ്തുത സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിക്കുന്നതും പരിശോധിക്കുമോ;

(സി) പ്രസ്തുത ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് പ്രത്യേക തുക ഗ്രാന്റിൽ വകയിരുത്തുമോ;

(ഡി) ലൈബ്രേറിയൻ അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉണ്ടോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സർക്കാർ പദ്ധതി പ്രകാരം 1300 എ ഗ്രേഡ് ലൈബ്രറികൾക്ക് എൽ.സി.ഡി. പ്രൊജക്ടർ, കമ്പ്യൂട്ടർ, ഇന്റർനെറ്റ്, വൈ-ഫൈ സംവിധാനം എന്നിവ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ജില്ലാ പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് കമ്പ്യൂട്ടർ ലഭ്യമാക്കുകയും ലൈബ്രറികളിൽ ഇന്റർനെറ്റ് സംവിധാനം നൽകിവരികയും ചെയ്യുന്നു. ലൈബ്രറികളുടെ കെട്ടിട നിർമ്മാണത്തിന് നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ഗ്രാന്റ് നൽകുന്നുണ്ട്.

(ബി) 'എ' ഗ്രേഡ് ലൈബ്രറികളുടെ വാർഷിക ഗ്രാന്റ് 32,000 രൂപയാണ്. ലൈബ്രറി കൗൺസിലിൽ നിന്നും കെട്ടിട ഗ്രാന്റ് കൈപ്പറ്റി 5 വർഷം കഴിഞ്ഞ ലൈബ്രറികൾക്കാണ് മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നത്. ഇപ്പോൾ ഒരു ലക്ഷം രൂപയാണ് മെയിന്റനൻസ് ഗ്രാന്റ് ഒറ്റത്തവണയായി അനുവദിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽ നിന്നും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗ്രന്ഥശാലകൾക്ക് മെയിന്റനൻസ് ചെലവ് നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ജില്ലാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ലൈബ്രറികൾക്ക് ഫർണിച്ചർ വാങ്ങുന്നതിന് തുക വകയിരുത്തിയിട്ടുണ്ട്.

(ഡി) ലൈബ്രേറിയൻ അലവൻസ് വർദ്ധിപ്പിച്ചിട്ടുണ്ട്. എ മുതൽ എഫ് വരെ ഗ്രേഡിലുള്ള ലൈബ്രറികൾക്ക് പ്രതിമാസം 500 രൂപയുടെ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

**പൊതുവിദ്യാഭ്യാസ വകുപ്പിൽ തീർപ്പാക്കാത്ത ഫയലുകൾ**

74 (2826) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ പൊതുവിദ്യാഭ്യാസ വകുപ്പിൽ എത്ര ഫയലുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നുണ്ട്; ഇവയുടെ എണ്ണം സെക്ഷൻ തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്ന സെക്ഷനുകളിലുള്ള ജോലിഭാരം ലഘൂകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(സി) ഈ പ്രശ്നം 2018 ജനുവരി 1-ന് മുമ്പ് പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 14016 എണ്ണം. സെക്ഷൻ തലത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) തപാലുകൾ e-office മുഖാന്തരമാണ് സെക്ഷനുകൾക്ക് നൽകുന്നത്. സെക്ഷനുകളിൽ 1-4-2017 മുതൽ e-office മുഖാന്തരം കൈകാര്യം ചെയ്യാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഫയലുകൾ തീർപ്പാക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ യോഗം ചേരുകയും ഫയൽ അദാലത്തുകൾ സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയും ആയതിൻ പ്രകാരം ഏപ്രിൽ ആദ്യവാരത്തിൽ ഫയൽ അദാലത്ത് നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ സ്കൂൾ-കോളേജുകൾക്ക് പുതിയ കെട്ടിടം**

75 (2827) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ബി.എച്ച്.എസ്.എസ്, കുളത്തൂർ വി.എച്ച്.എസ്.എസ്, കുളത്തൂർ ഗവൺമെന്റ് കോളേജ് എന്നിവയ്ക്ക് 2016-ലെ ബജറ്റിൽ നിർദ്ദേശിക്കപ്പെട്ട പുതിയ മന്ദിരങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) നെയ്യാറ്റിൻകര മണ്ഡലത്തിലെ മുൻ പെരുമ്പഴുതൂർ പഞ്ചായത്തിന്റെ ഭാഗമായിട്ടുള്ള പെരുമ്പഴുതൂർ എച്ച്.എസ്, ഹയർ സെക്കണ്ടറിയായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നെയ്യാറ്റിൻകര നഗര കേന്ദ്രത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ കെട്ടിട നിർമ്മാണത്തിന് 2016-ലെ ബജറ്റിൽ പ്രത്യേകിച്ച് നിർദ്ദേശങ്ങളൊന്നുമില്ല. 2016-17 സാമ്പത്തിക വർഷം നെയ്യാറ്റിൻകര മണ്ഡലത്തിലെ നെയ്യാറ്റിൻകര ബി.എച്ച്.എസ്.എസ്., കുളത്തൂർ വി.എച്ച്.എസ്.എസ്. എന്നീ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഹയർ സെക്കണ്ടറി വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷം കുളത്തൂർ വി.എച്ച്.എസ്.എസ്.-ന് 160 ലക്ഷം രൂപ മതിപ്പ് ചെലവിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ 70% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ തീരുമാനിച്ചിട്ടില്ല.

(സി) നെയ്യാറ്റിൻകര നഗര കേന്ദ്രത്തിൽ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് ആരംഭിക്കുന്നതിന് പ്രൊപ്പോസലുകളൊന്നും നിലവിലില്ല.

**ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ ബൈട്രാൻസ്ഫർ പ്രൊമോഷൻ നിയമനം**

76 (2828) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർസെക്കണ്ടറി സ്കൂൾ ടീച്ചർ ബൈട്രാൻസ്ഫർ പ്രൊമോഷൻ ബോട്ടണി നിയമനത്തിന് എച്ച്.എസ്.എ.-യിൽ നിന്നും എച്ച്.എസ്.എസ്.ടി.-യിലേയ്ക്ക് എത്ര വേക്കൻസി നിലവിലുണ്ട് എന്നറിയിക്കാമോ; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ;

(ബി) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗും സംബന്ധിച്ച് പുതിയ സോഫ്റ്റ്‌വെയർ ഹയർ സെക്കണ്ടറി വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ പുരോഗതി വ്യക്തമാക്കാമോ; ഇത് എന്ന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നറിയിക്കാമോ?

ഉത്തരം

(എ) എച്ച്.എസ്.എ./യു.പി.എസ്.എ./എൽ.പി.എസ്.എ. തസ്തികമാറ്റ നിയമനത്തിനായി എച്ച്.എസ്.എസ്.റ്റി. (സീനിയർ) ബോട്ടണി തസ്തികയിൽ ഒഴിവുകളില്ല. എന്നാൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ ബോട്ടണി തസ്തികയിലേയ്ക്കുള്ള തസ്തിക മാറ്റത്തിനായി നിലവിൽ 15 ഒഴിവുകളുണ്ട്.

(ബി) ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളും സ്ഥലംമാറ്റവും സംബന്ധമായ പുതിയ സോഫ്റ്റ്‌വെയർ ഹയർ സെക്കണ്ടറി വകുപ്പിൽ നടപ്പാക്കിയിട്ടില്ല.

**ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ**

77 (2829) <u>ശ്രീ. കെ. സി. ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്റ്റേഷനറിയ്ക്കും, യൂണിഫോമിനും, യാത്രയ്ക്കും പ്രതിവർഷം എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത തുക കുട്ടികൾക്ക് മുടക്കം കൂടാതെ നൽകുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ തുക മുടക്കം കൂടാതെ നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്റ്റേഷനറിക്ക് 500 രൂപയും യൂണിഫോമിന് 500 രൂപയും യാത്രയ്ക്ക് 600 രൂപയുമാണ് പ്രതിവർഷം അനുവദിച്ചിട്ടുള്ളത്.

(ബി&സി) കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയ (എം.എച്ച്.ആർ.ഡി.) ത്തിൽ നിന്നും തുക ലഭിക്കാൻ താമസിച്ചതിനാൽ 2016-17 വർഷം അനുവദിച്ച തുക നൽകാൻ സാധിച്ചിട്ടില്ല. ഈ സാമ്പത്തിക വർഷം തീരുന്നതിനുമുമ്പ് തന്നെ ആയത് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടർന്നുള്ള വർഷങ്ങളിലും മുടക്കം കൂടാതെ പ്രസ്തുത തുക നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

**പുസ്തകകെട്ടുകളുടെ ഭാരം**

78 (2830) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം എത്രയാകാം എന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നിലവിലുണ്ടോ;

(ബി) അൺ എയിഡഡ് സ്കൂളുകളിലെയും മറ്റ് സ്കൂളുകളിലേയും കുട്ടികൾ വലിയ ഭാരമുള്ള പുസ്തകകെട്ടുകൾ ചുമക്കുന്നതുമൂലം കുട്ടികൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) വലിയ ഭാരമുള്ള പുസ്തകകെട്ടുകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം എത്രയാകാം എന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ബി) പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് പഠനത്തിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നിർദ്ദേശങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കൊട്ടാരക്കരയിൽ കേന്ദ്രീയ വിദ്യാലയം**

79 (2831) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കരയിൽ കേന്ദ്രീയവിദ്യാലയം ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത കേന്ദ്രീയ വിദ്യാലയം പ്രവർത്തിപ്പിക്കുന്നതിന് നിലവിൽ കണ്ടെത്തിയിരിക്കുന്ന സ്ഥലം ഏതാണ്;

(സി) അടുത്ത അദ്ധ്യയന വർഷം മുതൽ കേന്ദ്രീയ വിദ്യാലയത്തിൽ ക്ലാസ്സുകൾ ആരംഭിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കൊട്ടാരക്കരയിൽ കേന്ദ്രീയ വിദ്യാലയം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) കൊട്ടാരക്കര വില്ലേജിൽ ഗ്രാമ വികസന വകുപ്പിന്റെ അധീനതയിൽപ്പെട്ട റീസർവേ നമ്പർ 272/3-ൽപ്പെട്ട സ്ഥലത്തുനിന്ന് 5 ഏക്കർ സ്ഥലമാണ് നിലവിൽ കേന്ദ്രീയ വിദ്യാലയത്തിനുവേണ്ടി കണ്ടെത്തിയിട്ടുള്ളത്.

(സി) സ്ഥലം കൈമാറി കെട്ടിടം പണി തീരുന്ന മുറയ്ക്ക് ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്.

**പൊതുവിദ്യാലയങ്ങളിൽ പാചകവാതകം ഉപയോഗിക്കുവാൻ പദ്ധതി**

80 (2832) <u>ശ്രീ. അടൂർ പ്രകാശ് :</u>

<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പൊതുവിദ്യാലയങ്ങളിലും ഉച്ചഭക്ഷണം പാചകം ചെയ്യുവാൻ പാചകവാതകം ഉപയോഗിക്കുവാൻ പദ്ധതിയുണ്ടോ;

(ബി) എത്ര സ്കൂളുകളിലാണ് എൽ.പി.ജി. കണക്ഷൻ നൽകുന്നതെന്നും അതിനായി എന്ത് തുക വേണ്ടിവരുമെന്നും അറിയിക്കുമോ;

(സി) പ്രസ്തുത തുക എപ്രകാരം കണ്ടെത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഉച്ചഭക്ഷണ പദ്ധതി കേന്ദ്രസർക്കാർ കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സ്കൂൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിന് വിറകിന് പകരം പാചകവാതകം ഉപയോഗിക്കണമെന്ന കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 2016-17 അദ്ധ്യയന വർഷം മുതൽക്ക് തന്നെ സംസ്ഥാനത്തെ സ്കൂളുകളിൽ പാചകവാതകം ഉപയോഗിച്ച് ഉച്ചഭക്ഷണം പാചകം ചെയ്യുവാൻ തീരുമാനം കൈക്കൊണ്ടിരുന്നു. തുടർന്ന് 3-3-2016-ലെ സ.ഉ. (സാധാ) നമ്പർ 948/2016/പൊ.വി.വ. പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ ഉച്ചഭക്ഷണ പാചകത്തിന് പാചകവാതകം ഉപയോഗിക്കേണ്ടതാണെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിരുന്നു. ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും അടുത്ത അദ്ധ്യയന വർഷത്തോടെ വിറകിന് പകരം എൽ.പി.ജി. ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ 12327 സ്കൂളുകളാണുള്ളത്. ഇതിൽ 3280 സ്കൂളുകൾ ഇതിനോടകം പാചകവാതക കണക്ഷൻ എടുത്തിട്ടുള്ളതായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ അറിയിച്ചിട്ടുണ്ട്. സ്കൂളൊന്നിന് ഇതിലേയ്ക്കുള്ള ആകെ പ്രാരംഭ ചെലവ് 8500 രൂപയോളം വരും.

(സി) കിച്ചൺ ഉപകരണങ്ങൾ പുതിയത് വാങ്ങുന്നതിനും പഴയവ മാറ്റി വാങ്ങുന്നതിനും കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുക ഗ്യാസ് അടുപ്പുകൾ വാങ്ങുന്നതിനും ഗ്യാസ് കണക്ഷൻ എടുക്കുന്നതിനും ഉപയോഗിക്കാമെന്ന കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് മന്ത്രാലയത്തിന്റെ സ്പഷ്ടീകരണത്തിന്റെ അടിസ്ഥാനത്തിൽ കിച്ചൺ ഉപകരണങ്ങൾ വാങ്ങുന്നതിന് കേന്ദ്ര സർക്കാർ

അനുവദിച്ച 1,27,30,000 രൂപ സംസ്ഥാനത്തെ 2546 സ്കൂളുകളിൽ എൽ.പി.ജി. കണക്ഷൻ എടുത്ത് രണ്ട് ഗ്യാസ് അടുപ്പുകൾ (ഒരു വലുതും ഒരു ചെറുതും) വാങ്ങുന്നതിലേയ്ക്കായി സ്കൂളൊന്നിന് 5000 രൂപ വീതം 2016 മാർച്ചിൽ നൽകിയിരുന്നു. നടപ്പുവർഷം ഉച്ചഭക്ഷണ പദ്ധതിയുടെ കീഴിൽ വരുന്ന സംസ്ഥാനത്തെ 8279 സ്കൂളുകളിൽ കിച്ചൺ ഉപകരണങ്ങൾ പുതിയവ വാങ്ങുന്നതിനും 1473 സ്കൂളുകളിൽ പഴയ കിച്ചൺ ഉപകരണങ്ങൾ മാറ്റി പുതിയവ വാങ്ങുന്നതിനും സ്കൂളൊന്നിന് 5000 രൂപ നിരക്കിൽ കേന്ദ്ര സർക്കാർ ഇക്കൊല്ലം ആകെ 487.60 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെ എൽ.പി.ജി. കണക്ഷൻ എടുത്തിട്ടില്ലാത്ത സ്കൂളുകൾക്ക് ആയത് എടുക്കുന്നതിന് പ്രസ്തുത തുക ഉപയോഗിക്കാവുന്നതാണ്. അധികമായി ആവശ്യം വരുന്ന തുക സ്കൂൾ പി.ടി.എ., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ കണ്ടെത്തുവാൻ വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപ്പുവർഷത്തെ അപേക്ഷിച്ച് 1572.95 ലക്ഷം രൂപ കൂടുതൽ അനുവദിച്ചിട്ടുണ്ട്. റിക്കറിംഗ് ഇനത്തിൽ (അരിയുടെ വില, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്, കണ്ടിജന്റ് ചാർജ്ജ് (പാചക ചെലവ്), പാചക തൊഴിലാളികളുടെ വേതനം, എം.എം.ഇ. ഫണ്ട്) നടപ്പുവർഷത്തേയ്ക്ക് (2016-17) 18768.77 ലക്ഷം രൂപ നൽകുമ്പോൾ 2017-18 വർഷത്തേയ്ക്ക് 20341.72 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്.

**സർട്ടിഫിക്കറ്റുകൾ തിരുത്താൻ കാലതാമസം**

81 (2833) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാ ഭവനിൽ സർട്ടിഫിക്കറ്റുകൾ തിരുത്തലുമായി ബന്ധപ്പെട്ട അപേക്ഷകളിൻമേൽ അനാവശ്യമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർട്ടിഫിക്കറ്റുകൾ യഥാസമയം നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(സി) EX/H/44601/2016/CGE എന്ന ഫയലിന്മേലുള്ള നടപടികൾ നിലവിൽ ഏതുഘട്ടത്തിലാണ്; ആയതിന്മേലുള്ള കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ;

(ഡി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സർട്ടിഫിക്കറ്റ് എന്നത്തേയ്ക്ക് നൽകാൻ സാധിക്കും എന്നറിയിക്കാമോ?

ഉത്തരം

(എ) പരീക്ഷാഭവനിൽ സാധാരണഗതിയിൽ അപേക്ഷിച്ച് 3 മാസത്തിനകം സർട്ടിഫിക്കറ്റുകൾ തീർപ്പാക്കി നൽകാറുണ്ട്. അടിയന്തര പ്രാധാന്യമുള്ളവ വളരെ വേഗത്തിൽ തന്നെ ചെയ്ത് നൽകാറുണ്ട്.

(ബി) ആവശ്യമായ രേഖകൾ  സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ കാലതാമസം കൂടാതെ തന്നെ തീർപ്പാക്കി നൽകാറുണ്ട്.

(സി) EX/H/44601/2016/CGE ഫയൽ നമ്പർ പ്രകാരം ലഭിച്ച അപേക്ഷ എന്തിന് വേണ്ടിയുള്ളതാണെന്ന് സൂചിപ്പിച്ചിട്ടില്ല. അതിനാലാണ് മറുപടി നൽകുന്നതിന് കാലതാമസം നേരിട്ടത്. ശ്രീമതി വർഷ എസ്.ആർ. എന്ന വിദ്യാർത്ഥിനിയാണ് പ്രസ്തുത അപേക്ഷ നൽകിയത്.

(ഡി) രജിസ്റ്റർ നമ്പർ 16063782 ജൂൺ 2016 പ്രകാരം കെ.ജി.റ്റി. പരീക്ഷയെഴുതിയ ശ്രീമതി വർഷ എസ്.ആർ.-ന് സർട്ടിഫിക്കറ്റ്/മാർക്ക് ലിസ്റ്റ് എന്നിവ പരീക്ഷാഭവനിൽ നിന്നും നൽകിയിട്ടുണ്ട്.

**8 മുതൽ 12 വരെയുള്ള ക്ലാസ്സുകളെ ഹൈടെക് ആക്കുന്ന പദ്ധതി**

82 (2834) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളെ ഹൈടെക് ആക്കുന്ന പദ്ധതി എത്ര സ്കൂളുകളിൽ ഈ വർഷം (2016-17) നടപ്പിലാക്കി;

(ബി) കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുന്ന പദ്ധതി പ്രകാരം എത്ര സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കുകയുണ്ടായി;

(സി) 2017 ജനവരി 31 വരെ ഈ പദ്ധതികൾക്കായി എന്ത് തുക ചിലവ് ചെയ്തു ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹൈടെക് സ്കൂൾ പദ്ധതി 2016-17 വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് അസംബ്ലി നിയോജകമണ്ഡലങ്ങളിലെ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നാല് നിയോജകമണ്ഡലങ്ങളിലെ 125 സ്കൂളുകളിൽ എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും കമ്പ്യൂട്ടർ ലാബുകൾ സജ്ജീകരിക്കുന്നുണ്ട്.

(സി) 'കിഫ്ബി' യിൽനിന്നാണ് ഹൈടെക് പദ്ധതിക്കുള്ള തുക വകയിരുത്തുന്നത്. നിലവിൽ നാല് മണ്ഡലങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്കുള്ള തുക ഐടി@സ്കൂൾ വിഹിതത്തിൽ നിന്നാണ് ഉപയോഗിക്കുന്നത്. ഇതിനായി ഐടി@സ്കൂൾ പ്രോജക്ട് 3 കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ബി.എഡ്. കോഴ്സുകൾ കുറച്ചുവെന്ന വാർത്ത**

83 (2835) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ബി. എഡ്. കോളേജുകളിൽ കോഴ്സുകളും അദ്ധ്യാപക തസ്തികകളും കുറയ്ക്കാൻ ആലോചിക്കുന്നുണ്ടോ; എൻ.സി.റ്റി.ഇ.യിൽ പുതിയ നിയമങ്ങൾ വന്നതിനു ശേഷം ഒട്ടേറെ ബി. എഡ്.കോഴ്സുകൾ കുറച്ചുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ;

(ബി) പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ, ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകളും തസ്തികകളും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ, ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളിലും ഇത്തരത്തിൽ നിയമനങ്ങൾ നടത്തുന്ന കാര്യം പരിശോധിക്കുമോ ?

ഉത്തരം

(എ) കോഴ്സുകളും അദ്ധ്യാപക തസ്തികകളും കുറയ്ക്കുന്നതിന് ആലോചനയില്ല. NCTE-യുടെ പുതിയ നിയമങ്ങൾ വന്നതിനുശേഷം ബാച്ചുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ട്.

(ബി) ആർട്സ് & സയൻസ് കോളേജുകളിൽ പുതിയ കോഴ്സുകളും തസ്തികകളും അനുവദിച്ചിട്ടുണ്ട്. ടീച്ചർ എഡ്യൂക്കേഷൻ കോളേജുകളിൽ NCTE നിയമങ്ങൾ അനുശാസിച്ച് മാത്രമേ നിയമനങ്ങൾ നടത്താൻ സാധിക്കുകയുള്ളൂ.

**ഒരു മണ്ഡലത്തിൽ ഒരു കോളേജ്**

84 (2836) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മണ്ഡലത്തിൽ ഒരു കോളേജ് എന്ന പദ്ധതി അനുസരിച്ച് ഏതൊക്കെ മണ്ഡലങ്ങളിൽ കോളേജ് ആരംഭിക്കാനുണ്ട്;

(ബി) ആരംഭിച്ച കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തിക സൃഷ്ടിക്കൽ എവിടെവരെയായി; ഏതൊക്കെ കോളേജുകളിൽ ഇനി പ്രസ്തുത തസ്തിക സൃഷ്ടിക്കുവാനുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനുവദിച്ച കോളേജുകൾ ഏതെല്ലാമെന്ന വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മലമ്പുഴ, ആലത്തൂർ എന്നീ മണ്ഡലങ്ങളിലാണ് ആർട്സ് & സയൻസ് കോളേജുകൾ തുടങ്ങുവാനുള്ളത്.

(ബി) പുതുതായി ആരംഭിച്ച 23 കോളേജുകളിൽ 19 എണ്ണത്തിൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. മലപ്പുറം സർക്കാർ വനിതാ കോളേജിലും കരുനാഗപ്പള്ളി സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജിലും അനുമതി ലഭിച്ച തൃശ്ശൂർ എസ്.ആർ.വി മ്യൂസിക് കോളേജിലും വൈപ്പിൻ എളങ്കുന്നപ്പുഴ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനും അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കാനുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈപ്പിൻ നിയോജകമണ്ഡലത്തിൽ എളങ്കുന്നപ്പുഴ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**കല്പറ്റ, മൂന്നാർ, കട്ടപ്പന ഗവൺമെന്റ് കോളേജുകളിൽ ബിരുദാനന്തര കോഴ്സുകൾ**

85 (2837) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്പറ്റ, മൂന്നാർ, കട്ടപ്പന ഗവൺമെന്റ് കോളേജുകളിൽ 2016-17 അദ്ധ്യയന വർഷം പുതിയതായി ഏതെങ്കിലും ബിരുദാനന്തര കോഴ്സുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോഴ്സുകൾ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കല്പറ്റ, മൂന്നാർ, കട്ടപ്പന ഗവൺമെന്റ് കോളേജുകളിൽ രണ്ട് കോഴ്സുകൾ വീതം യഥാക്രമം എം.സി.ജെ., എം.എ. ഇക്കണോമിക്സ്, എം.എ. തമിഴ്, എം.കോം., എം.എസ്.സി. കെമിസ്ട്രി, എം.എ. ഇക്കണോമിക്സ് എന്നീ ബിരുദാനന്തര ബിരുദ കോഴ്സുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കോഴ്സുകൾക്ക് ഓരോ തസ്തിക വീതം സൃഷ്ടിച്ചിട്ടുണ്ട്.

**അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജ്**

86 (2838) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയിരൂർ ഐ.എച്ച്.ആർ.ഡി. കോളേജിന് എന്നാണ് സർക്കാർ അംഗീകാരം നൽകിയത്; എന്തൊക്കെ കോഴ്സുകളാണ് ഇവിടെയുള്ളത്; കോളേജിന്റെ പ്രവർത്തനം ആരംഭിച്ചത് എന്നാണ്;

(ബി) നിലവിൽ എവിടെയാണ് ഈ കോളേജ് പ്രവർത്തിക്കുന്നത്; കോളേജിന് സ്വന്തമായി കെട്ടിടം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) കോളേജിന് അഫിലിയേഷൻ നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഡി) പ്രശ്നങ്ങൾ പരിഹരിച്ച് കോളേജിന്റെ അഫിലിയേഷൻ വീണ്ടെടുത്ത് അടുത്ത അദ്ധ്യയനവർഷം ക്ലാസ്സുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17-7-2013-ലെ ജി.ഒ. (എം.എസ്.)നമ്പർ 505/2013/H.Edn. പ്രകാരം ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിച്ചിരുന്ന പത്തനംതിട്ട ജില്ലയിലെ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ അയിരൂരിനെ നവീകരിച്ച് കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, അയിരൂർ ആരംഭിക്കുവാനും ചുവടെപ്പറയുന്ന മൂന്ന് കോഴ്സുകൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അഫിലിയേഷനോടുകൂടി അനുമതിയും ലഭിച്ചിരുന്നു.

1. ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് - 30 സീറ്റ്
2. ബി.എ. ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മോഡ് 2
   (വൊക്കേഷണൽ ജേർണലിസം) - 40 സീറ്റ്
3. ബി.സി.എ. - 30 സീറ്റ്

എന്നാൽ കോളേജിന്റെ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല.

(ബി) 24-5-2003-ലെ ജി.ഒ.(ആർ.ടി.) നമ്പർ 1903/03/G.Edn. പ്രകാരം ഐ.എച്ച്.ആർ.ഡി.-യ്ക്ക് അയിരൂരിൽ ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂൾ ആരംഭിക്കുവാൻ സ്ഥലം അനുവദിക്കുകയും പിന്നീട് പ്രസ്തുത സ്കൂൾ, കോളേജ് ഓഫ് അപ്ലൈഡ് സയൻസായി അപ്ഗ്രേഡ് ചെയ്യുകയുമുണ്ടായി. ടി സ്ഥലത്ത് എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കോളേജ് കെട്ടിടത്തിന്റെ പണി പൂർത്തിയായിവരുന്നു. പ്രസ്തുത കെട്ടിടത്തിലെ 6 മുറികൾ മൂന്ന് കോഴ്സുകളുടെ ഒന്നാം വർഷ ക്ലാസ്സുകൾക്കും ഓഫീസ്, ലാബുകൾ തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്കും പര്യാപ്തമാണ്.

(സി) കോളേജിന്റെ അഫിലിയേഷൻ താൽക്കാലികമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും അപര്യാപ്തതമൂലം 2014-15 വർഷം ക്ലാസ്സുകൾ ആരംഭിക്കുവാൻ സാധിക്കാതെ വന്നതാണ് കാരണം.

(ഡി) കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതോടൊപ്പം കോളേജിന്റെ അഫിലിയേഷൻ പുനഃസ്ഥാപിക്കുന്നതിനും 2017-18 അദ്ധ്യയന വർഷത്തിൽ അഡ്മിഷൻ നടത്തുന്നതിനും വേണ്ടി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ സർവ്വകലാശാലയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു സ്പെഷ്യൽ ഓഫീസറെയും നിയോഗിച്ചിട്ടുണ്ട്.

**തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ**

87 (2839) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഗവ. ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം.എഡ്. കോഴ്സിന് ആവശ്യമായ സ്ഥിരം അദ്ധ്യാപകരില്ല എന്ന കാരണത്താൽ എൻ.സി.ടി.ഇ. അംഗീകാരം പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എഡ്. കോഴ്സ് നിലനിർത്തുന്നതിനാവശ്യമായ അദ്ധ്യാപകരെ അടിയന്തരമായി നിയമിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ എം.എഡ്. കോഴ്സിന് അംഗീകാരം നഷ്ടപ്പെടാൻ കാരണം അന്നത്തെ എൻ.സി.ടി.ഇ. നിബന്ധന പ്രകാരം എം.എഡ്. കോഴ്സ് പഠിപ്പിക്കുന്നതിന് മാത്രമായി സ്ഥിരാദ്ധ്യാപകൻ ആവശ്യമായിരുന്നതിനാലാണ്.

എന്നാൽ നിലവിലെ എൻ.സി.ടി.ഇ. നിബന്ധന അനുസരിച്ച് എം.എഡ്. പഠിപ്പിക്കുന്നതിന് പ്രത്യേകമായി സ്ഥിരാദ്ധ്യാപകർ ആവശ്യമില്ല. ബി.എഡ്. വിഭാഗത്തിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് എം.എഡ്. വിഭാഗത്തിലും പഠിപ്പിക്കാവുന്നതാണ്. ആയതിനാൽ എം.എഡ്. കോഴ്സിന് അംഗീകാരം കിട്ടുന്ന മുറയ്ക്ക് അത് നിലനിർത്തുന്നതിനാവശ്യമായ അദ്ധ്യാപകരെ നിയമിക്കുന്നതാണ്.

**ഇംഗ്ലീഷ് ലക്ചററുടെ ഒഴിവുകൾ**

88 (T*2840) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊളീജിയറ്റ് എഡ്യുക്കേഷൻ വകുപ്പിൽ ഇംഗ്ലീഷ് ലക്ചററുടെ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) പ്രസ്തുത തസ്തികയിൽ നിലവിൽ എത്ര പേർ ഗസ്റ്റ് ലക്ചററായി ജോലി നോക്കുന്നു;

(സി) പ്രസ്തുത തസ്തികയിലേയ്ക്ക് പി.എസ്.സി. എഴുത്തുപരീക്ഷ നടത്തിയിട്ടുണ്ടോ; എഴുത്തു പരീക്ഷ നടത്തിയത്എന്നാണ്; റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് അതിൽ നിന്നും നിയമനം നടത്തുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊളീജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ ഇംഗ്ലീഷ് ലക്ചററുടെ 103 ഒഴിവുകൾ നിലവിലുണ്ട്.

(ബി) വർക്ക്ലോഡിന്റെ അടിസ്ഥാനത്തിൽ അതിഥി അദ്ധ്യാപകരെ നിയമിക്കുന്നത് പ്രിൻസിപ്പാൾമാരാണ്. ആയതിനാൽ ടി തസ്തികയിൽ 140 ഗസ്റ്റ് ലക്ചറർമാർ ജോലി നോക്കുന്നു.

(സി&ഡി) പരീക്ഷ നടത്തിയിട്ടുണ്ട്. 29-4-2014-ൽ ആദ്യഘട്ട പരീക്ഷ (OMR Test) നടത്തുകയും തുടർന്ന് പ്രസിദ്ധീകരിച്ച ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ടവരെ ഉൾപ്പെടുത്തി രണ്ടാം ഘട്ടമായി Online പരീക്ഷ നടത്തി. 27-10-2015-ന് നടന്ന ടി പരീക്ഷ ചില സാങ്കേതിക കാരണങ്ങളാൽ റദ്ദാക്കുകയും തുടർന്ന് 25-4-2016-ൽ വീണ്ടും online പരീക്ഷ നടത്തുകയും ചെയ്തു. OP(KAT) No.1215/16(Z) -മേൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 4-10-2016-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി തസ്തികയുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന നടപടികൾ തുടർ ഉത്തരവ് ഉണ്ടാകുന്നതുവരെ നിർത്തിവച്ചിരിക്കുകയാണ്.

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ്

89 (2841) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് ഉള്ളത്;

(ബി) സ്വാശ്രയ കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്നതിൽ സർക്കാരിന് സാമ്പത്തിക ബാദ്ധ്യത ഇല്ലാത്തതിനാൽ അനുമതി നൽകുന്നതിന് തടസ്സമുണ്ടോ;

(സി) ഇത്തരത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ തീർപ്പ് കൽപ്പിക്കുവാൻ ഉണ്ടോ; വിശദീകരിക്കാമോ;

(ഡി) ഇത്തരം ഫയലുകളിൽ കാലതാമസം ഉണ്ടാകാനിടയായ സാഹചര്യം വിശദീകരിക്കാമോ?

### ഉത്തരം

(എ) യു.ജി.സി., എ.ഐ.സി.ടി.ഇ., കൗൺസിൽ ഓഫ് ആർക്കിടെക്ച്ചർ മുതലായ റഗുലേറ്ററി സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകളനുസരിച്ചുമുള്ള സമ്മതപത്രം (LoC) അനുസരിച്ച് സർക്കാർ നൽകുന്ന നിരാക്ഷേപ പത്രത്തിന്റെ (NOC) അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് പുതിയ സ്വാശ്രയ കോഴ്സ് അനുവദിക്കുന്നതിന് അനുവാദം നൽകുന്നത്.

(ബി-ഡി) 22-8-2016-ലെ സ.ഉ.(കൈ) നമ്പർ178/2016/ഉവിവ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ പുതിയ കോളേജുകൾക്കും കോഴ്സുകൾക്കും അനുമതി നൽകേണ്ടതില്ലെന്ന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്.

## പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണം

90 (2842) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഗവ. ആർട്സ് & സയൻസ് കോളേജിന്റെ രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക വകയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഫണ്ടിൽ നിന്നാണ് തുക വകയിരുത്തിയതെന്നും തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഈ തുക വിനിയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഈ തുക വിനിയോഗിച്ച് എന്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പെരിങ്ങോം ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനെ KIIFB പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കോളേജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി PWD തയ്യാറാക്കിയ 1020 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിക്കുള്ള ഭരണാനുമതി നല്കാത്തതിനാൽ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

(സി) ഈ പദ്ധതി പ്രകാരം കോളേജ് കെട്ടിടത്തിന്റെ ശേഷിക്കുന്ന ഭാഗങ്ങളുടെ നിർമ്മാണം, കോമ്പൗണ്ട് വാൾ, ഇന്റേണൽ റോഡ്, ഡ്രെയിൻ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ പുതിയ ബിരുദാനന്തര കോഴ്സുകൾ

91 (2843) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ഗവ. വിക്ടോറിയ കോളേജിൽ പുതിയ ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

പാലക്കാട് വിക്ടോറിയ കോളേജിൽ പുതിയതായി മലയാളം ബിരുദാനന്തര കോഴ്സ് ആരംഭിക്കുന്നതിന് വർക്ക്‌ലോഡ് സ്റ്റേറ്റ്മെന്റ്, ടൈംടേബിൾ, അടിസ്ഥാന സൗകര്യ ലഭ്യത, ആവശ്യമായ അദ്ധ്യാപക തസ്തികകൾ, സാമ്പത്തിക ബാദ്ധ്യത എന്നിവ സംബന്ധിച്ച വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കൊച്ചിൻ കോളേജ് മാനേജ്മെന്റ്**

92 (2844) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ ചുള്ളിക്കലിൽ പ്രവർത്തിക്കുന്ന എം.ജി. യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ള കൊച്ചിൻ കോളേജിന്റെ ഘടന എന്താണ്;

(ബി) പ്രസ്തുത കോളേജിന് അംഗീകാരം നേടിയ മാനേജ്മെന്റ് ഏതാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മാനേജ്മെന്റ് കമ്മിറ്റിയിൽ, ഭരണഘടന അനുസരിച്ച് ആരെല്ലാമാണ് അംഗങ്ങളായിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) മാനേജ്മെന്റ് കമ്മിറ്റി യോഗങ്ങൾ ചേരുന്നതിന്റെ റിപ്പോർട്ട് യഥാസമയം ഉന്നതവിദ്യാഭ്യാസ വകുപ്പിന് ലഭിക്കാറുണ്ടോ; പ്രസ്തുത റിപ്പോർട്ട് പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കൊച്ചിൻ കോളേജ്, കൊച്ചിൻ യൂണിറ്ററി മാനേജ്മെന്റിന്റെ കീഴിലുള്ള സ്വകാര്യ എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളേജാണ്.

(ബി) ഈ കോളേജിന് പ്രാരംഭ അഫിലിയേഷൻ നൽകിയത് കേരള സർവ്വകലാശാലയാണ്. കോളേജിന്റെ മാനേജ്മെന്റ് - ദി കൊച്ചിൻ എഡ്യൂക്കേഷൻ സൊസൈറ്റി, കൊച്ചിൻ.

(സി) കോളേജ് മാനേജ്മെന്റിന്റെ ഭരണഘടന അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട താഴെപ്പറയുന്ന 6 കമ്മിറ്റി അംഗങ്ങളും 4 എക്സ് ഒഫീഷ്യോ അംഗങ്ങളുമാണ് നിലവിലുള്ളത്.

1. ശ്രീ. ഡേവിഡ് ടി മുക്കൻ (പ്രസിഡന്റ്)
2. ശ്രീ. ടി. വിദ്യാസാഗർ (സെക്രട്ടറി/മാനേജർ)
3. ശ്രീ. ഉൽഹാസ് സറാഫ് (മാനേജിംഗ് കമ്മിറ്റി മെമ്പർ)
4. ശ്രീ. ജോർജ്ജ് ജെ. മുക്കൻ (മാനേജിംഗ് കമ്മിറ്റി മെമ്പർ)
5. ശ്രീ. വിരേഷ് ഡി. ഘോന (മാനേജിംഗ് കമ്മിറ്റി മെമ്പർ)
6. ശ്രീ. പരേഖ്. എം.എൽ. (മാനേജിംഗ് കമ്മിറ്റി മെമ്പർ)
7. മേയർ, കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ (എക്സ്-ഒഫിഷ്യോ)
8. ഡെപ്യൂട്ടി മേയർ, കൊച്ചിൻ മുനിസിപ്പൽ കോർപ്പറേഷൻ (എക്സ്-ഒഫിഷ്യോ)
9. പ്രസിഡന്റ്, ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് (എക്സ്-ഒഫീഷ്യോ)
10. വൈസ് പ്രസിഡന്റ്, ഇന്ത്യൻ ചേമ്പർ ഓഫ് കൊമേഴ്സ് ആന്റ് ഇൻഡസ്ട്രീസ് (എക്സ്-ഒഫീഷ്യോ)

(ഡി) മാനേജ്മെന്റ് കമ്മിറ്റി ചേരുന്നതിന്റെ റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ വകുപ്പിന് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടില്ല.

**കാസർഗോഡ് ഗവൺമെന്റ് കോളേജിൽ പ്രിൻസിപ്പാൾ**

93 (2845) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവൺമെന്റ് കോളേജിൽ നിലവിൽ സ്ഥിരം പ്രിൻസിപ്പാൾ ഉണ്ടോ; ഇല്ലെങ്കിൽ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോളേജിൽ കഴിഞ്ഞ ആറ് വർഷത്തിനിടയിൽ എത്ര പ്രിൻസിപ്പാൾമാരെ നിയമിച്ചിട്ടുണ്ട്; അവരാരൊക്കെയെന്നും ഓരോരുത്തരുടെയും സേവന കാലാവധി എത്രയായിരുന്നുവെന്നും വിശദമാക്കുമോ;

(സി) ഈ കോളേജിൽ ഇടയ്ക്കിടെ പ്രിൻസിപ്പാൾമാർ മാറിക്കൊണ്ടിരിക്കുന്നതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. 2010-ലെ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ മാത്രമേ പ്രിൻസിപ്പാളായി നിയമിക്കാവൂ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേസ്സിലെ അന്തിമ തീർപ്പിന് വിധേയമായി പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ യു.ജി.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രിൻസിപ്പാൾമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി)

| ക്രമ നമ്പർ | പേര് | കാലയളവ് |
|---|---|---|
| 1 | ആർ. വസന്തകുമാരി | 28-6-2010 - 31-3-2011 |
| 2 | ആർ. രമണി | 7-9-2011 - 20-9-2012 |
| 3 | പി. രാജലക്ഷ്മി | 8-10-2012 - 31-3-2013 |
| 4 | ഡോ. കെ. പി. അജയകുമാർ (ഇൻചാർജ്ജ്) | 1-4-2013- 4-6-2013 |
| 5 | സജീവ് സാമുവൽ റോസ് | 5-6-2013- 16-7-2013 |
| 6 | ഡോ.കെ.പി. അജയകുമാർ (ഇൻചാർജ്ജ്) | 17-7-2013- 7-8-2013 |
| 7 | സുജയ.ഡി.സി. | 7-8-2013 - 14-1-2014 |
| 8 | ശ്രീനാഥ്. എ. (ഇൻ-ചാർജ്ജ്) | 15-1-2014 -2 1-3-2014 |
| 9 | സുജയ.ഡി.സി. | 22-3-2014- 30-4-2014 |
| 10 | ഡോ. കെ. പി. അജയകുമാർ (ഇൻ-ചാർജ്ജ്) | 1-5-2014- 31-5-2014 |
| 11 | ലില്ലി. സി.റ്റി. | 2-6-2014- 30-7-2014 |
| 12 | ഡോ. കെ. പി. അജയകുമാർ (ഇൻ-ചാർജ്ജ്) | 1-8-2014- 12-8-2014 |
| 13 | ശ്രീമതിക്കുട്ടി. കെ (ഇൻ-ചാർജ്ജ്) | 13-8-2014 - 30-9-2014 |
| 14 | ഡോ. കെ. പി. അജയകുമാർ | 1-10-2014- 30-3-2015 |
| 15 | ഡോ. രമ. എം | 1-4-2015- 29-5-2015 |
| 16 | ശ്രീമതിക്കുട്ടി.കെ | 30-5-2015 -31-5-2015 |
| 17 | ഡോ. സി. ബാബുരാജ് (ഇൻ-ചാർജ്ജ്) | 2-6-2015- 30-9-2015 |
| 18 | ശിവരാമകൃഷ്ണൻ.പി | 1-10-2015- 4-7-2016 |
| 19 | ഡോ. സി. ബാബുരാജ് (ഇൻ-ചാർജ്ജ്) | 5-7-2016 - 8-2-2017 |
| 20 | ഡോ. റ്റി. വിനയൻ (ഇൻ-ചാർജ്ജ്) | 9-2-2017- തുടരുന്നു. |

(സി) നിയമിക്കപ്പെടുന്ന പ്രിൻസിപ്പാൾമാർ അവരവരുടെ മാതൃ സ്ഥാപനങ്ങളിൽ ഒഴിവ് വരുന്ന ക്രമത്തിന് സ്ഥലമാറ്റപ്പെടുന്നതിനാലും റിട്ടയർമെന്റ് മൂലവുമാണ് ഇടയ്ക്കിടെ പ്രിൻസിപ്പാൾ മാറി വരുന്നത്.

## കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

94 (2846) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ പുതിയ യു.ജി., പി.ജി. കോഴ്സുകൾ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ അദ്ധ്യയന വർഷത്തിൽത്തന്നെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കോടഞ്ചേരിയിൽ സർക്കാർ ആർട്സ് & സയൻസ് കോളേജില്ല. എന്നാൽ തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കോടഞ്ചേരിയിലെ സർക്കാർ ആർട്സ് & സയൻസ് കോളേജിൽ നിന്നും ഇക്കാര്യത്തിനായി ഇതുവരെയും പ്രൊപ്പോസലുകളൊന്നും സമർപ്പിക്കപ്പെട്ടിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## സ്പോർട്സ് കോച്ചിംഗ് ക്യാമ്പ് ഫണ്ട്

95 (2847) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ സ്പോർട്സ് കോച്ചിംഗ് ക്യാമ്പ് ഫണ്ട് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പ്രകാരം തുക അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മികച്ച രീതിയിൽ കായിക പരിശീലനം നൽകി വരുന്ന പി.എം.ജി. കോളേജ്, ചാലക്കുടിക്ക് സ്പോർട്സ് കോച്ചിംഗ് ഫണ്ട് അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിന് സ്പോർട്സ് കോച്ചിംഗ് ക്യാമ്പ് നടത്തുന്നതിന് കോളേജിൽ നിന്നും ലഭിച്ച പ്രൊപ്പോസൽ പ്രകാരം ഈ സാമ്പത്തിക വർഷം 70,000 രൂപ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ഓർഡർ നമ്പർ പി.2/23120/16/കോ.വി.വ. തീയതി 24-9-2016 പ്രകാരം നൽകിയിട്ടുണ്ട്.

(ബി) കോളേജിന് സ്പോർട്സ് കോച്ചിംഗ് ക്യാമ്പ് നടത്തുന്നതിന് ഫണ്ട് അനുവദിച്ച് നൽകിയിട്ടുണ്ട്.

## സർക്കാർ കോളേജുകളിൽ സ്ഥിരം പ്രിൻസിപ്പാൾമാരെ നിയമിക്കാൻ നടപടി

96 (2848) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സർക്കാർ കോളേജുകളിലും സ്ഥിരം പ്രിൻസിപ്പാൾമാരെ നിയമിക്കാത്തതുമൂലം നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ എത്ര സർക്കാർ കോളേജുകളിലാണ് പ്രിൻസിപ്പൽ - ഇൻ ചാർജ്ജ് ഉള്ളത്;

(സി) 2017-18 അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിലെങ്കിലും സ്ഥിരം പ്രിൻസിപ്പാൾമാരെ നിയമിക്കുവാനുള്ള നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ 28 സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലും ഒരു സംഗീത കോളേജ്, ഒരു സംസ്കൃത കോളേജ് എന്നിവയുൾപ്പെടെ 30 കോളേജുകളിലാണ് പ്രിൻസിപ്പാൾ ഇൻ -ചാർജ്ജ് ഉള്ളത്.

(സി) 2010-ലെ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ മാത്രമേ പ്രിൻസിപ്പാളായി നിയമിക്കാവൂ എന്ന ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേസ്സിലെ അന്തിമതീർപ്പിന് വിധേയമായി പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ യു.ജി.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രിൻസിപ്പാൾമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സ്

97 (2849) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 12/9/13 -ലെ GO (MS) 615/ഹയർ എഡ്യൂക്കേഷൻ/2013 പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുകയോ പോസ്റ്റ് ക്രിയേറ്റ് ചെയ്യുകയോ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ ഉത്തരവ് പ്രകാരം തസ്തിക സൃഷ്ടിച്ച കോളേജുകളുടെ പട്ടിക നൽകാമോ;

(സി) ഇതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) പുതിയ കോഴ്സ് അനുവദിച്ചതിന്റെ വിശദാംശവും തസ്തിക സൃഷ്ടിച്ചതിന്റെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു.*

(സി) ഒരു തസ്തികയ്ക്ക് 16 (പതിനാറ്) മണിക്കൂർ ജോലിഭാരം എന്ന മാനദണ്ഡത്തിൽ ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെയാണ് ടി തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

**ജ്യോഗ്രഫിക്ക് ഡിഗ്രി തലത്തിൽ കോഴ്സുകൾ**

98 (2850) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ ജ്യോഗ്രഫിക്ക് ഡിഗ്രി തലത്തിൽ കോഴ്സുകൾ നടത്തുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**പ്രിൻസിപ്പാൾ തസ്തികകൾ**

99 (2851) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ആർട്ട്സ് ആന്റ് സയൻസ് കോളേജുകളിൽ ഒഴിവുള്ള പ്രിൻസിപ്പൽ തസ്തികകൾ ഉടൻ നികത്തുവാൻ നടപടി സ്വീകരിക്കുമോ;

(ബി) മറ്റ് അദ്ധ്യാപക അനധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് നികത്തുവാനും നടപടി സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) എത്ര അദ്ധ്യാപക തസ്തികകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിഷയം തിരിച്ച് വിവരം ലഭ്യമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ കോളേജുകളിലെ ഒഴിവുകൾ എത്രയാണ്; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2010-ലെ യു.ജി.സി. റെഗുലേഷൻ അനുസരിച്ച് പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ മാത്രമേ പ്രിൻസിപ്പാളായി നിയമിക്കാവൂവെന്ന് ബഹു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ കേസ്സിലെ അന്തിമതീർപ്പിനു വിധേയമായി പി.എച്ച്.ഡി. യോഗ്യത നേടിയ അദ്ധ്യാപകരെ യു.ജി.സി. മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രിൻസിപ്പാൾമാരായി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് നികത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 27 അദ്ധ്യാപക തസ്തികകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിഷയം തിരിച്ചുള്ള വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) മലപ്പുറം ജില്ലയിലെ കോളേജുകളിൽ വിവിധ അദ്ധ്യാപക തസ്തികകളിൽ 44 ഒഴിവുകളും അനദ്ധ്യാപക തസ്തികകളിൽ 5 ഒഴിവുകളുമുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ**

100 (2852) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ 2017 ഡിസംബർ വരെ ഉണ്ടാകുന്ന കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ പി.എസ്.എസിക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം എല്ലാ സർവ്വകലാശാലകളും പാലിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സർവ്വകലാശാലകൾക്ക് നിർദ്ദേശം നൽകുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്നാക്കണമെന്ന നിർദ്ദേശം അനുസരിച്ച് സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും തസ്തികയുടെ പേര് മാറ്റിയോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവിധ സർവ്വകലാശാലകളിലേയ്ക്കുള്ള കമ്പ്യൂട്ടർ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും 202 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല, മലയാള സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

കണ്ണൂർ സർവ്വകലാശാലയിൽ ടൈപ്പിസ്റ്റ് കം സ്റ്റെനോഗ്രാഫർ ഗ്രേഡ് II തസ്തിക പുനഃപരിവർത്തനം ചെയ്തതിനുശേഷം മാത്രമേ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ സാധിക്കുകയുള്ളൂ.

കേരള സർവ്വകലാശാലയിൽ എൽ.ഡി.ടൈപ്പിസ്റ്റ് (കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ) നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ 2017 ജൂൺ 1-ന് വരുന്ന ഒരു ഒഴിവ് പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

കേരള കാർഷിക സർവ്വകലാശാലയിൽ ആകെയുള്ള 100 ഒഴിവുകളിൽ 97 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കുസാറ്റ് - റിപ്പോർട്ട് ചെയ്ത കമ്പ്യൂട്ടർ അസിസ്റ്റന്റ് ഒഴിവുകൾ - 75

കേരള ഫിഷറീസ് സർവ്വകലാശാല റിപ്പോർട്ട് ചെയ്ത കമ്പ്യൂട്ടർ അസിസ്റ്റന്റിന്റെ ഒഴിവുകൾ - 1

കേരള വെറ്ററിനറി & ആനിമൽ സയൻസ് സർവ്വകലാശാല നിർദ്ദേശം പാലിച്ചിട്ടുണ്ട്.

(സി) കുസാറ്റ്, കണ്ണൂർ സർവ്വകാലശാല, കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാല, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കേരള കാർഷിക സർവ്വകലാശാല എന്നീ സർവ്വകലാശാലകളിൽ ടൈപ്പിസ്റ്റ് തസ്തികയുടെ പേര് കമ്പ്യൂട്ടർ അസിസ്റ്റന്റ് എന്ന് മാറ്റിയിട്ടുണ്ട്.

**ഉന്നത വിദ്യാഭ്യാസ പീഠങ്ങളും ഗവേഷണശാലകളും**

101 (2853) ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. കെ.എസ്.ശബരീനാഥൻ:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ പുതിയ ഉന്നതവിദ്യാഭ്യാസ പീഠങ്ങളും ഗവേഷണശാലകളും സ്ഥാപിച്ച് സംസ്ഥാനത്തെ അറിവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ എല്ലാ ആർട്സ് & സയൻസ് കോളേജുകൾക്കും എഞ്ചിനീയറിംഗ് കോളേജുകൾക്കും അടിസ്ഥാന സൗകര്യം ഒരുക്കുന്ന പദ്ധതിയിൽ ഇതിനകം നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എഡ്യൂക്കേഷൻ റിസോഴ്സ് സെന്റർ (ECR) QIP സെന്ററുകൾ, FSTDC തുടങ്ങിയ പദ്ധതി പ്രവർത്തനങ്ങളിലൂടെയും വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലെ ഗവേഷണ/ബിസിനസ്സ് ഇൻകുബേഷൻ കേന്ദ്രങ്ങളിലൂടെയും ടെസ്റ്റ് പാർക്ക് IIIC എന്നീ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയെ ബന്ധിപ്പിക്കുന്ന പദ്ധതികളിലൂടെയും നിലവിൽ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളെ അറിവിന്റെ കേന്ദ്രങ്ങളാക്കാനുള്ള ശ്രമം ഉന്നത വിദ്യാഭ്യാസ വകുപ്പ് നടത്തുന്നുണ്ട്. 2013 മുതൽ 4 അക്കാദമിക് സെന്ററുകൾ ഗവ. ലോ കോളേജ്, തൃശ്ശൂരിൽ ഫലപ്രദമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൊച്ചി സർവ്വകലാശാലയിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ താഴെ പറയുന്ന ഉന്നത വിദ്യാഭ്യാസ പീഠങ്ങൾ സ്ഥാപിതമായിട്ടുണ്ട്.

1. വി. ആർ. കൃഷ്ണയ്യർ ചെയർ ഓൺ ഹ്യൂമൺ റൈറ്റ്സ് - പ്രസ്തുത കേന്ദ്രത്തിൽ ഇതിനോടകം 3 ദേശീയ സെമിനാറുകളും വർക്ക്ഷോപ്പുകളും സംഘടിപ്പിച്ചിട്ടുണ്ട്.
2. ഡോ. സുകുമാർ അഴീക്കോട് ചെയർ ഓൺ ലിറ്ററേച്ചർ സർക്കാരിന്റെ പരിഗണനയിലാണ്.

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സാമൂഹ്യ പരിഷ്കർത്താക്കളുടെ പേരുകളിലുള്ള ഏഴ് പഠനകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ Centre for Intangible Heritage studies; Advanced Study Centre of India Jurisprudence എന്നിവയും പ്രവർത്തിച്ചുവരുന്നു. ഇന്റർനാഷണൽ സ്കൂൾ ഓഫ് ശ്രീ ശങ്കരാ സ്റ്റഡീസ് എന്ന പഠന കേന്ദ്രത്തിന്റെ കീഴിൽ ശ്രീ ശങ്കര ദർശനങ്ങളെപ്പറ്റി പഠനവും ഗവേഷണവും നടക്കുന്നുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അറിവിന്റെ കേന്ദ്രങ്ങൾ എന്ന നിലയിൽ വിഭാവന ചെയ്തിട്ടുള്ള ഗവേഷണ കേന്ദ്രങ്ങൾ പുതുതായി സ്ഥാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വിഷയങ്ങളിലായി ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും ഇന്റർ സ്കൂൾ സെന്ററുകളും പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. കൂടാതെ അതത് വിഷയത്തെ സംബന്ധിക്കുന്ന സെമിനാറുകൾ, പഠന ക്ലാസ്സുകൾ, പ്രദർശനങ്ങൾ, വർക്ക്ഷോപ്പുകൾ മുതലായവ സംഘടിപ്പിക്കാറുണ്ട്. പൊതുവിൽ, ഗവേഷക വിദ്യാർത്ഥികൾക്ക് ഈ രംഗത്ത് ഒരു പൊതു പ്ലാറ്റ്ഫോം നൽകുവാനും സമസ്ത മേഖലകളിലും അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താനും ഇത്തരം ഗവേഷണ പഠന കേന്ദ്രങ്ങൾക്ക് സാധിക്കും.

(ബി) സംസ്ഥാനത്തെ 48 ആർട്സ് & സയൻസ് കോളേജുകൾക്കും 9 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾക്കും അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് KIIFB പദ്ധതിയിൽ ഉൾപ്പെടുത്തി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ടെക്നിക്കൽ ടീമിനെ സർക്കാർ തലത്തിൽ രൂപീകരിക്കുകയും ടെക്നിക്കൽ ടീമംഗങ്ങൾ ബന്ധപ്പെട്ട കോളേജുകൾ സന്ദർശിച്ച് പ്രോജക്ട് തയ്യാറാക്കുകയും ചെയ്തുവരുന്നു. കൊച്ചി യൂണിവേഴ്സിറ്റിക്കുവേണ്ടി 2016-17 സ്റ്റേറ്റ് പ്ലാൻ പീരിയഡിൽ അടിസ്ഥാന സൗകര്യങ്ങൾ ഗവൺമെന്റ് അനുവദിച്ച 5 കോടി രൂപ ഉപയോഗിച്ചുള്ള വിവിധ പ്രവർത്തനങ്ങൾ അതാത് മേഖലകളിൽ പുരോഗമിച്ചുവരുന്നു.

(സി) നിലവിൽ തുക ചെലവഴിച്ചിട്ടില്ല. KIIFB-യിൽ ഉൾപ്പെടുത്തിയ പദ്ധതികളുടെ ഡി.പി.ആർ.-ഉം വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുന്ന മുറയ്ക്കേ പദ്ധതികൾക്കായുള്ള തുക ചെലവഴിക്കുകയുള്ളൂ.

ഗവൺമെന്റ് ലോ കോളേജിൽ 2016-17 പദ്ധതിയിൽ നീക്കിവച്ച തുക പ്രകാരം Centre for Business Laws-നായി 6,80,000 രൂപ, Dr. A.T. Markose chair for Advanced Legal Studies-നായി 7,25,000 രൂപ, Legal Services & Clinic & ADR Centre -നായി 7,00,000 രൂപ, Centre for Economy, Development & Law-യ്ക്കായി 8,25,000 രൂപ ചെലവാക്കിക്കൊണ്ടിരിക്കുന്നു.

## വി.എച്ച്.എസ്.ഇ. (ഓഫീസ് സെക്രട്ടറിഷിപ്പ്) കോഴ്സ്

102 (2854) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൊക്കേഷണൽ ഹയർ സെക്കണ്ടറി എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് നടത്തുന്ന ദ്വിവർഷ വി. എച്ച്. എസ്. ഇ. (ഓഫീസ് സെക്രട്ടറി ഷിപ്പ്), കോഴ്സ് കേരളാ ഗവൺമെന്റ് ടെക്നിക്കൽ എക്സാമിനേഷൻ നടത്തുന്ന ഷോർട്ട് ഹാന്റ് ഇംഗ്ലീഷ് (ലോവർ), ഷോർട്ട് ഹാന്റ് മലയാളം (ലോവർ), ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ലോവർ), ടൈപ്പ്റൈറ്റിംഗ് മലയാളം (ലോവർ) തുടങ്ങിയ കോഴ്സുകൾക്ക് തുല്യമാക്കി കൊണ്ട് 4-4-1991 ൽ ജി. ഒ. (എം. എസ്.) 57/91/ ജനറൽ എഡ്യു. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ അദ്ധ്യാപകർക്ക് ഇൻക്രിമെന്റ്

103 (2855) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി. എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് 2011 മുതൽ ,ശമ്പളത്തിൽ വർഷം തോറുമുള്ള ഇൻക്രിമെന്റ് നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) ഐ.എച്ച്.ആർ.ഡി.യുടെ കല്ലൂപ്പാറ എഞ്ചിനീയറിംഗ് കോളേജിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരിൽ എത്ര പേരുടെ വാർഷിക ഇൻക്രിമെന്റ് തടഞ്ഞുവെച്ചിട്ടുണ്ട്; അവർ ആരെല്ലാം; കാരണം വ്യക്തമാക്കുമോ;

(സി) ആയത് പരിഹരിച്ച് പ്രസ്തുത അദ്ധ്യാപകരുടെ അർഹതപ്പെട്ട ഇൻക്രിമെന്റ് നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി&സി) ഐ.എച്ച്.ആർ.ഡി.-യുടെ കല്ലൂപ്പാറ എഞ്ചിനീയറിംഗ് കോളേജിൽ ജോലി ചെയ്യുന്ന 19 പേരുടെ വാർഷിക ഇൻക്രിമെന്റ് തടഞ്ഞിട്ടുണ്ട്. അവരുടെ പേരുവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.* ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് AICTE/UGC സ്കീമിൽ ശമ്പളം നിജപ്പെടുത്തിയതിൽ അപാകതയുണ്ടെന്ന് അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) വിഭാഗം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് വേണ്ടി ഐ.എച്ച്.ആർ.ഡി.-യിൽ ഒരു കേന്ദ്രീകൃത സെൽ രൂപീകരിക്കുകയുണ്ടായി. ടി സെൽ അദ്ധ്യാപകരുടെ സർവ്വീസ് ബുക്ക് പരിശോധിക്കുകയും 161 അദ്ധ്യാപകരുടെ ശമ്പളം ഫിക്സ് ചെയ്യുകയും ചെയ്തു. ഐ.എച്ച്.ആർ.ഡി.-യുടെ 93-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ടി 161 ജീവനക്കാർക്ക് 1-7-2012 തീയതി മുതൽ ഒരു ഇൻക്രിമെന്റ് നൽകിയിട്ടുണ്ട്. തുടർന്നുള്ള ഇൻക്രിമെന്റുകൾ ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റി/ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം നൽകുന്നതാണ്. ശേഷിക്കുന്ന 137 അദ്ധ്യാപകരുടെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട തീരുമാനം ഐ.എച്ച്.ആർ.ഡി.-യുടെ ഗവേണിംഗ് ബോഡിയുടെ പരിഗണനയിലാണ്.

## സ്വാശ്രയ മാനേജ്മെന്റുകളുടെ പീഡനം

104 (2856) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വാശ്രയ മാനേജ്മെന്റുകളുടെ പീഡനംമൂലം സംസ്ഥാനത്ത് എത്ര ആത്മഹത്യകൾ നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

സാങ്കേതിക സർവ്വകലാശാലയുടെ കീഴിൽ വരുന്ന പാമ്പാടി നെഹ്റു കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് റിസർച്ച് സെന്ററിലെ വിദ്യാർത്ഥിയായിരുന്ന ജിഷ്ണു പ്രണോയിയുടെ മരണം മാനേജ്മെന്റിന്റെ ഭാഗത്തുനിന്നുള്ള പീഡനംമൂലമുള്ള ആത്മഹത്യയാണെന്ന് ആരോപണം ഉണ്ടായിട്ടുണ്ട്. ഇതിൽ അന്വേഷണം നടന്നുവരുന്നു.

## സാങ്കേതിക സർവ്വകലാശാലയിലെ നിയമനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

105 (2857) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ച എത്ര ജീവനക്കാർ സാങ്കേതിക സർവ്വകലാശാലയിൽ ജോലി ചെയ്യുന്നുണ്ട്;

(ബി) ഇവർക്ക് നിയമനം നൽകിയതിന്റെ മാനദണ്ഡം എന്താണ്;

(സി) ഇവർക്ക് നിയമനം നൽകിയ തസ്തികകൾ മറ്റ് സർവകലാശാലകളിലുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ച ഒരു ജീവനക്കാരൻ സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയിൽ സീനിയർ ഡയറക്ടറായി ജോലി ചെയ്യുന്നുണ്ട്. 1-1-2016-ലെ സർക്കാർ ഉത്തരവ് (കൈ.) നമ്പർ 01/16/ഉ.വി.വ. പ്രകാരം സർവ്വകലാശാലയ്ക്കായി സൃഷ്ടിച്ച പ്രസ്തുത തസ്തികയിൽ നിർദ്ദിഷ്ട യോഗ്യതയുള്ളവരിൽ നിന്നും തെരഞ്ഞെടുത്തയാളെ സർക്കാർ നിയമിക്കുകയായിരുന്നു.

(സി) മറ്റ് സർവ്വകലാശാലകളിൽ ഇത്തരത്തിലൊരു തസ്തിക നിലവിലുള്ളതായി കാണുന്നില്ല.

**സാങ്കേതിക സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക**

106 (2858) പ്രൊഫ. കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് പകരം പ്രസ്തുത തസ്തികയിലേയ്ക്ക് കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിയമിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഫലമായി ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യതയുടെ നിജസ്ഥിതി സർവ്വകലാശാല സർക്കാരിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാങ്കേതിക സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റുമാരുടെ തസ്തികകളൊന്നും തന്നെ സൃഷ്ടിക്കപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ സ്കൂളിന്റെ സ്ഥലമെടുപ്പ്**

107 (2859) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ സ്കൂളിനു വേണ്ടി സ്വന്തമായി സ്ഥലം വാങ്ങുന്നതിന് സർക്കാർ തലത്തിൽ ലാന്റ് അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കാത്തത് എന്തുകൊണ്ടാണ്;

(ബി) കടപ്ലാമറ്റം പഞ്ചായത്തിൽ വിവിധ സ്ഥലങ്ങൾ പരിശോധിച്ച് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ട് കാലങ്ങളായെങ്കിലും തുടർനടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ്;

(സി) ഏറ്റവും അനുയോജ്യമായ സ്ഥലം സർക്കാർ തീരുമാനിക്കാനും ഇത് പരമാവധി വേഗത്തിൽ ഏറ്റെടുക്കാൻ കോട്ടയം ജില്ലാ കളക്ടറെ ചുമതലപ്പെടുത്താനും നടപടി സ്വീകരിക്കുമോ;

(ഡി) നെഗോഷ്യബിൾ പർച്ചേസ് പ്രകാരം ഭൂമി ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; കാലതാമസം ഒഴിവാക്കി ഭൂമി ഏറ്റെടുക്കാൻ എന്തൊക്കെ കാര്യങ്ങളാണ് ഉദ്ദേശിക്കുന്നത്;

(ഇ) കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്ന മാറിയിടം പള്ളിയുടെ കെട്ടിടത്തിന്റെ വാടക കൊടുക്കാൻ തയ്യാറാകാത്തതുമൂലം ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിച്ച് കെട്ടിട വാടക കൊടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിന് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകിയ ശിപാർശ കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് സഹിതം റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ശിപാർശ റവന്യൂ വകുപ്പിന്റെ പരിഗണനയിലാണ്.

(ഡി) ടി ശിപാർശയിന്മേൽ റവന്യൂ വകുപ്പിന്റെ അഭിപ്രായം ലഭിച്ചാലുടൻ തന്നെ ഭരണാനുമതി നൽകാവുന്നതും നെഗോഷ്യബിൾ പർച്ചേസ് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാവുന്നതുമാണ്.

(ഇ) കടപ്ലാമറ്റം ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്ന മാറിയിടം പള്ളിയുടെ കെട്ടിട വാടക സംബന്ധിച്ച വിഷയം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

**ഗവൺമെന്റ് കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ**

**തസ്തിക**

108 (2860) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ വ്യക്തത ആവശ്യപ്പെട്ട് പി.എസ്.സി. നൽകിയ കത്തിന് സാങ്കേതിക വിദ്യഭ്യാസ വകുപ്പ് നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ചുള്ള സ്പഷ്ടീകരണത്തിന് ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോ; ഉന്നതവിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ മറുപടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) 12-10-2012-ലെ ജി.ഒ.(പി.) 503/2012/ഉ.വി.വ. പ്രകാരം സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതിന് മുമ്പ് പ്രസ്തുത തസ്തികയ്ക്ക് ആവശ്യമായിരുന്ന യോഗ്യതകൾ വിശദമാക്കാമോ;

(സി) ഡിപ്ലോമ ഇൻ ഷോർട്ട് ഹാൻഡ് ആന്റ് ടൈപ്പ്റൈറ്റിംഗ് എന്ന കോഴ്സ്, ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസ് ആയി പുനർ നാമകരണം ചെയ്തതിനാൽ പ്രസ്തുത രണ്ടു കോഴ്സുകളും അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയ്ക്ക് വേണ്ട യോഗ്യതയായി പരിഗണിക്കാമോ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയുടെ വിദ്യാഭ്യാസ യോഗ്യതയിൽ സ്പഷ്ടീകരണം നൽകണമെന്ന് പി.എസ്.സി. ആവശ്യപ്പെട്ടിരുന്നു. 17.01.2017-ലെ എൽ.2-149/2016/ഉ.വി.വ. നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

(ബി) 12-10-2012-ലെ ജി.ഒ.(പി.) 503/2012/ഉ.വി.വ. പ്രകാരമുള്ള സ്പെഷ്യൽ റൂൾ നിലവിൽ വരുന്നതിനുമുമ്പ് ജി.ഒ.(എം.എസ്.) 783 തീയതി 11-10-1960 പ്രകാരം ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയുടെ യോഗ്യത താഴെപ്പറയും പ്രകാരമായിരുന്നു.

1. SSLC
2. Higher Grade MGTE or KGTE in the subjects to be taught.

(സി) 6-1-2003-ലെ സ.ഉ. (ആർ.റ്റി.) നമ്പർ21/2013/ഉ.വി.വ. പ്രകാരം ഡിപ്ലോമ ഇൻ ഷോർട്ട് ഹാൻഡ് ആന്റ് ടൈപ്പ്റൈറ്റിംഗ് എന്ന കോഴ്സ്, ഡിപ്ലോമ ഇൻ സെക്രട്ടേറിയൽ പ്രാക്ടീസായി പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഇവ രണ്ട് കോഴ്സുകളല്ല. അതിനാൽ അസിസ്റ്റന്റ് ഇൻസ്ട്രക്ടർ തസ്തികയ്ക്ക് വേണ്ട യോഗ്യതയായി പരിഗണിക്കാവുന്നതാണ്.

**അടച്ചുപൂട്ടൽ ഭീഷണിയിലായ പോളിടെക്നിക് കോളേജുകൾ**

109 (2861) <u>ശ്രീ. എ. പി. അനിൽ കുമാർ :</u>

<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ,ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ അറുപതോളം പോളീടെക്നിക് കോളേജുകൾ അടച്ചുപൂട്ടൽ ഭീഷണിയിലാണെന്നത് വസ്തുതയാണോ;

(ബി) ടെക്നിക്കൽ എഡ്യൂക്കേഷൻ നിഷ്കർഷിച്ചിട്ടുള്ള അദ്ധ്യാപകാനുപാതവും ഭൗതിക സൗകര്യങ്ങളും മിക്ക പോളിടെക്നിക് കോളേജുകളിലും ഇല്ലായെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ ന്യൂനതകൾ പരിഹരിക്കുന്നതിന് ഇതിനകം കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എ.ഐ.സി.റ്റി.ഇ.-യുടെ 2017-18-ലെ തുടർ അംഗീകാരത്തിനായുള്ള (EOA) അവസാന തീയതിയായ 9-2-2017-ന് മുമ്പ് തന്നെ സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അപേക്ഷയുടെ പ്രിന്റൗട്ട് എ.ഐ.സി.റ്റി.ഇ.-യുടെ തിരുവനന്തപുരം റീജിയണൽ ആഫീസിൽ സമർപ്പിക്കേണ്ട അവസാന തീയതി 2017 മാർച്ച് 31 ആണ്. ഈ പ്രവൃത്തി പുരോഗമിച്ചുവരുന്നു. എ.ഐ.സി.റ്റി.ഇ. അപേക്ഷകൾ പരിശോധിച്ചതിനു ശേഷമാണ് സ്ഥാപനത്തിന്റെയും കോഴ്സുകളുടെയും അംഗീകാരം സംബന്ധിച്ച തീരുമാനം ലഭ്യമാക്കുന്നത്. അംഗീകാരം ലഭിക്കുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

(ബി&സി) കേരളത്തിലെ പോളിടെക്നിക്കുകളിൽ ജി.ഒ.(എം.എസ്.) നമ്പർ 158/98 തീയതി 21-12-1998 പ്രകാരമുള്ള സ്റ്റാന്റേർഡ് സ്റ്റാഫ് പാറ്റേൺ ആണ് നിലവിലുള്ളത്. എ.ഐ.സി.റ്റി.ഇ. സ്റ്റാഫ് സ്ട്രക്ചർ അനുസരിച്ചാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. 2017-18-ലെ എ.ഐ.സി.റ്റി.ഇ. approval hand book

നിഷ്കർഷിക്കുന്ന രീതിയിൽ ഭൗതിക സാഹചര്യങ്ങളും ജീവനക്കാരുടെ ആവശ്യകതയും മറ്റ് സൗകര്യങ്ങളും ഒരുക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സർക്കാർ പോളിടെക്നിക്കുകളുടെ വികസനത്തിനായി 2016-17 സംസ്ഥാന ബജറ്റിൽ 24.5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി**

110 (2862) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിലേയ്ക്കായി പുതിയ നിയമനിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

ഇക്കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**സാങ്കേതിക സർവകാലാശാലയ്ക്ക് കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ്**

111 (2863) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക സർവകലാശാലയ്ക്ക് കീഴിലുള്ള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ എ.ഐ.സി.റ്റി.ഇ. മാനദണ്ഡങ്ങൾ അനുസരിച്ചാണോ പ്രവർത്തിക്കുന്നത്;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ നിശ്ചിത യോഗ്യത ഇല്ലാത്തവർ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അതെ.

(ബി) ഇത്തരത്തിലുള്ള ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(സി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഓരോ വർഷവും കോളേജുകൾക്ക് അഫിലിയേഷൻ പുതുക്കി നൽകുമ്പോൾ ഒരു എക്സ്പേർട്ട് വിസിറ്റ് കമ്മിറ്റി പരിശോധന നടത്തി ഇത്തരം പരാതികൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സാക്ഷരതാ പ്രേരക്മാരുടെ സേവന വേതന വ്യവസ്ഥകൾ**

112 (2864) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാ പ്രേരക്മാരുടെ നിലവിലെ സേവന വേതന വ്യവസ്ഥകൾ എന്താണ്; വിശദീകരിക്കുമോ;

(ബി) സാക്ഷരതാ പ്രേരക്മാർക്കായി പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) 7-1-2017-ലെ സ.ഉ. (സാധാ) 27/2017/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം സാക്ഷരതാ പ്രേരക്മാർക്ക് പ്രതിമാസം അനുവദിക്കേണ്ട ഓണറേറിയം ചുവടെ ചേർക്കുന്നു:

| വിഭാഗം | ദിവസ വേതനം | പരമാവധി വേതനം (പ്രതിമാസം) |
|---|---|---|
| വികസന വിദ്യാകേന്ദ്രം പ്രേരക് | 500 | 15000 |
| വികസന വിദ്യാകേന്ദ്രം അസി. പ്രേരക് | 400 | 12000 |
| തുടർവിദ്യാകേന്ദ്രം പ്രേരക് | 400 | 12000 |
| തുടർ വിദ്യാകേന്ദ്രം അസി. പ്രേരക് | 350 | 10500 |

പ്രേരക്മാരുടെ സേവനവ്യവസ്ഥകൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി സംസ്ഥാന സാക്ഷരതാ മിഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി)ഇക്കാര്യത്തിൽ നയപരമായ തീരുമാനമെടുത്തിട്ടില്ല.

**മത്സ്യബന്ധന തൊഴിലാളികൾക്ക് അധിക ആനുകൂല്യങ്ങൾ**

113 (2865) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന തൊഴിലാളികൾക്ക് മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്നതിൽ നിന്നും അധികമായി ആനുകൂല്യങ്ങൾ എന്തെങ്കിലും അനുവദിച്ച് നടപ്പിലാക്കിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഏതെല്ലാം ആനുകൂല്യങ്ങളാണ് നൽകിയതെന്നും എത്രപേർക്കാണെന്നും ഇവർ ഏതൊക്കെ മണ്ഡലത്തിൽപ്പെട്ടവരാണെന്നുമുള്ള വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) (1) ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമുള്ള പദ്ധതി.

(2) മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണ പദ്ധതി

(3) രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി

(4) ഡ്രോപ്പ് ഔട്ട് പദ്ധതിയിൽപ്പെടുത്തി എട്ടാം ക്ലാസിൽ 90% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷകർത്താവിന് 1000 രൂപ നൽകുന്ന പദ്ധതി.

(5) വിദ്യാതീരം പദ്ധതി പ്രകാരം പി.എസ്.സി. പരീക്ഷകൾക്കും ബാങ്ക് ടെസ്റ്റുകൾക്കും കോച്ചിംഗ് നൽകുന്ന പദ്ധതി

(6) തീരദേശ വികസന കോർപ്പറേഷൻ മുഖേന സ്കൂൾതലത്തിലുള്ള പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി

(7) തീരദേശത്തെ സ്കൂളുകൾക്കായുള്ള സ്മാർട്ട് ക്ലാസ്സ് പദ്ധതി

(8) തീരദേശത്തെ സ്കൂളുകൾക്കായുള്ള കിച്ചൻഷെഡ് പദ്ധതി

(9) ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്ക് കളിസ്ഥലങ്ങൾ നവീകരിക്കുന്ന പദ്ധതി

(10) പെൻഷൻ തുക 1000 രൂപയാക്കി വർദ്ധിപ്പിച്ചു.

(11) പഞ്ഞമാസ ആനുകൂല്യമായ സമ്പാദ്യ ആശ്വാസ പദ്ധതി തുക 4500 രൂപയാക്കി വർദ്ധിപ്പിച്ചു.

മേൽ വിവരിച്ച പദ്ധതികൾക്കെല്ലാം തന്നെ ആനുകൂല്യങ്ങൾ അനുവദിക്കുന്ന നടപടി സ്വീകരിച്ചു വരുന്നതിനാൽ മണ്ഡലം തിരിച്ചുള്ള കണക്കും മത്സ്യത്തൊഴിലാളികളുടെ എണ്ണവും നടപടി സ്വീകരിച്ചതിന് ശേഷം മാത്രമേ ശേഖരിക്കാൻ കഴിയൂ.

## ഡോ. എസ്. അയ്യപ്പൻ കമ്മിറ്റിയുടെ ശിപാർശകൾ

114 (2866) ശ്രീ. ഐ. സി.ബാലകൃഷ്ണൻ:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് പഠിച്ച ഡോ. എസ്.അയ്യപ്പൻ കമ്മിറ്റിയുടെ ശിപാർശകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) മീനാകുമാരി കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ താല്പര്യങ്ങൾക്ക് ഹാനികരമെന്ന അഭിപ്രായം ഈ സർക്കാരിനുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ശിപാർശകൾ തള്ളുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യബന്ധന മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഡോ. അയ്യപ്പൻ ചെയർമാനായ കമ്മിറ്റിയുടെ ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഡോ. അയ്യപ്പൻ കമ്മിറ്റിയുടെ കരട് ശിപാർശകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ ടി കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കരുതെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കേരള ഫിഷറീസ് സർവ്വകലാശാലയിലെ തസ്തിക മാറ്റം

115 (2867) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് സർവ്വകലാശാലയിലെ സ്ഥിരം ലേബറേഴ്സിന് ഇതര സർവ്വകലാശാലകളിലെ ജീവനക്കാർക്കുള്ളതുപോലെ അൻപത് ശതമാനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഓഫീസ് അറ്റൻഡന്റ്/പമ്പ് ഓപ്പറേറ്റർ തസ്തികകളിലേയ്ക്ക് തസ്തിക മാറ്റം അനുവദിക്കുന്നതിനുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്യാനുള്ള നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഭേദഗതിക്ക് മുൻകാല പ്രാബല്യം അനുവദിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തുകൊണ്ട് ഗസറ്റ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുവാനുള്ള രജിസ്ട്രാറുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) മുൻകാല പ്രാബല്യം നൽകുന്ന കാര്യം പരിശോധിച്ചിട്ടില്ല.

**തീരദേശ വികസന പദ്ധതി**

116 (2868) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ തീരദേശ വികസന പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ തീരദേശ വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ തീരദേശ വികസന പദ്ധതി പ്രകാരം നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി മണ്ഡലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ചെറിയഴീക്കൽ - 504 ലക്ഷം രൂപ
2. ഗവൺമെന്റ് ഫിഷറീസ് ഹയർ സെക്കൻഡറി സ്കൂൾ , കുഴിത്തുറ – 480 ലക്ഷം രൂപ

   ഡോ. വി. വി. വേലുക്കുട്ടി അരയൻ മെമ്മോറിയൽ ജി.ആർ.എഫ്.ടി.എച്ച്.എസ്. പുനരുദ്ധാരണം -275 ലക്ഷം രൂപ.
3. പബ്ലിക് ഹെൽത്ത് സെന്റർ, ആലപ്പാട് - ചുറ്റുമതിൽ നിർമ്മാണം 42 ലക്ഷം രൂപ

**മത്സ്യത്തൊഴിലാളി പഞ്ഞമാസ സമാശ്വാസ പദ്ധതി**

117 (2869) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി പഞ്ഞമാസ സമാശ്വാസ പദ്ധതി നിലവിലുണ്ടോ; ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് എന്ത് തുകയാണ് അനുവദിക്കുന്നത്;

(ബി) സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികൾക്കും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികൾക്കും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾ അടയ്ക്കുന്ന വിഹിതമായ 1500 രൂപയും അതേ തോതിലുള്ള സംസ്ഥാന കേന്ദ്ര സർക്കാർ വിഹിതവും ഉൾപ്പെടെ 4500 രൂപ പഞ്ഞ മാസങ്ങളിൽ അനുവദിച്ച് നൽകുന്നു.

(ബി) സമ്പാദ്യ സമാശ്വാസ പദ്ധതി 50% കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സജീവ മത്സ്യത്തൊഴിലാളികൾക്കാണ് ആനുകൂല്യത്തിന് അർഹതയുള്ളത്. ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും 18 നും 60 -നും ഇടയ്ക്ക് പ്രായമുള്ളവരുമായിരിക്കണം. കടലോര മേഖലയിൽ മത്സ്യവിതരണത്തിനും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകളും ആനുകൂല്യത്തിന് അർഹരാണ്.

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

118 (2870) ശ്രീ. കെ. മുരളീധരൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണം മൂലം ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ;

(ബി) ഈ പദ്ധതി പ്രകാരം ഈ സർക്കാർ വന്ന ശേഷം എത്ര മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിച്ചു;

(സി) തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പ്രകാരം പുനരധിവാസം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ഇപ്പോഴും സ്കൂളുകളിൽ താമസിപ്പിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യ ബന്ധനത്തിന് പ്രാപ്തരാക്കുന്നതിന് പരിശീലനം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ഇ) ഈ സർക്കാർ വന്ന ശേഷം എത്ര യാനങ്ങൾ ഇതിനായി അവർക്ക് നൽകിയെന്നും എത്ര തൊഴിലാളികൾക്ക് പരിശീലനം നൽകിയെന്നും വെളിപ്പെടുത്തുമോ;

(എഫ്) ഈ പദ്ധതിക്കായി നടപ്പു വർഷം ഇതുവരെ എന്ത് തുക ചെലവഴിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിന് 25 കോടി രൂപ അടങ്കൽത്തുക വരുന്ന പ്രത്യേക പാക്കേജിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനായി ഈ സാമ്പത്തിക വർഷം 2 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന ലഭിക്കുകയും ടി തുക പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ പദ്ധതി പ്രകാരം 186 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കാണ് പുനരധിവാസത്തിന് ധനസഹായം നൽകുന്നത്. പദ്ധതി പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾ സ്വന്തം നിലയിൽ ഭൂമി കണ്ടെത്തിയതിനുശേഷം മാത്രമാണ് ഭൂമി വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നത്. വലിയതുറ ഫിഷറീസ് സ്കൂളിൽ താമസിക്കുന്ന 13 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഫിഷറീസ് വകുപ്പ് മുഖാന്തരം മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സ്കൂളുകളിൽ താമസിപ്പിച്ചിട്ടില്ല. മുട്ടത്തറ വില്ലേജിൽ ഫിഷറീസ് വകുപ്പിന് കൈമാറി കിട്ടിയ സ്ഥലത്ത് 192 ഫ്ലാറ്റുകൾ നിർമ്മിക്കുന്ന പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഫ്ലാറ്റ് നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വലിയതുറ സ്കൂളിൽ താമസിക്കുന്ന കുടുംബങ്ങൾ ഉൾപ്പെടെയുള്ളവരെ പുനരധിവസിപ്പിക്കാൻ കഴിയുന്നതാണ്.

(ഡി) പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിനായി 10 പരമ്പരാഗത മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾക്ക് ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള മത്സ്യബന്ധന ബോട്ടുകളും മറ്റ് അനുബന്ധ മത്സ്യബന്ധന ഉപരണങ്ങളും വാങ്ങുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും വിഭാവന ചെയ്ത ആഴക്കടൽ മത്സ്യബന്ധനം (ഒന്നാം ഘട്ടം) പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതി ആയതിനാൽ പ്രൊപ്പോസൽ അംഗീകാരം ലഭിക്കുന്നതിനായി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുകയാണ്.

(ഇ) കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി കിട്ടുന്ന മുറയ്ക്ക് പദ്ധതി നടപ്പാക്കുന്നതാണ്.

(എഫ്) ബാധകമല്ല.

**കടലിൽ അനധികൃത മത്സ്യബന്ധനം**

119 (2871) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നവർ ഉപേക്ഷിക്കുന്ന വസ്തുക്കൾമൂലം പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകുന്നതു തടയാൻ നടപടികളുണ്ടാകുമോ;

(ബി) ഇത്തരത്തിൽ മത്സ്യബന്ധനം നടത്തുന്നതുമൂലം തദ്ദേശവാസികളും മറ്റ് പ്രദേശങ്ങളിൽനിന്നുള്ളവരും തമ്മിൽ സംഘർഷം ഉണ്ടാകുന്നത് തടയാൻ നടപടികൾ ഉണ്ടാകുമോ?

<u>ഉത്തരം</u>

(എ) കടലിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നവർ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, ഉപയോഗശൂന്യമായ നെറ്റുകൾ, പടലുകൾ ഉൾപ്പെടെയുള്ള വസ്തുക്കൾ ഉണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ മത്സ്യ ആവാസ വ്യവസ്ഥകളെ ദോഷകരമായി ബാധിക്കുന്നുണ്ട്. ആയത് തടയുന്നതിലേയ്ക്കായി പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്ത് കടലിനെ മാലിന്യ മുക്തമാക്കുന്നതിലേയ്ക്കായി ഫിഷറീസ് വകുപ്പിലെ മറൈൻ ജില്ലാ ഓഫീസർമാർ വഴി ബോധവൽക്കരണം നടത്തുന്നതിനും കൂടാതെ നിയമവിധേയമല്ലാത്ത രീതിയിലുള്ള മത്സ്യബന്ധനം നടത്തുന്നവർക്കെതിരെ കെ.എം.എഫ്.ആർ. ആക്ട് 1980 പ്രകാരം ശിക്ഷണ നടപടികൾ സ്വീകരിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അനധികൃത മത്സ്യബന്ധനം തടയുന്നതിന് ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. സംഘർഷം ഉണ്ടായാൽ പോലീസ് നടപടി എടുക്കുന്നുണ്ട്.

**ഫിഷറീസ് സ്കൂളുകൾ**

120 (2872) <u>ശ്രീ . കെ. മുരളീധരൻ :</u>

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സ്കൂളുകളിൽ റസിഡൻഷ്യൽ സമ്പ്രദായമാണോ നിലവിലുള്ളത് ; റസിഡൻഷ്യൽ സമ്പ്രദായം കാരണം ഫിഷറീസ് സ്കൂളുകളിൽ വിദ്യാർത്ഥികൾ കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ റസിഡൻഷ്യൽ സമ്പ്രദായത്തിൽ മാറ്റം വരുത്തി ഫിഷറീസ് സ്കൂളുകളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 10 ഫിഷറീസ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ സ്കൂളിൽ

തന്നെ താമസിച്ച് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മാത്രമാണ് പ്രവേശനം നൽകിയിരുന്നത്. എന്നാൽ റസിഡൻഷ്യൽ സമ്പ്രദായത്തോട് താല്പര്യം കുറഞ്ഞുവരുന്നതിനാൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

(സി) ഗവൺമെന്റ് റീജിയണൽ ഫിഷറീസ് റസിഡൻഷ്യൽ സ്കൂളുകളിൽ ഈ അക്കാദമിക് വർഷം മുതൽ 50%-ൽ അധികരിക്കാത്ത രീതിയിൽ ഡേ സ്കോളേഴ്സിന് കൂടി പ്രവേശനം നൽകി ഉത്തരവായിട്ടുണ്ട്.

ഫിഷറീസ് സ്കൂളുകളെ ശാക്തീകരിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ഹോസ്റ്റൽ സൗകര്യം, വിദ്യാഭ്യാസ ചെലവ് വഹിക്കൽ, വിദ്യാർത്ഥികളുടെ ക്ലാസ്സുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ, സ്മാർട്ട് ക്ലാസ്സ് റൂം, കായിക ഉപകരണങ്ങൾ വിതരണം ചെയ്യുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകൾ ഉൾപ്പെടെയുള്ള തീരദേശ വിദ്യാലയങ്ങളുടെ പശ്ചാത്തല സൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

**കല്ലാനോട് ഫിഷ് ഹാച്ചറി**

121 (2873) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കല്ലാനോട് ഫിഷ് ഹാച്ചറിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വേർതിരിച്ച് അറിയിക്കാമോ;

(ബി) പദ്ധതി എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കല്ലാനോട് ഫിഷ് ഹാച്ചറിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഓഫീസ് കെട്ടിടം, സെയിൽസ് ഔട്ട്ലെറ്റ് -കം-ഡോർമിറ്ററി
2. ഓവർ ഹെഡ് ടാങ്ക്, പമ്പ് ഹൗസ്, ഡിസ്ട്രിബ്യൂഷൻ ലൈൻസ്
3. മതിൽ, ചെയിൻ ഫെൻസിംഗ്
4. ഡ്രെയിനേജ് ചാനൽ, റോഡ്.
5. പുതിയ സിമന്റ് കുളങ്ങൾ

(ബി) ബാലുശ്ശേരി മണ്ഡലത്തിലെ കല്ലാനോട് ഫിഷ് ഹാച്ചറിയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സിവിൽ വർക്കുകൾ 2017 ഏപ്രിൽ മാസത്തോടെ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ഹൈടെക് ഫിഷ് മാർക്കറ്റ്

122 (2874) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പ്രധാന സ്ഥലങ്ങളിൽ ഹൈടെക്ക് ഫിഷ് മാർക്കറ്റ് സ്ഥാപിക്കുമെന്ന് കഴിഞ്ഞ സർക്കാർ തീരുമാനിച്ച പ്രകാരം പലസ്ഥലങ്ങളിലും ഇവ സ്ഥാപിക്കാൻ നടപടിയായതുപ്രകാരം ആയതു നടപ്പിലാക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ പൂർത്തിയാക്കിയെന്നു വിശദമാക്കുമോ;

(ബി) കേരളത്തിലെ വിവിധ മാർക്കറ്റുകളിലെ ഫിഷ് മാർക്കറ്റുകളിൽ വൃത്തിഹീനമായ തരത്തിലാണ് മത്സ്യങ്ങൾ ജനങ്ങൾക്ക് വിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശസ്വയംഭരണ വകുപ്പുമായി കൈകോർത്ത് പുതിയ പദ്ധതി നടപ്പിലാക്കി കേരളത്തിലെ മത്സ്യ മാർക്കറ്റുകൾ നവീകരിച്ച് പുറം രാജ്യങ്ങളിലെ പോലെയാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടെ സംസ്ഥാനത്തുടനീളം ആധുനിക ശുചിത്വ മാർക്കറ്റുകൾ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴിയാണ് സ്ഥാപിക്കുന്നത്. 39 മാർക്കറ്റിന് സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 34 എണ്ണം നിർമ്മാണം പൂർത്തീകരിച്ചു. 3 മാർക്കറ്റുകളുടെ നിർമ്മാണം അവസാന ഘട്ടത്തിലാണ്. 2 മാർക്കറ്റുകളുടെ നിർമ്മാണം ആവശ്യമായ സ്ഥലം ലഭ്യമാകാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു.

(ബി) മത്സ്യമാർക്കറ്റുകളിൽ വൃത്തിഹീനമായ തരത്തിൽ മത്സ്യവിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണ ത്തോടെയാണ് ആധുനിക മത്സ്യമാർക്കറ്റുകൾ നിർമ്മിച്ചിരിക്കുന്നത്. നിർമ്മാണം പൂർത്തീകരിച്ച മാർക്കറ്റുകൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ട്.

## ഹരിപ്പാട് ആറാട്ടുപുഴ പഞ്ചായത്തിൽ ഫിഷ് മീൽ പ്ലാന്റ്

123 (2875) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ആറാട്ടുപുഴ പഞ്ചായത്തിൽ സുനാമി പുനരധിവാസ പദ്ധതിയുടെ ഭാഗമായി മത്സ്യഫെഡ് മുഖേന സ്ഥാപിച്ചിട്ടുള്ള ഫിഷ് മീൽ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(ബി) പ്രസ്തുത പ്ലാന്റ് സ്ഥാപിക്കുവാൻ ഇതിനകം എന്ത് തുക ചെലവഴിച്ചു;

(സി) പ്ലാന്റ് പ്രവർത്തന സജ്ജമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഫിഷ് മീൽ പ്ലാന്റിന്റെ പ്രവൃത്തികൾ ആരംഭിച്ചുകഴിഞ്ഞശേഷം ഈ പ്രദേശത്തു സുനാമി പുനരധിവാസത്തിന്റെ ഭാഗമായി ജനങ്ങളെ പാർപ്പിക്കുകയും ഇവിടം ജനവാസ മേഖലയാകുകയും ചെയ്തു. അതോടെ ഫിഷ് മീൽ പ്ലാന്റിനുവേണ്ടി ആദ്യം വിഭാവന ചെയ്തിരുന്ന മലിനീകരണ നിയന്ത്രണ സംവിധാനം പോരാതെ വന്നു. അതുകൊണ്ട് നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഒരു എഫ്ലുവെന്റ് ട്രീറ്റ്മെന്റ് പ്ലാൻ (ETP) സംവിധാനത്തിനായി കൗൺസിൽ ഓഫ് സയന്റിഫിക് ആന്റ് ഇൻഡസ്ട്രിയൽ റിസർച്ച് (CSIR)-ന് കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർഡിസിപ്ലിനറി സയൻസ് ആന്റ് ടെക്നോളജി (NIIST)-യെ കൺസൾട്ടന്റായി നിയമിച്ച് അവരെക്കൊണ്ട് മികച്ച ഇ.റ്റി.പി. സംവിധാനം രൂപകല്പന ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നാളിതുവരെ 500.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മലിനീകരണ നിയന്ത്രണ സംവിധാനം സ്ഥാപിച്ച് പ്ലാന്റ് പ്രവർത്തന സജ്ജമാക്കുവാനുള്ള നടപടി സ്വീകരിക്കാൻ കഴിയും.

## മത്സ്യഫെഡ്

124 (2876) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ.കുഞ്ഞിരാമൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഏതാനും വർഷങ്ങളായി ഈ സ്ഥാപനത്തിൽ വൻ ക്രമക്കേടുകൾ നടക്കുന്നുവെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിരുന്നോ ; കണ്ടെത്തിയ കാര്യങ്ങൾ വെളിപ്പെടുത്താമോ;

(സി) ഏതു കാലഘട്ടം വരെയുള്ള ഓഡിറ്റ് പൂർത്തിയായെന്നും ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ഡി) ദിവസ വേതനക്കാരെയും കരാർ ജീവനക്കാരെയും നിശ്ചയിച്ചതിൽ വ്യാപകമായ അഴിമതി നടത്തി സ്ഥാപനത്തിന് നഷ്ടമുണ്ടാക്കിയെന്ന ആരോപണത്തെക്കുറിച്ച് പരിശോധന നടത്തിയിരുന്നോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മത്സ്യഫെഡിന്റെ നിയമാവലി പ്രകാരമുള്ള ലക്ഷ്യങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

(ബി) മത്സ്യഫെഡിലെ ക്രമക്കേടുകൾ സംബന്ധിച്ച് ലഭിച്ച പരാതികളിന്മേൽ പ്രാഥമികാന്വേഷണം നടത്തിയിരുന്നു. പ്രാഥമിക അന്വേഷണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് 1969-ലെ സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം ദക്ഷിണമേഖലാ ഫിഷറീസ് ജോയിന്റ് ഡയറക്ടർ ശ്രീ. വി. മനോമോഹനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയോഗിച്ച് അന്വേഷണം നടത്തിയിരുന്നു. 65-ാം വകുപ്പുപ്രകാരം നടത്തിയ അന്വേഷണത്തിൽ മത്സ്യഫെഡിൽ താത്ക്കാലിക/കരാർ നിയമനങ്ങൾ നടത്തിയതിലും സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ചെയർമാന്റെ ദുരിതാശ്വാസ നിധി രൂപീകരിച്ച് വിതരണം നടത്തിയതിലും മുട്ടത്തറ വല നിർമ്മാണശാലയുടെ നിർമ്മാണത്തിലും നടത്തിപ്പിലും, പലിശരഹിത വായ്പാ പദ്ധതിയിലും, അംഗസംഘങ്ങൾക്ക് വായ്പകളും ഗ്രാന്റുകളും നൽകിയതിലും, ഉത്ഘാടനം, തറക്കല്ലിടൽ എന്നിവയിലും, മത്സ്യഫെഡ് മുഖേനയുള്ള മണ്ണെണ്ണ വിതരണത്തിലും ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

(സി) 2015-16 സാമ്പത്തികവർഷം വരെയുള്ള ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. 2015-16 ലെ മത്സ്യഫെഡിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ന്യൂനതാ സംഗ്രഹത്തിലെ 1 മുതൽ 22 വരെയുള്ള ഖണ്ഡികകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) പരിശോധന നടത്തിയിരുന്നു. ഇത് അന്വേഷണ വിഷയങ്ങളിൽ ഒന്നായിരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സമുദ്രപഠനം

125 (2877) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രപഠനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കേന്ദ്ര, സംസ്ഥാന സർക്കാർ ഓഫീസുകൾ ഏതൊക്കെയാണ്; പ്രസ്തുത ഓഫീസുകളിലെ പഠനം സംബന്ധിച്ച് വിശദാംശം നൽകുമോ;

(ബി) ഗവേഷണങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇത്തരം സ്ഥാപനങ്ങളിൽ ഏതെല്ലാം കോഴ്സുകൾ നിലവിലുണ്ടെന്നും പ്രസ്തുത കോഴ്സുകൾക്ക് ആവശ്യമായ തുടർ പഠനത്തിനും പരിശീലനത്തിനുമുള്ള നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഫിഷറീസ് സമുദ്രപഠന സർവ്വകലാശാല സമുദ്രപഠനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഈ സർവ്വകലാശാലയിൽ വിവിധ വിഷയങ്ങളിലായി ഒരു ബിരുദ കോഴ്സും 30 ബിരുദാനന്തര ബിരുദ കോഴ്സുകളും 13 വകുപ്പുകളിൽ പി.എച്ച്.ഡി.-യും നിലവിൽ നടന്നുവരുന്നു. കേന്ദ്ര സർക്കാർ സ്ഥാപനങ്ങളായ CMFRI, CIFT, CIFNET, NIO എന്നീ സ്ഥാപനങ്ങളിൽ നിന്നും CUSAT-ൽ നിന്നുമുള്ള പഠന സംബന്ധമായ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഫിഷറീസ് സർവ്വകലാശാലയിൽ ഗവേഷണങ്ങൾ ഫലപ്രദമായി നടന്നുവരുന്നു. ഗവേഷണ ഫലങ്ങൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിന് സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗം നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഫിഷറീസ് സർവ്വകലാശാലയിൽ ബാച്ചിലർ ഓഫ് ഫിഷറീസ് സയൻസ് എന്ന ഒരു ബിരുദതല കോഴ്സും ബിരുദാനന്തര ബിരുദതല (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)* കോഴ്സുകളും നിലവിലുണ്ട്. തുടർ പഠനത്തിനും ഗവേഷണത്തിനുമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. മറ്റു സ്ഥാപനങ്ങളിലെ വിവരണം ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണ സബ്സിഡി

126 (2878) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന മണ്ണെണ്ണയുടെ സബ് സിഡി ഇനത്തിൽ എത്ര തുകയാണ് കുടിശ്ശികയായിട്ടുള്ളത്; യഥാസമയം സബ് സിഡി വിതരണം ചെയ്യാത്തത് തൊഴിലാളികൾക്ക് വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുകയാണ് മത്സ്യഫെഡിന് നൽകാൻ ബാക്കിയുള്ളത്; സർക്കാർ സഹായം യഥാസമയം നൽകാത്തതാണ് ഇതിന്റെ പ്രവർത്തനത്തെ പ്രതിസന്ധിയിലാക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യഫെഡ് വഴി മത്സ്യത്തൊഴിലാളികൾക്ക് നൽകിയിരുന്ന ഏതെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ വെട്ടിക്കുറച്ചിട്ടുള്ളത്; ഈ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി നടക്കാത്തത് ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ ദോഷകരമായി ബാധിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന വെള്ള മണ്ണെണ്ണയ്ക്കുള്ള സബ്സിഡി 2016-17 വർഷത്തിൽ നവംബർ 2016 വരെ ആകെ 13.5 കോടി രൂപ നൽകിയിട്ടുണ്ട്. ഇനി ഡിസംബർ 2016 മുതൽ മാർച്ച് 2017 വരെ മണ്ണെണ്ണ സബ്സിഡി നൽകുന്നതിനുവേണ്ടി 10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ വന്ന ശേഷം ആനുകൂല്യങ്ങളൊന്നും വെട്ടിക്കുറച്ചിട്ടില്ല. മത്സ്യഫെഡിന്റെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

**അക്ഷരസാഗരം പദ്ധതി**

127 (2879) <u>ശ്രീ. വി. ഡി. സതീശൻ:</u>

<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷരസാഗരം പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിക്കുമോ;

(ബി) സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന തീരദേശവാസികളെ മുഖ്യധാരയിലെത്തിക്കുന്നതിനായി വകുപ്പ് നടപ്പിലാക്കുന്ന മറ്റ് പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അക്ഷരസാഗരം പദ്ധതി സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്താൽ നടപ്പാക്കുന്ന പദ്ധതിയാണ്.

(ബി) തീരദേശത്ത് പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന മത്സ്യ തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക സാംസ്കാരിക പിന്നോക്കാവസ്ഥ പരിഹരിച്ച് മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി വിവിധ പദ്ധതികൾ ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ആയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ഉൾനാടൻ മത്സ്യകൃഷി**

128 (2880) <u>ശ്രീ. ബി. ഡി. ദേവസ്സി:</u>

<u>ശ്രീ. രാജു എബ്രഹാം:</u>

<u>ശ്രീ. യു. ആർ. പ്രദീപ്:</u>

<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മത്സ്യകേരളം പദ്ധതിയിൽ ഇനിയും ഉൾപ്പെടുത്തിയിട്ടില്ലാത്ത പഞ്ചായത്തുകളെ ഈ പ്രോജക്ടുകളിൽ ഉൾപ്പെടുത്തുന്നതിനും പ്രോജക്ടുകൾ നടക്കുന്ന പഞ്ചായത്തുകളിൽ കോ-ഓർഡിനേറ്റർമാർ ഇല്ലാത്ത സ്ഥലങ്ങളിൽ പുതുതായി കോ-ഓർഡിനേറ്റർമാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഉൾനാടൻ മത്സ്യകൃഷി നടത്തുന്ന മത്സ്യ തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന ഉൾനാടൻ മത്സ്യകൃഷിക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതി സംസ്ഥാനത്തെ ഉൾനാടൻ മേഖലയിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിന് ഊന്നൽ നൽകുന്നു. ഉൾനാടൻ മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള ഭൂരിഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അക്വാകൾച്ചർ കോ-ഓർഡിനേറ്റർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

(സി) ഉൾനാടൻ മത്സ്യകൃഷി നടത്തുന്ന മത്സ്യ കർഷകർക്ക് മത്സ്യവിത്ത്, മത്സ്യത്തീറ്റ, വിള ഇൻഷ്വറൻസ്, മത്സ്യകൃഷിയെ സംബന്ധിക്കുന്ന ബോധവൽക്കരണവും പരിശീലന പരിപാടികളും തുടങ്ങിയ സാമ്പത്തികവും സാങ്കേതികവുമായ പല ആനുകൂല്യങ്ങളും നൽകിവരുന്നു.

**കാസർഗോഡ് ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ**

129 (2881) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് എവിടെയാണ് സ്ഥാപിക്കുന്നത്; ഇത് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ കീഴൂർ കടപ്പുറത്താണ് ഫിഷറീസ് സ്റ്റേഷൻ സ്ഥാപിക്കുന്നത്. നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ-19-ൽ (RIDF XIX) ഉൾപ്പെടുത്തി ഭരണാനുമതി നൽകിയതുപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

**ഉൾനാടൻ മത്സ്യക്കൃഷി വ്യാപകമാക്കുന്നതിന് നടപടി**

130 (2882) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരക്കടലിൽ മത്സ്യത്തിന്റെ ലഭ്യത അനുദിനം കുറഞ്ഞു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യലഭ്യത ഉറപ്പുവരുത്തുന്നതിനായി ഉൾനാടൻ മത്സ്യക്കൃഷി വ്യാപകമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫിഷറീസ് വകുപ്പ് മുഖേന ശുദ്ധജല മത്സ്യക്കൃഷിക്കായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഉൾനാടൻ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 2015-18 വർഷ കാലയളവിൽ കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II പദ്ധതി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിവരുന്ന വിവിധ ഘടക പദ്ധതികൾ ചുവടെ ചേർക്കുന്നു:

- കുളങ്ങളിലെയും ഇതര ജലസംഭരണികളിലെയും ശുദ്ധജല മത്സ്യക്കൃഷി.
- പാടശേഖരങ്ങളിലെയും കോൾ പാടങ്ങളിലേയും മത്സ്യ/ആറ്റുകൊഞ്ചു കൃഷി
- സംയോജിത മത്സ്യക്കൃഷി
- പൊക്കാളി/കൈപ്പാട്ട നിലങ്ങളിലെയും സ്വകാര്യ കുളങ്ങളിലെയും ചെമ്മീൻ കൃഷി
- കരിമീൻ മിനി ഹാച്ചറികൾ

- കുളങ്ങളിലെ കരിമീൻ കൃഷി
- അട്ടക്കളക്കുളങ്ങൾ
- കൂടുകളിലെ കരിമീൻ കൃഷി
- ഞണ്ടു പരിപോഷണം/ഞണ്ട് കൃഷി
- കല്ലുമ്മക്കായ് കൃഷി
- മാതൃകാ കൂടുകൃഷി യൂണിറ്റുകൾ
- മാതൃകാ മത്സ്യഫാമുകൾ
- പടുതാക്കുളങ്ങളിലെ മത്സ്യക്കൃഷി
- പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള ഓപ്പൺ വാട്ടർ റാഞ്ചിംഗ്

കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യക്കൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യക്കൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യക്കൃഷി, ഓരുജലമത്സ്യങ്ങളുടെ കൂടുകൃഷി, റിസർവോയറുകളിലെ കൂടുകൃഷി, SPF കാരചെമ്മീൻ കൃഷി, ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ ചിപ്പി, കല്ലുമ്മക്കായ് കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മീൻ കൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഉൾനാടൻ മത്സ്യക്കൃഷി വ്യാപകമാക്കുന്നതിനും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും 2017-18 സാമ്പത്തിക വർഷത്തിൽ പൊതു ജലാശയങ്ങളിലെ മത്സ്യക്കുഞ്ഞുനിക്ഷേപം, കായൽ പട്രോളിംഗ്, മത്സ്യസങ്കേതങ്ങൾ സ്ഥാപിക്കൽ, മത്സ്യഹാച്ചറികളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, മത്സ്യഹാച്ചറികളുടെയും ഫാമുകളുടെയും നവീകരണം, മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ, മാതൃകാ മത്സ്യഫാമുകൾ സ്ഥാപിക്കൽ, മത്സ്യതീറ്റ ഫാക്ടറികളുടെ നിർമ്മാണം എന്നീ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി 4888 ലക്ഷം രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## ഉൾനാടൻ മത്സ്യബന്ധന മേഖല

131 (2883) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യബന്ധന മേഖല വികസിപ്പിക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ മത്സ്യമേഖലയിൽ ഉൾനാടൻ മത്സ്യബന്ധന മേഖലയുടെ പങ്ക് എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യബന്ധന മേഖല വികസിപ്പിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്ത് 2015-16 വർഷത്തിൽ ആകെ മത്സ്യോൽപ്പാദനം 7.28 ലക്ഷം മെട്രിക് ടണ്ണാണ്. ഇതിൽ 2.11 ലക്ഷം മെട്രിക് ടൺ മത്സ്യം ലഭ്യമായിരിക്കുന്നത് ഉൾനാടൻ മേഖലയിൽ നിന്നാണ്. അതിൽ 1.71 ലക്ഷം മെട്രിക് ടൺ മത്സ്യം ഉൾനാടൻ മത്സ്യബന്ധന മേഖലയിൽനിന്നും ലഭിച്ചതായി കണക്കാക്കുന്നു. 0.404 ലക്ഷം മെട്രിക് ടൺ മത്സ്യകൃഷി മേഖലയിൽ നിന്നുമാണ്.

## ഉൾനാടൻ മത്സ്യകൃഷി

132 (2884) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷിയ്ക്ക് എന്തെല്ലാം പദ്ധതികളാണ് നിലവിൽ നടപ്പിലാക്കിവരുന്നത്; ലഭ്യമാക്കാനാകുന്ന ഫണ്ടുൾപ്പെടെ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇക്കാര്യത്തിൽ പുതുതായി ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദവിവരം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ നിലവിൽ വകുപ്പു മുഖേന നടപ്പിലാക്കിവരുന്ന ഉൾനാടൻ മത്സ്യകൃഷി സംബന്ധിച്ച പദ്ധതികൾ എന്തൊക്കെയാണ്; എത്ര രൂപയുടെ ഫണ്ട് ഇതിനായി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം ശുദ്ധജല മത്സ്യകൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള കുളങ്ങൾ പുനരുദ്ധാരണം ചെയ്യുന്നതിനും ഓരുജലാശയങ്ങളിലെ കൂട്ടുകൃഷി, കടലിലെ കൂട്ടുകൃഷി, മത്സ്യകർഷകർക്കുള്ള പരിശീലനം എന്നീ പദ്ധതി ഘടകങ്ങൾ ഉൾക്കൊള്ളിച്ച് ബ്ലൂറെവല്യൂഷൻ പദ്ധതി (50% കേന്ദ്രാവിഷ്കൃത പദ്ധതി) പ്രകാരം 1802.6 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം നൂതന മത്സ്യകൃഷിയുടെ പ്രദർശനകുളങ്ങൾ നടപ്പിലാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ആയത് ജില്ലകൾക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. ഓരുജലമത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി, ഓരുജലമത്സ്യങ്ങളുടെ കൂട്ടുകൃഷി, റിസർവോയറുകളിലെ കൂട്ടുകൃഷി SPF (Specific Pathogen Free) കാരചെമ്മീൻ കൃഷി, കുളങ്ങളിലെ ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ മുത്തുചിപ്പി, കല്ലുമ്മക്കായ് എന്നിവയുടെ കൃഷി, ഗിഫ്റ്റ് കൃഷി, നാരൻ ചെമ്മീൻ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കോങ്ങാട് മണ്ഡലത്തിൽ ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളിലെയും ടാങ്കുകളിലേയും മത്സ്യകൃഷി, അടുക്കളക്കുളങ്ങളിലെ കരിമീൻകൃഷി, കരിമീൻ മിനിഹാച്ചറി എന്നീ ഘടകപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കുളങ്ങളിലേയും ടാങ്കുകളിലേയും മത്സ്യകൃഷിവിഭാഗത്തിൽ 301 കർഷകർക്കായി 47.88 ഏക്കർ വിസ്തൃതിയിൽ 1,86,890 കാർപ്പ് ഇനങ്ങളിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്തു.

കരിമീൻ അടുക്കളക്കുളം വിഭാഗത്തിൽ 5 കർഷകർക്കായി 17 യൂണിറ്റുകൾക്ക് 1479 കരിമീൻ കുഞ്ഞുങ്ങളെയും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കരിമീൻ മിനിഹാച്ചറി യൂണിറ്റും പ്രവർത്തിക്കുന്നുണ്ട്. കോങ്ങാട് മണ്ഡലത്തിൽ ആകെ 1,57,510 രൂപ മത്സ്യസമൃദ്ധി പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ മത്സ്യ മാർക്കറ്റ്

133 (2885) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യം വൃത്തിയോടെയും കേടുകൂടാതെയും സൂക്ഷിച്ച് വയ്ക്കുന്നതിനും വിൽപ്പന നടത്തുന്നതിനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിൽ മത്സ്യ മാർക്കറ്റ് ആരംഭിക്കുന്നതിന് ഫിഷറീസ് വകുപ്പ് ധനസഹായം നൽകി വരുന്നുണ്ടോ;

(ബി) ചേലക്കര മണ്ഡലത്തിൽ മത്സ്യ മാർക്കറ്റ് ആരംഭിക്കുന്നതിന് ഫിഷറീസ് വകുപ്പ് നടപടി സ്വീകരിക്കുമോ; സ്വീകരിക്കുമെങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യം വൃത്തിയോടെയും കേടുകൂടാതെയും സൂക്ഷിച്ച് വയ്ക്കുന്നതിനും വിൽപ്പന നടത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ മത്സ്യമാർക്കറ്റ് ആരംഭിക്കുന്നതിന് ഫിഷറീസ് വകുപ്പ് ധനസഹായം നൽകിവരുന്നു. നാളിതുവരെ 37 മത്സ്യ മാർക്കറ്റുകൾ ആധുനീകരിക്കുന്നതിന് ധനസഹായം ലഭിമാക്കിയിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## മാങ്കാംകുഴി മത്സ്യ മാർക്കറ്റ് നവീകരണം

134 (2886) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ മാങ്കാംകുഴി മത്സ്യ മാർക്കറ്റ് നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത മാർക്കറ്റ് നവീകരണത്തിന് അനുവദിച്ച തുകയുടെയും തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്തിൽ മാങ്കാംകുഴി മത്സ്യമാർക്കറ്റ് നവീകരണത്തിനായുള്ള പദ്ധതി KIIFB-യിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) മാങ്കാംകുഴി മത്സ്യമാർക്കറ്റ് നവീകരണത്തിനായി 227.00 ലക്ഷം രൂപയുടെ പദ്ധതിയാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. നിലവിൽ മാർക്കറ്റ് പരിസരത്ത് നിലനിൽക്കുന്ന മൂന്ന് പഴകിയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി 2 പുതിയ മാർക്കറ്റ് കെട്ടിടം പണി കഴിപ്പിക്കുക എന്നതാണ് പദ്ധതിയിലൂടെ വിഭാവന ചെയ്തിരിക്കുന്നത്. 64.26 സ്ക്വയർ മീറ്റർ വിസ്തൃതിയിൽ നിർമ്മിക്കുന്ന ഇരുനില കെട്ടിടത്തിന്റെ താഴെയും മുകളിലുമായി 20 കടമുറികളും ആവശ്യാനുസരണം ടോയ്‌ലെറ്റുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**മത്സ്യബന്ധന മേഖലയിൽ വരൾച്ചമൂലമുള്ള പ്രശ്നങ്ങൾ**

135 (2887) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധന മേഖലയിൽ വരൾച്ചമൂലമുള്ള പ്രശ്നങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇത് നേരിടാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം മത്സ്യോൽപ്പാദനത്തിൽ കുറവ് വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉൾനാടൻ മത്സ്യബന്ധന മേഖലയെ വരൾച്ച രൂക്ഷമായി ബാധിച്ചിട്ടുണ്ട്. വരൾച്ചയുടെ ഫലമായി ജലത്തിന്റെ ചൂട് കൂടുകയും മത്സ്യങ്ങളുടെ വളർച്ചാനിരക്ക് കുറയുകയും രോഗങ്ങൾ പിടിപെടാനുള്ള സാധ്യത കൂടുകയും ചെയ്യുന്നു. വെള്ളത്തിലെ ഓക്സിജന്റെ അളവ് കുറയുകയും ലവണാംശം കൂടുകയും ചൂട് കൂടുകയും ചെയ്യുന്നതുവഴി ദോഷകരമായ പ്ലവഗങ്ങൾ വളരാൻ സാധ്യതയുണ്ട്. ആവാസ വ്യവസ്ഥയുടെ വ്യാപ്തി കുറയുന്നതിനാൽ അനുയോജ്യമായ ആവാസ വ്യവസ്ഥയിലേയ്ക്ക് മത്സ്യങ്ങൾ പലായനം ചെയ്യുകയും ചെയ്യുന്നതുമൂലം മത്സ്യലഭ്യത കുറയും. ഡാമുകളിലെയും നദികളിലേയും ജലനിരപ്പ് കുറയുന്നതുമൂലം സ്വാഭാവിക മത്സ്യസമ്പത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. ഇത് ഡാമുകളിലും നദികളിലും നിന്ന് മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതുകൂടാതെ മത്സ്യബന്ധന മേഖലയിൽ താമസിക്കുന്നവർക്ക് രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

(ബി) മത്സ്യകർഷകർക്ക് പൊതുജലാശയങ്ങളിൽ കേജ്കൾച്ചർ ചെയ്യുന്നതിനുള്ള പ്രോത്സാഹനം നൽകിവരുന്നു. വെള്ളം കുറവുണ്ടെങ്കിൽ ശുദ്ധമായ ജലം ലഭ്യമായ സ്ഥലങ്ങളിൽ നിന്ന് വെള്ളം പമ്പ് ചെയ്യാൻ സാഹചര്യമുള്ള കർഷകരോട് ടി പ്രവൃത്തി ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. രാവിലെയും വൈകുന്നേരവും മതിയായ എയറേറ്റർ സ്ഥാപിച്ച് മത്സ്യങ്ങൾക്ക് പ്രാണവായു ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വരൾച്ച കൂടുതൽ സ്ഥലത്തേക്ക് ബാധിക്കാതിരിക്കാനായി കുളം വറ്റിച്ചുള്ള മത്സ്യബന്ധനം ഒഴിവാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. മത്സ്യകൃഷി ചെയ്യുന്ന ഫാമുകളിലെ വെള്ളം കുറയുന്നതിനാൽ അനുയോജ്യമായ വളർച്ച എത്തുന്നതിന് മുമ്പ് തന്നെ വിളവെടുപ്പ് നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. തീരദേശ മേഖലയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ജില്ലാ ഭരണകൂടം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴിയും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മഴക്കുഴികൾ നിർമ്മിക്കുന്നതിനും തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വീടിന് സമീപത്തുള്ള തെങ്ങുകളുടെ ചുവട്ടിൽ നീർത്തടങ്ങൾ ഉണ്ടാക്കി മഴവെള്ളം കെട്ടിനിർത്തുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ, മറ്റ് സാമൂഹിക സംഘടനകൾ എന്നിവ മുഖാന്തരം മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണം നൽകിയിട്ടുണ്ട്. മത്സ്യ സമൃദ്ധി പദ്ധതി പ്രകാരം നടത്തുന്ന ശുദ്ധജല മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി, പാടശേഖര മത്സ്യകൃഷി എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരുജല മത്സ്യകൃഷിക്ക് ഹെക്ടറിന് പരമാവധി 1.5 ലക്ഷം രൂപയും ശുദ്ധജല മത്സ്യകൃഷി/പാടശേഖര മത്സ്യകൃഷിക്ക് ഒരു ലക്ഷം രൂപയും നഷ്ടപരിഹാരം നൽകുന്നത് കൂടാതെ NDRF (നാഷണൽ ഡിസ്റ്റസ് റിലീഫ് ഫണ്ട്) നോംസ് പ്രകാരം മത്സ്യകുളങ്ങൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഹെക്ടറിന് 8200 രൂപയും നഷ്ടപരിഹാരം ലഭിക്കുന്നതാണ്. ഇതിനായി ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് അപേക്ഷ സമർപ്പിക്കുവാൻ എല്ലാ ജില്ലാ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വരൾച്ചമൂലം പൂർണ്ണ വളർച്ച എത്താത്ത മത്സ്യങ്ങളെ വിളവ് എടുക്കേണ്ടിവരുന്നതിനാൽ മത്സ്യ ഉത്പാദനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്.

## നെയ്യാറ്റിൻകര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ വിവിധ പ്രവൃത്തികൾ

136 (2888) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ പൊഴിയൂർ തീരദേശത്ത് ഫിഷിംഗ് ഹാർബർ ആരംഭിക്കാനുള്ള നടപടി ഏതു ഘട്ടം വരെയായി എന്ന് അറിയിക്കുമോ;

(ബി) ഫിഷറീസ് വകുപ്പിന്റെ വിവിധ സ്കീമുകളിൽ കഴിഞ്ഞ 10 വർഷക്കാലം കുളത്തൂർ പഞ്ചായത്തിലെ വിവിധ പദ്ധതികൾക്ക് അനുവദിച്ച തുകയും പദ്ധതികളും വ്യക്തമാക്കി മറുപടി നൽകുമോ;

(സി) കൊല്ലങ്കോട് ക്ഷേത്രപാലത്തിന്റെയും, പരുത്തിയൂർ പാലത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) തീരദേശ മേഖലയിലെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയെ സംബന്ധിച്ച നടപടികളുടെ പുരോഗതി എന്തായി എന്ന് അറിയിക്കുമോ;?

<u>ഉത്തരം</u>

(എ) പൊഴിയൂരിൽ ഒരു ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിന് മുന്നോടിയായിട്ടുള്ള അന്വേഷണ ഗവേഷണ പ്രവൃത്തികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി എസ്റ്റിമേറ്റിൽ പദ്ധതിക്കാവശ്യമായ ഡാറ്റാ കളക്ഷൻ, ഇ.ഐ.എ. പഠനം, മാതൃകാപഠനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. മാതൃകാ പഠനത്തിനാവശ്യമായ ഡാറ്റാ കളക്ഷൻ ഇപ്പോൾ നടന്നുവരുന്നു. മാതൃകാ പഠനത്തിന്റെ വെളിച്ചത്തിൽ ഇ.ഐ.എ. പഠനം നടത്തി പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടതുണ്ട്. മേൽ പഠനങ്ങൾക്കെല്ലാമായി ഏകദേശം ഒന്നര വർഷത്തോളം സമയം ആവശ്യമാണ്. പ്രവൃത്തി ഇപ്പോൾ ആരംഭ ഘട്ടത്തിലാണ്.

(ബി) കഴിഞ്ഞ 10 വർഷക്കാലം കുളത്തൂർ പഞ്ചായത്തിൽ ഹാർബർ എഞ്ചിനീയറിംഗ്, ഫിഷറീസ് വകുപ്പുകൾ മുഖേന അനുവദിച്ച പദ്ധതികളും തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) കൊല്ലങ്കോട് ക്ഷേത്രനട പാലത്തിന്റെയും, പരുത്തിയൂർ വെള്ളമണൽ പാലത്തിന്റെയും നിർമ്മാണ പ്രവൃത്തികൾക്ക് സ്ഥലം ലഭ്യമാക്കാമെന്ന് 15-12-2016 ൽ കുളത്തൂർ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി)

1. <u>സമഗ്ര ഭവന പദ്ധതി - 100 കോടി രൂപ</u>

2016-17 വർഷം മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 4405-00-103-93 (പി) എന്ന ശീർഷകത്തിൽ നിന്നാണ് 100 കോടി രൂപ ചെലവഴിക്കുന്നത്. ഭവനരഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതം നൽകുന്നതിന് 52 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുന്നതിനായി 48 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്.

2. <u>മത്സ്യത്തൊഴിലാളി കോളനികളിൽ ഭവനനിർമ്മാണം-5 കോടി രൂപ</u>

മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ഫിഷർമെൻ കോളനി നവീകരണ പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോട്ടയം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത ഫിഷറീസ് കോളനികളിലെ ഭവനരഹിതരായ 250 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. <u>ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി</u>

50% കേന്ദ്രസർക്കാർ ധനസഹായത്തോടെയുള്ള ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി പ്രകാരം 299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപ വീതം അനുവദിക്കുന്നു. തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, പാലക്കാട്, കോട്ടയം, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി ചെലവിനത്തിന് ആവശ്യമായ തുക ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

4. <u>കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി-25 കോടി രൂപ.</u>

സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പ്രകാരം യൂണിറ്റിന് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഈ സാമ്പത്തിക വർഷം 2 കോടി രൂപ അഡീഷണൽ ഓതറൈസേഷൻ മുഖേന നൽകുകയും ടി തുക പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്. മേൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**മത്സ്യഫെഡിന്റെ ഭരണസമിതിക്കെതിരെയുള്ള അന്വേഷണം**

137 (2889) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഫെബ്രുവരിയിൽ നിലവിൽ വന്ന മത്സ്യഫെഡിന്റെ ഭരണസമിതിക്കെതിരെയുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത സമിതിക്കെതിരെയുള്ള അന്വേഷണത്തിൽ 2011 മുതലുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചത് എന്തടിസ്ഥാനത്തിലാണ്;

(സി) അന്വേഷണത്തിൽ എന്തെങ്കിലും ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) അന്വേഷണത്തിന്റെ പേരിൽ രാഷ്ട്രീയ വിരോധം തീർക്കുവാനും തെരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തിയ ഭരണസമിതിയെ പിരിച്ചു വിടുവാനുമുള്ള ഗൂഢനീക്കം ഉപേക്ഷിക്കുമോ?

<u>ഉത്തരം</u>

(എ) ഭരണസമിതിക്കെതിരെയുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) മത്സ്യഫെഡിൽ മുമ്പ് നടന്ന അന്വേഷണത്തിനുശേഷമുള്ള കാലയളവിലെ പ്രവർത്തനങ്ങൾ അന്വേഷിക്കേണ്ടതിനാലാണ് 2011 മുതലുള്ള കാര്യങ്ങൾ ഉൾക്കൊള്ളിച്ചത്. നിലവിലുള്ള ഭരണസമിതിയുടെ കാലത്തെ പ്രവർത്തനങ്ങളും അന്വേഷണ വിഷയമായിരുന്നു.

(സി)കണ്ടെത്തിയിട്ടുണ്ട്.

(ഡി) രാഷ്ട്രീയ വിരോധത്തിന്റെ പ്രശ്നം ഉദിക്കുന്നില്ല. അന്വേഷണ റിപ്പോർട്ട് പരിഗണിച്ച് സഹകരണ സംഘം നിയമം അനുസരിച്ച് ഗുരുതരമായ ക്രമക്കേടുകൾ നടത്തിയ മത്സ്യഫെഡ് ഭരണസമിതിയെ 3-3-2017-ന് രജിസ്ട്രാറായ ഫിഷറീസ് ഡയറക്ടർ പിരിച്ചുവിടുകയും പകരം അഡ്മിനിസ്ട്രേറ്ററെ നിയമിക്കുകയും ചെയ്തുകഴിഞ്ഞു.

**മത്സ്യത്തൊഴിലാളി സംഘങ്ങളിലൂടെ മായം ചേർക്കാത്ത മത്സ്യം**

138 (2890) <u>ശ്രീ. അടൂർ പ്രകാശ്:</u>

<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യങ്ങളിൽ മാരകമായ കീടനാശിനിയും അമോണിയയും ചേർത്ത് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മിൽമയുടെ മാതൃകയിൽ തീരദേശത്തെ മത്സ്യത്തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയിലൂടെ മായം ചേർക്കാത്ത മത്സ്യം ജനങ്ങൾക്ക് ലഭ്യമാക്കുന്ന കാര്യം ആലോചിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഇത് തടയുന്നതിനായി എല്ലാ ജില്ലയിലും ഫിഷറീസ് വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരെയും ഭക്ഷ്യ സുരക്ഷാ വിഭാഗത്തിലെ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജോയിന്റ് ഇൻസ്പെക്ഷൻ സ്ക്വാഡുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ടി സ്ക്വാഡുകൾ അതാത് ജില്ലകളിലെ മാർക്കറ്റുകൾ, ഹാർബറുകൾ, ഫിഷ്‌ലാന്റിംഗ് സെന്ററുകൾ എന്നിവ കേന്ദ്രീകരിച്ച് പരിശോധനകൾ നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ ലാബുകളിൽ പരിശോധിക്കുകയും ദോഷകരമായ വസ്തുക്കൾ ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ നിയമം അനുസരിച്ച് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

(ബി) മത്സ്യഫെഡ് വഴി തീരദേശത്തെ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ സഹകരണത്തോടെ നേരിട്ട് ഹാർബറുകളിൽനിന്നും ഫിഷ്ലാന്റിംഗ് സെന്ററുകളിൽനിന്നും ഗുണമേന്മയോടെ പച്ച മത്സ്യം ശേഖരിക്കുകയും ആയത് മാർക്കറ്റുകളിൽ ഗുണമേന്മ ചോരാതെ എത്തിച്ച് അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ മുഖേന വിൽപ്പന നടത്തുന്ന സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനുമുള്ള പദ്ധതി തയ്യാറാക്കി വരുന്നു.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ**

139 (2891) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നും എത്ര തുകയുടെ ആനുകൂല്യമാണ് അനുവദിച്ചതെന്നും അറിയിക്കുമോ?

ഉത്തരം

(എ) കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ വിലയിരുത്താറുണ്ട്.

(ബി) 2016-17 വർഷത്തിൽ 17.50 കോടി രൂപയാണ് മത്സ്യത്തൊഴിലാളി കടാശ്വാസത്തിനായി വകയിരുത്തിയിട്ടുള്ളത്. ഇതിൽ നാളിതുവരെയായി ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങൾക്കും മത്സ്യഫെഡുമായി ബന്ധപ്പെട്ട കടങ്ങൾക്കും മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കടങ്ങൾക്കും കടാശ്വാസം നൽകുന്നതിന് (1440 കടങ്ങൾക്ക്) 5.80 കോടി രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട 1166 കടങ്ങൾക്ക് 2.74 കോടി രൂപയും ഭവന നിർമ്മാണ ബോർഡുമായി ബന്ധപ്പെട്ട 35 കടങ്ങൾക്ക് 21.13 ലക്ഷം രൂപയും ദേശസാൽകൃത ബാങ്കുമായി ബന്ധപ്പെട്ട 277 കടങ്ങൾക്ക് 1.73 കോടി രൂപയും മത്സ്യഫെഡുമായി ബന്ധപ്പെട്ട 117 കടങ്ങൾക്ക് 25 ലക്ഷം രൂപയും അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കടാശ്വാസത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുകയും എന്നാൽ തുക തിരിച്ചടയ്ക്കുകയും ചെയ്ത കേസ്സുകളിൽ കടാശ്വാസ തുക മടക്കി നൽകുന്നതിനായി 46 കടങ്ങൾക്ക് 40,64,256 രൂപ അനുവദിക്കുന്ന വിഷയവും പരിഗണനയിലാണ്.

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

140 (2892) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അനുവദിച്ച തുക പോലും വർഷങ്ങളായി കുടിശ്ശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വളരെക്കാലമായി ഈ ആശ്വാസധനം പ്രതീക്ഷിച്ചു കാത്തിരിക്കുന്ന ഒട്ടേറെ മത്സ്യത്തൊഴിലാളികൾക്ക് ഇതേറെ പ്രയാസങ്ങൾ ഉണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏത് കാലം വരെയുള്ള സഹായധനം വിതരണം ചെയ്തിട്ടുണ്ട്;

(ഡി) ഈ കുടിശ്ശിക വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഇ) എന്നത്തേയ്ക്ക് ഇവ പൂർണ്ണമായി വിതരണം ചെയ്യുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത് ഇതുവരെ കടാശ്വാസം അനുവദിച്ച 214.40 കോടി രൂപയിൽ 197.55 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 5.35 കോടി രൂപ അനുവദിക്കുന്ന വിഷയം പരിഗണനയിലാണ്.

(ബി) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ലിസ്റ്റുകൾ പ്രകാരമുള്ള കടങ്ങൾക്കാണ് കടാശ്വാസം അനുവദിക്കുന്നത്. സഹകരണ വകുപ്പുമായി ബന്ധപ്പെട്ട കടങ്ങൾക്കും മത്സ്യഫെഡുമായി ബന്ധപ്പെട്ട കടങ്ങൾക്കും ഓഡിറ്റിംഗിന് ശേഷമാണ് ഫണ്ട് അനുവദിക്കുന്നത്. ഇത് നേരിയ കാലതാമസം ഉണ്ടാക്കാറുണ്ട്. ദേശസാൽകൃത ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങൾക്കും മറ്റു സർക്കാർ ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട കടങ്ങൾക്കും ഇനിയൊരു ഓഡിറ്റിംഗ് ആവശ്യമില്ലെന്നും സെക്രട്ടറി കടാശ്വാസ കമ്മീഷൻ സാക്ഷ്യപ്പെടുത്തി നൽകിയാൽ മതിയാകും എന്നതിനാൽ കാലതാമസം കൂടാതെ തന്നെ കടാശ്വാസ തുക വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. കടാശ്വാസം ലഭിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 31-12-2007 വരെ എടുത്തിട്ടുള്ള വായ്പകളിന്മേൽ 2016-17 സാമ്പത്തിക വർഷം വരെ അനുവദിച്ച 214.40 കോടി രൂപയിൽ 197.56 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ഡി & ഇ) 2016-17 വർഷം 17.50 കോടി രൂപയാണ് ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ ദേശസാൽകൃത ബാങ്ക്, മറ്റ് സർക്കാർ ധനകാര്യസ്ഥാപനങ്ങൾ, മത്സ്യഫെഡ് എന്നിവയുമായി ബന്ധപ്പെട്ട കടങ്ങൾക്ക് നാളിതുവരെയായി 5.80 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. സഹകരണ വകുപ്പ്, മത്സ്യഫെഡ്, ദേശസാൽകൃത ബാങ്കുകൾ, മറ്റ് സർക്കാർ ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കടങ്ങൾക്ക് 5.35 കോടി രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ

141 (2893) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. വി.ഡി.സതീശൻ:

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്;

(സി) ഓരോ ജില്ലയിലും ഗുണഭോക്താക്കളുടെ പരമാവധി എണ്ണം നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ഡി) പദ്ധതിയുടെ അടങ്കൽ എത്രയെന്നും ഇതിനായി കേന്ദ്രസഹായം ലഭ്യമാണോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാനസൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിലുൾപ്പെടുത്തി മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിൾ നൽകുന്ന പദ്ധതിക്ക് ഭരണാനുമതിയും പദ്ധതി നടപ്പാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഓരോ ജില്ലയിലും 500 ഗുണഭോക്താക്കളെ വീതമാണ് തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും ജില്ലയിൽ അർഹരായ അപേക്ഷകരുടെ എണ്ണം കുറവുണ്ടെങ്കിൽ അപേക്ഷകൾ കൂടുതലുള്ള ജില്ലകളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതാണ്. അന്തിമ അർഹതാ ലിസ്റ്റിൽ അപേക്ഷകരുടെ എണ്ണം 500 കവിഞ്ഞാൽ അപേക്ഷകരുടെ എണ്ണത്തിന് ആനുപാതികമായി സ്കൂൾ അടിസ്ഥാനത്തിൽ എണ്ണം തിട്ടപ്പെടുത്തി അത്രയും എണ്ണം ഗുണഭോക്താക്കളെ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുക്കുന്നതാണ്.

(ഡി) പദ്ധതി അടങ്കൽ 100 ലക്ഷം രൂപയാണ്. പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സഹായം ലഭിക്കുന്നില്ല.

## തീരദേശ റോഡുകളുടെ നവീകരണം

142 (2894) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ റോഡുകളുടെ നവീകരണത്തിനായി കോഴിക്കോട് ജില്ലയിലെ ഏതെല്ലാം റോഡുകളുടെ എസ്റ്റിമേറ്റുകളാണ് ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിന്ന് നാളിതുവരെ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളത് എന്ന വിവരം റോഡുകളുടെ പട്ടിക, നിയോജക മണ്ഡലം, ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ഫയൽ നമ്പർ, സർക്കാരിലേയ്ക്ക് അയച്ച തീയതി എന്നിവ സഹിതം വിശദമാക്കുമോ?

<u>ഉത്തരം</u>

വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

## പൂന്തുറ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

143 (2895) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂന്തുറ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണത്തിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പൂന്തുറ കടൽതീരത്തെ നിലവിലുള്ള പുലിമുട്ടുകൾ

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബലപ്പെടുത്തുവാനാവശ്യമായ നടപടി കൈക്കൊള്ളുമോ;

(ഡി) പൂന്തുറ മത്സ്യ ഗ്രാമത്തെ വിഴിഞ്ഞം തുറമുഖ പദ്ധതി ബാധിത പ്രദേശമായി പ്രഖ്യാപിച്ച് ഈ മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമേകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൂന്തുറ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിന്റെ ഭാഗമായി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി സി.ഡബ്ല്യു.പി.ആർ.എസ്., പൂനെ മുഖേന മാതൃകാ പഠനം നടത്തി അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. തുടർന്ന് പരിസ്ഥിതി ആഘാത പഠനം നടന്നുവരുന്ന ഘട്ടത്തിലാണ് ഹാർബറിന്റെ ലൊക്കേഷൻ മാറ്റണമെന്ന് ഒരു വിഭാഗം നാട്ടുകാർ ആവശ്യപ്പെട്ടത്. ലൊക്കേഷൻ മാറ്റുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുവാൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നത് പ്രകാരം പൂന്തുറ മത്സ്യബന്ധന തുറമുഖ പദ്ധതി 500 മീറ്റർ വടക്കോട്ട് മാറ്റി സ്ഥാപിക്കുന്നത് സംബന്ധിച്ച് മാതൃകാപഠനം നടത്തിയ സി.ഡബ്ല്യു.പി.ആർ.എസ്., പൂനെയോട് അഭിപ്രായം ആരാഞ്ഞു. തുടർന്ന് സി.ഡബ്ല്യു.പി.ആർ.എസ്.-ൽ നിന്ന് ഇതുസംബന്ധിച്ച് അധിക പഠനം നടത്തുന്നതിനായി 9,58,260 രൂപ ആവശ്യപ്പെടുകയുണ്ടായി. ആയതിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. ലൊക്കേഷൻ മാറ്റുന്നത് കൊണ്ട് പുതുക്കിയ മോഡൽ സ്റ്റഡി നടത്തുന്നതിനോടൊപ്പം പുതിയ പരിസ്ഥിതി ആഘാതപഠനവും (EIA) നടത്തേണ്ടതുണ്ട്.

(ബി) 2017-18 ബജറ്റിൽ പൂന്തുറ മത്സ്യബന്ധന തുറമുഖത്തിന് പുതിയ ഹെഡ് ഓഫ് അക്കൗണ്ടും ടോക്കൺ പ്രൊവിഷനും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക വകകൊള്ളിച്ചിട്ടില്ല. പദ്ധതിക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) ഇറിഗേഷൻ വകുപ്പാണ് നടപടി കൈക്കൊള്ളേണ്ടത്. ടി വകുപ്പിൽ നിന്നും വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ തുറമുഖ പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരവും പുനരധിവാസവും സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിന് 475 കോടി രൂപ അടങ്കൽ തുകയുള്ള ഒരു പ്രത്യേക പാക്കേജിന്

ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽ പദ്ധതി നടപ്പിലാക്കുന്നതോടനുബന്ധിച്ച് പുനരധിവാസത്തിന്റെ ഭാഗമായി പാർപ്പിടം, ആഴക്കടൽ മത്സ്യബന്ധന സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, അനുബന്ധ പരിശീലനങ്ങൾ, സ്വയം സഹായ സംഘങ്ങളുടെ രൂപീകരണം, സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തൽ, സ്ത്രീ ശാക്തീകരണം, വിദ്യാഭ്യാസ സൗകര്യ വികസനം, ആരോഗ്യ സംവിധാനങ്ങൾ, വയോജന ക്ഷേമം എന്നിവയ്ക്കാണ് 475 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. അതിൽ പനത്തുറ മുതൽ വലിയവേളി വരെയുള്ള മത്സ്യഗ്രാമങ്ങളിലെ ഏകദേശം മൂവായിരത്തോളം (പൂന്തുറ 800+മറ്റ് മത്സ്യഗ്രാമങ്ങൾ 2200) മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനായി 350 കോടി രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്.

### ബേപ്പൂർ ജെട്ടിയിലെ സ്ഥലസൗകര്യം

144 (2896) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലസൗകര്യം ജെട്ടിയിൽ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജെട്ടി നീളം കൂട്ടുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; ഇല്ലെങ്കിൽ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ജെട്ടി നിർമ്മിക്കുന്നതിന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് പദ്ധതി രൂപ രേഖ തയ്യാറാക്കി വരുന്നു.

### വൈപ്പിൻ മണ്ഡലത്തിലെ തീരദേശ റോഡ് നിർമ്മാണം

145 (2897) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ റോഡ് നിർമ്മാണത്തിനായി 2015-16 കാലയളവിൽ വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും നടപ്പാക്കാത്തതെന്നും എന്തുകൊണ്ടാണ് തടസ്സപ്പെട്ടതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2015-16 കാലയളവിൽ വൈപ്പിൻ മണ്ഡലത്തിൽ താഴെപ്പറയുന്ന 16 തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 483.40 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ ) |
|---|---|---|
| (1) | (2) | (3) |
| 1 | ഇടവനക്കാട് പഞ്ചായത്തിലെ നേതാജി എക്സ്റ്റൻഷൻ റോഡ് | 50.00 |
| 2 | ഇടവനക്കാട് പഞ്ചായത്തിലെ നേതാജി റോഡിന്റെ മധ്യഭാഗത്തുള്ള പാലത്തിന്റെ നിർമ്മാണം | 21.00 |
| 3 | കടമക്കുടി പഞ്ചായത്തിലെ സെന്റ് ജോർജ്ജ് ചാപ്പൽ റോഡ് | 36.50 |
| 4 | ഇളംകുന്നപുഴ കുറിച്ചിപ്പാടം നടുചിറ റോഡ് | 46.00 |
| 5 | മുളവുകാട് പഞ്ചായത്തിലെ കുരിശ്ശിങ്കൽ കോ ഓപ്പറേറ്റീവ് റോഡ് | 33.00 |
| 6 | കടമക്കുടി പഞ്ചായത്തിലെ ബോട്ടുജെട്ടി മുതൽ വടക്കേ ജെട്ടിവരെയുള്ള റോഡ് | 46.00 |
| 7 | മുളവുകാട് പഞ്ചായത്തിലെ ജ്യൂത നടപ്പുറോഡ് | 37.50 |
| 8 | കടമക്കുടി പഞ്ചായത്തിലെ വാർഡ് 3 ലെ തിട്ടയിൽ നടപ്പാത | 28.50 |
| 9 | മുളവുകാട് പഞ്ചായത്തിലെ വാർഡ് 14 ലെ മുള്ളൂർ റോഡ് കോൺക്രീറ്റിംഗ് | 24.50 |
| 10 | മുളവുകാട് പഞ്ചായത്തിലെ കുരിശ്ശിങ്കൽ ഇത്തിത്തറ റോഡ് | 27.50 |
| 11 | ഇളംകുന്നപ്പുഴ പഞ്ചായത്തിലെ അമ്പലക്കടവ് ബേസിൽ റോഡ് | 30.00 |

| (1) | (2) | (3) |
|---|---|---|
| 12 | പള്ളിപ്പുറം പഞ്ചായത്തിലെ മഹാത്മാഗാന്ധി ലിങ്ക് റോഡ് | 11.80 |
| 13 | പള്ളിപ്പുറം പഞ്ചായത്തിലെ മഹാത്മാഗാന്ധി ഫിഷറീസ് റോഡ് | 25.90 |
| 14 | കുഴിപ്പള്ളി പഞ്ചായത്തിലെ വെംബ്ലോയി തോട് റോഡ് | 30.00 |
| 15 | ഇടവനക്കാട് പഞ്ചായത്തിലെ കണ്ണപിള്ളകേട്ട പാലം എക്സ്റ്റൻഷൻ റോഡ് | 18.00 |
| 16 | ഞാറയ്ക്കൽ പഞ്ചായത്തിലെ പി.വി.ഷാജി റോഡ് | 17.20 |

(ബി) വൈപ്പിൻ മണ്ഡലത്തിൽ 2015-16 -ൽ ഭരണാനുമതി ലഭിച്ച 16 റോഡ് പ്രവൃത്തികളിൽ 12 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. കുറിച്ചിപ്പാടം നടുച്ചിറ റോഡ് പ്രവൃത്തിക്ക് കരാറിലേർപ്പെട്ടെങ്കിലും സ്ഥലലഭ്യത സംബന്ധിച്ച തർക്കത്തെ തുടർന്ന് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും തീരുമാനമൊന്നും ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ**

146 (2898) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളും ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കേണ്ട റോഡുകളും ഏതൊക്കെയാണ്; ഇവയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു:

1. മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ പത്താംതോട് - മൂസ്സാഹാജി തോട് റോഡിന്റെ നിർമ്മാണ പ്രവൃത്തി - 85% പൂർത്തിയായി.
2. പട്ടുവം ഗ്രാമപഞ്ചായത്തിലെ മുള്ളൂർ എം.എൽ.എ ഇട്ടപ്പ – ഇടമുട്ട് - ഹരിജൻ വെൽഫെയർ സ്കൂൾ റോഡിന്റെ നവീകരണ പ്രവൃത്തി - 80% പൂർത്തീകരിച്ചു.

ഭരണാനുമതി നൽകിയതും പ്രവൃത്തി ആരംഭിക്കേണ്ടതുമായ റോഡുകൾ ചുവടെ ചേർക്കുന്നു:

1. മാടായി പഞ്ചായത്തിലെ പുതിയങ്ങാടി ചൂട്ടാട് - എരിപ്രം മുട്ടം റോഡിന്റെ നവീകരണ പ്രവൃത്തി - ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തോടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2. മാടായി പഞ്ചായത്തിലെ ബീച്ച് റോഡ് (നീരൊഴുക്കുംചാൽ റോഡ്) കക്കാടൻ ചാൽ റോഡിന്റെ നവീകരണ പ്രവൃത്തിക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ് - ടി പ്രവൃത്തി ഏപ്രിൽ മാസത്തിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കശുമാവ് തോട്ടങ്ങളിലെ കശുവണ്ടി സംഭരണം

147 (2899) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷനു കീഴിലുള്ള കശുമാവിൻ തോട്ടങ്ങളിലെ കശുവണ്ടി കാപക്സ് ആണോ സംഭരിക്കുന്നത്;

(ബി) നടപ്പുവർഷത്തിൽ ലേല സംവിധാനത്തിലൂടെയാണോ പ്ലാന്റേഷൻ കോർപ്പറേഷനു കീഴിലുള്ള കശുവണ്ടി കാപക്സ് സംഭരിക്കുന്നത്; അല്ലെങ്കിൽ ലേലം ഒഴിവാക്കപ്പെട്ടതിന്റെ കാരണം എന്താണെന്ന് പറയാമോ;

(സി) നടപ്പുവർഷം എത്ര ടൺ കശുവണ്ടി സംഭരിക്കാനാണ് ലക്ഷ്യം വയ്ക്കുന്നത്; സർക്കാർ നേരിട്ട് കശുവണ്ടി സംഭരിക്കുകയാണെങ്കിൽ എത്ര ടൺ കശുവണ്ടിയാണ് ലക്ഷ്യം വയ്ക്കുന്നത്; ഇതുവഴി എത്ര തുക അധിക വരുമാനം പ്രതീക്ഷിക്കുന്നു;

(ഡി) തോട്ടങ്ങളിൽ കശുവണ്ടി പെറുക്കിയെടുക്കാൻ ഓരോ ജില്ലയിലും എത്രപേരെ നിയമിച്ചുവെന്നും അവർക്ക് നിശ്ചയിച്ച വേതനം എത്രയെന്നും വ്യക്തമാക്കുമോ;

(ഇ) കശുവണ്ടി പെറുക്കിയെടുക്കുവാൻ കാസർഗോഡ് ജില്ലയിൽ അന്യജില്ലക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽഎത്ര പേരെയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇത്തരത്തിൽ പുറം ജില്ലക്കാരെ നിയമിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്ലാന്റേഷൻ കോർപ്പറേഷന് കീഴിലുള്ള കശുമാവിൻ തോട്ടങ്ങളിലെ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും കൂടിയാണ് സംഭരിക്കുന്നത്.

(ബി) നടപ്പു വർഷത്തിൽ ലേലത്തിലൂടെയല്ല പ്ലാന്റേഷൻ കോർപ്പറേഷന് കീഴിലുള്ള കശുവണ്ടി സംഭരിക്കുന്നത്. സർക്കാർ വകുപ്പുകളുടെ കീഴിലുള്ള തോട്ടങ്ങളിൽ നിന്നും കശുവണ്ടി സംഭരിക്കുന്നതിന് കാപ്പക്സിനും കാഷ്യൂ കോർപ്പറേഷനും അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് പ്ലാന്റേഷൻ കോർപ്പറേഷൻ ലേല നടപടികൾ ആരംഭിച്ചതിനാൽ നടപ്പു വർഷം ഏറ്റവും കൂടുതൽ ക്വാട്ട് ചെയ്ത വിലയ്ക്കാണ് കാഷ്യൂ കോർപ്പറേഷനും കാപ്പക്സും പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും സർക്കാർ അനുമതിയോടെ തോട്ടണ്ടി ശേഖരിച്ചു വരുന്നത്.

(സി) നടപ്പു സാമ്പത്തിക വർഷം ഏകദേശം 1000 മെട്രിക് ടൺ കശുവണ്ടി സംഭരിക്കാനാകുമെന്നാണ് കരുതുന്നത്. സർക്കാർ നേരിട്ട് സംഭരിക്കുമ്പോൾ എത്ര ടണ്ണാണ് ലക്ഷ്യം വയ്ക്കുന്നതെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. തോട്ടണ്ടി സംഭരണം പൂർത്തീകരിച്ചതിനുശേഷമേ അധിക വരുമാനത്തിന്റെ കാര്യത്തിൽ വ്യക്തത വരുത്തുവാൻ സാധിക്കുകയുള്ളൂ.

(ഡി-എഫ്) പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടങ്ങളിൽ നിന്ന് കശുവണ്ടി പെറുക്കിയെടുക്കാൻ കരാർ വ്യവസ്ഥയിൽ കോൺട്രാക്ട് നൽകിയിട്ടുള്ളതും കരാർ പ്രകാരം നിജപ്പെടുത്തിയ തുകയ്ക്ക് തോട്ടണ്ടി സംഭരിച്ചു വരികയുമാണ്. കാഷ്യൂ കോർപ്പറേഷനും കാപെക്സും നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനായി തൊഴിലാളികളെ നിയമിച്ചിട്ടില്ല. കരാറുകാർ ഏർപ്പെടുത്തിയ കശുവണ്ടി പെറുക്കിയെടുക്കുന്ന തൊഴിലാളികളിൽ ഏതൊക്കെ ജില്ലാക്കാരുണ്ടെന്ന് പരിശോധിച്ചിട്ടില്ല.

**കശുവണ്ടി ഫാക്ടറികൾ**

148 (2900) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഫാക്ടറി ഉടമകളുമായി ഗവൺമെന്റ് ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) അസംസ്കൃത കശുവണ്ടി ഇറക്കുമതി ചെയ്യുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിക്കുമോ;

(സി) കശുവണ്ടി ഫാക്ടറികളിൽ തൊഴിലില്ലാത്തതു മൂലം പട്ടിണിയിലായ കുടുംബങ്ങൾക്ക് ആശ്വാസമായി സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികളിലെ സിംഹഭാഗവും തുറന്നു പ്രവർത്തിക്കാത്ത വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രിയും മുഖ്യമന്ത്രിയും പ്രത്യേകം യോഗങ്ങൾ വിളിച്ച് ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നും മനസ്സിലാക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു.

വ്യവസായികൾ ഉന്നയിച്ച വിഷയങ്ങളിൽ ഗവൺമെന്റ് തുറന്ന സമീപനമാണ് സ്വീകരിച്ചത്. സംസ്ഥാനത്ത് വ്യവസായം നടത്തുന്നവരുടെ താൽപര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി അനുകൂലമായിരുന്നില്ല. ബാങ്ക് ലോൺ റീ-സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് ആറുമാസത്തേക്ക് മൊട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടേയും സർക്കാർ പ്രതിനിധികളുടേയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങിയ ഒരു എസ്.പി.വി. രൂപീകരിക്കുവാനും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരങ്ങൾ നിർദ്ദേശിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സ്വീകരിച്ചു വരുന്നു. അതിനു വേണ്ടി 2016-17 ബജറ്റ് വിഹിതമായി 30 കോടി രൂപ കാഷ്യൂ കോർപ്പറേഷനും 10 കോടി രൂപ കാപെക്സിനും ഇതിനകം നൽകിയിട്ടുണ്ട്. കൂടാതെ കാഷ്യൂ കോർപ്പറേഷൻ ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകാനുള്ള കടങ്ങൾ ഒറ്റത്തവണയായി തീർക്കുന്നതിന് 80 കോടി രൂപയും സർക്കാർ നൽകിയിട്ടുണ്ട്.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**കശുവണ്ടി ഫാക്ടറികൾ**

149 (2901) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തനരഹിതമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ എത്ര കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ചു എന്ന് വ്യക്തമാക്കുമോ?

(സി) അടഞ്ഞു കിടക്കുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മിക്കവാറും എല്ലാ കശുവണ്ടി ഫാക്ടറികളും പ്രവർത്തനരഹിതമായിരുന്നു.

(ബി) സംസ്ഥാനത്ത് ഇപ്പോൾ 428 കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിച്ചു വരുന്നു. കൂടാതെ മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പു മന്ത്രിയും നടത്തിയ ചർച്ചയെ തുടർന്ന് വി.എൽ.സി. ഉൾപ്പെടെയുള്ള കശുവണ്ടി മുതലാളിമാർ അവരുടെ ഫാക്ടറികൾ വരും മാസങ്ങളിൽത്തന്നെ തുറന്നു പ്രവർത്തിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

**കശുവണ്ടി സംസ്കരണ മേഖല**

150 (2902) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടി സംസ്കരണമേഖലയിൽ എത്ര തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്;

(ബി) ഇത്രയും പേർക്ക് തൊഴിൽ ലഭിക്കുന്നതിനായി എത്ര ടൺ കശുവണ്ടിയാണ് വർഷത്തിൽ ആവശ്യമായിവരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ആഭ്യന്തര ഉല്പാദനം വർഷത്തിൽ എത്ര ടണ്ണാണ്;

(ഡി) കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള കണക്ക പ്രകാരം ഏകദേശം 2,52,000 തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്.

(ബി) വർഷത്തിൽ 6 ലക്ഷം മെട്രിക് ടൺ തോട്ടണ്ടി ആവശ്യമായി വരും.

(സി) 80,000 മെട്രിക് ടൺ

(ഡി) കശുവണ്ടി തൊഴിലാളികളുടെ തൊഴിൽ ലഭ്യത ഉറപ്പു വരുത്തുന്നതിന് കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും, പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷനും, കാപ്പെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽ നിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും കശുവണ്ടി വികസന കോർപ്പറേഷൻ സ്വീകരിച്ചു വരുന്നു. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കാനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. അടഞ്ഞു കിടന്ന കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നതിന് കൊല്ലാം ജില്ലാ ലേബർ ഓഫീസർ നടത്തിയ അനുരഞ്ജന ചർച്ചകളിൽ 60 -ഓളം ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുവാൻ ധാരണയായി. മാനേജ്മെന്റ് ഹാജരാകാത്ത 5 പരാതികൾ അഡ്ജൂഡിക്കേഷന് റഫർ ചെയ്യുകയും, അനുരഞ്ജന ചർച്ചകളിൽ ഒത്തുതീർപ്പാകാത്ത 15 പരാതികൾ പ്രശ്നപരിഹാരത്തിനായി കൊല്ലം റീജിയണൽ ജോയിന്റ് കമ്മീഷണർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്.

സർക്കാരിന്റെ നിരന്തര ഇടപെടലിനെ തുടർന്ന് 428-ലധികം ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ബഹു മുഖ്യമന്ത്രിയും കശുവണ്ടി വ്യവസായ വകുപ്പു മന്ത്രിയും വിളിച്ചു ചേർത്ത യോഗത്തെത്തുടർന്ന് വരും മാസങ്ങളിൽ ചില സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുമെന്ന് സമ്മതിച്ചിട്ടുണ്ട്.

ചെറുകിട സ്വകാര്യ കശുവണ്ടി വ്യവസായ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സർക്കാർ പ്രതിനിധികൾ, വ്യവസായ പ്രതിനിധികൾ, ബാങ്ക് പ്രതിനിധികൾ അടങ്ങിയ ഒരു എസ്.പി.വി. രൂപീകരിക്കാൻ തീരുമാനിക്കുകയും അങ്ങനെ രൂപീകരിക്കുന്ന എസ്.പി.വി.-യോട് ഈ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് നിർദ്ദേശങ്ങൾ സർക്കാരിന് സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. ചെറുകിട വ്യവസായികൾക്കെതിരെ ബാങ്കുകൾ ആരംഭിച്ചിട്ടുള്ള ജപ്തി നടപടികൾക്ക് പരിഹാരം കാണുന്നതിനുള്ള പരിശ്രമങ്ങൾ സർക്കാർ തുടരുന്നതാണ്.

## കാപ്പെക്സ് ഫാക്ടറിയിൽ സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ

151 (2903) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിലെ കാപ്പെക്സ് ഫാക്ടറിയിൽ സ്ത്രീ തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സൗകര്യങ്ങൾ പര്യാപ്തമാണോ; പര്യാപ്തമല്ലെങ്കിൽ വർദ്ധിപ്പിക്കുമോ;

(ബി) പ്രസ്തുത ഫാക്ടറിയിൽ, എത്ര പ്രവൃത്തി ദിനങ്ങൾക്കുള്ള കശുവണ്ടി സംഭരിച്ചിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പുരോഗമനമാണ് കശുവണ്ടി വ്യവസായ മേഖലയിൽ നടത്തിയത്;

(ഡി) സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്കുമേൽ ഗവൺമെന്റിന് അധികാരമുണ്ടോ; അടച്ചുകിടക്കുന്ന ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

### ഉത്തരം

(എ) കിളിമാനൂരിൽ കാപ്പെക്സിന് ഫാക്ടറി ഇല്ല.

(ബി) ബാധകമല്ല.

(സി) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടർ (4 ലക്ഷം ഗ്രാഫ്റ്റ്) പൊതുമേഖലയിലും മറ്റു തരിശ്ശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടർ (2 ലക്ഷം) തൈകൾ, മുറ്റത്തൊരു കശുമാവ്, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടർ (2.5 ലക്ഷം) തൈകൾ വിതരണം ചെയ്തു വരുന്നു. കേരളത്തിലെ സ്ഥല ദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. ആന്ധ്രാപ്രദേശിൽ സ്ഥലം പാട്ടത്തിനെടുത്ത് കശുമാവ് കൃഷി ചെയ്യാനുള്ള പദ്ധതി സംബന്ധിച്ച് ആന്ധ്രാപ്രദേശ് സർക്കാരുമായി ആലോചിച്ച്

വരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുമേഖലയിലെ എല്ലാ ഫാക്ടറികളും സ്വകാര്യ മേഖലയിലെ ഭൂരിഭാഗം ഫാക്ടറികളും അടഞ്ഞു കിടക്കുകയായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷമാണ് പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളെല്ലാം തുറന്നു പ്രവർത്തിച്ചത്. 428-ലധികം സ്വകാര്യ ഫാക്ടറികൾ ഇപ്പോൾ തുറന്നു പ്രവർത്തിച്ചു വരുന്നു. കശുവണ്ടി വ്യവസായ വകുപ്പു മന്ത്രിയുമായും മുഖ്യമന്ത്രിയുമായും നടത്തിയ ചർച്ചയെത്തുടർന്ന് വരും മാസങ്ങളിൽ ചില സ്വകാര്യ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്.

(ഡി) തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനും അവരുടെ ക്ഷേമം മുൻനിർത്തിയും സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള നിരന്തര പരിശ്രമങ്ങൾ സർക്കാർ നടത്തി വരികയാണ്. തോട്ടണ്ടി ലഭ്യമായിട്ടും മനഃപൂർവ്വം ഫാക്ടറികൾ പൂട്ടിയിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറി ഉടമകൾക്കെതിരെ നടപടി സ്വീകരിക്കാൻ സർക്കാരിന് അധികാരമുണ്ട്. അത്തരം നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്.

## കേരള ഫിഷറീസ് സർവ്വകലാശാല ജീവനക്കാർക്ക് കെ.എസ്.ആർ.

152 (2904) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിഷറീസ് സർവ്വകലാശാല ജീവനക്കാർക്ക് കേരള സർവ്വീസ് റൂൾസ് ബാധകമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കെ.എസ്.ആർ. ചട്ടങ്ങളും നിയമങ്ങളും സ്വന്തമായി നിർവ്വചിക്കാനും അപ്രകാരമുള്ള ആനുകൂല്യങ്ങൾ പരിമിതപ്പെടുത്തുവാനും സർവ്വകലാശാലയ്ക്ക് അധികാരമുണ്ടോയെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അദ്ധ്യായം XI സെക്ഷൻ 2 പ്രകാരം ബാധകമാണ്. സ്റ്റാറ്റ്യൂട്ടിലെ ബന്ധപ്പെട്ട പേജിന്റെ പകർപ്പ് ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

(ബി) അധികാരമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ജി.ഐ.എസ്. മാപ്പിംഗ്**

153 (2905) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി വകുപ്പിന്റെ കീഴിലുള്ളതും, അത് പരിപാലിച്ചു വരുന്നതുമായ പാലങ്ങളുടെയും റോഡുകളുടെയും ജി.ഐ.എസ് മാപ്പിംഗ് നടത്തുന്ന പദ്ധതി പൂർത്തിയായിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും, വകുപ്പ് പരിപാലിച്ച് വരുന്നതുമായ പാലങ്ങളുടേയും, റോഡുകളുടേയും ജി.ഐ.എസ്. മാപ്പുകളുടെ തയ്യാറാക്കലും, അതിന്റെ പുതുക്കലും ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയ കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിന്റെ അപ്ഡേഷൻ 2007 വരെ മാത്രമേ ചെയ്യുവാൻ സാധിച്ചിട്ടുള്ളൂ.

കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതിയിൽ ജി.ഐ.എസ്. സോഫ്റ്റ്‌വെയറിന്റെയും സിസ്റ്റത്തിന്റെയും നിലവാരമുയർത്തൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികൾ**

154 (2906) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഇവ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കോതമംഗലം മണ്ഡലത്തിൽ ദേശീയപാത വിഭാഗത്തിൽ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചെങ്കിലും ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ സ്റ്റോപ്പ് മെമ്മോ ലഭിച്ചതിനാൽ പ്രവൃത്തികൾ തുടങ്ങാൻ സാധിച്ചില്ല. ഇപ്പോൾ സ്റ്റോപ്പ് മെമ്മോ പിൻവലിച്ചതുകൊണ്ട് പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്. ദേശീയപാത വിഭാഗത്തിൽ ഭരണാനുമതി ലഭിച്ചെങ്കിലും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികളുടെയും കെട്ടിട വിഭാഗത്തിൻ കീഴിൽ വരുന്ന പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

**ഹൈവേകളിൽ ഇല്യുമിനേറ്റഡ് ഡിസ്പ്ലേ ബോർഡുകൾ**

155 (2907) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈവേകളിൽ കാൽനടയാത്രക്കാർക്ക് റോഡ് മുറിച്ചു കടക്കുവാനുള്ള സീബ്രാ ലൈനുകൾക്ക് സമീപം വാഹനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി ഇല്യുമിനേറ്റഡ് ഡിസ്പ്ലേ ബോർഡുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) റോഡ് ഫണ്ട് ബോർഡിന്റേയോ റോഡ് സുരക്ഷാ അതോറിറ്റിയുടേയോ ഫണ്ട് ഇക്കാര്യത്തിൽ വിനിയോഗിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഹൈവേയിലും മറ്റു റോഡുകളിലും ഇന്ത്യൻ റോഡ് കോൺഗ്രസ് അനുശാസിക്കുന്ന തരത്തിലും നിറങ്ങളിലുമുള്ള റോഡ് മാർക്കിംഗുകൾ, സീബ്രാലൈനുകൾ, സൈൻ ബോർഡുകൾ എന്നിവയാണ് സ്ഥാപിക്കുന്നത്. ഇല്യുമിനേറ്റഡ് ഡിസ്പ്ല ബോർഡുകൾ ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയാൽ മാത്രമേ അത്തരത്തിലുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ സംസ്ഥാനത്തെ റോഡുകളിൽ സ്ഥാപിക്കാൻ സാധിക്കുകയുള്ളു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മുന്നറിയിപ്പ് ബോർഡുകൾ റോഡുകളിൽ സ്ഥാപിക്കുന്നതിന് ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് ഫണ്ട് വിനിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. ഉൾപ്പെടുത്താൻ കേരളം ആവശ്യപ്പെടുന്നതാണ്.

**എ.സി. റോഡിലെ പാലങ്ങൾ പരിഷ്കരിക്കാൻ നടപടി**

156 (2908) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ-ചങ്ങനാശ്ശേരി(എ.സി.) റോഡിലെ വീതി കുറഞ്ഞ ഏകദേശം ഒൻപതോളം പാലങ്ങൾ വളരെയധികം അപകടങ്ങൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.സി. റോഡിലെ ഒമ്പത് പാലങ്ങളുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇവയുടെ ചെയിനേജ്, ആവശ്യമായ തുക എന്നിവയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇവയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നു. ഇവ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും.

**കെ.എസ്.ടി.പി. റോഡ് നിർമ്മാണ പ്രവൃത്തികൾ**

157 (2909) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നിലവിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) പ്രവൃത്തികളുടെ വിശദാംശങ്ങളും നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.ടി.പി.) ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന റോഡ് നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>പാക്കേജ് I:</u>

കാസർഗോഡ് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ. ) - 72% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 23-3-2017-ൽ അവസാനിക്കുന്നതാണ്. കാഞ്ഞങ്ങാട് ടൗൺ ഒഴികെ പ്രധാന നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിക്കഴിഞ്ഞു. അവശേഷിക്കുന്ന സുരക്ഷാ പ്രവൃത്തികൾ ഉൾപ്പെടെയുള്ള പണികൾ പുരോഗമിച്ചു വരുന്നു. 2017 മാർച്ചിൽ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പാക്കേജ് II:</u>

പിലാത്തറ – പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ. ) – 70% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി 31-3-2017-ൽ അവസാനിക്കുന്നതാണ്. താവം മേൽപ്പാലം ഒഴിച്ചുള്ള പ്രവൃത്തികൾ 2017 മാർച്ച് മാസത്തിൽ പൂർത്തിയാകും. 2017 ജൂലൈയിൽ പദ്ധതി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>പാക്കേജ് III A:</u>

തലശ്ശേരി - കളറോഡ് റോഡ് (28.8 കി.മീ. ) ഈ പ്രവൃത്തി 31-5-2016-ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 30-5-2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

<u>പാക്കേജ് III B:</u>

കളറോഡ് - വളവുപാറ റോഡ് (25.2 കി.മീ. ) - ഈ പ്രവൃത്തി 10-6-2016-ന് ആരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. 17-8-2018 വരെ നിർമ്മാണ കാലാവധിയുണ്ട്.

<u>പാക്കേജ് IV:</u>

ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡ് (45.8 കി.മീ. ) – 68% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ കാലാവധി അവസാനിക്കുന്ന 24.11.2017- നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ് IVA:

തിരുവല്ല ബൈപ്പാസ് (2.3 കി.മീ.) - 57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഡിസൈനിൽ മാറ്റം വേണ്ടിവന്നതിനാലും സ്ഥമെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർത്തിയാക്കാത്തതിനാലും പ്രവൃത്തിയുടെ ഉദ്ദേശിച്ച പുരോഗതി കൈവരിക്കാനായിട്ടില്ല. സ്ഥലം ലഭ്യമാക്കുന്ന വിഷയത്തിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടു വരുന്നു.

പാക്കേജ് V :

ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കി.മീ.) – 57% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ് VI:

പൊൻകുന്നം - തൊടുപുഴ (50 കി.മീ.) - 95% നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2017 മാർച്ചിൽ പ്രവൃത്തി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പാക്കേജ് VII:

പുനലൂർ - പൊൻകുന്നം റോഡ് - പി.പി.പി വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. പെരിമ്പലാവ് - പെരിന്തൽമണ്ണ (41 കി.മീ.) - ഉപരിതലം പുതുക്കൽ 95% പ്രവൃത്തി പൂർത്തീകരിച്ചു. 2017 മാർച്ചിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മോഡൽ റോഡ് സുരക്ഷാ പദ്ധതി

കഴക്കൂട്ടം - അടൂർ (80 കി.മീ. ) സുരക്ഷാ റോഡ് പദ്ധതി 28.12.2016-ൽ ആരംഭിച്ചു. പദ്ധതിയുടെ ആരംഭഘട്ട പണികൾ നടന്നു വരുന്നു.

**ബി.എം. & ബി.സി. ഉപയോഗിച്ചുള്ള റോഡ് ടാറിംഗ്**

158 (2910) ശ്രീ. സി. കൃഷ്ണൻ :

ശ്രീ. വി. അബ്ദുറഹിമാൻ :

ശ്രീ. കെ. ബാബു :

ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് എല്ലാ ജില്ലകളിലും പ്ലാസ്റ്റിക് ചേർത്തിട്ടുള്ള ബി.എം.& ബി.സി ഉപയോഗിച്ച് റോഡുകൾ ടാർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കിലോമീറ്റർ റോഡാണ് ഇപ്രകാരം ടാറിംഗ് നടത്താൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ഇത് സംബന്ധിച്ച് ഇൻഡ്യൻ റോഡ് കോൺഗ്രസ്(ഐ.ആർ.സി.)-ന്റെ പഠന റിപ്പോർട്ട് എന്താണ്;

(ഡി) പ്ലാസ്ററിക് മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് അവ സംസ്കരിക്കുന്നതിന്റെ ഭാഗമായി പ്ലാസ്ററിക് മിശ്രണം ചെയ്ത ടാർ ഉപയോഗിച്ച് കൂടുതൽ റോഡുകൾ ടാറിംഗ് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) റോഡുകളുടെ ഉപരിതല നിർമ്മാണത്തിന് നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (N.R.M.B) ഉപയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ എല്ലാ ജില്ലകളിലും പ്ലാസ്റ്റിക് ചേർത്തിട്ടുള്ള ബി.സി. (ബിറ്റുമിനസ് കോൺക്രീറ്റ്) ഉപയോഗിച്ച് ടാർ ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശ പ്രകാരം ദേശീയപാതകളുടെ റീസർഫസിംഗ് ബിറ്റുമിനസ് ഹോട്ട്മിക്സിൽ ചേർക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും, പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ 100 കി.മീ. റോഡുകൾ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി നിലവിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിനുള്ള provision ഉൾപ്പെടുത്തുന്നുണ്ട്.

(സി) ഇൻഡ്യൻ റോഡ് കോൺഗ്രസ് (IRC) - IRC 8P 89 - 2013 പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) റോഡുകളുടെ ഉപരിതല നിർമ്മാണത്തിന് നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ (N.R.M.B) ഉപയോഗിച്ചു വരുന്നു. സംസ്ഥാനത്ത് BPCL (Bharath Petroleum Corporation Limited) ഉൽപ്പാദിപ്പിക്കുന്ന N.R.M.B (Natural Rubber Modified Bitumen) ഉപയോഗിച്ചും, കയർ ഭൂവസ്ത്രം മുതലായവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണങ്ങൾ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ദേശീയപാത വിഭാഗത്തിൻ കീഴിലുള്ള റോഡുകളിൽ ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ചുള്ള റീ സർഫസിംഗ് പ്രവൃത്തികൾക്ക് നാച്വറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിനാണ് ഉപയോഗിക്കുന്നത്.

## കെ.എസ്.ടി.പി. റോഡ് നിർമ്മാണം

159 (2911) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിന്റെ എറണാകുളം ജില്ലയിൽ ഉൾപ്പെട്ട ഭാഗത്തിന്റെ നിർമ്മാണത്തിൽ കെ.എസ്.ടി.പി. വേണ്ടത്ര നിലവാരം പുലർത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ റോഡിന്റെ പുനരുദ്ധാരണം വൈകുവാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും പൂർത്തിയായ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്നതിനും പ്രാഗൽഭ്യം നേടിയ വ്യക്തികളെക്കൊണ്ട് ടെക്നിക്കൽ ഓഡിറ്റ് നടത്തുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. കെ.എസ്.ടി.പി.-യുടെ എക്സിക്യൂട്ടീവ് എഞ്ചിനീയറോട് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാൻ സൂപ്പർവൈസ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വകുപ്പുമന്ത്രി പറഞ്ഞാണ് മൂവാറ്റുപുഴയിൽ അവലോകനയോഗം നടത്തി പണി മെച്ചപ്പെടുത്താൻ നിശ്ചയിച്ചത്.

(സി) നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് അംഗീകരിച്ച എസ്റ്റിമേറ്റിൽ നിന്നും മാറ്റങ്ങൾ വേണ്ടി വന്നു. കൂത്താട്ടുകുളം ജംഗ്ഷനിലെ കലുങ്ക് നിർമ്മാണത്തിൽ കാലതാമസം വന്നു. അതുപോലെ സ്ഥലം ഇനിയും ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. കൂടാതെ കരാറുകാരന്റെ ഭാഗത്ത് നിന്നുള്ള സാമ്പത്തിക പ്രശ്നങ്ങൾ കാരണവും പ്രവൃത്തിയിൽ പ്രതീക്ഷിച്ച പുരോഗതി കൈവരിക്കാൻ സാധിച്ചില്ല.

## പി.ഡബ്ല്യൂ.ഡി. റോഡിന്റെ സർവ്വേ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി

160 (2912) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫറോക്ക് പുതിയ പാലം മുതൽ പഴയ പാലംവരെ പി.ഡബ്ല്യൂ.ഡി. റോഡിന്റെ വശങ്ങളും പുഴയോരവും കയ്യേറിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കയ്യേറ്റം കണ്ടെത്തുന്നതിനും ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പി.ഡബ്ല്യൂ.ഡി. റോഡിന്റെ സർവ്വേ നടത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡ് കയ്യേറി സ്ഥാപിച്ച മരത്തടികളും ഷെഡ്ഡുകളും ഒഴിപ്പിച്ചിട്ടുണ്ട്.

(സി) സർവ്വേ നടത്തി അതിരുകൾ അടയാളപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ കോഴിക്കോട് നിരത്തുവിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ സ്വീകരിച്ചുവരുന്നു.

## പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വശങ്ങളിലെ മരങ്ങൾ

161 (2913) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘ വീക്ഷണമില്ലാതെയുള്ള വികസനത്തിന്റെ പേരിൽ കേരളത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വഴിയോരങ്ങളിൽ നിൽക്കുന്ന, പതിനായിരങ്ങൾക്ക് തണലും, ആശ്വാസവും നൽകി വന്നിരുന്ന, മരങ്ങൾ ദിനം പ്രതി വെട്ടി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കേരളത്തിലെ റോഡുകളുടെ രണ്ട് വശങ്ങളിലും പ്രത്യേക പദ്ധതി മുഖാന്തരം തണൽമരങ്ങൾ വച്ചുപിടിപ്പിച്ച് പരിപാലിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വഴിയോരങ്ങളിൽ നിൽക്കുന്ന മരങ്ങൾ, യാത്രക്കാർ ഉൾപ്പെടെയുള്ളവരുടെ ജീവനും സ്വത്തിനും അപകടമുണ്ടാക്കുന്ന അവസരത്തിലും, റോഡുകളുടെ വികസന പ്രവർത്തനങ്ങൾക്ക് അനിവാര്യമായ സാഹചര്യത്തിലുമാണ് ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ അനുവാദത്തോടുകൂടി ആവശ്യമായ ചില മരങ്ങൾ മുറിച്ചു മാറ്റാറുള്ളത്. കഴിവതും മരങ്ങൾ മുറിച്ചു മാറ്റാതെ തന്നെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രത്യേക ശ്രദ്ധ നല്കാറുണ്ട്.

(ബി) സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം നഗര റോഡ് വികസന പദ്ധതിയുടെ ഭാഗമായി വെട്ടിമാറ്റിയിട്ടുള്ള ഓരോ മരത്തിനും പകരം പത്ത് മരം എന്ന കണക്കിൽ സോഷ്യൽ ഫോറസ്ട്രി വകുപ്പുമായി ചേർന്ന് റോഡ് ഫണ്ട് ബോർഡ് മരങ്ങൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ പദ്ധതിയുടെ കൺസഷണറായ തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനി റോഡിന് ഇരു വശങ്ങളിലും മരങ്ങൾ വച്ചു പിടിപ്പിക്കുകയും അവ പരിപാലിക്കുകയും ചെയ്യുന്നുണ്ട്.

## പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസുകൾ വകുപ്പ് തല ഉദ്യോഗസ്ഥരുടെ യോഗത്തിന് സൗജന്യമായി ലഭ്യമാക്കുന്നതിന് നടപടി

162 (2914) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലത്തിലെ വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗം എം.എൽ.എ പി.ഡബ്ല്യ.ഡി. റെസ്റ്റ് ഹൗസിൽ വിളിച്ചു ചേർക്കുന്നതിന് വാടക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ പ്രതിനിധിയായ എം.എൽ.എ. വകുപ്പുതല ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിന് സർക്കാർ റെസ്റ്റ് ഹൗസുകൾ സൗജന്യമായി എം.എൽ.എ മാർക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിയമസഭാ സാമാജികരുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന്റെ ഭാഗമായി വിളിച്ചു ചേർക്കുന്ന അവലോകന യോഗങ്ങൾ ചേരുന്നതിനായി പൊതുമരാമത്ത് വകുപ്പ് റെസ്റ്റ് ഹൗസുകളിലെ കോൺഫറൻസ് ഹാൾ നിലവിലുള്ള വാടകയുടെ 50% നിരക്കിൽ അനുവദിച്ച് 5-11-2015-ലെ സ.ഉ.(കൈ)നമ്പർ 88/2015/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല, കാരണം മറ്റ് ആവശ്യങ്ങൾക്ക് കൂടി മുറികൾ ലഭ്യമാക്കേണ്ടതുണ്ട്.

## പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്കരണം

163 (2915) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പി.ഡബ്ല്യൂ.ഡി.മാന്വൽ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയത് സമയബന്ധിതമായി പരിഷ്കരിക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പിന്റെ മാന്വൽ G.O.(P)No.13/2012/PWD തീയതി 1-2-2012 പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത മാന്വലിലെ ചില അപാകതകൾ പരിഹരിക്കുന്നതിനുള്ള ശിപാർശകൾ പരിശോധിച്ച് വരുന്നു.

## പാലം നിർമ്മാണ പ്രവർത്തനങ്ങൾ

164 (2916) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലങ്ങളുടെ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്ക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പരിഷ്ക്കരിച്ച മാനദണ്ഡങ്ങൾ മൂലം പാലം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ട അവസ്ഥ സംജാതമായിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പാലങ്ങളുടെ നിർമ്മാണമാണ് പ്രസ്തുത പരിഷ്കാരങ്ങൾ മൂലം നിർത്തിവെച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ജനപ്രതിനിധികൾ നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ പ്രാധാന്യം പരിഗണിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനും പ്രവൃത്തികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനും ആവശ്യമായ പുതിയ മാർഗ്ഗ നിർദേശങ്ങൾ നൽകുന്നതിന് പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച് പരിഷ്കരിച്ച ലാന്റ് അക്വിസിഷൻ ആക്ട് 2013-ൽ നിലവിൽ വന്നെങ്കിലും ഇത് സംബന്ധിച്ച ചട്ടങ്ങൾ 2015 -ലാണ് പ്രാബല്യത്തിൽ വന്നത്. ആയത് പ്രകാരം

സ്ഥലം ഏറ്റെടുക്കുന്ന പ്രദേശത്ത് ഒഴിപ്പിക്കേണ്ട ആളുകളുടെ പുനരധിവാസം ഒരു പ്രധാന നിയമമായി R & R (Rehabilitation & Resettlement Package) ഉൾപ്പെട്ടിട്ടുള്ളതിനാൽ സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച കാലതാമസം നിലവിൽ വന്നിട്ടുണ്ട്. ഈ നിയമങ്ങൾ എല്ലാ സ്ഥലമേറ്റെടുക്കലുകൾക്കും ബാധകമായതിനാൽ പാലങ്ങൾക്ക് മാത്രമായി പ്രത്യേക ഉത്തരവുകളൊന്നും തന്നെയില്ല.

(ബി) പരിഷ്കരിച്ച മാനദണ്ഡങ്ങൾമൂലം പാലം നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കേണ്ട അവസ്ഥ സംജാതമായിട്ടുണ്ടെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഏറനാട് മണ്ഡലത്തിലെ മൈത്രക്കടവ്, ചിറപ്പാലം എന്നീ പാലങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്ന് കൊടുത്തിട്ടുണ്ട്. ഡയറക്ട് പർച്ചേസ് പ്രകാരം അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കാനുള്ള അനുമതി ലഭിക്കേണ്ടതുണ്ട്. പ്രവൃത്തി പുരോഗമിക്കുന്ന പെരുങ്കടവ് പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളിലെ അവ്യക്തത കാരണം തുടർനടപടി തുടങ്ങിയിട്ടില്ല.

(ഡി) നിലവിൽ 2013-ലെ ആക്ട് പ്രകാരമോ അഥവാ നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരമോ മാത്രമേ ഭൂമി ഏറ്റെടുക്കാൻ കഴിയൂ. എന്നാൽ ജനപ്രതിനിധികൾ നിർദ്ദേശിക്കുന്ന പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾക്ക്, സ്ഥലം ആവശ്യമായി വരികയാണെങ്കിൽ അത് ഏറ്റെടുക്കുന്നതിന് നെഗോഷ്യേറ്റഡ് പർച്ചേസ് പ്രകാരം ജനപ്രതിനിധികൾ സഹകരിക്കുന്നപക്ഷം പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ കഴിയും. ഇത്തരത്തിലുള്ള ഭൂമി ഏറ്റെടുക്കലിന് സർക്കാർ ശ്രമിച്ചു വരുന്നുണ്ട്.

## റോഡ് നശീകരണത്തിനെതിരെ നടപടി

165 (2917) <u>ശ്രീ. വി. അബ്ദുറഹിമാൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. ഹൈക്കോടതിയുടെ ഉത്തരവും ഇതിൻപ്രകാരം ഡി.ജി.പി.- യുടെ സർക്കുലറും, ഹൈവേ പ്രൊട്ടക്ഷൻ ആക്ടും നിലവിലുണ്ടായിരുന്നിട്ടും റോഡിന്റെ വശങ്ങളിലും തിരക്കേറിയ ടൗണുകളിൽപോലും പ്ലാസ്റ്റിക്കും മറ്റ് കച്ചവടാവശിഷ്ടങ്ങളും കത്തിച്ച് റോഡ് നാശവും പരിസ്ഥിതി മലിനീകരണവും ഉണ്ടാക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ നിയമലംഘനം നടത്തി റോഡ് നശിപ്പിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇതുവരെ എത്ര കേസ്സുകൾ ഇത്തരക്കാർക്കെതിരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്; സ്വീകരിച്ച ശിക്ഷാനടപടികൾ എന്തെല്ലാമാണ്;

(ഡി) റോഡ് സുരക്ഷയ്ക്കും പരിസ്ഥിതിയ്ക്കും വിഘാതം സൃഷ്ടിക്കുന്ന ഇത്തരം നിയമലംഘനം നടത്തുന്നവർക്കെതിരെ എന്തൊക്കെ നടപടികളെടുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ വശങ്ങളിലും, തിരക്കേറിയ ടൗണുകളിലും പ്ലാസ്റ്റിക്, മറ്റു കച്ചവടാവശിഷ്ടങ്ങൾ എന്നിവ കത്തിച്ച് പരിസ്ഥിതി നാശം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിന് ഉചിതമായ നടപടികൾ എടുക്കേണ്ടത് പരിസ്ഥിതി മലിനീകരണ നിയന്ത്രിത ബോർഡും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്. പൊതുമരാമത്ത് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാദ്ധ്യമാക്കുന്നതിനുംവേണ്ടി 3-9-2016-ലെ ജി.ഒ.(എം.എസ്.)നമ്പർ 63/2016/ പൊ.മ.വ. പ്രകാരം ഹൈവേ പ്രൊട്ടക്ഷൻ ആക്ട് ബാധകമാക്കിയിട്ടുണ്ട്. അതിൻപ്രകാരം നടപടികൾ എടുത്ത് വരുന്നുണ്ട്.

(സി)പൊതുമരാമത്ത് വകുപ്പിന് നിരത്തു വിഭാഗത്തിന്റെ കീഴിലെ റോഡുകളുടെ വശങ്ങളിൽ മാലിന്യങ്ങൾ കത്തിച്ച് റോഡിന് നാശനഷ്ടങ്ങൾ ഉണ്ടായതായി റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ പരാതിയിൽ ഇത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) റോഡ് സുരക്ഷയ്ക്ക് ബാധകമാകുന്ന രീതിയിലുള്ള നിയമ ലംഘനം നടത്തി റോഡ് നശിപ്പിക്കുന്നവർക്കെതിരെ നിലവിലുള്ള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം നടപടി എടുക്കുന്നതിനായുള്ള കർശന നിർദ്ദേശം എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്.

**കരമന - വെള്ളറട റോഡ് നിർമ്മാണം**

166 (2918) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ആർ.ഐ.പി.-യുടെ ഭാഗമായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (RICK Ltd) നടപ്പിലാക്കുന്ന കരമന-വെള്ളറട റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദീകരിക്കുമോ;

(ബി) 15-2-2016-ൽ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടിയെക്കുറിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) SRIP പദ്ധതിയിലെ അപ്ഗ്രഡേഷൻ പാക്കേജിൽ ഉൾപ്പെടുത്തി കരമന – വെള്ളറട റോഡ് സ്ഥലം ഏറ്റെടുത്ത് അപ്ഗ്രേഡ് ചെയ്യുന്നതിന് DPR തയ്യാറാക്കുകയും, അതിൻപ്രകാരം 15-2-2016-ലെ സ.ഉ.(ആർ.റ്റി)നമ്പർ 355/2016/പൊ.മ.വ. ഉത്തരവ് പ്രകാരം ടി റോഡിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായി 5054-04-337-80-NV എന്ന ബജറ്റ് ഹെഡിൽ നിന്നും 21.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ തഹസിൽദാർ (എൽ.എ.), എൻ.എച്ച്.-നെ ചുമതലപ്പെടുത്തിക്കൊണ്ട് ജില്ലാ കളക്ടർ 4-7-2016-ൽ ഉത്തരവായിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കലിന് പൊന്നും വില നടപടികൾ ആരംഭിക്കുന്നതിന് സംയുക്ത പരിശോധനയ്ക്കുള്ള നടപടികൾ സ്വീകരിക്കുകയും 28-12-2016-ന് സ്ഥലപരിശോധന ആരംഭിക്കുകയും ചെയ്തു. തുടർന്ന് ടി റോഡ് വികസനത്തിനായി 6(1) നോട്ടിഫിക്കേഷൻ പബ്ലിഷ് ചെയ്യുന്നതിനുവേണ്ടി തിരുമല, ശാസ്തമംഗലം, തൈക്കാട് വില്ലേജുകളിലെ റിസർവ്വേ നമ്പരുകൾ പരിശോധിക്കുന്നതിനുള്ള സംയുക്ത സർവ്വേ നടന്നു വരുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനുശേഷം ഭരണാനുമതി നൽകി തുടർ നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

(ബി) റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഭൂമി ഏറ്റെടുക്കൽ പൂർത്തിയായതിനുശേഷം ഭരണാനുമതി നൽകി തുടർനടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## ടോൾ ബൂത്തുകൾ വഴി അടിയന്തര വാഹനങ്ങൾ കടത്തിവിടുന്നതിന് സംവിധാനം

167 (2919) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടോൾ ബൂത്തുകൾ വഴി അത്യാസന്ന നിലയിലുള്ള രോഗികളുമായി എത്തുന്ന വാഹനങ്ങളും മറ്റ് അടിയന്തര വാഹനങ്ങളും കടത്തിവിടുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ; എങ്കിൽ എന്ത് തരം സംവിധാനമാണ് ഇതിനായി ഒരുക്കിയിട്ടുള്ളത്;

(ബി) ടോൾ ബൂത്തുകൾക്ക് സമീപം അത്യാസന്ന നിലയിലുള്ള രോഗിയുമായെത്തിയ വാഹനം തടഞ്ഞിട്ടതുമൂലം രോഗി മരണപ്പെട്ടതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനിടയാക്കിയവർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) എഗ്രിമെന്റ് പ്രകാരം പ്രത്യേക വ്യവസ്ഥകളൊന്നും തന്നെ ഇല്ലെങ്കിലും ടോൾ ബൂത്തുകൾ വഴി അത്യാസന്ന നിലയിലുള്ള രോഗികളുമായി എത്തുന്ന വാഹനങ്ങളെയും മറ്റ് അടിയന്തര വാഹനങ്ങളെയും കാലതാമസം കൂടാതെ കടത്തിവിടുന്നുണ്ട്. ടോൾ പ്ലാസയുടെ ഇരുവശങ്ങളിലും ഇപ്പോൾ തന്നെ ഓരോ എമർജൻസി ലൈൻ പ്രവർത്തിക്കുന്നുണ്ട്.

(ബി) കൺസഷണറാണ് റോഡുകളുടെ യൂസർ ഫീ കളക്ട് ചെയ്യാറുള്ളത്. അത്യാസന്ന നിലയിലുള്ള രോഗികളുമായി എത്തുന്ന വാഹനം ഒരിക്കലും തടയാറില്ലാത്തതും എമർജൻസി ലൈനിൽ കൂടി കടന്നു പോകാൻ അനുവദിക്കുന്നതുമാണ്. ടോൾ ബൂത്തുകൾക്ക് സമീപം അത്യാസന്ന നിലയിലുള്ള രോഗികളുമായി എത്തുന്ന വാഹനം തടഞ്ഞിട്ടതുമൂലം രോഗി മരണപ്പെട്ടതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അത്യാസന്ന നിലയിലുള്ള രോഗികളുമായി വരുന്ന വാഹനം സാധാരണ വാഹനങ്ങൾക്കിടയിൽപ്പെട്ടു പോയതായി ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ കൺസഷണർ ഏതെങ്കിലും തിരക്കു കുറഞ്ഞ ലെയിനിൽ കൂടി കടത്തി വിടുന്നതാണ്. ഇതുകൂടാതെ ടോൾ പ്ലാസയുടെ ഇരുവശങ്ങളിലും എമർജൻസി ലൈൻ പ്രവർത്തിക്കുന്നുണ്ട്.

**മങ്കട മണ്ഡലത്തിലെ രണ്ടു ബൈപ്പാസുകൾ**

168 (2920) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-9-2016 ലെ സ.ഉ.(സാധാ) നമ്പർ 1324/16/പൊ.മ.വ. പ്രകാരം, മങ്കട മണ്ഡലത്തിൽ അനുമതി നൽകിയ രണ്ട് ബൈപ്പാസുകളുടെ നിലവിലെ പുരോഗതി വിശദീകരിക്കാമോ;

(ബി) ഇതിൽ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിന് 2016-2017-ൽ കിഫ്ബിയിൽ വകയിരുത്തിയ 10 കോടി രൂപ പിൻവലിക്കാനിടയാക്കിയ സാഹചര്യം വിശദീകരിക്കാമോ;

(സി) മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ഡി) വൈലോങ്ങര ബൈപ്പാസ് നിർമ്മാണം ഏറ്റെടുത്ത ആർ.ബി.ഡി.സി.കെ. എന്ന ഏജൻസി നാളിതുവരെ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണം 27-9-2016-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ.1324/2016/പി.ഡബ്ല്യൂ.ഡി. പ്രകാരം ആർ.ബി.ഡി.സി.കെ-യെ ഏല്പിച്ചെങ്കിലും നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ടതായതിനാൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സാമ്പത്തിക സഹായത്തോടെ മക്കരപ്പറമ്പ് ബൈപ്പാസ് നിർമ്മാണത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ച സാഹചര്യത്തിലാണ് ഈ പദ്ധതിയെ 28-11-2016-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ.1641/2016 /പി.ഡബ്ല്യൂ.ഡി പ്രകാരം കിഫ്ബി-യിൽ നിന്നൊഴിവാക്കിയത്.

(സി) 2015-16, 2016-17 വർഷങ്ങളിലെ കേന്ദ്ര വാർഷിക പദ്ധതിയിന്മേൽ ബൈപ്പാസിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള ദർഘാസ് നടപടികൾ മൂന്ന് പ്രാവശ്യം നടത്തിയെങ്കിലും ആരുംതന്നെ പങ്കെടുക്കുകയുണ്ടായില്ല. റീടെണ്ടറിനുള്ള നടപടികൾ എടുത്തുവരുന്നു. ടെണ്ടർ സ്വീകരിക്കാൻ പൊതുജന സമ്മർദ്ദം ആവശ്യമാണെന്നു കാണുന്നു.

(ഡി) ആർ.ബി.ഡി.സി.കെ.-യെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുവാൻ ഏല്പിച്ച വൈലോങ്ങര ബൈപ്പാസിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഏജൻസിയെ തീരുമാനിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം

169 (2921) ശ്രീമതി ഇ. എസ്. ബിജിമോൾ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ.കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം പൊതുമരാമത്ത് വകുപ്പിൽ ഇപ്പോൾ നടപ്പാക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സമ്പ്രദായത്തിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നതുമൂലം സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കരാറുകാർക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്ത്, കെട്ടിട വിഭാഗങ്ങളിൽ ബിൽ ഡിസ്കൗണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ നടപ്പിലാക്കിയിട്ടില്ല. കുടിശ്ശിക ബില്ലുകൾ നൽകുന്നതിനുള്ള കാലതാമസം കാരണം പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് അവരുടെ ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യാനുള്ള ഒരു ഓൺലൈൻ സംവിധാനം സർക്കാർ ഒരുക്കിയിട്ടുണ്ട് (Bill Discounting System). ഇതിൻ പ്രകാരം 2016 ജൂലൈ മാസം വരെയുള്ള കുടിശ്ശിക ബില്ലുകൾ കരാറുകാർക്ക് ഡിസ്കൗണ്ട് ചെയ്യുന്നതിനുള്ള അനുമതി ജി. ഒ. (ആർ.റ്റി.)നമ്പർ500/17/ഫിൻ തീയതി 21-1-2017 പ്രകാരം നൽകിയിട്ടുണ്ട്. പൊതുമരാമത്തിലെ കരാറുകാർക്ക് ബന്ധപ്പെട്ട എക്സി. എഞ്ചിനീയർമാർ മുഖേന ബില്ലുകൾ ഡിസ്കൗണ്ട് ചെയ്യുന്നതിനുള്ള ഓപ്ഷൻ ഓൺലൈൻ വഴി സർക്കാരിൽ സമർപ്പിക്കാവുന്നതാണ്.

(ബി) ബിൽ ഡിസ്കൗണ്ടിംഗ് സംവിധാനം നടപ്പാക്കുന്നതുമൂലം ചെക്ക് തുകയുടെ 5.3% പലിശ അതാത് ബാങ്കുകൾക്ക് നൽകേണ്ടിവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിൽ 12 മാസത്തെയും കെട്ടിട വിഭാഗത്തിൽ 7 മാസത്തെയും ദേശീയപാതാ വിഭാഗത്തിൽ 5 മാസത്തെയും കുടിശ്ശിക നിലവിലുണ്ട്.

**പുതിയ താലൂക്കുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ ഓഫീസുകൾ**

170 (2922) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച താലൂക്കുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ ബിൽഡിംഗ്സ്, റോഡ്സ്, എൻ.എച്ച്. എന്നിവയുടെ സബ്-ഡിവിഷൻ/സെക്ഷൻ ഓഫീസുകൾ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**വഴയില-പഴകുറ്റി-കച്ചേരിനട-പത്താംകല്ല് നാലുവരി പാത**

171 (2923) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച വഴയില-പഴകുറ്റി-കച്ചേരിനട-പത്താംകല്ല് നാലുവരി പാതയ്ക്ക് ഇൻവെസ്റ്റിഗേഷൻ അനുമതി ലഭിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇൻവെസ്റ്റിഗേഷൻ നടത്തുന്ന ഏജൻസി ഏതാണെന്നും എന്നത്തേയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാകുമെന്നും അറിയിക്കുമോ;

(സി) ഇൻവെസ്റ്റിഗേഷന് ശേഷം വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നത് പൊതുമരാമത്ത് വകുപ്പ് ആണോ എന്ന് വ്യക്തമാക്കുമോ;അല്ലെങ്കിൽ ഏത് ഏജൻസിയാണെന്ന് വ്യക്തമാക്കുമോ;

(ഡി) എന്നത്തേയ്ക്ക് സർവ്വേ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനാകുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 ബജറ്റിൽ ഉൾപ്പെടുത്തി അനുവദിച്ച വഴയില - പഴകുറ്റി - കച്ചേരിനട – പത്താംകല്ല് നാലുവരി പാതയ്ക്ക് ഇൻവെസ്റ്റിഗേഷൻ അനുമതി നൽകിയിട്ടുണ്ട്.

(ബി-ഡി) M/s. റൂബി സോഫ്റ്റ് ടെക് ആണ് ഇൻവെസ്റ്റിഗേഷൻ നടത്തുന്ന ഏജൻസി. ഇൻവെസ്റ്റിഗേഷന് ശേഷം വിശദമായ ഡി.പി.ആർ. തയ്യാറാക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്.

അലൈൻമെന്റിന് അംഗീകാരം നൽകി, ഏപ്രിൽ മാസത്തോടെ സർവ്വേ നടപടികൾ ആരംഭിച്ച് ഒരു വർഷത്തിനുള്ളിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി 2018 മേയ് മാസത്തോടുകൂടി കരാർ ക്ഷണിക്കാനാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ തിരുവനന്തപുരം - തെന്മല റോഡ് പുതിയ ദേശീയപാതയായി പ്രഖ്യാപിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സർക്കാരിന് നൽകിയിരിക്കുകയാണ്. ആയതിന്മേൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം വരുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**വഴിയോര വിശ്രമ കേന്ദ്രങ്ങൾ**

172 (2924) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യാത്ര ചെയ്ത് ക്ഷീണിച്ച് വരുന്നവർക്ക് ആശ്വാസം പകരുവാൻ കേരളത്തിലെ പ്രധാന പി.ഡബ്ല്യു.ഡി. റോഡുകളിലെ വഴിയോരങ്ങളിൽ നല്ല ഹൈടെക് സംവിധാനത്തോടുകൂടി, ഭക്ഷണ പദാർത്ഥങ്ങൾ ലഭ്യമാകുന്നതും വിശ്രമ താമസ സൗകര്യമുള്ളതുമായ, വഴിയോര വിശ്രമ കേന്ദ്രങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കണിശമായ മേൽനോട്ടത്തിൽ നടപ്പിലാക്കാൻ പദ്ധതി ആവിഷ്കരിക്കുമോ?

ഉത്തരം

(എ) ഔദ്യോഗിക ആവശ്യങ്ങൾക്കായി യാത്ര ചെയ്യേണ്ടി വരുന്ന ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും താമസിക്കുന്നതിനും വിശ്രമിക്കുന്നതിനുമായി കേരളത്തിലെ ജില്ലാ ആസ്ഥാനങ്ങളിലും പട്ടണങ്ങളിലുമായി പൊതുമരാമത്ത് വകുപ്പ് നിർമ്മിച്ച് പരിപാലിക്കുന്നതും ചുരുങ്ങിയ ചെലവിൽ വിശ്രമ സൗകര്യങ്ങളുള്ളതുമായ വിശ്രമ കേന്ദ്രങ്ങൾ (റെസ്റ്റ് ഹൗസ്) നിലവിലുണ്ട്. അതിൽ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലെല്ലാം ഭക്ഷണ പദാർത്ഥങ്ങൾ ലഭ്യമാക്കുന്നുണ്ട്. വിശ്രമ കേന്ദ്രങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ദീർഘദൂര യാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി വകുപ്പുമന്ത്രി ചെയർമാനായി പൊതുമരാമത്ത് വകുപ്പിൻ കീഴിൽ ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. പൊതു ടോയ്‌ലെറ്റുകളെക്കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന വിധത്തിൽ ഭംഗിയായ രൂപകൽപനയും കൃത്യമായ പരിപാലനവും ഉറപ്പുവരുത്തി

സ്വയംപര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പുരുഷൻമാർക്കും സ്ത്രീകൾക്കും പ്രായാധിക്യമുള്ളവർക്കും അംഗ വൈകല്യമുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയ്‌ലെറ്റ് സൗകര്യത്തിന് പുറമേ ലഘുഭക്ഷണശാല, മൊമന്റോ ഷോപ്പ്, വിശ്രമ സൗകര്യം, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, വാഹനങ്ങൾ കഴുകുന്നതിനും മറ്റുമുള്ള സൗകര്യം, പൂന്തോട്ടം തുടങ്ങിയവ ഉൾപ്പെടെ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് രൂപകൽപന ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കൊല്ലം ബൈപ്പാസ് നിർമ്മാണം

173 (2925) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ബൈപ്പാസ് നിർമ്മാണം ആരംഭിച്ചത് എന്നാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബൈപ്പാസ് നിർമ്മാണം വേഗത്തിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നിലവിലെ സാഹചര്യത്തിൽ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കൊല്ലം ബൈപ്പാസ് നിർമ്മാണം ആരംഭിച്ചത് 27-5-2015- ലാണ്

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയ്ക്കുവേണ്ടി പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തുടർച്ചയായി അവലോകന യോഗം ചേരുകയും പ്രവൃത്തി ത്വരിതഗതിയിൽ പുരോഗമിക്കുന്നതിനുവേണ്ട നടപടികൾ അപ്പപ്പോൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ബഹു. മുഖ്യമന്ത്രി ഇക്കാര്യത്തിൽ ശ്രദ്ധിച്ചിട്ടുണ്ട്. പദ്ധതിയ്ക്കുവേണ്ട മണ്ണിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ജില്ലാതല ഉദ്യോഗസ്ഥരുടെ പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിച്ചു വരുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടു കൂടിയ 352 കോടി രൂപ ചെലവു വരുന്ന ഈ പദ്ധതിയുടെ സംസ്ഥാന വിഹിതം 176 കോടി രൂപയാണ്. പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതായി കേരള സർക്കാരിന്റെ മെഗാപ്രോജക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെയായി കേരള സർക്കാർ ഈ പദ്ധതിയ്ക്കായി 60 കോടി രൂപ അനുവദിച്ചു കഴിഞ്ഞു.

(സി) പ്രസ്തുത ബൈപ്പാസിന്റെ നിർമ്മാണം നിലവിലുള്ള കരാർ പ്രകാരം 2017 നവംബർ 25-ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## തീരദേശ ഹൈവേയുടെ പ്രവർത്തനം

174 (2926) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തീരദേശ ഹൈവേയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) തീരദേശ ഹൈവേ കടന്നു പോകുന്ന മേഖലകളിൽ, റെയിൽവേ ഗേറ്റുകൾ വരുന്ന സ്ഥലങ്ങളിൽ, റെയിൽവേ മേൽപാലങ്ങൾ നിർമ്മിക്കുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തീരദേശ ഹൈവേയുടെ പ്രാഥമിക സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. അതിൻ പ്രകാരം തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ നിന്നും ആരംഭിക്കുകയും മഞ്ചേശ്വരം താലൂക്കിലെ കണ്വതീർത്ഥ എന്ന സ്ഥലത്ത് അവസാനിക്കുകയും ചെയ്യുന്ന രീതിയിലാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

(ബി) പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിനു ശേഷമേ റെയിൽവേ മേൽപ്പാലങ്ങളുടെ ആവശ്യകത കണക്കിലെടുക്കുവാൻ സാധിക്കുകയുള്ളൂ.

## ഇരിണാവ് പാലം

175 (2927) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ 1645 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഇരിണാവ് പാലത്തിന് പ്രത്യേകാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പാലത്തിന്റെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ 1645 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച ഇരിണാവ് പാലത്തിന് പ്രത്യേകാനുമതി ലഭിക്കുന്നതിനായുള്ള പ്രൊപ്പോസൽ ബജറ്റ് പ്രൊവിഷനോടെ അടുത്ത സാമ്പത്തിക വർഷത്തിൽ പുനർസമർപ്പിക്കുന്നതിനായി നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

**കേന്ദ്ര റോഡ് ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം**

176 (2928) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകൾക്ക് കേന്ദ്ര റോഡ് ഫണ്ടിൽ നിന്ന് ലഭിക്കുന്ന വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; ഇതിനുള്ള നിർദ്ദേശങ്ങൾ ഏതൊക്കെ ഇടവേളകളിൽ എപ്പോഴൊക്കെയാണ് സമർപ്പിക്കുന്നത്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ ഫണ്ടിൽ നിന്ന് എത്ര തുകയ്ക്കുള്ള നിർദ്ദേശങ്ങളാണ് ഇതുവരെ സമർപ്പിച്ചിട്ടുള്ളത്?

ഉത്തരം

(എ) പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നുള്ള സെസിൽ നിന്നും രൂപീകരിക്കുന്ന സെൻട്രൽ റോഡ് ഫണ്ടിൽ നിന്നും കേരളത്തിന് ലഭിക്കുന്ന വിഹിതത്തിന്റെ ഒരു നിശ്ചിത ഭാഗമാണ് സി.ആർ.എഫ്. റോഡ് പദ്ധതികൾക്ക് അനുവദിക്കുന്നത്.

(ബി) സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുന്നത് 10 കി.മീ. കുറയാത്ത സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, ദേശീയപാതയെ മറ്റ് ജില്ലാ റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാനപാതകൾ, വാണിജ്യ വ്യവസായ, വിനോദ പ്രാധാന്യമുള്ള റോഡുകൾ, പാലങ്ങളുടെ നിർമ്മാണം, പുനർ നിർമ്മാണം എന്നിവയാണ്. എല്ലാ സാമ്പത്തിക വർഷത്തിലും പ്രൊപ്പോസൽ സമർപ്പിക്കാറുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര റോഡ് ഫണ്ടിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്നതിനായി 364 കോടി രൂപയുടെ 26 പദ്ധതികളും 467.30 കോടി രൂപയുടെ 40 പദ്ധതികളും സമർപ്പിച്ചതിൽ നിന്നും 397 കോടി രൂപയുടെ 29 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

## തലസ്ഥാന നഗരവികസനം

177 (2929) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലസ്ഥാന നഗരവികസനത്തിന്റെ ഭാഗമായി എത്ര റോഡുകളുടെ വികസനമാണ് കേരളാ റോഡ് ഫണ്ട് ബോർഡ് മുഖേന നടപ്പിലാക്കുന്നത്; അവയുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇവയിൽ നൂറ് ശതമാനവും നിർമ്മാണം പൂർത്തിയാക്കിയ റോഡുകളുടെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇവയിൽ മാതൃകാ റോഡായി ഏതെല്ലാം റോഡുകളെ പ്രഖ്യാപിച്ചിട്ടുണ്ട്;

(ഡി) ഇവയുടെ പരിപാലനം എത്ര വർഷത്തേയ്ക്കാണ് ഇവരിൽ നിക്ഷിപ്തമായിട്ടുള്ളത് എന്ന് അറിയിക്കുമോ;

(ഇ) എന്തെല്ലാം പ്രവൃത്തികളാണ് ഇത്രയും വർഷക്കാലങ്ങളിൽ അവർ നടത്തേണ്ടത് എന്ന് അറിയിക്കുമോ?

ഉത്തരം

(എ) തലസ്ഥാന നഗര വികസനത്തിന്റെ ഭാഗമായി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന രണ്ട് മേൽപ്പാലങ്ങളും ഒരു അടിപ്പാതയും നാലു പാലങ്ങളും ഒരു റെയിൽവേ ഓവർബ്രിഡ്ജും ഉൾപ്പെടുത്തി നഗരത്തിലെ ഏറ്റവും പ്രധാനപ്പെട്ട 42 കി.മീ. റോഡുകളുടെ വികസനമാണ് പദ്ധതിയിൽ ലക്ഷ്യമിട്ടത്. ബി.ഒ.റ്റി. ആന്വിറ്റി വ്യവസ്ഥയിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടു കൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇവയിൽ 4.9 കി.മീ. രണ്ടുവരി പാതയായും 13.1 കി.മീ. മൂന്നുവരി പാതയായും 17.13 കി.മീ. നാലുവരി പാതയായും 6.83 കി.മീ. ആറുവരിപാതയായുമാണ് വികസിപ്പിച്ചിട്ടുള്ളത്. ഇപ്രകാരം വികസിപ്പിച്ച റോഡുകൾ താഴെപ്പറയുന്നവയാണ്.

1. എൽ.എം.എസ്. - കവടിയാർ
2. എൽ.എം.എസ്. - സ്റ്റുഡൻസ് സെന്റർ
3. വെള്ളയമ്പലം - ശാസ്തമംഗലം
4. എൽ.എം.എസ്. - അട്ടക്കുളങ്ങര (എം.ജി. റോഡ്)
5. മ്യൂസിയം - ബേക്കറി ജംഗ്ഷൻ - തമ്പാനൂർ - ഓവർബ്രിജ്

6. എയർപോർട്ട് - എം.എൽ.എ. ഹോസ്റ്റൽ

7. നാലുമുക്ക് - പഴയ കളക്ടറേറ്റ് - തകരപ്പറമ്പ് - പവർ ഹൗസ് & ചൂരക്കാട്ടുപാളയം മുതൽ പാറ്റൂർ വഴി വഞ്ചിയൂർ

8. വാൻറോസ് ജംഗ്ഷൻ - സെക്രട്ടേറിയറ്റ് മെയിൻ ഗേറ്റ്

9. കവടിയാർ - പട്ടം

10. പട്ടം - മുറിഞ്ഞപാലം - മെഡിക്കൽ കോളേജ് - ഉള്ളൂർ

11. ഉള്ളൂർ - കൊച്ചുള്ളൂർ

12. കവടിയാർ - പേരൂർക്കട

13. പേരൂർക്കട - വഴയില

14. അട്ടക്കുളങ്ങര - ശ്രീവരാഹം - ഈഞ്ചക്കൽ

15. എൻ.എച്ച് ബൈപ്പാസ് - പടിഞ്ഞാറേക്കോട്ട - ശ്രീകണ്ഠേശ്വരം

16. മുറിഞ്ഞപാലം - പൂന്തി റോഡ് - എൻ.എച്ച്. ബൈപ്പാസ്

(ബി) ഇവയിൽ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 14.27 കി.മീ. റോഡും രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി 15.7 കി.മീ. റോഡും മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി 7.6 കി.മീ. റോഡും നാലാം ഘട്ടത്തിലുൾപ്പെട്ട 4.78 കി.മീ. റോഡും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഇവയിൽ വെള്ളയമ്പലം - ശാസ്തമംഗലം റോഡ് മാതൃകാ റോഡായി ട്രാഫിക് പോലീസ് പ്രഖ്യാപിക്കുകയും അതനുസരിച്ച് ട്രാഫിക് പരിപാലനവും നടത്തി വരുന്നു.

(ഡി) റോഡുകളുടെ വികസനം പൂർത്തിയാക്കിയ ശേഷം അവയുടെ 15 വർഷത്തെ സംരക്ഷണവും പരിപാലനവും കരാർ ഏറ്റെടുത്ത തിരുവനന്തപുരം റോഡ് ഡെവലപ്മെന്റ് കമ്പനിയുടെ ചുമതലയാണ്.

(ഇ) റോഡുകളിൽ രൂപപ്പെടുന്ന ചെറുകുഴികളും, റോഡുകൾ പൊട്ടിപ്പൊളിയുന്നതും യഥാസമയം അടച്ച് ശരിയാക്കുക, റോഡിനിരുവശത്തുമുള്ള മഴവെള്ളം ഒലിച്ചുപോകുന്നതിനുള്ള ഓടകൾ വൃത്തിയാക്കുക, അടയാള ബോർഡുകൾ ശരിയായി സ്ഥാപിക്കുക, റോഡ് മാർക്കിംഗുകൾ, തെരുവു വിളക്കുകൾ എന്നിവ യഥാസമയം പരിപാലിക്കുക, മരങ്ങളുടെ ചില്ലകൾ വെട്ടി

ശരിയായവിധം സംരക്ഷിക്കുക, പുൽത്തകിടികളുടെയും പൂമേടുകളുടെയും പരിപാലനം, റോഡ് ഫർണിച്ചറുകളുടെ കേടുപാടുകൾ തീർക്കുക എന്നിവയാണ് വികസനം പൂർത്തിയാക്കിയ ശേഷം 15 വർഷത്തേയ്ക്ക് പദ്ധതിയുടെ കൺസ്ട്രക്ഷണറിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ. ഇതുകൂടാതെ റോഡിന്റെ roughness value അനുവദനീയമായ ലെവലിൽ കൂടുകയാണെങ്കിൽ ആനുകാലിക പരിപാലനമായി 25mm BC wearing course യഥാസമയം ചെയ്യേണ്ടതും കൺസ്ട്രക്ഷണറുടെ ചുമതലയാണ്.

**ഇളംകാട്-വാഗമൺ റോഡ്**

178 (2930) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-ൽ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുത്ത ഇളംകാട് വാഗമൺ റോഡിന്റെ പണി ആറുവർഷക്കാലമായിട്ടും പൂർത്തീകരിക്കാതെ മുടങ്ങി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി. സെക്ഷനിൽ, G1/115/2016/പി.ഡബ്ല്യൂ.ഡി. എന്ന നമ്പരിലുള്ള ഫയലിൽ, പ്രസ്തുത റോഡിന്റെ പണി പുനരാരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത റോഡിന്റെ പണി വീണ്ടും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൊടുക്കുന്നതിന്റെ നടപടി ഏതു ഘട്ടംവരെയായി; വിവരിക്കുമോ;

(ഡി) ഇതിലേയ്ക്കായി സൂപ്രണ്ടിങ് എഞ്ചിനീയർ, പി.ഡബ്ല്യൂ.ഡി എന്തെങ്കിലും റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റോഡിന്റെ പണി പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാരിലേയ്ക്ക്/ബഹു. മന്ത്രിക്ക്, പല ഘട്ടങ്ങളിലായി 1) Letter No.116/ചീഫ് വിപ്പ്/2013 dated 26-3-2013 പ്രകാരവും 2) Letter No.161/ചീഫ് വിപ്പ്/2012(R) dated 6-5-2013 പ്രകാരവും 3) Letter No.MLA/PNJR/GP/48/2016-17 dated 28-9-2016 പ്രകാരവും ചീഫ് വിപ്പ് എന്ന നിലയിലും എം.എൽ.എ. എന്ന നിലയിലും കത്തുകൾ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത കത്തുകളുടെ വെളിച്ചത്തിൽ ബഹു. മന്ത്രിയുടെ അനുകൂല ഉത്തരവുണ്ടായിട്ടും പ്രവൃത്തി പുനരാരംഭിക്കാൻ ഉദ്യോഗസ്ഥതലത്തിൽ നിന്നും താമസം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ;

(എഫ്) 2010-ൽ പ്രസ്തുത വർക്ക് കെ.എസ്.സി.സി. ഏറ്റെടുക്കുന്നത് എത്ര തുകയ്ക്കാണ്; വിശദമാക്കുമോ; പ്രസ്തുത റോഡിന്റെ പണി വീണ്ടും കെ.എസ്.സി.സി.ആണ് ഏറ്റെടുത്ത് നടത്തുന്നതെങ്കിൽ ഇപ്പോഴത്തേതിന്റെ തുക എത്രയാണ്; വ്യക്തമാക്കുമോ;

(ജി) പ്രസ്തുത റോഡ് പ്രവൃത്തി എന്നത്തേയ്ക്ക് പുനരാരംരംഭിയ്ക്കുമെന്നും ഇനി എത്ര കിലോമീറ്റർ കൂടി പണി ചെയ്യാനവശേഷിക്കുന്നുണ്ട് എന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; റോഡ് പണി എത്രയും പെട്ടെന്ന് പൂർത്തീകരിയ്ക്കുവാൻ അടിയന്തര നടപടികൾ സ്വീകരിയ്ക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 23-8-2016-ൽ പ്രസ്തുത റോഡിന്റെ പണിയുമായി ബന്ധപ്പെട്ട് ചർച്ച നടത്തിയതിൻ പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

(സി) കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ പ്രസ്തുത പ്രവൃത്തി ഏൽപ്പിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനമായിട്ടില്ല.

(ഡി) നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയും അധിക വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടും ഫയൽ വിശദമായി പരിശോധിക്കുന്നതിനുള്ള സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളു.

(എഫ്) 29-3-2010-ലെ എഗ്രിമെന്റ് പ്രകാരം കെ.എസ്.സി.സി. 14,73,00,818 രൂപയ്ക്കാണ് പ്രസ്തുത പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തത്. തുടർന്നും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് പ്രവൃത്തി നൽകണമോ വേണ്ടയോ എന്നതിന്മേൽ തീരുമാനമായിട്ടില്ല.

(ജി) കരാർ പ്രകാരം 0/000 മുതൽ 8/065 കി.മീ. വരെ 5.5 മീറ്റർ വീതിയിൽ പണി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ 0/000 മുതൽ 2/140 കി.മീ. വരെ 5.5 മീറ്റർ വീതിയിൽ 20mm ചിപ്പിംഗ് കാർപ്പെറ്റ് മാത്രമേ ചെയ്തിട്ടുള്ളു. 2/140 മുതൽ 6/740 കി.മീ. വരെ, അതായത് 4.6 കി.മീ. ദൂരത്തിൽ റോഡിന്റെ ഫോർമേഷൻ, സംരക്ഷണ ഭിത്തി, പൈപ്പ് കൾവർട്ട്, ഐറിഷ് ഡ്രെയിൻ റോഡ് സേഫ്റ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രവൃത്തികൾ മുതലായവയും ചെയ്തു തീർക്കാനുണ്ട്. 6/740 മുതൽ 8/065 കി.മീ. വരെ 1.325 കി.മീ. ദൂരം PMGSY സ്കീമിൽ 3.8 മീറ്റർ വീതിയിൽ മാത്രമേ നിർമ്മിച്ചിട്ടുള്ളൂ. ഈ വിഷയം കൈകാര്യം ചെയ്യുന്ന ഫയലിൽ (ജി1/115/2016) അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള അടിയന്തര നടപടികൾ പുരോഗമിച്ചു വരുന്നു.

**പരവൂർ-മയ്യനാട് പാലം**

179 (2931) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂരിനെയും ഇരവിപുരം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മയ്യനാടിനെയും ബന്ധിപ്പിച്ച് കായൽപ്പാലം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം സംബന്ധിച്ച് ചീഫ് എഞ്ചിനീയർ (ജനറൽ) റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പാലം നിർമ്മിക്കുന്നതിനുള്ള പ്രാഥമികമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലം നിർമ്മിക്കുന്നതിനുള്ള പ്രാഥമിക പ്രവൃത്തിയായ മണ്ണ് പരിശോധന നടത്തുന്നതിലേയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(സി) മണ്ണ് പരിശോധന നടത്തുന്നതിലേയ്ക്കായി റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചാലുടൻ തന്നെ പാലം നിർമ്മാണത്തിനുള്ള തുടർ നടപടികൾ സ്വീകരിക്കാൻ കഴിയും.

**കോതരതോട് പാലം നിർമ്മാണത്തിന് നടപടി**

180 (2932) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ കോതരതോട് പാലം നിർമ്മാണത്തിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) രണ്ടായിരത്തി പന്ത്രണ്ട് മുതൽ വിശദമായ എസ്റ്റിമേറ്റ് ഉൾപ്പെടെ സമർപ്പിച്ചിട്ടും ഇത് നടപ്പാകാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുട്ടനാട്ടിലെ ഒരു പ്രദേശത്തെ ഗതാഗതം സുഗമമാക്കാൻ കഴിയുന്ന ഈ പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ കോതരതോട് പാലം നിർമ്മാണം 2017-18-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാലത്തിന്റെ ഡിസൈൻ പൂർത്തിയായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) വിശദമായ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുന്നതാണ്.

**അടിസ്ഥാന വികസന ഫണ്ട്**

181 (2933) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>

<u>ശ്രീ. സി.കെ.നാണു:</u>

<u>ശ്രീ. കെ.ബി.ഗണേഷ് കുമാർ:</u>

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിക്കുന്ന ഫണ്ട് പിന്നാക്കം നിൽക്കുന്ന ജില്ലകളിൽ കൂടുതൽ വകയിരുത്താനും കൂടുതൽ കാര്യക്ഷമതയോടെ പണം ചെലവാക്കി അത്തരം ജില്ലകളെ മുൻനിരയിലേയ്ക്ക് കൊണ്ടുവരാനും എന്തൊക്കെ പദ്ധതികളാണ് പൊതുമരാമത്ത് വകുപ്പ് ചെയ്യുവാനുദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) അടിസ്ഥാന സൗകര്യവികസനത്തിന് കിഫ്ബിയിൽ എന്തൊക്കെ പ്രോജക്ടുകളാണ് 2016-2017 സാമ്പത്തിക വർഷത്തിൽ പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ചിട്ടുള്ളത് എന്നും ഇവയിൽ ഏതൊക്കെ പ്രവർത്തികളുടെ സാങ്കേതിക അനുമതി ലഭ്യമായി പ്രവർത്തനം ആരംഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) സമർപ്പിക്കപ്പെട്ട പദ്ധതികളുടെ തിരഞ്ഞെടുക്കലും പദ്ധതി തയ്യാറാക്കലും സുതാര്യമാക്കാൻ പൊതുമരാമത്ത് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് അനുവദിക്കുന്ന ഫണ്ട് പിന്നാക്കം നിൽക്കുന്ന ജില്ലകളിൽ കൂടുതൽ വകയിരുത്താനും കൂടുതൽ കാര്യക്ഷമതയോടെ പണം ചെലവാക്കി അത്തരം ജില്ലകളെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുവാനും 2016-17-ലെ ബജറ്റ് പ്രസംഗത്തിലും, മറുപടി പ്രസംഗത്തിലും ഉൾപ്പെടുത്തിയിട്ടുള്ള പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ അധീനതയിലുള്ള 75 പാലങ്ങളുടെ നിർമ്മാണത്തിനും/ പുനഃരുദ്ധാരണത്തിനുമായി 1435 കോടി രൂപയും, 176 റോഡുകളുടെ നിർമ്മാണത്തിനും/പുനരുദ്ധാരണത്തിനുമായി 3086 കോടി രൂപയും, 18 റെയിൽവേ മേൽപ്പാലങ്ങൾ, 20 ബൈപ്പാസുകൾ, 13 ഫ്ലൈഓവർ/അണ്ടർ പാസുകൾ എന്നിവയുടെ നിർമ്മാണത്തിനും/ പുനരുദ്ധാരണത്തിനുമായി 1005 കോടി രൂപയും KIIFB മുഖേന ഫണ്ട് ലഭ്യമാക്കി നടപ്പിലാക്കുന്നതിനായി 20-8-2016-ലെ സ.ഉ.(സാധാ)നമ്പർ1192/2016/ പൊ.മ.വ., 27-9-2016-ലെ സ.ഉ.(സാധാ)നമ്പർ1324/2016/പൊ.മ.വ., 31-10-2016-ലെ സ.ഉ.(സാധാ) നമ്പർ 1496/2016/പൊ.മ.വ, 1-11-2016-ലെ സ.ഉ.(സാധാ) നമ്പർ 1502/2016/പൊ.മ.വ എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷം നാളിതുവരെ കേരളാ റോഡ് ഫണ്ട് ബോർഡ്, RBDCK തുടങ്ങിയ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖാന്തരം കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ പട്ടിക ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ - തിരുവല്ല റോഡിന് 69.50 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ഊരാലുങ്കൽ ലേബർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചു വരികയും ചെയ്യുന്നു.

(സി) റോഡുകളുടെ പുനരുദ്ധാരണത്തിനും, നിർമ്മാണത്തിനും വസ്തു നിഷ്ഠവും, വിശദവുമായി പ്രോജക്ട് റിപ്പോർട്ടുകൾ ആവശ്യകത പരിശോധിച്ച് സാധ്യതാ പഠനങ്ങൾക്ക് ശേഷം നൂതന സാങ്കേതിക വിദ്യ അവലംബിച്ച് തയ്യാറാക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ KIIFB മുഖേന ഫണ്ട് ലഭ്യമാക്കി നടത്തുവാൻ ഉദ്ദേശിക്കുന്ന വിവിധ പ്രവൃത്തികളുടെ സൂക്ഷ്മ പരിശോധനയ്ക്കും, മറ്റ് സാങ്കേതിക വശങ്ങൾ പരിശോധിക്കുന്നതിനും BoQ (Bill of Quantities) വിലയിരുത്തുവാനുമായി 19-12-2016-ലെ സ.ഉ. (സാധാ)നമ്പർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1726/2016/പൊ.മ.വ. പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറെ ചെയർമാനും, കേരളാ റോഡ് ഫണ്ട് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ കൺവീനറുമായി നിയമിച്ച് ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ ദേശീയപാതാ വിഭാഗം, കെട്ടിട വിഭാഗം, DRIQ (Design, Research, Investigation & Quality Control Board) എന്നീ ചീഫ് എഞ്ചിനീയർമാരും, NATPAC ഡയറക്ടറും അംഗങ്ങളാണ്. കമ്മിറ്റിക്ക് വിടുന്ന സാങ്കേതിക കാര്യങ്ങളിലുള്ള ഉപദേശം നൽകുന്നതിനും കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കായംകുളം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗത്തിൽ ഓവർസിയർമാരുടെ ഒഴിവുകൾ**

182 (2934) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പൊതുമരാമത്ത് വകുപ്പ് നിരത്തു വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ ഓവർസിയർമാരുടെ നിലവിലുള്ള ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) മൂന്നാം ഗ്രേഡ് ഓവർസിയർമാരുടെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ആറന്മുള നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

183 (2935) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് ആറന്മുള നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിൽ പുരോഗമിക്കുന്നത്;

(ബി) പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതി, അടങ്കൽ തുക, നിലവിലുള്ള സ്ഥിതി എന്നിവ വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ട് നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികളുടെ വിവരവും ആയതിന്റെ കാരണങ്ങളും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആറൻമുള നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ അധീനതയിൽ പുരോഗമിച്ചു വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധം1- ൽ ചേർക്കുന്നു.*

(സി) ഭരണാനുമതി ലഭിച്ചിട്ട് നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികളുടെ വിവരം അനുബന്ധം 2-ൽ ചേർക്കുന്നു.*

18-6-2016-ലെ ജി3/37/2016 പൊ.മ.വ. നമ്പർ സർക്കാർ കത്ത് പ്രകാരം ജനുവരി-1-നുശേഷം ഭരണാനുമതി നൽകിയ State Level Task Force പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിരുന്നു. പക്ഷേ അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ 8-9-2016 ൽ- SLTF പ്രകാരം തന്നെ ഭരണാനുമതി നൽകുകയും ചെയ്തു. 19-9-2016-ലെ ജി3/37/2016-പൊ.മ.വ. നമ്പർ സർക്കാർ കത്ത് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ അനുവാദം നൽകിയ പദ്ധതിയേതര SLTF പ്രവൃത്തികൾ തുടർന്ന് ചെയ്യാൻ അനുമതി നൽകിയപ്പോൾ ആവർത്തിച്ചു വന്ന പ്രവൃത്തികൾ തുടരാനാകാതെ പോയി.

**പെരിങ്ങോം ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണം**

184 (2936) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഐ.ടി.ഐ. - ക്ക് കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) കെട്ടിട നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പെരിങ്ങോം ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**മണ്ണിന്റെ വില വർദ്ധിപ്പിക്കുന്നതിന് നടപടി**

185 (2937) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ ലഭ്യതക്കുറവും വിലക്കുറവുംമൂലം ടെണ്ടർ നടപടികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പൂർത്തിയായ നിരവധി പ്രവൃത്തികൾ കുട്ടനാട്ടിൽ മുടങ്ങി കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ മണ്ണിന്റെ വില ന്യായമായ നിലയിൽ വർദ്ധിപ്പിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ;

(സി) ഇതിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) 21-2-2017-ൽ ഇതുസംബന്ധിച്ച് ചേർന്ന ഉന്നതതല യോഗത്തിൽ മണ്ണിന്റെ വില കോസ്റ്റ് ഇൻഡക്സ് തയ്യാറാക്കി പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**പെരിങ്ങോം ഫയർ സ്റ്റേഷന് കെട്ടിടം**

186 (2938) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഭൂമി ലഭ്യമാണെങ്കിൽ ഫയർ സ്റ്റേഷൻ കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) പെരിങ്ങോം ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാണ്. പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നതിനായി 275 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഫയർ & റസ്ക്യൂ സർവ്വീസസ് കമാൻഡന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

**ആലത്തൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ**

187 (2939) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ശോചനീയാവസ്ഥയിലുള്ള റോഡുകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത റോഡുകൾ നവീകരിക്കുവാൻ സ്വീകരിച്ചു വരുന്ന നടപടികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ശോചനീയാവസ്ഥയിലുള്ള റോഡുകളുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. മുടപ്പല്ലൂർ-മംഗലം ഡാം റോഡ് - കി.മീ. 0/000 മുതൽ 9/432 വരെ
2. കണിമംഗലം - ചെറുകുന്നം - മംഗലം ഡാം റോഡ് - കി.മി. 0/000 മുതൽ 8/845 വരെ
3. കുണ്ടുകാട് - ചിറ്റടി റോഡ് - കി.മീ. 0/000 മുതൽ 6/600 വരെ
4. കണിച്ചിപരുത – പാലക്കുഴി റോഡ് - കി.മീ. 0/000 മുതൽ 7/150 വരെ
5. ആലത്തൂർ - മരുതംതടം റോഡ് - കി.മീ. 0/000 മുതൽ 1/500 വരെ

ക്രമ നമ്പർ1-ലെ റോഡ് പ്രവൃത്തി ആദ്യം ഏറ്റെടുത്ത കരാറുകാരൻ സമയ ബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്തതിനാൽ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയുണ്ടായി. ബാക്കിയുള്ള പ്രവൃത്തി ഏറ്റെടുത്ത കരാറുകാരനെക്കൊണ്ട് പ്രവൃത്തി ആരംഭിക്കുന്നതിനായി ബി.എം. & എസ്.ഡി. ബി.സി. പ്രവൃത്തിയുടെ അളവ് കണക്കാക്കിക്കൊണ്ടിരിക്കുന്നു.

ക്രമ നമ്പർ 2, 3, 4 എന്നിവയിലെ റോഡുകളിൽ അടിയന്തര അറ്റകുറ്റപ്പണികൾക്ക് 3 പ്രാവശ്യം ദർഘാസ് നടത്തിയിട്ടും പ്രതികരണം ഇല്ലാത്തതിനാൽ ക്വട്ടേഷൻ വിളിച്ച് പ്രവൃത്തി ആരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

ക്രമ നമ്പർ-5 ലെ റോഡ് പ്രവൃത്തി സംബന്ധിച്ച ഫയലുകൾ വിജിലൻസിന്റെ കൈവശമായതിനാൽ അറ്റകുറ്റ പ്രവൃത്തികൾ നടത്തുന്നതിനായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, പാലക്കാട് യൂണിറ്റിന്റെ അനുമതി തേടിയിട്ടുണ്ട്.

**ഒറ്റത്തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ**

188 (2940) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് മുഖേന 2015-16 വർഷത്തിൽ ഒറ്റത്തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച 200 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

പൊതുമരാമത്ത് വകുപ്പ് മുഖേന 2015-16 വർഷത്തിൽ ഒറ്റത്തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച 200 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

**ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

189 (2941) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ ചുമതലയിൽ ആറന്മുള നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്നത് ;

(ബി) പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതി, അടങ്കൽ തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ട് നിർമ്മാണം ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ)

1. പ്രാഥമിക ആരോഗ്യ കേന്ദ്രം, ചെന്നീർക്കര
2. ആറൻമുള സാംസ്കാരിക നിലയം
3. ഗവ.വി.എച്ച്.എസ്.എസ്. ഇലന്തൂർ
4. ഗവ.എച്ച്.എസ്.എസ്. ഓമല്ലൂർ
5. വില്ലേജ് ഓഫീസ്, പത്തനംതിട്ട
6. ഗവൺമെന്റ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂൾ, പത്തനംതിട്ട

എന്നീ പ്രവൃത്തികളാണ് അറന്മുള നിയോജകമണ്ഡലത്തിൽ പുരോഗമിക്കുന്നത്.

(ബി) പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ച തീയതി, അടങ്കൽ തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഒ.പി.ബ്ലോക്ക്, ജനറൽ ആശുപത്രി പത്തനംതിട്ട – രണ്ട് കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹോസ്പിറ്റൽ അധികാരികളുടെ അനുവാദത്തോടെ നാല് നിലയുടെ പ്ലാൻ തയ്യാറാക്കിയിരുന്നു. എന്നാൽ ഈ കെട്ടിടം ആറ് നിലയാക്കണമെന്ന് ബഹു.എം.എൽ.എ. ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആറ് നിലയുടെ പ്ലാൻ തയ്യാറാക്കാൻ ആർക്കിടെക്ടിനെ അറിയിച്ചിട്ടുണ്ട്.

**പറമ്പിൽ ബസാർ-വെള്ളിമാട്കുന്ന് പാലം**

190 (2942) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പൂനൂർ പുഴയ്ക്ക് കുറുകെ പറമ്പിൽ ബസാർ-വെള്ളിമാട് കുന്ന് പ്രദേശങ്ങളെ ബന്ധിപ്പിക്കത്തക്ക വിധത്തിൽ പാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദവിവരങ്ങൾ ഫയൽ നമ്പറുകൾ സഹിതം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലം കോഴിക്കോട് ജില്ലയിലെ കുരുവാട്ടൂർ പഞ്ചായത്തിൽ ഉൾപ്പെട്ട പറമ്പിൽ ബസാറിനേയും കോഴിക്കോട് കോർപ്പറേഷനിലെ വെള്ളിമാട് കുന്നിനേയും ബന്ധിപ്പിച്ചുകൊണ്ട് പൂനൂർ പുഴയ്ക്ക് കുറുകെ പൂളക്കടവ് എന്ന ഭാഗത്താണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 2013-ൽ പ്രാഥമിക പഠനം നടത്തി. ഫീസിബിലിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത പാലം നിർമ്മാണത്തിന് ഏകദേശം 83.29 സെന്റ് സ്ഥലം കുരുവട്ടൂർ പഞ്ചായത്തിലും, 58.07 സെന്റ് സ്ഥലം കോഴിക്കോട് കോർപ്പറേഷൻ പരിധിയിലും ആവശ്യമായി വരുന്നുണ്ട്. പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുന്നത് സംബന്ധിച്ചുള്ള നടപടി PWD-D1/51/2017-PWD നമ്പർ ഫയലിൽ സ്വീകരിച്ചു വരുന്നു.

**ആറ്റിങ്ങൽ മണ്ഡലത്തിലെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ**

191 (2943) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് ലഭ്യമായി ഭരണാനുമതി ലഭിച്ച ഞെക്കാട് ഗവൺമെന്റ് ഹൈസ്കൂൾ മന്ദിര നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച ആറ്റിങ്ങൽ പോളിടെക്നിക് മന്ദിര നിർമ്മാണം എന്തായി; വിശദമാക്കുമോ;

(സി) ഹയർ സെക്കണ്ടറി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന വക്കം ഗവൺമെന്റ് ഹൈസ്കൂൾ മന്ദിരം നിർമ്മാണം ആരംഭിക്കാനായോ; ആലംകോട് ഹൈസ്കൂൾ മന്ദിര നിർമ്മാണം ഏതു ഘട്ടത്തിലാണ്; എത്ര തുക ചെലവഴിച്ചു;

(ഡി) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് അഡീഷണൽ ബ്ലോക്ക് നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ഇ) വലിയകുന്ന് താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായോ; നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ടി പ്രവൃത്തികൾക്ക് മണ്ണ് പരിശോധനയ്ക്കായുള്ള കരാർ ആയിട്ടുണ്ട്.

(സി) വക്കം ഗവൺമെന്റ് ഹൈസ്കൂൾ മന്ദിര നിർമ്മാണത്തിനായുള്ള മണ്ണ് പരിശോധനയ്ക്കുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ആലംകോട് ഹൈസ്കൂൾ മന്ദിര നിർമ്മാണത്തിനായി 193 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. ഇതുവരെയും സ്ഥലം കൈമാറി ലഭിച്ചിട്ടില്ല. തുകയൊന്നും ചെലവായിട്ടില്ല.

(ഡി) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജ് അഡീഷണൽ ബ്ലോക്ക് നിർമ്മാണത്തിന്റെ ഒന്നാം നിലയുടെ സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്. രണ്ടാം നിലയുടെ സ്ട്രക്ചറൽ വർക്ക് ഭാഗീകമായി പൂർത്തിയാക്കിയിട്ടുണ്ട്.

(ഇ) വലിയകുന്ന് താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക് നിർമ്മാണത്തിനായി 379 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടില്ല.

**ബജറ്റിൽ ഉൾപ്പെട്ട മലപ്പുറം മണ്ഡലത്തിലെ റോഡുകൾ**

192 (2944) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ പ്രത്യേക നിർദ്ദേശപ്രകാരം 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട മലപ്പുറം മണ്ഡലത്തിലെ അഞ്ച് പ്രധാന റോഡുകളുടെ എസ്റ്റിമേറ്റിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി; ബാക്കിയുള്ളവ എന്നത്തേയ്ക്ക് നൽകുമെന്നും വ്യക്തമാക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ G3-293/16, 294/16, 295/16, 307/16, G3-03-3/16 എന്നീ നമ്പർ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട കവനൂർ - തൃപ്പനച്ചി - മോങ്ങം റോഡിന് (കി.മീ. 4/000 മുതൽ 4/800 വരെ) 14-2-2017-ലെ സ.ഉ.(സാധാ) നമ്പർ 179/2017/പൊ.മ.വ. (ക്രമ നമ്പർ76) പ്രകാരം 54 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. മലപ്പുറം മണ്ഡലത്തിലെ മറ്റ് നാലു റോഡുകളുടെ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനായുള്ള ശിപാർശ സർക്കാർ പരിശോധിച്ച് വരുന്നു.

(സി) പ്രസ്തുത ഫയലുകളിൽ കൈകാര്യം ചെയ്യുന്ന മലപ്പുറം നിയോജക മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**തൃശ്ശൂർ-കാഞ്ഞാണി -വാടാനപ്പള്ളി റോഡിന്റെ നിർമ്മാണം**

193 (2945) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-2008 ലെ ബജറ്റിൽ സംസ്ഥാന പാത - 75 ആയി പ്രഖ്യാപിച്ച തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡിന്റെ നിർമ്മാണം 17 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്ത് നടത്തുന്നതിനായി 2011-ൽ 32.60 കോടി രൂപ അന്നത്തെ സർക്കാർ അനുവദിച്ചതിൽ തുടർ നടപടികൾ വിശദീകരിക്കുമോ;

(ബി) 17 മീറ്റർ വീതിയിൽ ഹൈവേ നിർമ്മാണത്തിനായി അനുവദിച്ച തുക ഹൈവേ 75 എന്ന പേരു മറച്ചുവെച്ച് 9 കിലോമീറ്റർ നീളത്തിൽ നിലവിൽ പലസ്ഥലത്തും 8 മീറ്റർ പോലും വീതിയില്ലാത്ത റോഡ് ടാറിംഗിന് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്ത നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടെണ്ടർ റദ്ദാക്കി ഹൈവേ നിർമ്മാണത്തിന്റെ ആദ്യഘട്ടം 9 കിലോമീറ്റർ നീളത്തിൽ ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ അടിയന്തിര നടപടികൾ എടുക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡിന്റെ (ആദ്യഘട്ടം-കി.മീ. 0/000 മുതൽ 9/000- വെസ്റ്റ് ഫോർട്ട് മുതൽ ഇരവ് വരെ) ഇരുവശവും 17 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനും കലുങ്ക് സംരക്ഷണ ഭിത്തി, കാന എന്നിവയുടെ നിർമ്മാണങ്ങൾക്കുമായി 22 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും M/s കുദ്രോളി ബിൽഡേഴ്സ് ഇൻഫ്രാസ്ട്രക്ച്ചേഴ്സ് (p) ലിമിറ്റഡ് എന്ന കമ്പനിയുമായി കരാറിലേർപ്പെടുകയും ചെയ്തിട്ടുണ്ട്. 16-1-2017- ൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൃശ്ശൂർ കളക്ടറേറ്റ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോൺഫറൻസ് ഹാളിൽ നടന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി പൊന്നുംവില ഭൂമി ഏറ്റെടുക്കൽ നടപടികളുടെ സാധ്യതാ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമി നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പുവരുത്തുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 1-3-2011-ലെ സ.ഉ.(സാധാ)നമ്പർ 438/2011/ പൊ.മ.വ. പ്രകാരം 0/000 മുതൽ 16/120 കി.മീ. വരെയുള്ള ദൂരം സ്റ്റേറ്റ് ഹൈവേ നിലവാരത്തിൽ അപ്ഗ്രേഡ് ചെയ്യുന്നതിന് 13.8951 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള ചെലവുകൾക്ക് 33.60 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർന്ന് ഭൂമി ഏറ്റെടുക്കൽ നടപടികൾ സ്വീകരിക്കുകയും ചെയ്തു. എന്നാൽ 19-7-2014-ൽ മുൻ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് 15 മീറ്റർ വീതി വരെ സ്ഥലം ലഭ്യമാകുന്ന സ്ഥലത്ത് പ്രവൃത്തികൾ ആരംഭിക്കുവാൻ നിർദ്ദേശം നൽകുകയും അതനുസരിച്ച് 0/000 കി.മീ. മുതൽ 9/000 കി.മീ. വരെയുള്ള ദൂരം, 12 മീറ്റർ ശരാശരി വീതിയിൽ റോഡ് നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് 10-8-2015 ലെ സ.ഉ.(സാധാ)നമ്പർ1180/2015/പൊ.മ.വ. പ്രകാരം സാങ്കേതികാനുമതി നൽകുകയും ചെയ്തു. ഈ പ്രവൃത്തിയ്ക്കാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചത്. പ്രസ്തുത ഒന്നാംഘട്ട നിർമ്മാണത്തിനുള്ള 9 കി.മീറ്ററിൽ ഭൂരിഭാഗം സ്ഥലത്തും 12 മീറ്റർ വീതിയിൽ ടാറിംഗ് ചെയ്യുന്നതിന് സ്ഥലം ലഭ്യമാണ്. ചില ഭാഗങ്ങളിൽ ഭൂമി ഏറ്റെടുക്കുവാനായുള്ള അഭ്യർത്ഥന തൃശ്ശൂർ ജില്ലാ കളക്ടർക്ക് 22-2-2016-ൽ നൽകിയിട്ടുള്ളതുമാണ്. സാങ്കേതികാനുമതിയിൽ പ്രവൃത്തിയുടെ പേരിൽ സ്റ്റേറ്റ് ഹൈവേ എന്നത് ഉൾപ്പെടാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 17 മീറ്റർ വീതിയിൽ സ്ഥലം ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പ് നടപടികൾ പൂർത്തിയായാൽ മാത്രമേ ശരിയായ അർത്ഥത്തിൽ റോഡ് വികസനം സാധ്യമാകൂ.

## പാലക്കാട്-കുളപ്പുള്ളി റോഡിന്റെ പാലങ്ങൾ

194 (2946) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിലെ ഒറ്റപ്പാലം ൗണിനോട് ചേർന്നുള്ള കണ്ണിയംപുറം പാലവും കാക്കത്തോട് പാലവും പുനർനിർമ്മിക്കുന്നതിനായുള്ള പ്രൊപ്പോസൽ ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് സമർപ്പിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട്- കുളപ്പുള്ളി കെ.എസ്.ടി.പി. റോഡിലെ കണ്ണിയാമ്പുറം പാലവും ഈസ്റ്റ് ഒറ്റപ്പാലം (കാക്കത്തോട്) പാലവും നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 25 കോടി രൂപയുടെ ഭരണാനുമതി സ.ഉ.(സാധാ) നമ്പർ1496/2016/പി.ഡബ്ല്യു.ഡി. തീയതി 31-10-2016 പ്രകാരം നൽകിയിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ഇൻവെസ്റ്റിഗേഷൻ കൺസൾട്ടൻസികളിൽനിന്ന് പ്രതികരണം ഇല്ലാത്തതുകൊണ്ട് പ്രവൃത്തി വീണ്ടും ടെണ്ടർ ചെയ്തിരിക്കുകയാണ്.

(ബി) പ്രസ്തുത പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായതിനുശേഷം പാലങ്ങളുടെ രൂപകൽപ്പനകൾ തയ്യാറാക്കി ഡിസൈൻ വിഭാഗം അത് അംഗീകരിച്ച്, വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം ലഭിച്ച് തുടർന്ന് ടെണ്ടർ നടപടി പൂർത്തിയായ ശേഷം പ്രവൃത്തി തുടങ്ങാൻ കഴിയും.

**പാലപ്പുറം-നെല്ലിക്കുർശി -കുതിരവഴി പാലത്തിന്റെയും റോഡിന്റെയും നിർമ്മാണം**

195 (2947) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലപ്പുറം-നെല്ലിക്കുർശി-കുതിരവഴി പാലത്തിന്റെയും റോഡിന്റെയും നിർമ്മാണത്തിന്റെ കാലികസ്ഥിതി വ്യക്തമാക്കുമോ;

(ബി) പാലപ്പുറം-നെല്ലിക്കുർശി-കുതിരവഴി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് എന്നാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാലപ്പുറം-കുതിരവഴി പാലത്തിന്റെയും റോഡിന്റെയും നിർമ്മാണത്തിനുള്ള 4 കോടി രൂപയുടെ ഭരണാനുമതി 22-12-2015-ലെ ജി.ഒ.(ആർ.ടി.)നമ്പർ 1930/2015/പൊ.മ.വ. പ്രകാരം നൽകിയിട്ടുണ്ട്. പാലം നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ കൺസൾട്ടൻസിയിൽനിന്നും പ്രതികരണം ഇല്ലാത്തതുകൊണ്ട് പ്രവൃത്തിക്കുവേണ്ടി ക്വട്ടേഷൻ ക്ഷണിക്കുകയും ക്വട്ടേഷൻ സമർപ്പിച്ച ഒരു കൺസൾട്ടൻസിക്ക് പ്രവൃത്തി നൽകുകയും ചെയ്തിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായാൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് 22.12.2015-ലാണ് ഭരണാനുമതി നൽകിയത്.

**പനത്തുതാഴം സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡ്**

196 (2948) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനത്തുതാഴം സി.ഡബ്ല്യൂ.ആർ.ഡി.എം റോഡ് ചെത്തുകടവു വരെ നീട്ടുന്നതിന് റോഡ് ഫണ്ട് ബോർഡ് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എൻ.എച്ച്.212- ൽ കുന്ദമംഗലം ടൗണിൽ പതിവായുള്ള ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സി.ഡബ്ല്യൂ.ആർ.ഡി.എം. റോഡ് ചെത്തുകടവു വരെ പരിഷ്കരിച്ച് വരിട്യാക്കിൽ താമരശ്ശേരി റോഡുമായി കണക്ട് ചെയ്യുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(സി) ഈ പ്രവൃത്തിയ്ക്ക് ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പനത്തുതാഴം സി.ഡബ്ല്യൂ.ആർ.ഡി.എം.-പെരിങ്ങളം റോഡിന് കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പെരിങ്ങളം മുതൽ ചെത്തികടവ് വരെയുള്ള റോഡിന്റെ വികസനം സംബന്ധിച്ച ജനപ്രതിനിധികളുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യതകൾ വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

**റാന്നിയിലെ വിവിധ മരാമത്ത് പണികൾ**

197 (2949) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പിൽഗ്രിം സെന്റർ, മിനി സിവിൽ സ്റ്റേഷൻ, റാന്നി താലൂക്ക് ആശുപത്രി ഒ.പി. ബ്ലോക്ക്, വെച്ചൂച്ചിറ പോളിടെക്നിക്ക് എന്നിവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ; ഓരോന്നിന്റെയും എന്തൊക്കെ പ്രവൃത്തികളാണ് ഇനിയും പൂർത്തിയാക്കാനുള്ളത്;

(ബി) ഇത് മൊത്തം നിർമ്മാണത്തിന്റെ എത്ര ശതമാനമാണ്; എന്നത്തേയ്ക്ക് ഇവയുടെ നിർമ്മാണം പൂർത്തിയാക്കാനാകും എന്ന് പറയാമോ;

(സി) മിനി സിവിൽ സ്റ്റേഷൻ ബ്ലോക്ക് 1-ന്റെ നിർമ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഈ പ്രവൃത്തിക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) ഇത് സംബന്ധിച്ച ഫയൽ ആരുടെ പക്കലാണ് ഉള്ളത്; ഫയൽ നമ്പർ സഹിതം വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ഇ) പിൽഗ്രിം സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് ഭരണാനുമതിയുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്ന് പറയാമോ; ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി ) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി & ഡി) മിനി സിവിൽ സ്റ്റേഷൻ ബ്ലോക്ക് 1-ന്റെ അവശേഷിക്കുന്ന പ്രവൃത്തികളുടെ നിർമ്മാണത്തിന് 16 കോടി രൂപയുടെ എസ്റ്റിമേറ്റാണ് പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കിയിട്ടുള്ളത്. ഇതുസംബന്ധിച്ച ഫയൽ പത്തനംതിട്ട പൊതുമരാമത്ത് വകുപ്പ് കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലുണ്ട്. ഫയൽ നമ്പർ 5830/2016. എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഇ) പിൽഗ്രിം സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് 22 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയ്ക്കുള്ള ഫയൽ ഇപ്പോൾ പത്തനംതിട്ട പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പക്കലാണുള്ളത്. ഫയൽ നമ്പർ 157/2017.

### ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ റോഡുകൾക്കുള്ള ഫണ്ട്

198 (2950) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം റോഡുകൾക്കാണ് 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത തുക അനുവദിച്ച കിട്ടുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) അതിൽ ഏതെല്ലാം പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാൻ കഴിഞ്ഞു; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെട്ട ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ചുവടെ ചേർത്തിരിക്കുന്ന രണ്ട് റോഡുകൾക്ക് 14-2-2017 - ലെ സ.ഉ.(സാധാ) നമ്പർ179/2017/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1 | നാട്ടുകാൽ-പാലോട്-ചെത്തല്ലൂർ മുറിയംകണ്ണി- പന്തംകുന്ന്- ഇരക്കിങ്കൽ, കരിപ്പമണ്ണ - കുട്ടില്ലക്കടവ്-പെഴുമറ്റ-ചൂലിയോട്-വക്കാടപ്പുറം-തുമ്പക്കണ്ണി-കടമ്പഴിപ്പുറം റോഡ് കി.മീ. 10/700-12/600 വരെ അഭിവൃദ്ധിപ്പെടുത്തൽ | -95.00 ലക്ഷം |
| 2 | ഉപരിതലം പുതുക്കൽ പ്രവൃത്തി കി.മീ. 19/850 -23/00, കൾവർട്ടിന്റെ പുനർ നിർമ്മാണം കി.മീ.21/100, നാട്ടുകൽ-പാലോട്-ചെത്തല്ലൂർ-മുറിയംകണ്ണി-പന്തംകുന്ന്-ഇരക്കിങ്കൽ-കരിപ്പമണ്ണ-കരിമ്പുഴ-കുട്ടിലക്കടവ്-പെഴുമറ്റ-ചൂലിയോട്-വക്കാടപ്പുറം- തുമ്പക്കണ്ണി- കടമ്പഴിപ്പുറം | 82 ലക്ഷം |

1. ചുവടെ ചേർത്തിരിക്കുന്ന രണ്ട് റോഡുകളുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.
2. ഒറ്റപ്പാലം റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ.0/000 മുതൽ 0/600 വരെ ബി. എം. & ബി.സി. പ്രവൃത്തി -210 ലക്ഷം
3. കടമ്പഴിപ്പുറം-ചിരട്ടിമല-വെങ്ങാശ്ശേരി റോഡ് കി.മീ. 0/000 മുതൽ 5/000 വരെ അഭിവൃദ്ധിപ്പെടുത്തൽ - 480 ലക്ഷം

(സി) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ബൈപ്പാസ് റോഡ്**

199 (2951) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് ജില്ലയിൽ കാസർഗോട് ബൈപ്പാസ് റോഡ് നിർമ്മാണത്തിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് എസ്. പി. വി. ( Special Purpose Vehicle) ആയി ചുമതലപ്പെടുത്തിയ ആർ. ബി. ഡി. സി. കെ. (Roads & Bridges Development Corporation of Kerala) എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പദ്ധതിയുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് ഏജൻസിയെ തെരഞ്ഞെടുക്കുന്നതിന് ടെണ്ടർ വിളിച്ചിട്ടുണ്ട്.

**വടുതലയേയും കുറുകോട്ട ദ്വീപിനേയും ബന്ധിപ്പിക്കുന്ന പാലം**

200 (2952) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭയിലെ വടുതലയേയും ചേരാനല്ലൂർ പഞ്ചായത്തിലെ കുറുകോട്ട ദ്വീപിനേയും ബന്ധിപ്പിച്ച് പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെ നിർമ്മാണത്തിനായി 2014 ജൂലൈ മാസം 1450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകിയിരുന്നില്ല. തുടർന്നുള്ള വർഷങ്ങളിലെ ബജറ്റ് പ്രൊപ്പോസലുകളിൽ ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. 2016-17-ലെ ബജറ്റ് ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളുടെ പട്ടികയിൽ 10 കോടി രൂപ എസ്റ്റിമേറ്റ് തുകയായും 100 രൂപ ടോക്കൺ പ്രൊവിഷനോടുകൂടിയും ഈ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പ്രവൃത്തിയുടെ ഭരണാനുമതി ലഭിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാൻ കഴിയും.

## കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

201 (2953) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത്, ഗ്രാമീണ റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ പ്രവൃത്തികൾക്കായി പൊതുമരാമത്ത് മുഖേന എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രവൃത്തികളുടെ പേരും, തുകയും, നിയോജകമണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് നിയോജകമണ്ഡലത്തിൽ റോഡുകൾ, കെട്ടിടം, പാലം എന്നീ വിഭാഗങ്ങളിൽ അഡ്മിനിസ്ട്രേഷൻ അംഗീകാരത്തിനായി ചീഫ് എഞ്ചിനീയറുടെയും, സർക്കാർ വകുപ്പിലും എത്തിയിട്ടുള്ള പ്രവൃത്തികളുടെ പേരുവിവരങ്ങളും എസ്റ്റിമേറ്റ് തുകയും എത്രയാണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) നിരത്തുകളും പാലങ്ങളും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

കെട്ടിട വിഭാഗത്തിലും ദേശീയപാത വിഭാഗത്തിലും നിലവിൽ ഭരണാനുമതി പ്രതീക്ഷിക്കുന്ന പ്രവൃത്തികളില്ല.

## കോഴിക്കോട് നഗരത്തിലെ ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും

202 (2954) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ റോഡുകളുടെ വീതിക്കുറവ് മൂലമുള്ള ഗതാഗതക്കുരുക്കും വാഹന അപകടങ്ങൾ വർദ്ധിക്കുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരത്തിൽ ദേശീയപാതയിലെ മാനാഞ്ചിറ-പാവങ്ങാട് ഉൾപ്പെടെയുള്ള ഭാഗങ്ങളുടെ റോഡ് വികസനത്തിന് കേരള റോഡ് ഫണ്ട് ബോർഡ് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യം അടിയന്തിരമായി അംഗീകരിച്ച് നഗരത്തിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിന് പരിഹാരമായിട്ടാണ് കോഴിക്കോട് നഗര റോഡ് വികസന പദ്ധതി നടപ്പിലാക്കി വരുന്നത്.

(ബി & സി) മാനാഞ്ചിറ-പാവങ്ങാട് റോഡ് വികസനം സംബന്ധിച്ച് ജനപ്രതിനിധികളുടെ നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇതിന്റെ സാദ്ധ്യതകൾ വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കി കോഴിക്കോട് നഗര റോഡ് വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥരുടെ കുറവ്**

203 (2955) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡ്, പാലം, കെട്ടിടം വിഭാഗങ്ങളിൽ കാസർഗോഡ് ജില്ലാ ഓഫീസിലും സബ്ഡിവിഷൻ ഓഫീസുകളിലും അനുവദിക്കപ്പെട്ടിട്ടുള്ള തസ്തികകൾ എത്രയാണെന്ന് വിശദീകരിക്കാമോ;

(ബി) ഓരോ ഓഫീസിലും നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ പേരും എണ്ണവും വിശദീകരിക്കാമോ;

(സി) ഇത്തരത്തിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ നിയമനം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ എന്നത്തേയ്ക്ക് നിയമന നടപടികൾ പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ ;

(ഡി) ഉദ്യോഗസ്ഥരുടെ കുറവുമൂലം ,പ്രവൃത്തികൾ കൃത്യമായി പൂർത്തീകരിക്കുന്നതിലും എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിലും ഉൾപ്പെടെ കാലതാമസം നേരിടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് റോഡ്, പാലം, കെട്ടിട വിഭാഗങ്ങളിൽ കാസർഗോഡ് ജില്ലയിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ എണ്ണം

| | | |
|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 2 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ) | 7 |
| 3 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 15 |
| 5 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 |
| 6 | ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 16 |

| | | |
|---|---|---|
| 7 | ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (ഇലക്ട്രിക്കൽ) | 2 |
| 8 | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 16 |
| 9 | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ(ഇലക്ട്രിക്കൽ) | 2 |
| 10 | മൂന്നാം ഗ്രേഡ് ഓവർസിയർ | 39 |
| 11 | ഡിവിഷണൽ അക്കൗണ്ടന്റ് | 2 |
| 12 | ജൂനിയർ സൂപ്രണ്ട് | 3 |
| 13 | ഹെഡ് ക്ലാർക്ക് | 5 |
| 14 | ക്ലാർക്ക് | 40 |
| 15 | ടൈപ്പിസ്റ്റ് | 11 |
| 16 | ഓഫീസ് അറ്റൻഡന്റ് | 29 |
| 17 | വാച്ചർ | 4 |
| 18 | ഡ്രൈവർ | 5 |
| 19 | വാച്ചർ-കം-ഗാർഡനർ | 2 |
| 20 | ലൈൻമാൻ | 8 |
| 21 | പാർട്ട് ടൈം സ്വീപ്പർ | 7 |
| 22 | അസിസ്റ്റന്റ് എഞ്ചിനീയർ(ഇലക്ട്രോണിക്സ്) | 1 |
| 23 | എഞ്ചിനീയറിംഗ് അസിസ്റ്റന്റ് | 2 |
| | ആകെ | 220 |

(ബി) വിവിധ ഓഫീസുകളിലായി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

| | | |
|---|---|---|
| 1 | എക്സിക്യൂട്ടീവ് എഞ്ചിനീയർ | 1 |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) | 1 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) | 4 |
| 4 | ക്ലാർക്ക് | 4 |
| 5 | ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 6 |
| 6 | രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 11 |

| | | |
|---|---|---|
| 7 | മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 14 |
| 8 | ലൈൻമാൻ | 6 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രോണിക്സ്) | 1 |
| 10 | പാർട്ട്-ടൈം-സ്വീപ്പർ | 3 |
| | ആകെ | 51 |

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ട ഒഴിവുകളെല്ലാം യഥാസമയം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. ഉദ്യോഗാർത്ഥികളെ ശിപാർശ ചെയ്യുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്. മറ്റ് തസ്തികകളിലേയ്ക്കുള്ള നിയമനത്തിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പി.എസ്.സി. വഴി വരുന്നതിനുള്ള കാലതാമസം വലിയ പ്രശ്നമായിട്ടുണ്ട്.

### കാസർഗോഡ് ജില്ലയിൽ പ്രീമെട്രിക് ഹോസ്റ്റൽ

204 (2956) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പ്രീമെട്രിക്ക് ഹോസ്റ്റൽ ബേഡഡുക്ക (ഗേൾസ്), പ്രീമെട്രിക്ക് ഹോസ്റ്റൽ കുറ്റിക്കോൽ (ബോയ്സ്) എന്നീ എസ്.റ്റി. ഹോസ്റ്റലുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്.പി.വി.ആയി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത പ്രവർത്തികൾ കെ.എസ്.സി.സി. നടപ്പിലാക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ) ഭരണ വകുപ്പായ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് കിഫ്ബി ലിസ്റ്റിൽ ഉൾപ്പെടുത്തിയാലേ ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.

(ബി&സി) ബാധകമല്ല.

## നിലമ്പൂർ മണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

205 (2957) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ മണ്ഡലത്തിൽ കഴിഞ്ഞ വർഷം ഒറ്റത്തവണ പുനരുദ്ധാരണ പ്രവൃത്തിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഗ്രാമീണ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിലമ്പൂർ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഏനാന്തി പാലത്തിന്റെ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച തുടർനടപടികൾ എന്തായെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) നിലമ്പൂർ മണ്ഡലത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ (2015-16) ഒറ്റത്തവണ പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച ഗ്രാമീണ റോഡുകളുടെ പേരും വിശദാംശവും അവ ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു.*

(സി) ഏനാന്തി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. സ്ഥലവാസികൾ മുൻകൂർ ഭൂമി ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗത്തിൽ പ്രസ്തുത പാലത്തിന്റെ ഡിസൈൻ പ്രവൃത്തികൾ നടന്നുവരുന്നു. ഇത് പൂർത്തിയായതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി അത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

## കാട്ടാക്കട മണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

206 (2958) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ പുരോഗതി എന്താണെന്നും വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

കാട്ടാക്കട മണ്ഡലത്തിൽ നടന്നുവരുന്ന പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ പ്രവൃത്തികളുടെയും അവയുടെ പുരോഗതിയെയും സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ**

207 (2959) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകൾ ഏതെല്ലാമെന്ന് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഓരോ റോഡിന്റെയും അറ്റകുറ്റപ്പണിയ്ക്കായി എത്ര തുക അനുവദിച്ചുവെന്ന് വിശദമാക്കുമോ; ഓരോന്നിന്റെയും നിലവിലെ അവസ്ഥ, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

**മാനന്തവാടി-കൈതക്കൽ റോഡ് നിർമ്മാണം**

208 (2960) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച, മാനന്തവാടി മണ്ഡലത്തിലെ മാനന്തവാടി-കൈതക്കൽ റോഡ് നിർമ്മാണം നിലവിൽ ഏത് ഘട്ടം വരെയായി;

(ബി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മാനന്തവാടി മണ്ഡലത്തിലെ മാനന്തവാടി- പക്രംതളം റോഡ് നിർമ്മാണ പ്രവർത്തനം ഏത് ഘട്ടം വരെയായി;

(സി) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച മാനന്തവാടി മണ്ഡലത്തിലെ നെട്ടറ പാലം നിർമ്മാണ പ്രവർത്തിയും ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2016-17-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മാനന്തവാടി-കൈതക്കൽ റോഡ് നിർമ്മാണം, മാനന്തവാടി-പക്രംതളം റോഡ് നിർമ്മാണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്നീ പ്രവൃത്തികൾ KIIFB മുഖേന നടപ്പിലാക്കുന്നതിനായി 20-8-2016-ലെ സ.ഉ.(സാധാ)നമ്പർ1192/2016/പൊ.മ.വ. പ്രകാരവും തിരുനെല്ലി-നെട്ടറ പാലം നിർമ്മാണത്തിനായി 31-10-2016-ലെ സ.ഉ.(സാധാ)നമ്പർ1496/2016/പൊ.മ.വ. പ്രകാരവും ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ മുഖേന പ്രസ്തുത പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് റൂബി സോഫ്റ്റ് ടെക് എന്ന കമ്പനിക്ക് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്.

**നെടുമങ്ങാട് പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന് ബഹുനില കെട്ടിടം**

209 (2961) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാസ്ഥാനമായി നെടുമങ്ങാട് പ്രവർത്തിക്കുന്ന പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമാണ് ഉള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിന് പുതിയ ബഹുനില കെട്ടിടം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് എം.എൽ.എ. യുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ലാസ്സ് II റസ്റ്റ് ഹൗസായ നെടുമങ്ങാട് റസ്റ്റ് ഹൗസിന് 7 മുറികളും അനുബന്ധ സൗകര്യങ്ങളും നിലവിലുണ്ട്.

(ബി) ഉണ്ട്. പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസിനുള്ള പുതിയ ബഹുനില കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**സെൻട്രൽ റോഡ് ഫണ്ട്**

210 (2962) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്നതിന് ആറൻമുള നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിരുന്നു;

(ബി) പ്രവൃത്തികളുടെ അടങ്കൽ തുകയും നിലവിലുള്ള സ്ഥിതിയും വിശദമാക്കുമോ?

ഉത്തരം

(എ&ബി) മുൻ സർക്കാരിന്റെ കാലയളവിൽ സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്നതിന് ആറന്മുള നിയോജകമണ്ഡലത്തിലെ ഒരു പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ചിട്ടില്ല.

## പേരൂർച്ചാൽ പാലം നിർമ്മാണം

211 (2963) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ പേരൂർച്ചാൽ പാലത്തിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത്; നിർമ്മാണത്തിനായി അന്ന് അനുവദിച്ച തുക എത്രയായിരുന്നു; നിർമ്മാണം മുടങ്ങാനുണ്ടായ കാരണം പറയാമോ;

(ബി) മുടങ്ങിക്കിടന്ന പേരൂർച്ചാൽ പാലം നിർമ്മാണം പുനരാരംഭിച്ചത് എന്നാണ്; എത്ര തുകയാണ് വകയിരുത്തിയിരിക്കുന്നത്; എന്തൊക്കെ പ്രവൃത്തികളാണ് ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത് എന്ന് വിശദമാക്കാമോ;

(സി) പേരൂർച്ചാൽ പാലത്തിന്റെ നിർമ്മാണത്തിന് ഇപ്പോൾ എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; എങ്കിൽ എന്താണ് തടസ്സം; തടസ്സം നീക്കി പാലം പണി പുനരാരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) പേരൂർച്ചാൽ പാലത്തിന്റെ നിർമ്മാണം ആരംഭിച്ചത് 21-4-1997-ലാണ്. 147 ലക്ഷം രൂപയാണ് നിർമ്മാണത്തിന് അനുവദിച്ചത്. പണി ഏറ്റെടുത്ത കരാറുകാരന്റെ അനാസ്ഥമൂലം പണി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ഒഴിവാക്കിയിട്ടുണ്ട്.

(ബി) 7-8-2012-ൽ പണികൾ പുനരാരംഭിച്ചു. പുതുക്കിയ ഭരണാനുമതി പ്രകാരം 600 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 6-1-2012-ൽ നൽകി. കോണ്ടൂർ കൺസ്ട്രക്ഷൻ ആന്റ് കമ്പനി പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. പൈലിംഗ് പ്രവൃത്തികളും 5 പിയറുകളും പാലത്തിന്റെ ബീം, ഡെക്ക് സ്ലാബ്, ഹാന്റ് റെയിൽ ഫുട്പാത്ത്, വിയറിംഗ് കോട്ട്, അപ്രോച്ച് റോഡ് തുടങ്ങിയ പ്രവൃത്തികളാണ് ഈ എസ്റ്റിമേറ്റിൽ വിഭാവന ചെയ്തിരിക്കുന്നത്.

(സി) ഇപ്പോൾ പണികൾ നടന്നുകൊണ്ടിരിക്കുന്നു. ഡെക്ക് സ്ലാബിന്റെ പണികൾ പുരോഗമിക്കുന്നു. എന്നാൽ 1998-ൽ നിർമ്മിച്ച പിയറുകളുടെ വെൽ ഫൗണ്ടേഷന് ചുറ്റുമുള്ള മണ്ണ് ഒലിച്ചു പോയതുമൂലം അപകടാവസ്ഥയിലാണ്. കൂടാതെ കോൺക്രീറ്റ് പല ഭാഗങ്ങളിലും ഇളകിപ്പോകുകയും റീഇൻഫോഴ്സ്മെന്റ്

പുറത്തുകാണുകയും ചെയ്യുന്ന നിലയിലാണ്. ഇത് പാലത്തിന്റെ സുരക്ഷയെ ബാധിക്കുമെന്നതിനാൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ സൈറ്റ് പരിശോധന നടത്തുകയും നിലവിലെ പാലത്തിന്റെ അവസ്ഥ കണക്കിലെടുത്ത് ഡിസൈൻ കൺസൾട്ടന്റായ പ്രൊഫ. ഡോ.പി. അരവിന്ദൻ 10-2-2017-ൽ പാലം സന്ദർശിക്കുകയും അപകടാവസ്ഥയിലായ വെൽഫൗണ്ടേഷന് പുതിയ ഡിസൈൻ നിർദ്ദേശിക്കുകയും ചെയ്തു. പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൊയിലാണ്ടി റെയിൽവേ മേൽപ്പാലം**

212 (2964) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി റെയിൽവേ മേൽപ്പാലം നിർമ്മാണ സമയത്ത് ഒഴിപ്പിച്ച വ്യാപാരികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിലെ 10046/ഡി 1/2013, 24876/ഡി 2/2015 നമ്പർ ഫയലുകളിലെ നടപടി പുരോഗതി വിശദമാക്കാമോ;

(ബി) പൊതുമരാമത്ത് വകുപ്പിലെ 03.12.2014 ലെ 10046/ഡി1/2013 നമ്പർ കത്ത് പ്രകാരം കൊയിലാണ്ടി മേൽപ്പാലത്തിന് അടിവശത്തും വശങ്ങളിലുമുള്ളതുമായ സ്ഥലം കൊയിലാണ്ടി നഗരസഭയിൽ നിക്ഷിപ്തമാണോ; നഗരസഭയ്ക്ക് സ്വന്തം നിലയിൽ ഇവിടെ പദ്ധതികൾ നടപ്പിലാക്കാൻ നിയമാനുസൃതം സാധിക്കുമോ; വിശദമായി വ്യക്തമാക്കാമോ;

(സി) 3-2-2016 തീയതിയിലെ പൊതുമരാമത്ത് വകുപ്പിലെ 24876/ഡി 2/2015 നമ്പർ പ്രകാരം അയച്ച കുറിപ്പനുസരിച്ച് ആർ.ബി.ഡി.സി.കെ.യിൽ നിന്ന് ആവശ്യമായ റിപ്പോർട്ട് പൊതുമരാമത്ത് വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ ഉള്ളടക്കമെന്ത്; പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ആർ.ബി.ഡി.സി.കെ.-യുടെ റിപ്പോർട്ടനുസരിച്ച് ഈ വിഷയത്തിൽ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; ഈ വിഷയത്തിൽ എപ്പോൾ തീർപ്പുണ്ടാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി റെയിൽവേ മേൽപ്പാലം നിർമ്മാണ സമയത്ത് ഒഴിപ്പിച്ച വ്യാപാരികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് പ്രസ്തുത ഫയലുകളിൽ ലഭിച്ച ബഹുമാനപ്പെട്ട കൊയിലാണ്ടി എം.എൽ.എ. ശ്രീ. കെ. ദാസൻ ഉൾപ്പെടെയുള്ളവരുടെ അപേക്ഷ, മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയുണ്ടായി.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് (1994-ലെ 20-ാം ആക്ട്) 207(1)-ാം വകുപ്പ് പ്രകാരം പാലങ്ങളുടെ വശങ്ങളിലുള്ള സ്വകാര്യ സ്വത്തല്ലാത്ത എല്ലാ ഭൂമിയും മുനിസിപ്പാലിറ്റിക്ക് കൈമാറ്റം ചെയ്തതായും പൂർണ്ണമായും നിക്ഷിപ്തമായതായും കണക്കാക്കിയിരിക്കുന്നതാണ് എന്നും കൂടാതെ 1968-ലെ സർക്കാർ ഭൂമി കൈമാറ്റ ചട്ടങ്ങൾ സർക്കാരിന്റെ സേവനം വകുപ്പുകൾക്ക് മാത്രമാണ് ബാധക മാക്കിയിരിക്കുന്നത് എന്നും റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK) എന്ന സർക്കാർ പൊതുമേഖലാ സ്ഥാപനവും കൊയിലാണ്ടി മുനിസിപ്പാലിറ്റിയും സർക്കാരിന്റെ സേവന വകുപ്പുകൾ എന്ന നിർവ്വചനത്തിൽ വരുന്നില്ല എന്നും ആകയാൽ ഭൂമി കൈമാറുന്നതിന് ആർ.ബി.ഡി.സി.കെ.-യ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്നും സൂചിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്ക് 3-12-2014-ൽ ഒരു മറുപടി നൽകുകയും ഇതിൽ തുടർനടപടി സ്വീകരിക്കുവാൻ മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ.-യോട് ആവശ്യപ്പെടുകയുമുണ്ടായി. എന്നാൽ റെയിൽവേ ഓവർ ബ്രിഡ്ജിനുവേണ്ടി ഏറ്റെടുത്ത സ്ഥലം സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിൽ ആകയാൽ RBDCK-യ്ക്ക് പ്രസ്തുത സ്ഥലം കൊയിലാണ്ടി നഗരസഭയ്ക്ക് കൈമാറുവാൻ സാദ്ധ്യമല്ലെന്നും സർക്കാർ തലത്തിൽ ആവശ്യമായ നടപടി എടുക്കേണ്ടതാണെന്നും മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ. സർക്കാരിനെ അറിയിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിക്കുകയും കൈമാറ്റം ചെയ്യേണ്ട ഭൂമിയെ കുറിച്ചുള്ള വിശദാംശങ്ങളും കൈമാറ്റം സംബന്ധിച്ച വിശദമായ റിപ്പോർട്ടും വ്യക്തമായ ശിപാർശ ഉൾപ്പെടെ കോഴിക്കോട് ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കാൻ മാനേജിംഗ് ഡയറക്ടർ, ആർ.ബി.ഡി.സി.കെ.-യോട് 3-2-2016-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ കോഴിക്കോട് കളക്ടറോടും 19-9-2016-ലെ കത്ത് മുഖേന റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*.

(ഡി) ഇതുസംബന്ധിച്ച കോഴിക്കോട് ജില്ലാ കളക്ടറുടെയും അതിന്മേൽ റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരളയിൽ നിന്ന് ആവശ്യപ്പെട്ടിട്ടുള്ള റിപ്പോർട്ടും ലഭിച്ചാൽ ഉടൻ തന്നെ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഗവൺമെന്റ് വിക്ടോറിയ കോളേജ് ഓഡിറ്റോറിയം

213 (2965) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജ് ഓഡിറ്റോറിയത്തിന് 2015-16 ബജറ്റിൽ രണ്ട് ലക്ഷം രൂപ അനുവദിച്ചെങ്കിലും മറ്റ് അനന്തരനടപടികൾ ഉണ്ടായിട്ടില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിന് വേണ്ട സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജ് ഓഡിറ്റോറിയത്തിന്റെ പ്രവർത്തനത്തിന് ആവശ്യം വേണ്ടുന്ന ഘടകങ്ങൾ സംബന്ധിച്ച (functional requirement) വിശദവിവരങ്ങൾ കോളേജ് അധികൃതരിൽ നിന്ന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ ഭരണാനുമതിയ്ക്ക് വേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതികാനുമതി നൽകി അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

## പയ്യന്നൂർ മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

214 (2966) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ചൂളക്കടവ്, വടവത്തൂർ, മൂലക്കീൽകടവ് എന്നീ പാലങ്ങളുടെ നിർമ്മാണം നടത്തുന്നതിനുള്ള നടപടിക്രമം എവിടെ വരെയായി എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങൾക്ക് ഭരണാനുമതി നല്കി നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചൂളക്കടവ് പാലം - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ മാനദണ്ഡമനുസരിച്ച് ഡ്രിക്ക് ബോർഡ് തയ്യാറാക്കിയ താൽക്കാലിക ജനറൽ ഡിസൈൻ ഡ്രോയിംഗ് സാധ്യത റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ പയ്യന്നൂർ ഭാഗത്തെ സ്ഥലപരിമിതിമൂലം പാലത്തിന്റെ ഇരുവശത്തുമുള്ള വളവുകൾ ക്രമീകരിച്ച് പുതുക്കിയ അലൈൻമെന്റ് പ്ലാൻ തയ്യാറാക്കുന്നതിനായി ഡ്രിക്ക് ബോർഡ് ഉദ്യോഗസ്ഥർ സ്ഥലം

പരിശോധിക്കുകയും പുതിയ ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പാലം നിർമ്മിക്കാനുദ്ദേശിക്കുന്ന പുഴ ദേശീയ ജലപാത ചട്ടപരിധിയിൽ ഉൾപ്പെട്ടതാണോയെന്ന് വ്യക്തത വരുത്തുന്നതിന് ഇൻലാന്റ് നാവിഗേഷൻ ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. വ്യക്തമായ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ആയതനുസരിച്ചുള്ള അന്തിമ ഡിസൈൻ തയ്യാറാക്കാൻ കഴിയും. പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി KIIFB മുഖേന 20 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

വടവണ്ണൂർ പാലം - ഇതിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള വിശദാംശങ്ങൾ ഡ്രിക്ക് ബോർഡിന് നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഡ്രിക്ക് ബോർഡ് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

മൂലക്കീൽകടവ് പാലം - പയ്യന്നൂർ-കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്നതും പാലക്കോട് പുഴയ്ക്ക് കുറുകെ നിർമ്മിക്കാനുദ്ദേശിക്കുന്ന മൂലക്കീൽ കടവ് പാലത്തിനുവേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ അംഗീകരിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ 1420 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 2012-ൽ സമർപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ദേശീയ ജലപാത ചട്ടം അനുസരിച്ച് പാലത്തിന്റെ ഹൊറിസോണ്ടൽ ക്ലിയറൻസ് 40 മീറ്ററും വെർട്ടിക്കൽ ക്ലിയറൻസ് 10 മീറ്ററും വേണമെന്ന് ഉൾനാടൻ ജലഗതാഗത വകുപ്പ് അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ഡിസൈൻ തയ്യാറാക്കുമ്പോൾ പാലത്തിന്റെ നീളം 126.60 മീറ്ററിനു പകരം 410 മീറ്റർ വേണ്ടിവരും. വലിയ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന രീതിയിൽ ഗ്രാമീണ റോഡിൽ അത്തരം പാലത്തിന്റെ ആവശ്യകത നീതീകരിക്കുന്നതാണോ എന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ പാലത്തിന് അധികമായി വരുന്ന നീളത്തിന്റെ മണ്ണ് പരിശോധന റിപ്പോർട്ടുകൂടി സമർപ്പിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ അപ്സ്ട്രീമിലും ഡൗൺസ്ട്രീമിലും നിലവിലുള്ള രണ്ട് പാലങ്ങൾക്ക് 5 മീറ്റർ വെർട്ടിക്കൽ ക്ലിയറൻസ് മാത്രമേയുള്ളൂവെന്നും അതുകൊണ്ടുതന്നെ ഈ പാലത്തിനുമാത്രം 10 മീറ്റർ ലംബ അകലം കൊടുക്കുന്നത് പ്രായോഗികമായി പ്രയോജനപ്രദമാകുമോ എന്നും അതിനാൽ 10 മീറ്റർ പരിധിയിൽ എന്തെങ്കിലും ഇളവ് വരുത്താനാകുമോ എന്നും ആവശ്യപ്പെട്ട് ഉൾനാടൻ ജലഗതാഗത വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

വ്യക്തമായ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പാലത്തിന്റെ നേരത്തേ തയ്യാറാക്കിയ ഡിസൈൻ മാറ്റേണ്ടതുണ്ടെങ്കിൽ ആയതിനുള്ള സാധ്യത റിപ്പോർട്ട് തയ്യാറാക്കാൻ കഴിയൂ. പ്രസ്തുത പാലം നിർമ്മിക്കുന്നതിനായി KIIFB മുഖേന 20 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ബി) ഡിസൈൻ അംഗീകരിച്ചതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയും.

**റോഡുകൾക്ക് ഫണ്ട്**

215 (2967) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിലെ ആലുംകുന്ന്-നറുകര, മുള്ളമ്പാറ-ഇരുമ്പുഴി-കോണിക്കല്ല് റോഡുകൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽ നിന്നും എസ്.എൽ.ടി.എഫ്.-ൽ ഉൾപ്പെടുത്തിയോ ബജറ്റ് വിഹിതമായോ ഫണ്ട് അനുവദിച്ചിരുന്നോ;

(ബി) എങ്കിൽ ഓരോ റോഡിനും അനുവദിച്ച തുകയും അതിന്റെ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ റോഡുകളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഡി) ഗതാഗതയോഗ്യമല്ലാതായി തീർന്നിരിക്കുന്ന പ്രസ്തുത റോഡുകളുടെ നവീകരണം ഉടൻ യാഥാർത്ഥ്യമാകുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലപ്പുറം മണ്ഡലത്തിലെ ആലുംകുന്ന്-നറുകര, മുള്ളമ്പാറ-ഇരുമ്പുഴി-കോണിക്കല്ല് റോഡുകൾക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമരാമത്ത് വകുപ്പിൽനിന്നും എസ്.എൽ.ടി.എഫ്-ൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിരുന്നു.

(ബി) ആലുംകുന്ന്-നറുകര റോഡിന് 25 ലക്ഷം രൂപ വീതമുള്ള ഏഴ് പ്രവൃത്തികൾക്കായി 175 ലക്ഷം രൂപയും, മുള്ളമ്പാറ-കോണിക്കല്ല്-ഇരുമ്പുഴി റോഡ് കി.മീ. 2/800 മുതൽ 3/600 വരെ ബി.എം.&ബി.സി. നിലവാരത്തിൽ പുനരുദ്ധരിക്കുന്നതിന് 50 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. (ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മുൻ മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിക്കുന്നതിന്റെ ഭാഗമായി ഈ സർക്കാരിന്റെ ആദ്യ കാബിനറ്റ് തീരുമാന പ്രകാരം ജനുവരി 1-ന് ശേഷം ഭരണാനുമതി നൽകിയ State Level Task Force പ്രവൃത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. തുടർന്ന് 19-9-2016-ലെ ജി3/37/2016/പൊ.മ.വ. നമ്പർ സർക്കാർ കത്ത് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകി, ടെണ്ടർ ചെയ്ത SLTF പ്രവൃത്തികൾ തുടരുവാൻ അനുമതി നൽകിയെങ്കിലും ടെണ്ടർ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തികൾ തുടരാനാകാതെ പോയി.

(ഡി) ആലുംകുന്ന്-നറുകര റോഡ്, മുള്ളമ്പാറ-കോണിക്കല്ല്-ഇരുമ്പുഴി റോഡുകളുടെ പുനരുദ്ധാരണത്തിനായുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**കൊല്ലങ്കോട് ബൈപ്പാസ് റോഡ് പ്രവൃത്തി**

216 (2968) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് റോഡ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയുടെ വിശദാംശം നൽകുമോ;

(ബി) ഏത് വർഷത്തെ ബജറ്റിലാണ് ഈ ബൈപാസിന് തുക വകയിരുത്തിയതെന്നും എത്ര തുകയാണ് വകയിരുത്തിയതെന്നും വിശദമാക്കുമോ;

(സി) ബൈപ്പാസ് റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ; ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവ സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ബൈപ്പാസിന്റെ പണി എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി പൊന്നുംവില നടപടിക്രമമനുസരിച്ച് 4(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനായി സ്ഥലത്തിന്റെ ആകെ തുകയുടെ 25% (2,64,30,000 രൂപ) മുൻകൂറായി കെട്ടിവയ്ക്കാൻ റവന്യൂ വകുപ്പിൽനിന്നും ആവശ്യപ്പെടുകയും പ്രസ്തുത തുകയ്ക്കുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) 2016-17 വർഷത്തെ ബജറ്റിൽ പ്രസ്തുത പ്രവൃത്തിക്ക് 2,27,88,000 രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) 14-7-2009-ലെ സ.ഉ.(സാധാ)നമ്പർ1045/2009/പൊ.മ.വ. പ്രകാരം കൊല്ലങ്കോട് ബൈപ്പാസ് നിർമ്മാണത്തിന് 1300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ് റോഡിന് 14.5204 ഹെക്ടർ സ്ഥലമാണ് ആവശ്യമായിട്ടുള്ളത്. അതിൽ 0.4594 ഹെക്ടർ സ്ഥലം സർക്കാർ പുറമ്പോക്കും ബാക്കി 14.0610 ഹെക്ടർ സ്ഥലം സ്വകാര്യ വ്യക്തികളുടെ നിലവുമാണ്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(ഡി) ബൈപ്പാസ് നിർമ്മാണത്തിന് സ്ഥലമേറ്റെടുക്കുന്നതിന് 10.57 കോടി രൂപയും പ്രവൃത്തി ചെയ്യുന്നതിന് 14.50 കോടി രൂപയും ചേർത്ത് ആകെ 25.07 കോടി രൂപ ആവശ്യമാണെന്ന് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത തുകയ്ക്ക് ഭരണാനുമതി പുതുക്കി നൽകിയശേഷം മാത്രമേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ റോഡുകൾ

217 (2969) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ റോഡുകൾ നന്നാക്കാനായി 900 കോടി രൂപയുടെ പ്രത്യേകാനുമതി ധനകാര്യ വകുപ്പ് നൽകിയിട്ടുണ്ടോ;

(ബി) 140 നിയോജകമണ്ഡലങ്ങളിലെയും റോഡുകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രത്യേകാനുമതിയിൽ ഉൾപ്പെട്ട ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ നന്നാക്കാനായി 999.6773 കോടി രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനായുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) ഉൾപ്പെട്ടിട്ടുണ്ട്.

(സി) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട മൂന്ന് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## പ്ലാസ്റ്റിക് മിശ്രിത റോഡുനിർമ്മാണം

218 (2970) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക് മിശ്രിത റോഡുനിർമ്മാണം പ്രോത്സാഹിപ്പിക്കുന്നുണ്ടോ; നിർമ്മാണത്തിന്റെ സാധ്യതകൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിലെ അഴിമതി ഇല്ലാതാക്കുന്നതിനും വകുപ്പിനെ ആധുനീകവൽക്കരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പ്ലാസ്റ്റിക് മിശ്രിത റോഡ് നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ 27.45 കി.മീ. റോഡുകൾ ശുദ്ധീകരിച്ച ഉപയോഗശൂന്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് പരമ്പരാഗതമായി ചെയ്യുന്ന 20 mm ചിപ്പിംഗ് കാർപ്പെറ്റ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം-നെയ്യാറ്റിൻകര താലൂക്കിൽ ചുള്ളിയൂർ - ചടച്ചി-മാർത്താണ്ഡം റോഡിൽ മാരായമുട്ടം ഭാഗത്ത് 1.00 കി.മീ. ദൂരം ബി.എം.&ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ 100.00 കി.മീ. റോഡുകൾ ഈ സാമ്പത്തിക വർഷത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകൾ കൂടുതൽ കാലം കേടുകൂടാതെ നിലനിൽക്കുന്നുണ്ടെന്നും ഇത്തരത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക്, റോഡിന്റെ നിർമ്മാണത്തിനായി ഉപയോഗിക്കുന്നതുകാരണം പ്ലാസ്റ്റിക് കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരമുണ്ടാക്കാനും സാധിക്കുന്നതാണ്. കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ കത്ത് നമ്പർ RW/NH/3044/24/2015/S&R(R) തീയതി 9-11-2015 പ്രകാരം ഒരു നിശ്ചിത അളവ് പ്ലാസ്റ്റിക് മാലിന്യങ്ങൾ നഗര പരിധിയുടെ 50 കി.മീ. ചുറ്റളവിനകത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വരുന്ന ദേശീയപാതകളുടെ റീസർഫസിംഗിൽ ഉപയോഗിക്കുന്ന ബിറ്റുമിനസ് ഹോട്ട് മിക്സിൽ ചേർക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പ്ലാസ്റ്റിക് മിശ്രണം ചെയ്ത ടാർ ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡുകളെ സംബന്ധിച്ച് IRC പഠനം നടത്തുകയും ഇത്തരത്തിൽ നിർമ്മിച്ച റോഡുകളുടെ നേട്ടങ്ങളെക്കുറിച്ച് IRC SP 98-2013-ൽ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിലവിലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ചുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടപ്പാക്കിവരുന്നു. നിലവിലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റുകളുടെകൂടി അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്കായുള്ള പേയ്മെന്റ് നൽകുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിഭാഗം കാര്യക്ഷമതയോടെ പ്രവർത്തിച്ചുവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കുകയും പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിനായി പ്രൈസ് സോഫ്റ്റ്‌വെയർ, എൻ.ഐ.സി.(നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ)യുമായി സഹകരിച്ച് രൂപകല്പന ചെയ്ത് നടപ്പിലാക്കി. ഇ-ടെണ്ടറിംഗ് സിസ്റ്റം നടപ്പിലാക്കിയതുവഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യമാക്കുവാനും സാധിച്ചിട്ടുണ്ട്. MoRTH specification-ഉം, ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും നടപ്പാക്കിയതുവഴി പ്രവൃത്തികളെ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താനും സാധിച്ചിട്ടുണ്ട്. റോഡ് വികസന പദ്ധതികൾ അഴിമതിരഹിതമാക്കുന്നതിന്റെ ഭാഗമായി 5 ലക്ഷം രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് തുക വരുന്ന എല്ലാ പ്രവൃത്തികളുടെയും ടെണ്ടർ, ഇ-ടെണ്ടർ വഴിയാണ് സ്വീകരിക്കുന്നത്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി 2-tier Quality Control System നിലവിലുണ്ട്. 5 കോടി രൂപയ്ക്ക് പുറത്തുവരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് ടെക്നിക്കൽ ഓഡിറ്റിംഗ് നടത്താൻ പുതുക്കിയ മാന്വൽ

പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരുടെ ബില്ലുകൾ ഇ-പേയ്മെന്റ് മുഖാന്തരമാണ് നൽകുന്നത്. ഇതുകൂടാതെ സോഷ്യൽ ഓഡിറ്റിംഗിലൂടെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വകുപ്പിന്റെ വിജിലൻസ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു.

**ആറൻമുളയിലെ നബാർഡ് പ്രവൃത്തികൾ**

219 (2971) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ നബാർഡ് സഹായത്താൽ ഭരണാനുമതി ലഭിച്ചതും ആറൻമുള നിയോജക മണ്ഡലത്തിൽപ്പെടുന്നതുമായ പൊതുമരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തികളുടെ അടങ്കൽ തുകയും നിലവിലുള്ള സ്ഥിതിയും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കെട്ടിട വിഭാഗത്തിലും ദേശീയപാത വിഭാഗത്തിലുമില്ല. നിരത്തുവിഭാഗത്തിൽ നബാർഡ് ആർ.ഐ.ഡി.എഫ്. XIX-ൽ ഉൾപ്പെട്ട providing 50mm BM & 25mm BC to Malakkara Kurichimuttom road km 0/000 to 8/500 എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

അടങ്കൽ തുക - 650 ലക്ഷം രൂപ - പ്രവൃത്തി പൂർത്തീകരിച്ചു.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി കേസ്സുകളിൽ വിജിലൻസ് അന്വേഷണം**

220 (2972) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ എത്ര അഴിമതി കേസ്സുകളിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്; ഇതിൽ എത്രയെണ്ണത്തിന് ചാർജ്ജ്ഷീറ്റ് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ UDF ഭരണകാലത്ത് പൊതുമരാമത്ത് വകുപ്പും ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട് അഴിമതിയും ക്രമവിരുദ്ധമായ നടപടികളും നടത്തിയെടുക്കുന്നത് കാണിച്ച് അന്നത്തെ വിജിലൻസ് ഡയറക്ടറായിരുന്ന

ശ്രീ.വിൻസെന്റ് എം.പോൾ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ടി വിഷയത്തിൽ ബന്ധപ്പെട്ടവർക്കെതിരെ ശിക്ഷാ-നിയമനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വന്നു ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ 12 വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കേസ്സുകളിൽ ചാർജ്ജ്ഷീറ്റ് നൽകിയിട്ടില്ല. അന്വേഷണം പുരോഗമിക്കുന്നു.

(ബി) റിപ്പോർട്ട് അംഗീകരിച്ചിട്ടില്ല. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല. പ്രസ്തുത റിപ്പോർട്ടിൽ പ്രത്യേകിച്ച് ഒരു ഉദ്യോഗസ്ഥനേയും പരാമർശിക്കപ്പെട്ടിട്ടില്ല. ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിവിധ ഉദ്യോഗസ്ഥർ എന്നാണ്. പേരുകളില്ല. റിപ്പോർട്ട് സർക്കാർ ചർച്ച നടത്തി അംഗീകരിച്ചിട്ടില്ല. അതിനാൽ മേൽനടപടി ഇതുവരെ ഉണ്ടായിട്ടില്ല.

## പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

221 (2973) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് ബിറ്റുമിനൊപ്പം പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്ലാസ്റ്റിക് ഉപയോഗിച്ച് സംസ്ഥാനത്ത് എത്ര റോഡുകൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(സി) ഇന്ത്യൻ റോഡ് കോൺഗ്രസ്സിന്റെ ശിപാർശകൾ അനുസരിച്ചാണോ പ്ലാസ്റ്റിക് വസ്തുക്കൾ റോഡുപണിക്ക് ഉപയോഗിക്കുന്നതെന്നും ഇത് സംസ്ഥാനത്തിന് ഗുണകരമാണോയെന്നും വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്. ഇതിനായി ശുദ്ധീകരിച്ച ഉപയോഗശൂന്യമായ ഷ്രെഡഡ് പ്ലാസ്റ്റിക് ബിറ്റുമിനോടൊപ്പം ചേർത്ത് ഉപയോഗിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ ശിപാർശകൾ അനുസരിച്ചാണ് പ്ലാസ്റ്റിക് വസ്തുക്കൾ റോഡുപണിക്കായി ഉപയോഗിക്കുന്നത്. 2013-ൽ ഇന്ത്യൻ റോഡ് കോൺഗ്രസ് (IRC)-SP-98-2013 പ്രകാരം പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്. ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതുവഴി പ്ലാസ്റ്റിക്കുകൊണ്ട് സംസ്ഥാനത്തുണ്ടാകുന്ന പരിസ്ഥിതി പ്രശ്നം ഒരു പരിധിവരെ നിയന്ത്രിക്കാനാകുന്നതാണ്.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

222 (2974) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) അവ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിലവിലെ പൊതുമരാമത്ത് മാന്വൽ അനുസരിച്ചുള്ള ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് പ്രവർത്തനം നടപ്പിലാക്കിവരുന്നു. നിലവിലെ പൊതുമരാമത്ത് വകുപ്പ് മാന്വൽ അനുസരിച്ച് പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റിന്റെയുംകൂടി അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്കായുള്ള പേയ്മെന്റ് നടത്തിവരുന്നത്. പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് മാന്വൽ പരിഷ്കരിച്ചത് മുഖേന

ഉദ്യോഗസ്ഥരുടെ അധികാരങ്ങൾ പുനഃക്രമീകരിച്ചതിനാൽ പ്രവൃത്തികൾ ത്വരിതപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. ഓൺലൈൻ സംവിധാനമായ PRICE (Project Information and Cost Estimation) നടപ്പിലാക്കിയതുവഴി എസ്റ്റിമേറ്റ് തയ്യാറാക്കി അവ അംഗീകരിക്കുന്നതിനുള്ള കാലതാമസമൊഴിവാക്കാൻ കഴിയുന്നുണ്ട്. ഇ-ടെണ്ടറിംഗ്, ഇ-പേയ്മെന്റ് സംവിധാനങ്ങൾ വഴി വകുപ്പിന്റെ പ്രവർത്തനങ്ങൾ വേഗത്തിലും സുതാര്യവും ആക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലാ/റീജിയണൽ ലാബുകൾക്കും ഒരു മൊബൈൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറി വാൻ വാങ്ങി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. കൂടാതെ ജനപ്രതിനിധികളെ ഉൾപ്പെടുത്തി സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. ആലപ്പുഴ, വയനാട് ജില്ലകളിലെ ചില പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കി. പ്ലാസ്റ്റിക്, ജിയോടെക്സ്റ്റൈൽ, നാച്വറൽ റബ്ബർ എന്നിവ ഉപയോഗിക്കുന്നതിനുള്ള പുതിയ സാങ്കേതിക വിദ്യ സംബന്ധിച്ച കാര്യങ്ങൾ എഞ്ചിനീയർമാർക്ക് പകർന്നു നൽകുന്നതിന് ശില്പശാല നടത്തി.

## ചെറുവണ്ണൂർ - കൊളത്തറ റോഡ്

223 (2975) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവണ്ണൂർ കൊളത്തറ റോഡ് വീതികൂട്ടി നവീകരിക്കുന്ന പ്രവൃത്തി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രവൃത്തികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ബേപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവണ്ണൂർ-കൊളത്തറ റോഡ് വീതികൂട്ടി നവീകരിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## ചെങ്ങന്നൂർ -ഏറ്റുമാനൂർ കെ.എസ്.ടി.പി. റോഡ്

224 (2976) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ-ഏറ്റുമാനൂർ കെ.എസ്.ടി.പി. റോഡിൽ ഇറപ്പുഴ പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന

ക്നാനായ സഭയുടെ കുരിശ്ശടി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) കുരിശ്ശടി മാറ്റുന്നതുമായി ബന്ധപ്പെട്ട് ക്നാനായ സഭയും കഴിഞ്ഞ സർക്കാരുമായി ഉണ്ടാക്കിയ കരാർ നടപ്പാക്കി കെ.എസ്.ടി.പി. റോഡ് പണി വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇറപ്പുഴ പാലത്തിന്റെ വടക്കുഭാഗത്ത് പുറമ്പോക്ക് ഭൂമിയിൽ കുരിശ്ശടി നിൽക്കുന്നതിനാൽ അപ്രോച്ച് റോഡിന്റെ പണികൾ നടക്കുന്നില്ല. 13-5-2014-ൽ മേൽപ്പറഞ്ഞ സ്ഥലത്ത് നിൽക്കുന്ന കുരിശുപള്ളിയും അനുബന്ധ വസ്തുവകകളും എത്രയും പെട്ടെന്ന് പൊളിച്ച് നീക്കംചെയ്യുന്നതിനുള്ള നടപടികൾ കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് പള്ളി അധികാരികൾക്ക് കത്ത് നൽകിയെങ്കിലും ഇതുവരെയും കുരിശുപള്ളി പൊളിച്ച് നീക്കംചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ചെങ്ങന്നൂർ എം.എൽ.എ.-യുടെ നേതൃത്വത്തിൽ 2016 ആഗസ്റ്റ് മാസം രണ്ടാം തീയതി പള്ളി അധികാരികളും കെ.എസ്.ടി.പി. അധികൃതരും കല്ലിശ്ശേരി റസ്റ്റ് ഹൗസിൽ ഒരു യോഗം കൂടിയിരുന്നു. പള്ളി അധികാരികൾ സ്വയമായി കുരിശുപള്ളി പൊളിച്ചുനീക്കാത്ത സാഹചര്യത്തിൽ ജില്ലാ കളക്ടറോട്, സമവായത്തിലൂടെ ഈ കുരിശുപള്ളി നീക്കുവാൻ നിർദ്ദേശിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു. കുരിശ്ശടി മാറ്റി സ്ഥാപിച്ചാൽ ഉടൻതന്നെ തുടർ പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൊടുവായൂർ-നെന്മാറ ബൈപ്പാസ്സുകൾ

225 (2977) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച നെന്മാറ നിയോജക മണ്ഡലത്തിലെ കൊടുവായൂർ, നെന്മാറ ബൈപ്പാസ്സുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പ്രവൃത്തികളുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്;

(സി) ബൈപ്പാസ് റോഡുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) 27-9-2016-ലെ സ.ഉ. (സാധാ)നമ്പർ 1324/2016/പൊ.മ.വ. പ്രകാരം കൊടുവായൂർ, നെന്മാറ ബൈപ്പാസ്സുകൾക്ക് യഥാക്രമം 15 കോടി, 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ബൈപ്പാസ്സുകളുടെ നിർമ്മാണത്തിന് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ തീരുമാനിക്കുന്നതിന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയശേഷം ആയത് പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

**ബൈപ്പാസ്സുകളുടെ പണി പൂർത്തീകരിക്കാൻ നടപടി**

226 (2978) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006 മുതൽ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ എത്ര ബൈപാസ് റോഡുകളാണ് പാലക്കാട് ജില്ലയിൽ ഉള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര ബൈപ്പാസ്സുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2006 മുതൽ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയ 6 ബൈപ്പാസ് റോഡുകളാണ് പാലക്കാട് ജില്ലയിലുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

1. തത്തമംഗലം ബൈപ്പാസ്
2. കൊല്ലങ്കോട് ബൈപ്പാസ്
3. ഒറ്റപ്പാലം ബൈപ്പാസ്
4. മണ്ണാർക്കാട് മിനി ബൈപ്പാസ്
5. കൊടുവായൂർ ബൈപ്പാസ്
6. നെന്മാറ ബൈപ്പാസ്

(ബി) ഇവയിൽ മണ്ണാർക്കാട് മിനി ബൈപ്പാസ് നിർമ്മാണം പൂർത്തിയായി.

## കരുനാഗപ്പള്ളി ഫ്ലൈഓവർ

227 (2979) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത വികസിപ്പിക്കുമ്പോൾ കരുനാഗപ്പള്ളി പട്ടണത്തിൽ എവിടെ മുതൽ എവിടെ വരെയാണ് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ;

(ബി) പദ്ധതി പ്രകാരം നിലവിലെ റോഡ്, ഫ്ലൈ ഓവറായി പരിവർത്തനം ചെയ്യപ്പെടുകയാണോ എന്ന് വിശദീകരിക്കുമോ;

(സി) ദേശീയ പാതാ വികസനത്തിന് കരുനാഗപ്പള്ളി നഗരത്തിൽ എത്ര സ്ഥലം അക്വയർ ചെയ്യേണ്ടിയിരിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്ലാൻ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ചേർത്തല മുതൽ കഴക്കൂട്ടം വരെ ദേശീയപാത നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി ദേശീയപാത വികസന അതോറിറ്റി M/s. SMEC Pvt. Ltd., New Delhi എന്ന കൺസൾട്ടന്റ് വഴി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഇതിന്റെ രൂപരേഖ (അലൈൻമെന്റ്) സർക്കാർ പൊതുവിൽ അംഗീകരിക്കുകയും നാഷണൽ ഹൈവേയുടെ സെൻട്രൽ ലൈൻ അടയാളപ്പെടുത്തുന്ന പ്രവൃത്തി പുരോഗമിച്ചുവരുകയും ചെയ്യുന്നു. പ്രസ്തുത രൂപരേഖ പ്രകാരം കരുനാഗപ്പള്ളിയിൽ ചെയിനേജ് 469/870 മുതൽ 470/853 വരെ 983 മീറ്റർ എലിവേറ്റഡ് പാതയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(സി&ഡി) അന്തിമ രൂപരേഖ പൂർത്തിയാക്കി നാഷണൽ ഹൈവേ ആക്ട് 1956 പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് 3(എ) വിജ്ഞാപനം പുറപ്പെടുവിച്ച ശേഷമേ കരുനാഗപ്പള്ളിയിൽ എത്ര സ്ഥലം അക്വയർ ചെയ്യണമെന്ന് അറിയാൻ സാധിക്കുകയുള്ളൂ.

## വള്ളിക്കുന്നം ഹോമിയോ ആശുപത്രി കെട്ടിടം

228 (2980) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വള്ളിക്കുന്നം ഹോമിയോ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് 2016-17-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിയ്ക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) വള്ളിക്കുന്നം ഹോമിയോ ആശുപത്രിയുടെ കെട്ടിട നിർമ്മാണത്തിന് 2016-17-ലെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ തുക അനുവദിക്കുന്നതിനുവേണ്ടി സമർപ്പിച്ച 25 ലക്ഷം രൂപയുടെ പ്രൊപ്പോസലിൽ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ആയത് തയ്യാറാകുന്ന മുറയ്ക്ക് ഭരണാനുമതിക്ക് ബന്ധപ്പെട്ട വകുപ്പിന് സമർപ്പിക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയാൻ നടപടി**

229 (2981) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര അഴിമതി കേസ്സുകൾ കണ്ടെത്തിയിട്ടുണ്ടെന്നും ഇതിൽ എത്ര പേർക്കെതിരെ നടപടി എടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ അഴിമതി നിർമ്മാർജ്ജനത്തിനായി മിന്നൽ പരിശോധനകളുടെ അന്വേഷണങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്കെതിരെ ഉചിതമായ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നുണ്ട്. വകുപ്പിലെ ഇന്റേണൽ വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി പരിശോധന നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രവൃത്തികളിൽ സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ വിജിലൻസ് വകുപ്പിന്റെയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും ഇടപെടലുകളും അഴിമതി തടയുന്നതിന് സഹായകരമാകുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച് 12 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8 പേരെ സ്ഥലംമാറ്റുകയും 9 പേരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് വകുപ്പിലെ വിജിലൻസ് വിഭാഗം 57-ഓളം ഉദ്യോഗസ്ഥർക്കെതിരെ ഇതര നടപടി എടുത്തിട്ടുണ്ട്. നടപടി എടുത്തവരിൽ ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ, ആഫീസ് ജീവനക്കാർ എന്നിവർ ഉൾപ്പെടുന്നു.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തൽ**

230 (2982) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. വി. ഡി. സതീശൻ:

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഈ സർക്കാർ പുതിയതായി നടപ്പിലാക്കിയ സംവിധാനം വ്യക്തമാക്കുമോ?

(ബി) പൊതുമരാമത്ത് പ്രവൃത്തികൾക്ക് ഇ -ടെണ്ടർ വ്യാപിപ്പിക്കുന്ന പദ്ധതി പുതിയതായി ഏതൊക്കെ മേഖലകളിൽ നടപ്പിലാക്കി;

(സി) പൊതുമരാമത്ത് പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങൾ വിശദമായി ജനങ്ങൾക്ക് അറിയുവാൻ കഴിയുംവിധം ജി.ഐ.എസ്. അടിസ്ഥാനമാക്കിയുള്ള ഒരു സംവിധാനത്തിലൂടെ ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം പ്രാവർത്തിക മാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിൽ അഴിമതി തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും അതുമൂലം വകുപ്പിന്റെ പ്രവർത്ത നത്തിലുണ്ടായിട്ടുള്ള വ്യത്യാസങ്ങൾ എന്തൊക്കെയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിച്ചു പ്രവർത്തനം നടപ്പിലാക്കിവരുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ മെച്ചപ്പെടുത്തി അഴിമതിരഹിതവും സുതാര്യതയും ഉറപ്പുവരുത്തുന്നതിനുവേണ്ടി സോഷ്യൽ ആഡിറ്റിംഗ് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളിലേയ്ക്കും ജില്ലാ ലാബുകളിലേയ്ക്കും ആധുനിക ഗുണനിലവാര പരിശോധന യന്ത്രങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

(ബി) പൊതുമരാമത്ത് വകുപ്പിൽ 5 ലക്ഷം രൂപയ്ക്കുമേൽ വരുന്ന എല്ലാ പ്രവൃത്തികളും ഇ-ടെണ്ടറിംഗ് സംവിധാനം മുഖേനയാണ് നടപ്പിലാക്കുന്നത്.

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും വകുപ്പ് പരിപാലിച്ച് വരുന്നതുമായ പാലങ്ങളുടെയും റോഡുകളുടെയും ജി.ഐ.എസ്. മാപ്പുകളുടെ തയ്യാറാക്കലും അതിന്റെ പുതുക്കലും ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കിയ കെ.എസ്.റ്റി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളത്. ഇതിന്റെ അപ്ഡേഷൻ 2007 വരെ മാത്രമേ ചെയ്യാൻ സാധിച്ചിട്ടുള്ളൂ. കെ.എസ്.റ്റി.പി.-യുടെ രണ്ടാംഘട്ട പദ്ധതിയിൽ ജി.ഐ.എസ്. സോഫ്റ്റ്‌വെയറിന്റെയും സിസ്റ്റത്തിന്റെയും നിലവാരമുയർത്തൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽ പ്രവൃത്തികളുടെ ക്വാളിറ്റി ഓഡിറ്റിംഗ് നിലവിലെ പൊതുമരാമത്ത് മാന്വൽ അനുസരിച്ച് നടപ്പിലാക്കിവരികയും പ്രവൃത്തികളുടെ ബില്ലിനോടൊപ്പം ക്വാളിറ്റി കൺട്രോൾ ലാബുകളുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റിന്റെയുംകൂടി അടിസ്ഥാനത്തിലാണ് പ്രവൃത്തികൾക്കായുള്ള പേമെന്റ് നൽകുന്നത്. ഇതു മുഖേന പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുവാൻ സാധിക്കുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ 5 ലക്ഷം രൂപയ്ക്കുമേൽ വരുന്ന പ്രവൃത്തികൾ ഇ-ടെണ്ടറിംഗ് സംവിധാനം മുഖേന നടപ്പിലാക്കിയതുവഴി ടെണ്ടർ നടപടികൾ സുതാര്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു വിജിലൻസ് വിഭാഗം കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾ കൂടുതൽ അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് സോഷ്യൽ ആഡിറ്റിംഗ് നടപ്പിലാക്കുന്ന കാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

**മാന്ദ്യവിരുദ്ധ പാക്കേജ്**

231 (2983) <u>ശ്രീ. പി. ടി. തോമസ് :</u>

<u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പാലങ്ങൾ, ഫ്ളൈ ഓവറുകൾ, അണ്ടർ പാസ്സേജുകൾ, ബൈപ്പാസ്സുകൾ, റെയിൽവേ പാളങ്ങൾ എന്നിവ നിർമ്മിക്കുന്ന പദ്ധതി പ്രകാരം, ഏറ്റെടുത്ത് പണി ആരംഭിച്ചവ ഏതൊക്കെയാണ്;

(ബി) ഏതൊക്കെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയത്;

(സി) പ്രസ്തുത പദ്ധതികൾക്കായി നടപ്പുവർഷം എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി G.O (Rt) No.1496/ 2016/ PWD dated 31-10-2016 ഉത്തരവ് പ്രകാരം 75 പാലങ്ങൾക്കായി കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കി പ്രവൃത്തി ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതിൽ 19 പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരികയാണ്. 27-9-2016-ലെ G.O. (R.T) No. 1324/16/PWD പ്രകാരം ഭരണാനുമതി ലഭിച്ച 18 റെയിൽവേ മേൽപ്പാലങ്ങളിൽ 6 എണ്ണത്തിന്റെ ഡി.പി.ആർ. കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള പദ്ധതികളുടെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 60 ലക്ഷം രൂപ ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

**പദ്ധതികൾക്ക് ഭരണാനുമതി**

232 (2984) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പദ്ധതികൾക്ക് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്; നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരു വിവരവും അനുവദിക്കപ്പെട്ട തുകയും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**തൃക്കുന്നപ്പുഴ-വലിയഴീക്കൽ പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

233 (2985) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ, കൊല്ലം ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന തൃക്കുന്നപ്പുഴ-വലിയഴീക്കൽ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണപ്രവർത്തനം നടക്കുന്നത്;

(സി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പാരിസ്ഥിതിക അനുമതി നിർബന്ധമാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അനുമതി ലഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) ഏത് അതോറിറ്റിയാണ് ഈ പാലത്തിന്റെ പണിക്ക് പാരിസ്ഥിതികാനുമതി നൽകേണ്ടതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃക്കുന്നപ്പുഴ-വലിയഴീക്കൽ പാലത്തിന്റെ പൈൽ, പൈൽക്യാപ്, പിയർ, പിയർക്യാപ് എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ജില്ലാ പതാക നൗക അടിസ്ഥാന സൗകര്യ വികസന പദ്ധതി (District Flag ship Infrastructure Project)- യിൽ ഉൾപ്പെടുത്തിയാണ് നിർമ്മാണ പ്രവർത്തനം നടക്കുന്നത്.

(സി) ഉണ്ട്. അനുമതി ലഭിക്കുന്നതിന് Centre for Earth Science, Kerala Coastal Zone Management Authority എന്നിവർക്ക് കത്ത് നൽകിയിട്ടുണ്ട്.

(ഡി) Kerala Coastal Zone Management Authority ആണ് ഈ പ്രവൃത്തിയ്ക്ക് പാരിസ്ഥിതികാനുമതി നൽകേണ്ടത്.

**ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവ് പാലം**

234 (2986) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ അസംബ്ലി മണ്ഡലത്തിലെ പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തിനേയും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവ് ഭാഗത്ത് പാലം നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന്റെ കാലികസ്ഥിതി വിശദമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തരൂർ അസംബ്ലി മണ്ഡലത്തിലെ പെരിങ്ങോട്ടുകുർശ്ശി ഗ്രാമപഞ്ചായത്തിനേയും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലെക്കിടി പേരൂർ ഗ്രാമപഞ്ചായത്തിനേയും ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻകടവ് ഭാഗത്ത് പാലം നിർമ്മിക്കുന്നതിന് 13-9-2010-ലെ സ.ഉ(സാധാ)നമ്പർ 1454/2010/പൊ.മ.വ.. ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്നു. 18-2-2011-ലെ സ.ഉ. (സാധാ)നമ്പർ 273/2011/പൊ.മ.വ. പ്രകാരം 25 ലക്ഷം രൂപ പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ വർക്കിനായി അനുവദിച്ചിരുന്നു. അതിനു പുറമേ ടി പ്രവൃത്തിക്ക് G.O (Rt) No. 1433/2012/PWD dated 13-8-2012 പ്രകാരം 5 ലക്ഷം രൂപ അധികമായി ടോപോഗ്രാഫിക്കൽ സർവ്വേയ്ക്കും, സോയിൽ ഇൻവെസ്റ്റിഗേഷൻ വർക്കിനുമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പാലത്തിന്റെ ഭാഗമായ റെയിൽവേ മേൽപ്പാലത്തിന്റെ GAD തയ്യാറാക്കുന്നതിന് റെയിൽവേയ്ക്ക് നല്കാനുള്ള സെന്റേജ് ചാർജ്ജായ 8.64 ലക്ഷം രൂപ 5-3-2017-ലെ G.O (Rt) No. 269/2017/PWD പ്രകാരം അനുവദിച്ചിട്ടുമുണ്ട്.

(ബി) പ്രസ്തുത പാലം നിർമ്മാണത്തിന് വേണ്ടിയുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയാലേ സാങ്കേതികാനുമതി നൽകി തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**തൃക്കുറ്റിശ്ശേരി പാലം**

235 (2987) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരി - കുരാച്ചുണ്ട് പ്രധാന പാതയിലെ തൃക്കുറ്റിശ്ശേരി പാലം ഗതാഗതയോഗ്യമല്ലാതെ അപകട നിലയിൽ തുടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലം പുതുക്കി പണിയുന്നതിന് എന്താണ് തടസ്സമുള്ളതെന്ന് അറിയിക്കാമോ;

(സി) പാലം പുതുക്കി പണിയാനാവശ്യമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. താല്ക്കാലികമായി അറ്റകുറ്റപ്പണികൾ നടത്തി പാലം നിലവിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

(ബി) പാലം പുതുക്കി പണിയുന്നതിന് വേണ്ടി 148 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. എന്നാൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ ആവശ്യമായതിനാൽ 1.65 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**ഗ്രീൻബിൽഡിംഗ് കൺസപ്റ്റ് സ്വീകരിക്കുന്നതിനുള്ള നടപടികൾ**

236 (2988) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വിഭാഗം ഏറ്റെടുക്കുന്ന പുതിയ കെട്ടിട നിർമ്മാണങ്ങളുടെ രൂപകല്പനയിൽ ഗ്രീൻബിൽഡിംഗ് കൺസപ്റ്റ് സ്വീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഇതിനകം കൈക്കൊണ്ടിട്ടുള്ളത്;

(ബി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള വർക്കുകൾക്ക് ക്വാളിറ്റി ആഡിറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഏത് സ്വതന്ത്ര ഏജൻസിയാണ് ഇത് ചെയ്യുന്നത്;

(സി) ക്വാളിറ്റി ആഡിറ്റിംഗ് നടപ്പിലാക്കിയശേഷം മരാമത്ത് പണികളുടെ ഗുണനിലവാരത്തിൽ വന്ന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിലെ വാസ്തു ശില്പ വിഭാഗം രൂപകല്പന ചെയ്യുന്ന എല്ലാ കെട്ടിടങ്ങളും ഗ്രീൻ ബിൽഡിംഗ് കൺസപ്റ്റ് പ്രകാരമാണ് തയ്യാറാക്കുന്നത്.

ഹരിത നിർമ്മിതികളുടെ കേന്ദ്ര റേറ്റിംഗ് ഏജൻസിയായ ഗൃഹയുടെ (GRIHA - Green Rating of Integrated Habitat Assessment) മൂന്ന് സ്റ്റാർ പദവി ലഭ്യമാകുന്ന രീതിയിലാണ് രൂപകല്പന തയ്യാറാക്കുന്നത്. അതനുസരിച്ച് കെട്ടിടങ്ങളിൽ പരമാവധി വെളിച്ചവും വായു സഞ്ചാരവും ഉറപ്പാക്കുവാനും ഊർജ്ജ ഉപഭോഗവും ജലത്തിന്റെ ഉപഭോഗവും കുറയ്ക്കുവാനും സാധിക്കും. വകുപ്പിലെ ഉദ്യോഗസ്ഥരെ ഇക്കാര്യത്തിൽ പ്രാപ്തരാക്കുവാൻ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി&സി) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ക്വാളിറ്റി ഓഡിറ്റിംഗ് നടപ്പാക്കി വരുന്നു. പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ റീജിയണൽ ലാബുകളും, മറ്റു ജില്ലകളിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തിച്ചുവരുന്നു. ഇതു മുഖേന പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ സ്വതന്ത്ര ഏജൻസിയെ ഉപയോഗിച്ച് ക്വാളിറ്റി ഓഡിറ്റിംഗ് നടത്തുന്ന നടപടി സ്വീകരിച്ചിട്ടില്ല.

**നെയ്യാറ്റിൻകരയിലെ നിർമ്മാണ പ്രവർത്തനങ്ങൾ**

237 (2989) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ 2012 മുതൽ 2016 വരെ നിർമ്മാണം നടത്തിയ പുതിയ കെട്ടിടങ്ങളിലെ അഴിമതി സംബന്ധിച്ച് നല്കിയ പരാതിയിൻമേലുള്ള അന്വേഷണ സ്ഥിതി വ്യക്തമാക്കുമോ;

(ബി) കളിയിക്കാവിള-കരമന എൻ.എച്ച്.-ന്റെ നിർമ്മാണ പുരോഗതി എന്തായെന്ന് അറിയിക്കുമോ; ശേഷിക്കുന്ന ബാലരാമപുരം കൊടിനട മുതൽ വഴിമുക്ക് വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി എന്തായി; വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭൂമി ഏറ്റെടുക്കലിന്റെയും മറ്റ് നടപടികളുടെയും പുരോഗതി എന്തായി;

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആയയിൽ, കന്നിപ്പുറം പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ഡി) നെയ്യാറിന് കുറുകെ കുളത്തൂർ പഞ്ചായത്തിലെ മാവിളക്കടവ് പാലം നവീകരണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കിഫ്ബി ഫണ്ട് ഉപയോഗിച്ച് നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്ലാത്താങ്കര-ഉദിയൻകുളങ്ങര, ഉദിയൻകുളങ്ങര-പിനയംമുട്ട്, മാവിളക്കടവ്-പഴയകട റോഡുകളുടെ പ്രവൃത്തിയുടെ പുരോഗതി എന്തായെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര നിയമസഭാ മണ്ഡലത്തിൽ 2012 മുതൽ 2016 വരെ നിർമ്മാണം നടത്തിയ പുതിയ കെട്ടിടങ്ങളിലെ അഴിമതി സംബന്ധിച്ച് ശ്രീ.കെ.ആൻസലൻ എം.എൽ.എ. ബഹു. മന്ത്രിക്ക് പരാതി നൽകിയിരുന്നു. പൊതുമരാമത്ത് വിജിലൻസിന്റെ നിർദ്ദേശപ്രകാരം തിരുവനന്തപുരം കെട്ടിട വിഭാഗം എക്സി.എഞ്ചിനീയർ നിർമ്മാണ പ്രവൃത്തികൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

(ബി) ദേശീയപാത 47- ന്റെ കരമന മുതൽ കളിയിക്കാവിള വരെയുള്ള ഭാഗം നാലുവരിപാതയായി വികസിപ്പിക്കുന്നതിന്റെ ഒന്നാം ഘട്ടം രണ്ടാം റീച്ചായ പ്രാവച്ചമ്പലം മുതൽ വഴിമുക്ക് വരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ പ്രവൃത്തിയ്ക്കായി 153 കോടി രൂപ കിഫ്ബിയിൽ ഉൾപ്പെടുത്തി സർക്കാർ നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ പുരോഗമിക്കുന്നത്. ഇതിൽ പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനായി അഞ്ച് തവണകളായി അനുവദിച്ച 266.67 കോടി രൂപ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്. ഇതിൽ 122.46 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള 1.5 കി.മീ. ഭാഗത്തെ 2.0769 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും. ഇതിനായി ഉദ്ദേശം 98.097 കോടി രൂപ ആവശ്യമാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാവച്ചമ്പലം മുതൽ ബാലരാമപുരം വരെയുള്ള 5 കി.മീ. 3.25 കി. മീ. ഭാഗത്തെ സ്ഥലം റവന്യൂ വകുപ്പ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ട്. ഏറ്റെടുത്ത സ്ഥലങ്ങളിലുള്ള ചമയങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. ബാലരാമപുരം മുതൽ വഴിമുക്ക് വരെയുള്ള സ്ഥലം പുതിയ എൽ. എ. ആക്റ്റ് 2013 പ്രകാരം ഏറ്റെടുക്കുന്നതിനുള്ള റവന്യൂ നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ

പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്. കരമന കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണത്തിന്റെ രണ്ടാംഘട്ടമായ വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള റോഡ് നിർമ്മാണവും സ്ഥലമെടുപ്പും ഉൾപ്പെടുന്ന വിശദമായ പദ്ധതി രൂപരേഖ പൊതുമരാമത്ത് വകുപ്പിന്റെ ഡിസൈൻ വിഭാഗമായ പ്രോജക്ട് പ്രിപ്പറേഷൻ യൂണിറ്റ് തയ്യാറാക്കി വരുന്നു.

(സി) നെയ്യാറ്റിൻകര മണ്ഡലത്തിലെ ആയയിൽ, മുള്ളറവിള പാലം, കന്നിപ്പുറം പാലം എന്നിവയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) നെയ്യാറിന് കുറുകെ കുളത്തൂർ പഞ്ചായത്തിലെ മാവിളക്കടവ് പാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുവേണ്ടി 22 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) നെയ്യാറ്റിൻകര മണ്ഡലത്തിലെ വ്ലാത്താങ്കര - ഉദിയൻകുളങ്ങര - വട്ടവിള - പിരായുംമൂട് - മാവിളക്കടവ് - തിരുപുറം എന്നീ റോഡുകളുടെ പുനരുദ്ധാരണ പണികൾക്കായി (ബി.എം. & ബി.സി. ഉപയോഗിച്ച്) 9.44 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി 10 കോടി രൂപയിൽ താഴെയായതിനാൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**ദേശീയപാത 66- ലെ പ്രവൃത്തികളുടെ പുരോഗതി**

238 (2990) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയപാത 66 -ൽ പയ്യന്നൂർ മുതൽ പാപ്പിനിശ്ശേരിവരെയുള്ള ഭാഗത്ത് റോഡ് വീതികൂട്ടൽ, വളവ് നിവർത്തൽ, ഓവുചാൽ, ഫുട്പാത്ത്, ഡിവൈഡർ നിർമ്മാണം എന്നിവ നടത്തുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തന പുരോഗതി അറിയിക്കുമോ; പ്രവൃത്തി എപ്പോഴേയ്ക്ക് പൂർത്തിയാകും; വിശദാംശം നൽകുമോ?

ഉത്തരം

ദേശീയപാത 66 ൽ പയ്യന്നൂർ മുതൽ പാപ്പിനിശ്ശേരി വരെയുള്ള ഭാഗത്ത് കി.മീ. 104/000 മുതൽ 126/000 (കാലിക്കടവ് മുതൽ പരിയാരം) വരെ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി റോഡ് വീതി കൂട്ടൽ, വളവ് നിവർത്തൽ, ഓവുചാൽ, ഫുട്പാത്ത്,

ഡിവൈഡർ നിർമ്മിക്കുന്നതിനായി 668.36 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഡ്രെയിനേജ് നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. വീതികൂട്ടൽ പ്രവൃത്തിയും ബി.എം. പ്രവൃത്തിയും പുരോഗമിക്കുന്നു. എഗ്രിമെന്റ് പ്രകാരം 11-4-2017-ലാണ് പദ്ധതി പൂർത്തീകരിക്കേണ്ടത്. എന്നാൽ അധിക പ്രവൃത്തികൾ നടപ്പാക്കേണ്ടതിനാൽ 31-5-2017-നകം ഈ പദ്ധതി പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**രജിസ്ട്രാർ ഓഫീസുകളിൽ ഇ-പേമെന്റ് സംവിധാനം**

239 (2991) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രാർ ഓഫീസുകൾ അഴിമതിരഹിതവും കറൻസി രഹിതവുമാക്കുന്നതിനായി ഇ-പേമെന്റ് സിസ്റ്റം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇ-പേമെന്റ് സിസ്റ്റം പൂർണ്ണമായി നടപ്പാക്കണമെങ്കിൽ മുഴുവൻ ട്രഷറികളെയും കോർബാങ്കിങ്ങ് ശൃംഖലയുമായി ബന്ധിപ്പിക്കേണ്ടതുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) സബ് രജിസ്ട്രാർ ഓഫീസിലെ ഇന്റർനെറ്റ് സംവിധാനത്തിന്റെ ശേഷിയും ഉയർത്തേണ്ടി വരുമോ;

(ഡി) ഇ-പേമെന്റ് സംവിധാനം സബ് രജിസ്ട്രാർ ഓഫീസുകളിൽ പൂർണ്ണമായും എന്ന് മുതൽ പ്രാബല്യത്തിൽ വരും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ അവലംബിച്ചിരിക്കുന്നത് നെറ്റ് ബാങ്കിംഗ് മുഖേന തുക ഒടുക്കുന്നതിനുള്ള സൗകര്യവും അതോടൊപ്പം തന്നെ നെറ്റ് ബാങ്കിംഗ് സൗകര്യം ഇല്ലാത്തവർക്കായി ചെല്ലാൻ മുഖേന തുക ഏതെങ്കിലും ട്രഷറിയിൽ ഒടുക്കുന്നതിനുമാണ്. ഈ സൗകര്യം കാര്യക്ഷമമാക്കുന്നതിനായി മുഴുവൻ ട്രഷറികളെയും കോർബാങ്കിംഗ് ശൃംഖലയുമായി ബന്ധിപ്പിക്കേണ്ടതുണ്ട്.

(സി) ഇന്റർനെറ്റ് സംവിധാനത്തിന്റെ ശേഷി ഉയർത്തേണ്ടിവരും.

(ഡി) ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 313 സബ് രജിസ്ട്രാർ ഓഫീസുകളിൽ രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിനുള്ള ഇപേമെന്റ് സൗകര്യം 21-2-2017 മുതൽ പ്രവർത്തന സജ്ജമാണ്. അടുത്ത ഘട്ടമായി ഇ-സ്റ്റാമ്പിംഗ് നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-സ്റ്റാമ്പിംഗ് പദ്ധതി

240 (2992) <u>ശ്രീ. ഇ. പി. ജയരാജൻ:</u>

<u>ശ്രീ. വി. കെ. സി. മമ്മത് കോയ:</u>

<u>ശ്രീ. പി. കെ. ശശി:</u>

<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഏതെല്ലാം പ്രവർത്തന മേഖലകളിലാണ് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വ്യാജ മുദ്രപ്പത്രങ്ങൾ തടയുന്നതിന്റെ ഭാഗമായി മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ തയ്യാറാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) സബ് രജിസ്ട്രാർ ഓഫീസുകളിലെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള സേവനങ്ങൾക്കുള്ള ഫീസുകൾ ഇ-പേയ്മെന്റായി സ്വീകരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) രജിസ്ട്രേഷൻ വകുപ്പിൽ, ആധാര രജിസ്ട്രേഷൻ, ബാധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹ രജിസ്ട്രേഷൻ, സൊസൈറ്റി രജിസ്ട്രേഷൻ, പാർട്ട്ണർഷിപ്പ് രജിസ്ട്രേഷൻ, ഭരണപരമായ ഫയലുകളുടെ നടപടികൾ, ജീവനക്കാരുടെ ശമ്പളവും മറ്റ് ട്രഷറി ഇടപാടുകളും, നികുതികൾ ഇന്റർനെറ്റ് ബാങ്കിംഗ് മുഖാന്തരം ഒടുക്കുന്നതിനുള്ള സൗകര്യം, ടെണ്ടർ നടപടികൾ, ഭൂമിയുടെ ന്യായവില അറിയുന്നതിനുള്ള സംവിധാനം എന്നീ മേഖലകളിൽ വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ സാങ്കേതിക സഹായത്തോടെ ട്രഷറി വകുപ്പുമായി സഹകരിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് കേരള മുദ്രപ്പത്ര നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. ഇ-പേയ്മെന്റ് മുഖാന്തരം ഫീസ് ഒടുക്കിയ ശേഷം കമ്പ്യൂട്ടറിൽ നിന്നും ലഭിക്കുന്ന സ്ലിപ്പും ആധാരവുമായി സബ് രജിസ്ട്രാർ ഓഫീസിൽ നേരിട്ടെത്തി ആധാരങ്ങൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ബാധ്യതാ സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്ന സമയത്ത് അപേക്ഷാ ഫീസ് ഇന്റർനെറ്റ് മുഖാന്തരം ഒടുക്കിയതിന് ശേഷം ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റുകൾ അപേക്ഷകന് ഓഫീസിൽ നേരിട്ട് വരാതെ തന്നെ ഇന്റർനെറ്റ് മുഖാന്തരം ലഭിക്കുന്നതാണ്.

**നോട്ട് അസാധുവാക്കലിന്റെ ഫലമായി വസ്തു വിൽപ്പനയിലുണ്ടായ കുറവ്**

241 (2993) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാനത്ത് വസ്തുവില്പന കുത്തനെ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് സ്റ്റാമ്പ് ഡ്യൂട്ടി വരുമാനത്തിൽ എത്ര ശതമാനം കുറവുണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) നോട്ട് നിരോധനംമൂലം പൊതുജനങ്ങൾക്ക് രജിസ്ട്രേഷൻ തടസ്സപ്പെടാതിരിക്കുന്നതിന് ഡിമാന്റ് ഡ്രാഫ്റ്റ് മുഖാന്തരം ഫീസ് അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) നോട്ട് അസാധുവാക്കലിന്റെ ഫലമായി സംസ്ഥാനത്ത് വസ്തു വിൽപ്പന കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 5.94% കുറവ് ഉണ്ടായിട്ടുണ്ട്.

(സി) നോട്ട് പ്രതിസന്ധിമൂലം രജിസ്ട്രേഷൻ നടപടികൾ തടസ്സപ്പെടുന്നതുവഴി പൊതുജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി രജിസ്ട്രേഷൻ ഫീസ് ഡിമാന്റ് ഡ്രാഫ്റ്റ് മുഖേന സ്വീകരിക്കുന്നതിന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റസിഡന്റ്സ് അസോസിയേഷനുകൾ**

242 (2994) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന റസിഡൻസ് അസോസിയേഷനുകളിൽ ഒരു വലിയ വിഭാഗത്തിന്റെയും രജിസ്ട്രേഷൻ വർഷങ്ങളായി പുതുക്കാതെ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ചെറിയ ഫൈൻ ഈടാക്കി പുതുക്കുന്നതിനുള്ള അവസരം നീട്ടി നൽകിയിട്ടും പൂർണ്ണമായി പ്രയോജനപ്പെടുത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർഷങ്ങളായി രജിസ്ട്രേഷൻ പുതുക്കാതെ കിടക്കുന്ന റസിഡൻസ് അസോസിയേഷനുകൾക്ക് ഇത്രയും കാലത്തെ അനുബന്ധ രേഖകൾ ഹാജരാക്കുന്നതിലെ പ്രയാസം ഒഴിവാക്കുന്നതിലേയ്ക്കായി അവസാന അഞ്ചുവർഷത്തെ ജനറൽ ബോഡി യോഗ മിനിട്ട്സും വരവു ചെലവു കണക്കുകളും മാത്രം ഹാജരാക്കിയും ഹാജരാക്കാത്ത വർഷങ്ങൾക്ക് ഒരു നിശ്ചിത തുക വീതം പിഴ ഈടാക്കിയും രജിസ്ട്രേഷൻ പുതുക്കുന്നതിന് അവസരം നൽകുന്നതിന് ആലോചിക്കുന്നുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ &ബി) ഉണ്ട്.

(സി) നിലവിലുള്ള നിയമപ്രകാരമേ ചെയ്യാൻ കഴിയുകയുള്ളൂ. ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) പരിശോധിക്കുന്നതാണ്.

**കോട്ടപ്പടി സബ് രജിസ്ട്രാർ ഓഫീസിന്റെ ശോചനീയാവസ്ഥ**

243 (2995) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കോട്ടപ്പടിയിലുള്ള സബ് രജിസ്ട്രാർ ഓഫീസിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വകുപ്പ് തലത്തിൽ എന്തെങ്കിലും പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള നിർദ്ദേശം നൽകുവാനും അടിയന്തിരമായി പുതിയ കെട്ടിടം നിർമ്മിക്കുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ബാധകമല്ല.

**രജിസ്ട്രേഷൻ ഫീസുകൾക്ക് ഇ-പേമെന്റ് സംവിധാനം**

244 (2996) <u>ശ്രീ. കെ. ദാസൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ഫെബ്രുവരി മാസം മുതൽ കേരളത്തിൽ രജിസ്ട്രേഷൻ ഫീസുകൾ ഇ-പേമെന്റ് ആയി സ്വീകരിക്കുന്ന വേളയിൽ ക്രെഡിറ്റ്/ഡെബിറ്റ് കാർഡുകൾ മുഖേനയുള്ള പേയ്മെന്റുകൾ അനുവദനീയമാണോ;

(ബി) ഇ-പേമെന്റ് നടത്തി രജിസ്ട്രേഷന് സമർപ്പിച്ച ആധാരങ്ങളിൽ ഫീസ് ഇനത്തിൽ കുറവായി രജിസ്റ്ററിംഗ് ഓഫീസർമാർ കണ്ടെത്തുന്ന തുക സബ് രജിസ്ട്രാർ ഓഫീസുകളിൽ നേരിട്ട് നൽകുവാൻ അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ) അല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**റെയിൽപ്പാത ഇരട്ടിപ്പിക്കൽ**

245 (2997) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :</u> താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയം ജില്ലയിലെ റെയിൽപ്പാത ഇരട്ടിപ്പിക്കൽ മൂലമുള്ള ജനങ്ങളുടെ ആശങ്ക പരിഹരിക്കാൻ എന്തു നടപടിയാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കോട്ടയം ജില്ലയിലെ റെയിൽപ്പാത ഇരട്ടിപ്പിക്കലുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ആശങ്കയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാപ്പിൽ റസിഡന്റ്സ് അസോസിയേഷൻ**

246 (2998) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പിൽ റസിഡന്റ്സ് അസോസിയേഷൻ സെക്രട്ടറി 3-3-14-ൽ കാപ്പിൽ കണ്ണമൂട് റെയിൽവേ അടിപ്പാത നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനം 20-10-14-ൽ 12812/ഡി2/14/ഗത. നമ്പർ പ്രകാരം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിരുന്നു. ആയതിന്മേൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) കാപ്പിൽ കണ്ണമൂട് റെയിൽവേ അടിപ്പാത നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) നിവേദനത്തിന്റെ പകർപ്പ് അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും വിഭാഗം), മാനേജിംഗ് ഡയറക്ടർ, RBDCK എന്നിവർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ഇതിന്റെ സാധ്യതാ പഠന റിപ്പോർട്ട് ഇതുവരെ ലഭിച്ചിട്ടില്ല.

**റെയിൽവേ വികസനത്തിന് ആവശ്യപ്പെട്ട പദ്ധതികളും ട്രെയിനുകളും**

247 (2999) <u>ശ്രീ. ആർ. രാജേഷ്:</u>

<u>ശ്രീ. കെ. ആൻസലൻ:</u>

<u>ശ്രീ. പി. കെ. ശശി:</u>

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റെയിൽവേ വികസനത്തിനായി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ട പദ്ധതികളും ട്രെയിനുകളും ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ ഏതൊക്കെ പദ്ധതികൾ കേന്ദ്ര ബജറ്റിൽ സ്ഥാനം പിടിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) സംസ്ഥാന സർക്കാരുമായുള്ള സംയുക്ത പദ്ധതികൾ ഏതെങ്കിലും

അനുവദിച്ചിട്ടുണ്ടോ;

(ഡി) റെയിൽവേ വികസനത്തിൽ സംസ്ഥാനത്തോടു കാട്ടിയ കടുത്ത അവഗണന തിരുത്തിക്കാനായി ഏതു വിധത്തിലുള്ള സമ്മർദ്ദം ചെലുത്താൻ സാധിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട പദ്ധതികളും ട്രെയിനുകളും ചുവടെ ചേർക്കുന്നു:

<u>പദ്ധതികൾ</u>

1. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ റെയിൽ സർവ്വീസ്
2. അങ്കമാലി-ശബരി റെയിൽവേ ലൈൻ
3. നിലമ്പൂർ-നഞ്ചൻകോട് ലൈൻ
4. ഗുരുവായൂർ-തിരുനാവായ ലൈൻ
5. കൊച്ചി-മധുരൈ ലൈൻ
6. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലേയ്ക്കുള്ള റെയിൽ കണ്ടെയ്ൻ ട്രാക്ക്
7. പാലക്കാട് കോച്ച് ഫാക്ടറി
8. തലശ്ശേരി-മൈസൂർ ലൈൻ
9. റെയിൽവേ മേൽപ്പാലം- അടിപ്പാത നിർമ്മാണം
10. ചേർത്തല വാഗൺ മാനുഫാക്ച്ചറിംഗ് ഫാക്ടറി
11. എറണാകുളം- കുമ്പളം, കുമ്പളം-തുറവൂർ പാത ഇരട്ടിപ്പിക്കൽ
12. തുറവൂർ-ഹരിപ്പാട്, ഷൊർണ്ണൂർ-നിലമ്പൂർ, ചെറുവത്തൂർ-മാംഗ്ലൂർ റെയിൽ പാതയുടെ വൈദ്യുതീകരണം
13. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയും ഷൊർണ്ണൂർ മുതൽ കോയമ്പത്തൂർ വരെയുമുള്ള പാതയുടെ ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണം, ആധുനിക സിസ്റ്റം സ്ഥാപിക്കൽ, മൂന്നാമത്തെയും നാലാമത്തെയും പാതയുടെ നിർമ്മാണം, തിരുവനന്തപുരം-കന്യാകുമാരി പാത ഇരട്ടിപ്പിക്കൽ തുടങ്ങിയവ.
14. റെയിൽവേ യാത്രക്കാരുടെ സുരക്ഷിതത്വം

15. പഴയതും കാലഹരണപ്പെട്ടതുമായ കോച്ചുകൾ മാറ്റി പുതിയതരം എൽ.ബി.എച്ച്. കോച്ചുകൾ ലഭ്യമാക്കുന്നത്.

16. കോച്ചുകളിൽ ബയോ ടോയ്‌ലെറ്റ് സംവിധാനവും കൂടാതെ അടിസ്ഥാന ആവശ്യങ്ങളായ ജലം, വൈദ്യുതി തുടങ്ങിയവ ലഭ്യമാക്കുന്നതും ശുചീകരണവും.

17. കൊച്ചിൻ ഹാർബർ ടെർമിനസ്, തിരുവനന്തപുരം സെൻട്രൽ, എറണാകുളം ജംഗ്ഷൻ, നേമം, കണ്ണൂർ, ആലുവ, അങ്കമാലി, ചാലക്കുടി, കൊരട്ടി അങ്ങാടി, എറണാകുളം ഓൾഡ് റെയിൽവേ സ്റ്റേഷൻ, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കാസർഗോഡ്, കൊച്ചുവേളി ടെർമിനൽ എന്നീ റെയിൽവേ സ്റ്റേഷനുകളുടെ നവീകരണം.

18. പെനിൻസുലാർ റെയിൽവേ സോൺ

19. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിലേയ്ക്കുള്ള റെയിൽവേ സ്റ്റേഷൻ, കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലേയ്ക്കുള്ള റെയിൽവേ ലൈൻ, തിരുവനന്തപുരം-കാസർഗോഡ് അതിവേഗ റെയിൽപ്പാത, തിരുവനന്തപുരത്ത് സ്കൈ വാക്ക് തുടങ്ങിയവ.

20. അതിവേഗ ട്രെയിനുകൾ

പുതിയ ട്രെയിനുകൾ/ നീട്ടേണ്ട ട്രെയിനുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. മാംഗ്ലൂർ-തിരുവനന്തപുരം സൂപ്പർ ഡീലക്സ് എക്സ്പ്രസ്
2. കണ്ണൂർ-മാംഗ്ലൂർ ഇന്റർസിറ്റി എക്സ്പ്രസ്
3. യശ്വന്ത്പൂർ- കണ്ണൂർ എക്സ്പ്രസ്സിൽ കൂടുതൽ കോച്ചുകൾ
4. കോയമ്പത്തൂർ ഇന്റർസിറ്റി എക്സ്പ്രസ് മഡ്ഗാവ് വരെ നീട്ടുന്നത്. മഡ്ഗാവ്-മാംഗ്ലൂർ എക്സ്പ്രസ് കണ്ണൂർ വരെ നീട്ടുന്നത്. എറണാകുളം-കണ്ണൂർ എക്സിക്യൂട്ടീവ് എക്സ്പ്രസ് കാസർഗോഡ് വരെ നീട്ടുന്നത്.
5. എറണാകുളം-സേലം ഇന്റർസിറ്റി എക്സ്പ്രസ്
6. കൂടുതൽ മെമു സർവ്വീസുകൾ
7. രാമേശ്വരം-മധുരൈ വേളാംകണ്ണി എന്നിവിടങ്ങളിലേയ്ക്ക്

പാലക്കാടും-പൊള്ളാച്ചിയും വഴി ട്രെയിനുകൾ

8. രാജധാനി എക്സ്പ്രസ്സിന് കൂടുതൽ സർവ്വീസുകൾ

(ബി) പിങ്ക് ബുക്കിൽ അങ്കമാലി-ശബരി റെയിൽ ലൈനിന് 113.59 കോടിയും എക്സ്ട്രാ ബജറ്ററി റിസോഴ്സായി 100 കോടി രൂപയുമുണ്ട്. ഗുരുവായൂർ-തിരുനാവായ റെയിൽ ലൈനിന് പിങ്ക് ബുക്കിൽ പതിനെട്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(സി) 2 ഘട്ടമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുണ്ട്.

<u>ഒന്നാം ഘട്ടം</u>

1. റാപിഡ് റെയിൽ ട്രാൻസിറ്റ് സിസ്റ്റം (സബർബൻ റെയിൽ പ്രോജക്ട്)- 125.56 കി.മീ.
2. തലശ്ശേരി-മൈസൂർ -298.75 കി.മീ.
3. എറണാകുളം പഴയ റെയിൽവേ സ്റ്റേഷൻ പുനരുജ്ജീവിപ്പിച്ച് പുനഃപ്രവർത്തനം ആരംഭിക്കുന്ന പദ്ധതി
4. കൊച്ചി വിമാനത്താവളത്തിലേയ്ക്ക് ത്രികോണ റെയിൽ ലൈൻ സ്ഥാപിച്ച് യാത്രക്കാരുടെ സൗകര്യത്തിനായി റെയിൽവേ സ്റ്റേഷനും കണ്ടെയ്നർ ചരക്കുനീക്കത്തിനായി ടെർമിനലും സ്ഥാപിക്കൽ.

<u>രണ്ടാം ഘട്ടം</u>

1. എരുമേലി- പുനലൂർ 65 കി.മീ. -നിർദ്ദിഷ്ട അങ്കമാലി എരുമേലി പാതയെ എരുമേലിയിൽനിന്നും പുനലൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത
2. ഏറ്റുമാനൂർ-ശബരി ലിങ്ക് ലൈൻ -15 കീ.മി.-നിർദ്ദിഷ്ട അങ്കമാലി- ശബരി ലൈനിനെ ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത
3. നിലമ്പൂർ-നഞ്ചൻകോട്- 236 കീ.മി. -നിലമ്പൂർ റെയിൽവേ സ്റ്റേഷനെ കർണ്ണാടക സംസ്ഥാനത്തിലെ നഞ്ചൻകോട് റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന പാത.

(ഡി) കേരളത്തിന്റെ റെയിൽവേ വികസനത്തിന് വിവിധ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനായി മെമ്മോറാണ്ടം അയച്ചതുകൂടാതെ കേരളാ മുഖ്യമന്ത്രി

18-1-2017- ൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് ഒരു കത്തയയ്ക്കുകയും ചെയ്തിരുന്നു. ഇക്കാര്യങ്ങളെല്ലാം റെയിൽവേയെ ധരിപ്പിക്കുന്നതിനായി 21-3-2017-ൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ റെയിൽവേ അധികാരികളുമായി ഒരു യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്.

**ദുരന്ത നിവാരണ നിധിയിൽനിന്ന് അധിക തുക**

248 (3000) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ പതിനൊന്നായിരം ജല കിയോസ്കുകൾ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിരുന്നോ; എന്നാണ് ഇതുസംബന്ധിച്ച തീരുമാനം എടുത്തത്;

(ബി) ഇതിൽ എത്ര കിയോസ്കുകൾ സ്ഥാപിച്ചുവെന്നറിയിക്കുമോ;

(സി) വരൾച്ച നേരിടുന്നതിന് ദുരന്ത നിവാരണ നിധിയിൽ നിന്ന് അധികത്തുക ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് മെമ്മോറാണ്ടം നൽകും എന്ന് 31-10-2016-ൽ നിയമസഭയിൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചു; മെമ്മോറാണ്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) രൂക്ഷമായ ശുദ്ധജലക്ഷാമം പരിഹരിക്കുവാൻ പതിനൊന്നായിരം ജല കിയോസ്കുകൾ സ്ഥാപിക്കണമെന്ന തീരുമാനം എടുത്തിട്ടില്ല. ആവശ്യാനുസരണം വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് 28-10-2016 - ന് കൂടിയ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം തീരുമാനിച്ചിരുന്നു. സംസ്ഥാനത്ത് അനുഭവപ്പെടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) കേരളത്തിൽ നിലവിൽ 852 വാട്ടർ കിയോസ്കുകൾ പ്രവർത്തിക്കുന്നുണ്ട്. പുതുതായി 5000 വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുള്ളതും അതനുസരിച്ച് വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നതുമാണ്.

(സി) ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുവാനുള്ള മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുള്ളതും 22-2-2017- ന് ചേർന്ന മന്ത്രിസഭായോഗം

ആയത് അംഗീകരിച്ചിട്ടുള്ളതുമാണ്.

**മൂളിയാർ വില്ലേജിൽ വ്യാജ പട്ടയത്തിന് ഭൂനികുതി**

249 (3001) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ വ്യാജ പട്ടയത്തിന് ഭൂനികുതി സ്വീകരിച്ചതായി അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രസ്തുത വില്ലേജിൽ വർഷങ്ങളായി ഭൂരഹിതരുടെ പേരിൽ റവന്യൂ ഭൂമി കൈക്കലാക്കി ഉദ്യോഗസ്ഥരും ഭൂമാഫിയയും ആയത് കൈമാറ്റം ചെയ്ത് പണം സമ്പാദിച്ചിട്ടുള്ള വിഷയം വിജിലൻസിനെ കൊണ്ട് അന്വേഷിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇതുസംബന്ധിച്ച് ആദൂർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 334/15 ആയി കേസ്സെടുത്ത് അന്വേഷണം നടത്തുന്നുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കാസർഗോഡ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, വി.സി.നമ്പർ03/15 കെ.എസ്.ഡി. ആയി കേസ്സെടുത്ത് അന്വേഷണം നടത്തുന്നുണ്ട്.

**കുടിയേറ്റ കർഷകർക്ക് ഉപാധിരഹിത പട്ടയം**

250 (3002) ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ.സുരേഷ് കുറുപ്പ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കിയിലും മറ്റു മലയോര മേഖലയിലും 1-1-1997- ന് മുമ്പ് കുടിയേറിയ കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) റവന്യൂ, വനം എന്നീ വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുണ്ടോ;

(സി) ഇടുക്കി ജില്ലയിൽ വീട് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നില്ലെന്ന

പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കാൻ നടപടിയുണ്ടാകുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ 1-1-1997-ന് മുമ്പ് കുടിയേറിയ കർഷകർക്ക് ഉപാധിരഹിത പട്ടയം നൽകുന്നതിന് തീരുമാനിച്ചിട്ടില്ല.

(ബി) 1-1-1997- ന് മുമ്പുള്ള കുടിയേറ്റങ്ങൾക്ക് പട്ടയം നൽകുന്നതിനായി റവന്യൂ, വനം വകുപ്പുകളുടെ സംയുക്ത പരിശോധന പൂർത്തിയായിട്ടുള്ളതാണ്.

(സി) ബഹു. കേരള ഹൈക്കോടതിയുടെ WP(C) 1801/2010, WP(C) 34095/2010 എന്നീ കേസ്സുകളിലെ 21-1-2010- ലെ വിധി ഉത്തരവിൽ ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ അധികാരപരിധിയിൽ വരുന്ന ചിന്നക്കനാൽ, കണ്ണൻ ദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തുവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ 8 വില്ലേജുകളാണ് മൂന്നാർ പ്രദേശം എന്ന് കണക്കാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

സ്വന്തം താമസത്തിനുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള എൻ.ഒ.സി.-ക്കായി ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കാനും അർഹരായവർക്ക് എൻ.ഒ.സി. നൽകാനും ദേവികുളം സബ് കളക്ടറെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ഭൂമിയുടെ പട്ടയം, പട്ടയത്തിന്റെ നിജഃസ്ഥിതി, ടി ഭൂമിയിൽ അപ്രകാരമുള്ള നിർമ്മാണം അനുവദനീയമാണോ എന്നീ സംഗതികൾ പരിഗണിച്ചാണ് അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നത്. അർഹരായ എല്ലാ അപേക്ഷകർക്കും വാസഗൃഹങ്ങൾക്കുള്ള നിർമ്മാണാനുമതി നൽകി വരുന്നുണ്ട്.

**ഇ-ഡിസ്ട്രിക്റ്റ് പദ്ധതി**

251 (3003) ശ്രീ. എ. എം. ആരിഫ്:

ശ്രീ. കെ. ആൻസലൻ:

ശ്രീ. പി.വി. അൻവർ:

ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു ജനങ്ങൾക്കാവശ്യമായ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി

നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം സേവനങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഈ സംവിധാനം വഴി ലഭിക്കുന്നത്;

(ഡി) അക്ഷയ കേന്ദ്രങ്ങൾ വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് നൽകേണ്ട ഫീസ് എത്ര വീതമാണ്;

(ഇ)പട്ടികജാതി പട്ടിക വർഗ്ഗക്കാർക്ക് ജാതി തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് എത്ര ദിവസങ്ങൾക്കുള്ളിൽ നൽകണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്;

(എഫ്) പ്രസ്തുത വിഭാഗക്കാർക്ക് ആവശ്യമായ ജാതി സർട്ടിഫിക്കറ്റ് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസ് / താലൂക്ക് ഓഫീസുകളിൽ നിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/ തഹസിൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈനായി അപേക്ഷകർക്ക് ലഭ്യമാക്കി വരുന്നു. എപ്പോഴും എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് നടപ്പിലാക്കിവരുന്നത്. ഓൺലൈൻ പേയ്മെന്റ് സംവിധാനം കൂടി ഈ പദ്ധതിയുടെ ഭാഗമായതോടുകൂടി പൊതുജനത്തിന് വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും ലഭിക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്.

(സി) താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്ട് സംവിധാനം വഴി നൽകിവരുന്നു:

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്

5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്

7. വരുമാന സർട്ടിഫിക്കറ്റ്

8. കൈവശാവകാശ സർട്ടിഫിക്കറ്റ്

9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്

10. പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്

11. സോൾവൻസി സർട്ടിഫിക്കറ്റ്

12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്

13. കൺവെർഷൻ സർട്ടിഫിക്കറ്റ്

14. ഡിപ്പെന്റൻസി സർട്ടിഫിക്കറ്റ്

15. അഗതി സർട്ടിഫിക്കറ്റ്

16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

17. മിശ്രവിവാഹ സർട്ടിഫിക്കറ്റ്

18. നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്

19. ലൈഫ് സർട്ടിഫിക്കറ്റ്

20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

21. പൊസഷൻ ആന്റ് നോ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്വേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/ വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോരിറ്റി സർട്ടിഫിക്കറ്റ്

(ഡി) അക്ഷയ കേന്ദ്രങ്ങൾ വഴി സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുന്നതിന് നിലവിൽ 17 രൂപയാണ് ഫീസ്. ഇതിൽ 10 രൂപ അക്ഷയുടെ

സർവ്വീസ് ചാർജ്ജും 5 രൂപ കോർട്ട് ഫീ സ്റ്റാമ്പിനുള്ള തുകയും 2 രൂപ സർക്കാരിനുള്ള വിഹിതവുമാണ്. കൂടാതെ, അപേക്ഷയുടെ തൽസ്ഥിതി അറിയുന്നതിന് 2 രൂപയും രേഖകൾ/സർട്ടിഫിക്കറ്റ്,സ്കാൻ/പ്രിന്റ് ചെയ്യുന്നതിന് പേജ് ഒന്നിന് 2 രൂപയും നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. പട്ടികജാതി / പട്ടികവർഗ്ഗ/ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്നവരെ മതിയായ രേഖകൾ ഹാജരാക്കുന്ന പക്ഷം കോർട്ട് ഫീ സ്റ്റാമ്പ്/സർക്കാരിനുള്ള വിഹിതം അടയ്ക്കുന്നതിൽ നിന്നും 17-10-2013 -ലെ സ.ഉ.(കൈ)നമ്പർ 31/2013/ വിസാവ. പ്രകാരം ഒഴിവാക്കിയിട്ടുണ്ട്.

(ഇ) Kerala (Scheduled Castes & Scheduled Tribes Regulation of Issue of Community Certificate Rules-2002) ചട്ടം 4(1) പ്രകാരം അപേക്ഷ ലഭിച്ച് 7 ദിവസങ്ങൾക്കുള്ളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ജാതി തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റ് നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്) പ്രസ്തുത വിഭാഗക്കാർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതിന് സാധാരണ ഗതിയിൽ കാലതാമസമുണ്ടാകാറില്ല. എന്നാൽ താൻ പട്ടികജാതി /പട്ടികവർഗ്ഗ സമുദായത്തിൽപ്പെട്ടയാളാണെന്ന് തെളിയിക്കേണ്ട ബാധ്യത (Burden of Proof) അപേക്ഷകന്റെയാണെന്ന് Kerala (SC & ST) Regulation of Issue of Community Certificate Act 1996, സെക്ഷൻ 10-ൽ പറയുന്നുണ്ട്. അപേക്ഷകൻ ആവശ്യമായ രേഖകൾ സമർപ്പിക്കാതിരിക്കുന്ന സന്ദർഭങ്ങളിലും കൂടുതൽ അന്വേഷണം ആവശ്യമായ കേസ്സുകളിലും മാത്രമേ സർട്ടിഫിക്കറ്റ് നൽകുന്നതിന് കാലതാമസം ഉണ്ടാകാറുള്ളൂ.

**ടാനാ - ചന്തമുക്ക് ജംഗ്ഷൻ റോഡിന് ഭൂമി ഏറ്റെടുക്കൽ**

252 (3004) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട മണ്ഡലത്തിലെ ടാനാ-ചന്തമുക്ക് ജംഗ്ഷൻ റോഡിന്റെ അഭിവൃദ്ധിപ്പെടുത്തൽ ജോലിസംബന്ധിച്ച് 2013-14 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപയുടെ ഭൂമി ഏറ്റെടുക്കൽ നടപടികളാണ് വേണ്ടതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2013-14 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. പുതിയ

LARR ആക്ട്, 2013 നിലവിൽ വന്ന സാഹചര്യത്തിൽ പുതിയ റിക്വിസിഷൻ ലഭിച്ചാൽ മാത്രമേ നടപടി എടുക്കാൻ സാധിക്കുകയുള്ളൂ.

**ഭൂമി കയ്യേറ്റം**

253 (3005) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി കയ്യേറ്റം എത്രത്തോളം ഒഴിപ്പിച്ചെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലനിൽക്കുന്നുണ്ടെന്നും വിശദമാക്കുമോ;

(ബി) ഇപ്രകാരം കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമിയുടെ നിലവിലെ അവസ്ഥ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ലോ അക്കാദമി ഭൂമി വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേസ്സുകൾ നിലനിൽക്കുന്നതുൾപ്പെടെയുള്ള പൂർണ്ണമായ വിവരം ശേഖരിച്ചുവരുന്നു.

(ബി) കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമികൾ ഡിമാർക്കേറ്റ് ചെയ്ത് അതിർത്തി കല്ലുകൾ സ്ഥാപിച്ച് സംരക്ഷിച്ചുവരുന്നുണ്ട്. ടി ഭൂമി സംരക്ഷിക്കുന്നതിനുവേണ്ടി വില്ലേജാഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ജില്ലയിൽ ഒഴിപ്പിച്ചെടുത്ത ഭൂമി കേരള ലാന്റ് ബാങ്കിൽ ഉൾപ്പെടുത്തി സംരക്ഷിച്ചും ഭൂരഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണ യോഗ്യമാക്കി വരുന്നു. എറണാകുളം, കോട്ടയം ജില്ലകളിൽ കയ്യേറ്റം ഒഴിപ്പിച്ചെടുത്ത ഭൂമിയിൽ ' സർക്കാർ ഭൂമി' എന്ന ബോർഡ് സ്ഥാപിച്ചിട്ടുള്ളതാണ്.

(സി) സ്ഥല പരിശോധന നടത്തി കേരള വാട്ടർ അതോറിറ്റിയുടെ ഭൂമിയിൽ

സ്ഥാപിച്ചിരുന്ന ഗേറ്റ് കയ്യൊഴിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ ഉപയോഗിച്ചിട്ടുള്ള ബാങ്ക്, റസ്റ്റോറന്റ് എന്നിവ ഉൾപ്പെടുന്ന ഭൂമി ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**റോഡ് വികസനത്തിന് സ്ഥലം നൽകിയവർക്ക് ലഭിച്ച തുക**

254 (3006) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ റോഡ് വികസനത്തിന് സ്ഥലം ഏറ്റെടുക്കുകയും, പൊന്നുംവില മാത്രം ലഭിക്കുകയും ചെയ്ത ഉടമസ്ഥർക്ക്, കോടതി ഉത്തരവ് പ്രകാരം സ്ഥലത്തിന് വില കൂട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ സ്ഥലം വിട്ടുകൊടുത്ത എല്ലാപേർക്കും വിലകൂട്ടി നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നവരുടെ റഫറൻസ് ഫോമുകൾ ,പരിധിയില്ലാതെ കോടതിയിലേയ്ക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൊന്നുംവില നിയമപ്രകാരം സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ച് കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസ്സുകളിൽ കോടതി അനുകൂല ഉത്തരവ് നൽകിയവർക്കും എൽ.എ. ആക്ടിലെ സെക്ഷൻ '28 എ' പ്രകാരം അവാർഡ് പുനർനിർണ്ണയിച്ച് നൽകുന്നവർക്കും വില കൂട്ടി നൽകുന്നുണ്ട്.

(ബി) 1894-ലെ പൊന്നുംവില നിയമത്തിൽ അനുശാസിക്കുന്നതിൻ പ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമാകുന്ന റഫറൻസ് അപേക്ഷകൾ കോടതികളിലേയ്ക്ക് അയച്ചുകൊടുക്കുന്നുണ്ട്.

**ഭൂമി കയ്യേറ്റങ്ങൾ**

255 (3007) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർഭൂമി സംരക്ഷിക്കുന്നതിനും കയ്യേറ്റങ്ങൾ തടയുന്നതിനും നെൽവയലുകൾ ഉൾപ്പെടെയുള്ളവ പരിവർത്തിതപ്പെടുത്തുന്നത് തടയുന്നതിനും ജനപങ്കാളിത്തത്തോടെയുള്ള എന്തെങ്കിലും പദ്ധതികൾ സർക്കാർ ആവിഷ്കരിക്കുന്നുണ്ടോ; ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.)-ന്റെ നേതൃത്വത്തിൽ എല്ലാ അഡീഷണൽ തഹസിൽദാർമാരെയും താലൂക്ക് സർവ്വേയർമാരെയും ഉൾപ്പെടുത്തി ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുകയും കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഭൂ സംരക്ഷണ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ വില്ലേജ് തലത്തിൽ രൂപീകൃതമായിട്ടുള്ള ജനകീയ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്താൻ എല്ലാ തഹസിൽദാർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്.

**വീട് കത്തിപ്പോയതിന് നഷ്ടപരിഹാരം**

256 (3008) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീട് കത്തിപ്പോയ കുടുംബത്തിന് നഷ്ടപരിഹാരം നൽകാൻ ഉണ്ടാകുന്ന കാലതാമസം വ്യക്തമാക്കാമോ;

(ബി) ഫയൽ നമ്പർ 883419/റവ.കെ/2016-ലെ പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഫയലിൽ നടപടി സ്വീകരിക്കാൻ ഉണ്ടാകുന്ന കാലതാമസം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഫയലിൽ എന്നേയ്ക്ക് നടപടി പൂർത്തിയാക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) വീട് കത്തി നശിച്ചതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരം അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. ആശ്വാസ ധനസഹായമാണ് അനുവദിച്ചുവരുന്നത്. ഇടിമിന്നൽ തുടങ്ങിയ പ്രകൃതിക്ഷോഭംമൂലം വീട് കത്തി നശിച്ചതിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി നാശനഷ്ടത്തിന്റെ തോത് വിലയിരുത്തി ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(ബി -ഡി) പ്രസ്തുത ഫയലിൽ 25-10-2016-ലെ സർക്കാർ കത്ത് നമ്പർ 883419/കെ2/16/റവ. മുഖാന്തരം കോട്ടയം ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് തേടിയിരുന്നു. ജില്ലാ കളക്ടറുടെ 3-3-2017 -ലെ റിപ്പോർട്ട് പ്രകാരം മതിയായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് നിയമാനുസൃതമുള്ള ധനസഹായം അപേക്ഷകർക്ക് വിതരണം ചെയ്യുന്നതാണെന്നും വീടിന് സംഭവിച്ച നാശനഷ്ടത്തിന് പ്രകൃതിക്ഷോഭത്തിൽപ്പെടുത്തി 5200 രൂപ അനുവദിക്കുകയും ടി തുക 16-2-2017 -ലെ നടപടിക്രമം പ്രകാരം ടി ജോൺസൺ പാലയ്ക്കാപറമ്പിൽ എന്നയാളുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്തിട്ടുണ്ടെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## കേരള സംസ്ഥാനത്തിന്റെ വിസ്തൃതി

257 (3009) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പ് കണക്കനുസരിച്ച് കേരള സംസ്ഥാനത്തിന്റെ വിസ്തൃതി എത്രയെന്നും ആയതിൽ വനഭൂമി തുടങ്ങി പുറമ്പോക്കുഭൂമി ഉൾപ്പെടെ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര വില്ലേജുകൾ (ജില്ലതിരിച്ച്) ഉണ്ടെന്നും 1966- ൽ ആരംഭിച്ച റീസർവ്വേ പ്രകാരം ഇതുവരെ റീസർവ്വേ നടത്തിയ വില്ലേജുകൾ ഇവയിൽ ഡിജിറ്റലൈസേഷൻ പൂർത്തിയാക്കിയവ/അല്ലാത്തവ എത്ര എന്നും പരാതികൾ പരിഹരിച്ച് പൂർണ്ണമായും റീസർവ്വേ നടപടി പൂർത്തീകരിച്ച വില്ലേജുകൾ എത്ര എന്നും വ്യക്തമാക്കുമോ;

(സി) റീസർവ്വേ പൂർത്തീകരിയ്ക്കുന്നതിൽ നാളിതുവരെ വന്ന വീഴ്ചകളും പരിഹാരവും സംബന്ധിച്ച് ഈ സർക്കാർ എന്തെങ്കിലും പഠനം നടത്തിയോ എങ്കിൽ എന്ത് എന്നും വ്യക്തമാക്കുമോ;

(ഡി) റവന്യൂ വകുപ്പ് സംസ്ഥാനത്തിന്റെ വിശദമായ രൂപരേഖ നാളിതുവരെ തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഇല്ലെങ്കിൽ വ്യക്തമായ രൂപരേഖ തയ്യാറാക്കുവാനും അതിനുശേഷം മാത്രം റീസർവ്വേ നടപടികൾ സമയബന്ധിതമായി പ്രഖ്യാപനം നടത്തി പൂർത്തീകരിക്കാനും എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിസ്തീർണ്ണം 38863 ചതുരശ്ര കിലോമീറ്ററായി രേഖപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയായാൽ മാത്രമേ സംസ്ഥാനത്തിന്റെ വനഭൂമി, പുറമ്പോക്ക് ഭൂമി തുടങ്ങിയവയുടെ കൃത്യമായ വിവരം ക്രോഡീകരിക്കുവാൻ സാധിക്കുകയുള്ളൂ.

(ബി) സംസ്ഥാനത്ത് ആകെ 1664 വില്ലേജുകളുണ്ട്. ജില്ല തിരിച്ചുള്ള വില്ലേജുകളുടെ വിവരങ്ങൾ അനുബന്ധം1-ൽ ചേർത്തിരിക്കുന്നു.*

റീസർവ്വേ പൂർത്തിയായതിൽ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയ വില്ലേജുകൾ - 655

റീസർവ്വേ പൂർത്തിയായതിൽ ഡിജിറ്റൈസേഷൻ പൂർത്തിയാക്കാനുള്ള വില്ലേജുകൾ - 229

റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകൾ - 884

(സി) ഇല്ല.

(ഡി) റീസർവ്വേ അവശേഷിക്കുന്ന മുഴുവൻ വില്ലേജുകളിലും സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടില്ല. നിലവിൽ റീസർവ്വേ ആരംഭിച്ചിട്ടുള്ള കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളിൽ വ്യക്തമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധം2-ൽ ചേർത്തിരിക്കുന്നു.

(ഇ) നിലവിൽ റീസർവ്വേ ആരംഭിച്ചിട്ടുള്ള കാസർഗോഡ് ജില്ലയിലെ 10 വില്ലേജുകളിലും ഇടുക്കി ജില്ലയിലെ റീസർവ്വേ പ്രവർത്തനത്തിലിരിക്കുന്ന 5 വില്ലേജുകളിലും മറ്റ് ജില്ലകളിലെ റീസർവ്വേ പുരോഗതിയിലുള്ള 39 വില്ലേജുകളുടെ തുടർനടപടികൾക്കും കൃത്യമായ രൂപരേഖ തയ്യാറാക്കി റീസർവ്വേ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജാതി സർട്ടിഫിക്കറ്റുകൾ

258 (T* 3010) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഓരോ ആവശ്യങ്ങൾക്കും വെവ്വേറെ ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടി വരുന്നത് അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഓരോ ആവശ്യങ്ങൾക്കും വെവ്വേറെ ജാതി സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടി വരുന്നത് അപേക്ഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന ആന്റ് പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## വക്കോ ആന്റ് കമ്പനി കുടിശ്ശിക

259 (3011) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ രാമേശ്വരം വില്ലേജിന്റെ വിവിധ ഭാഗങ്ങളിൽ വക്കോ ആന്റ് കമ്പനിയുടെ പേരിൽ ഉണ്ടായിരുന്നതും സെയിൽസ് ടാക്സ് കുടിശികയുടെ പേരിൽ ജപ്തി നടപടികൾ വഴി സർക്കാർ ഏറ്റെടുക്കുകയും ചെയ്ത വസ്തുവകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതിന്റെ ഉടമസ്ഥാവകാശം സർക്കാരിലാണോ;

(സി) പ്രസ്തുത ഭൂമിയിൽനിന്ന് ആർക്കെല്ലാം ഭൂമി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) എറണാകുളം ജില്ല -കൊച്ചി താലൂക്ക് - രാമേശ്വരം വില്ലേജ്

1. സർവ്വേ നമ്പർ 526/6 34.5 സെന്റ് - (തണ്ടപ്പേർ 757)

2. സർവ്വേ നമ്പർ 610/1-45 സെന്റ് - (തണ്ടപ്പേർ 29)

(ബി) അതെ

(സി) ആർക്കും നൽകിയിട്ടില്ല.

**പുതിയ വില്ലേജ് ആഫീസുകളുടെ പ്രവർത്തനം**

260 (3012) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലായെന്ന് വ്യക്തമാക്കുമോ;

(ബി) പിറവം നിയോജകമണ്ഡലത്തിലുൾപ്പെട്ട കീച്ചേരി, കുലയറ്റിക്കര എന്നീ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വില്ലേജ് ഓഫീസുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടിക്രമങ്ങൾ ലഭ്യമാക്കുമോ;

(ഡി) പിറവം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പുതിയ വില്ലേജ് ഓഫീസുകൾ എന്നത്തേയ്ക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ.ഉ (എം.എസ്.) നമ്പർ230/13/റവന്യൂ തീയതി 29-5-2013 പ്രകാരം പുതുതായി രൂപീകരിച്ച 30 വില്ലജുകളിൽ മൂന്നാർ, ഇടമലക്കുടി വില്ലേജു കളൊഴികെ ബാക്കി എല്ലാം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി-ഡി) പിറവം നിയോജകമണ്ഡലത്തിലെ കീച്ചേരി, കുലയറ്റിക്കര വില്ലേജാഫീസുകൾ ഗ്രൂപ്പ് വില്ലേജുകളാണ്. ടി ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

## പുതിയ ഭൂപരിഷ്കരണ നിയമം

261 (3013) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. കെ.സി.ജോസഫ്:

ശ്രീ. അടൂർ പ്രകാശ്:

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പുതിയ ഭൂപരിഷ്കരണ നിയമത്തിന് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

(ബി) തോട്ടഭൂമിക്ക് പരമാവധി പരിധി പ്രസ്തുത നിയമപ്രകാരം നിശ്ചയിക്കുന്നതിനും ശേഷിക്കുന്ന ഭൂമി തിരിച്ച് പിടിച്ച് പാവപ്പെട്ടവർക്ക് വിതരണം ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല

## റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

262 (3014) ശ്രീമതി യു. പ്രതിഭ ഹരി:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നടപ്പാക്കാവുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എപ്രകാരമാണെന്നും വിശദമാക്കാമോ;

(സി) വിവിധ ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് പ്രകാരം അനുവദിച്ചിട്ടുള്ള തുക വിനിയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത ഫണ്ട് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തുക ഫലപ്രദമായി വിനിയോഗിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് തിരുവനന്തപുരം ജില്ലയിൽ ആര്യനാട് വില്ലേജിൽ പാലൈക്കോണം ആനന്ദേശ്വരം കടവിൽ കരമനയാറിന്റെ വലതുകരയിൽ സംരക്ഷണ ഭിത്തി നിർമ്മാണം, കുളത്തൂർ പഞ്ചായത്ത് ചാലക്കര കടവിൽ നെയ്യാറിന്റെ ഇടതുകരയിൽ സംരക്ഷണ ഭിത്തി നിർമ്മാണം, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിൽ അറക്കുന്ന് റെയിൽ പാലത്തിന് മുകൾവശവും കീഴ് വശവുമായി നെയ്യാറിന്റെ സംരക്ഷണ ഭിത്തി നിർമ്മാണം, തിരുപുറം പഞ്ചായത്തിൽ പനച്ചിക്കാട് പമ്പ് ഹൗസിന് സമീപത്തായി സംരക്ഷണ ഭിത്തി തകർന്നതിന്റെ പുനർ നിർമ്മാണം മുതലായ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) നമ്പർ 529/16/റവ. തീയതി 28-9-2016 പ്രകാരമുള്ള 'നിമജ്ജനം കടവ് നവീകരണം' പദ്ധതിയ്ക്ക് അനുമതി ലഭിച്ചിട്ടുള്ളതും പദ്ധതി പ്രാരംഭ ഘട്ടത്തിലുമാണ്. പാലക്കാട് ജില്ലയിൽ 2015-16 വർഷത്തിൽ അനുമതി ലഭിച്ച 7 പദ്ധതികളിൽ 5 പദ്ധതികൾ പൂർത്തിയാക്കുകയും മറ്റ് രണ്ട് പദ്ധതികൾ പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. മറ്റ് ജില്ലകളിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ലാത്തതാണ്.

(ബി) കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002, ചട്ടം 22(3) (A to H) അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമുള്ള പ്രവൃത്തികളാണ് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്നത്. കൂടാതെ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ അടിയന്തര സാഹചര്യങ്ങളിൽ സർക്കാരിന്റെ ഉത്തരവിന് വിധേയമായി RMF വിനിയോഗിക്കാവുന്നതാണ്.

(സി) ഉണ്ട്. തിരുവനന്തപുരം ജില്ലയിൽ 274.86 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നതിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ, റിവർ മാനേജ്മെന്റ് സെൽ ജീവനക്കാരുടെ ശമ്പളം എന്നിവ നൽകുന്നതിനുള്ള തുക കഴിച്ച് 200 ലക്ഷം രൂപ അക്കൗണ്ടിൽ ഇപ്പോൾ ബാക്കിയുണ്ട്. കൊല്ലം ജില്ലയിൽ RMF-ൽ നിലവിൽ 15,42,94,354 രൂപയാണുള്ളത്. ടി തുകയിൽ 8 കോടി രൂപ പണി പൂർത്തീകരിച്ച് ബിൽ സമർപ്പിച്ചിട്ടുള്ളതും വിവിധ ഘട്ടങ്ങളിൽ പണി നടന്നുവരുന്ന പദ്ധതികൾക്ക് ആവശ്യവുമാണ്. 6,97,60,000 രൂപ ജില്ലാതല വിദഗ്ദ്ധ സമിതിയിൽ നിന്നും SHLC-യിലേയ്ക്ക് ശിപാർശ ചെയ്തിട്ടുള്ളതും ഭരണാനുമതി ലഭ്യമായിട്ടില്ലാത്തതുമായ 7 പ്രവർത്തികൾക്ക് ആവശ്യമുള്ളതുമാണ്.

(ഡി) നടപടി സ്വീകരിക്കും.

**ദുരന്ത നിവാരണ സേന**

263 ( T*3015) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016- ൽ കോഴിക്കോട് ജില്ലയിലെ പശുക്കടവിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സ്ഥലത്ത് ദുരന്തം ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയത് പരിഗണയിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ദുരന്ത നിവാരണസേന എവിടെയൊക്കെയാണുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2016-ൽ കോഴിക്കോട് ജില്ലയിലെ പശുക്കടവിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത സ്ഥലത്ത് ദുരന്തം ആവർത്തിക്കാതിരിക്കാൻ ഹൈസ്കൂൾ തലങ്ങളിലേയും ഹയർ സെക്കണ്ടറി തലങ്ങളിലേയും കോളേജ് തലങ്ങളിലേയും വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് സ്റ്റുഡന്റ്സ് ഡിസാസ്റ്റർ വിംഗ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ മുന്നോടിയായി കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ സ്റ്റുഡന്റ്സ് റാപ്പിഡ് റെസ്പോൺസ് ഫോഴ്സ് രൂപീകരിക്കുകയും കുട്ടികൾക്ക് ദുരന്ത നിവാരണത്തിനുള്ള പരിശീലനം നൽകി വരികയും ചെയ്യുന്നു. കൂടാതെ ദുരന്ത നിവാരണത്തിന് സന്നദ്ധരായ പ്രാദേശിക ജനങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കി പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകി ദുരന്ത ബാധിത പ്രദേശങ്ങളിൽ ഇവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ പോലീസും ഫയർ & റെസ്ക്യൂ സർവ്വീസുമായി സഹകരിച്ച് മോക്ക് ഡ്രില്ലും ബോധവൽക്കരണ ക്ലാസ്സുകളും ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സ. ഉ. (കൈ)നമ്പർ262/2012 / ആഭ്യന്തരം തീയതി 17-10-2012 പ്രകാരം 100 അംഗങ്ങളുള്ള സംസ്ഥാന ദുരന്ത നിവാരണ സേന (SDRF)

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഇപ്പോൾ പാണ്ടിക്കാട് ആർ.ആർ.ആർ.എഫ്. ബറ്റാലിയനിലെ ഡിസാസ്റ്റർ റെസ്പോൺസ് ടീം, ദുരന്ത നിവാരണ സേനയ്ക്കുവേണ്ടി ചുമതലകൾ നിർവ്വഹിക്കുന്നു. പാണ്ടിക്കാട് ആർ.ആർ.ആർ.എഫ്. ബറ്റാലിയനിലെ തിരുവനന്തപുരം വിംഗ്, എറണാകുളം വിംഗ്, തൃശ്ശൂർ വിംഗ്, കണ്ണൂർ വിംഗ് എന്നിവിടങ്ങളിൽ ആർ.ആർ.ആർ.എഫ്. ഡിസാസ്റ്റർ റെസ്പോൺസ് ടീം പ്രവർത്തിക്കുന്നു.

## റവന്യൂ വകുപ്പിൽ യു.ഡി.ക്ലാർക്കുമാരുടെ തസ്തികകൾ

264 (3016) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഇപ്പോഴും വിവിധ ജില്ലകളിലെ ഓഫീസുകളിൽ യു.ഡി.ക്ലാർക്കുമാരുടെ തസ്തികകൾ വിഭജിച്ച് നിലനിർത്തിയിട്ടുണ്ടോ;

(ബി) യു.ഡി.ക്ലാർക്കായി പ്രൊമോഷൻ നേടുന്ന ജീവനക്കാരെ അതാത് ഓഫീസുകളിൽനിന്ന് മറ്റ് ഓഫീസുകളിലേയ്ക്കും ഇതര ജില്ലകളിലെ ഓഫീസുകളിലേയ്ക്കും ട്രാൻസ്ഫർ നൽകി നിയമിക്കാറുണ്ടോ;

(സി) സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും എൽ.ഡി. / യു.ഡി. അനുപാതം ഓഫീസുകളിൽ പ്രത്യേകമായി നിലനിർത്താതെ വകുപ്പ് ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കി ക്ലാർക്ക് തസ്തിക ഒന്നായിക്കണ്ട് നിയമനം നടത്തണമെന്ന് 16-3-1989 -ലെ GO(P)5/89/P&ARD പ്രകാരം ഉത്തരവായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ഉത്തരവിൽ നിന്ന് റവന്യൂ വകുപ്പിനെ ഏതെങ്കിലും തരത്തിൽ ഒഴിവാക്കിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ നിലവിൽ യു.ഡി. ക്ലാർക്കായി പ്രൊമോഷൻ ലഭിക്കുന്ന ജീവനക്കാരെ മറ്റ് ഓഫീസുകളിലേയ്ക്കും ഇതര ജില്ലകളിലേക്കും ട്രാൻസ്ഫർ ചെയ്യുന്ന സമ്പ്രദായം ഒഴിവാക്കി എൽ.ഡി. / യു.ഡി. അനുപാതം സംസ്ഥാനതലത്തിൽ റവന്യൂ കമ്മീഷണറേറ്റിൽ മെയിന്റയിൻ ചെയ്ത് ക്ലാർക്ക് എന്നത് ഒന്നായിക്കണ്ട് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലകളിൽ യു.ഡി.ക്ലാർക്കുമാരുടെ തസ്തികകൾ (എൽ.ഡി.-യു.ഡി. 1:1 പ്രകാരം )വിഭജിച്ച് നിലനിർത്തിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിലവിൽ എൽ.ഡി.സി. / യു.ഡി.സി. അനുപാതം ജില്ലകളിൽ നിലനിർത്തിയാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. 1996-ൽ ബോർഡ് ഓഫ് റവന്യൂ നിർത്തലാക്കി റവന്യൂ കമ്മീഷണറേറ്റ് നിലവിൽ വന്നശേഷം 14 ജില്ലാ പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസുകളിൽ തയ്യാറാക്കുന്ന എൽ.ഡി.ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റിൽനിന്നും 1 :1 എന്ന അനുപാതം ജില്ലയിൽ പരിപാലിച്ച് എൽ.ഡി.സി. നിയമനം നടത്തി വരുന്നു. ജില്ലയിൽ ഉണ്ടാകുന്ന യു.ഡി.സി. ഒഴിവുകളിൽ സ്റ്റേറ്റ് യൂണിറ്റ് എന്ന നിലയിൽ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും പ്രൊമോഷൻ വഴി നിയമിച്ചുവരികയും ഇത്തരത്തിൽ 14 ജില്ലകളിലും 1:1 അനുപാതം നിലനിൽക്കുന്നതിനാൽ സംസ്ഥാന തലത്തിൽ എൽ.ഡി./യു.ഡി. അനുപാതം 1:1 ആണ്.

(ഡി) റവന്യൂ വകുപ്പിനെ ജി.ഒ.(പി) 5/89/പി&എ.ആർ.ഡി. തീയതി16/03/89-ാം നമ്പർ ഉത്തരവിൽനിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് ഇറങ്ങിയിട്ടില്ല.

(ഇ) എൽ.ഡി. ക്ലാർക്കുമാരുടെ നിയമനം DRB പ്രകാരം ആയതിനാലും 5 വർഷം പ്രസ്തുത ജില്ലയിൽ നിർബന്ധിത സേവനം നിഷ്കർഷിച്ചിട്ടുള്ളതിനാലും എൽ.ഡി.ക്ലാർക്കുമാരുടെ പ്രൊമോഷൻ സമയത്ത് അവരുടെ ജില്ലയിൽ ഒഴിവ് ഇല്ലാതെ വന്നാൽ ഒഴിവുള്ള മറ്റ് ജില്ലകളിൽ സീനിയർ ക്ലാർക്കായി നിയമിക്കുകയും DRB ജില്ലയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് അവർക്ക് റീ അലോട്ട്മെന്റ് അനുവദിക്കുകയുമാണ് ചെയ്യുന്നത്. മേൽ സാഹചര്യത്തിൽ, സ്ഥാനക്കയറ്റം ലഭിക്കുമ്പോൾ DRB ജില്ലയിൽ ഒഴിവില്ലെങ്കിൽ ടി ജില്ലയിൽ തന്നെ നിയമിക്കുവാൻ നിർവ്വാഹമില്ല.

**റവന്യൂ വകുപ്പിൽ സ്ഥലംമാറ്റത്തിന് മാനദണ്ഡങ്ങൾ**

265 (3017) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ സ്ഥലം മാറ്റത്തിന് (റീ അലോട്ട്മെന്റ്) നിലവിൽ സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) കംപാഷണേറ്റ് വ്യവസ്ഥയിൽ ചട്ടപ്രകാരം സ്ഥലം മാറ്റം നൽകുന്നതിന്റെ അനുപാതം എത്രയെന്ന് വിശദമാക്കാമോ;

(സി) എങ്കിൽ 2016 ജൂണിന് ശേഷം പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നും തിരുവനന്തപുരം ജില്ലയിലേയ്ക്ക് റീ അലോട്ട്മെന്റ് വഴി എത്ര പേർക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥലംമാറ്റത്തിന് ചട്ടപ്രകാരമുള്ള അനുപാതം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഇ) വ്യവസ്ഥകൾ ലംഘിച്ച് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്നതിനും അർഹരായവർക്ക് സ്ഥലം മാറ്റം നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്ഥാനക്കയറ്റ ഉത്തരവിലെ സീനിയോരിറ്റി ക്രമത്തിൽ ഏത് ജില്ലയിൽ നിന്നാണോ സ്ഥാനക്കയറ്റം നൽകി മറ്റ് ജില്ലകളിൽ നിയമിച്ചിട്ടുള്ളത് അതേ ക്രമത്തിൽ ടി ജീവനക്കാരെ ഡി. ആർ. ബി. ജില്ലയിലേയ്ക്ക് റീ അലോട്ട്മെന്റ് അനുവദിച്ചുവരുന്നു. നിലവിലുള്ള സ്ഥലംമാറ്റ ഉത്തരവുകൾക്കും കംപാഷണേറ്റ് വ്യവസ്ഥയിലെ മാനദണ്ഡങ്ങളും പരിഗണിച്ചാണ് റീ അലോട്ട്മെന്റ് പരിഗണിക്കുന്നത്.

(ബി) കംപാഷണേറ്റ് വ്യവസ്ഥയ്ക്ക് വിധേയമായി പ്രത്യേക പരിഗണന ലഭിക്കേണ്ട ജീവനക്കാർക്ക് 1/10 ഒഴിവ് ഇതിനായി മാറ്റി വച്ചിട്ടുണ്ട്.

(സി) 2016 ജൂണിനുശേഷം പാലക്കാട്, മലപ്പുറം ജില്ലകളിൽ നിന്നും 30 സീനിയർ ക്ലാർക്കുമാർക്ക് തിരുവനന്തപുരം ജില്ലയിലേയ്ക്ക് റീ അലോട്ട്മെന്റ് അനുവദിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) വ്യവസ്ഥകൾ ലംഘിച്ച് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റവന്യൂ അദാലത്തുകൾ

266 (3018) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് തലത്തിൽ റവന്യൂ അദാലത്തുകൾ നടത്താൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താലൂക്ക് തലത്തിലോ വില്ലേജ് തലത്തിലോ റവന്യൂ അദാലത്തുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) റവന്യൂ ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എറണാകുളം ജില്ലയിൽ താലൂക്ക് തലത്തിൽ എല്ലാ താലൂക്കുകളിലും കളക്ടറേറ്റ് തലത്തിലും റവന്യൂ വകുപ്പ് ഫയൽ അദാലത്തുകൾ നടത്തിയിട്ടുള്ളതാണ്. വയനാട് ജില്ലയിൽ 19-8-2016 തീയതിയിൽ താലൂക്ക് തലത്തിൽ വൈത്തിരി താലൂക്കിൽ റവന്യൂ അദാലത്ത് നടത്തിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ തയ്യേനി പട്ടികവർഗ്ഗ കോളനിയിൽ അദാലത്ത് നടത്തിയിരുന്നു. ടി ജില്ലയിൽ താലൂക്ക് തലത്തിൽ മാർച്ച് 6,13 തീയതികളിൽ ജനസമ്പർക്ക പരിപാടി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ ജില്ലാ കളക്ടർ പരാതി പരിഹാര വേദി 18-2-2017-ന് നടത്തിയിട്ടുണ്ട്.

**റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി സമർപ്പിച്ച പദ്ധതികൾ**

267 (3019) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കോഴിക്കോട് ജില്ലാതല കമ്മിറ്റി ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രവൃത്തികൾ ഏതെല്ലാം;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു; ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവൃത്തികൾ ഏതെല്ലാം;

(സി) കൊയിലാണ്ടി മണ്ഡലത്തിലെ പയ്യോളി കോട്ടുതുരുത്തി ദ്വീപിന്റെ കര സംരക്ഷിക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കോഴിക്കോട് ജില്ലാ വിദഗ്ദ്ധ സമിതി ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് പ്രവൃത്തികൾ സമർപ്പിച്ചിട്ടില്ല.

(ബി) ബാധകമല്ല

(സി) ഇല്ല

**പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികൾ**

268 (3020) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മണിമല വില്ലേജിൽ ആലപ്ര-പൊന്തൻപുഴ ഭാഗത്ത് വനത്തിനോട് അതിർത്തി പങ്കിടുന്ന

പ്രദേശങ്ങളിലുള്ള ചിലർക്ക് പട്ടയം ലഭിച്ചിട്ടുള്ളതും അർഹതപ്പെട്ട പലർക്കും ലഭിച്ചിട്ടില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വ്യക്തികളുടെയോ സന്നദ്ധ സംഘടനകളുടെയോ അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) നടപടികൾ സ്വീകരിച്ചിട്ടില്ലെങ്കിൽ, നൂറ് വർഷത്തിലധികമായി കൈവശം വച്ച് അനുഭവിച്ചുവരുന്നതും രജിസ്റ്റേഡ് ആധാരമുള്ളതുമായ അർഹതപ്പെട്ടവർക്ക് പട്ടയം നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ആലപ്ര റിസർവ് വനത്തോട് ചേർന്നുള്ള പ്രദേശത്തെ കയ്യേറ്റങ്ങൾക്ക് പട്ടയം നൽകുന്നതിനെതിരായി 1961- ലെ കേരള ഫോറസ്റ്റ് ആക്ട് സെക്ഷൻ 12A പ്രകാരം ഫയൽ ചെയ്ത MSA No.1/1981- ലും അതിനോട് ബന്ധപ്പെട്ട് ഫയൽ ചെയ്ത വിവിധ കേസ്സുകളിലും ബഹു. ഹൈക്കോടതി 17-5-2016-ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവുപ്രകാരം MSA 1/1981 -ൽ ഉൾപ്പെട്ടിട്ടുള്ള ഭൂമിയും ആലപ്ര എസ്റ്റേറ്റിന്റെ ഭാഗങ്ങളും പതിച്ച് നൽകുന്നതിൽ നിന്നും സർക്കാരിനെ കർശനമായി വിലക്കിയിട്ടുണ്ട്. പ്രസ്തുത കേസുകളിൽ അന്തിമ ഉത്തരവുണ്ടാകുന്ന മുറയ്ക്ക് മാത്രമെ ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

**അരൂർ കെൽട്രോൺ കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡ്**

269 (3021) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ കെൽട്രോൺ കുമ്പളങ്ങി പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് സംബന്ധമായ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) കുമ്പളങ്ങി വില്ലേജിൽ എത്ര സ്ഥലമുടമകളുടെ ഭൂമി ഏറ്റെടുക്കേണ്ടിവരും;

(സി) സ്ഥലമുടമകളിൽ എത്ര പേർ പൊതുമരാമത്ത് വകുപ്പിന് അഡ്വാൻസായി സമ്മതപത്രം നൽകിയിട്ടുണ്ട്; അവരുടെ പേരുകൾ വ്യക്തമാക്കാമോ;

(ഡി) അരൂർ, കുമ്പളങ്ങി വില്ലേജുകളിലായി ആകെ എത്ര സെന്റ് സ്ഥലം സർക്കാർ ഏറ്റെടുക്കേണ്ടിവരും;

(ഇ) പൊതുമേഖലാ സ്ഥാപനമായ അരൂർ കെൽട്രോൺ കൺട്രോൾസിനെ ഭൂമി വിട്ടുനൽകുന്നതിന് സമീപിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(എഫ്) അരൂർ വില്ലേജിൽ ഭൂമി ഏറ്റെടുക്കുന്നതിന് സംയുക്ത പരിശോധന നടത്തിയിരുന്നോ; ഭൂമി ഏറ്റെടുക്കുന്നതിന് ഭൂമി അളന്ന് അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ടോ; അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) ആലപ്പുഴ ജില്ലാതല പർച്ചേസ് കമ്മിറ്റി യോഗത്തിൽ സെന്റ് ഒന്നിന് ജില്ലാകളക്ടർ സമ്മതിച്ച വില എത്ര രൂപയാണ്; ടി പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതിലുള്ള തടസ്സങ്ങൾ നീക്കുന്നതിന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കുന്നതിന് നിർദ്ദേശിക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ LARR Act, 2013 പ്രകാരം സ്ഥലമെടുപ്പ് നടപടികൾ സ്വീകരിക്കാൻ കഴിയൂ.

(ബി) സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വിവരം ലഭ്യമല്ല.

(സി) രണ്ട് പേർ.

1. ആന്റണി കെ.വി., കട്ടിക്കാട്ട് ഹൗസ്, മരുവക്കാട് സൗത്ത്
2. മേരി നെടുപറമ്പിൽ , കുമ്പളങ്ങി സൗത്ത്.

(ഡി) അരൂർ വില്ലേജിൽ 24.72 സെന്റ് സ്ഥലവും കുമ്പളങ്ങി വില്ലേജിൽ 49.43 സെന്റ് സ്ഥലവും

(ഇ) ഉണ്ട്. പൊതുമേഖലാ സ്ഥാപനമായ അരൂർ കെൽട്രോണിന്റെ ഏകദേശം 25 സെന്റ് സ്ഥലം വിട്ടുനൽകുന്നതിനായി സമീപിച്ചിട്ടുണ്ട്.

(എഫ്&ജി) സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചാൽ മാത്രമേ തുടർ നടപടികൾ സാധ്യമാവുകയുള്ളൂ.

## ലാന്റ് ട്രൈബ്യൂണലുകൾ

270 (3022) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈവശത്തിലുള്ള ഭൂമിയുടെ പട്ടയത്തിനായി വർഷങ്ങളോളം ലാന്റ് ട്രൈബ്യൂണലുകളിൽ കയറി ഇറങ്ങുന്ന ഭൂവുടമകളുടെ പ്രയാസം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിഹരിക്കുന്നതിന് സമയബന്ധിതമായ പദ്ധതിക്ക് രൂപം നൽകുമോ;

(സി) ട്രൈബ്യൂണലുകൾ, വില്ലേജുകളിൽ ക്യാമ്പ് സിറ്റിങ് നടത്തി കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള സംവിധാനം സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി) ഭൂവുടമകളുടെ പ്രയാസം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇരുപത്തിയൊമ്പത് സ്പെഷ്യൽ ട്രൈബ്യൂണലുകൾ രൂപീകരിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ട്രൈബ്യൂണലുകൾ താലൂക്ക് തലത്തിൽ ക്യാമ്പ് സിറ്റിംഗ് നടത്താറുണ്ട്. സംസ്ഥാനത്തെ ലാന്റ് ട്രൈബ്യൂണലുകൾക്ക് ക്യാമ്പ് സിറ്റിംഗ് നടത്തി കേസ്സുകൾ തീർപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## നേവൽ അക്കാഡമിക്കായി സ്ഥലം വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാര തുക

271 (3023) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമന്തളി നേവൽ അക്കാഡമിക്കായി സ്ഥലം വിട്ടുനൽകിയവർക്കുള്ള നഷ്ടപരിഹാര തുക നൽകുന്നത്, നടപടികളിലെ കാലതാമസം കാരണം വൈകുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത നഷ്ടപരിഹാര തുക കാലതാമസം ഒഴിവാക്കി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) ജില്ലാ കളക്ടറുടെ ശിപാർശ വേഗത്തിൽ ലഭിക്കുന്നതിനും കാലതാമസം ഒഴിവാക്കി തുക വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**സ്കൂൾ ഗ്രൗണ്ട് നിർമ്മാണം**

272 (3024) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളപട്ടണം ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് റവന്യൂ വകുപ്പിന്റെ പരിധിയിലുള്ള ഭൂമി സ്കൂൾ ഗ്രൗണ്ട് നിർമ്മിക്കുന്നതിനായി വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥപ്രകാരം കൈമാറിക്കിട്ടുന്നതിന് സർക്കാരിൽ നിലവിലുള്ള 23/L2/16/Rev. നമ്പർ ഫയലിൽ അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 2014- ൽ നൽകിയ ശിപാർശയിൽ കാലതാമസത്തിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ;

(സി) ടി ഭൂമി കൈമാറ്റ നടപടികൾ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള 1 ഏക്കർ 51 സെന്റ് സ്ഥലം കണ്ണൂർ വളപട്ടണം ഗവ.സി.എച്ച്.എം. ഹയർ സെക്കണ്ടറി സ്കൂളിന് ഗ്രൗണ്ട് നിർമ്മാണത്തിനായി അനുവദിച്ചുനൽകുന്ന വിഷയം ഇപ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പരിഗണനയിലാണ്. ടി വകുപ്പിന്റെ അഭിപ്രായം ലഭ്യമായാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**കെട്ടിടം നിർമ്മിക്കാൻ റവന്യൂ ഭൂമി**

273 (3025) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ റവന്യൂ ഭൂമി വിട്ടുനൽകുന്നത് സംബന്ധിച്ച 61396/L2/2014/Rev. ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

കോഴിക്കോട് താലൂക്ക് പുളക്കോട് വില്ലേജിലെ റീ.സ. 20/1 എ 1 -ൽപ്പെട്ട ഒരു ഏക്കർ 51 സെന്റ് റവന്യൂ ഭൂമിയിൽനിന്നും 30.6 സെന്റ് സ്ഥലം എക്സൈസ് റേഞ്ച് ഓഫീസ് നിർമ്മാണത്തിനായി അനുവദിക്കുന്ന വിഷയം സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ പുറമ്പോക്ക് ഭൂമി കൈമാറ്റം സംബന്ധിച്ച് സമർപ്പിച്ച പ്രൊപ്പോസലിലെ ന്യൂനത പരിഹരിക്കുവാനായി RDO-യ്ക്ക് കാസർഗോഡ് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരിക്കുകയാണ്.

**വെള്ളായണി കായൽ ഭൂമി**

274 (3026) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വെള്ളായണി കായലിന്റെ വിസ്തീർണ്ണം എത്രയാണ്; വെള്ളത്തിനടിയിൽ കൃഷി ചെയ്യാൻ കഴിയാതെ കിടക്കുന്ന ഭൂമി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര വിസ്തീർണ്ണമുണ്ട്; പ്രസ്തുതസ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

428.7179 ഏക്കർ ഉണ്ട്. 215.46 ഏക്കർ വിസ്തീർണ്ണമുണ്ട്. ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്.

**തേവരയിലെ കായൽ കയ്യേറ്റം**

275 (3027)<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേവര ജംഗ്ഷൻ മുതൽ തേവര തെക്കേ അറ്റം ഫെറി വരെ വേമ്പനാട് കായൽ അനധികൃതമായി ആരെങ്കിലും കൈവശം വച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കായൽ കയ്യേറി നികത്തി കൈവശം വച്ചിട്ടുള്ള വ്യക്തികളും സ്ഥാപനങ്ങളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) തേവര പടിഞ്ഞാറൻ കായൽ തീരം അളന്ന് തിട്ടപ്പെടുത്തി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കായൽ കയ്യേറി കൈവശം വച്ചിട്ടുള്ള സ്ഥലവും വ്യക്തികളേയും സ്ഥാപനങ്ങളേയും തിട്ടപ്പെടുത്തുന്നതിലേയ്ക്ക് ഫോർട്ട് കൊച്ചി സബ് കളക്ടറുടെ നേതൃത്വത്തിൽ സർവ്വേയർമാർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. ടി കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) വേമ്പനാട്ട് കായൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്ക് ബഹുമാനപ്പെട്ട സുപ്രീം കോടതി സ്വമേധയാ കേസ് എടുത്തിരുന്നതും ആയത് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലേയ്ക്ക് കൈമാറി WP(C) -687/13 നമ്പരായി നടപടി സ്വീകരിച്ചുവരുന്നതും ആയതിൽ ഫോർട്ട് കൊച്ചി സബ് കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവായിട്ടുള്ളതുമാണ്. സബ് കളക്ടറുടെ നേതൃത്വത്തിൽ കായൽ കയ്യേറ്റം ഒഴിപ്പിക്കുവാൻ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ നടന്നു വരുന്നു.

## വാമനപുരം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ ഓഫീസുകൾ

276 (3028) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ ഓഫീസുകൾ ഏതൊക്കെ; വിശദമാക്കുമോ;

(ബി) അവയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പിന് കീഴിലുള്ള എല്ലാ സർക്കാർ ഓഫീസുകൾക്കും സ്വന്തമായി കെട്ടിടമുണ്ട്.

(ബി) ബാധകമല്ല

## ഹാരിസൺ മലയാളം പ്ലാന്റേഷൻസ് അനധികൃതമായി കൈവശം വച്ചിരിക്കുന്ന തോട്ടം ഭൂമി

277 (3029) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻസ് അനധികൃതമായി തോട്ടം ഭൂമി കൈവശം വച്ചിരിക്കുന്നത് സംബന്ധിച്ച്, ജില്ലാ കളക്ടറായിരുന്ന ശ്രീ. രാജമാണിക്യം നൽകിയ റിപ്പോർട്ടിൻമേൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു;

(ബി) 1947-ൽ ബ്രിട്ടീഷ് കമ്പനികൾ ഉപേക്ഷിച്ച് പോയ തോട്ടം അനധികൃതമായി ഹാരിസൺ മലയാളം പ്ലാന്റേഷൻസ് കൈവശപ്പെടുത്തിയത് സംബന്ധിച്ച് എൻഫോഴ്സ്മെന്റ്/സി. ബി. ഐ. അന്വേഷണം നടത്തണമെന്ന് ശ്രീ. രാജമാണിക്യം നൽകിയ ശിപാർശയിൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ ഓഫീസറുടെ ഇടക്കാല റിപ്പോർട്ടിലെ പ്രധാന ശിപാർശയായ സമഗ്ര നിയമ നിർമ്മാണം നടത്തുന്നതിന്റെ സാധുത നിയമ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) ഹാരിസൺ മലയാളം പ്ലാന്റേഷൻസ് കമ്പനി വ്യാജരേഖ ചമച്ച് സർക്കാർ ഭൂമി കൈവശപ്പെടുത്തിയത് സംബന്ധിച്ച് എൻഫോഴ്സ്മെന്റ്/ സി.ബി.ഐ. അന്വേഷണം നടത്തണമെന്ന സ്പെഷ്യൽ ഓഫീസറുടെ ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

**ഭൂമിയുടെ ന്യായവില**

278 (3030) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മഞ്ചേരി, നറുകര വില്ലേജുകളിലെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) റവന്യൂ വകുപ്പിന്റെ 8-2-2017-ലെ 468/2017/റവ. ഉത്തരവ് പ്രകാരം ആയതിൻമേൽ ജില്ലാ കളക്ടർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫെയർ വാല്യൂ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് എന്തെല്ലാം നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത വില്ലേജുകളിലെ ന്യായവില പുനഃക്രമീകരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ-ഡി) 8-2-2017- ലെ ജി.ഒ.(ആർ.റ്റി.) 468/2017/റവ.നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിലെ മഞ്ചേരി, നറുകര വില്ലേജുകളിലെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിന് മലപ്പുറം ജില്ലാ കളക്ടർ നടപടി സ്വീകരിച്ചിട്ടുണ്ട്. ന്യായവില പുതുക്കുന്നതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം സബ്ഡിവിഷൻ തലത്തിൽ ചേരുവാനും അതിനുശേഷം ബന്ധപ്പെട്ടവരുടെ യോഗം മലപ്പുറം കളക്ടറേറ്റിൽ വച്ച് നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്. മഞ്ചേരി, നറുകര വില്ലേജുകളിലെ വില്ലേജാഫീസർമാരും തഹസിൽദാർ, സബ് രജിസ്ട്രാർ എന്നിവരുടെ സഹായത്തോടെ സ്ഥല പരിശോധന നടത്തി കേരള സ്റ്റാമ്പ് (ഫിക്സേഷൻ ഓഫ് ഫെയർ വാല്യൂ ഓഫ് ലാന്റ്) റൂൾസ് 1995 -ലെ ചട്ടം മൂന്നിലെ വ്യവസ്ഥകൾ പ്രകാരം റവന്യൂ ഡിവിഷണൽ ഓഫീസർ ഫെയർ വാല്യൂ നിശ്ചയിച്ച് ചട്ടം 4-ലെ വ്യവസ്ഥകൾ പ്രകാരം വിജ്ഞാപനം ചെയ്യേണ്ടതുണ്ട്.

## കടവൂർ വില്ലേജ് ഓഫീസ് കെട്ടിടം

279 (3031) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിലെ കുടവൂർ വില്ലേജ് ഓഫീസ് കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണിച്ച് തകർന്ന വീഴാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ പ്രസ്തുത വില്ലേജിന് പുതിയ ഓഫീസ് കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

വർക്കല നിയോജകമണ്ഡലത്തിലെ കടവൂർ വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വില്ലേജ് ഓഫീസിന്റെ ജോലിഭാരം

280 (3032) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് താലൂക്കിലെ പിരായിരി വില്ലേജ് ഓഫീസിന്റെ ജോലിഭാരം വളരെ കൂടുതലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വില്ലേജ് ഓഫീസിനെ വിഭജിച്ച് അപേക്ഷകരുടെയും മറ്റും ബാഹുല്യം ലഘൂകരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പുതിയ വില്ലേജ് ഓഫീസ് രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ബീനാച്ചി എസ്റ്റേറ്റ്

281 (3033) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ മദ്ധ്യപ്രദേശ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ബീനാച്ചി എസ്റ്റേറ്റിന്റെ വിസ്തൃതി എത്രയാണ്;

(ബി) ബീനാച്ചി എസ്റ്റേറ്റ് കേരള സർക്കാർ ഏറ്റെടുത്ത് സംരക്ഷിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ& ബി) 224.3100 ഹെക്ടർ. മദ്ധ്യപ്രദേശ് സർക്കാരിൽനിന്നും ബീനാച്ചി എസ്റ്റേറ്റ് ഏറ്റെടുക്കുന്നത് സംബന്ധിച്ച് സംയുക്ത പരിശോധനയും സർവ്വേയും പൂർത്തിയാക്കിയിട്ടുണ്ട്.

## കായംകുളം മണ്ഡലത്തിലെ റവന്യൂ ഭൂമിയും പുറമ്പോക്ക് സ്ഥലങ്ങളും

282 (3034) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട പത്തിയൂർ, കൃഷ്ണപുരം, ദേവികുളങ്ങര, കണ്ടല്ലൂർ, ചെട്ടിക്കുളങ്ങര, ഭരണിക്കാവ് പഞ്ചായത്തുകളിലും കായംകുളം നഗരസഭയിലും ഉള്ള റവന്യൂ ഭൂമിയും പുറമ്പോക്ക് സ്ഥലങ്ങളും എവിടെയൊക്കെ സ്ഥിതിചെയ്യുന്നു എന്നും ഇതിൽ ഓരോന്നിന്റെയും വിസ്തീർണ്ണം എത്രയെന്നും പ്രത്യേകം തരംതിരച്ച് ലഭ്യമാക്കാമോ?

ഉത്തരം

പത്തിയൂർ പഞ്ചായത്തിന്റെ പരിധിയിലുള്ള പത്തിയൂർ വില്ലേജിൽ- 58.53.51 ഹെക്ടർ

കൃഷ്ണപുരം പഞ്ചായത്തിന്റെ പരിധിയിലുള്ള കൃഷ്ണപുരം വില്ലേജിൽ-118.55.83 ഹെക്ടർ

കണ്ടല്ലൂർ പഞ്ചായത്തിന്റെ പരിധിയിലുള്ള കണ്ടല്ലൂർ വില്ലേജിൽ- 37.96.79 ഹെക്ടർ

ദേവികുളങ്ങര പഞ്ചായത്തിന്റെ പരിധിയിലുള്ള പുതുപ്പള്ളി വില്ലേജിൽ- 963.33.79 ഹെക്ടർ

കായംകുളം നഗരസഭയുടെ പരിധിയിലുള്ള കായംകുളം വില്ലേജിൽ- 14.97.85 ഹെക്ടർ

ചെട്ടിക്കുളങ്ങര പഞ്ചായത്ത് -160.9595 ഹെക്ടർ

ഭരണിക്കാവ് പഞ്ചായത്ത്-121.96.20 ഹെക്ടർ

പുറമ്പോക്ക് സ്ഥലങ്ങളിൽ റോഡ്, ജലാശയങ്ങൾ, കുളങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

## മലപ്പുറം ക്യാൻസർ സെന്ററിന് ഭൂമി നൽകുന്നതിന് നടപടി

283 (3035) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്, വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇൻകെൽ എജ്യൂസിറ്റിയിൽ, ഇരുപത്തിയഞ്ച് ഏക്കർ ഭൂമി അനുവദിച്ചുകൊണ്ട് മുൻ സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ സെന്ററിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഭൂമി ഏറ്റെടുത്ത് നൽകുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ക്യാൻസർ സെന്ററിന് പ്രസ്തുത ഭൂമി എന്ന് ഏറ്റെടുത്ത് നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജില്ലാ കളക്ടർ സമർപ്പിച്ച ഭൂമി പതിവ് പ്രൊപ്പോസലിലെ ന്യൂനതകൾ പരിഹരിക്കാൻ ലാന്റ് റവന്യൂ കമ്മീഷണർ നിർദ്ദേശിച്ചിരിക്കുകയാണ്.

(സി &ഡി) KSIDC-യിൽനിന്ന് INKID പാട്ടത്തിന് എടുത്തിട്ടുള്ളതും നിലവിൽ KSIDC നികുതിയടച്ച് വരുന്നതുമായ ഈ ഭൂമി റവന്യൂ വകുപ്പിന് കൈമാറുന്ന /വിട്ടൊഴിയുന്ന മുറയ്ക്ക് മാത്രമേ പതിവ് നടപടി സാധ്യമാവുകയുള്ളൂ.

## ബീനാച്ചി എസ്റ്റേറ്റ് പ്രദേശത്തുള്ളവരുടെ ഭൂമി പ്രശ്നം പരിഹരിക്കുവാൻ നടപടി

284 (3036) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യപ്രദേശ് സർക്കാരിന്റെ ഉടമസ്ഥതയിലുള്ള വയനാട് ജില്ലയിലെ ബീനാച്ചി എസ്റ്റേറ്റ് പ്രദേശത്തുള്ള ചൂരിമല നിവാസികൾക്ക് ഭൂമിരേഖ ലഭിക്കാത്തത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചൂരിമല ഭൂമി പ്രശ്നം പരിഹരിക്കുവാനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) മദ്ധ്യപ്രദേശ് സർക്കാരുമായി ബന്ധപ്പെട്ട് ചൂരിമല ഭൂമി പ്രശ്നം പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചൂരിമല നിവാസികൾ എസ്റ്റേറ്റ് ഭൂമി കയ്യേറിയതിൽ എസ്റ്റേറ്റിന് അനുകൂലമായി വിധിയുണ്ടായിട്ടുള്ളതും എസ്റ്റേറ്റ് അധികൃതർ ഒഴിപ്പിക്കൽ ശ്രമം നടത്തിയെങ്കിലും ശക്തമായ എതിർപ്പിനെ തുടർന്ന് നിർത്തി വയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. മദ്ധ്യപ്രദേശ് സർക്കാരിൽനിന്നും ബീനാച്ചി എസ്റ്റേറ്റ് ഏറ്റെടുക്കുന്നതിനായി സംയുക്ത പരിശോധനയും സർവ്വേയും പൂർത്തിയാക്കിയിട്ടുള്ളതാണ്.

## കോതമംഗലം മണ്ഡലത്തിൽ പുതുതായി പട്ടയ വിതരണം

285 (3037) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോതമംഗലം മണ്ഡലത്തിൽ പുതുതായി പട്ടയ വിതരണം നടന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പട്ടയം ലഭിച്ചവരുടെ പേരും വിലാസവും ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദിവാസി പുനരധിവാസ പദ്ധതിയിൽപ്പെടുത്തി 96 പട്ടയങ്ങളും പൊതുവിഭാഗ ത്തിൽപ്പെടുത്തി 7 പട്ടയങ്ങളും വിതരണം ചെയ്തിട്ടുള്ളതാണ്.

(ബി) പട്ടയം നൽകിയവരുടെ പേരും വിലാസവും അടങ്ങിയ ലിസ്റ്റ് അനുബന്ധമായി *ചേർക്കുന്നു.

**കാർഷിക വായ്പകൾക്ക് മോറട്ടോറിയം**

286 (T*3038) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക വായ്പകൾക്ക് മേയ് 31 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചെങ്കിലും ആയത് സംബന്ധിച്ച സർക്കുലർ പുറപ്പെടുവിച്ചിട്ടില്ലായെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കുലർ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മൊറട്ടോറിയം പ്രഖ്യാപിച്ചതിനെത്തുടർന്ന് കാർഷിക വായ്പ തിരിച്ചടയ്ക്കാത്ത കർഷകർക്കെതിരെ ജപ്തി നടപടികൾ ആരംഭിച്ചതായി ദൃശ്യമാദ്ധ്യമങ്ങളിൽ വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലാവശ്യമായ അടിയന്തിര തുടർനടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 19-12-2016- ലെ സ.ഉ.(എം.എസ്.)നമ്പർ 598/16/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 2017 മേയ് 31 വരെ മൊറട്ടോറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ മറ്റൊരു സർക്കുലറിന്റെ ആവശ്യകതയില്ല.

(ബി) മൊറട്ടോറിയം പ്രഖ്യാപിച്ചശേഷം ഇത്തരം നടപടികൾ സ്വീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## തലശ്ശേരി-മാഹി ബൈപ്പാസ്

287 (3039) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി- മാഹി ബൈപ്പാസിന് 2017 ജനുവരി 31 വരെ എത്ര ഏക്കർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്; ഇവയുടെ സർവ്വേ നമ്പർ, സബ് ഡിവിഷൻ നമ്പർ, വില്ലേജ്, ദേശം എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) നിർദ്ദിഷ്ട തലശ്ശേരി-മാഹി ബൈപ്പാസിൽ ഇനി എത്ര സ്ഥലം ഏറ്റെടുക്കാൻ ബാക്കിയുണ്ട്; ഇവ സർവ്വേ നമ്പർ, സബ് ഡിവിഷൻ നമ്പർ, വില്ലേജ്, ദേശം എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(സി) സ്ഥലം ഏറ്റെടുത്ത വകയിൽ എത്ര തുക സ്ഥലം ഉടമകൾക്ക് നൽകാൻ ബാക്കിയുണ്ട്; ഇത് എത്ര മാസം കൊണ്ട് കൊടുത്ത് തീർക്കും; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) 2017 ജനുവരി 31 വരെ 62.4559 ഹെക്ടർ സ്ഥലം ഏറ്റെടുത്തിട്ടുണ്ട്. ടി സ്ഥലങ്ങളെ കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) സ്ഥലം ഏറ്റെടുക്കൽ പൂർത്തിയായി

(സി) 23.6 കോടി രൂപ ഭൂവുടമകൾക്ക് സ്ഥലം ഏറ്റെടുത്ത വകയിൽ നൽകാനുണ്ട്. ദേശീയപാത അതോറിറ്റിയിൽ നിന്നും ഫണ്ട് ലഭ്യമായാൽ രണ്ട് മാസത്തിനകം നഷ്ടപരിഹാര തുക കൊടുക്കുന്നതാണ്.

## നേരേകടവ്, മാക്കേക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ്

288 (3040) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറവൂർ-പമ്പ പാതയിലെ പ്രധാന പാലമായ നേരേകടവ്, മാക്കേക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പാലത്തിന്റെ ഇരുകരകളിലുമുള്ള റോഡ് അല്ലാതെ ഇതിനോട് ചേർന്ന് സർക്കാർ ഭൂമി, പുറംപോക്ക്, കായൽ പുറംമ്പോക്ക് തുടങ്ങിയ പ്രദേശങ്ങൾ നിലവിലുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പുറമ്പോക്ക് ഭൂമിയുടെ സ്കെച്ച്, ലിത്തോ പ്ലാൻ പ്രകാരം അളന്ന് തിരിച്ചിട്ടുണ്ടോ;

(ഡി) കായൽ പുറമ്പോക്ക് പതിച്ച് നൽകിയിട്ടുണ്ടെങ്കിൽ പൊതു ആവശ്യത്തിന് തിരികെ എടുക്കുന്നതിന് നിയമം അനുവദിക്കുന്നുണ്ടോ;

(ഇ) സ്ഥലമെടുപ്പ് നിയമം അനുസരിച്ച് സോഷ്യൽ ഇംപാക്ട് സ്റ്റഡി നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തുറവൂർ-പമ്പ പാതയിലെ പ്രധാന പാലമായ നേരേക്കടവ്, മാക്കേക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ സ്ഥലമെടുപ്പ് നടപടികളുമായി ബന്ധപ്പെട്ട് DLPC മീറ്റിംഗ് നടത്തിയെങ്കിലും മീറ്റിംഗിൽ നിശ്ചയിച്ച വിലയുമായി യോജിച്ച് കക്ഷികൾ സമ്മതപത്രം നൽകിയിട്ടില്ലാത്തതാണ്.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

**ഹെൽത്ത് സബ്-സെന്റർ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ**

289 (3041) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ അയിരൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ റീ സർവ്വേ നമ്പർ 293/5-ൽ ഉൾപ്പെട്ട ഒരു ഏക്കർ ഭൂമിയിൽനിന്ന് 10 സെന്റ് 2001-ൽ ശ്രീ. ദേവരാജൻ എന്ന പൊതുപ്രവർത്തകൻ ഹെൽത്ത് സബ്ബ്-സെന്റർ സ്ഥാപിക്കുന്നതിന് വിട്ടു നൽകിയിരുന്നുവെങ്കിലും ആയത് സർക്കാർ ഭൂമിയായി ഏറ്റെടുക്കുന്നതിനുള്ള നടപടി 16 വർഷക്കാലമായിട്ടും പൂർത്തിയാക്കിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഭൂമിയായി ഏറ്റെടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ:

(ബി) പ്രസ്തുത ഭൂമി സർക്കാർ ഭൂമിയായി മാറ്റുന്നതിനുള്ള നടപടി പൂർത്തിയാക്കുന്നതിന് കാലപരിധി നിശ്ചയിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രീ. ദേവരാജന്റെ 10 സെന്റ് ഭൂമി സർക്കാരിന് വിട്ടൊഴിയുന്നതുമായി ബന്ധപ്പെട്ട് 12-11-2001-ൽ സി ഫോറം നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി സർക്കാർ ഭൂമിയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സമുദ്രതീര പുറമ്പോക്ക് പതിച്ചു നൽകുവാൻ നടപടി**

290 (3042) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ മത്സ്യത്തൊഴിലാളികൾക്ക് അവർ വർഷങ്ങളായി കൈവശം വച്ച് അനുഭവിക്കുന്ന സമുദ്രതീര പുറമ്പോക്ക് പതിച്ചു നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ ഉത്തരവ് കാത്ത് എത്ര പേരുടെ ഫയൽ പരിഗണനയിലുണ്ട്; ആയത് പരിഹരിക്കുന്നതിന് ശ്രമിക്കുമോ;

(സി) ഇത്തരത്തിൽ കോവളം നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം, കോട്ടുകാൽ, കരുങ്കുളം, പൂവ്വാർ എന്നീ തീരദേശ വില്ലേജുകളിൽ നിന്നും റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചവർക്ക് ഉടൻ പട്ടയം നൽകാൻ തയ്യാറാകുമോ?

ഉത്തരം

(എ & ബി) ഭൂമി പതിവ് നിയമത്തിനും CRZ (കോസ്റ്റൽ റഗുലേഷൻ സോൺ) നിബന്ധനകൾക്കും വിധേയമായി അപേക്ഷകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ 371 അപേക്ഷകളും തൃശ്ശൂർ ജില്ലയിൽ 255 അപേക്ഷകളും ആലപ്പുഴ ജില്ലയിൽ 26 അപേക്ഷകളും കോഴിക്കോട് ജില്ലയിൽ 150-ഓളം അപേക്ഷകളും പരിഗണനയിലുണ്ട്.

(സി) പരിശോധിച്ച് നടപടി സ്വീകരിച്ചു വരുന്നു.

**വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾ**

291 (3044) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വരൾച്ചാ ദുരിതാശ്വാസത്തിന്റെ ഭാഗമായുള്ള സർക്കാർ പ്രവർത്തനങ്ങൾ ഏതെല്ലാം വകുപ്പുകളിലൂടെ, എങ്ങനെ നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

31-10-2016-ലെ 42830/കെ.3/2016/ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരം 26 ഇന വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ ജില്ലയിലെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടി നടപ്പാക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ അതാത് ജില്ലകളുടെ ചുമതലയുള്ള മന്ത്രിമാരുടെ മേൽനോട്ടത്തിൽ അവലോകനം ചെയ്യുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് 31-5-2017 വരെ മൊറട്ടോറിയം പ്രഖ്യാപിച്ചു. വരൾച്ചയുടെ കാഠിന്യംമൂലം വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിക്കുന്നത് ചെറുക്കുന്നതിനായി നടപടികൾ സ്വീകരിക്കുവാൻ വനം വകുപ്പിന് നിർദ്ദേശം നൽകുകയും ഇതുസംബന്ധിച്ച അവലോകന യോഗം ചേരുകയും ചെയ്തു. വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്ക് ഭൂഗർഭ ജലം വിനിയോഗിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുകയും സ്വകാര്യ കുഴൽക്കിണർ നിർമ്മാണം 31-5-2017 വരെ നിയന്ത്രിക്കുന്നതിന് ഭൂജല വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ശുദ്ധജല വിതരണം നടത്തുന്നതിനുള്ള വാട്ടർ കിയോസ്കുകൾ സ്ഥാപിക്കുന്നതിനും GPS ഘടിപ്പിച്ച ടാങ്കർ ലോറി വഴി കുടിവെള്ള വിതരണം നടത്തുന്നതിനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ആലോചിച്ച് ജലവിതരണം നടത്തേണ്ട പ്രദേശങ്ങൾ തീരുമാനിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മൃഗസംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ വകുപ്പുകളുമായി ചേർന്ന് നടത്തുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സ്ഥിരം ശുദ്ധജല സ്രോതസ്സുകൾ മലിനീകരിക്കുന്നത് തടയുന്നതിന് പോലീസ്, റവന്യൂ, ജല അതോറിറ്റി എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ പരിശോധനാ ടീമിനെ നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ നാശനഷ്ടം വിലയിരുത്തി ദുരന്ത പ്രതികരണനിധിയിൽനിന്നുള്ള ആശ്വാസം നൽകുവാൻ കൃഷി വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രാപ്തിക്ക് അതീതമായി വരൾച്ചാ സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും അധിക ധനസഹായം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിന് വിവിധ വകുപ്പുകളിൽ നിന്നുള്ള വരൾച്ചമൂലമുള്ള നാശനഷ്ടത്തിന്റെ വിവരം സമാഹരിച്ച് വരൾച്ച സംബന്ധിച്ച മെമ്മോറാണ്ടം തയ്യാറാക്കിയിട്ടുണ്ട്.

## കാഞ്ഞൂർ പഞ്ചായത്തിൽ മിനി സിവിൽ സ്റ്റേഷൻ

292 (3045) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ കാഞ്ഞൂർ പഞ്ചായത്തിൽ ഉൾപ്പെട്ടുവരുന്ന കിഴക്കുംഭാഗം വില്ലേജാഫീസ് കോമ്പൗണ്ടിലെ മിച്ചമുള്ള സ്ഥലത്ത് മിനി സിവിൽ സ്റ്റേഷൻ പണിയണമെന്ന് ആവശ്യപ്പെട്ട് കാഞ്ഞൂർ പഞ്ചായത്ത് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) കാഞ്ഞൂരിൽ മിനി സിവിൽ സ്റ്റേഷൻ പണിയുവാൻ അനുമതി നൽകുമോ?

### ഉത്തരം

(എ) പഞ്ചായത്തിന്റെ അപേക്ഷ റവന്യൂ വകുപ്പിൽ ലഭ്യമായിട്ടില്ല.

(ബി) ഇത് സംബന്ധമായ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## കൊച്ചിൻ കോളേജ്

293 (3046) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ ചുള്ളിക്കലിൽ പ്രവർത്തിക്കുന്ന കൊച്ചിൻ കോളേജിന്റെ ഭൂമിയിൽ റവന്യൂ വകുപ്പിന് അധികാരമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ഭൂമിയിലാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമിയിൽ കോളേജിന് നിശ്ചയിച്ച് നല്കിയിട്ടുള്ള പാട്ട തുക എത്രയാണ്;

(ഡി) അനുവദിച്ചതിൽ കൂടുതൽ ഭൂമി കോളേജ് കൈവശം വച്ച് ഉപയോഗിക്കുന്നുണ്ടോ; വിശദമാക്കാമോ?

### ഉത്തരം

(എ) അധികാരമില്ല. കൊച്ചി താലൂക്ക് തോപ്പുംപടി വില്ലേജിൽ ബി.ടി.ആർ. പ്രകാരം 'സ്ലം പുറമ്പോക്ക്' ആയ വസ്തു കൊച്ചിൻ കോർപ്പറേഷനിൽ നിക്ഷിപ്തമാണ്. കൊച്ചി കോർപ്പറേഷൻ ടി വസ്തു കൊച്ചിൻ എഡ്യൂക്കേഷൻ സൊസൈറ്റിക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതാണ്.

(ബി-ഡി) ബാധകമല്ല.

## കാട്ടുകുറ്റി വില്ലേജ് ഓഫീസ്

294 (3047) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി താലൂക്കിലെ കല്ലൂർ വടക്കും മുറി വില്ലേജ് ഓഫീസിന്റെ പേര് 'കാട്ടുകുറ്റി വില്ലേജ് ഓഫീസ് ' എന്ന് പുനർനാമകരണം ചെയ്യുന്നതിനായി കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ അനുകൂല നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ചാലക്കുടി താലൂക്കിലെ കല്ലൂർ വടക്കുംമുറി വില്ലേജ് ഓഫീസിന്റെ പേര് 'കാട്ടുകുറ്റി വില്ലേജ് ഓഫീസ് ' എന്ന് പുനർനാമകരണം ചെയ്യുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ഈ വിഷയത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

## നിലമ്പൂർ വില്ലേജ് ഓഫീസ്

295 (3048) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ മണ്ഡലത്തിലെ നഗരവില്ലേജായ നിലമ്പൂർ വില്ലേജ് ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാലും പൊതുജനങ്ങൾക്ക് ഇതുമൂലം ബുദ്ധിമുട്ടുണ്ടാകുന്നതിനാലും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

നിലവിൽ നിലമ്പൂർ വില്ലേജ് ആഫീസിൽ അനുവദിച്ചിട്ടുള്ള തസ്തികകളൊന്നും ഒഴിഞ്ഞ് കിടക്കുന്നില്ല.

## കാസർഗോഡ് ജില്ലയിൽ പട്ടയം

296 (3049) <u>ശ്രീ. എൻ .എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്; വില്ലേജ് തിരിച്ച് കണക്കും, പേരു വിവരങ്ങളും, അനുവദിക്കപ്പെട്ട ഭൂമി എത്ര വീതമാണെന്നും വ്യക്തമാക്കാമോ;

(ബി) ഭൂരഹിത കേരളം പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദ്യഘട്ടത്തിൽ അനുവദിക്കപ്പെട്ട പട്ടയത്തിന്റെ ഉടമകൾക്ക് സ്ഥലം തിട്ടപ്പെടുത്തി നൽകാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ എന്നത്തേയ്ക്ക് അളന്ന് തിട്ടപ്പെടുത്തി നൽകാനാവും; വ്യക്തമാക്കാമോ;

(സി) ഭൂരഹിത കേരളം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ സംസ്ഥാനത്ത് ആകെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; അപേക്ഷകർക്ക് എന്നത്തേയ്ക്ക് ഭൂമി പതിപ്പിച്ചു നല്കാനാകുമെന്ന് പറയുമോ ?

<u>ഉത്തരം</u>

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം കാസർഗോഡ് ജില്ലയിൽ 103 പേർക്ക് പട്ടയം അനുവദിച്ചിട്ടുണ്ട്. പട്ടയം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അനുവദിക്കപ്പെട്ട ഏതാനും പട്ടയ ഉടമകൾക്ക് സ്ഥലം കൈമാറാൻ ബാക്കിയുണ്ട്. ഭൂമി അളന്ന് തിട്ടപ്പെടുത്തി കൈമാറുന്ന പ്രവർത്തനം നടന്നുവരികയാണ്. ചുരുങ്ങിയ കാലം കൊണ്ട് പൂർത്തിയാക്കാൻ തക്കരീതിയിലുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

(സി) 74504 അപേക്ഷകൾ

<u>ജില്ലതിരിച്ചുള്ള വിവരങ്ങൾ</u>

| ജില്ല | അപേക്ഷകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 8688 |
| കൊല്ലം | 6170 |
| പത്തനംതിട്ട | 998 |
| ആലപ്പുഴ | 1172 |
| കോട്ടയം | 826 |
| ഇടുക്കി | 3592 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) |
|---|---|
| എറണാകുളം | 3125 |
| തൃശ്ശൂർ | 3640 |
| പാലക്കാട് | 8091 |
| മലപ്പുറം | 6001 |
| കോഴിക്കോട് | 1977 |
| വയനാട് | 648 |
| കണ്ണൂർ | 12594 |
| കാസർഗോഡ് | 16982 |
| ആകെ | 74504 |

(ഡി) കാസർഗോഡ്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ രണ്ടാം ഘട്ടമായി ലഭിച്ച അപേക്ഷകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ഒന്നാംഘട്ടമായി സ്വീകരിച്ചിരുന്ന അപേക്ഷകളിൽ നിന്നുള്ള ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ഭൂമി അനുവദിക്കാൻ കഴിയാത്തതിനാൽ രണ്ടാം ഘട്ടമായി ലഭ്യമായിട്ടുള്ള അപേക്ഷകളിൽ നിന്നുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല.

**കാട്ടാക്കട സാംസ്കാരിക നിലയ നിർമ്മാണം തടസ്സപ്പെട്ടുത്തിയ നടപടി**

297 (3050) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-ൽ, കാട്ടാക്കട പട്ടണത്തോട് ചേർന്ന് പഞ്ചായത്ത് ആരംഭിച്ച സാംസ്കാരിക നിലയത്തിനായുള്ള കെട്ടിട നിർമ്മാണം റവന്യൂ വകുപ്പ് തടസ്സപ്പെട്ടുത്തിയത് എന്തിനായിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഭൂമിയുടെ ഉടമസ്ഥാവകാശം ആർക്കാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റവന്യൂ പുറമ്പോക്ക് ആയതിനാലാണ് പ്രസ്തുത കെട്ടിട നിർമ്മാണം തടസ്സപ്പെട്ടുത്തിയത്.

**ചിറ്റൂരിലെ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം**

298 (3051) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂരിലെ പുറമ്പോക്ക് നിവാസികൾക്ക് പട്ടയം ലഭിക്കുന്നതിനായി കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) ഇങ്ങനെ ലഭ്യമായ അപേക്ഷകളിൽ എത്ര അപേക്ഷകർക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര അപേക്ഷകൾ നിരസിച്ചിട്ടുണ്ട്; ഭൂമി അനുവദിക്കാത്ത എത്ര അപേക്ഷകൾ കെട്ടിക്കിടക്കുന്നുണ്ട്;

(സി) കഴിഞ്ഞ 5 വർഷക്കാലയളവിൽ പട്ടയഭൂമി അനുവദിക്കുന്നതിനുള്ള അസൈൻമെന്റ് കമ്മിറ്റികൾ എത്രയെണ്ണം ചിറ്റൂർ താലൂക്കിൽ കൂടിയിട്ടുണ്ട്; ഇങ്ങനെ കൂടിയ ഓരോ അസൈൻമെന്റ് കമ്മിറ്റികളും എത്ര അപേക്ഷ പരിഗണനയ്ക്കെടുത്തു;

(ഡി) ഓരോ കമ്മിറ്റിയിലും എത്ര അപേക്ഷകർക്ക് ഭൂമി അനുവദിച്ചു; എത്ര അപേക്ഷകൾ നിരസിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 349 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ അപേക്ഷകളിൽ 209 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്. 140 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

(സി & ഡി) അഞ്ച് അസൈൻമെന്റ് കമ്മിറ്റികൾ താഴെ പറയും തീയതികളിൽ കൂടിയിട്ടുണ്ട്.

| കമ്മിറ്റി കൂടിയ തീയതി | പരിഗണനയ്ക്ക് എടുത്ത പട്ടയങ്ങളുടെ വിവരം |
|---|---|
| 04-11-13 | 71 |
| 19-2-14 | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് മാത്രം |
| 04-11-14 | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് മാത്രം |
| 22-5-15 | 10 |
| 22-2-16 | 48 |

കൂടാതെ 80 കോളനി പട്ടയങ്ങളും ഇക്കാലയളവിൽ നൽകിയിട്ടുണ്ട്. കമ്മിറ്റി പരിഗണനയ്ക്കെടുത്ത പട്ടയഭൂമി അനുവദിക്കുന്നതിനുള്ള അപേക്ഷകൾ എല്ലാംതന്നെ അനുവദിച്ചിട്ടുണ്ട്.

**മൂന്നാറിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ**

299 (3052) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റോപ്പ് മെമ്മോ നൽകിയ ശേഷവും അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാർ മേഖലയിൽ അനുസ്യൂതം നടത്തി വരുന്നത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പിൻബലത്തോടെയാണോ ;

(സി) എങ്കിൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിനും മൂന്നാറിന്റെ ജൈവ സമ്പത്ത് സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്റ്റോപ്പ് മെമ്മോ നൽകിയതിന് ശേഷവും നിർമ്മാണ പ്രവർത്തനം തുടർന്ന ഏതാനും കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത് ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയുടെ പിൻബലത്തോടെയാണോ എന്ന കാര്യം വ്യക്തമല്ല.

(സി) ഇടുക്കി ജില്ലയിലെ റവന്യൂ/ഫോറസ്റ്റ് ഭൂമികളിലെ അനധികൃത കയ്യേറ്റങ്ങളും വ്യാജ പട്ടയങ്ങളും മൂന്നാർ പ്രദേശത്തെ ഭൂപ്രകൃതി പരിപാലനവുമായി ബന്ധപ്പെട്ട് ബഹു.കേരള ഹൈക്കോടതിയിൽ നിന്നും, മറ്റ് ഉന്നതാധികാരികളിൽ നിന്നും ലഭിച്ചിട്ടുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പട്ടയ വ്യവസ്ഥകളുടെ ലംഘനം, അനധികൃത കയ്യേറ്റം, അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവയ്ക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.

**അതിയന്നൂർ വില്ലേജ് ഓഫീസ്**

300 (3053) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ അതിയന്നൂർ പഞ്ചായത്തിൽ വില്ലേജ് ഓഫീസ് ആരംഭിക്കണമെന്നുള്ള ജനങ്ങളുടെ ആവശ്യം പരിഗണിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നെയ്യാറ്റിൻകര താലൂക്കാഫീസിൽ നിരവധി അപേക്ഷകൾ റീസർവ്വേ നടപടികളുമായി ബന്ധപ്പെട്ട് തീർപ്പാക്കുന്നതിന് കാലവിളംബം നേരിടുന്നതിനാൽ ആയത് സമയബന്ധിതമായി തീർപ്പ് കല്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നെയ്യാർതീരങ്ങളിലും കുളംപുറമ്പോക്കുകളിലും അനധികൃതമായി

കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി ഒഴിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കുളത്തൂർ പഞ്ചായത്തിലെ പൊഴിക്കരയിൽ, റിസോർട്ട് ഉടമകൾ അനധികൃതമായി ഉപയോഗിക്കുന്ന ഭൂമി വീണ്ടെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) അതിയന്നൂർ പഞ്ചായത്തിൽ വില്ലേജ് ഓഫീസ് ആരംഭിക്കുന്ന വിഷയം പരിഗണനയിലില്ല.

(ബി) നടപടി സ്വീകരിച്ചു വരുന്നു.

(സി) നെയ്യാർ തീരങ്ങളിലും പുറമ്പോക്കുകളിലും അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമി ഒഴിപ്പിക്കുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) കുളത്തൂർ വില്ലേജിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരള ലാൻഡ് കൺസർവൻസി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം തണ്ണീർത്തടങ്ങളുടെ സംരക്ഷണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരുന്നതിനാൽ കയ്യേറ്റങ്ങൾ തടയുന്നതിനും ഒഴിപ്പിക്കുന്നതിനും പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**നെടുമങ്ങാട് താലൂക്കിൽ റവന്യൂ വകുപ്പ് ജീവനക്കാരുടെ ഒഴിവുകൾ**

301 (3054) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ റവന്യൂ വകുപ്പ് ജീവനക്കാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് തസ്തിക തിരിച്ചുള്ള കണക്ക് നൽകാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിൽ 3 ഒഴിവ്. വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് 1 ഒഴിവ്.

(ബി) ഈ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**നെടുമങ്ങാട് താലൂക്കിൽ പുറമ്പോക്ക് ഭൂമി കയ്യേറാൻ ശ്രമം**

302 (3055) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽ അരുവിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 41-ൽ സർവ്വേ നമ്പർ 137/4, 137/5, 137/32, 137/35 എന്നിവയിൽപ്പെട്ട സർക്കാരിന്റെ മൂന്നേക്കർ പുറമ്പോക്ക് ഭൂമി കയ്യേറാൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ടി ഭൂമി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ആരെങ്കിലും കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) നിലവിൽ ഈ ഭൂമിയിൽ കയ്യേറ്റമില്ല.

(ബി) ടി ഭൂമി താലൂക്ക് സർവ്വേയർ മുഖാന്തരം സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ചിട്ടുണ്ട്. ഭൂമി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി)ഉണ്ട്. ഇതുസംബന്ധിച്ച് ജി.വി. രാജ സ്കൂളിന് സമീപം താമസിക്കുന്ന നാട്ടുകാർ 13-7-2016-ന് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസർ, താലൂക്ക് സർവ്വേയർ എന്നിവർക്ക് കയ്യേറ്റം ഉണ്ടെങ്കിൽ അടിയന്തരമായി ഒഴിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതും 2016-ൽ തന്നെ കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടുള്ളതുമാണ്.

**പയ്യന്നൂർ മണ്ഡലത്തിലെ ഭൂപ്രശ്നങ്ങൾ**

303 (3056) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സെല്ല് രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നുവോ; എങ്കിൽ സെല്ലിന്റെ പ്രവർത്തനം ആരംഭിച്ചത് എപ്പോഴാണെന്നും സെല്ലിന്റെ ഘടന ഏത് തരത്തിലുള്ളതാണെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെൽ പ്രവർത്തനമാരംഭിച്ചിട്ട് ഇതുവരെ എത്ര കേസ് തീർപ്പാക്കിയിട്ടുണ്ട്; വില്ലേജ്, സർവ്വേ നമ്പർ, വ്യക്തിയുടെ പേര് എന്നിവ സഹിതം വിശദമാക്കുമോ;

(സി) എത്ര കേസ് ഇനി തീർപ്പാക്കാനുണ്ടെന്നും വില്ലേജ്, സർവ്വേ നമ്പർ,വ്യക്തിയുടെ പേര് എന്നിവ സഹിതം വിശദമാക്കുമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സെൽ രൂപീകരിച്ച് 26-11-2016-ന് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്. ആയതിന്റെ ഘടന ഡെപ്യൂട്ടി കളക്ടർ (എൽ.ആർ.), തഹസിൽദാർ, താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിലുള്ള 5 അംഗ സർവ്വേ ടീം എന്നതാണ്.

(ബി & സി) എരമം വില്ലേജിലെ റീസർവ്വേ 70/1 എ 1 & എ 3, എ 5, എന്നീ നമ്പരുകളിലെയും വെള്ളോറ വില്ലേജിലെ റീസർവ്വേ 23-ലും പ്പെട്ട 112 പേരുടെയും ഭൂപ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ട്. പെരിന്തട്ട, കുറ്റൂർ, പെരിങ്ങോം, ആലപ്പടമ്പ എന്നീ വില്ലേജുകളിലെ ഭൂപ്രശ്നങ്ങൾ പരിഹരിക്കുവാൻ ബാക്കിയുണ്ട്. ഭാഗികമായി മാത്രം ഭൂപ്രശ്നം പരിഹരിച്ചിട്ടുള്ളതിനാൽ ഗുണഭോക്താക്കളുടെ വിവരം ലഭ്യമായി വരുന്നതേയുള്ളൂ.

**ആറ്റിങ്ങൽ മണ്ഡലത്തിൽ റീസർവ്വേ ജോലികൾ**

304 (3057) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ റീസർവ്വേ ജോലികൾ സമയോചിതമായി പൂർത്തിയാക്കാൻ കഴിയുമോ; മതിയായ സർവ്വേയർമാരില്ലാത്തത് ജോലി പൂർത്തീകരിക്കുന്നതിന് കാലതാമസം വരുത്തുന്നുണ്ടോ; സർവ്വേയർമാരുടെ എത്ര ഒഴിവുകളാണ് നിലവിൽ ഉള്ളത്; നിയമന നടപടി കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഒറ്റൂർ പഞ്ചായത്തിലെ ഒറ്റൂർ വില്ലേജിൽ കയ്യേറിയ പുറമ്പോക്ക് ഭൂമി തിരിച്ച് പിടിച്ചത് ശ്രീനാരായണപുരം മാതൃക അംഗൻവാടി നിർമ്മാണത്തിന് കൈമാറാൻ അദാലത്തിൽ ധാരണയായത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഭൂമി കൈമാറിയിട്ടുണ്ടോ; കൈമാറാൻ എന്താണ് തടസ്സം; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി പ്രദേശം ഉൾപ്പെട്ടുവരുന്ന വില്ലേജുകൾ ഒഴികെയുള്ള എല്ലാ വില്ലേജുകളിലും റീസർവ്വേ റിക്കാർഡുകൾ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയുടെ റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആറ്റിങ്ങൽ റീസർവ്വേ സൂപ്രണ്ടാഫീസിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭൂമി ബന്ധപ്പെട്ട വകുപ്പിന് കൈമാറി നൽകിയിട്ടില്ല. ടി ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി കൈമാറ്റത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൂരാച്ചുണ്ട് വില്ലേജ് അതിർത്തി പുനർനിർണ്ണയം**

305 (3058) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് വില്ലേജ് അതിർത്തി പുനർനിർണ്ണയത്തിനുള്ള സർക്കാർ ഉത്തരവ് (ജി.ഒ. (എം.എസ്.) നമ്പർ 354/12/റവന്യൂ)നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ, ഉത്തരവ് നടപ്പിലാക്കുന്നതിൽ എന്താണ് കാലതാമസമെന്ന് അറിയിക്കാമോ;

(സി) ഉത്തരവ് നടപ്പിലാക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ - സി) കോഴിക്കോട് ജില്ലയിലെ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന മുഴുവൻ പ്രദേശങ്ങളെയും കൂരാച്ചുണ്ട് വില്ലേജിന്റെ കീഴിലാക്കി അതിർത്തി പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ജി.ഒ.(എം.എസ്.) നമ്പർ 354/12/റവന്യൂ ഉത്തരവ് നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത ഉത്തരവ് പ്രകാരം സർവ്വേ നടപടികൾ തുടങ്ങുന്നതിന്റെ ഭാഗമായി റവന്യൂ, പഞ്ചായത്ത്, സർവ്വേ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ സംയുക്തമായി ഫീൽഡ് പരിശോധിച്ചതിൽ കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടാത്ത സർവ്വേ നമ്പരുകൾ ടി സർക്കാർ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ളതായി കണ്ടെത്തിയതിനാൽ മേൽ അപാകത പരിഹരിച്ച് ടി ഉത്തരവ് ഭേദഗതി ചെയ്ത് തിരുത്തൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിരമിക്കുന്ന ഡെപ്യൂട്ടി കളക്ടർ/ തഹസിൽദാർ**

306 (3059) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ/തഹസിൽദാർ തസ്തികയിൽ നിന്നും 2017 വർഷത്തിൽ വിരമിക്കുന്നവരുടെ എണ്ണം ലഭ്യമാണോ;

(ബി) എങ്കിൽ എത്ര ജീവനക്കാർ വിരമിക്കുന്നുണ്ട് എന്നറിയിക്കുമോ;

(സി) 2017-ൽ വിരമിക്കുന്ന ഡെപ്യൂട്ടി കളക്ടർമാരുടേയും തഹസിൽ ദാർമാരുടേയും പേരും വിരമിക്കുന്ന മാസവും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ലാന്റ് റവന്യൂ വകുപ്പിൽനിന്നും ഡെപ്യൂട്ടി കളക്ടർ തസ്തികയിൽനിന്ന് 57 പേരും തഹസിൽദാർ തസ്തികയിൽനിന്ന് 55 പേരും 2017 വർഷത്തിൽ വിരമിക്കുന്നുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**വില്ലേജുകളുടെ വിഭജനം**

307 (3060) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിൽ എത്ര വില്ലേജുകളാണ് ഉള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഒരു വില്ലേജ് മാത്രമുള്ള ഏതൊക്കെ പഞ്ചായത്തുകളാണ് താലൂക്കിൽ ഉള്ളത് എന്ന് വിശദമാക്കുമോ;

(സി) നെന്മാറ നിയോജകമണ്ഡലത്തിലെ പല്ലശ്ശന, എലവഞ്ചേരി, വടവന്നൂർ, പുതുനഗരം ഗ്രാമ പഞ്ചായത്തുകളിലെ വില്ലേജുകൾ വിഭജിച്ച് രണ്ട് വില്ലേജ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) വില്ലേജുകളുടെ വിഭജനം സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ)ചിറ്റൂർ താലൂക്കിൽ 30 വില്ലേജുകളാണുള്ളത്.

(ബി) പട്ടഞ്ചേരി, പല്ലശ്ശേന, എലവഞ്ചേരി, നെല്ലിയാമ്പതി, പുതുനഗരം, വടവന്നൂർ എന്നീ പഞ്ചായത്തുകളിലാണ് ഒരു വില്ലേജ് മാത്രമുള്ളത്.

(സി) പുതിയ വില്ലേജുകളുടെ രൂപീകരണം സംബന്ധിച്ച വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) സംസ്ഥാനത്ത് നിലവിലുള്ള വില്ലേജുകളുടെ വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് പുതിയ വില്ലേജുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമായി കണക്കാക്കി വരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മൊടവണ്ണക്കടവ് തൂക്കുപാലം നിർമ്മാണം

308 (3061) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ ചാലിയാറിന് കുറകെ മൊടവണ്ണക്കടവ് എന്ന സ്ഥലത്ത് റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഒരു തൂക്കുപാലം നിർമിക്കുന്നതിന് ഭരണാനുമതി നൽകുകയും പിന്നീടതിനെ നടപ്പാലം ആക്കുന്നതിനായി ഭരണാനുമതിയും മറ്റ് നടപടിക്രമങ്ങളും പൂർത്തീകരിച്ചിരുന്നോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് നിർമ്മിതി കേന്ദ്രവുമായി എഗ്രിമെന്റ് വെച്ചിരുന്നോ; പിന്നീട് പ്രവൃത്തി തുടങ്ങുന്നതിന് എന്താണ് തടസ്സമായി വന്നിട്ടുള്ളതെന്ന് വിശദമാക്കുമോ; ഇതിനോടൊപ്പം ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) മലപ്പുറം ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ടി നടപ്പാലം നിർമിക്കുന്നതിന് ഫണ്ട് അനുവദിക്കാത്തതാണ് പ്രവൃത്തിക്ക് തടസ്സമായി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ടി പ്രവൃത്തിയുടെ അടിയന്തിര ആവശ്യകത പരിഗണിച്ച് ടി പ്രവർത്തിക്കുള്ള മൊബിലൈസേഷൻ അഡ്വാൻസും ബാക്കി ഫണ്ടും മലപ്പുറം ജില്ല റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും അടിയന്തിരമായി നൽകുന്നതിനും ഈ പ്രവൃത്തി ഇനിയും കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചാലിയാറിന് കുറകെ മൊടവണ്ണക്കടവിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റിലീഫ് ഫണ്ട് (SDRF) ഉപയോഗിച്ച് തൂക്കുപാലം നിർമ്മിക്കുന്നതിനായി സർക്കാർ ഉത്തരവായിരുന്നു. (G.O(Rt.) No.4660/2012/DMD തീയതി 9-8-2012) പാലത്തിന്റെ നിർമ്മാണോത്ഘാടന വേളയിൽ ജനപ്രതിനിധികൾക്കും പൊതുജനങ്ങളും ചെറിയവാഹനങ്ങളിൽക്കൂടി കടന്നുപോകാനുതകുന്ന പാലമാണ് വേണ്ടതെന്ന് ആവശ്യപ്പെട്ടതിനാൽ നിർമ്മാണ ഏജൻസിയായ KEL എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് അലൈൻമെന്റ് സർവ്വേ - സോയിൽ ഇൻവെസ്റ്റിഗേഷൻ എന്നിവ സർക്കാർ ഉത്തരവ് G.O(Rt)No.1150/15/RD തീയതി 4-3-2015 പ്രകാരം RMF ഉപയോഗിച്ച്

പൂർത്തീകരിച്ചിട്ടുള്ളതാണ്. പാലത്തിന്റെ ഇരുകരകളിലും കൗണ്ടർ വെയ്റ്റ് സ്ഥാപിക്കേണ്ട സ്ഥലം വനഭൂമിയായതിനാൽ DFO മുഖേന വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) പാലത്തിന്റെ ഇരുകരകളിലുമുള്ള ഭൂമി വനഭൂമിയായതിനാൽ വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) വനഭൂമി വിട്ടുകിട്ടിയാൽ മാത്രമേ പാലം നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

(ഡി) ബാധകമല്ല.

## നികത്തപ്പെട്ട സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം

309 (3062) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂരേഖകളിൽ നിലം എന്ന രേഖപ്പെടുത്തിയതും എന്നാൽ വർഷങ്ങൾക്ക് മുമ്പ് നികത്തപ്പെട്ടതുമായ സ്ഥലങ്ങളിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിനും കെട്ടിടം പുതുക്കിപ്പണിയുന്നതിനും അനുമതി ലഭിക്കുന്നതിന് തടസ്സം നിലനിൽക്കുന്നതിനാൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

2008-ന് മുമ്പ് നികത്തപ്പെട്ടതും എന്നാൽ റവന്യൂ രേഖകളിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി കൃഷിയേതര പ്രവർത്തനത്തിന് ബന്ധപ്പെട്ട ജില്ലാ കളക്ടർ/ റവന്യൂ ഡിവിഷണൽ ഓഫീസർമാർ അനുമതി നൽകിവരുന്നുണ്ട്. പ്രസ്തുത ഭൂമിയിൽ ഭൂടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് ഉപയുക്തമാക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ട് പഞ്ചായത്തിൽ 10 സെന്റും, മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ 5 സെന്റിനും അനുമതി നൽകുന്നതിന് 22-12-2016-ലെ 46848/പി1/2016/റവന്യൂ നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

## നെട്ടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ അപ്രോച്ച് റോഡ്

310 (3063) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ-ചേർത്തല മണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നെട്ടുമ്പ്രക്കാട്-വിളക്കുമരം പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ ഭൂമി ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഏറ്റെടുത്തിട്ടുള്ള ഭൂമിയ്ക്ക് മുഴുവൻ നഷ്ടപരിഹാരത്തുകയും നൽകിയിട്ടുണ്ടോ;

(സി) ഇരുകരകളിലുമായി എത്ര സെന്റ് ഭൂമിയാണ് ഏറ്റെടുത്തിട്ടുള്ളതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) കൊക്കോതമംഗലം വില്ലേജിൽ നിന്ന് 0.0715 ഹെക്ടറും, പള്ളിപ്പുറം വില്ലേജിൽനിന്ന് 0.2606 ഹെക്ടറും ഏറ്റെടുത്തിട്ടുണ്ട്.

## കുന്ദമംഗലത്തിന് പൂർണ്ണ താലൂക്ക് പദവി

311 (3064) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്തിന് പൂർണ്ണ താലൂക്ക് പദവി നൽകുന്നത് സംബന്ധിച്ച 24069/F2/2013/Rev.നമ്പർ ഫയലിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ താലൂക്കുകൾ രൂപീകരിച്ച ശേഷവും കേരളത്തിലെ ഏറ്റവും വലിയ താലൂക്കാണ് കോഴിക്കോട് എന്നത് പരിഗണിച്ച് കോഴിക്കോട് താലൂക്ക് വിഭജിച്ച് കുന്ദമംഗലം ആസ്ഥാനമായി താലൂക്ക് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കുന്ദമംഗലം സബ് താലൂക്കിനെ താലൂക്കായി ഉയർത്തുന്ന വിഷയം ഇപ്പോൾ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ബാധകമല്ല.

**മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി**

312 (3065) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജൂൺ മുതൽ നാളിതുവരെയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷിച്ച എത്ര പേർക്ക് തുക അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര പേർക്ക് തുക വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ചും മണ്ഡലം തിരിച്ചും വ്യക്തമാക്കാമോ?

ഉത്തരം

(എ)

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 12327 |
| 2 | കൊല്ലം | 4581 |
| 3 | പത്തനംതിട്ട | 2510 |
| 4 | ആലപ്പുഴ | 6368 |
| 5 | കോട്ടയം | 4710 |
| 6 | ഇടുക്കി | 2662 |
| 7 | എറണാകുളം | 3942 |
| 8 | തൃശ്ശൂർ | 6403 |
| 9 | പാലക്കാട് | 5415 |
| 10 | മലപ്പുറം | 4734 |
| 11 | കോഴിക്കോട് | 1254 |
| 12 | വയനാട് | 608 |
| 13 | കണ്ണൂർ | 1257 |
| 14 | കാസർഗോഡ് | 1868 |
| | ആകെ | 58639 |

(ബി) മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 10189 |
| 2 | കൊല്ലം | 4243 |

| (1) | (2) | (3) |
|---|---|---|
| 3 | പത്തനംതിട്ട | 1690 |
| 4 | ആലപ്പുഴ | 4492 |
| 5 | കോട്ടയം | 4304 |
| 6 | ഇടുക്കി | 947 |
| 7 | എറണാകുളം | 2378 |
| 8 | തൃശ്ശൂർ | 5316 |
| 9 | പാലക്കാട് | 3944 |
| 10 | മലപ്പുറം | 2369 |
| 11 | കോഴിക്കോട് | 1184 |
| 12 | വയനാട് | 195 |
| 13 | കണ്ണൂർ | 449 |
| 14 | കാസർഗോഡ് | 1322 |
| | ആകെ | 43022 |

## വില്ലേജാഫീസുകളിൽനിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി

313 (3066) ശ്രീ. എ. പി. അനിൽ കുമാർ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ ആവശ്യത്തിന് വില്ലേജാഫീസുകളിൽ നിന്നും നൽകുന്ന വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലയളവിൽ വിവിധ സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിച്ച് ഉത്തരവായ ശേഷം അത് വീണ്ടും കുറയ്ക്കുവാനുണ്ടായ സാഹചര്യമെന്തായിരുന്നുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് നൽകുന്ന ജാതി സർട്ടിഫിക്കറ്റുകളിൽ പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ

സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ, പട്ടികജാതി പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്ന കാര്യത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 27-4-2007-ലെ സ.ഉ.(കൈ) നമ്പർ 136/2007/റവ. നമ്പർ ഉത്തരവ് പ്രകാരം ജാതി സർട്ടിഫിക്കറ്റുകൾക്ക് കോടതിവിധിമൂലം മറിച്ച് തീരുമാനമില്ലെങ്കിൽ പത്ത് വർഷം കാലാവധി നിശ്ചയിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് ദുരുപയോഗപ്പെടുത്തുന്നതായി വിവിധ സംഘടനകളിൽനിന്ന് നിരവധി നിവേദനങ്ങളും ആക്ഷേപങ്ങളും ലഭിച്ചതിന്റെയടിസ്ഥാനത്തിൽ ആയത് റദ്ദാക്കി ജാതി സർട്ടിഫിക്കറ്റുകൾ പ്രത്യേക ആവശ്യത്തിനായി മാത്രം നൽകുവാൻ നിർദ്ദേശിച്ചുകൊണ്ട് 23-9-2008-ലെ സ.ഉ.(കൈ) നമ്പർ318/2008/റവ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായത്.

**ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നടപടി**

314 (3067) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം സർക്കാർ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;ഇത്തരത്തിൽ വീണ്ടെടുത്ത ഭൂമിയുടെ കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്തുന്നതിന് ഡെപ്യൂട്ടി കളക്ടർ (LR)-ന്റെ നേതൃത്വത്തിൽ എല്ലാ അഡീഷണൽ തഹസിൽദാർമാരെയും താലൂക്ക് സർവ്വേയർമാരെയും ഉൾപ്പെടുത്തി ഒരു ജില്ലാതല കമ്മിറ്റി രൂപീകരിക്കുകയും കണ്ടെത്തിയ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. ഭൂ സംരക്ഷണ പ്രവർത്തനങ്ങളിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്താൻ വില്ലേജ് തലത്തിൽ രൂപീകൃതമായിട്ടുള്ള ജനകീയ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് ഉറപ്പുവരുത്താൻ എല്ലാ തഹസിൽദാർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇത്തരത്തിൽ വീണ്ടെടുത്ത ഭൂമിയുടെ കണക്കുകൾ ശേഖരിച്ചുനൽകുന്നതാണ്.

## കുടികിടപ്പുകാർക്ക് പട്ടയം

315 (3068) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടികിടപ്പുകാർക്ക് പട്ടയം അനുവദിച്ചു നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഇതു പ്രകാരം എത്ര ഏക്കർ ഭൂമി പതിച്ചു നൽകിയിട്ടുണ്ട്;

(സി) ഇനിയും തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളിൽ സമയബന്ധിതമായി തീർപ്പ് കൽപിച്ച് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടികിടപ്പുകാർക്ക് 561 പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക്:

| ക്രമ നമ്പർ | ജില്ല | നൽകിയ പട്ടയങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 30 | 3.52.000 |
| 2 | കൊല്ലം | 13 | 0.61.552 |
| 3 | പത്തനംതിട്ട | 17 | 2.76.924 |
| 4 | ആലപ്പുഴ | 16 | 0.95.874 |
| 5 | ഇടുക്കി | 0 | 0 |
| 6 | കോട്ടയം | 31 | 01.62.245 |
| 7 | എറണാകുളം | 23 | 01.33.000 |
| 8 | തൃശ്ശൂർ | 13 | 01.01.064 |
| 9 | പാലക്കാട് | 0 | 0 |
| 10 | മലപ്പുറം | 9 | 0.54.510 |
| 11 | കോഴിക്കോട് | 4 | 0.29.670 |
| 12 | വയനാട് | 0 | 0 |
| 13 | കണ്ണൂർ | 0 | 0 |
| 14 | കാസർഗോഡ് | 405 | 140.64.932 |
| | ആകെ | 561 | 153.31.771 |

(ബി) 153.31.771 ഏക്കർ ഭൂമി പതിച്ച് നൽകിയിട്ടുണ്ട്.

(സി) എല്ലാ ജില്ലകളിലെയും ഇനിയും തീർപ്പകൽപ്പിക്കാൻ ബാക്കിയുള്ള കേസ്സുകൾ സമയബന്ധിതമായി തീർപ്പകൽപ്പിച്ച് പട്ടയം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

316 (3069) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിൽനിന്നും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളിലെ കാലതാമസം മൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും സർട്ടിഫിക്കറ്റുകളുടെ കാലാവധി വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അപേക്ഷകൻ ഹാജരാക്കുന്ന രേഖകളുടെയും വില്ലേജാഫീസറുടെ സ്വതന്ത്രമായ പ്രാദേശിക അന്വേഷണത്തിന്റെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിലാണ് റവന്യൂ വകുപ്പിൽനിന്ന് സർട്ടിഫിക്കറ്റുകൾ നൽകിവരുന്നത്. തെറ്റായോ വ്യാജമായോ സർട്ടിഫിക്കറ്റ് നൽകുന്നതുമൂലം ആർക്കെങ്കിലും അനർഹമായ ആനുകൂല്യങ്ങൾ ലഭിച്ചാൽ അതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കായതിനാൽ വിശദമായ അന്വേഷണത്തിനുശേഷം മാത്രമേ സർട്ടിഫിക്കറ്റുകൾ അനുവദിക്കാനാകൂ. റവന്യൂ വകുപ്പിൽനിന്നും നൽകിവരുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും നിശ്ചിത സമയപരിധിക്കുള്ളിൽ നൽകിവരുന്നതുമാണ്.

(ബി) പരിവർത്തിത ക്രൈസ്തവരുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായും മറ്റ് വിഭാഗങ്ങളുടെ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് മൂന്ന് വർഷമായും നിശ്ചയിക്കുന്നതിന് റവന്യൂ പട്ടികജാതി പട്ടികവർഗ്ഗ വികസന & പിന്നോക്ക സമുദായ വികസന വകുപ്പുകളുടെ സംയുക്ത യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിച്ചുവരുന്നു.

## 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം

317 (3070) ശ്രീ. അട്ടൂർ പ്രകാശ്:

ശ്രീ. കെ. സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008 -ലെ നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം വിഭാവനം ചെയ്ത പ്രകാരം ഉപഗ്രഹ ഛായചിത്രത്തിന്റെ സഹായത്തോടുകൂടി ഡേറ്റാ ബേസ് തയ്യാറാക്കുന്ന നടപടി പൂർത്തീയായിട്ടുണ്ടോ;

(ബി) എന്നത്തേയ്ക്ക് അത് പ്രസിദ്ധീകരിക്കുവാൻ കഴിയും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ &ബി) ഡാറ്റാ ബാങ്ക് തയ്യാറാക്കുവാൻ അവശേഷിക്കുന്ന 178 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഡാറ്റാ ബാങ്ക് സംബന്ധിച്ച് കരട് രേഖകൾ രണ്ടുമാസത്തിനകം LLMC-കൾ വഴി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൺവയോൺമെന്റ് സെന്ററിന് സമർപ്പിക്കേണ്ടതാണെന്നും ഉപഗ്രഹ ചിത്രത്തിന്റെ അടിസ്ഥാനത്തിൽ ആയതിന് അന്തിമ രൂപം നൽകി പ്രസിദ്ധീകരണത്തിന് നൽകേണ്ടതുമാണെന്ന് 4-1-2017-ൽ ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കുന്നതുസംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ, കൃഷി വകുപ്പ് മന്ത്രിമാരുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

## കിറ്റ്സിന്റെ (KITTS) അധീനതയിലുള്ള ഭൂമി

318 (3071) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈയ്ക്കാട് പ്രവർത്തിക്കുന്ന കിറ്റ്സിന്റെ (KITTS) അധീനതയിൽ എത്ര ഭൂമിയാണുള്ളതെന്ന് വ്യക്തമാക്കാമോ; ഈ സ്ഥലം മറ്റേതെങ്കിലും കേന്ദ്ര/സംസ്ഥാനസർക്കാർ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര സെന്റ് സ്ഥലമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലം അനുവദിക്കണമെന്നാവശ്യപ്പെട്ട് ഏതെല്ലാം സ്ഥാപനങ്ങൾ സർക്കാരിൽ അപേക്ഷകൾ സമർപ്പിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം താലൂക്കിൽ തൈയ്ക്കാട് വില്ലേജിൽ സർവ്വേ നമ്പർ 880-ൽ ഉൾപ്പെട്ട 5.03 ഏക്കർ സർക്കാർ ഭൂമി കിറ്റ്സിന് പാട്ടത്തിന് അനുവദിച്ചിട്ടുണ്ട്. ടി ഭൂമിയിൽനിന്നും 4.98 ഏക്കർ ഭൂമി തിരിച്ചെടുത്ത് പൊതു ആവശ്യത്തിനായി ലാന്റ് ബാങ്കിൽ നിക്ഷിപ്തമാക്കുന്നതിന് 23-12-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഫുഡ്ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, സെന്റർ ഫോർ ട്രെയിനിംഗ് ഇൻ ഫിനാൻഷ്യൽ മാനേജ്മെന്റ് (സി.റ്റി.എഫ്.എം.), കായിക വകുപ്പ് എന്നിവ പ്രസ്തുത സ്ഥലത്തുനിന്നും ഭൂമി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്.

**റീസർവ്വേ ജോലികൾ**

319 (3072) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റീസർവ്വേ ജോലികൾ പൂർത്തീകരിച്ചിട്ടില്ലാത്ത ജില്ലകൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) റീസർവ്വേ ജോലികൾ പുനരാരംഭിക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകൾ റീ സർവ്വേ ജോലികൾക്കു പ്രയോജനപ്പെടുത്തുമോ; വിശദീകരിക്കുമോ;

(സി) റീസർവ്വേ ജോലികൾക്ക് പുറം കരാർ അനുവദിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ഡി) റീസർവ്വേ പൂർത്തീകരിക്കുമ്പോൾ ആത്യന്തികമായ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും അതനുസരിച്ചുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനും സാധിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഒരു ജില്ലയിലും റീസർവ്വേ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല.

(ബി) 24-1-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീസർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പോസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) റീസർവ്വേ പൂർത്തിയാവുന്ന വില്ലേജുകളിലെ റിക്കോർഡുകൾ ഡിജിറ്റൈസ് ചെയ്ത് ഇന്റഗ്രേറ്റഡ് ലാന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കുന്നതിനുള്ള നടപടികൾ റവന്യൂ-സർവ്വേയും ഭൂരേഖയും വകുപ്പുകളുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നുണ്ട്. റീസർവ്വേ റിക്കാർഡുകളിലെ രജിസ്റ്റർ ശ്രുപേണയുള്ള റിക്കോർഡുകളായ അടിസ്ഥാന നികുതി രജിസ്റ്ററും തണ്ടപ്പേർ രജിസ്റ്ററും റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിൽ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. വിഷ്വൽ റിക്കോർഡുകളിൽപ്പെട്ട എഫ്.എം.ബി. സർവ്വേ വകുപ്പിന്റെ നേതൃത്വത്തിൽ കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന ഡിജിറ്റൈസ് ചെയ്തുവരുന്നു. റീസർവ്വേയും ഇത്തരത്തിലുള്ള അനുബന്ധ പ്രവർത്തനങ്ങളും പൂർത്തിയാകുന്ന മുറയ്ക്ക് ആത്യന്തികമായി ലാന്റ് ഡാറ്റാ ബാങ്ക് ഓൺലൈനായി പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ വിധത്തിൽ ലഭ്യമാകുന്നതാണ്.

## റീസർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

320 (3073) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ-സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടികൾ ആരംഭിച്ചുവെന്നുള്ള മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) അനന്തമായി നീട്ടിക്കൊണ്ടു പോകാതെ, ഷെഡ്യൂൾ തയ്യാറാക്കി റീസർവ്വേ നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നാണ് തീരുമാനിച്ചിരിക്കുന്നത്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 24-1-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) റീസർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനുള്ള വില്ലേജുകളിൽ റീസർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ തയ്യാറാക്കിയും യഥാസമയങ്ങളിൽ പുരോഗതി വിലയിരുത്തിയും സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### എല്ലാ വില്ലേജ് ഓഫീസുകളിലും സർവ്വേയർമാർ

321 (3074) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ സംബന്ധമായ പ്രശ്നങ്ങൾക്ക് വളരെ വേഗം പരിഹാരം കാണുവാൻ എല്ലാ വില്ലേജ് ഓഫീസുകളിലും സർവ്വേയർമാരെ നിയമിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് 12452/ഇ 1/2012/ആർ.ഡി. എന്ന നമ്പരിലുള്ള ഫയൽ നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഫയലിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ) ഇല്ല.

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ വർക്ക് സ്റ്റഡി റിപ്പോർട്ടിൽ സർവ്വേയർമാരുടെ അധിക തസ്തികകളാണ് നിലവിലുള്ളതെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ തീർപ്പാക്കിയിരുന്നു.

### റാന്നി താലൂക്കിൽ റീസർവ്വേ

322 (3075) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിൽ ഏതൊക്കെ വില്ലേജുകളിലാണ് റീസർവ്വേ പൂർത്തിയാക്കാനുള്ളത് എന്ന് അറിയിക്കുമോ; ഓരോ വില്ലേജിലേയും റീസർവ്വേ നടപടികൾ എവിടം വരെയായി എന്ന് വിശദമാക്കാമോ; ഓരോ വില്ലേജിലും റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ എന്തൊക്കെ തടസ്സങ്ങളാണ് നേരിടുന്നത്;

(ബി) തടസ്സങ്ങൾ പരിഹരിച്ച് റീസർവ്വേ നടത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഓരോ വില്ലേജിലേയും റീസർവ്വേ നടപടികൾ എന്ന് പൂർത്തിയാക്കാനാവും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റാന്നി താലൂക്കിൽ റാന്നി, അത്തിക്കയം, ചെൽക്കൽ, കൊല്ലമൂല, പെരിനാട് എന്നീ വില്ലേജുകളിലാണ് റീസർവ്വേ പൂർത്തിയാക്കാനുള്ളത്. റാന്നി താലൂക്കിലെ വില്ലേജുകളുടെ റീസർവ്വേ പുരോഗതി അനുബന്ധമായി ചേർത്തിരിക്കുന്നു.* സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷക്കാലം റീസർവ്വേ പ്രവർത്തനങ്ങൾ സർക്കാർ ഭൂമിയിൽ മാത്രമായി നിജപ്പെടുത്തിയിരുന്നതും എൽ.ആർ.എം. സ്പെഷ്യൽ സർവ്വേ പ്രവർത്തനങ്ങൾ മുതലായവയ്ക്കായി റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും ജീവനക്കാരെ നിയോഗിക്കേണ്ടി വന്നതിനാലും റീസർവ്വേ നടപടികളിൽ കാലതാമസം നേരിട്ടിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 24-1-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച സാഹചര്യത്തിൽ റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജനപങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയ ബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സർവ്വേ വകുപ്പിലെ ഒഴിവുകൾ**

323 (3076) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച് തസ്തിക, എണ്ണം, ഒഴിവ് വന്ന തീയതി എന്നിവ ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(സി) സ്ഥാനക്കയറ്റം നൽകേണ്ട ഒഴിവുകൾ ഏതൊക്കെയാണെന്നും ആയതിനുള്ള കാലതാമസം എന്താണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ, തസ്തിക, എണ്ണം, ഒഴിവു വന്ന തീയതി ഉൾപ്പെടെയുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം | ഒഴിവ് വന്ന തീയതി |
|---|---|---|
| രണ്ടാം തരം സർവ്വേയർ | 68 | 21-11-2015, 18-12-2015, |
| രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ | 2 | 9-11-2016 |
| ചെയിൻമാൻ | 4 | 24-11-2016, 26-11-2016 |
| ബൈൻഡർ | 3 | 30-9-2016,05-10-2016, 19-10-2016 |
| ഡ്രൈവർ | 1 | 1-9-2011 |
| ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ | 7 | 1-4-2015 (2 ഒഴിവ്)<br>1-6-2013 (3 ഒഴിവ്)<br>1-3-2016 (1 ഒഴിവ്)<br>1-6-2016 (1 ഒഴിവ്) |
| ഓഫീസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ | 2 | 1-5-2016 |
| ഓഫീസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ | 3 | 1-6-2016 |

(ബി)

| തസ്തിക | എണ്ണം |
|---|---|
| രണ്ടാംതരം സർവ്വേയർ | 68 |
| രണ്ടാം തരം ഡ്രാഫ്റ്റ്സ്മാൻ | 2 |
| ചെയിൻമാൻ | 3 |
| ബൈൻഡർ | 3 |
| ഡ്രൈവർ | 1 |

(സി) ഫീൽഡ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 7 ഒഴിവുകളും, ഓഫീസ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ 2 ഒഴിവുകളും ഓഫീസ് വിഭാഗം അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ 3 ഒഴിവുകളും നിലവിലുണ്ട്. ടി തസ്തികകളിലെ ഫീഡർ കാറ്റഗറിയിലേയ്ക്ക് അന്തിമ സീനിയോരിറ്റി ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ഡി.പി.സി. (Higher) കൂടി സ്ഥാനക്കയറ്റത്തിന് സെലക്ട് ലിസ്റ്റ് തയ്യാറാക്കുവാൻ നിർവ്വാഹമില്ല. ടി തസ്തികകളിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള ശിപാർശ പരിഗണിച്ചുവരുന്നു.

**സർവ്വേ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

324 (3077) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ താലൂക്ക് കാര്യാലയങ്ങളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന സർവ്വേ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്വകാര്യ വസ്തുക്കളിലുള്ള തർക്കം പരിഹരിക്കുന്നതിനും സ്ഥലവും വസ്തുവകകളും സംരക്ഷിക്കുന്നതിനും വസ്തുവിന്റെ അതിർത്തി നിർണ്ണയിച്ച് നൽകുന്നതിനുമായി നൽകുന്ന അപേക്ഷയിൽ അകാരണമായ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമ്പലപ്പുഴ താലൂക്കിൽ അതിർത്തി നിർണ്ണയത്തിനായി നൽകിയ N4-21985/15 എന്ന ഫയൽ നമ്പരിലെ അപേക്ഷയിന്മേൽ നാളിതുവരെയായി പരിഹാര നടപടികൾ സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത അപേക്ഷയുടെ സർവ്വേ ചുമതല ആർക്കായിരുന്നു നൽകിയിരുന്നത്; എന്തുകൊണ്ടാണ് സർവ്വേ അകാരണമായി നീട്ടികൊണ്ടു പോയതെന്ന് പരിശോധിച്ചിട്ടുണ്ടോ; അതുമൂലം അപേക്ഷകർക്കുണ്ടായിട്ടുള്ള

വിവിധങ്ങളായ ബുദ്ധിമുട്ടുകൾക്കും നഷ്ടത്തിനും ആർക്കാണ് ഉത്തരവാദിത്വമെന്ന് അറിയിക്കുമോ;

(ഇ) പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) താലൂക്ക് തലത്തിൽ അഡീഷണൽ തഹസിൽദാർമാരുടെ കീഴിലുള്ള സർവ്വേ വിഭാഗത്തിന്റെ പ്രവർത്തനം എല്ലാ മാസവും ഡെപ്യൂട്ടി ഡയറക്ടർ (സർവ്വേ) വിലയിരുത്തുന്നുണ്ട്. കൂടാതെ വകുപ്പിൽനിന്നും വീഡിയോ കോൺഫറൻസ് മുഖേനയും നേരിട്ടും യോഗം നടത്തി പ്രവർത്തന പുരോഗതിയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു.

(ബി) അപേക്ഷ വിവിധ തലങ്ങളിൽ പരിശോധിക്കേണ്ടതിനാലും ഫീൽഡ് പരിശോധന ആവശ്യമായതിനാലും വ്യക്തമായ അതിർത്തി ഇല്ലാത്തതും തർക്കങ്ങൾ ഉണ്ടാകുന്നതുമൂലവും അന്തിമ തീർപ്പിന് കാലതാമസം വരുന്നുണ്ട്. കൂടാതെ അപേക്ഷകളുടെ ബാഹുല്യവും കാലതാമസത്തിന് കാരണമായിട്ടുണ്ട്.

(സി - ഇ) ശ്രീമതി എൻ.കെ. ശാരദ, കാണ്ടാപ്പള്ളിൽ, പറവൂർ എന്നയാൾ റീസർവ്വേ സ്കെച്ചിൽ ടിയാളുടെ വസ്തുവിന്റെ സ്ഥാനം തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നത് മാറ്റി ശരിയായി രേഖപ്പെടുത്തുന്നതിനുവേണ്ടിയാണ് അമ്പലപ്പുഴ അഡീഷണൽ തഹസിൽദാർ മുമ്പാകെ 9-11-2015-ൽ അപേക്ഷ നൽകിയിരുന്നത്. ടി അപേക്ഷയിന്മേൽ താലൂക്ക് സർവ്വേയർ ശ്രീ. വി. എസ്. അജിത്കുമാർ, 30-12-2015-ൽ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ട്. അതോടൊപ്പം അപേക്ഷകയുടെ വസ്തുവിന്റെ കിഴക്കേ അതിരിലെ അതിർത്തി തർക്കംകൂടി പരിഹരിക്കുന്നതിന് ടി ശാരദയും ശ്രീമതി പ്രീതാറാണി കാണ്ടാപ്പള്ളിൽ എന്നയാളും അപേക്ഷ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഇതുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതിന് സർവ്വേ അതിരടയാള നിയമ പ്രകാരം സമീപ വസ്തു ഉടമകൾക്കെല്ലാം നോട്ടീസ് നിശ്ചിത ഫാറത്തിൽ 17-3-2017-ൽ ഫീൽഡ് നടപടിയ്ക്കായി നൽകിയിട്ടുള്ളതാണ്.

**റീസർവ്വേ പ്രവർത്തനം**

325 (3078) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 1966-ൽ തുടങ്ങിയ റീസർവ്വേ പ്രവർത്തനം 2017-ലും പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ കാരണം, നടപടികളിൽ വന്നിട്ടുള്ള വീഴ്ചകൾ എന്നിവ കണ്ടെത്തുവാനും നിലവിലെ സർക്കാർ കാലയളവിൽ തന്നെ ഇതു

പൂർത്തീകരിക്കാനും റവന്യൂ വകുപ്പ് എന്ത് നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ബി) റീ സർവ്വേ പൂർത്തീകരിക്കാത്തതുമൂലം സിവിൽ/ക്രിമിനൽ കോടതികളിൽ വ്യവഹാരങ്ങളുണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഭൂമിയുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നിലവിലുള്ള പ്രശ്ന പരിഹാരങ്ങൾക്കായി സംസ്ഥാന റീസർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 31-10-2012 മുതൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തി ഉത്തരവായിരുന്നു. എന്നാൽ 24-1-2017 -ലെ ജി.ഒ.(എം.എസ്) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. റീസർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ് (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്

(സി) 24-1-2017 -ലെ ജി.ഒ.(എം.എസ്.) നമ്പർ 28/2017/റവന്യൂ പ്രകാരം സംസ്ഥാനത്ത് റീസർവ്വേ പ്രവർത്തനങ്ങൾ പുനഃസ്ഥാപിച്ച് ഉത്തരവായിട്ടുണ്ട്. ആധുനിക സർവ്വേ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും റീസർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ വളവുനികത്തൽ സംബന്ധിച്ച് നെഗോഷ്യേറ്റഡ് പർച്ചേസ്**

326 (3079) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ- എറണാകുളം റോഡിലെ അപകടകരമായ വളവുനികത്തൽ സംബന്ധിച്ച് നെഗോഷ്യേറ്റഡ് പർച്ചേസ് നടപടികളുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലാ കളക്ടർ വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) കോട്ടയം കളക്ടറേറ്റിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും കാലതാമസം ഉണ്ടായിട്ടുണ്ടോ; ഈ റിപ്പോർട്ട് എത്രയും വേഗം ലഭ്യമാക്കുന്നതിന് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഏറ്റുമാനൂർ - എറണാകുളം റോഡിലെ വളവുനികത്തൽ സംബന്ധിച്ച് നെഗോഷ്യേറ്റഡ് പർച്ചേസ് നടപടികളുമായി ബന്ധപ്പെട്ട് ഡയറക്ട് പർച്ചേസിന്റെ സാധ്യതകൾ പരിശോധിച്ച് ശിപാർശ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. ഡയറക്ട് പർച്ചേസിനുവേണ്ടി സ്ഥലമുടമകളുടെ സമ്മതപത്രം സഹിതം പൊതുമരാമത്ത് വകുപ്പ് അർത്ഥന സമർപ്പിച്ചാൽ മാത്രമേ നടപടി എടുക്കാൻ സാധിക്കുകയുള്ളൂ. കോട്ടയം കളക്ടറേറ്റിൽ ഇതുസംബന്ധിച്ച് കാലതാമസം ഉണ്ടായിട്ടില്ല.

**റീസർവ്വേക്ക് ആധുനിക സാങ്കേതികവിദ്യകൾ**

327 (3080) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ.മുരളീധരൻ:
ശ്രീ. അനിൽ അക്കര:
ശ്രീ. വി.ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റീസർവ്വേ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) റീസർവ്വേ നടപടികൾ ആധുനിക സാങ്കതികവിദ്യകൾ ഉപയോഗപ്പെടുത്തി അടിയന്തിരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 884 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് നൽകിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനാവശ്യമായ കർമ്മ പദ്ധതികൾ തയ്യാറാക്കിയും യഥാസമയങ്ങളിൽ പുരോഗതി വിലയിരുത്തിയും സർവ്വേ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) റീ-സർവ്വേ പ്രവർത്തനങ്ങൾ ആധുനിക സർവ്വേ ഉപകരണങ്ങളായ ജി.പി.എസ്. (ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം) ഇ.റ്റി.എസ്. (ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ) എന്നീ ഉപകരണങ്ങൾ ഉപയോഗിച്ച് കൃത്യതയോടെയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും വ്യക്തമായ ആക്ഷൻ പ്ലാനോടെ സമയബന്ധിതമായും കുറ്റമറ്റ രീതിയിലും പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ഡാറ്റാ ബാങ്ക്

328 (3081) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാ ബാങ്കിൽ നിലമെന്നോ, തണ്ണീർത്തടമെന്നോ രേഖപ്പെടുത്താത്തതും 2008 ന് മുമ്പ് നികത്തിയതുമായ സ്ഥലത്ത് നഗരപ്രദേശങ്ങളിൽ 5 സെന്റും, ഗ്രാമപ്രദേശങ്ങളിൽ 10 സെന്റും ഭൂടമയ്ക്ക് വീട് വയ്ക്കാൻ അനുമതി നൽകാം എന്ന ഉത്തരവ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ ഉത്തരവ് 1963 -ലെ ഭൂവിനിയോഗ നിയമത്തിനെതിരാണോ;

(സി) 2008-ന് മുമ്പ് നികത്തപ്പെട്ട നെൽവയൽ ഉപയോഗിക്കുവാൻ ഭൂവിനിയോഗ ഉത്തരവ് പ്രകാരം ജില്ലാ കളക്ടറുടെ അനുമതി ആവശ്യമുണ്ടോ; ഇക്കാര്യത്തിൽ സുപ്രീംകോടതിയുടെ ഏതെങ്കിലും വിധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ പുതിയ നിയമനിർമ്മാണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഡാറ്റാ ബാങ്കിൽ നിലമെന്നോ, തണ്ണീർത്തടമെന്നോ രേഖപ്പെടുത്താത്തതും എന്നാൽ റവന്യൂ രേഖകളായ അടിസ്ഥാന നികുതി രജിസ്റ്ററിൽ നിലം അഥവാ തത്തുല്യ പദങ്ങളാൽ രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ ഭൂടമയുടെ സ്വന്തം വീട് നിർമ്മാണത്തിന് ഉപയുക്തമാക്കുന്നതിന് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ട് പഞ്ചായത്തിൽ 10 സെന്റും, മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ 5 സെന്റിനും അനുമതി നൽകുന്നതിന് സർക്കാർ 22-12-2016-ൽ 46848/പി1/2016/ റവന്യൂ നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ബി) മേൽ സൂചിപ്പിച്ച ഉത്തരവ് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന് വിധേയമാണ്.

(സി) ഉണ്ട്. ഇക്കാര്യത്തിൽ ബഹു. സുപ്രീംകോടതി എസ്.എൽ.പി. 3172/14 നമ്പർ കേസ്സിൽ വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത വിധിന്യായത്തിൽ ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും എന്നാൽ അടിസ്ഥാന നികുതി രജിസ്റ്ററിൽ നിലം എന്ന് രേഖപ്പെടുത്തിയതുമായ ഭൂമിയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൂപരിവർത്തനത്തിന് അനുമതി നൽകുന്നത് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് ഉത്തരവായിട്ടുള്ളതാണ്.

(ഡി) പരിഗണനയിലില്ല.

**തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി ഹൈവേ**

329 (3082) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ൽ മുൻഎൽ.ഡി.എഫ്. സർക്കാർ സ്റ്റേറ്റ് ഹൈവെ 75 ആയി പ്രഖ്യാപിച്ച ബജറ്റിൽ തുക വകയിരുത്തിയ തൃശ്ശൂർ-മണലൂർ മണ്ഡലങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി ഹൈവേയുടെ 17 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) ഈ പ്രവർത്തങ്ങൾ വേഗതയിലാക്കുന്നതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കാൻ അടിയന്തര നടപടികൾ എടുക്കുമോ ?

ഉത്തരം

(എ&ബി) തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി റോഡിനുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടപടിയുടെ ഭാഗമായി ലാന്റ് അക്വിസിഷൻ ഓഫീസറെ നിയമിച്ച് ഉത്തരവായിട്ടുള്ളതും LARR ആക്ട് പ്രകാരം സാമൂഹിക ആഘാതപഠനം നടത്തിവരുന്നതുമാണ്.

**റിവർ മാനേജ്മെന്റ് ഫണ്ട്**

330 (3083) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് പൂർത്തിയാക്കുന്നതിന് കഴിഞ്ഞ 5 വർഷത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തിയായവ ഏതൊക്കെയാണെന്നും ബാക്കിയുള്ളവയുടെ നിലവിലെ സ്ഥിതി വിവരം എന്താണെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ ഏതൊക്കെ ആണെന്നും പൂർത്തിയാകാനുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) എം.ആർ.എഫ്. ഉപയോഗിച്ച് കഴിഞ്ഞ 5 വർഷത്തിൽ അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം ചുവടെ കൊടുക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 22 |
| കൊല്ലം | 53 |
| പത്തനംതിട്ട | 67 |
| ആലപ്പുഴ | 8 |
| കോട്ടയം | 15 |
| ഇടുക്കി | ഇല്ല |
| എറണാകുളം | 353 |
| തൃശ്ശൂർ | 34 |
| പാലക്കാട് | 34 |
| മലപ്പുറം | 31 |
| കോഴിക്കോട് | 99 |
| വയനാട് | 5 |
| കണ്ണൂർ | 60 |
| കാസർഗോഡ് | 54 |
| ആകെ | 835 |

(ബി) പൂർത്തിയായ പ്രവൃത്തികളുടെയും ബാക്കിയുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും അനുബന്ധം(എ)ആയി ചേർക്കുന്നു.*

(സി) നിർവ്വഹണ ഏജൻസികളുടെ പേരും സർക്കാർ സ്വീകരിച്ച നടപടിയും അനുബന്ധം(ബി) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭവനനിർമ്മാണ ബോർഡ്

331 (3084) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ വകുപ്പ് നിലവിൽ എവിടെയൊക്കെ വാസഗൃഹ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്; വിശദമാക്കാമോ;

(ബി) കേരള ഭവന നിർമ്മാണ ബോർഡ് ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് ബോർഡിന് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അനധികൃതമായി അധികം ആൾക്കാരെ നിയമിച്ചിട്ടുണ്ടെന്ന വാർത്ത ശരിയാണോ;

(ഇ) ബോർഡിൽ മറ്റ് ഡിപ്പാർട്ട്മെന്റുകളിലുള്ള എത്ര പേർ നിലവിൽ ജോലി ചെയ്യുന്നുണ്ട്; ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡ് സാഫല്യം പദ്ധതിപ്രകാരം കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയായി വരുന്നു. ടി പദ്ധതി പ്രകാരം പാലക്കാട് ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇന്നവേറ്റീവ് ഭവന പദ്ധതി പ്രകാരം തിരുവനന്തപുരത്ത് പൂജപ്പുരയിൽ Phase III-ഉം IV-ഉം ആയി 48 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. തൃശ്ശൂർ ജില്ലയിൽ കുട്ടനെല്ലൂരിൽ സർക്കാർ ജീവനക്കാർക്കായി 6 ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു.

(ബി) ഭവനനിർമ്മാണ ബോർഡ് നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ 19.69 കോടി രൂപ നഷ്ടത്തിലാണ്.

(സി) മുൻ സർക്കാരിന്റെ കാലത്ത് ആകെ 89.32 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്.

| വർഷം | നഷ്ടം (രൂപ കോടിയിൽ) |
|---|---|
| 2011-12 | 15.31 |
| 2012-13 | 19.29 |
| 2013-14 | 17.45 |
| 2014-15 | 17.58 |
| 2015-16 | 19.69 |
| ആകെ | 89.32 കോടി രൂപ |

(ഡി) നിയമ വകുപ്പിൽ നിന്നും ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഒരു വിജിലൻസ് ഓഫീസറും, ഡെപ്യൂട്ടി സെക്രട്ടറി തലത്തിലുള്ള ഒരു ലോ ഓഫീസറും, രണ്ട് സെക്ഷൻ ഓഫീസർമാരും, മൂന്ന് ലീഗൽ അസിസ്റ്റന്റുമാരും, റവന്യൂ വകുപ്പിൽ നിന്നും സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ തലത്തിലുള്ള ഒരു ചീഫ് റവന്യൂ ഓഫീസറുമാണ് ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നത്. ബോർഡിന്റെ മോശമായ സാമ്പത്തിക സ്ഥിതിയും വായ്പാ നിർമ്മാണ പ്രവർത്തനങ്ങളുടെ അഭാവത്തിലും നിയമ വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാരുടെ സേവനം പൂർണ്ണമായി വിനിയോഗിക്കാൻ സാധിക്കാത്തതിനാലും നിയമ വകുപ്പിൽ നിന്നുള്ള ഉദ്യോഗസ്ഥരിൽ ബോർഡിലെ വിജിലൻസ് ഓഫീസർ, ലോ ഓഫീസർ തസ്തികകൾ സംയോജിപ്പിച്ച് ഒരാളെയും ടിയാളെ അസിസ്റ്റ് ചെയ്യുന്നതിനായി ഒരു ലീഗൽ അസിസ്റ്റന്റും എന്ന രീതിയിൽ നിയമനം പരിമിതപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഇ) ബോർഡിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമ വകുപ്പിൽ നിന്നുള്ള 7 പേരും റവന്യൂ വകുപ്പിൽ നിന്നുള്ള ഒരാളും ഉൾപ്പെടെ 8 പേർ ജോലി ചെയ്തുവരുന്നു. ഇതിൽ 7 പേർ തിരുവനന്തപുരം ജില്ലയിലും ഒരാൾ കോഴിക്കോട് ജില്ലയിലുമാണ് ജോലി ചെയ്യുന്നത്.

**ഭവന നിർമ്മാണ രംഗത്തെ പുതിയ പദ്ധതികൾ**

332 (3085) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ രംഗത്ത് പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

**ഭവന നിർമ്മാണ പദ്ധതികൾ**

333 (3086) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവന നിർമ്മാണ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണ്;

(ബി) ഭവന നിർമ്മാണത്തിനായി ഗവൺമെന്റ് പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ സാധ്യതയുണ്ടോ;

(സി) ഭവനനിർമ്മാണത്തിനായി ബി.പി.എൽ. കാർഡിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ കുടുംബാംഗങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ ധനസഹായം നൽകുമോ?

<u>ഉത്തരം</u>

(എ) ഗൃഹശ്രീ ഭവന പദ്ധതി, സാഫല്യം ഭവന പദ്ധതി, ഇന്നവേറ്റീവ് ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതി, വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതി, റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ/ആർ.ഡി.ഒ. കോംപ്ലക്സ്/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ എന്നിവയാണ് സംസ്ഥാനത്ത് ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ.

(ബി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(സി) വിവരം ശേഖരിച്ചു വരുന്നു.

**ചേമഞ്ചേരി പഞ്ചായത്തിലെ സുനാമി വീടുകൾ**

334 (3087) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ ചേമഞ്ചേരി പഞ്ചായത്തിലെ സുനാമി വീടുകളുടെ പരിതാപകരമായ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സുനാമി വീടുകളുടെ അറ്റകുറ്റ പണികൾക്കായി കോഴിക്കോട് ജില്ലാകളക്ടർ 2010/17144/11 ടി1 പ്രകാരം അയച്ച കത്തിന്മേൽ റവന്യൂ വകുപ്പിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) അടിയന്തരമായി സുനാമി വീടുകളുടെ അറ്റകുറ്റപണികൾ നടത്തി ജനങ്ങൾക്ക് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) സുനാമി പുനരധിവാസ പദ്ധതി പ്രകാരം ചേമഞ്ചേരി പഞ്ചായത്തിൽ നിർമ്മിച്ച വീടുകൾ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനായി കോഴിക്കോട് ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസലിൽ പ്രസ്തുത വീടുകൾ അറ്റകുറ്റപണികൾ നിർവ്വഹിക്കുന്നതിനും അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനുമായി 23-1-2017-ലെ സ.ഉ.(സാധാ) നമ്പർ 277/17/ ഡി.എം.ഡി. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

**കേരളത്തിലെ ഭവന രഹിതർ**

335 (3088) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാനിംഗ് ബോർഡിന്റെ 2015-ലെ റിപ്പോർട്ട് അനുസരിച്ച് കേരളത്തിൽ എത്ര ഭവനരഹിതരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ തിരുവനന്തപുരം നഗരത്തിൽ എത്ര ഭവനരഹിതർ/ഭൂരഹിത ഭവനരഹിതർ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം നഗരത്തിനെ ഭവനരഹിതരില്ലാത്ത നഗരമാക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) സംസ്ഥാന ആസൂത്രണ ബോർഡ് രൂപീകരിച്ച "എക്സ്പർട്ട് ഗ്രൂപ്പ് ഓൺ ടോട്ടൽ ഹൗസിംഗ് മിഷൻ" എന്ന കമ്മിറ്റി റിപ്പോർട്ട് പ്രകാരം 2015 മാർച്ച് വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലുമായി 493490 ഭവന രഹിതരും എല്ലാ മുനിസിപ്പാലിറ്റികളിലുമായി 52,836 ഭവനരഹിതരും എല്ലാ കോർപ്പറേഷനുകളിലുമായി 81418 ഭവനരഹിതരുമുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(ബി) പ്രസ്തുത റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം നഗരത്തിൽ 2015 മാർച്ച് വരെയുള്ള കണക്കനുസരിച്ച് 16343 ഭവനരഹിതരും 12509 ഭൂരഹിതരും ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു.

(സി) അടുത്ത 5 വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്കും ഭവനം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള പാർപ്പിടം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കി നൽകുന്നതിനായി സംസ്ഥാന സർക്കാർ സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതിക്ക് (ലൈഫ്) രൂപം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

**ചാലക്കുടിയിലെ ഭവനനിർമ്മാണ വകുപ്പിന് കീഴിൽ പ്ലോട്ടുകളുടെ ഉടമസ്ഥർക്ക് ഡീഡ്**

336 (3089) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിലെ ഭവനനിർമ്മാണ വകുപ്പിനു കീഴിൽ 30 വർഷങ്ങൾക്ക് മുൻപ് പണികഴിച്ച് കൈമാറിയ പ്ലോട്ടുകളുടെ ഉടമസ്ഥർക്ക് ഇനിയും ഒറിജിനൽ ഡീഡ് നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് ഒറിജിനൽ ആധാരം നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചാലക്കുടി ഭവന പദ്ധതിയിൽ നിലവിലിരുന്ന LAR കേസ്സുകൾക്ക് കോടതി വിധിയനുസരിച്ചുള്ള തുക ബോർഡ് നൽകിയിട്ടുണ്ടെങ്കിലും Decree Satisfaction Certificate ഇതുവരെ ലഭിച്ചിട്ടില്ല. പദ്ധതി ഭൂമിയിലുൾപ്പെട്ട 18 സെന്റ് പുറമ്പോക്ക് ഭൂമി ബോർഡിന്റെ പേരിൽ പതിക്കുന്നതിനായി റവന്യൂ വകുപ്പുമായി നിരന്തരം ബന്ധപ്പെട്ടതിന്റെ ഫലമായി ജില്ലാ കളക്ടർ ടി ഭൂമിയുടെ മുൻകൈവശക്കാരായ ചാലക്കുടി മുനിസിപ്പൽ സെക്രട്ടറിക്ക് ടി ഭൂമി സർക്കാരിന് തിരിച്ചു നൽകുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനം നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരം കേസ്സുകളിൽ അന്തിമ വില കണക്കുകൾ തയ്യാറാക്കി വിലയാധാരം നൽകുന്നതിന് ബോർഡിന് നാളിതുവരെ ചെലവായതും ഭാവിയിൽ വരാവുന്നതുമായ ചെലവുകൾ കണക്കാക്കി പുനർനിർണ്ണയം ചെയ്ത തുകയും അതിന്റെ 30% അധിക തുകയും ഓരോ അലോട്ടികളിൽ നിന്നും ഈടാക്കി സമ്പൂർണ്ണ വിലയാധാരം നൽകുവാൻ 20-10-1998-ൽ (ഇനം 2) ബോർഡ് തീരുമാനമെടുത്തതു പ്രകാരം അലോട്ടികൾക്ക് വിലയാധാരം നൽകി വരുന്നു. ടി പദ്ധതിയിൽ മൊത്തം 124 അലോട്ടികളിൽ 103 പേർക്ക് നാളിതുവരെ വിലയാധാരം നൽകിയിട്ടുണ്ട്. ബാക്കിയുള്ള 21 പേർക്കും മേൽപ്പറഞ്ഞ രീതിയിൽ വിലയാധാരം നൽകുന്നതിൽ തടസ്സമില്ല.

(ബി) ഒറിജിനൽ ആധാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭവന നിർമ്മാണ ബോർഡ് ചീഫ് എഞ്ചിനീയറുടെ ശമ്പള കുടിശ്ശിക**

337 (3090) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ഭവനനിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ച ചീഫ് എഞ്ചിനീയർക്ക് അവസാന മാസത്തെ ശമ്പളം നാളിതുവരെ കൊടുക്കാതെ പിടിച്ചുവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനെതിരെ ഏതെങ്കിലും എം.എൽ.എ ചീഫ് എഞ്ചിനീയറുടെ അപേക്ഷയോടൊപ്പം ഭവനനിർമ്മാണ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുപ്രകാരം എന്ത് നടപടി ഇതുവരെ സ്വീകരിച്ചു; വിശദമാക്കുമോ;

(സി) ഭവനനിർമ്മാണ വകുപ്പ് പ്രസ്തുത ചീഫ് എഞ്ചിനീയർക്ക് കൊടുക്കുവാനുള്ള അവസാന മാസത്തെ ശമ്പളത്തിലെ ടി.ഡി.എസ്. വരെ മുൻകൂറായി പിടിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അനധികൃതമായി ശമ്പളം തടഞ്ഞുവച്ച ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസരണം നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഭവന നിർമ്മാണ ബോർഡിൽ കരാർ അടിസ്ഥാനത്തിൽ ചീഫ് എഞ്ചിനീയറായി 29-4-2015 മുതൽ 28-4-2016 വരെ ശ്രീ. എ. സിറാജ്ജുദീൻ സേവനം അനുഷ്ഠിച്ചിരുന്നു. ടിയാൻ ചീഫ് എഞ്ചിനീയറായിരുന്ന കാലയളവിൽ ആലപ്പുഴ തിരുവമ്പാടി ഓഫീസ് കോംപ്ലക്സിൽ മൊബൈൽ ടവർ സ്ഥാപിച്ചതു സംബന്ധിച്ചുള്ള അക്കൗണ്ടന്റ് ജനറലിന്റെ 2015-2016-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് ടിയാന് അവസാന മാസത്തെ ശമ്പളം നൽകാതിരുന്നത്. ടിയാന് ഇപ്പോൾ അവസാന മാസത്തെ ശമ്പളം നൽകിക്കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹു. പൂഞ്ഞാർ എം.എൽ.എ ശ്രീ. പി.സി. ജോർജ്, ചീഫ് എഞ്ചിനീയറുടെ അപേക്ഷ സഹിതം കത്ത് നൽകിയിരുന്നു. ഇതുപ്രകാരം ടിയാന് നൽകുവാനുള്ള ശമ്പളം 2-3-2017-ൽ അദ്ദേഹത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

(സി) ഭവന നിർമ്മാണ ബോർഡ് ശ്രീ. എ. സിറാജ്ജുദീന് നൽകുവാനുണ്ടായിരുന്ന അവസാന മാസത്തെ ശമ്പളത്തിൽ നിന്നും ടി.ഡി.എസ്. പിടിച്ചിട്ടില്ല.

(ഡി) അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള പരാമർശം നിലനിൽക്കുന്നതുകൊണ്ടാണ് ശ്രീ. എ. സിറാജ്ജുദീന് ശമ്പളം നൽകാൻ കഴിയാതിരുന്നത്. ടിയാന്റെ ശമ്പളം 2-3-2017-ന് നൽകിയിട്ടുണ്ട്.

**പ്രധാനമന്ത്രി ഭവന നിർമ്മാണ പദ്ധതി**

338 (3091) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെന്റിന്റെ പ്രധാനമന്ത്രി ഭവനനിർമ്മാണ പദ്ധതിക്ക് സംസ്ഥാന ഭവന നിർമ്മാണ ബോർഡുമായി ബന്ധമുണ്ടോ ;

(ബി) നിർവ്വഹണ ഏജൻസി ഭവന നിർമ്മാണ ബോർഡാണോ;

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഈ സാമ്പത്തിക വർഷം എത്ര വീടുകൾ നിർമ്മിച്ചു;

(ഡി) ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാം; ഇവയുടെ നടപടിക്രമം വിശദമാക്കുമോ?

**ഉത്തരം**

(എ-സി) ഇല്ല. കേന്ദ്ര സർക്കാരിന്റെ പ്രധാനമന്ത്രി ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടില്ല.

(ഡി) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. സാഫല്യം ഭവനപദ്ധതി

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡി നൽകിയും സന്നദ്ധ സംഘടന/ പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ചു നൽകുന്ന സാഫല്യം ഭവന പദ്ധതി ബോർഡ് നടപ്പിലാക്കി കൊണ്ടിരിക്കുകയാണ്. പദ്ധതിയിലൂടെ 327 ചതുരശ്ര അടി (സർവ്വീസടക്കം തറ

വിസ്തീർണ്ണം) വിസ്തൃതിയിലുള്ള ഫ്ലാറ്റുകളാണ് 3.50 ലക്ഷം രൂപ ചെലവിൽ നിർമ്മിക്കുന്നത്. ഒരു ലക്ഷം രൂപ ഹഡ്കോ വായ്പയും 25,000 രൂപ സന്നദ്ധ സംഘടന/സ്പോൺസർ വിഹിതവും 25,000 രൂപ ഗുണഭോക്തൃ വിഹിതവുമാണ്. ഹഡ്കോ വായ്പ സമാഹരിക്കാൻ കഴിയാത്തതിനാൽ ടി തുക പഞ്ചായത്ത് വിഹിതമായി ലഭ്യമാക്കുന്ന പഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ പദ്ധതി നടപ്പിലാക്കുന്നത്.

2. ഗൃഹശ്രീ ഭവനപദ്ധതി

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗ (LIG) ത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/ എൻ.ജി.ഒ./കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി രണ്ട് ലക്ഷം രൂപ സർക്കാർ സബ്സിഡി നൽകുന്ന പദ്ധതിയായ ഗൃഹശ്രീ ഭവനപദ്ധതി കേരള സർക്കാരിനുവേണ്ടി ഹൗസിംഗ് ബോർഡ് മുഖേന നടപ്പിലാക്കി വരുന്നു. ബോർഡ് നിഷ്കർഷിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന ദുർബ്ബല/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾ ഒരു ലക്ഷം രൂപയും, അവരെ സ്പോൺസർ ചെയ്യുന്ന സന്നദ്ധ സംഘടനകൾ/എൻ.ജി.ഒ./ കാരുണ്യവാൻമാരായ വ്യക്തികൾ എന്നിവർ ഒരു ലക്ഷം രൂപയും ഈ പദ്ധതിയിൽ നിക്ഷേപിക്കേണ്ടതാണ്. നിർമ്മാണ പുരോഗതി കണക്കിലെടുത്ത് ഈ 4 ലക്ഷം രൂപ 4 ഗഡുക്കളായി ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

3. ഇന്നവേറ്റീവ് ഭവന പദ്ധതി

നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരത്തിന് പുറത്ത് ജോലി സ്ഥലങ്ങളിൽനിന്നും വളരെ ദൂരത്തായി താമസിക്കുവാൻ നിർബന്ധിതരാകുകയും ചെയ്യുന്ന പാവപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസസൗകര്യം ലഭ്യമാക്കുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് നൽകുന്ന പദ്ധതിയാണ് ഇന്നവേറ്റീവ് ഭവന പദ്ധതി.

4. <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി</u>

സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബജറ്റ് വിഹിതമുപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

5. <u>പാരസ്പര്യം മാതൃകയിൽ നിർമ്മിക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതി</u>

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണിത്.

6. <u>വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പദ്ധതി</u>

സംസ്ഥാനത്ത് വനിതാ ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യപ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

7. <u>റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ/RDO കോംപ്ലക്സ്/വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ</u>

റവന്യൂ ടവർ, മിനി സിവിൽ സ്റ്റേഷൻ, RDO കോംപ്ലക്സ്, വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികളും ഭവന നിർമ്മാണ ബോർഡിനെ ഏൽപ്പിച്ചിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 2818, 3043 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല).

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II. ശ്രദ്ധ ക്ഷണിക്കൽ

### ജലക്ഷാമം

ശ്രീ. ബി.ഡി. ദേവസ്സി: സർ, ഷോളയാർ, പെരിങ്ങൽക്കുത്ത് എന്നീ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടുകളിൽനിന്ന് വൈദ്യുതി ഉൽപ്പാദനത്തിനുശേഷം വിടുന്ന ജലം തുമ്പൂർമൂഴിയിലെ തടയണ വഴി വലതുകര, ഇടതുകര കനാൽ ശൃംഖലകളിലൂടെ തിരിച്ചുവിട്ട് ജലവിതരണം നടത്തുന്ന പദ്ധതിയാണ് ചാലക്കുടി റിവർ ഡൈവർഷൻ സ്കീം. തൃശ്ശൂർ, എറണാകുളം ജില്ലകളിലായി 380 കിലോമീറ്റർ നീളത്തിൽ ചാലക്കുടി, പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, അങ്കമാലി എന്നീ അഞ്ച് നിയോജകമണ്ഡലങ്ങളിലെ 18 പഞ്ചായത്തുകളിലും ചാലക്കുടി, അങ്കമാലി മുനിസിപ്പാലിറ്റികളിലുമായി മൊത്തം 14,142 ഹെക്ടർ ആയക്കെട്ട് പ്രദേശത്ത് ഈ കനാലുകളിലൂടെ വെള്ളം നൽകിവരുന്നു. ഇതിൽ 1196 ഹെക്ടർ പ്രദേശത്ത് നെൽക്കൃഷിയും 3642 ഹെക്ടർ പ്രദേശത്ത് ജാതി, 8174 ഹെക്ടർ പ്രദേശത്ത് തെങ്ങ്, കവുങ്ങ്, പച്ചക്കറി എന്നിവയും കൃഷി ചെയ്തുവരുന്നു. കൂടാതെ ഈ പ്രദേശങ്ങളിലെ വിവിധ കുടിവെള്ള പദ്ധതികൾക്കും ശുദ്ധജല സ്രോതസ്സുകൾക്കും ഈ കനാലുകൾ വഴിയുള്ള ജലവിതരണം അത്യന്താപേക്ഷിതമാണ്. 1957-ൽ ഭാഗികമായും 1966-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്ത ഈ പദ്ധതിയുടെ കനാലുകളുടെ പുനരുദ്ധാരണത്തിനും അറ്റകുറ്റപ്പണികൾക്കും ലഭിക്കുന്ന ഫണ്ട് സമാന പദ്ധതികളെ അപേക്ഷിച്ച് വളരെ കുറവായതുകാരണം സംവഹന ശേഷിയുടെ ക്ഷമത കുറഞ്ഞുവരികയാണ്. വാർഷിക ഫണ്ടിന്റെ ലഭ്യത കൂട്ടി പദ്ധതിയുടെ അടിസ്ഥാന സൗകര്യ സംരക്ഷണവും കാര്യക്ഷമതയും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇടമലയാർ ഇറിഗേഷൻ പ്രോജക്ടും ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിന്റെ ഇടതുകര കനാലുമായി ബന്ധിപ്പിക്കുന്ന ലിങ്ക് കനാലിന്റെ സ്ഥലമെടുപ്പും പൂർത്തീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടികൾ ആവശ്യമാണ്. 25 വർഷങ്ങൾക്ക് മുമ്പ് നിർമ്മിച്ച കാഡ കനാലുകൾ തകർന്ന് ഉപയോഗശൂന്യമായിരിക്കുകയാണ്. ഇവ പുനരുദ്ധരിച്ച് ഉപയോഗപ്രദമാക്കാൻ നടപടി സ്വീകരിക്കണം. കനാൽ സ്ഥലങ്ങളുടെ കയ്യേറ്റമുൾപ്പെടെയുള്ള അനധികൃത പ്രവർത്തനങ്ങൾ യഥാസമയം കണ്ടെത്തുന്നതിനും തടയുന്നതിനുമാവശ്യമായ കനാൽ വാച്ചർമാരുടെ എണ്ണം കുറഞ്ഞ് ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇവരുടെ നിയമന കാര്യത്തിലും

സർക്കാരിന്റെ അനുകൂലതീരുമാനം ഉണ്ടാകേണ്ടതുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം എല്ലാ വർഷവും ഫെബ്രുവരി 1-നും സെപ്റ്റംബർ 1-നും ഷോളയാർ ഡാം പൂർണ്ണമായും നിറച്ചുതരുന്നതിന് തമിഴ്നാട് സർക്കാർ ബാധ്യസ്ഥരാണ്. എന്നാൽ തമിഴ്നാട് ഈ കരാർ കൃത്യമായി പാലിക്കാത്തത് വരൾച്ചാസമയത്ത് വലിയ പ്രത്യാഘാതം സൃഷ്ടിക്കുന്നുണ്ട്. 2663 അടിയിൽ നിർത്തേണ്ടിയിരുന്ന ഷോളയാറിലെ ജലനിരപ്പ് ഈ വർഷം ഫെബ്രുവരി 1-ന് 2643 അടി മാത്രമാണുണ്ടായിരുന്നത്. 20 അടിയോളം കുറവാണ്. 1.80 ദശലക്ഷം ഘനമീറ്റർ വെള്ളം ദിനംപ്രതി വേണ്ട സ്ഥാനത്ത് ഒരു ദശലക്ഷം ഘനമീറ്റർ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇക്കാര്യത്തിലും സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടൽ ഉറപ്പുവരുത്തേണ്ടതുണ്ട്. കൂടാതെ പെരിങ്ങൽക്കുത്തിൽ നിന്നുള്ള കെ.എസ്.ഇ.ബി.-യുടെ പവർ ജനറേഷൻ ക്രമീകരിച്ച് ജലവിതരണത്തിന്റെ സ്റ്റെഡി ഫ്ലോ നിലനിർത്തുന്നതിനും തുമ്പൂർമൂഴി ഡൈവർഷൻ സ്കീമിന് മുകളിലായി ഒരു സ്റ്റോറേജ് ഡാം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ. നേരത്തേ നിരവധി തവണ നേരിട്ടും വകുപ്പുതലത്തിലും ആവശ്യപ്പെട്ട കാര്യമാണ് ഇപ്പോൾ ശ്രദ്ധ ക്ഷണിക്കലിലൂടെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിൽ ഉൾപ്പെട്ട തൃശ്ശൂർ, എറണാകുളം ജില്ലകളിലെ അങ്കമാലി, ചാലക്കുടി എന്നീ രണ്ട് മുനിസിപ്പാലിറ്റികളിലും എറണാകുളം ജില്ലയിലെ നെടുമ്പാശ്ശേരി, കാലടി, മഞ്ഞപ്ര, അയ്യമ്പുഴ, തുറവൂർ, കറുകുറ്റി, മൂക്കന്നൂർ, പാറക്കടവ്, തൃശ്ശൂർ ജില്ലയിലെ പരിയാരം, കോടശ്ശേരി, മറ്റത്തൂർ, കൊടകര, മാള, അന്നമനട, കൊരട്ടി, മേലൂർ, ആളൂർ, മൂരിയാട് എന്നീ പതിനെട്ട് പഞ്ചായത്തുകളിലുമായി വരുന്ന കനാലുകളിൽ വലിയ തോതിൽ കയ്യേറ്റം നടന്നിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. അതിലെ ബഹുഭൂരിപക്ഷം സ്ഥലങ്ങളിലും ആളുകൾ തിങ്ങിപ്പാർക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയും പഞ്ചായത്തും മുഖേന അവിടെയുള്ള ആളുകളെ ഒഴിപ്പിക്കുമ്പോൾ അവരെ പുനരധിവസിപ്പിക്കേണ്ട ഉത്തരവാദിത്വം കൂടിയുള്ളതുകൊണ്ട് അക്കാര്യവുംകൂടി പരിഗണിച്ച് മാത്രമേ കയ്യേറ്റം ഒഴിപ്പിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാനും മനുഷ്യത്വപൂർണ്ണമായ ഒരു സമീപനത്തിലൂടെ നിലവിലുള്ള കയ്യേറ്റങ്ങൾ എങ്ങനെ ഒഴിപ്പിക്കാൻ കഴിയുമെന്നും നോക്കുന്നതോടൊപ്പം പുതിയ കയ്യേറ്റങ്ങൾ ഉണ്ടാകാതിരിക്കാനായി കനാൽ വാച്ചർമാരുടെ തസ്തിക നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വാർഷിക പദ്ധതി തുകയുടെ കുറവാണ്. ഡൈവർഷൻ സ്കീമിനുവേണ്ടി ഓരോ വർഷവും ലഭിക്കുന്ന ബജറ്റ് വിഹിതം ഉപയോഗിച്ച് കനാലുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷം ചാലക്കുടി റിവർ ഡൈവർഷൻ സ്കീമിനുവേണ്ടി 1,80,00,000 രൂപ ബജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ഉപയോഗപ്പെടുത്തി കനാലുകളുടെ സാധ്യമായ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം സുഗമമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ കൂടുതൽ തുക ലഭ്യമാക്കുന്നതിനുള്ള പരിശ്രമം നടത്തുകയാണ്.

നടപ്പ് ജലവർഷത്തിൽ പറമ്പിക്കുളം - ആളിയാർ പദ്ധതി കരാർപ്രകാരം ലഭിക്കേണ്ട ജലം തമിഴ്നാട് ലഭ്യമാക്കാത്ത സാഹചര്യമുണ്ടായി. പറമ്പിക്കുളം - ആളിയാർ പദ്ധതിയുടെ മേൽനോട്ടം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ജോയിന്റ് വാട്ടർ റെഗുലേഷൻ ഡിവിഷൻ, പാലക്കാട് സർക്കാർ തലത്തിലും മുഖ്യമന്ത്രി തലത്തിലും ശക്തമായ ഇടപെടലുകൾ നിരന്തരം നടത്തിക്കൊണ്ടിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും കേന്ദ്ര സർക്കാരിനും കത്തയയ്ക്കുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്തിട്ടുണ്ട്. സെക്രട്ടറിതല യോഗവും നടന്നു. ചില സമയത്ത് നമുക്ക് ജലം ലഭിച്ചു; എന്നാൽ പൂർണ്ണമായി ലഭിച്ചിട്ടില്ല. വളരെ കുറവ് ജലമാണ് ലഭിച്ചത്. എന്നാൽപ്പോലും ചില അടിയന്തര ഘട്ടങ്ങളിൽ ഇടപെടൽ നടത്തിയതുകൊണ്ട് കുറച്ചുകൂടി മെച്ചപ്പെട്ട രീതിയിൽ വെള്ളം തരുന്ന സ്ഥിതിയുണ്ടായി. ഷോളയാറിൽ സെപ്റ്റംബർ 1-ന് പൂർണ്ണ ജലനിരപ്പായ 2663 അടിയിൽ എത്തിക്കുന്നതിനുപകരം 2658 അടി മാത്രമാണ് എത്തിയത്. ഫെബ്രുവരിയിൽ 2643 അടി മാത്രമേ എത്തിയുള്ളൂ. ഇത് ജലവിതരണത്തിന് തടസ്സമായിട്ടുണ്ട്. പി.എ.പി. കരാർ പ്രകാരം ലഭിച്ച വെള്ളം കുടിവെള്ളത്തിന് മുന്തിയ പരിഗണന കൊടുത്ത് വിതരണം ചെയ്യാനാണ് ശ്രമിച്ചിട്ടുള്ളത്. മൂലത്തറ വലത് കനാൽ വഴി കോരയാറിലെ 18 തടയണകളിൽ 14 എണ്ണവും കൊഴിഞ്ഞാമ്പാറ പഞ്ചായത്തിലെ പ്രധാന ജലസംഭരണികളായ താമരക്കുളം, വലിയേരി, ചാമനേരി എന്നിവയും നിരവധി ചെറു കുളങ്ങളും എരുത്തേൻപതി പഞ്ചായത്തിലെ ചെറുതും വലുതുമായ നിരവധി കുളങ്ങളും നിറച്ചിട്ടുണ്ട്. കരാർപ്രകാരമുള്ള ജലം വിട്ടുതരാതിരുന്നതുകൊണ്ട് ജലലഭ്യതയിൽ വലിയ പ്രയാസമുണ്ടായിട്ടുണ്ട്.

അവിടെയൊരു ഡാം പണിയണമെന്നും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്നും ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ ഒരു പ്രത്യേക യോഗം വിളിച്ചു ചേർക്കണമെന്നുമാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. ബി. ഡി. ദേവസ്സിയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ മറ്റു ചിലരും ചേർന്ന് ഒരു കത്ത് നൽകിയിട്ടുണ്ട്. അത്തരത്തിലൊരു യോഗം വിളിച്ചുകൂട്ടി സർക്കാർ ഈ വിഷയങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതാണ്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, ഇടമലയാറിലെ ലിങ്ക് കനാലിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞാൽ വലതുകര കനാലിൽക്കൂടി കൂടുതൽ വെള്ളം വിടാനും ഈ കനാൽ വെള്ളത്തിന്റെ ലഭ്യത ഉറപ്പുവരുത്താനും കഴിയും. അതിനാവശ്യമായ നടപടി പൂർത്തീകരിക്കാൻ കഴിയുമോ; ഒരു കിലോമീറ്ററാണ് ഇനി ഏറ്റെടുക്കാനുള്ളത്. ബാക്കി മൂന്നേമുക്കാൽ കിലോമീറ്റർ, നിലവിലുള്ള കനാലിന്റെ വീതികൂട്ടലാണ്. ആദരണീയനായ എ.പി. കുര്യൻ എം.എൽ.എ. ആയി പ്രവർത്തിക്കുമ്പോഴാണ് ഈ പദ്ധതി ആരംഭിച്ചത്. ഏകദേശം മുപ്പത്തിയഞ്ച് വർഷങ്ങളായി. ഇത് പൂർത്തീകരിച്ചുകഴിഞ്ഞാൽ ഈ കനാലിലൂടെ കൂടുതൽ വെള്ളം കിട്ടാൻ സാധ്യതയുണ്ട്. സ്ഥലമെടുപ്പും നിർമ്മാണവും പൂർത്തീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രവൃത്തികൾ, അതിന്റെ ഫീസിബിലിറ്റി, എസ്റ്റിമേറ്റ്, സാധ്യത എന്നിവ അടക്കമുള്ള കാര്യങ്ങൾ നേരത്തേ പറഞ്ഞ യോഗത്തിൽവച്ച് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനമെടുക്കാം.

(രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല)

## III. സബ്മിഷൻ

### (1) കൈവശ ഭൂമിക്ക് പട്ടയം

ശ്രീ. ഒ. ആർ. കേളു: സർ, എന്റെ നിയോജകമണ്ഡലമായ മാനന്തവാടിയിൽ ഏകദേശം 9 വില്ലേജുകളിലായി 2000-ത്തോളം കുടുംബങ്ങൾ ഭൂമിക്ക് പട്ടയം കിട്ടണമെന്ന് ആവശ്യപ്പെട്ട് വർഷങ്ങളായി സമരത്തിലാണ്. അവർ നിരന്തരമായി വില്ലേജ് ഓഫീസുകളിലും താലൂക്കാഫീസുകളിലും സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവർക്ക് രേഖകൾ കൊടുക്കുന്നതിന് സർക്കാർ നിരവധി ശ്രമങ്ങൾ നടത്തിയെങ്കിലും പ്രശ്നം പരിഹരിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. 5-2-2017-ന് മാനന്തവാടി താലൂക്ക് ഓഫീസിൽ ദാരുണമായ

ചില സംഭവങ്ങളുണ്ടായി. നിരന്തരമായി പട്ടയം ആവശ്യപ്പെട്ട് അപേക്ഷകൾ കൊടുത്തിട്ടും അധികാരികളുടെ ഭാഗത്തുനിന്നോ സർക്കാരിന്റെ ഭാഗത്തുനിന്നോ യാതൊരു നടപടിയുമുണ്ടാകാത്തതിനാൽ മാനന്തവാടി താലൂക്ക് ഓഫീസറുടെ ഓഫീസിനുള്ളിൽക്കയറി സമരക്കാർ ദേഹത്ത് മണ്ണെണ്ണ ഒഴിച്ച് തീ കൊളുത്തി ആത്മഹത്യ ചെയ്യുന്ന രീതിയിലുള്ള സമരമുറകൾവരെ അരങ്ങേറുകയുണ്ടായി. അടിയന്തരമായി ഫയർഫോഴ്സും ജില്ലാകളക്ടറും പോലീസ് വകുപ്പും ഇടപെട്ടാണ് കാര്യങ്ങൾ പരിഹരിക്കാനുള്ള ശ്രമം നടത്തിയത്. പട്ടയം ലഭ്യമാക്കാത്ത ഇത്തരം പ്രശ്നം പരിഹരിക്കാത്തതിന്റെ ഫലമായി സർക്കാരും പൊതുജനവും തമ്മിലുള്ള ഏറ്റുമുട്ടൽ കൂടിവരികയാണ്. മാനന്തവാടി താലൂക്ക് പരിധിയിൽ വരുന്ന മാനന്തവാടി, കാഞ്ഞിരംകാട്, തൊണ്ടർനാട്, തിരുനെല്ലി, പേരിയ, നല്ലൂർനാട്, വാളാട്, തൃശ്ശിലേരി തുടങ്ങിയ വില്ലേജുകളിൽ വർഷങ്ങളായി ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് കുടിലുകൾകെട്ടി താമസിക്കുന്ന ആൾക്കാരാണുള്ളത്. സംഘർഷം ഒഴിവാക്കുന്നതിനായി അടിയന്തരമായി സർക്കാർ ഇക്കാര്യങ്ങളിൽ ഇടപെട്ട് അവർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഇവിടെ ചൂണ്ടിക്കാണിച്ച വിഷയത്തിൽ മുമ്പ് ഭൂമി പതിച്ചുകിട്ടിയവർ കൈവശം വയ്ക്കുകയോ സ്ഥിരതാമസമാക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ അത്തരം ഭൂമി മറ്റു ചിലർ വന്ന് കൈവശപ്പെടുത്തി അവിടെ വീടുവച്ച് താമസിക്കുന്ന സാഹചര്യമുണ്ട്. അത്തരം ആളുകൾക്ക് പട്ടയം കൊടുക്കണമെങ്കിൽ നേരത്തേയുള്ള പട്ടയം ക്യാൻസൽ ചെയ്ത്, അതിന്റെ നടപടിക്രമങ്ങളനുസരിച്ച് മാത്രമേ ചെയ്യാൻ കഴിയൂ. മാനന്തവാടി നിയോജകമണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം അനുവദിക്കുന്ന കാര്യം അനുഭാവപൂർവ്വം സർക്കാർ പരിശോധിച്ചുവരികയാണ്. അർഹരായ കൈവശക്കാർക്ക് സമയബന്ധിതമായി പട്ടയം നൽകണമെന്നതാണ് സർക്കാർ നയം. വനം വകുപ്പിന്റേതല്ലാതെ മറ്റ് ഇതര വകുപ്പുകളുടെ അധീനതയിലുള്ള ഭൂമി കൈവശം വച്ചിട്ടുള്ളവർക്ക് പട്ടയം ലഭിക്കാത്തത് സംബന്ധിച്ച വിഷയം ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വയനാട് ജില്ലയിൽ മിച്ചഭൂമി പതിച്ച് ലഭിച്ചവരും പട്ടാള ഉദ്യോഗസ്ഥർക്കുള്ള പദ്ധതിപ്രകാരം ഭൂമി അനുവദിച്ച് ലഭിച്ചവരുമായ നിരവധിപേർ ഈ ഭൂമി യഥാസമയം കൈവശത്തിലെടുക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. ഈ അവസരം ഉപയോഗപ്പെടുത്തി പലരും ഇത്തരത്തിലുള്ള ഭൂമി കൈവശപ്പെടുത്തി അവിടെ താമസമാക്കിയിട്ടുണ്ട്. വർഷങ്ങളായി ഈവിധം ഭൂമി കൈവശം

വച്ചിട്ടുള്ളവർക്ക് പട്ടയം അനുവദിക്കണമെന്ന ആവശ്യം നിലവിലുണ്ട്. ഇക്കാര്യം നിയമത്തിന്റെ പരിധിയിൽ നിന്ന് സർക്കാർ പരിശോധിച്ചുവരികയാണ്. ആദ്യം ഭൂമി കൊടുത്ത ആളുകളുടെ കാര്യത്തിൽ, അത് ക്യാൻസൽ ചെയ്താൽ മാത്രമേ പുതിയ കൈവശക്കാർക്ക് ഭൂമി അനുവദിക്കാൻ കഴിയുകയുള്ളൂ. തിരുനെല്ലി വില്ലേജിലെ നരിക്കൽ പ്രദേശത്ത് ആദിവാസികൾക്ക് നൽകിയ 68.35 ഏക്കർ ഭൂമിയിൽ 33.49 ഏക്കർ ഭൂമി മറ്റു വിഭാഗങ്ങളിൽപ്പെട്ടവർ വർഷങ്ങളായി കൈവശം വച്ചുവരുന്നുണ്ട്. ഇവർക്ക് പട്ടയം അനുവദിക്കണമെങ്കിൽ മുമ്പ് പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി അനുവദിച്ച പട്ടയം റദ്ദ് ചെയ്യേണ്ട സാഹചര്യമുണ്ട്. ഇക്കാര്യത്തിൽ നിയമ വിധേയമായി നടപടി സ്വീകരിക്കുന്ന കാര്യം ആലോചിച്ചുവരികയാണ്.

### (2) ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

ശ്രീ. കെ. ദാസൻ: സർ, കൊയിലാണ്ടി താലൂക്കാശുപത്രിക്കായി ഇപ്പോൾ പുതുതായി നിർമ്മിക്കുന്ന ആറുനില കെട്ടിടത്തിന്റെ സിവിൽ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇനി ഇലക്ട്രിക്കൽ പ്രവൃത്തിയും ഇലക്ട്രിക്കൽ പവർലൂം നിർമ്മാണവും പൂർത്തിയാക്കേണ്ടതുണ്ട്. അത് പി.ഡബ്ല്യു.ഡി.-യുടെ മേൽനോട്ടത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. ഫയർ ആന്റ് സേഫ്റ്റിക്ക് വേണ്ടിയുള്ള നിർമ്മാണം പൂർത്തിയാകുകയും ഇലക്ട്രിക്കൽ കണക്ഷൻ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ തിയേറ്റർ, ഐ.സി.യു. എന്നിവയ്ക്കുള്ള ഇന്റീരിയർ പ്രവൃത്തിയ്ക്കാവശ്യമായ ഉപകരണങ്ങൾ ലഭ്യമായാൽ മാത്രമേ കെട്ടിടം രോഗികൾക്കായി തുറന്നു കൊടുക്കാൻ സാധിക്കുകയുള്ളൂ. പുതിയ കെട്ടിടത്തിൽ ആധുനികരീതിയിലുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒന്നാമത്തെ നിലയിൽ മൂന്ന് മേജർ ഓപ്പറേഷൻ തിയേറ്റർ, അനസ്തേഷ്യ, പ്രിപ്പറേഷൻ റൂം എന്നിവയും മുകളിലത്തെ നിലയിൽ സ്റ്റോർ, നഴ്സിംഗ് റൂം, ലേബർ റൂം, ഒ.പി., ഐ.സി.യു. എന്നിവയും സജ്ജീകരിക്കേണ്ടതായുണ്ട്. നൂതന ഉപകരണങ്ങളും എ.സി., സെൻട്രൽ ഗ്യാസ് സിസ്റ്റവും സജ്ജീകരിക്കുന്നതിന് ഏകദേശം 3 കോടി രൂപ ആവശ്യമാണ്. ആയതിന്റെ പ്രോജക്ട് ആരോഗ്യ കേരളം പദ്ധതിയിൽ സമർപ്പിച്ചിട്ടുണ്ട്. അടിയന്തരമായി പ്രസ്തുത ആവശ്യങ്ങൾക്കുള്ള പണം അനുവദിക്കണം. കിഴക്കൻ മലയോരമേഖല ഉൾപ്പെടുന്ന കൊയിലാണ്ടി താലൂക്കിലെ ജനങ്ങളുടെ ഏക ആശ്രയമായ ഈ ആശുപത്രി കണ്ണൂർ-കോഴിക്കോട് എൻ.എച്ച്.-നോട് ചേർന്ന് കൊയിലാണ്ടി പട്ടണത്തിൽ സ്ഥിതി ചെയ്യുന്നു. ഈ ആശുപത്രി വിവിധതരം അപകടത്തിൽപ്പെടുന്നവർക്ക് ആശ്രയമാണ്. നിലവിലെ കാഷ്വാലിറ്റി കെട്ടിടം പൊളിച്ചുനീക്കി പുതിയതായി ട്രോമാകെയർ, കാഷ്വാലിറ്റി

ബ്ലോക്ക് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്നും അടിയന്തരമായി ട്രോമാകെയർ യൂണിറ്റും ഡയാലിസിസ് കേന്ദ്രവും കാരുണ്യാ ഫാർമസിയും അനുവദിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ഫിസിയോ തെറാപ്പിസ്റ്റ്, ഇ.സി.ജി. ടെക്നീഷ്യൻ, മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ എന്നീ തസ്തികകൾ അനുവദിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ.കെ. ശൈലജ ടീച്ചർ): സർ, 1961 മുതൽ താലൂക്ക് ആസ്ഥാന ആശുപത്രിയായി പ്രവർത്തിച്ചു വരുന്ന കൊയിലാണ്ടി ആശുപത്രിയിൽ പ്രതിദിനം 1500 ഒ.പി.-യും 100 ഐ.പി.-യുമാണ് ശരാശരിയുള്ളത്. 159 കിടക്കകളും മെഡിസിൻ, സർജറി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, ഗൈനക്കോളജി, ഡെർമറ്റോളജി, ഒഫ്ത്താൽമോളജി, ഇ.എൻ.ടി. എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളും കൊയിലാണ്ടി താലൂക്ക് ഹോസ്പിറ്റലിൽ ലഭ്യമാണ്. പൊതുമരാമത്ത് വകുപ്പ് വഴി നിർമ്മാണം നടന്നുവരുന്ന പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയായി വരികയാണ്. ഈ കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിനാവശ്യമായ ആശുപത്രി ഉപകരണങ്ങളുടെ പ്രൊപ്പോസലും പുതിയ കെട്ടിടത്തിന്റെ മോഡുലാർ ഓപ്പറേഷൻ തിയേറ്റർ സജ്ജീകരിക്കുന്നതിനുള്ള നടപടികളും നടന്നുവരികയാണ്. ഈ ആശുപത്രിയിൽ എം.പി. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിൽ സർക്കാരിന്റെ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഡയാലിസിസ് കേന്ദ്രം ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. എട്ട് കിടക്കകളോടുകൂടിയ ഡയാലിസിസ് കേന്ദ്രത്തിന് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തയ്യാറാക്കിക്കഴിഞ്ഞു. കൊയിലാണ്ടി താലൂക്കാശുപത്രിയിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് 5 കോടി 35 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് നൽകിയിട്ടുണ്ട്; തുക ഉടൻതന്നെ ലഭ്യമാകുന്നതാണ്. നിലവിൽ സ്പെഷ്യാലിറ്റി സേവനങ്ങൾ ഉൾപ്പെടെ 19 ഡോക്ടർമാരുടെ തസ്തികയുണ്ട്. 24 മണിക്കൂറും കാഷ്വാലിറ്റി സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 4 കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ തസ്തികയും നിലവിലുണ്ട്. സ്റ്റാന്റേർഡൈസേഷന്റെ ഭാഗമായി ആശുപത്രികളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസലിൽ കൊയിലാണ്ടി ആശുപത്രിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ആർദ്രം പദ്ധതിയിലൂടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതുവഴി കൊയിലാണ്ടി താലൂക്കാശുപത്രിയുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. എല്ലാ താലൂക്കാശുപത്രികളും നവീകരിക്കുന്നതിന്റെ ഭാഗമായി കൊയിലാണ്ടി താലൂക്ക് ആശുപത്രികൂടി ഈ പ്രൊപ്പോസലിൽ ഉൾപ്പെട്ടതിനാൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി സമർപ്പിക്കുക വഴി കൊയിലാണ്ടി താലൂക്കാശുപത്രിയുടെ കൂടുതൽ വികസനം സാധ്യമാക്കാൻ കഴിയുന്നതാണ്.

## (3) സ്റ്റെന്റുകൾക്ക് അമിത വില ഈടാക്കൽ

ശ്രീ. പി. ടി. എ. റഹീം: സർ, ഹൃദയവാൽവുകളിലെ ബ്ലോക്കുകൾ നീക്കുന്നതിനുള്ള ആൻജിയോപ്ലാസ്റ്റി ചികിത്സയ്ക്ക് മരുന്ന് നിറച്ചതും അല്ലാത്തതുമായ സ്റ്റെന്റുകൾ ഉപയോഗിക്കുന്നുണ്ട്. മുമ്പ് 2 ലക്ഷം രൂപ വരെ വിലയുണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ പരമാവധി 32,000 രൂപയാണുള്ളത്. വിലയിലുണ്ടായ ഈ കുറവ് ചികിത്സാ ചെലവിൽ പ്രതിഫലിക്കേണ്ടതാണ്. എന്നാൽ ഗുണമേന്മയുള്ള ഉപകരണങ്ങളുടെ നിർമ്മാണം പരിമിതപ്പെടുത്തിയും ചികിത്സയിലെ മറ്റിനങ്ങളുടെ നിരക്കുയർത്തിയും സർക്കാർ തീരുമാനം അട്ടിമറിക്കാനുള്ള നീക്കം നടന്നുവരുന്നതായുള്ള റിപ്പോർട്ടുകളാണ് വന്നുകൊണ്ടിരിക്കുന്നത്. അടുത്തിടെ നിലവിൽ വന്ന മെഡിക്കൽ ഉപകരണ നിയമത്തിന്റെ പിൻബലത്തിൽ ഏറ്റവും ഗുണമേന്മയുള്ള സ്റ്റെന്റുകളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. മെഡിക്കൽ നയത്തിനുള്ള ഡ്രാഫ്റ്റിൽ പറഞ്ഞിട്ടുള്ള മെഡിക്കൽ ഡിവൈസ് പാർക്കുകളുടെ വ്യാപനം ത്വരിതപ്പെടുത്തുന്നതിനും പൊതുമേഖലയിൽ സ്റ്റെന്റുകളുടെ നിർമ്മാണവും വിതരണവും നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സ്റ്റെന്റുകളുടെ വിലനിയന്ത്രണം നിലവിൽ വന്നതോടുകൂടി ലാഭത്തിലുണ്ടായ കുറവ് നികത്താനായി ശസ്ത്രക്രിയകളുടെ ചാർജ്ജ്, ചികിത്സയ്ക്കാവശ്യമായ മറ്റ് ഘടകങ്ങൾ എന്നിവയുടെ നിരക്ക് വർദ്ധിപ്പിക്കുന്നതിന് ചില ആശുപത്രികൾ നീക്കം നടത്തുന്നത് സംബന്ധിച്ച പത്ര-ദൃശ്യ-മാധ്യമ റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പ് സംസ്ഥാന വ്യാപകമായി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. ഈ മേഖലയിലെ ചൂഷണത്തിൽ നിന്ന് രോഗികളെ രക്ഷിക്കുന്നതിനായി കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ വഴി സ്റ്റെന്റുകളും മറ്റ് ഓർത്തോപീഡിക് ഇംപ്ലാന്റുകളും സംഭരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് മുഖാന്തരം ആരംഭിച്ചുകഴിഞ്ഞു. ഇതോടനുബന്ധിച്ച് സംസ്ഥാനത്തെ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്നും എറണാകുളം, പാലക്കാട് ജനറൽ ആശുപത്രികളിൽ നിന്നും ഒരു വർഷം നടത്തുന്ന ശസ്ത്രക്രിയകളുടെ എണ്ണം, ഒരു മാസം വേണ്ടിവരുന്ന വിവിധയിനം കാർഡിയാക് സ്റ്റെന്റുകളുടെ എണ്ണം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവരങ്ങൾ യഥാവിധി ലഭ്യമായശേഷം പ്രസ്തുത മേഖലകളിലെ സാങ്കേതിക വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ

സ്വീകരിച്ച് കമ്പനികളിൽ നിന്ന് നേരിട്ട് സ്റ്റെന്റുകളും മറ്റ് ഓർത്തോപീഡിക് ഇംപ്ലാന്റുകളും വാങ്ങി കമ്മ്യൂണിറ്റി ഫാർമസികൾ വഴി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശീയമായി നിർമ്മിക്കുന്നതും ഇറക്കുമതി ചെയ്യുന്നതുമായ എല്ലാ സ്റ്റെന്റ് ഉൽപ്പന്നങ്ങൾക്കും ഇപ്പോൾ പ്രാബല്യത്തിൽ വന്ന വിലനിയന്ത്രണം ബാധകമാണ്. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള അടിസ്ഥാന വിലയേക്കാളും കുറഞ്ഞ നിരക്കിൽ നിലവിൽ വിപണനം ചെയ്യുന്ന എല്ലാ നിർമ്മാതാക്കളും വിതരണക്കാരും അവ വിപണനം ചെയ്യേണ്ടതാണ്. നിലവിൽ കൂടിയ നിരക്കിൽ വിതരണം ചെയ്യുന്നവർ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വിലയിലേയ്ക്ക് കുറയ്ക്കേണ്ടതാണ്. കാർഡിയാക് സ്റ്റെന്റ്, ഡ്രഗ് എല്യൂട്ടിംഗ് സ്റ്റെന്റ് എന്നീ രണ്ട് തരത്തിലുള്ള സ്റ്റെന്റുകൾ നോട്ടിഫൈഡ് മെഡിക്കൽ ഡിവൈസ് കാറ്റഗറിയിൽ ഉൾപ്പെടുന്നതിനാൽ ഇവയുടെ നിർമ്മാണം കേന്ദ്ര-സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പുകളുടെ സംയുക്ത നിയന്ത്രണത്തിലാണ്. അതുകൊണ്ടുതന്നെ സ്റ്റെന്റ് നിർമ്മാണത്തിനുള്ള മാനദണ്ഡങ്ങൾ സംയുക്ത പരിശോധനയിലൂടെ ഉറപ്പുവരുത്തിയശേഷമാണ് പ്രസ്തുത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള ലൈസൻസുകൾ അനുവദിക്കുന്നത്. ഇപ്രകാരം മാനദണ്ഡങ്ങൾക്ക് വിധേയമായി അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നതോ ഇറക്കുമതി ചെയ്യുന്നതോ ആയ സ്റ്റെന്റ് ഉൽപ്പന്നങ്ങളാണ് സംസ്ഥാന വിപണിയിലുള്ളത്. നിലവിൽ സംസ്ഥാനത്ത് കൊറോണറി സ്റ്റെന്റ് നിർമ്മാതാക്കൾ കുറവാണ്. ചികിത്സയ്ക്കാവശ്യമായ മറ്റ് ഘടകങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ച് സ്റ്റെന്റിന്റെ വിലക്കുറവുമൂലം ലാഭത്തിലുണ്ടായ കുറവ് പരിഹരിക്കാൻ ചില സ്വകാര്യ ആശുപത്രികൾ ശ്രമിക്കുന്നതായി ആരോപണമുയർന്ന സാഹചര്യത്തിൽ സമീപകാലത്ത് അവിടെ നടന്നിട്ടുള്ള ആൻജിയോപ്ലാസ്റ്റി ഉൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ നിരക്കുകൾ പരിശോധിക്കാൻ ദേശീയ ഔഷധ വിലനിയന്ത്രണ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സ്റ്റെന്റ് ഉപയോഗിച്ചുകൊണ്ടുള്ള ഹൃദയശസ്ത്രക്രിയാ രീതികൾ പിന്തുടരുന്ന ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ക്ലിനിക്കുകൾ എന്നിവ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് നൽകുന്ന ബില്ലുകളിൽ കൊറോണറി സ്റ്റെന്റിന്റെ വില, ബ്രാൻഡ് നെയിം, ബാച്ച് നമ്പർ, നിർമ്മാതാവ്, ഇംപോർട്ടറുടെ പേര് എന്നീ വിശദാംശങ്ങൾ പ്രത്യേകം രേഖപ്പെടുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്റ്റെന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ 2017 മാർച്ച് 1-ന് മുമ്പ് സമർപ്പിക്കണമെന്നും അല്ലാത്തപക്ഷം ഡി.പി.സി.ഒ. 2013 നിയമപ്രകാരം നടപടികൾ സ്വീകരിക്കുമെന്നും എൻ.പി.പി.എ. അറിയിച്ചിട്ടുണ്ട്. സ്റ്റെന്റ് നിർമ്മാണത്തിന്റെ വിലവിവരപ്പട്ടിക ഫാർമസ്യൂട്ടിക്കൽ ഡാറ്റാബെയ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന ഓൺലൈനായി എൻ.പി.പി.എ.-യ്ക്ക് സമർപ്പിക്കണമെന്നും അതിന്റെ പകർപ്പ് സംസ്ഥാന ഔഷധ ഗുണനിലവാര

വകുപ്പിനും വിതരണക്കാർക്കും ചില്ലറ വിൽപ്പനക്കാർക്കും ഇടപാടുകാർക്കും നൽകാനും നിർദ്ദേശമുണ്ട്. ആദായകരമല്ലെന്ന കാരണത്താൽ പുതിയ സ്റ്റോക്കിന് ഓർഡർ നൽകാതിരിക്കുകയോ പുതിയ വിലയിലുള്ള സ്റ്റോക്കെടുക്കാൻ മടിക്കുകയോ ചെയ്യുന്ന ആശുപത്രികളുടെ വിശദാംശങ്ങൾ അറിയിക്കാൻ എൻ.പി.പി.എ. നിർമ്മാതാക്കളോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൊറോണറി സ്റ്റെന്റിന്റെ വിലനിയന്ത്രണം പ്രാബല്യത്തിൽ വന്ന സാഹചര്യത്തിൽ പ്രസ്തുത ഉൽപ്പന്നങ്ങളുടെ സുഗമമായ വിതരണ ഉപഭോഗം ഉറപ്പുവരുത്തുന്നതിനും നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയ്ക്ക് പ്രസ്തുത ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗം അതീവജാഗ്രത പുലർത്തി പരിശോധനകൾ കർശനമാക്കിയിട്ടുണ്ട്. വിലനിയന്ത്രണം മറികടന്ന് വിൽപ്പന നടത്തുന്നതായി ശ്രദ്ധയിൽപ്പെടുന്നപക്ഷം നിയമം ലംഘിക്കുന്നവർക്കെതിരെ അവശ്യവസ്തു നിയമം അനുശാസിക്കുന്ന പ്രകാരം നടപടിയെടുക്കുന്നതാണ്. കൂടാതെ വിലനിയന്ത്രണം മറികടക്കുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ അനന്തര നടപടികൾക്കായി ദേശീയ ഔഷധ വിലനിയന്ത്രണ അതോറിറ്റിയെ അറിയിക്കുന്നതാണ്. ദേശീയ ഔഷധ വിലനിയന്ത്രണ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലെ 'ഫാർമ ജൻ സമാധാൻ' എന്ന ലിങ്കിൽ സ്റ്റെന്റുകളുടെ വില നിയന്ത്രണം സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതികൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

## (4) സ്പോർട്സ് കോംപ്ലക്സ്

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, കൊല്ലം ജില്ലയിലെ ചടയമംഗലത്ത് 2006-2011 -ലെ എൽ.ഡി.എഫ്. ഭരണകാലത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുമായി ചേർന്ന് നിലനിന്ന ഒരു സ്കീമായിരുന്നു വനിതാ സ്പോർട്സ് അക്കാദമി. അത് നടപ്പാക്കാൻ 20 ഏക്കർ വസ്തു ആവശ്യമായി വരികയും അന്ന് 20 ഏക്കർ വസ്തു ചടയമംഗലം മണ്ഡലത്തിൽ കണ്ടെത്തുകയും അത് സ്പോർട്സ് വകുപ്പിന് കൈമാറുകയും ചെയ്തിട്ടുണ്ട്. ആ വസ്തു ഇപ്പോഴും സ്പോർട്സ് വകുപ്പിന്റെ കൈവശമാണ്. പക്ഷേ കേന്ദ്രസർക്കാർ വനിതാ സ്പോർട്സ് അക്കാദമി എന്ന സ്കീമിൽ നിന്ന് പിൻമാറി. അതിനുശേഷം പലതവണ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ചർച്ചകൾ നടത്തിയെങ്കിലും സാധാരണ കായിക താരങ്ങൾക്കുകൂടി ഉപയോഗിക്കാവുന്ന, പരിശീലനവും ഗവേഷണവും പഠനവുമായ കാര്യങ്ങൾക്ക് ഈ വസ്തു ഉപയോഗിക്കണമെന്ന ധാരണയിലെത്തിയെങ്കിലും യാതൊന്നും നടപ്പായില്ല. കഴിഞ്ഞ റിയോ ഒളിമ്പിക്സിൽ പങ്കെടുത്ത ഒളിമ്പ്യൻ ശ്രീ. അനസ് ചടയമംഗലത്തുള്ള ആളാണ്. ഇപ്പോൾ ഹൈജമ്പിൽ ദേശീയ റിക്കോർഡ് ചാമ്പ്യനായ ശ്രീ. അനീസ് ശ്രീ. അനസ്സിന്റെ സഹോദരനാണ്.

ഇവർ രണ്ടുപേരും വരുംകാലത്ത് ഒളിമ്പ്യന്മാരായി മാറാൻ സാധ്യതയുള്ളവരും കേരളത്തിനും ഇന്ത്യയ്ക്കുംവേണ്ടി മെഡൽ നേടിത്തരാൻ സാധ്യതയുള്ളവരുമാണ്. ഇന്ത്യൻ ഫുട്ബോൾ ടീമിലെ അംഗങ്ങളായ നിരവധി താരങ്ങൾ ചടയമംഗലത്തുണ്ട്. അങ്ങ് ഇക്കാര്യത്തിൽ പ്രത്യേക താല്പര്യമെടുത്ത് പ്രസ്തുത 20 ഏക്കർ ഭൂമി സ്പോർട്സ് വിഭാഗത്തിന്റെ പരിശീലനത്തിനും പഠനത്തിനും ഗവേഷണത്തിനുമെല്ലാമുള്ള ഒരു സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ചടയമംഗലത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ ഒരു വനിതാ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലാ കൃഷിഫാമിന്റെ കോട്ടുക്കൽ കൃഷി ഫാമിൽ നിന്ന് 20 ഏക്കർ ഭൂമി 2009-ൽ ഇട്ടിവ ഗ്രാമപഞ്ചായത്ത് കായിക യുവജനകാര്യ ഡയറക്ടർ മുഖേന 30 വർഷത്തെ പാട്ടത്തിന് അനുവദിച്ച് നൽകിയിരുന്നു. എന്നാൽ വനിതകൾക്ക് മാത്രമായി സ്പോർട്സ് അക്കാദമി തുടങ്ങുന്നത് പ്രായോഗികമല്ലെന്ന് സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ (SAI) അറിയിക്കുകയുണ്ടായി. തുടർന്ന് ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 04-02-2014-ൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ഭൂമിയിൽ ഒരു മൾട്ടി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ആയതിന് ഭൂമിയുടെ ഉടമസ്ഥരായ ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് കൊല്ലം ജില്ലയിലെ ചടയമംഗലത്ത് 'സായ്'-യുടെ ആഭിമുഖ്യത്തിൽ ഒരു മൾട്ടി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്ത് സംസ്ഥാനം കേന്ദ്ര യുവജന കായികമന്ത്രാലയത്തെ കത്ത് മുഖേന അറിയിച്ചെങ്കിലും അടിസ്ഥാന സൗകര്യമുള്ള സ്ഥലത്ത് മാത്രമേ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കാൻ കഴിയൂവെന്നാണ് 'സായ്' മറുപടി നൽകിയത്. ചടയമംഗലത്ത് കോട്ടുക്കലുള്ള കായിക വകുപ്പിന്റെ 20 എക്കർ ഭൂമിയിൽ പ്രാഥമിക പരിശീലനങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു സ്പോർട്സ് കോംപ്ലക്സ് അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും നിലവിലുണ്ടായിരുന്നില്ല. അത്തരമൊരു ഘട്ടത്തിലാണ് ബഹുമാനപ്പെട്ട അംഗം ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അദ്ദേഹം നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിക്കാനും ഒരു പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം ഗൗരവപൂർവ്വം സർക്കാർ പരിഗണിക്കുന്നതാണ്.

10.00. A.M.]

## (5) ഇംഗ്ലീഷ് ഭാഷാവിഷയം

ശ്രീ. എം. സ്വരാജ്: സർ, കേരളത്തിലെ സ്കൂളുകളിൽ ഹൈസ്കൂൾ തലംവരെ ഇംഗ്ലീഷ് ഒരു ഭാഷാവിഷയമായി പരിഗണിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഉത്തരവിനെത്തുടർന്ന് പൊതുവിദ്യാഭ്യാസ രംഗത്ത് പൊതുവെയും ഇംഗ്ലീഷ് എച്ച്.എസ്.എ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് പ്രത്യേകിച്ചും നേരിടേണ്ടിവരുന്ന പ്രതിസന്ധിയാണ് ചൂണ്ടിക്കാണിക്കുന്നത്. കേരള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ എക്സിക്യൂട്ടീവ് ഓർഡർപ്രകാരം എച്ച്.എസ്.എ. ഇംഗ്ലീഷ്, മറ്റ് ഭാഷാവിഷയങ്ങൾ എന്നിവയ്ക്ക് പി.എസ്.സി. ഡയറക്ട് അദ്ധ്യാപക നിയമനം കേഡർ സ്ട്രെംഗ്തിന്റെ കേവലം 30 ശതമാനം മാത്രമാണ്. ബാക്കിയുള്ള 70 ശതമാനം ഡയറക്ട് പ്രൊമോഷൻ, ബൈ-ട്രാൻസ്ഫർ പ്രൊമോഷൻ, ഇന്റർ ഡിസ്ട്രിക്ട് ട്രാൻസ്ഫർ, പോസ്റ്റ് കൺവെർഷൻ എന്നിവയ്ക്കായി മാറ്റിവച്ചിരിക്കുകയാണ്. എൽ.പി.എസ്.എ., യു.പി.എസ്.എ. എന്നിവയുടെ പി.എസ്.സി. ഡയറക്ട് നിയമനം കേഡർ സ്ട്രെംഗ്തിന്റെ 65 ശതമാനവും എച്ച്.എസ്.എസ്.ടി. തസ്തികയുടെ പി.എസ്.സി. ഡയറക്ട് നിയമനം കേഡർ സ്ട്രെംഗ്തിന്റെ 75 ശതമാനവുമായിരിക്കെ എച്ച്.എസ്.എ. ഇംഗ്ലീഷിന്റെയും മറ്റ് ഭാഷാ വിഷയങ്ങളുടെയും കേവലം 30 ശതമാനം മാത്രമായിരിക്കുന്നത് തികച്ചും അപര്യാപ്തമാണ്. നിലവിലുള്ള അവസ്ഥയിൽ എച്ച്.എസ്.എ. ഇംഗ്ലീഷ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നാലും പല ജില്ലകളിലും ഒരാൾക്കുപോലും നിയമനം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. കഴിഞ്ഞ എച്ച്.എസ്.എ. ഇംഗ്ലീഷ് പത്തനംതിട്ട ജില്ലാ റാങ്ക് ലിസ്റ്റിൽനിന്നും ഒരാൾക്കുപോലും നിയമനം കിട്ടിയിട്ടില്ല. കേരളത്തിൽ മാത്രം ഹൈസ്കൂൾതലംവരെ ഇംഗ്ലീഷിനെ ഒരു ഭാഷാ വിഷയമായിട്ടല്ല, മറിച്ച് കോർ സബ്ജക്ടെന്ന നിലയിലാണ് പരിഗണിക്കുന്നത്. ആയതിനാൽ ഡിവിഷൻ കുറവുള്ള സ്കൂളുകളിൽ ഇംഗ്ലീഷ് തസ്തിക അനുവദിക്കപ്പെടുന്നില്ല. ഇത്തരം സ്കൂളിലെ കുട്ടികളെ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് മറ്റുവിഷയങ്ങൾ പഠിച്ച അദ്ധ്യാപകരാണ്. അങ്ങനെ വരുമ്പോൾ മറ്റേതെങ്കിലും ഒരു വിഷയത്തിൽ പരിജ്ഞാനമുള്ള അദ്ധ്യാപകൻ/അദ്ധ്യാപിക ഇംഗ്ലീഷ് പഠിപ്പിക്കാൻവേണ്ടി നിയോഗിക്കപ്പെടുകയാണ്. ഇതുമൂലം ശരിയായ രീതിയിലുള്ള ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വിദ്യാർത്ഥികൾക്ക് ലഭിക്കാതെ പോകുന്ന എന്നൊരു പ്രത്യേകതയും നിലവിലുണ്ട്. സർക്കാർ എൽ.പി./യു.പി. സ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നത് മറ്റു വിഷയങ്ങൾ പഠിച്ച അദ്ധ്യാപകരാണ്. അതിനാൽ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ ഇംഗ്ലീഷ് ഭാഷാപരിജ്ഞാനം എയ്ഡഡ്/ അൺ-എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളേക്കാൾ കുറഞ്ഞുവരുന്ന

എന്നതൊരു വസ്തുതയാണ്. പൊതുവിദ്യാലയങ്ങളിലേയ്ക്ക് കുട്ടികളെ അയയ്ക്കാൻ രക്ഷിതാക്കൾ മടിക്കുന്നതിന് പ്രധാന കാരണമിതാണ്. ഇത് പരിഹരിക്കുന്നതിന് ഇംഗ്ലീഷിനെ ഒരു ഭാഷാവിഷയമായി കണക്കാക്കുകയും എൽ.പി./യു.പി. തലത്തിൽക്കൂടി ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ബിരുദമുള്ളവരെ മാത്രം പരിഗണിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകണം. എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയുടെ പി.എസ്.സി. ഡയറക്ട് നിയമനം 75 ശതമാനമെങ്കിലുമാക്കി ഉയർത്തി. എച്ച്.എസ്.എ. ഇംഗ്ലീഷ് തസ്തികയിലെ പ്രൊമോഷൻ എൽ.പി./യു.പി., മിനിസ്റ്റീരിയൽ സ്റ്റാഫ് തുടങ്ങിയ മേഖലയിൽ നിന്നുള്ള നിയമനങ്ങൾ നടന്നതിനുശേഷം വരുന്ന ഒഴിവുകളിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്താൻ സാധിക്കണം. സംരക്ഷിത അദ്ധ്യാപകരെ നിയമിച്ച് സ്കൂളുകളിലെ ബാക്കി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ അടിയന്തരമായി നടപടി സ്വീകരിക്കണമെന്നും എല്ലാ ജില്ലകളിലും എച്ച്.എസ്.എ. ഇംഗ്ലീഷിന്റെ റാങ്ക് പട്ടിക ഉടൻ പ്രസിദ്ധീകരിക്കണമെന്നും ഇംഗ്ലീഷിനെ ഒരു ഭാഷാ വിഷയമായിത്തന്നെ പരിഗണിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>) : സർ, 2002-ൽ എച്ച്.എസ്.എ. ഇംഗ്ലീഷ് കോർ സബ്ജക്ടായി അംഗീകരിക്കുന്നതുവരെ സയൻസ്, ഗണിതം, സോഷ്യൽ സയൻസ് എന്നിവ മാത്രമായിരുന്നു ഹൈസ്കൂൾ വിഭാഗത്തിൽ കോർ സബ്ജക്ടുകൾ. അതനുസരിച്ചാണ് ഇപ്പോൾ തസ്തിക നിർണ്ണയം നടത്തിവരുന്നത്. ഈ സാഹചര്യത്തിൽ വിശദമായ ചർച്ചകൾക്കും അഭിപ്രായ സമന്വയത്തിനും ശേഷമാണ് ഭാഷാവിഷയമാക്കി മാറ്റുന്ന കാര്യം പരിഗണിക്കാൻ കഴിയുന്നത്. നിലവിൽ ഇംഗ്ലീഷ് എച്ച്.എസ്.എ.-മാരുടെ നിയമനത്തിനുള്ള അനുപാതം താഴെപ്പറയുംപ്രകാരമാണ്.

നേരിട്ടുള്ള നിയമനം - 30 ശതമാനം, അന്തർജില്ലാ സ്ഥലംമാറ്റം - 20 ശതമാനം, തസ്തികമാറ്റം - 20 ശതമാനം, പി.ഡി. ടീച്ചർമാർ പ്രൊമോഷൻ- 20 ശതമാനം, മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പ്രൊമോഷൻ - 10 ശതമാനം. ഈ അനുപാതത്തിൽ മാറ്റം വരുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിലാണ് സർക്കാർ സ്കൂളുകളിലെ പ്രസ്തുത വിഷയങ്ങളിലെ ഒഴിവുകളിൽ താൽക്കാലികമായി എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിത അദ്ധ്യാപകരെ പുനർവിന്യസിച്ചിട്ടുള്ളത്. ഇത് തികച്ചും താൽക്കാലികമായ ക്രമീകരണം മാത്രമാണ്. ഇതുമൂലം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനോ പി.എസ്.സി. വഴി വരുന്നവർക്ക് നിയമനം നൽകുന്നതിനോ യാതൊരു തടസ്സവുമുണ്ടാകുന്നതല്ല. വരുന്ന ഒഴിവുകൾ എത്രയുംവേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്നും അക്കാര്യം ഉറപ്പുവരുത്തണമെന്നും വിദ്യാഭ്യാസ ഓഫീസർമാർക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV റിപ്പോർട്ട് സമർപ്പണം

### 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX -ന്റെ റിപ്പോർട്ട്

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ) : സർ, 2017-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

## V. അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) റിപ്പോർട്ട് പരിഗണന

### അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് പരിഗണന

ശ്രീ. എ. എം. ആരിഫ് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### (2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2016- ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബിൽ:

ശ്രീ. ഡി.കെ. മുരളി : സർ, 2016-ലെ കേരള ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും നിലവാരവും ഭക്ഷണ-പാനീയങ്ങളുടെ ഗുണ-വില നിയന്ത്രണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ജോയി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവിന്റെ അടിസ്ഥാനത്തിൽ ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും വില്പന നടത്തുന്ന ഭക്ഷണപദാർത്ഥങ്ങളുടെ വിലയിൽ വ്യത്യാസമുണ്ടാകുന്നു എന്ന കാര്യം ചൂണ്ടിക്കാണിക്കുന്ന ബഹുമാനപ്പെട്ട മെമ്പറുടെ ബില്ലിന്റെ ഉദ്ദേശ്യശുദ്ധി നല്ലതുതന്നെയാണ്. 2015-ൽ നിയമസഭയിൽ ഇത്തരത്തിലൊരു ബിൽ അവതരിപ്പിക്കാൻ നീക്കം നടത്തിയിരുന്നെങ്കിലും അത് അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അതിന്റെ നിയമസാധുത വളരെ പ്രധാനപ്പെട്ട ഒന്നായി തുടർന്നുള്ള ചർച്ചയിൽ വ്യക്തമായി. എന്നാൽ ഇന്ന് ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻന്റേർഡ്സ് ആക്ട് അനുസരിച്ച് നടപടിയെടുക്കുന്നതിനും സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാവകുപ്പ് നിലവിലുള്ള സാഹചര്യത്തിൽ ഈ ബിൽ നിരസിക്കുന്നു.

ശ്രീ. ഡി. കെ. മുരളി : സർ, എല്ലാവർക്കും സുരക്ഷിത ഭക്ഷണം ഉറപ്പുവരുത്തുക എന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. കേരളത്തിലെ ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയും ആശ്രയിച്ച് ഭക്ഷണം കഴിക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരികയാണ്. യാത്രാവേളകളിൽ മലയാളികൾ ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയുമാണ് കൂടുതലായി ആശ്രയിക്കുന്നത്. ഇതര സംസ്ഥാന തൊഴിലാളികളും നഗരവാസികളും ആശ്രയിക്കുന്നതും ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയുമാണ്. ഗുണനിലവാരമുള്ള ഭക്ഷണം നിയന്ത്രിതവിലയ്ക്ക് ലഭ്യമാക്കുവാനാവശ്യമായ സംവിധാനവും ക്രമീകരണവും ഏർപ്പെടുത്താൻ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻന്റേർഡ്സ് ആക്ട് നിലവിലുള്ളപ്പോൾത്തന്നെ നമുക്ക് കഴിയുന്നില്ലെന്നുള്ളത് സത്യമാണ്. വൃത്തിഹീനമായ സാഹചര്യത്തിൽ രോഗം സംഭാവന ചെയ്യുന്ന ചേരുവകളുപയോഗിച്ച് ആഹാരമുണ്ടാക്കിയിട്ടും നിയമം നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യമാണുള്ളത്. ജീവിതശൈലീ രോഗം മുതൽ ക്യാൻസർ വരെയുള്ള അസുഖങ്ങൾക്ക് ഈ സാഹചര്യം സഹായകരമാകുന്നു എന്നുള്ള യാഥാർത്ഥ്യം നമുക്ക് ചെറുതായി കാണാൻ സാധിക്കില്ല. അതുപോലെ നഗരങ്ങളിലും ഗ്രാമങ്ങളിലും ഒരേ വിലയിൽ ഭക്ഷണം നൽകാൻ കഴിയില്ല. കെട്ടിട വാടക, മറ്റ് പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള ചെലവുകൾ എന്നിവ കണക്കാക്കുമ്പോൾ ഗ്രാമങ്ങളിൽ കൊടുക്കുന്ന അതേ വിലയ്ക്ക് നഗരത്തിൽ നൽകാൻ കഴിയണമെന്നില്ല. എന്നാൽ ഇന്ന് നഗരങ്ങളിൽപ്പോലും ഹോട്ടലുകളും റെസ്റ്റോറന്റുകളും വ്യത്യസ്ത നിലയിലാണ് വില ഈടാക്കുന്നത്. ഡീസലിന് ഒരു രൂപ കൂടിയാൽ ഉടൻതന്നെ ഭക്ഷണത്തിനും വില കൂട്ടും. യാതൊരു മാനദണ്ഡവും

നിയന്ത്രണവുമില്ലാതെ ഭക്ഷണ പദാർത്ഥങ്ങൾക്ക് വില ഈടാക്കുകയാണ്. ഹോട്ടലുകളുടെയും റെസ്റ്റോറന്റുകളുടെയും ഇടപെടലുകൾകൊണ്ട് തിരുവനന്ത പുരത്തുള്ള മലയാളികളുടെ ഭക്ഷണരീതിപോലും മാറുകയാണ്. നമ്മുടെ പ്രഭാത ഭക്ഷണത്തിലെ പ്രധാന ഇനമാണ് ദോശ. നാട്ടിൻപുറത്ത് അഞ്ചോ പത്തോ രൂപയ്ക്ക് കിട്ടുന്ന ദോശ വലിപ്പം കൂട്ടി നെയ്റോസ്റ്റോ മസാല ദോശയോ ആയി ലഭിക്കുമ്പോൾ 80 മുതൽ 90 രൂപ വരെ ഇടാക്കുന്ന സ്ഥിതിയുണ്ട്. ഇത് കടുത്ത ചൂഷണമാണ്. തിരുവനന്തപുരത്തുള്ള ഒരു പ്രമുഖ ഹോട്ടലിൽ രണ്ടു ചപ്പാത്തിക്ക് 80 രൂപ വരെ ഈടാക്കുന്നുണ്ട്. അതുകൊണ്ട് ഹോട്ടലുകളെ പ്രത്യേകം ഗ്രേഡ് ചെയ്ത് വിലനിയന്ത്രണം കൊണ്ടുവരേണ്ടതാവശ്യമാണ്. നിലവിൽ ഭക്ഷണ നിർമ്മാണം, വിതരണം, സംഭരണം, വിൽപ്പന, കയറ്റുമതി എന്നീ മേഖലകളുടെ നിയന്ത്രണവുമായി ബന്ധപ്പെട്ടുള്ളതാണ് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ്സ് ആക്ട്. ഒരു സമഗ്രനിയമം എന്നാണ് ഇതിനെ പറയുന്നത്. ഇതിന് സംസ്ഥാന തലത്തിൽ ഒരു കമ്മിറ്റിയാണുള്ളത് എന്നതാണ് ഈ നിയമത്തിന്റെ പരിമിതി. ചീഫ് സെക്രട്ടറി ചെയർമാനും ഹെൽത്ത് സെക്രട്ടറി വൈസ് ചെയർമാനും ഫുഡ് സേഫ്റ്റി കമ്മീഷണർ കൺവീനറും കൃഷി, മൃഗസംരക്ഷണം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, ഡെയറി എന്നീ വകുപ്പ് സെക്രട്ടറിമാരും വകുപ്പദ്ധ്യക്ഷന്മാരും അടങ്ങുന്ന പ്രസ്തുത കമ്മിറ്റി വർഷത്തിൽ ഒന്നോ രണ്ടോ തവണ യോഗം ചേരും. ഈ കമ്മിറ്റി കൂടുമ്പോൾ എന്ത് ഇടപെടലാണ് ഇവർക്ക് നടത്താൻ കഴിയുക? നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. അവരുടെ അധികാര പരിധി മണ്ഡലാടിസ്ഥാനത്തിലാണ്. ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കോ ജനപ്രതിനിധികൾക്കോ യാതൊരു നിയന്ത്രണവുമില്ല. അതുകൊണ്ട് വ്യക്തമായ പരിശോധനകൾ കാലാകാലങ്ങളിൽ നടത്താൻ ഇവർ തയ്യാറാകുന്നില്ല. ഉദാഹരണമായി, തട്ടുകടകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നില്ല. തട്ടുകടകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ആക്ടിൽ പ്രത്യേക സെക്ഷനുണ്ട്. ഇവയ്ക്ക് ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. വൃത്തിഹീനമായ അന്തരീക്ഷത്തിലാണ് റെസ്റ്റോറന്റുകളും തട്ടുകടകളുമൊക്കെ പ്രവർത്തിക്കുന്നത്; എന്തെല്ലാം തരത്തിലുള്ള രോഗങ്ങളാണ് ഇതുമൂലമുണ്ടാകുന്നത്? ഓരോ സ്ഥലത്തെയും സ്ഥാപനങ്ങളെ മോണിറ്റർ ചെയ്യാനും നിയന്ത്രിക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള കമ്മിറ്റികൾ ആവശ്യമാണ്. ഞാൻ അവതരിപ്പിച്ച ഈ ബില്ലിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലുള്ള കമ്മിറ്റികൾ വ്യവസ്ഥ ചെയ്യുന്നുണ്ട്. ജനപ്രതിനിധികളെക്കൂടി പ്രസ്തുത കമ്മിറ്റിയിൽ ഉൾപ്പെടുത്താനുള്ള നടപടിയുണ്ടാകണം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും സംയുക്തമായി പരിശോധന നടത്തിയാൽ നിശ്ചയമായും ഇതിൽ കുറേയധികം നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സാധിക്കും.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സംസ്ഥാനത്തെ ഹോട്ടലുകളിൽ വില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച് കൃത്യമായൊരു തീരുമാനമുണ്ടാകേണ്ടതുണ്ട്. നന്നായി ഡെക്കറേറ്റ് ചെയ്താൽ കൂടുതൽ ചാർജ് ഈടാക്കാമെന്ന മനോഭാവമാണ് പല ഹോട്ടൽ ഉടമകൾക്കുമുള്ളത്. രണ്ട് ചപ്പാത്തിക്ക് 80 രൂപ ഈടാക്കി പൊതുജനങ്ങളെ ചൂഷണം ചെയ്യുന്ന ഹോട്ടലുടമകൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. ഡി. കെ. മുരളി: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് യാഥാർത്ഥ്യമാണ്. ഇവയെ നിയന്ത്രിക്കാനാവശ്യമായ നടപടികൾ ഇന്നില്ല. ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാന്റേർഡ്സ് ആക്ട് പ്രകാരം നിയോഗിക്കുന്ന ഓഫീസർമാർ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുന്നില്ല. അതുകൊണ്ടാണ് ഒരു ജനകീയ കമ്മിറ്റിയുടെ പ്രസക്തി ഏറുന്നത്. ഗ്രാമ/ബ്ലോക്ക്/പഞ്ചായത്ത് തലങ്ങളിൽ ഉദ്യോഗസ്ഥരും ജനപ്രതിനിധികളുമടങ്ങുന്ന ഒരു ജനകീയ കമ്മിറ്റി രൂപീകരിക്കണം. സംസ്ഥാന തലത്തിൽ എം.എൽ.എ.-മാരെയും ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റിനെയും കമ്മിറ്റിയിൽ ഉൾപ്പെടുത്തണം. അങ്ങനെയൊരു കമ്മിറ്റി രൂപീകരിച്ചാൽ നിശ്ചയമായും ഇക്കാര്യത്തിൽ ഫലപ്രദമായൊരു ഇടപെടൽ നടത്താൻ സാധിക്കുമെന്നാണ് ഈ ബില്ലിലൂടെ എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഈ ബില്ലിന്റെ മൂന്നാം വകുപ്പിൽ പ്രസ്തുത കമ്മിറ്റികളെ സംബന്ധിച്ച് വിശദമായി പറയുന്നുണ്ട്. ഈ ബിൽ നിയമമായാൽ കേന്ദ്ര ആക്ടിനെ സമ്പുഷ്ടപ്പെടുത്തുകയേയുള്ളൂ. അതുകൊണ്ട് കേന്ദ്ര ആക്ടിനെതിരായൊരു നിലവരുമെന്ന് കരുതേണ്ടതില്ല. അതിന്റെ നിയമവശങ്ങൾ ആ നിലയിൽ ആലോചിക്കാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്. മാത്രമല്ല, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻന്റേർഡ്സ് ആക്ടിലെ Section 94-ൽ Power of State Government to make rules

(2) (c) 'Any other matter which is required to be or may be prescribed or in respect of which provision is to be made by rules by the State Government' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ സംസ്ഥാന സർക്കാരിന് റൂൾസ് കൊണ്ടുവരാം. ഇപ്പോൾ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള റൂൾ കൊണ്ടുവന്നതായി അറിയില്ല. സർക്കാർ ഇക്കാര്യത്തിൽ പ്രത്യേക പരിഗണന നൽകിയാൽ കേരളത്തിൽ ആദ്യമായി റൂൾസ് കൊണ്ടുവരാൻ കഴിയുമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. Essential Commodities Act അനുസരിച്ച് വിലനിയന്ത്രണത്തിന് ഒരുത്തരവ് പുറപ്പെടുവിക്കുകയും ചെയ്യാം. അങ്ങനെയാണ് ശബരിമലയിൽ ചെയ്തിട്ടുള്ളത്. ശബരിമലയിൽ സീസൺ

വരുമ്പോൾ വില നിയന്ത്രിക്കാനായി അളവ്, തൂക്കം, ക്വാളിറ്റി, വില തുടങ്ങിയവയെല്ലാം നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് സർക്കാർ ഇറക്കുന്നുണ്ട്, അത് കൃത്യമായി പാലിച്ചുപോകുന്നുമുണ്ട്. ആറ്റുകാൽ പൊങ്കാല സമയത്തും ഇതുപോലെ ചെയ്യാവുന്നതേയുള്ളൂ. കേരളത്തിൽ ഇതുപോലുള്ള റൂൾസ് കൊണ്ടുവന്നാൽ കുറേ കാര്യങ്ങളിൽ ഫുഡ് സേഫ്റ്റി ഓഫീസർമാർക്ക് ഇടപെടാൻ കഴിയും. ഇക്കാര്യത്തിൽ ഗൗരവമായൊരു പരിശോധന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഈ ബില്ലിനെ സംബന്ധിച്ച് സർക്കാരിന്റെ സമീപനം നേരത്തേ സൂചിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വില പലതരത്തിലാണ് ഈടാക്കുന്നതെന്നത് ശരിയാണ്. വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണുംവിധം ഹോട്ടലുടമകൾ കർശനമായി പ്രദർശിപ്പിക്കണമെന്നുള്ള നിയമം സംസ്ഥാനത്തുണ്ട്. അത് നിർബന്ധമായും കേരളത്തിൽ നടപ്പാക്കുന്നുണ്ട്; പൊതുവിതരണം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി എന്നീ വകുപ്പുദ്യോഗസ്ഥരുമായി ചേർന്ന് നിരന്തര പരിശോധന നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. എന്നാൽ ഇത്തരത്തിലൊരു ബിൽ കൊണ്ടുവരുന്നതുമായി ബന്ധപ്പെട്ട് 2015-ൽ അധികാരത്തിലുണ്ടായിരുന്ന സർക്കാർ ആലോചിക്കുകയും ബിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നതാണ്. എന്നാൽ ആ സഭയുടെ കാലയളവിൽ ഈ ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരത്തിലുള്ളൊരു ബിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ഭക്ഷ്യം, നിയമം എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയപ്പോൾ നിയമപരമായ അതിന്റെ സാദ്ധ്യതകളെ സംബന്ധിച്ചാണ് അന്ന് വാദഗതി ഉയർന്നുവന്നത്. അതിന് ഉപോൽബലകമായി ചൂണ്ടിക്കാണിക്കാൻ ചില അനുഭവങ്ങളുണ്ട്. ശബരിമല സീസണിൽ വെജിറ്റേറിയൻ ഭക്ഷണത്തിന് ഒരേ വില ഈടാക്കുന്നത് സംബന്ധിച്ച് കളക്ടർ പുറത്തിറക്കിയ ഉത്തരവിനെ ഹൈക്കോടതി ചോദ്യം ചെയ്യുകയുണ്ടായി. ആ ഉത്തരവ് ക്വാഷ് ചെയ്ത അനുഭവങ്ങളുമുണ്ട്. അതുകൊണ്ടാണ് ആ ചർച്ചയിൽ അതിന്റെ നിയമസാധുതയെപ്പറ്റി വ്യത്യസ്ത അഭിപ്രായങ്ങൾ ഉയർന്നുവന്നത്. ഭക്ഷണപദാർത്ഥങ്ങളുടെ വില വ്യത്യസ്തമായി ഈടാക്കുന്ന റെസ്റ്റോറന്റ് ഉടമകളെയും ഹോട്ടലുടമകളെയും കർശനമായി നേരിടാനുള്ള സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. ആ സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കാൻ സർക്കാരിന് കഴിയണം. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ നിരസിക്കുന്നത്.

മി. സ്പീക്കർ: ശ്രീ. ഡി. കെ. മുരളി, അങ്ങ് ഈ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഡി. കെ. മുരളി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല. ഒരു കാര്യം സൂചിപ്പിക്കാനുണ്ട്, കേന്ദ്രനിയമം സെക്ഷൻ 94-ൽ സംസ്ഥാനങ്ങൾക്ക് ചട്ടം രൂപീകരിക്കാനുള്ള അധികാരം സംബന്ധിച്ച് പരാമർശിക്കുന്നുണ്ട്. ഇത് ഗൗരവമായി പരിഗണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ പ്രമേയം പിൻവലിക്കുന്നു.

മി. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(ശ്രീ. പി. ടി. തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ സീറ്റിൽ ഇല്ലാതിരുന്നതിനാൽ II, III എന്നീ പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

(iv) 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ:

ശ്രീ. പുരുഷൻ കടലുണ്ടി: സർ, 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം കൊണ്ടുവന്ന ഈ പ്രമേയത്തിൽ നിയമപരമായ പ്രശ്നങ്ങളുണ്ട്. 2007-ൽ നിയമസഭ പാസ്സാക്കി ഗവർണർ അനുമതി നൽകിയ ഒരു ആക്ട് മുൻകൂർ അനുമതി തേടിയില്ലെന്ന കാരണത്താൽ അസാധുവാകുന്നില്ലെന്ന് ആർട്ടിക്കിൾ 255-ൽ പരാമർശിക്കുന്നുണ്ട്. ഭരണഘടന അനുശാസിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് ഗോത്രവർഗ്ഗ ഭാഷ, സംസ്കാരം മുതലായവ സംരക്ഷിക്കുന്നതിനുവേണ്ടി ഗോത്രവർഗ്ഗക്കാരെ പ്രത്യേക പട്ടികവർഗ്ഗക്കാരായിട്ടും പട്ടികജാതിക്കാരായിട്ടും വേർതിരിച്ചിട്ടുള്ളത്. നിലവിൽ കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ഗോത്രങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനായി കിർത്താർഡ്സിന്റെ ഭാഗമായി പ്രത്യേക വിംഗുകൾ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ട ആളുകളുടെ ക്ഷേമത്തിനും പുരോഗതിക്കും സാമൂഹ്യ-സാമ്പത്തിക വളർച്ചയ്ക്കും ആവശ്യമായ ശിപാർശകൾ നൽകാൻ സർക്കാരിന് നിലവിൽ സംവിധാനമുണ്ട്. 2007-ലെ കേരള സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ആക്ട് പ്രകാരം രൂപീകരിച്ച കമ്മീഷൻ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ 2016-ലെ കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ സർക്കാർ അംഗീകരിക്കുന്നില്ല.

<u>ശ്രീ. പുരുഷൻ കടലുണ്ടി :</u> സർ, ആടി സമുദായത്തിൽ അവരുടെ പെലപ്പാട്ടിൽ തനത് ഭാഷയ്ക്ക് ഒരു ലിപിയുണ്ടായിരുന്നതായി സൂചിപ്പിക്കുന്നുണ്ട്. "അറിയുന്ന നാട്ടുക്ക് ആളെ വിട്ടു, അറിയാത്ത നാട്ടുക്ക് ഓല വിട്ടു" എന്ന പരാമർശം മരണവിവരം ബന്ധുക്കളെ അറിയിക്കാനായി ഓലയിൽ എഴുതി അയയ്ക്കുന്നതിനെ സൂചിപ്പിക്കുന്നതാണ്. ഇത് ലിപിയില്ലാത്ത ഒരു ഭാഷയാണെന്ന് പറയാൻ കഴിയില്ല. പക്ഷേ കാലാന്തരത്തിൽ അത് വായ്മൊഴി വഴക്കങ്ങളിലേയ്ക്ക് അകപ്പെടുകയാണ് ചെയ്തത്. ആദിവാസികൾ മാതൃഭാഷാ സ്നേഹികളാണ്. ഏറെ പാരമ്പര്യമുള്ള തനത് ഭാഷയെ അഭിമാനപൂർവ്വം കൊണ്ടുനടക്കുന്നവരാണ് ഗോത്രവർഗ്ഗങ്ങൾ. പട്ടിക ഗോത്രവർഗ്ഗങ്ങൾക്കിടയിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്നതും തനത് കലകളുടെ കൂടിച്ചേരലുകളോട് ചേർന്നുനിൽക്കുന്നതുമായ സാമൂഹിക ജീവിതത്തെയാണ് നാം ഗോത്ര സംസ്കാരം എന്നുപറയുന്നത്. ഇവരുടെ ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഇത്തരമൊരു ബിൽ കൊണ്ടുവരുന്നത്. 1991-നുശേഷമുള്ള നവ ലിബറൽ നയങ്ങൾ ദേശീയ വികസന ലക്ഷ്യങ്ങളെയും ഗോത്ര സാമൂഹ്യക്ഷേമ വികസന പ്രവർത്തനങ്ങളെയും തകിടം മറിക്കുകയും അടിസ്ഥാന വികസന പ്രശ്നങ്ങൾപോലും അവതാളത്തിലാക്കുകയും ചെയ്തുവെന്ന് നമ്മൾ മനസ്സിലാക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ കാലതാമസം വരുത്തി ഫണ്ട് തിരിമറിയും അഴിമതിയുംകൊണ്ട് തകിടം മറിയുന്ന അവസ്ഥയാണ് ഇന്നുണ്ടാകുന്നത്. ഇതിന് മാറ്റം വരുത്തി ഈ പദ്ധതികളൊക്കെ സമയബന്ധിതമായി നടപ്പിലാക്കാനുള്ള സംവിധാനമുണ്ടാകണം. ഉദ്യോഗസ്ഥ കേന്ദ്രീകൃതമായ കാഴ്ചപ്പാടുകളിൽനിന്ന് വ്യത്യസ്തമായി സാമൂഹ്യഭരണ സംവിധാനങ്ങൾ രൂപപ്പെട്ടുവരേണ്ടതുണ്ട്. ഇതിനായി ഭാഷാപരവും സാംസ്കാരികപരവുമായ പരിമിതികൾ മുറിച്ച് മുന്നോട്ടുപോകേണ്ടതുണ്ട്. മലയോര മേഖലകളിലും വനാന്തരങ്ങളിലും മറ്റ് പ്രദേശങ്ങളിലും കഴിയുന്ന പട്ടിക ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കിടയിലെ തനത് ഭാഷയും സംസ്കാരവും സംരക്ഷിക്കുന്നതിനും അതിലൂടെ പ്രസ്തുത ജനവിഭാഗങ്ങളുടെ സാമൂഹ്യ പുരോഗതി ഉറപ്പുവരുത്തുന്നതിനും ഒരു നിയമം അനിവാര്യമാണ്. അതാണ് കേരള പട്ടിക ഗോത്രവർഗ്ഗങ്ങളുടെ തനത് ഭാഷയും സംസ്കാരവും സംരക്ഷണ ബിൽ. കേരളത്തിൽ 36 പട്ടിക ഗോത്രവർഗ്ഗങ്ങൾ അധിവസിക്കുന്നുണ്ട്. വിഭിന്ന ദേശങ്ങളിൽനിന്നും ചരിത്രത്തിന്റെ വ്യത്യസ്ത ദശാസന്ധികളിൽനിന്നും കുടിയേറ്റം ചെയ്യപ്പെട്ട ഇവർ തനതായ ഭാഷയും സംസ്കാരവും വച്ചുപുലർത്തുന്നവരാണ്. ലിപിയും അച്ചടി രേഖകളിലുള്ളതും മാത്രമാണ് ആധികാരികമായ ഭാഷ എന്ന് അംഗീകരിക്കപ്പെട്ട ആധുനിക സമൂഹത്തിൽ ലിപിപോലുമില്ലാത്ത ആദിവാസി ഭാഷകളെ അംഗീകരിക്കാൻ വിസമ്മതിക്കുന്നത് സ്വാഭാവികമാണ്. എന്നാൽ മരണം അറിയിക്കുന്നതിനായി

ഓലയിൽ എഴുതി അയച്ചിരുന്നുവെന്നത് ലിപിയുണ്ടായിരുന്നു എന്നതിന് തെളിവാണ്. ഒരു സമൂഹത്തിന്റെ പഴമൊഴികളും കടങ്കഥകളും പാട്ടുകളും കഥകളും നാടകങ്ങളും ചികിത്സാരീതിയും ആചാരാനുഷ്ഠാനങ്ങളും തലമുറകൾ കൈമാറി വരുന്നതാണ്. തങ്ങളുടെ ഭാഷ കേവലം ആശയവിനിമയോപാധി മാത്രമല്ലെന്നും സംസ്കാരത്തിന്റെ അടയാളപ്പെടുത്തലാണെന്നുമുള്ള തിരിച്ചറിവ് നമുക്കുകൂടി ഉണ്ടാകണം. സ്വന്തം ഭാഷയെ മുറുകെപ്പിടിക്കാൻ ഇപ്പോഴും അവർക്ക് പ്രചോദനമാകുന്നത് ചരിത്രപരമായ ഈ വസ്തുതയാണ്. ആഗോളീകരണത്തിന്റെ അധിനിവേശത്തിൽനിന്നും രക്ഷപ്പെടാനും നിലനിൽക്കാനും ലിപിയും സാഹിത്യസമ്പത്തുമുള്ള ക്ലാസിക്കൽ ഭാഷകൾപോലും ശ്രമിക്കുമ്പോൾ ലിപിയോ അച്ചടിശേഖരമോ ഇല്ലാത്തതിനാൽ ഗോത്രവർഗ്ഗ ഭാഷകൾ പരിമിതപ്പെട്ടു പോകുന്നുണ്ട്. മലയാളഭാഷയുടെമേൽ ഇംഗ്ലീഷ് ഭാഷയുടെ കടന്നാക്രമണം പോലെയാണ് ആദിവാസി ഭാഷയുടെമേൽ മലയാളഭാഷ അടിച്ചേൽപ്പിക്കുമ്പോഴുണ്ടാകുന്നത്. ഈ തിരിച്ചറിവ് മലയാളികൾക്കുമുണ്ടാകണം. അതുകൊണ്ട് അധുനിക ലോകത്തുനിന്നും അകന്നുകഴിയുന്ന ഇവരെ അവരുടെ ഭാഷയും സംസ്കാരവും നിലനിർത്തിക്കൊണ്ടുതന്നെ പുരോഗതിയിലേയ്ക്ക് നയിക്കുകയും ആധുനികസമൂഹത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യേണ്ടതുണ്ട്. ഒരു സമൂഹമെന്ന നിലയിൽ ആദിവാസികൾ അവരുടെ വികാരങ്ങളും വിചാരങ്ങളും സ്വപ്നങ്ങളും ഏറ്റവും ശക്തമായി ആവിഷ്കരിക്കുന്നതും പാരമ്പര്യജ്ഞാനം തലമുറകൾക്ക് കൈമാറുന്നതും അവരുടേതുമാത്രമായ സവിശേഷ ഭാഷയിലൂടെയാണ്. അതിനാൽ അന്യം നിന്നുപോകുന്ന ഗോത്രവർഗ്ഗ ഭാഷകളുടെ ശേഖരണവും ഗവേഷണവും പഠനവും ആചാരാനുഷ്ഠാനങ്ങളും മാനവരാശിയുടെ ചരിത്രവുമായി ബന്ധപ്പെടുത്തേണ്ടതാണെന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. അവരുടെ സാമൂഹ്യ വളർച്ചയ്ക്കും സുരക്ഷയ്ക്കും ഉതകുന്ന തരത്തിൽ ഗോത്രവർഗ്ഗ കലകളും ആചാരാനുഷ്ഠാനങ്ങളും ശേഖരിക്കുകയും രേഖപ്പെടുത്തി വയ്ക്കുകയും ചെയ്യേണ്ടത് ചരിത്രനിർമ്മിതിയ്ക്ക് ആവശ്യമായതിനാലാണ് ഇത്തരത്തിലൊരു നിയമ നിർമ്മാണം അനിവാര്യമായി വന്നിരിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് ഇന്ന് ചർച്ച അവസാനിപ്പിക്കുന്നുണ്ടോ?

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഇപ്പോൾ അവസാനിപ്പിക്കാം; ചർച്ച തുടരുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതു സംബന്ധിച്ച ചർച്ച അവസാനിപ്പിച്ചതിനുശേഷം സംസാരിക്കാം.

മി. സ്പീക്കർ: ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

## (v) 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബിൽ:

ശ്രീ. എ. പ്രദീപ്കുമാർ: സർ, 2016-ലെ കേരള കളിസ്ഥലങ്ങളുടെ സംരക്ഷണവും പരിപാലനവും നിർമ്മാണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): സർ, ബഹുമാനപ്പെട്ട അംഗം ഈ ബില്ലിലൂടെ ചൂണ്ടിക്കാണിക്കുന്ന കാര്യങ്ങൾ പ്രസക്തമാണ്. കേരളത്തിലെ കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും വികസിപ്പിക്കുന്നതിനുംവേണ്ടിയുള്ള നടപടിക്രമങ്ങൾ കായിക യുവജനക്ഷേമ വകുപ്പിനുകീഴിൽ നടന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ കായിക യുവജനക്ഷേമ വകുപ്പിനുകീഴിൽ നടക്കുന്നതിനാൽ ഈ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, സ്പോർട്സ് വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. സ്പോർട്സ് മേഖലയുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പറഞ്ഞത്. കാലാകാലങ്ങളായി നമുക്കുണ്ടായിരുന്ന കളിസ്ഥലങ്ങൾ ഓരോന്നും നശിച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുതയാണ് ഞാൻ സൂചിപ്പിക്കാനുദ്ദേശിക്കുന്നത്. നിലവിലുള്ള നിയമ വ്യവസ്ഥപ്രകാരം സർക്കാരിന് അവ സംരക്ഷിക്കാൻ കഴിയുന്നില്ല. കളിസ്ഥലങ്ങൾ എന്തിന് സംരക്ഷിക്കണമെന്ന ചോദ്യം സ്വാഭാവികമായും ഉയർന്നുവന്നേക്കാം. കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നത് സ്പോർട്സ് ആക്ടിവിറ്റിക്കോ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനോ മാത്രമല്ല. വർഷങ്ങൾക്ക് മുമ്പ് സ്പോർട്സ് വകുപ്പും സ്പോർട്സ് കൗൺസിലും ചേർന്ന് സ്കൂൾ വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിച്ചിരുന്നു. അന്ന് സ്കൂൾ വിദ്യാർത്ഥികളിൽ ഫിസിക്കലി ഫിറ്റായിരുന്നവർ 17-19 ശതമാനം മാത്രമായിരുന്നു. അത് വളരെ ദയനീയമാണ്. നല്ല ആരോഗ്യമുണ്ടെന്ന് നമ്മൾ കരുതുന്ന കുട്ടികളിൽ ഭൂരിപക്ഷത്തിനും നല്ല ആരോഗ്യമില്ല. ടി.വി.-യുടെ മുന്നിലും മറ്റും കുട്ടികൾ സമയം ചെലവഴിക്കുന്നതിനാലും ഫാസ്റ്റ് ഫുഡിന്റെ ഉപയോഗത്താലും ആവശ്യത്തിന് കളിക്കാനും വ്യായാമം ചെയ്യാനുമുള്ള സൗകര്യങ്ങളില്ലാത്തതിനാലും പുതിയ തലമുറയിലുൾപ്പെടെ അനാരോഗ്യം വ്യാപിക്കുകയാണ്. ജീവിതശൈലീ

രോഗങ്ങളെക്കുറിച്ചും അവയെ പ്രതിരോധിക്കുന്നതിനെക്കുറിച്ചും ചർച്ചകൾ നടത്തുകയും അതിനായി പല പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഇതെല്ലാം നടപ്പാകണമെങ്കിൽ സ്ഥലം വേണം. വ്യായാമം ചെയ്യുന്നതിന് ഓപ്പൺ സ്പെയ്സ് ആവശ്യമാണ്. അത് കളിസ്ഥലങ്ങൾ എന്ന് വിശേഷിപ്പിക്കുന്ന കാറ്റഗറിയിൽപ്പെടുന്നവയാണ്. സ്പോർട്സിന്റെ കാര്യത്തിൽ നമ്മുടെ രാജ്യം വളരെ പിന്നിലാണ്. ഫുട്ബോൾ, വോളീബോൾ, ഹോക്കി എന്നിവയിലെല്ലാം ഇപ്പോൾ നമ്മൾ പിന്നിലാണ്. സ്പോർട്സിൽ ലോകനിലവാരമുള്ള പ്രതിഭകൾ ഉയർന്നുവരുന്നില്ല. അത് കളിസ്ഥലങ്ങളില്ലാത്തതുകൊണ്ട് മാത്രമല്ല, നിലവിലുള്ള കളിസ്ഥലങ്ങളുപയോഗിച്ച് നല്ല കളിക്കാരെ വാർത്തെടുക്കാനുള്ള പദ്ധതികൾ ദേശീയ തലത്തിൽപോലും സ്പോർട്സ് വകുപ്പിനില്ലെന്നുള്ളതാണ് സത്യം.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് പൊതുകളിസ്ഥലം ഉണ്ടാകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് സംസാരിക്കുന്നത്. യുവതലമുറയുടെയും വിദ്യാർത്ഥികളുടെയും ആരോഗ്യ പരിപാലനത്തിനും സംരക്ഷണത്തിനും അനിവാര്യമാണ് പൊതുകളിസ്ഥലങ്ങൾ. സാമൂഹിക ജീവിതത്തിൽ പൊതുകളിസ്ഥലങ്ങൾ ഉണ്ടാക്കിയിട്ടുള്ള സാമൂഹികബന്ധങ്ങളും പൊതുബോധവും ജനാധിപത്യ സംവിധാനത്തെ എത്രത്തോളം ശക്തിപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് വളരെ പ്രധാനപ്പെട്ടതാണ്. ജാതി-മത ചിന്തകൾക്കതീതമായി മനുഷ്യർ ഒത്തുകൂടുന്ന സ്ഥലങ്ങൾ കൂടുതലുണ്ടാകേണ്ടതിന്റെ ആവശ്യകതയുള്ള കാലഘട്ടത്തിലാണ് അങ്ങ് പ്രധാനപ്പെട്ട ഈ പ്രമേയം അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കളിസ്ഥലങ്ങൾ സംരക്ഷിക്കുന്നത് സംബന്ധിച്ചുള്ള പ്രമേയമാണ് അവതരിപ്പിച്ചത്. സ്കൂളുകളെക്കുറിച്ചും സൂചിപ്പിച്ചു. ഞാൻ കഴിഞ്ഞ ദിവസം സ്കൂളുകളിലെ കായികാദ്ധ്യാപകരുടെ ഒരു സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുംകൂടി സഭയിലുള്ളതുകൊണ്ട് പറയുകയാണ്. നമ്മുടെ സ്കൂളുകളിൽ കായികാദ്ധ്യാപകരുടെ കുറവുണ്ട്. ഒരു ഭാഗത്ത് സ്കൂൾകുട്ടികളുടെ ഫിസിക്കൽ ഫിറ്റ്നസ് കുറയുന്നുവെന്ന് വിലപിക്കുന്നു. കുട്ടികളിൽ ഫിസിക്കൽ ഫിറ്റ്നസ് ഉണ്ടാക്കാൻ മുമ്പ് സ്കൂളുകളിൽ ഡ്രിൽ ഉണ്ടായിരുന്നു. ഇന്ന് എത്ര സ്കൂളുകളിൽ അത്തരം ഡ്രിൽ നടത്താൻ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകരുണ്ടെന്നുള്ള കണക്ക് ശേഖരിക്കുമ്പോൾ പല പോസ്റ്റുകളും ഒഴിഞ്ഞുകിടക്കുന്നതായി കാണാൻ കഴിയും. കായികാദ്ധ്യാപകരുടെ കുറവാണ് സ്കൂളുകളിൽ കായിക വിനോദത്തിന്റെ പ്രാധാന്യം കുറയ്ക്കുന്നത്. പലപ്പോഴും ഫിസിക്കൽ എഡ്യൂക്കേഷന് പ്രാധാന്യം കൊടുക്കാതെ അക്കാദമിക് ഓറിയന്റഡായിട്ടാണ് കാര്യങ്ങൾ നീങ്ങുന്നത്. അതിന്റെ ഭാഗമായിട്ടാണ് സ്കൂൾ വിദ്യാർത്ഥികളുടെ ഫിസിക്കൽ ഫിറ്റ്നസ് കുറയുന്നത്. കായിക

വിനോദങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു. ഹോക്കിയിലായിരുന്ന ഒരുകാലത്ത് ഇന്ത്യയ്ക്ക് മെഡലുകൾ ലഭിച്ചിരുന്നതെന്ന് ഇന്നലെ പ്രൊഫ. കെ. യു. അരുണൻ പറയുകയുണ്ടായി. 0-0-0 എന്നതിൽ നിന്ന് 1-0-0 എന്ന നിലയിലേയ്ക്ക് അവസാന മെഡൽ നില എത്തുന്നതിനെക്കുറിച്ച് വളരെ സരസമായി അദ്ദേഹം സംസാരിച്ചു. ഹോക്കി എന്ന കായിക വിനോദത്തെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്? ഏറ്റവും ഒടുവിൽ മെഡൽ ലഭിച്ച ഹോക്കി ടീമിലെ ശ്രീ. പി. ആർ. ശ്രീജേഷിനെക്കുറിച്ച് നമ്മൾ വളരെയധികം അഭിമാനം കൊള്ളുകയും അദ്ദേഹത്തിന് സ്വീകരണമൊരുക്കുകയും വിദ്യാഭ്യാസ വകുപ്പ് അദ്ദേഹത്തെ പ്രൊമോട്ട് ചെയ്യുകയും ചെയ്യുമ്പോൾ ഇന്ത്യയ്ക്ക് മെഡൽ ലഭിച്ച ഹോക്കി എന്ന കായിക വിനോദം പ്രോത്സാഹിപ്പിക്കാൻ എന്ത് നടപടിയാണുള്ളത്. നമ്മുടെ കായിക വിനോദങ്ങളിൽ നമുക്കറിയാത്ത പല കായിക വിനോദങ്ങളും കയറിവരുമ്പോൾ ലോകനിലവാരത്തിൽ ഇന്ത്യയ്ക്ക് സ്ഥാനം നൽകിയ ഹോക്കി എന്ന കായികവിനോദത്തിന് സർക്കാരിന്റെ ഭാഗത്തുനിന്നും വേണ്ടത്ര പ്രാധാന്യം ഉണ്ടാകുന്നില്ല. അതുകൂടി ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. കേരള പോലീസിൽ മുമ്പ് ഫുട്ബാൾ ടീമുണ്ടായിരുന്നു. അതുപോലെ ഹോക്കി ടീമുണ്ടാക്കാനും ഹോക്കി കേരളോത്സവത്തിലെ കായിക വിനോദങ്ങളിൽ ഉൾപ്പെടുത്താനും ആവശ്യമായ സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദറും ശ്രീ. എ. എൻ. ഷംസീറും പറഞ്ഞ കര്യങ്ങൾ ഇതിനോടനുബന്ധമായി സർക്കാർ പരിഗണിക്കേണ്ട വിഷയങ്ങളാണ്. ഹോക്കിയുടെ കാര്യം സൂചിപ്പിച്ചു. കോഴിക്കോട് ഒരുകാലത്ത് ഹോക്കി ടൂർണമെന്റ് വളരെ നന്നായി നടക്കുകയും ധാരാളം ഹോക്കി കളിക്കാർ ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി കോഴിക്കോട് ആ കളി കാണുന്നില്ല. തലശ്ശേരി ഹോക്കിയുടെ പ്രധാനപ്പെട്ട കേന്ദ്രമാണ്. ഇപ്പോൾ കോഴിക്കോട് ഒരു സ്കൂളിൽ, വികസന പ്രോജക്ടുമായി ബന്ധപ്പെട്ട് കേരളത്തിലെ ആദ്യത്തെ ആസ്ട്രോ ടർഫ് ഹോക്കി ക്വാർട്ട് ഉണ്ടാക്കിയിട്ടുണ്ട്. മാത്രമല്ല, അവിടെ സ്റ്റേറ്റിലെ ഏറ്റവും നല്ല ഹോക്കി ടീമുമുണ്ട്. ഹോക്കി ടൂർണമെന്റുകൾ നടത്തുക, പുതിയ കളിക്കാർ ഉയർന്നുവരുന്നതിന് അരങ്ങൊരുക്കുക തുടങ്ങിയ കാര്യങ്ങൾ ഇന്നില്ല. ഇന്ന് ഹോക്കി അസോസിയേഷനുകൾ പ്രവർത്തിക്കുന്നില്ല. മാത്രമല്ല പല അസോസിയേഷനുകളും സ്പോർട്സ് കൗൺസിൽ പ്രാതിനിധ്യമുണ്ടാക്കുന്നതിനും ഇലക്ഷനിലൂടെ ജയിച്ച് സ്ഥാനം പിടിക്കാനുമുള്ള തട്ടിക്കൂട്ട് കടലാസ് സംഘടനകളാണ്. അത്തരം കടലാസ് സംഘടനകളെ നിരോധിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം.

മി. സ്പീക്കർ: അസോസിയേഷന്റെ ഭാരവാഹികളാകുന്നവർക്ക് ആ മേഖലയുമായി എന്തെങ്കിലും ബന്ധമുണ്ടാകണമെന്ന് നിർബന്ധമുണ്ടോ; സ്വന്തമായി എഴുന്നേറ്റ് നിൽക്കാൻ കഴിയാത്ത ആളുകൾ വരെ റസ്‌ലിംഗ് അസോസിയേഷന്റെ പ്രസിഡന്റാകുന്നുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, അതാത് മേഖലയുമായി ബന്ധമുള്ളത് അഭികാമ്യമാണ്. ബന്ധമില്ലെങ്കിലും നല്ല സംഘാടകനാണെങ്കിൽ കുഴപ്പമില്ല. മസിൽ പെരുപ്പിച്ച് സിക്സ്പാക്കുമായി വന്ന് ഒന്നിനും കൊള്ളില്ലെങ്കിൽ അതും പ്രശ്നമാണ്. മികച്ച സംഘാടകനാണെങ്കിൽ ആരോഗ്യം അല്പം മോശമായാലും കുഴപ്പമില്ല.

ശ്രീ. രാജു എബ്രഹാം: സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത് പ്രസക്തമാണ്. വോളിബോൾ അസോസിയേഷനിലെ ഇത്തരം പ്രശ്നങ്ങൾ ഇന്ന് കേരളം ചർച്ച ചെയ്യുന്നതാണ്. പല അസോസിയേഷനുകളും കടലാസ് സംഘടനകളും അവർക്ക് കിട്ടുന്ന ഫണ്ട് കളിക്കുവേണ്ടി മാറ്റിവയ്ക്കാതെ സ്വന്തം ഇഷ്ടപ്രകാരം വഴിതിരിച്ച് വിടുന്നതുകൊണ്ട് ആ മേഖലയ്ക്ക് അതിന്റെ പ്രയോജനം ലഭിക്കാതെ വരുന്നു. ഇത്തരം പ്രശ്നങ്ങൾ, പ്രത്യേകിച്ച് വോളിബോൾ അസോസിയേഷനിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശക്തമായ നിയമങ്ങൾ ഉണ്ടാകുമോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, തീർച്ചയായുമുണ്ടാകണം. ഞാൻ അതിലേയ്ക്കാണ് വരുന്നത്. കളിക്കളങ്ങളുടെ സംരക്ഷണവുമായി നേരിട്ട് ബന്ധപ്പെട്ടല്ലെങ്കിലും സ്പോർട്സ് മേഖലയുടെ ആരോഗ്യകരമായ നിലനിൽപ്പുമായി ബന്ധപ്പെട്ട പ്രശ്നമാണ്. ഏതെങ്കിലും ഒരു അസോസിയേഷൻ അവർക്ക് സ്വന്തമായി കളിക്കളങ്ങൾ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയതായി കണ്ടിട്ടുണ്ടോ; ജനപ്രതിനിധികളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ആണ് കളിസ്ഥലങ്ങളുണ്ടാക്കുന്നതിന് മുൻകയ്യെടുക്കുന്നത്. സ്പോർട്സ് കൗൺസിലുകളുടെ നേതൃത്വത്തിൽ ഉത്തരവാദപ്പെട്ട ആളുകൾ വരുന്ന കാലത്ത് ചില കാര്യങ്ങൾ നടന്നിട്ടുണ്ട്. അസോസിയേഷനുകൾ കടലാസ് സംഘടനകൾ മാത്രമാണ്. കേട്ടുകേൾവിയില്ലാത്ത സംഘടനകൾ വരുന്നതിനെക്കുറിച്ച് ശ്രീ. എ. എൻ. ഷംസീർ പറഞ്ഞു. സെബക്താക്രാ (Sepaktakraw) എന്ന കളിയുടെ അസോസിയേഷൻ കോഴിക്കോടുണ്ട്. കോഴിക്കോട് എല്ലാ കളികളുടെയും അസോസിയേഷനുകളുണ്ട്. ആ കളി കാലുകൊണ്ട് കളിക്കുന്ന വോളിബോളാണ്. ഇങ്ങനെയുള്ള അസോസിയേഷനുകളുണ്ടാക്കുന്നത് സ്പോർട്സ് കൗൺസിലിൽ പ്രാതിനിധ്യം വരുന്നതിനാണ്. ഇത്തരത്തിൽ പ്രവർത്തനക്ഷമമല്ലാത്തതും

ആത്മാർത്ഥത ഇല്ലാത്തതുമായ അസോസിയേഷനുകൾ തട്ടിക്കൂട്ടുന്നത് അവസാനിപ്പിക്കണം. ആളുകൾക്ക് ഒന്നിച്ചിരിക്കാനും ആശയവിനിമയം നടത്താനും കളിക്കാനും പറ്റുന്ന പൊതുസ്ഥലങ്ങളെക്കുറിച്ചാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞത്. കളിക്കളങ്ങളും ആ കാറ്റഗറിയിൽ വരുന്നതാണ്. സർക്കാർ ഇപ്പോൾ ഒരു നിയമം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. നിയമം കൊണ്ടുവരണമെന്നാണ് എന്റെ വാദം. ഇവിടെ ധാരാളം മികച്ച കളിക്കളങ്ങൾ നിഷ്കരുണം ഇല്ലാതാക്കിയിട്ടുണ്ട്. ചാലക്കുടിയിൽ സന്തോഷ് ട്രോഫി മത്സരംവരെ നടന്നിട്ടുള്ള ഒരു ഗ്രൗണ്ടുണ്ടായിരുന്നു; ഇന്നതില്ല. ഗ്രൗണ്ടിന്റെ നടുവിലൂടെയാണ് റോഡുണ്ടാക്കിയത്. കളിക്കളം സംരക്ഷിക്കണമെന്ന കാഴ്ചപ്പാട് ഒരിടത്തുമില്ല. കളിക്കളത്തിനുപകരം ഏതെങ്കിലും ആരാധനാലയമായിരുന്നെങ്കിൽ അതിന്റെ മധ്യത്തുകൂടി റോഡ് നിർമ്മിക്കുമായിരുന്നോ; ഒരിക്കലുമില്ല. ആരാധനാലയങ്ങളെ സംരക്ഷിക്കാൻ ആളുകളുണ്ടാകും. കായികരംഗത്തിനുവേണ്ടി വാദപ്രതിവാദം നടത്തുന്നവരുണ്ടാകില്ല. അതുകൊണ്ടാണ് നിയമംവഴി സംരക്ഷിക്കപ്പെടണമെന്ന് പറയുന്നത്. ശ്രീമതി പി. ടി. ഉഷ ഓടി വളർന്ന ഗ്രൗണ്ടാണ് പയ്യോളി സ്കൂളിലെ ഗ്രൗണ്ട്. ആ ഗ്രൗണ്ട് ഇപ്പോൾ നെടുകെ പിളർന്നു. ഇനിയൊരു പി. ടി. ഉഷ ആ സ്കൂളിൽനിന്ന് വരില്ല. ആ സ്ഥലം അതിനടുത്തുള്ള ഒരു അമ്പല കമ്മിറ്റി കയ്യേറിയിരിക്കുകയാണ്. അതിന് നടപടി സ്വീകരിക്കാൻ ആരെങ്കിലുമുണ്ടോ; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ മറ്റാർക്കെങ്കിലുമോ എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ; ഒന്നിനും ശക്തമായ നിയമമില്ല. നിയമമുണ്ടായിട്ടും നടപടിയെടുക്കാത്ത ഉദ്യോഗസ്ഥരെക്കുറിച്ചാണ് ഞാനിവിടെ സൂചിപ്പിച്ചത്. ഇതിന് നടപടിയെടുക്കാൻ നിയമമില്ല, അല്ലെങ്കിൽ നിലവിലുള്ള നിയമം ആരും പ്രയോഗിക്കുന്നില്ല. ഇതാണ് പ്രധാനപ്പെട്ട കാര്യം.

അതുപോലെതന്നെ വികസനത്തിന്റെ പേരിൽ എന്തെല്ലാം വൈകൃതങ്ങളാണ് നടക്കുന്നത്; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജനപ്രതിനിധികൾക്കും വികസനമെന്നുപറഞ്ഞാൽ റോഡ്, പാലം, ഷോപ്പിംഗ് മാൾ എന്നിവ നിർമ്മിക്കുന്നതാണ്. സമൂഹത്തിന്റെ വികസനത്തിൽ കളിക്കളങ്ങളുടെ സംരക്ഷണം ഏറ്റവും പ്രധാനപ്പെട്ടതായി വരേണ്ടതാണ്. നമ്മുടെ വികസന പരിപ്രേഷ്യത്തിൽ ഇതിനൊരു പ്രധാന സ്ഥാനം എപ്പോഴെങ്കിലും ലഭിക്കുന്നുണ്ടോ? ഉദാഹരണത്തിന്, കോഴിക്കോട് ജില്ലയിലെ വടകരയിൽ നാരായാണ നഗർ എന്ന പ്രദേശമുണ്ട്. വടകരയുടെ ഹൃദയഭാഗമാണത്. ആ പ്രദേശത്ത് വിസ്തൃതമായൊരു മൈതാനമുണ്ട്. ബി.ഒ.ടി. അടിസ്ഥാനത്തിൽ വലിയ ഷോപ്പിംഗ് മാൾ അവിടെ പണിയുന്നതിലൂടെ ആ സ്ഥലം നഷ്ടപ്പെടുകയാണ്. വേണ്ടത്ര

ജാഗ്രതയില്ലാതെയാണ് കാര്യങ്ങൾ പോകുന്നത്. കോഴിക്കോട്ടുണ്ടായിരുന്ന ഒരു ടെന്നിസ് കോർട്ട് ഇപ്പോൾ അശ്ലീല സിനിമ പ്രദർശിപ്പിക്കുന്ന ഒരു ടാക്കീസാണ്. അത് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലമാണ്. താൽക്കാലികമായ ഒരു സംവിധാനത്തിനുവേണ്ടി കൊടുത്തതാണെങ്കിലും അവർ മാറാതെ അവിടെ തുടരുകയാണ്. അതുപോലെ കോഴിക്കോട് വെസ്റ്റ് ഹില്ലിൽ ഒരു വലിയ ഗ്രൗണ്ടുണ്ടായിരുന്നു. അത് നേരത്തേ ഡിഫൻസ് വകുപ്പിന് നൽകി. ധാരാളം ഫുട്ബോൾ താരങ്ങൾ ഉദിച്ചുവന്ന ഒരു ഗ്രൗണ്ടാണ്. പിന്നീട് ആർക്കും കളിക്കാൻ കൊടുക്കാതെ ആ ഗ്രൗണ്ട് അടച്ചുപൂട്ടി. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എത്രയോ വർഷങ്ങൾക്കുമുമ്പ് നൽകിയതാണ്. സ്വാതന്ത്ര്യദിന പരേഡ് നടത്താൻ മാത്രമാണ് ഉപയോഗിക്കുന്നത്. പ്രീ-ഡിഗ്രി കോളേജുകളിൽനിന്ന് ഡി-ലിങ്ക് ചെയ്ത് സ്കൂളുകളുടെ ഭാഗമായി കൊണ്ടുവന്നതാണ് പ്ലസ് ടു. പ്ലസ് ടു വന്നപ്പോൾ ഒരു കാഴ്ചപ്പാടുമില്ലാത്ത അതത് കാലത്ത് നേതൃത്വം കൊടുത്ത അവിടത്തെ പ്രധാന അദ്ധ്യാപകരോ പി.ടി.എ. പ്രമാണിമാരോ ചേർന്ന് ഈ കളിക്കളങ്ങളിലാണ് കെട്ടിടമുണ്ടാക്കിയത്. അങ്ങനെ സ്കൂളുകൾക്കുണ്ടായിരുന്ന നൂറുക്കണക്കിന് കളിക്കളങ്ങൾ ഹയർ സെക്കണ്ടറി വന്നതോടുകൂടി കെട്ടിടങ്ങൾ നിർമ്മിച്ച് ഇല്ലാതാക്കി. ഒരിക്കലും അങ്ങനെ ചെയ്യാൻ പാടില്ലാത്തതായിരുന്നു. ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി കളിക്കളങ്ങൾ സ്കൂളുകൾക്ക് ഏറ്റവും പ്രധാനപ്പെട്ടതാണെന്ന നിലയിൽ സംരക്ഷിക്കണം.

ശ്രീ. ആർ. രാജേഷ്: സർ, കളിക്കളങ്ങൾ അനിവാര്യമാണ്. എന്നാൽ കളിക്കളങ്ങൾ കുറവാണെന്നുള്ളതുകൊണ്ടുമാത്രം പോരായ്മകളുണ്ടാകുന്നില്ല. ഒരു കാലത്ത് കേരളത്തിലെ സ്കൂൾ കായികമേളയിൽ തുടർച്ചയായി വിജയം നേടിയ സ്കൂളായിരുന്ന കോരുത്തോട് സി.കെ.എം. ഹൈസ്കൂൾ. ആ സ്കൂളിൽ നല്ല കളിക്കളമുണ്ടായിരുന്നില്ല. പക്ഷേ ആ പരിമിതിക്കകത്തുനിന്നുകൊണ്ടാണ് അവർ ശ്രദ്ധേയമായ നേട്ടമുണ്ടാക്കിയത്. നിയമസഭാ കമ്മിറ്റി അടുത്തിടെ സർക്കാരിന്റെ കീഴിലുള്ള കണ്ണൂർ സ്പോർട്സ് ഡിവിഷനും ജി.വി. രാജാ സ്കൂളും സന്ദർശിക്കുകയുണ്ടായി. ഈ രണ്ടു സ്കൂളുകൾ മാത്രമാണ് കായിക മേഖലയിലെ പ്രതിഭകളെ വാർത്തെടുക്കാനായി സർക്കാരിന്റെ കീഴിലുള്ളത്. കോഴിക്കോട് ആസ്ട്രോടർഫ് ഹോക്കി സ്റ്റേഡിയമുണ്ട്. അത് ശ്രീ. എ. പ്രദീപ്കുമാറിന്റെ ശ്രമഫലമായുണ്ടായതാണ്. സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സ്പോർട്സ് സ്കൂളിൽ ഒരു ആസ്ട്രോടർഫ് സ്റ്റേഡിയമില്ല എന്നത് ഗുരുതരമായ വിഷയമാണ്. അതുപോലെ 400 മീറ്റർ ഗ്രൗണ്ടാണ് മിനിമം വേണ്ടത്. എന്നാൽ ജി.വി. രാജാ സ്പോർട്സ് സ്കൂളിൽപ്പോലും 400 മീറ്റർ ഗ്രൗണ്ട് നൽകാൻ കഴിയുന്നില്ലെന്നത് വലിയ പോരായ്മയാണ്. ഇത് സഭ പരിശോധിക്കേണ്ടതാണ്.

ഒരുകാലത്ത് കേരളത്തിലെ അത്‌ലറ്റുകളുടെ പവർ ഹൗസായിരുന്ന കേരളം. ശ്രീമതി പി. ടി. ഉഷയും ശ്രീമതി ഷൈനി വിൽസണും അടക്കം ഒട്ടനവധി കായികതാരങ്ങളെ സംഭാവന ചെയ്ത കേരളത്തിലെ മണ്ണിൽ കേരളത്തെ മറികടന്നുകൊണ്ട് ഹരിയാന പോലുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ വരികയാണ്. അവിടെ 'റോത്തക്' (rohtak) പോലുള്ള ആധുനിക സ്പോർട്സ് സ്കൂളുകളിൽനിന്ന് പുറത്തുവരുന്ന പ്രതിഭകൾ കേരളത്തെ മറികടന്നുപോകുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അതുകൊണ്ട് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കീഴിലായിരുന്ന ഈ സ്ഥാപനങ്ങളെ ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അവയ്ക്കുപോലും ആവശ്യമായ ഗ്രൗണ്ട് സൗകര്യമില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കാര്യം അങ്ങ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുമോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, തീർച്ചയായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ള മറ്റൊരു കാര്യംകൂടി പറയാം. കേരളത്തിൽ സർക്കാരിന്റെ നേതൃത്വത്തിലുള്ള ഒരേയൊരു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് സ്ഥിതി ചെയ്യുന്നത് കോഴിക്കോടാണ്. അത് 1957-ൽ ഇ.എം.എസ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ചതാണ്. അവിടെ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കുന്ന കാര്യം ആലോചിച്ചപ്പോൾ അവിടെ സ്ഥലമില്ല. അതിന്റെ തൊട്ടടുത്ത് മ്യൂസിയം വകുപ്പിന്റെ സ്ഥലമുണ്ട്. അവിടെനിന്ന് കുറച്ച് സ്ഥലം ലഭിക്കുന്നതിനുവേണ്ടി തുടർച്ചയായ ശ്രമം നടത്തിയെങ്കിലും നടന്നില്ല. ഈ സർക്കാരിന്റെ കാലത്തെങ്കിലും അക്കാര്യം പരിഗണിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. സ്പോർട്സ് സ്കൂളുകളെക്കുറിച്ച് ഇവിടെ പറഞ്ഞു. ചില സ്പോർട്സ് സ്കൂളുകളിൽ മാറിമാറിവരുന്ന സർക്കാരുകൾ ധാരാളം പണം നൽകുന്നുണ്ട്. ഈ പണം ശരിയായ രീതിയിലാണോ വിനിയോഗിക്കുന്നതെന്ന് ഏതെങ്കിലും തരത്തിൽ സർക്കാർ പരിശോധിക്കുന്നുണ്ടോ; ഗ്രാന്റ് ധാരാളം നൽകുകയാണ്. സർക്കാരിന്റെ ഖജനാവിലെ പണം ചെലവഴിക്കുന്നുണ്ടെങ്കിലും പ്രൈവറ്റ് പ്രോപ്പർട്ടി പോലെയാണ് ചില സ്പോർട്സ് സ്കൂളുകൾ പ്രവർത്തിക്കുന്നത്. സർക്കാരിന്റെ പണം നൽകുമ്പോൾ ആ പണം ശരിയായ രീതിയിൽ വിനിയോഗിക്കുന്നുണ്ടോ എന്നത് പരിശോധിക്കേണ്ട കാര്യമാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, സ്പോർട്സ് മേഖലയെക്കുറിച്ച്, പ്രത്യേകിച്ച് ഗ്രൗണ്ടുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പറയുന്ന ഈ ബിൽ ഇന്ന് വളരെ പ്രസക്തമാണ്. സർക്കാർ ഇടപെടേണ്ട ഒട്ടേറെ വിഷയങ്ങളെക്കുറിച്ചാണ് അദ്ദേഹം ഇവിടെ സംസാരിക്കുന്നത്. വി. ജെ. തങ്കപ്പൻ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ, 1987-91 കാലഘട്ടത്തിൽ 11 ഇന പരിപാടിയുടെ ഭാഗമായി ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയമെങ്കിലും

ഉണ്ടായിരിക്കണമെന്ന ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പക്ഷേ ഇന്ന് പല ഗ്രൗണ്ടുകളും ഇല്ലാതായി; പല സ്ഥലത്തും ഷോപ്പിംഗ് കോംപ്ലക്സുകൾ പണിതുയർത്തി. ഒരു പഞ്ചായത്തിൽ 400 മീറ്റർ ട്രാക്കെങ്കിലുമുള്ള ഒരു സ്റ്റേഡിയമാണ് ഇപ്പോൾ ആവശ്യമുള്ളത്. അത് നിർബന്ധമാക്കണം. അങ്ങനെ വന്നാൽ മാത്രമേ സ്പോർട്സ് രംഗത്ത് താഴെത്തട്ടിൽനിന്ന് കൂടുതൽ പ്രതിഭകൾ ഉണ്ടാകുകയുള്ളൂ. വി. ജെ. തങ്കപ്പൻ മന്ത്രിയായിരുന്ന കാലത്ത് സ്വീകരിച്ച മാതൃക പിന്തുടർന്നുകൊണ്ട് ഒരു പഞ്ചായത്തിൽ 400 മീറ്റർ ട്രാക്കെങ്കിലുമുള്ള ഒരു സ്റ്റേഡിയം നിർബന്ധമാക്കുന്ന തീരുമാനം സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതല്ലേ, അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്? അതുപോലെ സ്പോർട്സ് രംഗത്ത് ഇൻഡ്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. ശ്രീ. പി. ആർ. ശ്രീജേഷ്, ശ്രീമതി പി.ടി. ഉഷ, ശ്രീമതി ഷൈനി വിൽസൺ തുടങ്ങിയ നിരവധി പ്രതിഭകളെ കേരളം സംഭാവന ചെയ്തിട്ടുണ്ട്. പക്ഷേ നമുക്ക് അഭിമാനിക്കാൻ വക നൽകുന്ന ഒരു അന്താരാഷ്ട്ര നിലവാരമുള്ള പരിശീലന കേന്ദ്രം കേരളത്തിലില്ല എന്നുള്ളതാണ് സത്യം. ഹരിയാനയിലെ 'റോത്തക്' (rohtak) ഇൻഡ്യയിലെ ഏറ്റവും മികച്ച സ്പോർട്സ് സ്കൂളാണ്. സ്പോർട്സ് രംഗത്ത് മുന്നിൽ നിൽക്കുന്ന കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പരിശീലന കേന്ദ്രം ആവശ്യമാണ്. ചില സ്പോർട്സ് താരങ്ങൾ വിദ്യാലയങ്ങൾ ആരംഭിക്കുന്ന പ്രവണത കേരളത്തിലുണ്ട്. പക്ഷെ അത് സ്വകാര്യ സ്കൂളാണ്. സർക്കാർ മേഖലയിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു പരിശീലനകേന്ദ്രം ആവശ്യമാണ്. അത്തരത്തിലൊരു കേന്ദ്രം കൂടി ആരംഭിക്കേണ്ടതല്ലേ? സ്പോർട്സ് മേഖലയിൽ ക്രിയാത്മകമായ ഇടപെടൽ നടത്തിയിട്ടുള്ള ആളാണ് ശ്രീ. എ. പ്രദീപ്കുമാർ. ഈ കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, നമ്മൾ പറയുന്നതൊക്കെ പരസ്പരപൂരകമായ കാര്യങ്ങളാണ്. അങ്ങ് 400 മീറ്റർ ട്രാക്കോടുകൂടിയ സ്റ്റേഡിയം പഞ്ചായത്തിലുണ്ടാകണമെന്ന് പറയുന്നു. "ചുമരുണ്ടെങ്കിൽ മാത്രമേ ചിത്രമെഴുതാൻ പറ്റുകയുള്ളൂവെന്ന്" പറയുന്നതുപോലെ കളിക്കളങ്ങൾ ഉണ്ടാകുകയോ സംരക്ഷിക്കപ്പെടുകയോ ചെയ്താൽ മാത്രമേ സിന്തറ്റിക് ട്രാക്കും മറ്റ് സൗകര്യങ്ങളുമുണ്ടാക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, സ്കൂളുകളിൽ ഹയർ സെക്കണ്ടറി ആരംഭിച്ചതോടുകൂടി കളിസ്ഥലങ്ങൾ കെട്ടിടങ്ങളായി എന്ന് അങ്ങിവിടെ പറയുകയുണ്ടായി. ഹയർ സെക്കണ്ടറി വന്നതുകൊണ്ട് വിദ്യാഭ്യാസ രംഗത്തുണ്ടായിട്ടുള്ള, പ്രത്യേകിച്ച് പാവപ്പെട്ട കുട്ടികൾക്കുണ്ടായിട്ടുള്ള നേട്ടം ചെറുതായി കാണാൻ സാധിക്കുമോ; അതുസംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

<u>ശ്രീ. എ. പ്രദീപ്കുമാർ</u> : സർ, ഞാൻ ഹയർ സെക്കണ്ടറി മേഖല വന്നതിനെതിരായല്ല പറഞ്ഞത്. ഹയർ സെക്കണ്ടറി കൊണ്ടുവരണമന്നാവശ്യപ്പെട്ട് വിദ്യാർത്ഥിയായിരുന്ന കാലം മുഴുവൻ സമരം നടത്തിയ ആളാണ് ഞാൻ. അന്നത്തെ കോത്താരി കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേശീയ വിദ്യാഭ്യാസ കാഴ്ചപ്പാടനുസരിച്ച് പഴയ പ്രീഡിഗ്രി സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമാക്കണം, അതായത് ഒന്നുമുതൽ പന്ത്രണ്ടുവരെയാക്കണമെന്നുപറഞ്ഞ് സമരം നടത്തിയവരാണ് ഞങ്ങൾ. അങ്ങ് പറഞ്ഞത് ശരിയാണ്, അതിൽ തെറ്റില്ല. പക്ഷെ അവിടെ ഓരോ സ്കൂളിന്റെയും നേതൃത്വത്തിലിരിക്കുന്ന ആളുകൾ ഒഴിഞ്ഞുകിടക്കുന്ന ഗ്രൗണ്ടുകളിലാണ് കെട്ടിടമുണ്ടാക്കുന്നത്. മഹാഭൂരിപക്ഷം സ്ഥലത്തും കെട്ടിടമുണ്ടാക്കിയതിനാൽ കളിക്കളങ്ങളില്ലാതായി. അതേസമയം ഒരു മാസ്റ്റർ പ്ലാനിംഗ് നടത്തി മറ്റൊരു ഭാഗത്ത് കെട്ടിടം പണിയുകയോ അല്ലെങ്കിൽ ചെറിയൊരു കെട്ടിടം പൊളിച്ച് മൂന്നുനിലയുള്ള കെട്ടിടമുണ്ടാക്കുകയോ ചെയ്യാമായിരുന്നു. നമ്മുടെ ക്യാമ്പസുകളുടെ സൗകര്യവും സൗന്ദര്യവും നഷ്ടപ്പെടുന്ന നിലയിൽ അടുപ്പുകൂട്ടുന്നതുപോലെ കെട്ടിടമുണ്ടാക്കുന്ന രീതിയായിരുന്നു ഇത്രയുംകാലം തുടർന്നത്. ഇപ്പോഴാണ് അത് മാറ്റുന്നതിനെക്കുറിച്ചുള്ള ആലോചന ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്നത്. നമ്മുടെ സ്കൂളുകൾക്ക് സൗകര്യം മാത്രം പോരാ, സൗന്ദര്യവും മികച്ച സാങ്കേതിക വിദ്യയുമുണ്ടാകണം. അതനുസരിച്ച് അക്കാദമിക് നിലവാരവും സ്പോർട്സ് നിലവാരവുമൊക്കെ ഉയരണമെന്ന കാഴ്ചപ്പാട് ഇപ്പോഴാണ് മുന്നോട്ടുവയ്ക്കുന്നത്.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, നേരത്തേ അങ്ങ് പറഞ്ഞ ചാലക്കുടിയിലെ കളിസ്ഥലം കുത്തുപറമ്പ് മൈതാനമെന്നാണ് അറിയപ്പെട്ടിരുന്നത്. അവിടെ നിരവധി ഫുട്ബോൾ മത്സരങ്ങൾ സംഘടിപ്പിക്കുകയും നിരവധി ഫുട്ബോൾ താരങ്ങളെ വളർത്തിയെടുക്കുകയും ചെയ്തിട്ടുണ്ട്. അന്തരിച്ച മുൻ മുനിസിപ്പൽ ചെയർമാൻ എം.എൽ. ജേക്കബ്, ഇന്റർനാഷണൽ കോച്ച് ടി.കെ. ചാത്തുണ്ണി, രാമകൃഷ്ണൻ അടക്കമുള്ള നിരവധി ഫുട്ബോൾ താരങ്ങളെ വളർത്തിയെടുത്ത ഒരു ഗ്രൗണ്ടാണത്. ബൈപ്പാസ് വന്നപ്പോൾ ആ മൈതാനം മുറിഞ്ഞുപോയി. അവിടത്തെ ജനങ്ങളുടെ കായിക മനസ്സിനെയാണ് വെട്ടിമുറിക്കപ്പെട്ടത്. അതിന്റെയടിസ്ഥാനത്തിൽ ഞങ്ങൾ വീണ്ടും അവിടെയൊരു ഗ്രൗണ്ട് സ്ഥാപിക്കാനുള്ള പരിശ്രമത്തിലാണ്. പുതിയ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി നിലവിലുള്ള സ്കൂൾ പുതുക്കിപ്പണിത് അവിടെ കൂടുതൽ സ്ഥലം കണ്ടെത്തി കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള പരിശ്രമത്തിലാണ്. ട്രസ്റ്റി നിക്ഷേപ പദ്ധതി

ഫണ്ട് പ്രകാരം പനമ്പള്ളി കോളേജിലെ അഞ്ചര ഏക്കർ ഗ്രൗണ്ട് മൂന്നരക്കോടി രൂപ മുടക്കി നവീകരിക്കുകയുണ്ടായി. അതുപോല വെറ്റിലപ്പാറയിൽ ആദിവാസി കുട്ടികൾ പഠിക്കുന്ന സ്കൂളിന്റെ ഗ്രൗണ്ട് ആസ്തിവികസന ഫണ്ടിൽനിന്നും ഒരുകോടി രൂപ മുടക്കി നവീകരിക്കുകയുണ്ടായി. ധാരാളം കായികതാരങ്ങളെ വളർത്തിയ ചാലക്കുടിയിൽ ഞങ്ങൾ വലിയ പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹായമുണ്ടെങ്കിൽ നേരത്തേ അങ്ങ് പറഞ്ഞ കളിസ്ഥലം വീണ്ടും അതേ രീതിയിൽ കൊണ്ടുവരാൻ കഴിയുമെന്നാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, അങ്ങിവിടെ പ്രസക്തമായ ഒരു ബില്ലാണ് അവതരിപ്പിക്കുന്നത്. എല്ലാ പഞ്ചായത്തുകളിലും ആവശ്യത്തിലധികം പുറമ്പോക്ക് ഭൂമിയുള്ളത് കണ്ടെത്തേണ്ടത് ആവശ്യമാണ്. നിർബന്ധമായും ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമുണ്ടാകണമെന്ന നിർദ്ദേശം അങ്ങേയ്ക്ക് ഈ ബില്ലിലൂടെ കൊണ്ടുവരാൻ സാധിക്കുമോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, അത് ബില്ലിലൂടെ വരേണ്ടതല്ല. അത് സർക്കാർ പരിഗണിക്കേണ്ടതാണ്. സർക്കാരിന് ഒരു തീരുമാനത്തിലൂടെ നടപ്പാക്കാവുന്നതാണ്. എന്റെ ബില്ലിന്റെ ഉദ്ദേശ്യം കളിസ്ഥലങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ്.

ശ്രീ. ഇ. കെ. വിജയൻ : സർ, ഭാവി കേരളത്തിനുവേണ്ടിയുള്ള ഏറെ ഭാവനാപൂർവ്വവും കാലികവുമായ ഒരു വിഷയമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഈ സ്വകാര്യ ബില്ലിലൂടെ അവതരിപ്പിക്കുന്നത്. യഥാർത്ഥത്തിൽ സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കേണ്ട ഈ സ്വകാര്യബിൽ അംഗീകരിച്ചാൽ കുഴപ്പമില്ലെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ഇവിടെ നേരത്തേ അവതാരകൻ സൂചിപ്പിച്ചതുപോലെ കളിസ്ഥലങ്ങളെ സ്പോർട്സ് കൗൺസിൽ ഉൾപ്പെടെ കമേഴ്സ്യലൈസ് ചെയ്യുന്ന നില വന്നിരിക്കുകയാണ്. ചരിത്രപ്രസിദ്ധമായ ഒരു ഗ്രൗണ്ടാണ് കൊയിലാണ്ടി ഹൈസ്കൂൾ മൈതാനം. അത് റവന്യൂ വകുപ്പിന്റെ സ്ഥലമാണ്. അവിടെയുള്ളത് ജില്ലാ സ്പോർട്സ് കൗൺസിലാണ്. ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന റാലികൾ നടക്കുന്ന സ്ഥലമാണത്. ദേശീയ ഫുട്ബോൾ താരങ്ങളെ സംഭാവന ചെയ്ത ഗ്രൗണ്ടായിരുന്നു അത്. അവിടെയിപ്പോൾ ദേശീയപാതയുടെ വശങ്ങളിൽ കെട്ടിടം പണിത് വാടകയ്ക്ക് കൊടുക്കുകയും ബാക്കി സ്ഥലം ഗ്രൗണ്ടായി ഉപയോഗിക്കുകയും ചെയ്യുന്നു. കെട്ടിടത്തിന്റെ വാടക എന്നതിനപ്പുറത്ത് ആ ഗ്രൗണ്ടിൽ കളിയെ

പ്രോത്സാഹിപ്പിക്കുന്ന നിലപാടല്ല സ്വീകരിക്കുന്നത്. സാമൂഹികബോധം ഇല്ലാത്തിടത്തോളം കാലം ഉള്ള കളിസ്ഥലങ്ങൾ നാംതന്നെ ഇല്ലാതാക്കുന്നു എന്ന നില വരുന്നതിന്റെ തെളിവായി ഇതിനെ കാണുകയാണ്. ഇപ്പോൾ ജീവിതശൈലീ രോഗങ്ങളുമായി ബന്ധപ്പെട്ട് മരുന്നിനോടൊപ്പം നാൽപ്പത്തിയഞ്ച് മിനിട്ട് നടക്കണമെന്ന് ഡോക്ടർമാർ കുറിപ്പടി എഴുതിക്കൊടുക്കുകയാണ്. അങ്ങനെയുള്ളവർക്ക് നടക്കാൻ സാധിക്കുന്ന മനോഹരമായ സ്ഥലങ്ങളാണ് ഇത്തരം ഗ്രൗണ്ടുകൾ. ഇന്നത്തെ വാഹനപെരുപ്പംമൂലം റോഡിലൂടെ നടക്കുമ്പോൾ പോലും ഒട്ടേറെ അപകടങ്ങളുണ്ടാകുന്ന സാഹചര്യമാണുള്ളത്. ഭാവിയിൽ ഈ കളിസ്ഥലങ്ങൾ ആളുകൾക്ക് നടക്കാൻ ഉപയോഗിക്കാവുന്നതാണ്. തീർച്ചയായും വളരെ ശ്രദ്ധേയമായ ഒരു ബില്ലാണ് അങ്ങിവിടെ അവതരിപ്പിക്കുന്നത്.

ശ്രീ.ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഇന്റർനാഷണൽ കളിസ്ഥലമുണ്ടാകുന്നത് നല്ലതാണ്. എന്നാൽ ആദ്യം പഞ്ചായത്ത് തലത്തിൽ ഒരു കളിസ്ഥല മുണ്ടാകേണ്ടതാണ് ആവശ്യം. പക്ഷേ പഞ്ചായത്ത് തലത്തിൽ കളിസ്ഥലമുണ്ടാകുന്നതിനുള്ള പ്രായോഗികതടസ്സം സ്ഥലമില്ലായ്മയാണ്. സർക്കാർ ഫണ്ടോ ആസ്തിവികസന ഫണ്ടോ മറ്റേതെങ്കിലും ഫണ്ടോ ഉപയോഗിച്ച് സ്ഥലം കണ്ടെത്തിയാൽ പഞ്ചായത്തുകളിൽ കളിസ്ഥലമുണ്ടാക്കാൻ കഴിയും. അങ്ങനെ പ്രാദേശിക തലത്തിൽ മുന്നോട്ടുപോയാൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയൂ എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞ എല്ലാ കാര്യങ്ങളും ഇതിന്റെ ഭാഗമായി സർക്കാർ പരിഗണിക്കേണ്ടതാണ്. എന്തുകൊണ്ടും ഇങ്ങനെയൊരു നിയമമുണ്ടാകണം; അല്ലെങ്കിൽ ഈ ബിൽ സഭ അംഗീകരിച്ച് പാസ്സാക്കണം. അതിന് സഹായകരമാകുന്ന കാര്യങ്ങളാണ് എല്ലാവരും പറയുന്നത്. ഈ ബില്ലിൽ കളിക്കളങ്ങളുടെ സംരക്ഷണവും നിർമ്മാണവും പറയുന്നുണ്ട്. അത് പഞ്ചായത്തിലാകണോ ജില്ലയിലാകണോ എന്ന കാര്യം സർക്കാരിന് തീരുമാനിക്കാവുന്നതാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, കേരളത്തിലെ കളിക്കളങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അതിന്റെ സാമൂഹിക വശങ്ങളെക്കുറിച്ചുമൊക്കെ അങ്ങ് പറഞ്ഞു. അതോടൊപ്പം പ്രധാനപ്പെട്ട മറ്റൊരു വിഷയമാണ്, കുട്ടികൾ കുളങ്ങളിലും നദികളിലും നീന്താനും കളിക്കാനും ഇറങ്ങുമ്പോൾ മുങ്ങിമരിക്കുന്നത്. പൊതു കളിയിടങ്ങൾ ഇല്ലാതായതുപോലെതന്നെ ചെറുതും വലുതുമായ കുളങ്ങളും ചിറകളും ഇല്ലാതാക്കപ്പെട്ടു. പൊതുകളിസ്ഥലങ്ങൾപോലെ പ്രധാനമാണ് കുളങ്ങളും. അവയും നമുക്ക് നിലനിർത്താൻ കഴിയേണ്ടതല്ലേ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, തീർച്ചയായും. ജലാശയങ്ങളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിന് ഇപ്പോൾ നിയമമുണ്ട്. അതുപോലതന്നെ ആധുനികരീതിയിൽ ശാസ്ത്രീയമായി നിർമ്മിച്ച സ്വിമ്മിംഗ് പൂളുകളുണ്ട്. അത് നേരത്തേ വടക്കൻ കേരളത്തിലുണ്ടായിരുന്നില്ല. മലബാർ മേഖലയിലെ ആദ്യത്തെ ദേശീയ നിലവാരമുള്ള സ്വിമ്മിംഗ് പൂൾ കോഴിക്കോടാണ് നിർമ്മിച്ചത്. ഒരു സ്കൂളിൽ വിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലം സൗജന്യമായി ലഭിച്ചു. സ്പോർട്സ് കൗൺസിലിനെയാണ് അതിന്റെ ചുമതലയേൽപ്പിച്ചത്. പൂർണ്ണമായും എം.എൽ.എ. ഫണ്ട് ഉപയോഗിച്ചാണ് പൂൾ നിർമ്മിച്ചത്; അത് നന്നായി നടക്കുന്നുമുണ്ട്. ഒരു പഞ്ചനക്ഷത്ര ഹോട്ടലിലെ സ്വിമ്മിംഗ് പൂളിന്റെ അതേ സൗന്ദര്യത്തോടും സൗകര്യത്തോടുംകൂടിയാണ് നിർമ്മിച്ചിട്ടുള്ളത്. അവിടെ മുതിർന്ന ആളുകൾ നീന്താൻ വരുമ്പോൾ ഫീസ് വാങ്ങുന്നു. പക്ഷെ കുട്ടികൾക്ക് ഫ്രീയാണ്. ഇങ്ങനെയൊരു സ്വിമ്മിംഗ് പൂളിൽ കുട്ടികൾക്ക് സൗജന്യമായി നീന്തുന്നതിനുള്ള സൗകര്യം ചെയ്തുകൊടുക്കുന്ന സംവിധാനം കേരളത്തിൽ മറ്റൊരിടത്തുമില്ല. ഞാൻ പറഞ്ഞത് ഇങ്ങനെയുള്ള സ്വമ്മിംഗ് പൂളുകളല്ല, ഭൂമിയിൽ ജലവിതാനം നിലനിൽക്കാൻ സഹായകരമാകുന്ന കുളങ്ങളുടെ സംരക്ഷണം തീർച്ചയായും ഇതിന്റെ ഭാഗമായി വരേണ്ടതാണ്. അത് നീന്തൽ പരിശീലിപ്പിക്കാനും സ്പോർട്സിനും ഉപയോഗപ്പെടും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, അങ്ങ് നേരത്തേ സംസാരിച്ചപ്പോൾ ഫുട്ബോൾ അസോസിയേഷനുകൾ ഫുട്ബോൾ ഗ്രൗണ്ടുകൾ സ്ഥാപിക്കുന്നതിന് മുൻകയ്യെടുക്കുമോ എന്ന് ചോദിക്കുകയുണ്ടായി. എന്റെ വീടിനടുത്ത് പറപ്പൂർ ഫുട്ബോൾ അസോസിയേഷൻ എന്നൊരു സംഘടന സി.വി. പാപ്പച്ചനെപ്പോലെയുള്ള പ്രഗത്ഭരായ ഫുട്ട്ബോളർമാരെ വാർത്തെടുത്തിട്ടുള്ളൊരു പ്രദേശമാണ്. അവർ ഏകദേശം ആറേക്കറോളം സ്ഥലം വാങ്ങി, ചെറിയ പ്രായത്തിലുള്ള കുട്ടികളെ താമസിപ്പിച്ച് നല്ല ഫുട്ബോളർമാരാക്കി മാറ്റാനുള്ള ഇടപെടൽ നടത്തുന്നതിന് ഒരു അക്കാദമി സ്ഥാപിക്കാൻവേണ്ടിയുള്ള പ്രയത്നത്തിലാണ്. പക്ഷേ വാങ്ങിയ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നിലമാണ്. ഇപ്പോഴത് ഭൂമിയാണ്. അത്തരം പ്രശ്നങ്ങൾ ഗ്രൗണ്ട് സ്ഥാപിക്കുന്നതിന് തടസ്സമാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ പ്രദീപ്കുമാർ</u>: സർ, അത് അവിടത്തെ പ്രാദേശികമായ ഒരു പ്രശ്നമാണ്. ഏതായാലും അങ്ങനെയൊരു ഫുട്ബോൾ അസോസിയേഷൻ സാധ്യമല്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതൊരു ട്രസ്റ്റായിരിക്കും. ഫുട്ബോൾ അസോസിയേഷന്റെ സംഘടന എന്നുപറയുന്നത് ആൾ ഇന്ത്യാ ഫുട്ബോൾ അസോസിയേഷനും സംസ്ഥാന ഫുട്ബോൾ അസോസിയേഷനും

അതിനുതാഴെ ജില്ലാ ഫുട്ബോൾ അസോസിയേഷനുകളുമാണ്. അത് അഫിലിയേറ്റഡ് ക്ലബ്ബുകളാണ്. അല്ലാതെ പ്രാദേശിക തലത്തിലും പഞ്ചായത്ത് തലത്തിലും ഫുട്ട്ബോൾ അസോസിയേഷനില്ല. ധാരാളം നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള സഭയാണ് കേരള നിയമസഭ. എല്ലാ മേഖലയെയും സ്പർശിച്ചുകൊണ്ട് ഇത്രയധികം നിയമനിർമ്മാണം നടത്തിയ ഈ സഭ മറ്റ് രാജ്യങ്ങൾക്കും മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാണെന്ന് അങ്ങ് ഉൾപ്പെടെയുള്ള സ്പീക്കർമാരും നമ്മളെല്ലാവരും അഭിമാനത്തോടെ പറയാറുണ്ട്.

11.00 A.M.]

മനുഷ്യന്റെ ആരോഗ്യത്തെക്കുറിച്ചും ബൗദ്ധികവും കായികവുമായ വികാസത്തെക്കുറിച്ചുമൊക്കെ വളരെ ഗൗരവമായി ആലോചിക്കുന്ന ധിഷണാ ശാലികളുണ്ടായിരുന്ന ഈ സഭയിൽ എന്തുകൊണ്ടാണ് ഇത്രയും കാലമായിട്ടും സ്പോർട്സ് മേഖലയുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണം ഇല്ലാതെ പോയതെന്നത് പ്രധാന കാര്യമാണ്. ആരും അവഗണിക്കുന്നൊരു മേഖലയല്ല സ്പോർട്സ്. വിദ്യാഭ്യാസം, സ്പോർട്സ് തുടങ്ങിയ വകുപ്പുകളുടെ ചർച്ച ഒന്നിച്ചാണ് സഭയിൽ നടക്കുന്നതെന്ന കാര്യം ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ചർച്ച വന്നാൽ മന്ത്രിമാർ മറുപടി പറയും. പക്ഷേ സ്പോർട്സിനുവേണ്ടിയുള്ള വാദങ്ങളൊന്നും ചർച്ചയിൽ കാര്യമായി വരാറില്ല. ഈയടുത്ത കാലത്താണ് കുറച്ചെങ്കിലും ചർച്ചയുണ്ടായത്. ഞാൻ സ്പോർട്സ് വിദഗ്ദ്ധനൊന്നുമല്ലെങ്കിലും പൊതുപ്രവർത്തകനെന്ന നിലയിൽ എനിക്ക് സ്പോർട്ട്സിനോട് താല്പര്യമുണ്ട്. നിയമസഭാരേഖ പരിശോധിച്ചാൽ, നിയമസഭയുടെ ചരിത്രത്തിൽ സ്പോർട്സിനുവേണ്ടിയുള്ള ചർച്ചയിൽ ഏറ്റവും കൂടുതൽ സമയം വിനിയോഗിച്ചിട്ടുള്ളത് ഞാനായിരിക്കുമെന്നാണ് കരുതുന്നത്. കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യ കശാപ്പ് അല്ലെങ്കിൽ അതിന്റെ ജനാധിപത്യപരമായ നടത്തിപ്പിനെ ഉന്മൂലനം ചെയ്തത്. അത് പരിഹരിക്കപ്പെടേണ്ടതുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അതിന് നേതൃത്വം കൊടുക്കുമെന്നാണ് കരുതുന്നത്. കാരണം, അവരുണ്ടാക്കിയ ആ അവസ്ഥയ്ക്ക് മാറ്റം വരണം. ഇപ്പോഴുള്ള സ്പോർട്സ് കൗൺസിലുകളെ ജനാധിപത്യപരമായി പ്രവർത്തിപ്പിക്കുകയും കടലാസ് സംഘടനകളുടെ അനാരോഗ്യകരമായ വിളയാട്ടത്തിന് കടിഞ്ഞാണിടാനും നമുക്ക് കഴിയേണ്ടതുണ്ട്. ഗവൺമെന്റ് സെക്ടറിലെ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ്, കായികാദ്ധ്യാപക പരിശീലന കേന്ദ്രമെന്ന നിലയിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. അത് 1957-ൽ തുടങ്ങിയതാണ്. ഏതാണ്ട് 8 വർഷം മുമ്പുവരെ ഡിപ്ലോമ മാത്രം കൊടുക്കുന്ന ഒരു സ്ഥാപനമായിരുന്നു അത്. ഇപ്പോൾ

ഗ്രാഡുവേഷനും പോസ്റ്റ് ഗ്രാഡ്യുവേഷനും വന്നു. സ്പോർട്സിന്റെ പുതിയ സാധ്യതകളെക്കുറിച്ച് ഗവേഷണം നടത്തുന്ന സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിലേയ്ക്ക് ആ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജിനെ മാറ്റുന്നതിനെക്കുറിച്ച് ആലോചിക്കണം. സർക്കാരിന്റെ നേതൃത്വത്തിൽ ഒരു സ്ഥാപനമാണുള്ളത്, പിന്നെ എൽ.എൻ.സി.പി.ഇ. ഉണ്ട്. അത് വെറും കായികാദ്ധ്യാപക പരിശീലന കേന്ദ്രം എന്നതിൽ പരിമിതപ്പെടുത്താതെ അവിടെയും മേൽപ്പറഞ്ഞ കാര്യത്തെക്കുറിച്ച് ആലോചിക്കണം. ദക്ഷിണേന്ത്യയിലെ ആദ്യത്തെ സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിൽ കോഴിക്കോട് തുടങ്ങിയെങ്കിലും അവിടെ കെട്ടിടം മാത്രമേയുള്ളൂ; ആ ഇൻസ്റ്റിറ്റ്യൂട്ടിനുവേണ്ട വിദഗ്ദ്ധരില്ല.

പ്രൊഫ. കെ. യു. അരുണൻ: സർ, ഒളിമ്പിക്സിനെ സംബന്ധിച്ച് നമ്മൾ പറയുന്നു. പക്ഷേ നമ്മളൊരിക്കലും പാരാ ഒളിമ്പിക്സിനെക്കുറിച്ചോ സ്പെഷ്യൽ ഒളിമ്പിക്സിനെക്കുറിച്ചോ പറയുന്നില്ല. ഫിസിക്കലി ചലഞ്ച്ഡായിട്ടുള്ളവർക്കുള്ള പാരാ ഒളിമ്പിക്സിൽ പങ്കെടുക്കുന്നതിന് നമ്മുടെ നാട്ടിൽ നിന്ന് കുറേ ആൾക്കാർ പോകുന്നുണ്ട്. ഓട്ടിസം പോലെയുള്ള അസുഖങ്ങൾ ബാധിച്ചവർക്കുവേണ്ടിയുള്ള സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുക്കുന്നവരെക്കുറിച്ചുള്ള കാര്യങ്ങൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, തീർച്ചയായും ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇന്ത്യയിൽ നിന്ന് സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുക്കുന്നവരുണ്ട്. പലപ്പോഴും നമുക്ക് മെഡൽ കിട്ടുന്നത് ഇതിലൊക്കെയാണ്. പ്രധാന ഒളിമ്പിക്സിൽ ലഭിക്കാറില്ല.

ഇത്തരം കാര്യങ്ങൾക്ക് പ്രാധാന്യം നൽകാതെയും പരിഗണിക്കാതെയും പോകുന്നതിന് പരിഹാരമുണ്ടാകണം. അത് ഈ ബില്ലിന്റെ ഭാഗമായി മാത്രം വരേണ്ടതല്ല. പൊതുവായി വരേണ്ടതാണ്. നമുക്ക് ഒരു സ്പോർട്സ് നയമുണ്ടാകണം. സ്പോർട്സ് കൗൺസിലുകളെ ജനാധിപത്യപരമായി പുനഃസംഘടിപ്പിക്കാനും കടലാസ് സംഘടനകളെ നിരോധിക്കാനും നടപടി യുണ്ടാകണം. അത്യാർത്തിയോടെ സ്പോർട്സ് രംഗത്ത് വിഹരിക്കുന്ന ധാരാളം ആളുകളുണ്ട്. സ്പോർട്സിനോട് താല്പര്യമില്ലാതെ അത്യാർത്തിയുമായി നടക്കുന്ന ആളുകൾ, സ്പോർട്സ് മേഖലയുമായി ബന്ധമില്ലാത്ത ആളുകൾ വരുന്നത് അപകടമാണ്. സ്പോർട്സ് രംഗവുമായി വൈകാരികമായി അടുപ്പമുള്ളവർ വരുന്നതാണ് നല്ലത്.

മി. സ്പീക്കർ: Emotional attachment കുഴപ്പമില്ല, financial attachment ആണ് കുഴപ്പം.

ശ്രീ. എ. പ്രദീപ്കുമാർ: സർ, കളിക്കാരനായതുകൊണ്ട് അതിൽ നിന്ന് ഒഴിഞ്ഞുനിൽക്കണമെന്നില്ല. കളിയിലൂടെ അതിപ്രഗത്ഭരായി ഉയർന്നുവന്ന താരങ്ങളും ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ അപകടം കാണിക്കുന്നുണ്ട്. ചില ആളുകൾ സ്പോർട്സിൽ പങ്കെടുത്തിട്ടില്ലെങ്കിലും മികച്ച സംഘാടകനായിരിക്കും. തീർച്ചയായും അങ്ങനെയൊരാൾ വരുന്നുണ്ടെങ്കിൽ അത് നിരോധിക്കേണ്ട കാര്യമില്ലെന്നാണ് പറഞ്ഞത്.

ശ്രീ. എ. എൻ. ഷംസീർ: സർ, സ്പോർട്സുമായി ബന്ധപ്പെട്ട ആളുകൾ മാത്രമേ വരാൻ പാടുള്ളൂവെന്ന് അങ്ങ് പറഞ്ഞു. ഉദാഹരണമായി ഹോക്കിയിൽ, ഹോക്കി കളിക്കാരൻ തന്നെ സംഘാടകനാകണമെന്നില്ല. ഹോക്കിയുടെ റൂൾസിനെയും ഗെയിമിനെയും കുറിച്ചറിയണം. അങ്ങനെയുള്ള എനിക്കറിയാവുന്ന എത്രയോ നല്ല സംഘാടകരുണ്ട്. അത്തരം സംഘാടകർ സ്പോർട്സ് കൗൺസിലിലേയ്ക്ക് വരുന്നതിൽ ഒരു തെറ്റുമില്ല.

മി. സ്പീക്കർ: ഒരു വിദഗ്ധൻ എന്നുള്ള നിലയിൽ അദ്ദേഹത്തിന്റെ അഭിപ്രായം ചോദിച്ചതാണ്.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ കുറച്ചുനാൾ തായ്കോണ്ടോ അസോസിയേഷന്റെ ജില്ലാ പ്രസിഡന്റായിരുന്നു. തായ്കോണ്ടോ അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ് ശ്രീ. കെ. മുരളീധരൻ ഈ നിയമസഭയിലെ അംഗമാണ്. അത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. സ്വരാജ്: സർ, ഈ ബില്ലിന്റെ ചർച്ചയിൽ വളരെ പ്രസക്തമായൊരു വിഷയത്തെക്കുറിച്ചുള്ള വ്യത്യസ്ത അഭിപ്രായങ്ങളാണ് ഉയർന്നു വരുന്നത്. ഇതിൽ യോജിപ്പിന്റെയും വിയോജിപ്പിന്റെയും പ്രശ്നമല്ല. ഈ വ്യത്യസ്ത അഭിപ്രായത്തിൽ ഞാൻ കക്ഷി ചേരുന്നുമില്ല. ശ്രീ. എ. എൻ. ഷംസീർ പറയുന്നതിനോട് എനിക്ക് യോജിപ്പാണ്. കാരണം, സ്പോർട്സ് താരമായില്ലെങ്കിലും അക്കാര്യങ്ങളെക്കുറിച്ച് നല്ല ധാരണയുണ്ടെങ്കിൽ, നല്ല സംഘാടകനാണെങ്കിൽ ഇതിന്റെ ഭാരവാഹിത്വത്തിൽ വരുന്നതിൽ അനൗചിത്യമുണ്ടോ എന്ന് ചോദിച്ചാൽ, ഉണ്ടെന്ന് പറയാൻ പറ്റില്ല. പക്ഷേ എനിക്ക് തോന്നുന്നത് അതെങ്കിലും വേണ്ടേ എന്നാണ്. റെസ്‌ലിംഗ്, കയാക്കിംഗ് അങ്ങനെയുള്ള എതെങ്കിലും ഒരു ഇനം പറഞ്ഞാൽ അത് ഇംഗ്ലീഷ് മരുന്നാണോ അങ്ങാടി മരുന്നാണോ എന്നുപോലും അറിയാത്ത ഒരാൾ ഇതിന്റെ ഭാരവാഹിയായി സ്പോർട്സ് കൗൺസിലിൽ വരുന്നത് എങ്ങനെ തടയാനാകുമെന്ന് കൂടി ഗൗരവമായി ആലോചിക്കേണ്ടതല്ലേ?

ശ്രീ. കെ. ആൻസലൻ: സർ, വളരെ ഗൗരവമുള്ള ഒരു വിഷയമാണ് ശ്രീ. എ. പ്രദീപ് കുമാർ ഇവിടെ അവതരിപ്പിക്കുന്നത്. ദേശീയ ഗെയിംസിലും ഏഷ്യൻ ഗെയിംസിലും ഒളിമ്പിക്സിലുമൊക്കെ ഇന്ത്യയ്ക്ക് മാതൃകയായി പങ്കെടുക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതുവരെയും ഇക്കാര്യത്തിൽ ഗൗരവമായ ഒരു ഇടപെടൽ സർക്കാരുകൾ നടത്തിയിട്ടില്ല. ഈ ഘട്ടത്തിൽ താലൂക്ക് കേന്ദ്രങ്ങളിൽ ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനെക്കുറിച്ച് അങ്ങയുടെ ചർച്ചയിൽ ഉൾപ്പെടുത്തുന്നതിൽ എന്തെങ്കിലും അപാകതയുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഈ ചർച്ചയിൽ വന്നിട്ടുള്ള പ്രധാനപ്പെട്ട വിഷയം, സ്പോർട്സ് കേന്ദ്രങ്ങൾ കച്ചവട സ്ഥാപനങ്ങളായി മാറുന്നുവെന്നതാണ്. നമ്മൾ ഗ്രാമങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ ഓരോ പഞ്ചായത്തുകളിലും ഏറ്റവും കുറഞ്ഞത് പത്തോ പതിനഞ്ചോ ക്ലബ്ബുകളുണ്ടാകും. അത്തരം ക്ലബ്ബുകളുടെ ഒരു കോ-ഓർഡിനേഷനുണ്ടാക്കി ഓരോ പഞ്ചായത്തിലും അവർ സ്വന്തമായി സ്ഥലം കണ്ടെത്തി, അവർക്കൊരു സ്റ്റേഡിയം സർക്കാർ ചെലവിൽ നിർമ്മിച്ചുകൊടുക്കാൻ തയ്യാറാകുകയാണെങ്കിൽ ഭൂമി കണ്ടെത്തുക എന്നുള്ള വലിയൊരു പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ സാധിക്കും. ഗ്രാമങ്ങളിലുള്ള ഇത്തരം ക്ലബ്ബുകളിലെ യുവജനങ്ങളെ കൂട്ടിയിണക്കിക്കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പ്രദീപ്കുമാർ : സർ, ഇക്കാര്യങ്ങളെല്ലാം സർക്കാർ ഇതിന്റെ ഭാഗമായി പരിഗണിക്കണം. ഒരു സ്പോർട്സ് നയമുണ്ടാകണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജനാധിപത്യ കശാപ്പ് നടത്തിയ സ്പോർട്സ് കൗൺസിലുകളെ ജനാധിപത്യപരമായി പുന:സംഘടിപ്പിച്ച് ഇലക്ഷൻ പ്രൊസീഡ്യുവറിലേയ്ക്ക് വരണം. അസോസിയേഷനുകളെ/കടലാസ് സംഘങ്ങളെ ഉന്മൂലനം ചെയ്യുന്നതുൾപ്പെടെ ധാരാളം കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അതോടൊപ്പം അടിസ്ഥാന സൗകര്യവികസനവുമായി ബന്ധപ്പെട്ട് ചെയ്യേണ്ട കാര്യങ്ങളാണ് അങ്ങ് പറഞ്ഞത്. ഞാൻ പറഞ്ഞ നിയമം കൊണ്ടുവന്നാൽ ഇതിനൊക്കെ സഹായകമാകും. നിലവിലുള്ള കളിക്കളങ്ങൾ സംരക്ഷിക്കുന്നതിനും പുതിയവ നിർമ്മിക്കുന്നതിനുമൊക്കെ സഹായകരമാകുന്ന നിയമമാണിത്. കായിക വിനോദ ശാഖയുമായി യാതൊരു ബന്ധവുമില്ലാത്തവർ അസോസിയേഷന്റെ ഭാരവാഹികളാകുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട എം. സ്വരാജ് സംസാരിച്ചു. ശ്രീ. റ്റി. വി. രാജേഷ്, തായ്കോണ്ടോയുടെ ജില്ലാ പ്രസിഡന്റും ശ്രീ. കെ. മുരളീധരൻ സംസ്ഥാന പ്രസിഡന്റും ആണെന്ന് പറഞ്ഞു. തായ്കോണ്ടോ അങ്ങ് കളിച്ചുവന്നതല്ലെങ്കിലും, ആ നാട്ടിൽ അത്തരം കളിയുണ്ടെങ്കിൽ അതിന്റെ ഗന്ധവും ബന്ധവുമുണ്ടാകും. അതായാലും മതി. കോഴിക്കോട് ജില്ലയിൽ ഞങ്ങൾക്ക്

ഫുട്ബോൾ എന്നുപറഞ്ഞാൽ കളി മാത്രമല്ല, അതൊരു ജീവിതശൈലിയും സംസ്കാരത്തിന്റെ ഭാഗവുമാണ്. അവിടത്തെ കുഞ്ഞുങ്ങൾപോലും നടന്നുപോകുന്നത് മെസ്സിയും നെയ്മറും നടക്കുന്നതുപോലെയാണ്. അതിനോട് വൈകാരികമായി അടുപ്പമുള്ള ആളുകൾ അതിന്റെ ഭാരവാഹിയായി വരുന്നതിൽ തെറ്റില്ല. ഞാൻ ഇതുവരെ കേരള ഫുട്ബോൾ അസോസിയേഷൻ കോഴിക്കോട് ജില്ലാ പ്രസിഡന്റായിരുന്നു. ഇപ്പോൾ കേരള ഫുട്ബോൾ അസോസിയേഷന്റെ സംസ്ഥാന വൈസ് പ്രസിഡന്റാണ്. പക്ഷെ, ഞാൻ കളിച്ചത് ഫുട്ബോളല്ല. ഞാൻ സ്കൂളിൽ പഠിക്കുന്ന കാലത്ത് ബാസ്കറ്റ്ബോൾ കളിച്ച ആളാണ്. സ്കൂൾ ടീമിന്റെ ക്യാപ്റ്റനായിരുന്നു. ഉയരം വയ്ക്കാത്തതുകൊണ്ട് പിന്നീട് അധികം കളിച്ചില്ല. കോളേജിൽ പഠിക്കുന്ന കാലത്ത് ഹോക്കിയും കളിച്ചിട്ടുണ്ട്. ബാസ്കറ്റ്ബോൾ സീരിയസ്സായാണ് കളിച്ചത്. ഇപ്പോഴും ഷൂട്ട് ചെയ്താൽ ബാസ്കറ്റിൽ വീഴും. ഞാൻ ബാസ്കറ്റ്ബോൾ അസോസിയേഷന്റെ ഭാരവാഹിയായിട്ടില്ല. എന്നെ തെരഞ്ഞെടുത്തത് കെ.എഫ്.എ. ആണ്. സ്പോർട്സിലെ വിവിധ കായിക വിനോദ ശാഖകളിലൂടെ വന്നിട്ടുള്ള ആളുകൾ ഇതിനകത്തുണ്ടാകും. ചിലപ്പോൾ ഒരു അസോസിയേഷനിലും ഭാരവാഹിയായിട്ടുണ്ടാകില്ല. ചിലപ്പോൾ കളിച്ച് വന്നതിൽ നിന്ന് വ്യത്യസ്തമായി വേറെ ഏതെങ്കിലും സ്പോർട്സ് ഇനത്തിന്റെ ഭാരവാഹിയായി പ്രവർത്തിച്ചവരുണ്ടാകും. അത് സ്വാഭാവികമാണ്. ഏത് കായികവിനോദം ആയാലും അതിൽ സത്യസന്ധതയും സുതാര്യതയും പുലർത്താനാകുമോ എന്നുള്ളതാണ് പ്രശ്നം.

<u>ശ്രീ. റ്റി. വി. രാജേഷ്</u> : സർ, കഴിഞ്ഞ ദിവസം ബഹുമാന്യനായ ഒരംഗം ശ്രീ. എ. പ്രദീപ്കുമാർ തച്ചോളി കുടുംബത്തിന്റെ ഭാഗമായിരുന്നുവെന്ന് സൂചിപ്പിക്കുകയുണ്ടായി. അങ്ങേയ്ക്ക് കളരിപ്പയറ്റുമായി എന്തെങ്കിലും ബന്ധമുണ്ടോ; ചെറുപ്പത്തിൽ കളരിപ്പയറ്റ് അങ്ങ് പരിശീലിച്ചിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, കളരിപ്പയറ്റുമായി എനിക്ക് അടുത്ത ബന്ധമില്ല, പക്ഷെ ഗന്ധമുണ്ട്. ഞാൻ കൂടുതലായി പറയുന്നില്ല. എനിക്ക് ഇതിനകത്ത് കുറേ കാര്യങ്ങൾകൂടി പറയാനുണ്ട്. ചർച്ച തുടരുന്നത് നന്നാകുമെന്നാണ് തോന്നുന്നത്. പ്രത്യേകിച്ച് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ അംഗീകരിക്കുന്നില്ലെന്നാണ് പറയുന്നത്. ഒരിക്കൽക്കൂടി നന്നായി വാദം നടത്തിയാൽ അദ്ദേഹത്തിന്റെ മനസ് മാറി ഇതംഗീകരിക്കുമെന്നാണ് കരുതുന്നത്. അതുകൊണ്ട് എനിക്ക് വിശദമായി സംസാരിക്കാൻ ഒരവസരംകൂടി വേണം. അതുകൊണ്ട് ഇന്ന് ഞാൻ കൂടുതലായി സംസാരിക്കുന്നില്ല. ചർച്ച തുടരുകയാണ്.

(ചർച്ച തുടരും)

(3) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയത്തിന്റെ തുടർ ചർച്ച

(i) 2016-ലെ കേരളത്തിലെ അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിശ്ചയിക്കൽ ബിൽ (തുടർ ചർച്ച):

(നോട്ടീസ് നൽകിയ ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. സീറ്റിലില്ലാത്തതിനാൽ ബിൽ അവതരിപ്പിക്കപ്പെട്ടില്ല)

(ii) 2016-ലെ കേരള ശുദ്ധജലാവകാശ ബിൽ.:

മി. സ്പീക്കർ: 2016 ഒക്ടോബർ 21-ാം തീയതി ഈ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുകയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പ്രമേയത്തെ എതിർക്കുകയും ചെയ്തിരുന്നു. പ്രമേയത്തെ എതിർത്തതിനാൽ ശ്രീ. ആർ. രാജേഷിന് ഒരു ഹ്രസ്വ പ്രസ്താവന നടത്താൻ അനുവദിച്ചിരുന്നു. പ്രസ്താവന പൂർത്തിയാകാത്തതിനാൽ ശ്രീ. ആർ. രാജേഷിന് ചർച്ച തുടരാവുന്നതാണ്.

ശ്രീ. ആർ. രാജേഷ്: സർ, 2016-ലെ കേരള ശുദ്ധജലാവകാശ ബില്ലുമായി ബന്ധപ്പെട്ട് അന്ന് 22 മിനിട്ട് സംസാരിക്കാൻ അവസരം കിട്ടിയതാണ്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ഈ ബില്ലിന്റെ ഭാഗമായി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ബിൽ അവതരിപ്പിച്ചപ്പോൾ മന്ത്രി ഇതുമായി ബന്ധപ്പെട്ട് സാങ്കേതിക അംഗീകാരം നൽകിയിരുന്നില്ല. എന്നാൽ ആ വിഷയത്തിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് തുടർ ചർച്ചയ്ക്കുശേഷം അംഗീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശുദ്ധജലം ലഭ്യമാകുക എന്നുള്ളത് ഏതൊരു പൗരന്റെയും അവകാശമാണ്. അത് നിറവേറ്റി കൊടുക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. നമ്മുടെ ജലസ്രോതസ്സുകളാകെ മലിനീകരിക്കപ്പെടുന്നതിന്റെ ഭാഗമായി ശുദ്ധജലം കിട്ടാത്ത സ്ഥിതി ഇന്ന് നമ്മുടെ നാട് അനുഭവിക്കുകയാണ്. ഈ വർഷം ഏറ്റവും രൂക്ഷമായ പ്രതിസന്ധിയാണ് നമ്മൾ നേരിടുന്നത്. ഏതെങ്കിലും നിലയിൽ കുടിവെള്ളവും പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കാനാവശ്യമായ ജലവും എത്തിക്കുക എന്ന ഉത്തരവാദിത്വം നിർവ്വഹിക്കാൻ കഴിയുമോ എന്നാണ് നമ്മളിപ്പോൾ പരിശോധിച്ചു കൊണ്ടിരിക്കുന്നത്. മഴയുടെ കുറവ് വലിയ രീതിയിൽ സംസ്ഥാനത്തുണ്ടാകുകയാണ്. ഈ വേനൽക്കാലത്ത് ഭൂമിയിൽ ജലസംരക്ഷണത്തിനായി

ജലം ഉറപ്പുവരുത്തേണ്ട മഴ ഇടവപ്പാതിയിലൂടെ നമുക്ക് ലഭ്യമായില്ല. കേരളത്തിൽ തുലാവർഷത്തിന്റെ വലിയ കുറവുണ്ടായിട്ടുള്ളതിന്റെ ഭാഗമായി അതിരൂക്ഷമായ ജലക്ഷാമം നാം നേരിടുകയാണ്. നിലവിലുള്ള ജലസംഭരണികൾ നമ്മൾ നോക്കി നിൽക്കെത്തന്നെ വറ്റുകയാണ്. നദികളും പുഴകളും കായലുമെല്ലാം വറ്റിവരളുന്നു. ജലം മലിനമാകുന്നു. ഈ ഗുരുതരമായ സാഹചര്യത്തെ എങ്ങനെ മറികടക്കാമെന്നാണ് സർക്കാർ ആലോചിക്കേണ്ടത്. കഴിഞ്ഞ ദിവസം ജലവുമായി ബന്ധപ്പെട്ട പ്രശ്നം നിയമസഭയിൽ വന്നപ്പോൾ, ആധുനിക സംവിധാനങ്ങളുപയോഗപ്പെടുത്തി കൂടുതൽ ജലം എങ്ങനെ ഭൂമിയിലേയ്ക്ക് കൊണ്ടുവരാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കാൻ സർക്കാർ തീരുമാനിച്ചു. സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി കൃത്രിമ മഴ ലഭ്യമാക്കുന്നതിനെക്കുറിച്ച് പരിശോധിക്കേണ്ട കാലത്തിലേയ്ക്ക് നമ്മൾ മാറി എന്നതാണ് ഏറ്റവും ഗൗരവമുള്ള കാര്യം. മഴ പെയ്യിക്കാനാവശ്യമായ കൃത്രിമ സാഹചര്യം സൃഷ്ടിച്ച് ഈ വേനൽക്കാലത്ത് ജനങ്ങൾക്ക് വെള്ളം കൊടുക്കാൻ കഴിയുമോ എന്നാണ് സർക്കാർ പരിശോധിക്കുന്നത്. ഭൂമിയിൽ ആകെ ലഭ്യമായ ജലത്തിന്റെ ഏകദേശ കണക്ക് 1400 ദശലക്ഷം ക്യൂബിക് കി.മീറ്ററാണ്. ആകെയുള്ള വെള്ളം കടലിലും കരയിലും അന്തരീക്ഷത്തിലുമായി കിടക്കുകയാണ്. അതിൽ ചെറിയ ശതമാനം ജലം മാത്രമാണ് ശുദ്ധജലമായി നമുക്കുപയോഗിക്കാൻ കഴിയുന്നത്. നമ്മുടെ ആവശ്യത്തിനനുസരിച്ചുള്ള ജലലഭ്യത ഉണ്ടാകുന്നില്ല. ജലം ലഭ്യമാകുന്നതിന്റെ അളവ് കുറയുകയും നിലവിലുള്ള ജലം മലിനമാകുന്നതിന്റെ അളവ് കൂടുകയും ചെയ്യുന്നു. ശുദ്ധജലം മലിനമാക്കാതിരിക്കുകയാണ് നമുക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം. ശുദ്ധജലം ലഭ്യമാകുന്നതിൽ സാർവ്വത്രികമായി നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ട് പ്രശ്നങ്ങളാണുള്ളത്. ഒന്ന്, വിഭവശോഷണമാണ്. കിട്ടിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവ് കുറയുകയാണ്. മറ്റൊന്ന്, സാർവ്വത്രികമായ മലിനീകരണമാണ്. ആ മലിനീകരണ പ്രക്രിയയുടെ ഭാഗമായി നിലവിലുള്ള ജലം ഉപയോഗിക്കാൻ കഴിയാത്ത നിലയിലേയ്ക്ക് മാറുകയാണ്. പൊതുജനാരോഗ്യത്തിനും സുരക്ഷിതത്വത്തിനും ഹാനികരമാകുന്ന നിലയിൽ, വ്യത്യസ്തമായ നിലയിൽ ജലം മലിനീകരിക്കപ്പെടുകയാണ്. ഭൗതികവും രാസപരവുമായ മലിനീകരണമുണ്ട്. ജൈവപരമായ സവിശേഷതയുടെ ഭാഗമായി ജലം മലിനീകരിക്കപ്പെടുന്ന സ്ഥിതിയിലേയ്ക്കാണ് ഇപ്പോൾ മാറുന്നത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ജല ദൗർലഭ്യത ഇന്ന് എല്ലാവരും വളരെ ശ്രദ്ധിക്കപ്പെടുന്നതും നമ്മെ വളരെ ആശങ്കയിലാഴ്ത്തുന്നതുമായ ഒരു കാര്യമാണ്. കുടിക്കാൻ വെള്ളമില്ലെങ്കിലും ഒരു നദിയിലൊഴുക്കാൻ കഴിയുന്നത്ര ജലം കുപ്പികളിലാക്കി ഇന്ത്യയിലാകമാനമുള്ള കടകളിലെ അലമാരകളിൽ സ്റ്റോക്ക് ചെയ്യുകയാണ്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ആർ. രാജേഷ്: സർ, ഇതുമായി ബന്ധപ്പെട്ട് വളരെ പ്രധാനപ്പെട്ട ഒരു ചുവടുവയ്പാണ് കേരളത്തിൽ നടക്കാൻ പോകുന്നത്. കേരളത്തിന്റെ മുഖ്യമന്ത്രി അടുത്തിടെ വ്യാപാരികളുടെ ഒരു യോഗം വിളിക്കുകയുണ്ടായി. സർക്കാർ മുന്നോട്ടുവച്ച ആശയത്തെ അംഗീകരിക്കാൻ വ്യാപാരികൾ തയ്യാറായിട്ടുണ്ട്. കോള കമ്പനികളാണ് വലിയ നിലയിൽ ജലം ചൂഷണം ചെയ്ത് കുപ്പികളിലാക്കി കടകളിലൂടെ വിറ്റഴിക്കാൻ തീരുമാനിക്കുന്നത്. ജലം ചൂഷണം ചെയ്ത് കുപ്പികളിൽ കോളയാക്കി വരുന്ന ഉല്പന്നങ്ങൾ ഞങ്ങളുടെ സ്ഥാപനത്തിലൂടെ വിൽക്കുകയില്ലെന്ന് കേരളത്തിലെ വ്യാപാരികൾ തീരുമാനിക്കണം. വെള്ളം കുപ്പിയിലാക്കി കൊണ്ടുനടക്കുന്ന ഒരു കാലത്തെക്കുറിച്ച് 50 വർഷങ്ങൾക്കുമുമ്പ് നമ്മുടെ പൂർവ്വികർ പറഞ്ഞാൽ അന്നത് അത്ഭുതമായിരുന്നു. ഇപ്പോഴത് സാർവ്വത്രികമായി മാറിയിരിക്കുന്നു. നമ്മൾ കുപ്പിവെള്ളം ഉപയോഗിക്കുന്നവരായി മാറുകയാണ്. ഒരു മിനിട്ട് ശ്വസിക്കാൻവേണ്ടി നിശ്ചിത രൂപയുടെ ശുദ്ധവായു കുപ്പിയിലാക്കി നൽകുമെന്ന് സോഷ്യൽ മീഡിയയിലൊക്കെ വരുന്നുണ്ട്. പല സ്ഥലത്തും വിപണിയിലിറങ്ങിയെന്നാണ് അറിയുന്നത്. എനിക്ക് അതിന്റെ വസ്തുത അറിയില്ല. കുപ്പിയിൽ ജലം കിട്ടുന്നതുപോലെ ശുദ്ധവായുവും കുപ്പിയിലാക്കി വിലകൊടുത്ത് വാങ്ങേണ്ട കാലത്തിലേയ്ക്ക് നമ്മുടെ നാട് മാറുകയാണ്. ഇവിടെ ചോദിച്ച ചോദ്യം വളരെ പ്രധാനപ്പെട്ടതാണ്. ഭൂമിയ്ക്കടിയിലുണ്ടാകുന്ന, നാം സംരക്ഷിക്കേണ്ട, നമുക്കുപയോഗിക്കേണ്ട ജലം വൻകിട കോർപ്പറേറ്റുകൾ അവരുടെ സാമ്പത്തിക താല്പര്യത്തിന്റെ ഭാഗമായി ചൂഷണം ചെയ്യുന്നുണ്ട് എന്നുള്ളതൊരു യാഥാർത്ഥ്യമാണ്.

ശ്രീ. കെ. ഡി. പ്രസേനൻ: സർ, കേരളത്തിൽ ജലസ്രോതസ്സുകളാകെ മലിനീകരിക്കപ്പെട്ടിരിക്കുന്നുവെന്ന രൂപത്തിലുള്ള പഠന റിപ്പോർട്ട് ഇടക്കാലത്ത് വന്നിരുന്നു. പാലക്കാട് ജില്ലയിലെ ഓപ്പൺ കിണറുകളിലെ ജലം മനുഷ്യർക്ക് ഉപയോഗിക്കാൻ കൊള്ളാത്തതാണെന്ന രൂപത്തിലുള്ള റിപ്പോർട്ടുകൾ വ്യാപകമായി വന്ന ഒരു ഘട്ടമുണ്ടായിരുന്നു. സ്വാഭാവികമായും ആളുകൾ അതറിഞ്ഞപ്പോൾ ഭീതിയിലായി. ആ റിപ്പോർട്ട് വന്നതിനുശേഷമാണ് ഏറ്റവും പ്രധാനപ്പെട്ട ജലചൂഷണ കമ്പനികളായ കൊക്കൊകോളയും പെപ്സികോളയുമെല്ലാം അവിടെ സ്ഥാപനങ്ങൾ ആരംഭിച്ചത്. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഉപരിതലജലം മുഴുവൻ മലിനീകരിക്കപ്പെട്ടതാണെന്ന ഭീതിജനകമായ റിപ്പോർട്ടുകൾ പുറത്തുവിടുകയും അതിന്റെ തുടർച്ചയായി കുടിവെള്ള കമ്പനികൾ അവിടത്തെ ഭൂഗർഭജലം ഊറ്റിയെടുക്കാനുള്ള കമ്പനികൾ സ്ഥാപിക്കുകയും ചെയ്യുകയാണ്. ഇത് ഗൂഢാലോചനയുടെ ഭാഗമായി വരുന്നതാണ്. ജലം മലിനീകരിക്കപ്പെടുന്നുവെന്ന രൂപത്തിൽ നമ്മൾ വാദിച്ചുകൊണ്ടിരിക്കുമ്പോൾ ചൂഷണത്തിനുള്ള പുതിയ സാധ്യത അവർ തുറക്കുന്നു എന്നുള്ളതുകൂടി നമ്മുടെ ശ്രദ്ധയിൽ വരേണ്ടതല്ലേ; ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം ജല ലഭ്യതക്കുറവ് ഇപ്രാവശ്യം മാത്രമുള്ള ഒരു പ്രാദേശിക വിഷയമാണ്. ലഭ്യമായ വെള്ളം ഉപയോഗിക്കാനുള്ള ശാസ്ത്രീയമാർഗ്ഗം സ്വീകരിക്കുന്നില്ലെന്നുള്ളതാണ് ഏറ്റവും പ്രധാന വിഷയം. ആയിരം സ്ക്വയർ ഫീറ്റുള്ള മിക്ക വീടുകളിലും പാരപ്പെറ്റിലാണ് വാട്ടർ ടാങ്കുകൾ സ്ഥാപിച്ചിട്ടുള്ളത്. മഴ സമയത്ത് വീടുകളുടെ മുകളിലുള്ള ജലം വാട്ടർ ടാങ്കിലേയ്ക്കുവരാൻ എന്തെങ്കിലുമൊരു സംവിധാന മുണ്ടാക്കിയാൽ ആ ജലം മുഴുവനും ടാങ്കിലേയ്ക്ക് വരും. രണ്ടുമൂന്ന് മാസക്കാലം ആ വീട്ടിലേയ്ക്ക് വേറെ വെള്ളത്തിന്റെ ആവശ്യം വേണ്ടിവരില്ല. ഇതുമൂലം വൈദ്യുതി ലാഭമുണ്ടാവുകയും ജല ദൗർലഭ്യം കുറയുകയും ചെയ്യും. ലഭ്യമാകുന്ന വെള്ളം ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കാത്തതാണ് ഒരു പ്രധാനപ്പെട്ട വിഷയം. റീ-ചാർജിംഗുമായി ബന്ധപ്പെട്ട് നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. കേരളീയർ ഇക്കാര്യങ്ങളെയൊന്നും നല്ല രീതിയിൽ സമീപിക്കുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയമായി എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, സംസ്ഥാനത്ത് ഏറ്റവുമധികം ജല മലിനീകരണത്തിന് കാരണക്കാർ അതാത് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളുമാണ്. മലിനജലം ജലാശയങ്ങളിലേയ്ക്ക് തുറന്നുവിടുന്ന കാര്യത്തിൽ വ്യക്തമായ നടപടികളെടുക്കാൻ മുനിസിപ്പാലിറ്റികളോ കോർപ്പറേഷനുകളോ പഞ്ചായത്തുകളോ തയ്യാറാകുന്നില്ല. അത് പ്രാദേശിക കച്ചവടക്കാരെ പ്രോത്സാഹിപ്പിക്കാനോ വോട്ടിനുവേണ്ടിയോ ആയിരിക്കും. ഇതാണ് കേരളത്തിലെ മിക്കവാറും പുഴകളും നദികളുമെല്ലാം മലിനമാകാനുള്ള പ്രധാന കാരണം. ഇപ്പോൾ രൂക്ഷമായ ശുദ്ധജല ക്ഷാമത്തെക്കുറിച്ച് പറയുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യവും ഇതുപോലെ രൂക്ഷമായ ശുദ്ധജല ക്ഷാമം എല്ലാഭാഗത്തുമുണ്ടായി. ആ സമയത്ത് ഇടപെടുമെന്നല്ലാതെ ദീർഘ വീക്ഷണത്തോടുകൂടി മുന്നോട്ടുപോകുന്നില്ലെന്നുള്ളത് സത്യമാണ്. ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി ഇപ്രാവശ്യവും കോടിക്കണക്കിന് രൂപയാണ് ബജറ്റിൽ നീക്കിവച്ചിട്ടുള്ളത്. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം പോലുള്ള പ്രധാന നഗരങ്ങളിലെ ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനായി കടൽവെള്ളം ശുദ്ധീകരിച്ചെടുക്കുന്ന പ്ലാന്റുകൾ നിർമ്മിക്കുന്നതിന് ഓരോ വർഷവും ബജറ്റിൽ നീക്കിവയ്ക്കുന്ന തുക മതിയാകും. വാട്ടർ അതോറിറ്റി മുഖേന കൊടുക്കുന്ന ജലത്തിന്റെ കരം/ഫീസ് ഉപയോഗിച്ച് ആ ചെലവ് വീട്ടാവുന്നതാണ്. പല വിദേശരാജ്യങ്ങളും അത്തരം പദ്ധതികളെയാണ് ആശ്രയിക്കുന്നത്. എന്തുകൊണ്ട് അത്തരത്തിലുള്ള ഒരാശയത്തെക്കുറിച്ച് ചിന്തിക്കുന്നില്ല. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് അംഗങ്ങൾ ഇവിടെ പറഞ്ഞത്. വൻകിട കോർപ്പറേറ്റ് കമ്പനികൾ ജലം ചൂഷണം ചെയ്യുന്നുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ ജലം മലിനമാകുന്നില്ല എന്നത് തെറ്റായ കാര്യമാണ്. വ്യത്യസ്തനിലകളിൽ ജലം മലിനമാകുന്നുണ്ട്. അതുകൊണ്ടാണ് നാമുപയോഗിക്കുന്ന ജലത്തിന്റെ അളവ് കുറയുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കടൽവെള്ളം ഉൾപ്പെടെയുള്ളവ ശുദ്ധീകരിച്ച് നമ്മുടെ ആവശ്യങ്ങൾക്കുവേണ്ടി നിർവ്വഹിക്കാൻ കഴിയുന്ന നിലയിലുള്ള സൗകര്യങ്ങൾ മറ്റ് പല രാജ്യങ്ങളിലുമുള്ളതായി നമുക്ക് കാണാൻ കഴിയും. അത്തരം കാര്യങ്ങളെക്കുറിച്ച് ആലോചിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്ന സാഹചര്യത്തിലേയ്ക്ക് നമ്മുടെ നാട് മാറണം. ടെറസ്സിലെ ജലം സംരക്ഷിക്കുക എന്നുള്ളത് പ്രധാനമാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. വി. അബ്ദുൾ ഖാദർ)

മഴ പെയ്യുമ്പോൾ വീട്ടുമുറ്റത്ത് വെള്ളം വീഴുന്നത് നമുക്ക് വലിയ അസ്വസ്ഥതയാണ്. വേനൽക്കാലമാകുമ്പോൾ വെള്ളമില്ലാത്ത സ്ഥിതിയുമുണ്ട്. ജലം സംരക്ഷിക്കേണ്ടത് പഞ്ചായത്തിന്റെയോ സർക്കാരിന്റെയോമാത്രം കടമയാണെന്ന നിലയിലേയ്ക്ക് മാറാൻ പാടില്ല. ജനങ്ങളിൽ ഒരു പൊതുബോധം വളർത്തിയെടുക്കണം. ഉപയോഗിക്കേണ്ട ജലം സംരക്ഷിക്കേണ്ടത് അവനവന്റെ കടമയാണെന്ന തിരിച്ചറിവാണ് ഓരോ പൗരനും പകർന്നുകൊടുക്കേണ്ടത്. കിണർ റീ-ചാർജ് ചെയ്യുന്നതുപോലുള്ള വ്യത്യസ്ത മാർഗ്ഗങ്ങളുണ്ട്. എന്റെ മണ്ഡലത്തിലെ 7 പഞ്ചായത്തുകളിൽ ഈ വേനൽക്കാലത്ത് പതിനായിരം കിണറുകൾ റീ-ചാർജ് ചെയ്യാനുള്ള ഒരു പദ്ധതി നടപ്പിലാക്കി. അതിന്റെ ടെണ്ടർ നടപടികളും പൂർത്തിയായി. കിണർ റീചാർജിംഗ് മാത്രം പോര, മഴവെള്ളം സംരക്ഷിക്കാനാവശ്യമായ നടപടികൾകൂടി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ വീടുകളുടെ മുറ്റത്ത് ടൈൽസിട്ട് മുറ്റത്തെ വെള്ളം ഓടയിലേയ്ക്കും ഓടയിൽനിന്ന് കനാലുകൾവഴി പുഴയിലേയ്ക്കും കടലിലേയ്ക്കും ഒഴുക്കിക്കളയുകയാണ് ചെയ്യുന്നത്. പക്ഷേ ഡിസംബർ മാസം കഴിയുമ്പോൾ വെള്ളത്തിനുവേണ്ടിയുള്ള പരക്കം പാച്ചിലാണ്. ഒഴുകിപ്പോകുന്ന വെള്ളം ടാങ്കറുകളിലാക്കി തിരിച്ച് കൊണ്ടു കൊടുക്കേണ്ട ഉത്തരവാദിത്തം ഗവൺമെന്റുകൾക്കും പഞ്ചായത്തുകൾക്കുമാണെന്ന് ചൂണ്ടിക്കാണിക്കുകയാണ്. പഴയകാലത്ത് ടൈൽസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോൾ ടൈൽസ് ഇടുമ്പോൾ ഇന്റർലോക്ക് ടൈലിന്റെ അടിയിൽ പ്ലാസ്റ്റിക്കുകൂടി ഇടുകയാണ്. ടൈലിനിടയിലൂടെ ഒരു പുല്ലുപോലും കിളിർത്ത് മുകളിലേയ്ക്ക് വരാതിരിക്കാൻ പ്ലാസ്റ്റിക് താഴെ വിരിച്ച് ടൈൽ ഇടുന്ന നിലയിലേയ്ക്ക് മാറിയിരിക്കുന്നു. മലയാളികൾക്കുണ്ടാകുന്ന സാംസ്കാരികമായ അധഃപതനത്തിന്റെ ഭാഗമാണിത്. ജലസംരക്ഷണം എന്റെയും ഉത്തരവാദിത്വമാണെന്ന തിരിച്ചറിവില്ലായ്മയുടെ ഭാഗമായാണ് ഇത്തരമൊരു ആപത്കരമായ സ്ഥിതിയിലേയ്ക്ക് നമ്മൾ മാറുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, ഇവിടെ ശുദ്ധജലത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം വി. അബ്ദുറഹിമാൻ പറഞ്ഞു. യഥാർത്ഥത്തിൽ, തുറന്ന കിണറിലെ വെള്ളത്തിൽ കോളിഫോം ബാക്ടീരിയ ഉണ്ടെന്നുള്ള കണ്ടെത്തലുകളാണ് വന്നുകൊണ്ടിരിക്കുന്നത്. അത് വലിയ ഞെട്ടലുണ്ടാക്കുന്നതാണ്. കണ്ണൂരിലെ ഒരു മണ്ഡലത്തിൽ വലിയ പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുകയാണ്. അവിടത്തെ കിണറിലെ വെള്ളം പരിശോധിച്ചപ്പോൾ അതിൽ കോളിഫോം ബാക്ടീരിയയുണ്ടെന്നാണ് കണ്ടെത്തിയത്. ഈ വിഷയം ഗൗരവമായി കാണേണ്ടതുണ്ട്. അതുപോലെതന്നെ മുറ്റങ്ങളെല്ലാം ഇന്റർലോക്ക് ചെയ്യുന്നതിന്റെ ഭാഗമായി വെള്ളം ഒഴുകിപ്പോകുന്നത് ഓടയിലേയ്ക്കും മറ്റുമാണ്. വീട് നിർമ്മാണത്തിന് അനുമതി കൊടുക്കുന്നത് തദ്ദേശസ്വയംഭരണ വകുപ്പാണ്. മഴവെള്ളം ശേഖരിക്കാൻ ജലസംഭരണികൾ നിർമ്മിക്കാൻ നമ്മൾ ആവശ്യപ്പെടുന്നു. അതുപോലെതന്നെ ആളുകൾക്ക് നടന്നുപോകാൻ കഴിയുന്ന നിലയിൽ മുറ്റം സിമന്റിടാം. പക്ഷേ, ഇന്റർലോക്ക് ചെയ്യുമ്പോൾ വെള്ളം ഒഴുകിപ്പോകുകയാണ്. ഇത്തരം കാര്യങ്ങളിൽ എൽ.എസ്.ജി.ഡി. ഇടപെട്ട് പ്രവർത്തിക്കുകയും വീടിന് നമ്പർ തരില്ലെന്ന നിലപാടെടുക്കുകയും ചെയ്താൽ കുറേ കാര്യങ്ങൾ ചെയ്യാനും വെള്ളം ശേഖരിക്കാനും സാധിക്കും. അത് ബഹുമാനപ്പെട്ട അംഗം ഗൗരവമായി കാണണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. ആർ. രാജേഷ്:</u> സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് അങ്ങ് ചൂണ്ടിക്കാണിച്ചത്. തദ്ദേശ സ്വയംഭരണവകുപ്പുകൂടി ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശം കൊടുക്കേണ്ടതാണ്. ചില ആളുകൾ വീടിന്റെ മുറ്റത്ത് മാത്രമല്ല, അവരുടെ വസ്തു മുഴുവൻ ടൈലിട്ട് പുറത്തേയ്ക്ക് വെള്ളം ഒഴുക്കുന്ന സ്ഥിതിയാണ്. അക്കാര്യത്തിൽ ആവശ്യമായ നിയമനിർമ്മാണമുണ്ടാകേണ്ടതാണ്. ജലം മലിനമാകുന്നത് വ്യത്യസ്ത കാരണങ്ങളിലൂടെയാണ്. മാലിന്യം നിക്ഷേപിക്കുന്നതിലൂടെയും ജലത്തിലേയ്ക്ക് സ്വാഭാവികമായി മാലിന്യം കടന്നുവരുന്നതിന്റെയും ഭാഗമായി ജലം മലിനമാകുന്നു. മണ്ണൊലിപ്പുണ്ടാകുന്നതിലൂടെ എവിടെയെങ്കിലുമുള്ള മാലിന്യം ഒഴുകി ഒരു ശുദ്ധജല തടാകത്തിലേയ്ക്ക് വന്നാൽ അവിടം മലിനമാകുന്ന സ്ഥിതിയുണ്ടാകും. ഇപ്പോൾ ശാസ്താംകോട്ട ശുദ്ധജല തടാകം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അതാണ്. അവിടെ മണ്ണൊലിപ്പിന്റെ ഭാഗമായി ചരിവായ ഭൂമിയിൽ നിന്ന് ഒലിച്ചിറങ്ങുന്ന രാസവസ്തുക്കൾ, കീടനാശിനികൾ അവയെല്ലാം കലർന്നാണ് ശാസ്താംകോട്ട പോലുള്ള കേരളത്തിലെ പ്രധാനപ്പെട്ട ശുദ്ധജലതടാകങ്ങൾ മലിനമാകുന്ന അവസ്ഥയുണ്ടാകുന്നത്.

താപനിലയിലുണ്ടാകുന്ന വ്യത്യാസംമൂലം ജലം മലിനമായി മാറും. ചൂട് കൂടുന്നതിന്റെ ഭാഗമായി ചൂടുള്ള വെള്ളം പുഴയിലേയ്ക്കും ജലാശയത്തിലേയ്ക്കും വന്നാൽ തെർമൽ പൊല്യൂഷൻ അല്ലെങ്കിൽ ഉഷ്ണ മലിനീകരണമുണ്ടാകുന്നു. അതിന്റെ ഭാഗമായി ജലത്തിന്റെ സ്വാഭാവിക സ്ഥിതിയിലും മാറ്റമുണ്ടാകും.

അതുപോലെ കടൽ മലിനീകരിക്കപ്പെടുന്ന പുതിയ വാർത്തകളാണ് നമ്മൾ ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. അടുത്തകാലത്ത് പത്രമാധ്യമങ്ങളിൽ കടലിൽ ഒരു പ്ലാസ്റ്റിക് മല രൂപപ്പെടുകയാണെന്നുള്ള വാർത്ത വന്നു. പുഴയിലൂടെയും കനാലിലൂടെയുമൊക്കെ ഒഴുകിയെത്തി കടലിലേയ്ക്ക് വരുന്ന പ്ലാസ്റ്റിക് കടലിലും ചേരാതെ ഒരു പ്ലാസ്റ്റിക് മലയായി രൂപാന്തരപ്പെടുകയാണ്. നാം സ്വീകരിക്കുന്ന തെറ്റായ പ്രവണതകളുടെ ഭാഗമായി ഇന്ന് കടൽപോലും മലിനമാകുന്ന രീതിയിലേയ്ക്ക് മാറുകയാണ്.

ഇൻഡ്യയിൽ ഡി.ഡി.റ്റി. പോലുള്ള കീടനാശിനികൾ നിരോധിക്കപ്പെട്ടതാണ്. അത്തരം കീടനാശിനികളുടെ ഉപയോഗംമൂലം ഡൽഹി പോലെയുള്ള മെട്രോ സിറ്റികളിൽ നടത്തിയ പഠനത്തിൽ അവിടത്തെ അമ്മമാരുടെ മുലപ്പാലിൽപ്പോലും ഡി.ഡി.റ്റി.-യുടെ അംശമുണ്ടായിരുന്നുവെന്നാണ് തെളിയിച്ചത്. ഏറ്റവും പരിശുദ്ധമെന്ന് കരുതുന്ന ഒന്നാണ് മുലപ്പാൽ; അതിൽപ്പോലും ഇത്തരം കീടനാശിനികളുടെ ചെറിയ രീതിയിലുള്ള അളവുണ്ടായിരുന്നുവെന്നാണ് റിപ്പോർട്ട്. എത്രമാത്രം ഭീകരമായിട്ടാണ് ജലമലിനീകരണവും അതിന്റെ ഭാഗമായിട്ടുള്ള മറ്റ് പ്രശ്നങ്ങളും മനുഷ്യജീവിതത്തെ ബാധിക്കുന്നതെന്നുള്ളത് ഗൗരവത്തോടുകൂടി കാണേണ്ടതാണ്.

വ്യാവസായിക മലിനീകരണവും ഏറ്റവും പ്രധാനപ്പെട്ടതാണ്. അത് തടയാൻ നമുക്കെന്ത് ചെയ്യാൻ സാധിക്കുമെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. അത്തരം മലിനീകരണം തടയാനാവശ്യമായ നടപടികൾ നമുക്ക് കൂട്ടായി സ്വീകരിക്കേണ്ടിയിരിക്കുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാരിന്റെ വ്യത്യസ്ത മേഖലകൾ, ജലവിഭവ വകുപ്പ് എന്നിവയുടെ മാത്രം ഉത്തരവാദിത്വമല്ല. ജലം കാത്തുസൂക്ഷിക്കുകയെന്നത് ഓരോ പൗരന്റെയും ഉത്തരവാദിത്വമാണ്. ലഭ്യമായ ജലം ശുദ്ധീകരിച്ച് നിലനിർത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. മുരളി പെരുനെല്ലി:</u> സർ, ശുദ്ധജലത്തിന്റെ പ്രധാനപ്പെട്ട സ്രോതസ്സ് കിണറുകളാണെന്ന കാര്യം നമുക്കറിയാം. ദ്രുതഗതിയിൽ നഗരവൽക്കരണം നടക്കുമ്പോൾ ആ പ്രദേശത്തെ കിണറുകളെല്ലാം കുഴിച്ചുമൂടുകയാണ്. അത്തരം കിണറുകളെ സംരക്ഷിക്കാനാവശ്യമായ നടപടികൾ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്താനുള്ള ശ്രമമുണ്ടാകുമോ?

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, മലിനീകരണം ഇന്ന് വലിയ പ്രശ്നമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. നാട്ടിൻപുറങ്ങളിലുള്ള കക്കൂസുകൾ അശാസ്ത്രീയമായവയാണ്. ഇവ നിറയുമ്പോൾ എടുത്തുകൊണ്ടുപോകാനായി

സ്വകാര്യ വ്യക്തികൾ വരികയും അവർ രാത്രികാലങ്ങളിൽ ഈ മാലിന്യം എടുത്തുകൊണ്ടുപോയി റോഡിന്റെ സൈഡിലോ ആറിലോ കൊണ്ടുപോയി തള്ളുകയും ചെയ്യുന്ന രീതി ഇപ്പോഴുണ്ട്. യഥാർത്ഥത്തിൽ ശരിയായ രീതിയിൽ ഇവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള യാതൊരു സംവിധാനവും പല പ്രദേശങ്ങളിലുമില്ല. മറ്റ് മാർഗ്ഗങ്ങളൊന്നും ഇല്ലാത്തതുകൊണ്ട് ഇങ്ങനെ ചെയ്തു കൊണ്ടിരിക്കുകയാണ്. രാത്രികാലങ്ങളിൽ ഇത്തരം മാലിന്യങ്ങൾ കൊണ്ടുപോയി ആരുമില്ലാത്ത സ്ഥലത്തും പുഴയിലും വഴിയിലും റോഡിന്റെ സൈഡിലും ഒഴുക്കുന്നുണ്ട്. ഇതിന് സ്ഥായിയായ എന്തെങ്കിലും പരിഹാരം താങ്കൾക്ക് നിർദ്ദേശിക്കാനുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, നഗരവൽക്കരണത്തിന്റെ ഭാഗമായി ജലം വലിയ തോതിൽ മലിനീകരിക്കപ്പെടുന്നുണ്ട്. നമ്മുടെ രാജ്യത്ത് ഏതാണ്ട് 135000 ടണ്ണോളം വരുന്ന മാലിന്യം പുറന്തള്ളുന്ന വ്യവസായശാലകൾ പ്രവർത്തിക്കുന്നതായിട്ടാണ് കാണുന്നത്. 70 ശതമാനം ജലാശയങ്ങളും വ്യാവസായവൽക്കരണത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഭാഗമായി മലിനമാകുന്ന പ്രക്രിയ നമ്മളറിയാതെതന്നെ സംഭവിക്കുന്നുണ്ട്. നഗരവൽക്കരണം നമ്മുടെ ജീവിതനിലവാരത്തിന് സംഭവിച്ച ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്; അത് നമുക്കൊഴിവാക്കാനാകില്ല. എന്നാൽ നഗരവൽക്കരണം വർദ്ധിക്കുമ്പോൾ ഇത്തരം പ്രകൃതിവിഭവങ്ങളെ നന്നായി ഉപയോഗിക്കാനാവശ്യമായ സാങ്കേതികവിദ്യകൾ എങ്ങനെ രൂപപ്പെടുത്താൻ സാധിക്കുമെന്നത് നാം ചർച്ച ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. ധനകാര്യ വകുപ്പുമന്ത്രി ഈ ബജറ്റിന്റെ ആദ്യഭാഗത്ത് ചൂണ്ടിക്കാണിച്ച പ്രധാനപ്പെട്ട വിഷയം വലിച്ചെറിയാത്ത തെരുവുകൾ, മാലിന്യം അകന്ന മനസ്സുകൾ എന്നാണ്. നമ്മുടെ കയ്യിലുള്ള എല്ലാ അവശിഷ്ടങ്ങളും വലിച്ചെറിയേണ്ടതാണ് കേരളത്തിന്റെ തെരുവുകളും ജലാശയങ്ങളും ജലസ്രോതസ്സുകളും എന്ന ചിന്ത മാറ്റിയെടുക്കുക. നമുക്കതൊരു പ്രധാനപ്പെട്ട ക്യാമ്പയിനായി ഏറ്റെടുക്കാനാകണം. ഈ ബജറ്റിൽ ആദ്യം ചൂണ്ടിക്കാണിച്ച ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണിത്. നമുക്ക് ആയിരം കുടിവെള്ള പദ്ധതികളല്ല വേണ്ടത്. ഇപ്പോൾ എന്റെ മണ്ഡലത്തിൽ 36 ചെറുകിട കുടിവെള്ള പദ്ധതികൾ നിലച്ചിരിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രശ്നം കൊണ്ടല്ല അങ്ങനെ സംഭവിച്ചത്. ഒരു പഠനം നടത്തിയാണ് ബോർവെൽ താഴേയ്ക്കിട്ട് ഭൂമിക്കടിയിലുള്ള വെള്ളമെടുക്കാനുള്ള സംവിധാനമുണ്ടാക്കുന്നത്. അതൊരു പഠനത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ എഞ്ചിനീയർമാർ നടത്തിയ പഠനങ്ങൾ

മറികടന്നുകൊണ്ട് ഭൂമിയിലെ ജലം താഴേയ്ക്ക് പോകുമ്പോൾ നമുക്ക് നിർവ്വികാരമായി, നിസ്സഹായമായി നോക്കിനിൽക്കാനേ ആകൂ. നമ്മുടെ സമൂഹത്തിൽ പിരമിഡുകൾ പോലെ ഭൗതിക അവശിഷ്ടങ്ങളായി കുടിവെള്ള പദ്ധതികൾ മാറുകയാണ്. ഇത്തരം ചെറുകിട കുടിവെള്ള പദ്ധതികളൊക്കെ യാന്ത്രികമായ അവശിഷ്ടങ്ങളായി മാറുമ്പോൾ കുടിവെള്ള പദ്ധതികൾ എന്നതിനപ്പുറം ജലം മലിനമാക്കാതിരിക്കാനാവശ്യമായ ഉത്തരവാദിത്വം ഓരോ മനുഷ്യനെക്കൊണ്ടും ഏറ്റെടുപ്പിക്കണം. ജലസംരക്ഷണം എന്നത് ഓരോരുത്തരുടെയും ഉത്തരവാദിത്വമാണ്. അതാണ് സർക്കാരിന്റെ വലിച്ചെറിയാത്ത തെരുവുകൾ, മാലിന്യം അകന്ന മനസ്സുകൾ എന്ന ക്യാമ്പയിൻ.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളം സംബന്ധിച്ച് ചർച്ച ചെയ്യപ്പേടേണ്ടതാണ്. വാട്ടർ അതോറിറ്റി വെള്ളം വിതരണം ചെയ്യുന്നതുകൊണ്ട് രണ്ട് പ്രശ്നങ്ങളുണ്ട്. ഒന്ന്, നമ്മുടെ വീട്ടിലേയ്ക്കെത്തുന്ന വെള്ളം ദുരുപയോഗം ചെയ്യപ്പെടുകയാണ്. കുടിവെള്ളത്തിനുപകരമായി മറ്റാവശ്യങ്ങൾക്കും ഈ വെള്ളം ഉപയോഗിക്കുന്ന സ്ഥിതിയുണ്ട്. മാത്രമല്ല, ആ വീട്ടിലുള്ള കിണറോ കുളമോ സംരക്ഷിക്കപ്പെടാത്ത സ്ഥിതിയിലേയ്ക്ക് മാറുകയാണ്. ഉള്ളത് ഉപയോഗിക്കപ്പെടാതെ വരികയും ലഭ്യമായത് ദുരുപയോഗം ചെയ്യുകയും ചെയ്യുന്ന രണ്ട് ഫലങ്ങളാണ് അതിൽനിന്നും ഉണ്ടാകുന്നത്. നാളെ വാട്ടർ അതോറിറ്റിക്ക് വെള്ളം വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ ഉണ്ടാകാവുന്ന വളരെ ഭയാനകമായ ഭവിഷ്യത്ത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ആർ. രാജേഷ്</u>: സർ, എന്റെ നിയോജകമണ്ഡലത്തിൽ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുമ്പോൾ എഞ്ചിനീയർമാർ പറയുന്നത്, പുറത്തെ ടാപ്പിൽ നിന്ന് ഹോസ് പൈപ്പിട്ട് വീടുകളിലെ കിണറുകളിലേയ്ക്ക് വെള്ളം പൈപ്പ് വഴി ഇടുകയാണ്. രാത്രി പൈപ്പിൽ നിന്നും വെള്ളം കിണറ്റിലേയ്ക്ക് ഒഴുക്കി വിടുകയാണ്. അവർക്കെതിരെ കർശനമായ നടപടി വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്. അതുപോല ജലം ഇല്ലാതിരുന്ന കാലത്ത് മുകളിൽ തണുപ്പ് കിട്ടുന്നതിനുവേണ്ടി പൈപ്പിൽനിന്നും ഹോസ് ഇട്ട് വെള്ളം ടെറസിന്റെ മുകളിലേയ്ക്ക് നിറയ്ക്കുന്ന സ്ഥിതിയുണ്ട്. അവരുടെ കണക്ഷൻ കട്ട് ചെയ്യുകയും കർശനമായ നടപടി സ്വീകരിക്കുകയും ചെയ്തു. ജലം എനിക്ക് മാത്രം അവകാശപ്പെട്ടതാണെന്ന ചിന്തയിലേയ്ക്ക് ഓരോ മനുഷ്യരും മാറുകയാണ്. എനിക്ക് മാത്രം അവകാശപ്പെട്ടതല്ല ജലം എന്ന തിരിച്ചറിവാണ് വേണ്ടത്. ജലം സംരക്ഷിക്കാൻ എനിക്ക് ഉത്തരവാദിത്വമുണ്ട്. മറ്റാർക്കും ഇല്ലെങ്കിലും പ്രശ്നമില്ല,

എന്റെ ആവശ്യത്തിന് മാത്രമുണ്ടായാൽ മതിയെന്ന മലയാളിയുടെ പൊതുബോധം അവനിലേയ്ക്ക് മാത്രം ചുരുങ്ങുന്ന സാംസ്കാരിക അധഃപതനം ജലദൗർലഭ്യത്തിന്റെ കാര്യത്തിൽ പ്രധാനപ്പെട്ട് ഒന്നായി മാറിയിട്ടുണ്ട്. സങ്കുചിതമായൊരു മനസ്സ് മലയാളിക്ക് രൂപപ്പെട്ടുവരുന്നതിൽ ഏറ്റവും പ്രധാനപ്പെട്ട ഉദാഹരണമാണത്. ഈ ചർച്ച തുടരണമെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഇപ്പോൾ അവസാനിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ബിൽ അവതരിപ്പിക്കാനുള്ള അനുമതി തേടിക്കൊണ്ട് സഭയിൽ ഏതാനും മാസം മുമ്പ് സംസാരിക്കുമ്പോൾ ഉണ്ടായിരുന്ന ചിത്രത്തിൽനിന്നും ഇപ്പോൾ ഏറെ മാറിയിട്ടുണ്ട്. പണ്ട് നമ്മൾ പറഞ്ഞിരുന്നത്, നദിയിലൂടെ ധാരാളം ജലം ഒഴുകിപ്പോയി എന്നാണ്. ഇപ്പോൾ അത് പറയാൻ കഴിയില്ല. കാരണം, നദികളിൽ വെള്ളമില്ല. ഇപ്പോൾ ശുദ്ധജലാവകാശം അവകാശമായി പ്രഖ്യാപിച്ചുകിട്ടാനുള്ള കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടി കാണിക്കുന്നത്. കഴിഞ്ഞ വർഷത്തെ വടക്കു-കിഴക്കൻ, തെക്ക്- പടിഞ്ഞാറൻ കാലവർഷത്തിൽ വളരെയധികം കുറവുവന്നിട്ടുണ്ട്. ഒന്നുരണ്ടു ദിവസം വേനൽമഴ പെയ്താൽ മാത്രം കാലവർഷത്തിലോ തുലാവർഷത്തിലോ വന്ന കുറവ് പരിഹരിക്കാനാകില്ല. ഇന്ന് ശുദ്ധജല വിതരണ രംഗത്ത് നാം പ്രതിസന്ധി അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. നയപ്രഖ്യാപന പ്രസംഗവും ബജറ്റ് പ്രസംഗവും കഴിഞ്ഞു. ബഹുമാന്യനായ ഗവർണ്ണർ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ പ്രശ്നം അഡ്രസ് ചെയ്തിട്ടുണ്ട്. ബജറ്റിൽ ഈ കാലഘട്ടത്തിൽ സ്വീകരിക്കേണ്ട കാര്യങ്ങൾ ദീർഘവീക്ഷണത്തോടുകൂടി അവതരിപ്പിച്ചിട്ടുണ്ട്. സമൂഹവും നാടും നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളെ ബജറ്റിൽ എങ്ങനെ കൈകാര്യം ചെയ്യുന്നുവെന്നത് സംബന്ധിച്ച് വേണ്ടത്ര ചർച്ച ഈ സഭയിലുണ്ടായോ എന്ന സംശയമുണ്ട്. ഇപ്പോൾ നമ്മുടെ സ്വപ്നത്തിലുണ്ടാകേണ്ടത് പഴയ കേരളമല്ല. 44 നദികളാൽ സമ്പന്നമായ, ജലം അധികമുണ്ടായിരുന്ന ഒരു കേരളമെന്ന ആശയത്തിൽ നിന്നും ഇപ്പോൾ പുറകോട്ട് പോയിരിക്കുകയാണ്. 44 നദികളുണ്ട്. നദികളിൽ ജലം ഉറപ്പാക്കി നിർത്തണം, ജലത്തിന്റെ സാന്നിദ്ധ്യമുണ്ടാകണം. പല കാരണങ്ങളാലാണ് ജലം ഇല്ലാതായത്. വനനശീകരണം, കുന്നുകൾ, നെൽവയലുകൾ, തണ്ണീർത്തടങ്ങൾ, പാറമടകൾ എന്നിവ നശിപ്പിച്ചതടക്കമുള്ള പ്രശ്നങ്ങളുടെ ബാക്കിപത്രമാണ് ഈ വരൾച്ച. എല്ലാ നദികളിലും ജലത്തിന്റെ സാന്നിദ്ധ്യമുണ്ടാകണമെന്ന സ്വപ്നമാണ് നമുക്കുണ്ടാകേണ്ടത്. എല്ലാ ജലാശയങ്ങളും സമ്പുഷ്ടമായിരിക്കണമെന്ന ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഹരിതകേരളം മിഷൻ ഉണ്ടായത്. ഇത് കേവലം ഒരു സർക്കാർ പദ്ധതിയല്ല. മിഷൻ എന്ന വാക്കിന്റെ അർത്ഥംതന്നെ ദൗത്യമെന്നാണ്. പൊതുസമൂഹം ഏറ്റെടുക്കേണ്ട ഒരു

മഹാദൗത്യം സർക്കാർ ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുകയാണ്. എല്ലാ രൂപത്തിലുള്ള ജലസ്രോതസുകളും സംരക്ഷിക്കപ്പെടണം. ഇന്ന് ജീവൻ നിലനിൽക്കുന്ന ഒരേയൊരിടം ഭൂമിയാണ്. ആ ജീവന്റെ അടിസ്ഥാനം ജലത്തിന്റെ സാന്നിദ്ധ്യമാണ്. ജലമില്ലെങ്കിൽ ജീവനില്ല, നമ്മളാരുമില്ല. പക്ഷിമൃഗാദികളുടെയും സസ്യലതാദികളുടെയുമൊക്കെ നിലനിൽപ്പിന്റെയും വളർച്ചയുടെയും അടിസ്ഥാനം ജലമാണ്. ആ ജലം സംരക്ഷിച്ചുനിർത്തുകയെന്ന വലിയ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഗവർണറുടെ നയപ്രഖ്യാപനത്തിലും ബജറ്റിലും ചില കാര്യങ്ങൾ പ്രഖ്യാപിച്ചത്. കൃത്രിമ മാർഗ്ഗത്തിലൂടെ നദികളിൽ ജലത്തിന്റെ സാന്നിദ്ധ്യം എപ്പോഴും ഉറപ്പാക്കാനാണ് റെഗുലേറ്ററുകളുടെയും ചെക്ക് ഡാമുകളുടെയും ഒരു ശൃംഖല പണിയാൻ തീരുമാനിച്ചത്. റെഗുലേറ്ററുകൾക്ക് മാത്രം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ബജറ്റിൽ 600 കോടി രൂപയാണ് നീക്കിവച്ചിരിക്കുന്നത്. റെഗുലേറ്ററുകൾ പണിതുകൊണ്ട് നദികളിൽ ജലത്തിന്റെ സാന്നിദ്ധ്യമുണ്ടാക്കണം. കേരളത്തിൽ വാട്ടർ അതോറിറ്റി മുപ്പത് ശതമാനം ആളുകൾക്കുമാത്രമാണ് ജലം വിതരണം ചെയ്യുന്നതെന്നത് പ്രധാനപ്പെട്ടൊരു വിഷയമാണ്. പണ്ട് അത് മതിയായിരുന്നിരിക്കാം. 85 ലക്ഷം കിണറുകൾ കേരളത്തിലുണ്ട്. പഴയ കാലത്തെ ജലഉപഭോഗത്തിൽ നിന്നും ഇന്നത്തെ രീതി മാറിയിരിക്കുന്നു. കിണറിൽ നിന്നും വെള്ളം കോരി ഉപയോഗിക്കുമ്പോൾ നാം അന്ന് പാലിച്ചിരുന്ന ചില ശീലങ്ങൾ ഇന്ന് മാറിയിരിക്കുകയാണ്. നമുക്കിന്ന് ജലം നമ്മുടെ കൈകളിൽത്തന്നെ എത്തണം. അടുക്കളയിൽ പാചകത്തിനുള്ള വെള്ളം അടുക്കളയിൽതന്നെ എത്തണം. പാത്രം കഴുകുന്ന സ്ഥലത്ത് പൈപ്പുണ്ടാകണം. ഊണ് മേശയുടെ അടുത്ത് കൈ കഴുകുന്നതിനുള്ള സംവിധാനം വേണം. കുളിമുറിയിൽ തലയ്ക്ക് മുകളിൽത്തന്നെ വെള്ളം കിട്ടണം. ഒരു ബക്കറ്റിൽനിന്നും വെള്ളം കോരി ഉപയോഗിക്കുന്നില്ല. ഈ ശീലങ്ങളിലൂടെ വളരെയധികം ശുദ്ധജലം നമ്മൾ പാഴാക്കുന്നുണ്ട്.

മി. ചെയർമാൻ: ഈ ശീലങ്ങളിൽ നിന്നൊക്കെ നമുക്ക് പെട്ടെന്ന് മാറാനാകുമോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഈ ശീലങ്ങളിൽ നിന്നും പെട്ടെന്ന് മാറാനാകില്ല. ഇന്നത്തെ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ചില നിർബന്ധമായ മാറ്റങ്ങൾക്ക് നമ്മൾ പ്രേരിപ്പിക്കപ്പെടണം. ഹോസ് ഉപയോഗിച്ചും ബക്കറ്റിൽ നിന്ന് വെള്ളമെടുത്തും വണ്ടി കഴുകുമ്പോൾ വെള്ളത്തിന്റെ ഉപഭോഗത്തിൽ ഏതാണ്ട് 10 ശതമാനം മാത്രമേ ആവശ്യമായി വരുന്നുള്ളൂ. 90 ശതമാനം താഴെ വരികയാണ്. ചിലപ്പോൾ പല്ല് തേച്ച് വായ് കഴുകുന്നതുവരെ ടാപ്പ് തുറന്നിരിക്കുന്ന അവസ്ഥയുണ്ടാകും. 50-60 ലിറ്റർ വെള്ളം അങ്ങനെ

പാഴാക്കി കളയുകയാണ്. അര ലിറ്റർ വെള്ളത്തിൽ നടത്താവുന്ന കാര്യത്തിനാണ് നമ്മൾ ഇത്രയും വെള്ളം ചെലവാക്കുന്നത്.

മി. ചെയർമാൻ: ഇതുമായി ബന്ധപ്പെട്ട് ഒരു ക്യാമ്പയിൻ വകുപ്പ് നടത്തുന്നുണ്ടോ?

ശ്രീ. മാത്യു ടി. തോമസ്: സർ, ഹരിത കേരളം മിഷൻ അടക്കം ഈ വരൾച്ചാ കാലത്തെ പ്രവർത്തനങ്ങളെല്ലാം ആ ക്യാമ്പയിൻ ഏറ്റെടുത്തിരിക്കുകയാണ്. മാർച്ച് മാസം 22-ാം തീയതി അഖിലലോക ജലദിനമാണ്. വ്യത്യസ്ത പരിപാടികളാണ് വകുപ്പ് ഏറ്റെടുക്കുന്നത്. ജല ഉപഭോഗത്തിൽ നിയന്ത്രണമുണ്ടാകണം; ജലത്തിന്റെ സാന്നിദ്ധ്യമുണ്ടാകണം എന്നതാണ് ലക്ഷ്യം വയ്ക്കുന്നത്. വാട്ടർ അതോറിറ്റി 30 ശതമാനം ആളുകളിലേയ്ക്ക് മാത്രമാണ് ഇപ്പോൾ ജലം എത്തിക്കുന്നത്. അത് ഘട്ടം ഘട്ടമായി 100 ശതമാനത്തിലെത്തിക്കണം. പദ്ധതികൾ പലതും നമ്മൾ പ്രഖ്യാപിക്കുകയും നടപ്പിലാക്കുകയും ചെയ്തു. നമ്മൾ പദ്ധതികൾ ആവിഷ്കരിക്കുന്ന സമയത്ത് കണ്ട സ്രോതസ്സുകളിൽ ഇന്ന് ജലത്തിന്റെ സാന്നിദ്ധ്യമില്ല. ഇന്ന് വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന പദ്ധതികളിൽ ഇൻ-ടേക്ക് വെൽ, ട്രീറ്റ്മെന്റ് പ്ലാന്റിലേയ്ക്ക് വെള്ളം എത്തിക്കാനുള്ള സംവിധാനങ്ങൾ എന്നിവ നാം രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. അതുകൊണ്ട് ജലസമൃദ്ധിയുടെ പശ്ചാത്തലത്തിൽ നാം രൂപപ്പെടുത്തിയെടുത്ത ജീവിതരീതികളിൽ മാറ്റമുണ്ടാകണം. സൂക്ഷ്മതയോടെ വെള്ളം ഉപയോഗിക്കാൻ കഴിയണം. നമ്മുടെ സംസ്ഥാനത്തുള്ളതുപോലുള്ള ജലലഭ്യതയില്ലാത്ത മറ്റ് സംസ്ഥാനങ്ങൾ എങ്ങനെയാണ് ജലം കൈകാര്യം ചെയ്യുന്നതെന്ന് നോക്കിയാലറിയാം. അവിടത്തെ ജനങ്ങൾ പിന്തുടർന്നുവരുന്ന ചില ശീലങ്ങളുണ്ട്. വെള്ളം മുഴുവൻ സമുദ്രത്തിലേയ്ക്ക് ഒഴുകിപ്പോകാതെ, ഭൂമിയിലേയ്ക്ക് കിനിഞ്ഞിറങ്ങുന്ന ഭൂഗർഭജലം സംപോഷിപ്പിക്കാനുള്ള പദ്ധതികൾ പല സംസ്ഥാനങ്ങളിലുമുണ്ട്. നമ്മൾ ഇവിടെ മുറ്റം ടൈൽ ഇടുകയാണ് ചെയ്യുന്നത്. മഴവെള്ളം ടാർ റോഡിലൂടെ ഓടയിൽ ചെന്ന് ഏതെങ്കിലും തോട്ടിലൂടെ നദിയിലെത്തി കടലിൽ ചെല്ലുകയാണ് ഏറ്റവും സുരക്ഷിതമായ മാർഗ്ഗം. ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടണമെന്നതാണ് പ്രധാനം. അതൊരു പ്രധാന ദൗത്യമായി പൊതുസമൂഹം ഏറ്റെടുക്കണമെന്നാണ് ഹരിത കേരളം മിഷനിലൂടെ മുന്നോട്ടുവച്ചിരിക്കുന്ന ആശയം. പല തോടുകളും വൃത്തിയാക്കാൻ ശ്രമിക്കുമ്പോഴാണ് പ്ലാസ്റ്റിക് ചാക്കുകളും കുപ്പികളും കൊണ്ട് നിറഞ്ഞിരിക്കുന്നതായി കാണുന്നത്. നമ്മളൊക്കെ സ്കൂളിൽ പോകുന്ന സമയത്ത് കുപ്പിവെള്ളം കണ്ടിട്ടുപോലുമുണ്ടാകില്ല. ഇന്ന് കുപ്പിവെള്ളം വ്യാപകമാണ്. കുപ്പിവെള്ളം വാങ്ങിക്കുടിക്കുന്നത് ഇന്നൊരു ശീലമായി മാറിയിരിക്കുകയാണ്.

ഈ പ്ലാസ്റ്റിക് കുപ്പികൾ എവിടെയാണ് വലിച്ചെറിയുന്നത്? മിക്കവാറും അവ എത്തിച്ചേരുന്നത് ജലസ്രോതസ്സുകളിൽ തന്നെയാണ്. കുപ്പിവെള്ളം വളരെ പെട്ടെന്ന് ഒഴിവാക്കാൻ പറ്റുമെന്നൊന്നും പറയുന്നില്ല. പക്ഷെ മറ്റ് മാർഗ്ഗങ്ങൾ സ്വീകരിക്കാൻ കഴിയുന്നിടത്ത് ആ മാർഗ്ഗങ്ങളിലേയ്ക്ക് പോകണം. ശബരിമലയിൽ പ്ലാസ്റ്റിക് നിരോധിച്ചുകൊണ്ട് ഹൈക്കോടതി ഉത്തരവായി. അവിടെ എങ്ങനെ വെള്ളമെത്തിക്കാൻ കഴിയുമെന്നത് സർക്കാരിന്റെ മുന്നിലുണ്ടായിരുന്ന വലിയൊരു വെല്ലുവിളിയായിരുന്നു. ആ അടിയന്തര സാഹചര്യത്തെ നേരിടാൻ വാട്ടർ അതോറിറ്റിക്ക് കൂട്ടായ സഹകരണത്തോടെ കഴിഞ്ഞു. നിലയ്ക്കൽ മുതൽ സന്നിധാനം വരെയുള്ള പ്രദേശത്ത് കുപ്പിവെള്ളം കൊണ്ടുപോകാൻ പാടില്ലെന്ന തീരുമാനം വരുമ്പോഴുണ്ടാകാമായിരുന്ന പ്രത്യാഘാതങ്ങൾ ഹൈക്കോടതി പരിശോധിച്ചോ ഇല്ലയോയെന്ന് പറയാനാകില്ല. പക്ഷേ അവിടെ ചുരുങ്ങിയ സമയംകൊണ്ട് റിവേഴ്സ് ഓസ്മോസിസ് എന്ന സാങ്കേതിക വിദ്യയിലൂടെ പ്ലാന്റുകളും വഴികളിലുടനീളം കിയോസ്കുകളും സ്ഥാപിച്ച് ടാപ്പുകളിലൂടെ വെള്ളം വിതരണം ചെയ്യാൻ കഴിഞ്ഞു. പരിപൂർണ്ണമായും പ്ലാസ്റ്റിക്ക് ഉപയോഗിക്കാതെ ശബരിമലയിൽ വന്ന തീർത്ഥാടകർക്കെല്ലാം ആവശ്യത്തിന് വെള്ളം കൊടുക്കാൻ കഴിഞ്ഞു എന്നതാണ് പ്രത്യേകത. അതുകൊണ്ട് പ്ലാസ്റ്റിക് ഇല്ലാതെയും വെള്ളം ഉപയോഗിക്കാൻ കഴിയും. ഇപ്പോൾ വാട്ടർ അതോറിറ്റിതന്നെ കുപ്പിവെള്ളത്തിലേയ്ക്ക് മാറുകയാണ്. അരുവിക്കര പ്ലാന്റിന്റെ നിർമ്മാണം വേഗത്തിലാക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. ഇറിഗേഷൻ വകുപ്പിന്റെ കീഴിലുള്ള കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ തൊടുപുഴയിൽ ഇപ്പോൾ 'ഹില്ലി അക്വാ' എന്ന പേരിൽ കുപ്പിവെള്ളം വിതരണം ചെയ്യുന്നുണ്ട്. ഉപയോഗിക്കുന്ന പ്ലാസ്റ്റിക് കുപ്പികൾ മുഴുവനായി വലിച്ചെറിയാതെ അത് റീ-സൈക്കിൾ ചെയ്യാൻ സാധിക്കുമോയെന്ന പരിശോധനയാണ് ആവശ്യം. പ്ലാസ്റ്റിക്കിന്റെ റീ-സൈക്കിളിംഗ് ഹരിത കേരളം മിഷൻ ഏറ്റെടുക്കേണ്ട പ്രധാന പ്രശ്നമാണ്. ശുചിത്വവുമായി ബന്ധപ്പെട്ട ആലോചന കൂടി അക്കാര്യത്തിലുണ്ടാകണം.

ഭൂഗർഭജലം താഴേയ്ക്ക് പോകുന്നുവെന്നതും നമ്മുടെ മുൻപിലുള്ള വലിയൊരു പ്രശ്നമാണ്. നഗരവൽക്കരണത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. നഗരവൽക്കരണത്തിലൂടെ കുടിവെള്ള സ്രോതസ്സുകൾ ഇല്ലാതാകുകയും വെള്ളത്തിന്റെ ഉപഭോഗം വർദ്ധിക്കുകയും ശുദ്ധീകരിക്കേണ്ട വെള്ളത്തിന്റെ അളവ് വർദ്ധിക്കുകയും ചെയ്യുന്നു. അതിന്റെ ഡിമാൻഡ് വർദ്ധിക്കുകയാണ്. ഇതൊക്കെ പരിഹരിക്കാൻ സാധിക്കുന്ന വിധത്തിലുള്ള ഒരു ജല സംസ്കാരവും ജല സാക്ഷരതയും സംസ്ഥാനത്ത് അത്യാവശ്യമാണ്. ജല സാക്ഷരതയെന്നാൽ ജലത്തിന്റെ ഉറവിടങ്ങൾ മലിനമാകരുത്, ജലത്തിന്റെ ഉപയോഗത്തിൽ ഇന്നുള്ള ശീലങ്ങളിൽ മാറ്റം വരണം. ജലമാണ് ജീവൻ നിലനിർത്തുന്നതെന്ന ബോധ്യത്തിൽ നമ്മുടെ

അയൽ സംസ്ഥാനമായ തമിഴ്നാട് അടക്കം അവിടെ ലഭിക്കുന്ന ഏറ്റവും കുറഞ്ഞ തോതിലുള്ള മഴവെള്ളം ശേഖരിച്ച് വെള്ളമാക്കി ഉപയോഗിക്കുന്നതുപോലെ നമ്മുടെ ഭരണക്രമത്തിന്റെ കാര്യങ്ങളിലും മാറ്റമുണ്ടാക്കാൻ കഴിയണം. പ്രധാനപ്പെട്ടൊരു വിഷയമാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, അതീവ ഗുരുതരമായ ഈ സാഹചര്യത്തിൽ ജലസംരക്ഷണവും ജലസാക്ഷരതയും ശക്തിപ്പെടുത്തുന്നതിന് സംസ്ഥാനത്തെ ഒരു ജലസുരക്ഷാ സംസ്ഥാനമായി പ്രഖ്യാപിച്ചുകൊണ്ട് വിപുലമായ ക്യാമ്പയിനിലേയ്ക്ക് പോകുന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കുമോ?

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, അത് മറ്റൊരു രൂപത്തിലുള്ള പ്രഖ്യാപനമാണ്. അത് വേണമോ വേണ്ടയോ എന്നുള്ളത് ആലോചിക്കാം. ഇപ്പോൾ അതിനെക്കുറിച്ച് നെഗറ്റീവായ മറുപടി പറയുന്നില്ല. ഹരിത കേരളം മിഷന്റെ പ്രധാനപ്പെട്ട ആശയം അതുതന്നെയാണ്. അതുസംബന്ധിച്ച് മുഖ്യമന്ത്രി നേരത്തേ വിശദമാക്കിയതിനാൽ ഞാനത് ആവർത്തിക്കുന്നില്ല. ജൈവകൃഷി പ്രോത്സാഹനം, ശുചിത്വം, ജലസുരക്ഷ തുടങ്ങിയ മൂന്ന് ഘടകങ്ങൾ ചേരുന്നതാണ് ഹരിത കേരളം മിഷൻ. അതുകൊണ്ട് ഈ വിഷയം വളരെ ഗൗരവമുള്ളതാണ്. ബഹുമാനപ്പെട്ട അംഗം ബിൽ അവതരിപ്പിച്ചപ്പോൾ പ്രധാന സാങ്കേതികപ്രശ്നം ഞാൻ ചൂണ്ടിക്കാണിച്ചിരുന്നു. ഈ ബില്ലിൽ ഒരു ധനകാര്യ മെമ്മോറാണ്ടമുണ്ട്. ധനകാര്യ മെമ്മോറാണ്ടം അനുസരിച്ച് ഒരു ബിൽ നിയമമാക്കിയാൽ പത്തുകോടി രൂപ ചെലവ് വരുമെന്നാണ് പറയുന്നത്. അങ്ങനെ ചെലവ് വരുന്ന ഒരു കാര്യത്തെ സംബന്ധിച്ച് ബിൽ അവതരിപ്പിക്കണമെങ്കിൽ ഭരണഘടനയുടെ നിബന്ധനയനുസരിച്ച് ഗവർണ്ണറുടെ മുൻകൂട്ടിയുള്ള അനുമതി വേണം. അതില്ല എന്നുള്ളതാണ് ഈ ബില്ലിലെ സാങ്കേതിക തടസ്സം. അതേസമയം ബഹുമാനപ്പെട്ട അംഗം പറയുന്ന ചില കാര്യങ്ങൾ ഉൾക്കൊള്ളുന്ന 2003-ലെ ജലസേചനവും ജലസംരക്ഷണവും ആക്ട് നിലവിലുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവരെ ശിക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ഇപ്പോൾത്തന്നെ ആക്ടിലുണ്ട്.

<u>ശ്രീ. വി.കെ. സി. മമ്മത് കോയ</u>: സർ, ജൈവ കൃഷിയെയും ജൈവ പച്ചക്കറിയെയും വലിയതോതിൽ നമ്മൾ പ്രചരിപ്പിക്കുന്നുണ്ട്. അജൈവ കൃഷി എന്നതുണ്ടോ? എന്താണ് ജൈവം എന്ന് ഉപയോഗിക്കുന്നതിലെ സാംഗത്യം; അത് ശരിയായ രീതിയാണോ?

<u>ശ്രീ. മാത്യു. ടി. തോമസ്</u>: സർ, ഇക്കാര്യത്തിൽ അഭിപ്രായം പറയാൻ ഞാൻ ശക്തനല്ല. മനുഷ്യശരീരത്തിന് ദോഷമുണ്ടാക്കുന്ന രാസവള പ്രയോഗ കൃഷിരീതി പൂർണ്ണമായും ഒഴിവാക്കി പ്രകൃതിയെത്തന്നെ ആശ്രയിച്ചുകൊണ്ടുള്ള ഒരു രീതിയാണ് ജൈവകൃഷി.

<u>മി. ചെയർമാൻ</u>: ജൈവകൃഷി എന്നതിനുപകരം പ്രകൃതി കൃഷി എന്ന പ്രയോഗം അല്ലേ നല്ലതെന്ന ഒരു ചോദ്യമായിരിക്കും അദ്ദേഹം ഉദ്ദേശിച്ചത്. അതുസംബന്ധിച്ച് പൊതുവായി ചർച്ച ചെയ്യാം.

<u>ശ്രീ. മാത്യു. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ഇവിടെയുണ്ടായിരുന്നെങ്കിൽ അതുസംബന്ധിച്ച കൃത്യമായ വിവരങ്ങൾ പറയുമായിരുന്നു. പല രൂപത്തിലുള്ള രാസവളങ്ങളും രാസപ്രയോഗങ്ങളും നമ്മുടെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുമെന്നതിനാൽ പ്രകൃതിയെ ആശ്രയിക്കുന്ന പരമ്പരാഗത കൃഷിരീതിയിലേയ്ക്ക് തിരികെ പോകണമെന്ന ആശയമാണ് ഇതിലുള്ളത്. വെള്ളത്തിന്റെ ദുരുപയോഗം സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചു.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ഫിഡൽ കാസ്ട്രോയുടെ നാടായ ക്യൂബയെ അമേരിക്കയ്ക്കെതിരായ മത്സരത്തിൽ ഭക്ഷണവും രാസവളവും ഡീസലുമൊക്കെ നൽകി സഹായിച്ചിരുന്നത് സോവിയറ്റ് യൂണിയനാണ്. സോവിയറ്റ് യൂണിയന്റെ പതനത്തിനുശേഷം രാസവളവും ഡീസലും വരാതെയായി. മിക്കവാറും പാടശേഖരങ്ങളിലെല്ലാം ഓടിയിരുന്ന ട്രാക്ടറുകൾ നിലച്ചു. ആ സന്ദർഭത്തിൽ ഫിഡൽ കാസ്ട്രോ, റൗൾ കാസ്ട്രോ അടക്കമുള്ള മെമ്പർമാരെ എല്ലാവരെയും വിളിച്ച് ഇനി അതൊന്നും പ്രതീക്ഷിച്ചിട്ട് കാര്യമില്ലെന്നും നമുക്ക് ഇതൊന്നുമില്ലാത്ത ജൈവകൃഷിയിലേയ്ക്ക് പ്രവേശിക്കേണ്ടിയിരിക്കുന്നുവെന്നും പറഞ്ഞതായി ജൈവകൃഷിയെ സംബന്ധിച്ച ഒരു പരാമർശം ചരിത്രത്തിലുണ്ട്.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മലിനജലം പൊതുജലാശയങ്ങളിലേയ്ക്ക് ഒഴുക്കിവിടാതിരിക്കാൻ പാടില്ലെന്നത് സംബന്ധിച്ച ഒരു ഉത്തരവോ അതിന്മേൽ ശക്തമായ നിലപാടോ സ്വീകരിക്കാൻ കഴിയുമോ?

<u>ശ്രീ. മാത്യു. ടി. തോമസ്</u>: സർ, അതിന് സർക്കാർ ഉത്തരവിന്റെ ആവശ്യമില്ല. സർക്കാർ സ്ഥാപനങ്ങളിൽ നിന്നല്ല, ഒരു സ്ഥാപനത്തിൽനിന്നും ഒരു വ്യക്തിയ്ക്കും ജലസ്രോതസ്സുകളിലേയ്ക്ക് മലിനജലം ഒഴുക്കിവിടാൻ അനുവാദമില്ല.

ജലസേചനവും ജലസംരക്ഷണവും ആക്ട് പ്രകാരം അത് കുറ്റകരമാണ്. ആ കുറ്റത്തിന് ഇന്ന് നിഷ്കർഷിക്കുന്ന ശിക്ഷ കുറച്ചുകൂടി വർദ്ധിപ്പിക്കണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതനുസരിച്ചുള്ള കരട് ഭേദഗതി നിയമം തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. ജലസ്രോതസ്സുകൾ മലിനമാക്കുന്ന കുറ്റത്തിന് ശിക്ഷ കൂടുതൽ കർക്കശമാക്കാനുള്ള നിയമഭേദഗതിക്കുള്ള നടപടികൾ നടന്നു കൊണ്ടിരിക്കുകയാണ്. ശുദ്ധജലം എല്ലാവർക്കും ലഭ്യമാക്കുക എന്ന അവകാശത്തെ അംഗീകരിച്ച് ഇപ്പോഴുള്ള ജലസേചനവും ജലസംരക്ഷണവും ആക്ടിൽ ഭേദഗതി വരുത്തി ജലസ്രോതസ്സുകൾ മലിനമാക്കുന്നവരെ ശിക്ഷിക്കാൻ കഴിയണം. എവിടെയെങ്കിലും മോഷണം നടക്കുന്നുണ്ടെങ്കിൽ ഡ്രൗട്ട് മാനേജ്മെന്റ് സെല്ലും വാട്ടർ അതോറിറ്റിയും കർശനമായി ഇടപെടുന്നുണ്ട്. പോലീസ് കേസ്സുകൾപോലും രജിസ്റ്റർ ചെയ്യാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ജലദുരുപയോഗം തടയാൻ എല്ലാ നിയമസഭാംഗങ്ങളുടെയും പ്രത്യേക സഹകരണവും പിന്തുണയും ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ബില്ലിന്റെ സാങ്കേതിക പ്രശ്നം ഞാൻ നേരത്തേ ഉന്നയിച്ചു. അതോടൊപ്പം ഭേദഗതി നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുവെന്നത് കണക്കിലെടുത്ത് ബിൽ പ്രസ്സ് ചെയ്യരുതെന്നാണ് എന്റെ അഭ്യർത്ഥന.

മി. ചെയർമാൻ: ശ്രീ. ആർ. രാജേഷ്, അങ്ങ് ഈ പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

(iii) 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണ പ്രവർത്തന നിയന്ത്രണ ബിൽ :

ശ്രീ. എം. സ്വരാജ്: സർ, 2016-ലെ കേരള പക്ഷി-മൃഗ സങ്കേതങ്ങളോടു ചേർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത് സംബന്ധിച്ച് മുമ്പ് കുറച്ചുകാര്യങ്ങൾ നമ്മൾ സഭയിൽചർച്ച ചെയ്തിട്ടുള്ളതാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം തെറ്റായ ഒരു ദിശയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുന്ന കാലമാണിത്. ഇന്ന് ലോകത്തെ നയിക്കുന്നതും സ്വാധീനിക്കുന്നതും ഭൂമി മനുഷ്യരുടേത് മാത്രമാണെന്ന തെറ്റായ ധാരണയാണ്. നമുക്കുവേണ്ടി ഭൂമിയിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളാണ് എല്ലായിടത്തും നടക്കുന്നത്. കടലും പുഴയും വയലും തണ്ണീർത്തടങ്ങളുമെല്ലാം നികത്തപ്പെടുന്നത് സംബന്ധിച്ച് പലപ്പോഴും സഭയുടെ മുമ്പാകെയും സമൂഹത്തിലാകെയും ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ട്. ഇതുസംബന്ധിച്ച നിയമനിർമ്മാണങ്ങൾ നമ്മുടെ നിയമസഭയുൾപ്പെടെയുള്ള നിയമനിർമ്മാണ സഭകൾ പാസ്സാക്കിയിട്ടുമുണ്ട്.

ലോകത്തിലെ വനാതിർത്തികളുള്ള ഏതാണ്ട് എല്ലാ രാജ്യങ്ങളും വ്യാപകമായ വനനശീകരണം സംബന്ധിച്ച് ഗൗരവത്തോടുകൂടി ചർച്ച ചെയ്യുകയും നിയമനിർമ്മാണങ്ങളിലേയ്ക്ക് കടക്കുകയും ചെയ്തിട്ടുള്ളതാണ്. ഭൂമിയെന്നത് മനുഷ്യരുടേത് മാത്രമല്ലെന്നും എല്ലാ സസ്യ-ജന്തുജാലങ്ങൾക്കും അവകാശപ്പെട്ടതാണെന്നുമുള്ള ശരിയായ ഒരു സാമൂഹിക അവബോധം സമൂഹത്തിനാകെ ഉണ്ടാകേണ്ടതാണ്.

12.00 P.M.]

നമുക്ക് മുമ്പേ നടന്നവരെന്ന് കരുതപ്പെടുന്ന മഹാന്മാരായ പല എഴുത്തുകാരുടെയും കൃതികളിൽ ഇത്തരത്തിലുള്ള ഒരു വീക്ഷണം മുന്നോട്ട് വച്ചിട്ടുള്ളതിനെ സംബന്ധിച്ച് പല ബഹുമാനപ്പെട്ട അംഗങ്ങളും ചൂണ്ടി കാണിക്കുകയുണ്ടായി. വൈക്കം മുഹമ്മദ് ബഷീറും വള്ളത്തോളും ടി. പത്മനാഭനും ഒ.എൻ.വി. കുറുപ്പും ഇടശ്ശേരിയുമെല്ലാം അവരുടെ വിവിധ സാഹിത്യ സൃഷ്ടികളിൽ പ്രകൃതിയും മനുഷ്യനും പക്ഷി-മൃഗാദികളും വൃക്ഷ-ലതാദികളും തമ്മിലുള്ള പാരസ്പര്യത്തെക്കുറിച്ചും അവ നിലനിൽക്കേണ്ടതിന്റെ അനിവാര്യതയെ കുറിച്ചുമെല്ലാം നമ്മെ ഓർമ്മപ്പെടുത്തുന്നുണ്ട്. "ഭൂമിയുടെ അവകാശികളിൽ" വൈക്കം മുഹമ്മദ് ബഷീറും "എന്റെ ഗുരുനാഥനിൽ" വള്ളത്തോളും അതുസംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ബഹുമാന്യനായ ടി. പത്മനാഭന്റെ 'സാക്ഷി', 'മറ്റൊരിന്ത്യാക്കാരൻ', 'മണ്ണും മനുഷ്യനും' തുടങ്ങിയ കഥകളിലെല്ലാം ഇക്കാര്യങ്ങൾ പരാമർശിക്കപ്പെടുന്നത് നമുക്കറിയാവുന്നതാണ്. പക്ഷി-മൃഗ സങ്കേതങ്ങളോട് ചേർന്നുള്ള നിർമ്മാണപ്രവർത്തനങ്ങൾ നിരോധിക്കണമെന്നല്ല, നിയന്ത്രിക്കണം എന്നതാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. പ്രായോഗികമായി നമുക്ക് കഴിയുന്ന ചില നിയന്ത്രണങ്ങൾ നാം ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. പ്രകൃതി സൗഹൃദമായ നിർമ്മാണരീതികൾ നമുക്ക് അവലംബിക്കാൻ സാധിക്കണം. പലപ്പോഴും നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രകൃതിവിരുദ്ധ രീതികളാണ് പല കാരണങ്ങളാൽ അവലംബിക്കുന്നത്. പക്ഷി-മൃഗ സങ്കേതങ്ങളോടുചേർന്ന് അനിവാര്യമായ നിർമ്മാണ പ്രവർത്തനങ്ങൾ വേണ്ടിവരുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. കെട്ടിടങ്ങളുടെ മേൽക്കൂരയും ചുമരുകളും മറ്റും സ്ഫടികഗ്ലാസ്സും ഫൈബർ ഗ്ലാസ്സും ലോഹ ഷീറ്റുകളുമെല്ലാം ഉപയോഗിച്ച് നിർമ്മിക്കുന്നതു മൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് വേണ്ടത്ര അവബോധം ഇന്നില്ല. സൂര്യതാപമേറ്റ് ഇത്തരം നിർമ്മാണ വസ്തുക്കൾ ചൂടാകുന്നതുമൂലം അന്തരീക്ഷത്തിന്റെ താപനിലയിലുണ്ടാകുന്ന മാറ്റം പക്ഷി-മൃഗാദികളുടെ സ്വാഭാവികമായ വാസത്തെ തടസ്സപ്പെടുത്തുന്നു. മനുഷ്യന്റെ കയ്യേറ്റങ്ങളും പ്രകൃതി വിരുദ്ധ നിർമ്മാണ പ്രവർത്തനങ്ങളും ഉളവാക്കുന്ന പ്രത്യാഘാതങ്ങളും ഈ

രൂപത്തിലുള്ള പ്രശ്നങ്ങളെ എത്രമാത്രം രൂക്ഷമാക്കിയിരിക്കുന്നുവെന്ന് സമീപകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്താൻ കഴിയുന്നതാണ്. കഴിഞ്ഞ ദിവസം കേരളത്തിലെ എല്ലാ മാധ്യമങ്ങളും വലിയ പ്രാധാന്യത്തോടെ റിപ്പോർട്ട് ചെയ്ത ഒരു വാർത്ത കണ്ണൂർ നഗരത്തിൽ പുലിയിറങ്ങിയത് സംബന്ധിച്ചായിരുന്നു. അതെല്ലാ പത്രങ്ങളുടെയും ഒന്നാം പേജിലെ വാർത്തയായിരുന്നു. പുലി നഗരത്തിൽ ഇറങ്ങിയത് എന്തിനായിരിക്കാം; ഇടയ്ക്ക് നമ്മളൊക്കെ പിക്നിക്കിന് കാട്ടിലേക്ക് പോകുന്നതുപോലെ ഒരു രസത്തിന് കണ്ണൂർ ടൗൺ കാണാൻ വേണ്ടി വന്നതായിരിക്കുമെന്ന് കരുതാനാകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ, പുലിയോട് ചോദിക്കാനും സാധിക്കില്ല. കൊട്ടിയൂരിലാണ് ഏറ്റവുമൊടുവിൽ ആന മനുഷ്യനെ ചവിട്ടിക്കൊന്ന വാർത്ത വന്നത്. കേരളത്തിന്റെ പല ഭാഗങ്ങളിലും ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെയെല്ലാം സംഭവിക്കുന്നതെന്ന് യാഥാർത്ഥ്യ ബോധത്തോടുകൂടി, അവധാനതയോടെ ചിന്തിക്കാൻ സാധിക്കണം. മൃഗങ്ങളുടെ നാടായ കാട് ഇന്ന് മനുഷ്യർ കയ്യേറുകയാണ്. അത് നാം കൃഷിഭൂമിയായും വാസസ്ഥലമായും മാറ്റുകയാണ്. അവിടെ നാം അനിയന്ത്രിതമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണ്. ഇത്തരത്തിൽ തങ്ങളുടെ ആവാസ കേന്ദ്രങ്ങളിൽ ജീവിക്കാനാകാത്ത സാഹചര്യം വരുമ്പോഴാണ് ഗത്യന്തരമില്ലാതെ പലപ്പോഴും മൃഗങ്ങൾക്ക് നാട്ടിലേയ്ക്കിറങ്ങേണ്ടി വരുന്നത്. ജനങ്ങൾക്കുള്ളതുപോല മൃഗങ്ങൾക്ക് കോടതിയില്ല, പോലീസില്ല, ജയിലില്ല, നിയമസഭയുമില്ല. മൃഗങ്ങൾക്ക് അങ്ങനെയുണ്ടായിരുന്നുവെങ്കിൽ ഒരുപക്ഷേ അവിടത്തെ ജയിലുകൾ മനുഷ്യനെക്കൊണ്ട് നിറയുമായിരുന്നുവെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കാടും പുഴയും നദിയുമെല്ലാം തങ്ങൾക്കുവേണ്ടി മാത്രമുള്ളതാണെന്നുള്ള തെറ്റായൊരു ബോധത്തിന്റെ പിടിയിലമർന്ന മനുഷ്യരുടെ ഇത്തരത്തിലുള്ള പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങളും നിർമ്മാണ പ്രവർത്തനങ്ങളുമുൾപ്പെടെ നടക്കുന്നതിന്റെ ഭാഗമായി ഉളവായിട്ടുള്ള പ്രതിസന്ധിയാണിത്. നമ്മുടെ പ്രിയപ്പെട്ട കവി ഒ.എൻ.വി. കുറുപ്പ് അദ്ദേഹത്തിന്റെ അവസാനകാല രചനയായ ദിനാന്ത്യത്തിൽ എഴുതിയത് ഇങ്ങനെയാണ്;

'നമ്മൾ ജയിക്കും, ജയിക്കുമൊരു ദിനം,

നമ്മൾ ഒറ്റയ്ക്കല്ല, നമ്മളാണ് ഈ ഭൂമി'.

നാം ഈ കാലഘട്ടത്തിൽ അനിവാര്യമായും ഉയർത്തിപ്പിടിക്കേണ്ട ഒരു നവമാനവികതയുടെ ദർശനത്തെയാണ് ഒ.എൻ.വി. കുറുപ്പ് മുമ്പോട്ടുവയ്ക്കുന്നത്. നമ്മളെന്നുപറഞ്ഞാൽ, മനുഷ്യർ; എന്നുപറഞ്ഞാൽ നാം പ്രതിനിധാനം

ചെയ്യേണ്ടത്, ഈ ഭൂമിയിലെ ഏകകോശ ജീവികൾ മുതൽ എല്ലാ പക്ഷി-മൃഗാദികളെയും എല്ലാ സസ്യജാലങ്ങളെയുമാണെന്ന ശാസ്ത്രീയവും വിശാലവുമായ കാഴ്ചപ്പാടാണ് നമുക്കുണ്ടാകേണ്ടത്. അങ്ങനെ ഓരോ മനുഷ്യനും ഈ പ്രകൃതിയിലെ ഓരോ ജീവജാലങ്ങൾക്കും സസ്യജാലങ്ങൾക്കുംവേണ്ടി ചിന്തിക്കാനും സംസാരിക്കാനും സ്വപ്നം കാണാനും കഴിയുമ്പോഴാണ് ആധുനിക കാലത്തിലെ മനുഷ്യർ എന്ന് നമുക്ക് അഭിമാനിക്കാൻ കഴിയുന്നത്. നാം മാനവികതയെക്കുറിച്ച് ധാരാളം ചർച്ച ചെയ്തിട്ടുണ്ട്. മാനവികത ഒരു ഘട്ടം കഴിഞ്ഞപ്പോൾ സ്വാഭാവികമായും വിശ്വമാനവികത എന്ന സങ്കൽപ്പത്തിലേയ്ക്ക് വളർന്നിട്ടുണ്ട്. ഇതെല്ലാം കാലാനുസൃതമായി കൂടുതൽ നവീകരിക്കപ്പെടേണ്ടതും വളരേണ്ടതുമാണ്. നവമാനവികതയുടെ പുതിയൊരു സാംസ്കാരിക അവബോധത്തിലേയ്ക്ക് മനുഷ്യരാശിക്ക് കടന്നുവരാനാകണം. ആ നവമാനവികത എന്നതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് ഈ പ്രപഞ്ചത്തിലെ സർവ്വചരാചരങ്ങളെയും സ്വന്തം കുടുംബത്തിന്റെ ഭാഗമായി കാണാൻ കഴിയുന്ന വിശാലമായ, അതിവിപുലമായ ഒരു ബോധമാണ്. ആ ബോധത്തിലേയ്ക്ക് വളരാൻ കഴിയുമ്പോഴാണ് നമുക്ക് ഈ ആവാസവ്യവസ്ഥയുടെ സങ്കീർണ്ണതയെക്കുറിച്ച് ബോദ്ധ്യപ്പെടുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, അങ്ങ് ആവാസവ്യവസ്ഥയെക്കുറിച്ചാണ് സൂചിപ്പിക്കുന്നത്. സമൂഹത്തിൽ നായയുണ്ടാക്കുന്ന പ്രശ്നങ്ങൾ നമുക്കറിയാം. പൊതുസമൂഹത്തിന് ഒരു പാനിക് സിറ്റുവേഷൻ തെരുവുനായ്ക്കൾ ഉണ്ടാക്കുന്നുണ്ട്. അത്തരം മൃഗങ്ങളോടുള്ള ശ്രീ. എം. സ്വരാജിന്റെ സമീപനം എന്താണ്; അവയെ കൊല്ലാൻ പാടുണ്ടോ; ശ്രീമതി മേനകാ ഗാന്ധിയുടെ നിലപാടാണോ ഉള്ളത്? ആനപ്പുറത്തിരിക്കുന്നവർക്ക് കാളയെ പേടിക്കേണ്ട കാര്യമില്ല. ശ്രീമതി മേനകാ ഗാന്ധിക്ക് ഒരിക്കലും തെരുവിലിറങ്ങി നടക്കേണ്ട കാര്യമില്ല. തെരുവിലിറങ്ങി നടക്കേണ്ടിവരുന്നത് നമ്മളെപ്പോലുള്ള ആളുകൾക്കാണ്. സംസ്ഥാനത്ത് ഇപ്പോൾ തെരുവുനായ്ക്കൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് സജീവമായൊരു ചർച്ച സംഘടിപ്പിക്കേണ്ടതുണ്ട്. ജനങ്ങൾക്ക് പന്നിയെ വെടിവയ്ക്കാൻ പറ്റില്ല. കാരണം, പന്നികളെ ആക്രമിക്കുമ്പോൾ അവ ഗർഭിണിയാണോയെന്ന് പരിശോധിക്കണമെന്നുള്ള ചില നിയമങ്ങളൊക്കെയുണ്ട്. ഇത്തരം കാര്യങ്ങളെ കുറിച്ചുള്ള അങ്ങയുടെ അഭിപ്രായമെന്താണ്?

<u>മി. ചെയർമാൻ</u>: എല്ലാ നായ്ക്കളെയും ഒരുപോലെ കാണാനാകില്ല; 'വെള്ളപ്പൊക്കത്തിൽ' എന്ന തകഴിയുടെ കഥയിലെ നായയെയും തെരുവിലെ ആക്രമണകാരിയായ നായയെയും രണ്ടായി കാണേണ്ടതല്ലേ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ആക്രമിക്കുമോ ഇല്ലയോ എന്ന് നമുക്ക്

മുൻകൂട്ടി കണ്ടെത്താൻ കഴിയില്ല. കേരളത്തിന്റെ ഈ അവസ്ഥയ്ക്ക് നായകളെ മാത്രം കുറ്റപ്പെടുത്താൻ കഴിയില്ല. നായയെ ഈ നിലയിലേയ്ക്ക് വളർത്തുന്നതിൽ നമ്മളും പങ്ക് വഹിക്കുന്നുണ്ട്. മാലിന്യം നിക്ഷേപിക്കുന്നതുപോലുള്ള കാര്യങ്ങളാണ് ഇതിന് കാരണമായി മാറുന്നത്. ഇത്തരമൊരു സാഹചര്യത്തിൽ നമ്മൾ എന്ത് നിലപാടാണ് സ്വീകരിക്കേണ്ടത്? അക്കാര്യത്തിൽ ശ്രീ. എം. സ്വരാജ് അഭിപ്രായം പറയേണ്ടതാണ്.

ശ്രീ. എം. സ്വരാജ്: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചിട്ടുള്ളത് ഒരു വ്യത്യസ്ത വിഷയമാണെന്നാണ് എനിക്ക് തോന്നുന്നത്. എന്തായാലും ഈ വിഷയത്തിൽ ശ്രീമതി മേനകാഗാന്ധിയുടെ അഭിപ്രായമല്ല എനിക്കുള്ളത്. സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള സമീപനത്തെ പിന്തുണയ്ക്കുന്ന ആളാണ് ഞാൻ. സർക്കാർ ഇപ്പോൾ ABC (Animal Birth Control) പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ബില്ലിന് ആസ്പദമായ വിഷയത്തിന്റെ പരിധിയിൽ യഥാർത്ഥത്തിൽ തെരുവുനായ്ക്കളുടെ ശല്യം വരുന്നില്ല. വന്യമൃഗങ്ങൾ, വനത്തിൽ ജീവിക്കുന്ന മൃഗങ്ങൾ, പക്ഷികൾ എന്നിവയുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങളാണ് ഈ ബില്ലിൽ വരുന്നത്,

ശ്രീ. എ. എം. ആരിഫ്: സർ, പക്ഷി-മൃഗാദികൾക്ക് ജീവിക്കാനുള്ള അവകാശത്തെ മനുഷ്യൻ കടന്നുകയറി നിഷേധിക്കുന്നത് സംബന്ധിച്ച ആശങ്കകളും പക്ഷി മൃഗാദികളുടെ സംരക്ഷണവുമാണ് അങ്ങ് ഈ ബില്ലിലൂടെ അവതരിപ്പിക്കുന്നത്. അതിന്റെ സദുദ്ദേശത്തെ അംഗീകരിച്ചുകൊണ്ടുതന്നെ പറയുകയാണ്, പക്ഷികൾ സഞ്ചാരികളാണ്. വളരെയധികം പക്ഷികൾ വിദേശ രാജ്യങ്ങളിൽ നിന്ന് മൈഗ്രേഷന്റെ ഭാഗമായി ഇവിടെ വരാറുണ്ട്. അതിലേറ്റവുമധികം പക്ഷികൾ വരുന്നത് എന്റെ നിയോജകമണ്ഡലത്തിലാണ്. അവർ വയലേലകൾ കാണാനും കൊയ്ത്ത് കഴിഞ്ഞശേഷമുള്ള അവശിഷ്ടങ്ങൾ കൊത്തിപ്പെറുക്കാനുമാണ് വരുന്നത്. മനോഹരമായ ആയിരക്കണക്കിന് പക്ഷികളാണ് വരുന്നത്. ആ പക്ഷികളെയെല്ലാം കാണാനും വിലയിരുത്താനും പക്ഷിശാസ്ത്രജ്ഞരും വരുന്നുണ്ട്. മനുഷ്യവാസമുള്ള സ്ഥലങ്ങളിലേയ്ക്ക് പക്ഷികൾ വരികയാണ്. നമ്മൾ അവരുടെ സങ്കേതങ്ങളിലേയ്ക്ക് കടന്നുകയറരുത്, അവരെ സംരക്ഷിക്കണം, അങ്ങോട്ട് കടന്നുപോകുന്നതിന് നിയന്ത്രണങ്ങൾ വരുത്തണമെന്നാണ് അങ്ങ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അവരെ നിരീക്ഷിക്കാനായി പക്ഷിശാസ്ത്രജ്ഞർ രാജ്യത്തിന്റെ നാനാദിക്കുകളിൽ നിന്നും വരുന്നുണ്ട്. അവർക്ക് പക്ഷികളെ നിരീക്ഷിക്കാനുള്ള അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ ഒരു ബേർഡ് വാച്ച് ടവർ പക്ഷിസങ്കേതങ്ങളിൽ ഒരുക്കേണ്ടിവരും. അങ്ങ് നിർമ്മാണപ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്ന് പറയുമ്പോൾ, പക്ഷികളുടെ സഞ്ചാരസ്വാതന്ത്ര്യത്തിനും മറ്റും തടസ്സം വരാത്ത

തരത്തിൽ ബേർഡ് വാച്ച് ടവറുകളും ആവശ്യമായിവരും. ലോകത്തിന്റെ വിവിധ മേഖലകളിൽ അത്തരം ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. അത്തരം ബേർഡ് വാച്ച് ടവറുകൾ ആവശ്യമാണോ ഇല്ലയോ എന്നതുകൂടി അങ്ങയുടെ ബില്ലിന്റെ ഭാഗമായി പരിഗണിക്കുമോ; അത്തരം നിർമ്മാണ രീതികളോട് അങ്ങയുടെ സമീപനമെന്താണ്;പ്രകൃതിദത്തമായ സാധനസാമഗ്രികളോടുകൂടി അത്തരം സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് പക്ഷിശാസ്ത്രജ്ഞർക്കും പക്ഷി നിരീക്ഷകർക്കും ആവശ്യമാണെന്ന് തോന്നുന്നില്ലേ?

<u>ശ്രീ. ആർ. രാജേഷ്:</u> സർ, ബേർഡ് വാച്ച് ടവറുകൾ പോലുള്ളവ ഉണ്ടാകാൻ പാടില്ലെന്നുള്ളതാണ്. ഇത്തരം പക്ഷികളും മൃഗങ്ങളും സ്വാഭാവികമായി വരുന്ന സ്ഥലത്ത് അനധികൃത നിർമ്മാണങ്ങളുണ്ടാകാൻ പാടില്ലായെന്നുള്ളതാണ് ഈ ബില്ലിന്റെ കൺസെപ്റ്റ്. അപ്പോൾ അങ്ങ് പറഞ്ഞത് ശരിയാണോ;

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സർ, ബാലുശ്ശേരി മണ്ഡലത്തിൽ കിളികിടുക്കി എന്നൊരു സ്ഥലമുണ്ട്. അതിന്റെ നാല് സൈഡിലും മലയാണ്. അവിടെ പക്ഷികളൊക്കെ വരുന്നുണ്ട്. അവിടെ വാച്ച് ടവർ സ്ഥാപിക്കുന്നത് സംബന്ധിച്ച് മുൻ സർക്കാരിന്റെ കാലത്ത് ഞാൻ സബ്മിഷൻ അവതരിപ്പിക്കുകയും അനുവാദം വാങ്ങുകയും ചെയ്തിരുന്നു. ഇതുവരെ ടവർ സ്ഥാപിച്ചിട്ടില്ല. അവിടെ പത്രക്കാരും കുട്ടികളുമൊക്കെ വരുന്നുണ്ട്. കുട്ടികൾ അവിടത്തെ ഔഷധച്ചെടികളൊക്കെ നശിപ്പിക്കുകയാണ്. അവിടെയൊരു വാച്ച് ടവർ സ്ഥാപിക്കാൻ ബഹുമാനപ്പെട്ട മന്ത്രികൂടി ശ്രദ്ധിച്ചെങ്കിൽ മാത്രമേ സാധിക്കൂ. അതിനുള്ള സൗകര്യം അവിടെയുണ്ട്. അത് നിലനിർത്തണമെന്ന് അങ്ങേയ്ക്ക് ആഗ്രഹമുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ:</u> സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. എം. ആരിഫ് പറഞ്ഞതിനോട് ഞാൻ ശക്തമായി വിയോജിക്കുകയാണ്. പ്രകൃതിയുടെ നന്മയും നൈസർഗ്ഗികതയും നിലനിൽക്കുന്ന സ്ഥലങ്ങളിലാണ് പക്ഷികൾ വരുന്നത്. അതിനെ സ്പർശിച്ചാൽ അതിന്റെ വരവില്ലാതാകും. പരമാവധി ജനങ്ങളുടെ ഇടപെടൽ കുറയ്ക്കുകയാണ് വേണ്ടത്. പക്ഷികളെക്കുറിച്ച് പഠിക്കാൻ വരുന്നവരും കാണാൻ വരുന്നവരും ദൂരെനിന്ന് ബൈനോക്കുലർ വച്ച് നോക്കുന്നതായിരിക്കും നല്ലത്. ടവർ സ്ഥാപിച്ചാൽ ടിക്കറ്റൊക്കെ വച്ച് അവിടെ കാണാനായി ആളുകൾ വരികയും അത് പക്ഷികളുടെ ആവാസ സംവിധാനത്തിന് തടസ്സമുണ്ടാകുകയും വിദേശത്തുനിന്നുള്ള പക്ഷികളൊക്കെ വരാതാകുകയും ചെയ്യും. അവിടെ ധാരാളം പക്ഷികൾ വരുന്ന സ്ഥലമാണ്. ഞാൻ മാതൃകാപരമായൊരു കാര്യം പറയാം,; ബഹുമാനപ്പെട്ട മന്ത്രി എ. കെ. ശശീന്ദ്രന്റെ മണ്ഡലത്തിൽ ബൈപ്പാസിന്റെ വൈഡനിംഗ് വന്നപ്പോൾ ധാരാളം പക്ഷിക്കുഞ്ഞുങ്ങളുള്ള ഒരു വലിയ

മരമുണ്ടായിരുന്നു. അദ്ദേഹംകൂടി ഇടപെട്ട് അവിടെ അത് നശിക്കരുതെന്ന് കരുതി പി.ഡബ്ല്യു.ഡി.-യെക്കൊണ്ട് ഐലന്റിന്റെ ഭാഗമാക്കി അത് പ്രിസർവ് ചെയ്തു. അതിപ്പോഴും അവിടെ നിൽക്കുകയാണ്. ആ പക്ഷിക്കൂട് നശിപ്പിക്കാതെ, പക്ഷികൾ വരുന്നത് തടസ്സപ്പെടുത്താതെ റോഡ് ഡെവലപ്മെന്റിന്റെ ഭാഗമായിപ്പോലും മരം സംരക്ഷിച്ച അനുഭവം നമുക്കുണ്ട്. അങ്ങനെ ഓരോ കാര്യവും നമ്മൾ സൂക്ഷ്മമായി ശ്രദ്ധിക്കേണ്ടതാണെന്ന വികാരമാണ് ശ്രീ. എം. സ്വരാജ് അവതരിപ്പിക്കുന്ന ബില്ലിലുള്ളത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഇന്ന് പക്ഷികൾക്ക് കുടിക്കാൻ വെള്ളംപോലും കിട്ടാത്ത അവസ്ഥയുണ്ട്. താങ്കൾ പക്ഷികളോട് ഇത്രയും താൽപ്പര്യം കാണിക്കുന്നതുകൊണ്ട് ഞാൻ പറയുകയാണ്.

മി. ചെയർമാൻ: എല്ലാവരുംകൂടി ചോദിച്ചാൽ അദ്ദേഹം പറഞ്ഞുവന്ന കാര്യം പൂർത്തീകരിക്കാൻ സാധിക്കില്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ശുദ്ധജലം അവരുടെയും അവകാശമാണ്. അതവർക്ക് ലഭ്യമാക്കാനുള്ള എന്തെങ്കിലും നിർദ്ദേശം വയ്ക്കാൻ പറ്റുമോ?

ശ്രീ. എം. സ്വരാജ്: സർ, ഇവിടെ ബഹുമാന്യരായ അംഗങ്ങൾ വളരെ പ്രസക്തമായ പല വിഷയങ്ങളും ചർച്ചയുടെ ഭാഗമായി ഉന്നയിച്ചിട്ടുണ്ട്. ഞാൻ നേരത്തേ പറഞ്ഞുവന്നത്, ഒരു സാമൂഹിക പ്രശ്നമായി ഉയർന്നുവന്നിട്ടുള്ള തെരുവുനായ്ക്കളുടെ ശല്യവും ഇവിടെ അവതരിപ്പിക്കുന്ന ബില്ലിൽ പരാമർശിക്കുന്ന വിഷയവും തമ്മിൽ നേരിട്ട് ബന്ധമുള്ളതല്ല. ഇത് വന്യമൃഗങ്ങളെ സംബന്ധിച്ചും കാടുകളിലും മറ്റ് പക്ഷിസങ്കേതങ്ങളിലും വരുന്ന പക്ഷികളെ സംബന്ധിച്ചും ആ മേഖലയിലുള്ള പ്രകൃതിവിരുദ്ധമായ നിർമ്മാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കണമെന്നുമാവശ്യപ്പെടുന്ന ബില്ലാണ്. തെരുവുനായ്ക്കളുടെ കാര്യം മറ്റൊരു വിഷയമാണ്. സത്യസന്ധവും ആത്മവിമർശനപരവുമായ ഒരു പരിശോധന നടത്താൻ നമ്മളിലെ മനുഷ്യൻ നമ്മെ അനുവദിക്കുന്നുണ്ടെങ്കിൽ സമീപ ദിവസങ്ങളിൽ പുറത്തുവന്നിട്ടുള്ള പല വാർത്തകളുമായി ചേർത്തുവച്ചാൽ മനുഷ്യനേക്കാൾ ഭേദമാണ് മൃഗങ്ങളെന്നാണ് തോന്നുന്നത്. ക്രൂരനായ, നരഭോജിയായ പുലിയെന്നൊക്കെ നമ്മൾ പറയും. പക്ഷേ ഒരു നരഭോജിയായ പുലിയും ഒരു പെൺപുലിയെ ബലാൽസംഗം ചെയ്ത് കൊന്നതായി ചരിത്രത്തിലെവിടെയും നമുക്ക് കാണാൻ കഴിയില്ല. ഒരു തെരുവുനായയും ഒരു പട്ടിക്കുഞ്ഞിനെ ബലാൽസംഗം ചെയ്ത് കൊന്നതായ വാർത്ത എവിടെയും നമ്മൾ കേട്ടിട്ടില്ല.

സമീപകാലത്ത് പുറത്തുവന്നിട്ടുള്ള ഒരു വാർത്ത, ഒരാൾ നവമാധ്യമത്തിലൂടെ വെളിപ്പെടുത്തി. അയാളുടെ വീടിനടുത്തുള്ള അഞ്ച് വയസ്സുള്ള കുഞ്ഞിനോട് അയാൾക്ക് കാമം തോന്നിയെന്നും ആ കുഞ്ഞിനെ അയാൾ മിഠായികൊടുത്ത് വശംവദയാക്കാൻ നോക്കിക്കൊണ്ടിരിക്കുകയാണെന്നുമാണ്. ഈ വിവരം നവമാധ്യമത്തിൽ വന്നപ്പോൾ ഇത് വളരെ നല്ല കാര്യമാണെന്നും അയാളുടെ സ്വതന്ത്രമായ ആത്മാവിഷ്കാരമാണെന്നും പറഞ്ഞ് സ്ത്രീകളെന്ന് പറയപ്പെടുന്ന കുറെ ആളുകൾ ഇതിന് പിന്തുണ കൊടുക്കുകയാണ്. ഇങ്ങനെയൊരു ലോകത്താണ് നമ്മൾ ജീവിക്കുന്നത്. പണ്ട് മാക്സിം ഗോർക്കി എഴുതിയത്, മനുഷ്യൻ എത്ര മഹത്തായ പദമെന്നാണ്. മാക്സിം ഗോർക്കി ഇന്ന് ജീവിച്ചിരിപ്പില്ല. ഫെയ്സ് ബുക്ക് പോസ്റ്റിന് പിന്തുണ കൊടുത്ത ചിലയാളുകൾ പല വിഷയങ്ങളിലും വ്യത്യസ്തമായ പല നിലപാടുകളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പേരിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നമ്മുടെ സമൂഹത്തിൽ ഇവരൊക്കെ ജീവിച്ചിരിക്കുന്നുവെന്നത് ഭയാശങ്കകളോടെ നാം കാണേണ്ടതാണ്. തോമസ് ഹോബ്സ് തന്റെ 'ലെവിയാതൻ-'ൽ മനുഷ്യരെ സംബന്ധിച്ച ചില നിരീക്ഷണങ്ങൾ നടത്തുന്നുണ്ട്. മനുഷ്യൻ ജന്മനാതന്നെ നെഗറ്റിവിറ്റിയുള്ളവനാണ്, പകയും വിദ്വേഷവും ശത്രുതയും സംശയവുമെല്ലാമുള്ള കൊള്ളരുതാത്തവനാണ് മനുഷ്യനെന്ന ചില നിരീക്ഷണങ്ങൾ അദ്ദേഹം ലെവിയാതനിൽ നടത്തുന്നുണ്ട്. അത് നമുക്കങ്ങനെ സ്വീകരിക്കാൻ പറ്റില്ല. പക്ഷെ, ഇത്തരം ചില വാർത്തകൾ കേൾക്കുമ്പോൾ, ഇങ്ങനെയുള്ള കുറെ ആളുകൾ നമ്മുടെ നാട്ടിലുണ്ടെന്നും അവരുമായി താരതമ്യം ചെയ്താൽ ഈ വന്യമൃഗങ്ങളും തെരുവുനായ്ക്കളുമൊക്കെ ഭേദമല്ലേയെന്നും ആരെങ്കിലും സംശയിക്കുന്നുണ്ടെങ്കിൽ ആ സംശയം അസ്ഥാനത്താണെന്ന് പറയാനാവില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ വാച്ച് ടവറിനെക്കുറിച്ച് പറഞ്ഞു. ആധികാരികമായി ഒരഭിപ്രായം പറയാൻ പക്ഷി നിരീക്ഷണരംഗത്തൊക്കെ വ്യാപരിക്കുന്നവരുടെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടി വരും. മഹാനായ ഡോ. സലിം അലിയുടെയും ഇന്ദുചൂഡന്റെയുമെല്ലാം പൈതൃകത്തിന്റെ പിന്മുറക്കാർ നമ്മുടെ ഇടയിലുണ്ട്. പക്ഷെ എനിക്ക് തോന്നുന്നത്, പക്ഷികൾ കടന്നുവരുന്നിടത്ത്, പക്ഷിനിരീക്ഷണം ഒരു പ്രത്യേക പ്രാധാന്യത്തോടുകൂടി കണക്കാക്കുന്നവർക്ക് കുറച്ച് പ്രയാസങ്ങൾ സഹിച്ചായാലും കടന്നുചെല്ലാനും നിരീക്ഷിക്കാനും കഴിയും. നമ്മളവിടെ ഒരു ടവർ നിർമ്മിച്ചുകൊടുക്കേണ്ടതുണ്ടോ; അങ്ങനെയുണ്ടെങ്കിൽ അതൊരിക്കലും പക്ഷികളുടെ സ്വൈര്യവിഹാരത്തിന് തടസ്സംവരാത്ത വിധത്തിൽ ഏറ്റവും പ്രകൃതി സൗഹൃദമായി ഭാവിയിലും അവിടെ പക്ഷികളുടെ വരവ് തടസ്സപ്പെടാതിരിക്കുമെന്ന് ഉറപ്പുവരുത്തിക്കൊണ്ട് നിർമ്മിക്കുന്നതായിരിക്കും ഉചിതമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ബഹുമാനപ്പെട്ട എം. സ്വരാജ് അവതരിപ്പിച്ച ബിൽ വളരെയധികം പ്രാധാന്യമുള്ളതാണ്. കാരണം, അതിൽ അദ്ദേഹത്തിന്റെ പല നിരീക്ഷണങ്ങളുമുണ്ട്. തീർച്ചയായും നമ്മുടെ സമൂഹത്തിന്റെ കണ്ണുതുറപ്പിക്കുന്നതാണിത്. മൃഗങ്ങളുമായി ഇണങ്ങി ജീവിക്കുന്ന ഒരു സമൂഹത്തെ നേരിൽക്കാണാൻ അവസരം ലഭിച്ചിട്ടുള്ള ആളുകളാണ് ഞാനും ശ്രീ. എം. സ്വരാജും. സൗത്ത് ആഫ്രിക്കയിലെ പ്രിട്ടോറിയയിൽ നിന്നും ഏകദേശം 500 കിലോമീറ്റർ അകലെ നെൽസ്പ്രെഡ് എന്ന സ്ഥലത്ത് ഞങ്ങൾ നാല് ദിവസം താമസിച്ചിരുന്നു. ഞങ്ങളുടെ ഒരു പരിചയക്കാരന്റെ വീട്ടിൽ പോയപ്പോൾ കണ്ട കാഴ്ച, ആ വീടിന്റെ ചുറ്റുവട്ടത്ത് മുയലും മാനും മയിലുമെല്ലാമുണ്ട്. ഇവ പൂർണ്ണമായും അവരുമായി പൊരുത്തപ്പെട്ട് ഇണങ്ങി ജീവിക്കുന്ന ഒരു കാഴ്ചയാണ് ഞങ്ങളവിടെ കണ്ടത്. ഇങ്ങനെയുള്ള ചില സ്ഥലങ്ങൾ ലോകത്തുണ്ട്. നെൽസ്പ്രെഡ് മാതൃക എന്തുകൊണ്ട് നമുക്ക് സ്വീകരിക്കാൻ കഴിയുന്നില്ല. എല്ലായിടത്തും കേരളത്തിലെപ്പോലുള്ള അനുഭവമല്ല ഉള്ളത്. നമുക്ക് സ്വീകരിക്കാൻ കഴിയുന്ന വ്യത്യസ്തമായ നല്ല മാതൃകകൾ ലോകത്തുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളത്?

<u>ശ്രീ. എം. സ്വരാജ്</u> : സർ, ഞാൻ തീർച്ചയായും ഓർക്കുന്നുണ്ട്. ഞങ്ങൾ അവിടെ പോയപ്പോൾ സീബ്ര ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾ വളർത്തുമൃഗങ്ങളെപ്പോലെയാണ് ഞങ്ങൾ താമസിക്കുന്ന വീടിന്റെ മുറ്റത്തെല്ലാം നടന്നത്. അവിടത്തെ വന്യമൃഗങ്ങൾ നാട്ടിൻപുറങ്ങളിലിറങ്ങിയാൽ പിന്നീട് മടങ്ങിപ്പോകുകയും ചെയ്യും. ഞങ്ങൾക്കവിടെ കാണാൻ കഴിഞ്ഞത് മനുഷ്യനും മൃഗങ്ങളും പ്രകൃതിയുമെല്ലാം വളരെ സൗഹൃദ അന്തരീക്ഷത്തിൽ ജീവിക്കുന്ന കാഴ്ചയാണ് പലപ്പോഴും വന്യമൃഗങ്ങളുടെ ആക്രമണത്തെക്കുറിച്ച് പറയുമ്പോൾ, അതിന്റെ സ്വാഭാവികമായ ജീവിതത്തെ നമ്മുടെ സ്വാർത്ഥതാൽപര്യത്തിന്റെ ഫലമായി തകർത്തതിന്റെ ഭാഗമായിട്ട് കാണേണ്ടതായിവരും.

<u>ശ്രീ. എ. എൻ. ഷംസീർ</u> : സർ, ഞാൻ പ്രിട്ടോറിയായിലൊന്നും പോയിട്ടില്ല. എന്റെ മണ്ഡലത്തിലെ എളഞ്ഞോലി പഞ്ചായത്തിൽ പറവകളുടെ ആകാശമെന്ന ഒരു കർമ്മപദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഞങ്ങളുടെ നാട്ടിലെ പറവകളുടെ ആകാശം കാണാൻ വന്നാൽ കുറെ പക്ഷികളെ കാണാൻ കഴിയും. അതിനായി ശ്രീ. റ്റി. വി. രാജേഷിനേയും ശ്രീ. എം. സ്വരാജിനേയും ഞാൻ ക്ഷണിക്കുകയാണ്.

<u>ശ്രീ. എം. മുകേഷ്</u> : സർ, ബഹുമാനപ്പെട്ട മെമ്പർ പക്ഷികളെക്കുറിച്ച് പറഞ്ഞപ്പോൾ, മനുഷ്യന്റെ ധാർഷ്ട്യം കാരണം പുഴകളും പ്രകൃതിയുമെല്ലാം എന്തേതാണെന്ന് പറയുന്നതായിട്ടാണ് അദ്ദേഹം സൂചിപ്പിച്ചത്. പക്ഷേ ഈ പക്ഷികളാണ് നമ്മുടെ പ്രകൃതിയുടെ ഒഴിച്ചുകൂടാനാകാത്ത, അല്ലെങ്കിൽ അവർ പ്രകൃതിയുമായി ചേരുമ്പോഴാണ് പ്രകൃതിയാകുന്നതെന്നുള്ള ഒരോർമ്മപ്പെടുത്തലാണ് ഞാൻ പങ്കുവയ്ക്കുന്നത്. കുറച്ച് വർഷങ്ങൾക്കുമുമ്പ് ഞാൻ ഹൈദ്രാബാദിൽ സൈന്യം എന്ന സിനിമയുടെ ഷൂട്ടിങ്ങിനായി പോയി. അവിടെ ഇന്ത്യൻ എയർഫോഴ്സിന്റെ സ്ഥലത്തായിരുന്നു ചിത്രീകരണം. അവിടെ പോയതിനുശേഷമാണ് മനസ്സിലായത് ഏറ്റവും കൂടുതൽ പക്ഷികളെക്കൊണ്ട് പൊറുതിമുട്ടുകയോ അല്ലെങ്കിൽ സീരിയസായി ശല്യം നേരിടുന്നതോ ആയ സ്ഥലത്താണ് എയർഫോഴ്സ് അക്കാദമി സ്ഥിതി ചെയ്യുന്നതെന്ന്. അവിടെ എല്ലാ സ്ഥലങ്ങളിലും ഭക്ഷണപദാർത്ഥങ്ങൾ വലിച്ചെറിയരുത്, പക്ഷികളെ ആകർഷിക്കുന്ന തരത്തിലുള്ള ഒരു കാര്യവും ചെയ്യരുത് എന്ന് എഴുതിവച്ചിട്ടുണ്ട്. എത്ര വലിയ ഫ്ലൈറ്റാണെങ്കിലും ടെക്നോളജി ഇത്രയും വളർന്നെങ്കിലും ഒരു പക്ഷി വിചാരിച്ചാൽ അതിനെ താഴെയിറക്കാനോ വലിയ ഒരപകടത്തിലേയ്ക്ക് എത്തിക്കാനോ സാധിക്കും. അവിടെയുള്ളവർ എപ്പോഴും പക്ഷികളെ നിരീക്ഷിച്ചുകൊണ്ടിരിക്കും. പ്രത്യേകിച്ച്, പുതിയതായി വരുന്ന കേഡറ്റ്സുകൾ ഫൈറ്റർ പ്ലെയിനുകൾ ഉപയോഗിക്കുമ്പോൾ അവരുടെ ഏറ്റവും വലിയ പ്രാർത്ഥന ബേർഡ് ഹിറ്റുണ്ടാകല്ലേയെന്നാണ്. ഇത്രയും കൊല്ലമായിട്ടും ഞാൻ ഓർത്തിരിക്കാൻ കാരണം, അവിടെ വലിയ മതിലിൽ എഴുതിവച്ചിരിക്കുന്ന ഒരു റൈറ്റിംഗ്സുണ്ട്. അതായത് 'പക്ഷികളെ ശല്യപ്പെടുത്തരുത്, കാരണം ഇത് അവയുടെ സ്ഥലമായിരുന്നു, നമ്മളാണ് എൻക്രോച്ച് ചെയ്തത് ' എന്ന്. ഇതിന്റെ അധികാരികൾ അവരാണെന്ന് പറയുന്ന ഒരു സ്റ്റേറ്റുമെന്റ് അല്ലെങ്കിൽ ആ സ്ലോഗൻ എന്റെ മനസ്സിനെ സ്പർശിച്ചു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അങ്ങനെ ഏതെങ്കിലും തരത്തിൽ കേരളത്തിലുള്ള ആളുകളെ ബോധവൽക്കരിക്കാനുള്ള ഒരു ചിന്തയുണ്ടോ?

<u>ശ്രീ. എം. സ്വരാജ്</u> : സർ, തീർച്ചയായും. പ്രധാനപ്പെട്ട ഒരു കാര്യമാണ് അദ്ദേഹം പറഞ്ഞത്. ഈ ലോകത്തിന്റെ പല ഭാഗത്തും ഇത്തരത്തിലുള്ള കാര്യങ്ങൾ കാണാൻ കഴിയും. നമ്മൾ ഇപ്പോൾ പ്രകൃതിവിരുദ്ധമായ കാര്യങ്ങളിൽ അഭിരമിക്കുമ്പോൾ ലോകത്ത് ഇങ്ങനെയൊക്കെ നടക്കുന്നുണ്ടെന്നും ഇതാണ് ശരിയായ പാതയെന്നും നാം ഒരറിവിന്റേയും അവസാന വാക്കല്ലെന്നും നമ്മുടെ

കാഴ്ചപ്പാടുകളിലുള്ള അപാകതകൾ ഇന്ന് വലിയ ദുരന്തങ്ങളിലേയ്ക്ക് ലോകത്തെ നയിക്കുന്നുണ്ടെന്നും മനസ്സിലാക്കി അത് തിരുത്തുന്നതിനുവേണ്ടിയാണ് ഇവിടെ ഇത്തരം കാര്യങ്ങൾ പറയുന്നത്. ബഹുമാനപ്പെട്ട മാവേലിക്കര അംഗം നേരത്തേ അവതരിപ്പിച്ച ബില്ലിലും പരാമർശിച്ചിട്ടുള്ള വിഷയങ്ങളുടെ ആത്മാവ് പ്രകൃതിവിരുദ്ധമായ പ്രവർത്തനങ്ങളിലൂടെ നമ്മുടെ ജല സ്രോതസ്സുകൾ വറ്റിവരളുമ്പോഴുണ്ടാകുന്ന അപകടങ്ങളെ സംബന്ധിച്ചാണ്. ഇതെല്ലാം പരസ്പരം ബന്ധമുള്ളതാണ്. ഇപ്പോൾ ബഹുമാനപ്പെട്ട കൊല്ലം അംഗം അദ്ദേഹത്തിന്റെ അനുഭവം ഇവിടെ സൂചിപ്പിച്ചു. അതാണ് ഞാനും ഇവിടെ തുടക്കത്തിൽ പറയുവാൻ ശ്രമിച്ചത്. എല്ലാ കയ്യേറ്റങ്ങളും ഇന്ന് നടത്തുന്നത് മനുഷ്യരാണ്. മൃഗം എവിടെയെങ്കിലും കയ്യേറിയതായി നമ്മൾ കേട്ടിട്ടില്ല. കയ്യേറിയതായി അല്ലെങ്കിൽ നഗരത്തിലേയ്ക്കിറങ്ങിയതായിട്ടുള്ള വാർത്ത മനുഷ്യൻ എഴുതുമ്പോഴുള്ള അറിവില്ലായ്മയോ വിവരക്കേടോ അതിൽ പ്രതിഫലിക്കുന്നുണ്ടാകും. സ്വന്തം വാസസ്ഥലം നഷ്ടമാകുമ്പോൾ പൊറുതിമുട്ടിയ, വീട്ടിൽനിന്നും ഇറക്കിവിടപ്പെടുന്ന മൃഗമാണ് നഗരത്തിലേയ്ക്ക് വരുന്നത്. അതാണ് ഇത്തരത്തിലുള്ള അനുഭവങ്ങൾ സൂചിപ്പിക്കുന്നത്. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല.

<u>ശ്രീ. വി. അബ്ദുറഹിമാൻ</u> : സർ, ഇത് വളരെ ഗൗരവതരമായിട്ടുള്ള ഒരു ചർച്ചയാണ്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി മരങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ശക്തമായ തീരുമാനങ്ങളുണ്ട്. ഭക്ഷണത്തിന്റെ കുറവുകൊണ്ടാണ് ഇപ്പോൾ കാട്ടിൽ നിന്നും പക്ഷികളും മൃഗങ്ങളുമെല്ലാം പുറത്തുവരുന്നത്. അതുകൊണ്ടുതന്നെ വനവൽക്കരണത്തിന്റെ ഭാഗമായി വനങ്ങളിൽ കൂടുതൽ പഴങ്ങളും അല്ലെങ്കിൽ പക്ഷികൾക്ക് കഴിക്കാൻ കഴിയുന്ന പേരയ്ക്കപോലുള്ള മരങ്ങളും വച്ചുപിടിപ്പിക്കാനുള്ള ശ്രമമുണ്ടാകുമോ?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : സർ, ആധുനിക സംവിധാനങ്ങൾ വരുന്നത് പക്ഷികളേയും മൃഗങ്ങളേയും അകറ്റിനിർത്തുന്നതിൽ പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ടോയെന്ന സംശയമുണ്ട്. ഇപ്പോൾ ടവറുകൾ, ഹൈമാസ്റ്റ് ലൈറ്റ് തുടങ്ങിയവയൊക്കെ പുതിയ സമ്പ്രദായത്തിൽ വരികയാണ്. ഹൈമാസ്റ്റ് ലൈറ്റിന് തൊട്ടടുത്തുള്ള വലിയ മരങ്ങളിൽ നിന്നും വാവലുകളും പക്ഷികളും അപ്രത്യക്ഷമാവുകയാണ്. പലപ്പോഴും ആധുനിക സംവിധാനങ്ങൾ ഇതിനെയൊക്കെ അകറ്റി നിർത്തുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. സ്വരാജ് : സർ, ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ള വിഷയങ്ങൾ പ്രസക്തമാണ്. സാമൂഹിക വനവൽക്കരണം വളരെ മുമ്പുതന്നെ ഒരു ഔദ്യോഗിക പരിപാടിയായി നമ്മുടെ രാജ്യം സ്വീകരിച്ചിട്ടുള്ളതാണ്. പക്ഷേ സാമൂഹിക വനവൽക്കരണത്തിന്റെ ഭാഗമായി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന യജ്ഞവുമായി മുമ്പോട്ടുപോകുമ്പോഴും വനഭൂമിയുടെ അളവ് കുറഞ്ഞുവരുന്നുവെന്നുള്ള യാഥാർത്ഥ്യം നമ്മുടെ മുമ്പിലുണ്ട്. ഹൈമാസ്റ്റ് ലൈറ്റുകളുൾപ്പെടെയുള്ള കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. അത്തരം കാര്യങ്ങളെക്കുറിച്ച് പഠിക്കാനും അതിന്റെ പാരിസ്ഥിതിക പ്രത്യാഘാതം എത്രയാണെന്ന് മനസ്സിലാക്കി അതുമായി മുന്നോട്ടുപോകുകയുമാണ് വേണ്ടത്. എനിക്ക് തോന്നുന്നത് ഇനിയും അത്തരത്തിലുള്ള പരിശോധനകളും പഠനങ്ങളും അനിവാര്യമാണെന്നാണ്. ഏതായാലും ഈ നിയമത്തിലൂടെ ഉദ്ദേശിക്കുന്നത്, കേരളത്തിലെ പക്ഷിമൃഗ സങ്കേതങ്ങൾ എന്നുപറഞ്ഞാൽ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് സാധാരണഗതിയിൽ പക്ഷിമൃഗങ്ങൾ കടന്നുവരുന്ന സ്ഥലങ്ങൾ, അതൊക്കെ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന സ്ഥലങ്ങൾ കൂടിയാണ്. അതെല്ലാം അങ്ങനെ തുടരണം. അവിടെ ഒരു നിർമ്മാണവും പാടില്ലായെന്ന മൗലികവാദപരമായ നിലപാടല്ല. ഏറ്റവും അനിവാര്യമായ നിർമ്മാണം നടത്തേണ്ടിവരുമ്പോൾ അതെല്ലാം നിയന്ത്രണങ്ങൾക്ക് വിധേയമായി, പരിസ്ഥിതി സൗഹൃദമായി, പക്ഷിമൃഗാദികളുടെ സ്വൈരവിഹാരത്തിന് തടസ്സമില്ലാത്ത വിധത്തിലാക്കണമെന്ന് വ്യവസ്ഥ ചെയ്യുന്ന ഒരു ബില്ലാണിത്. ഇതുസംബന്ധിച്ച് സജീവമായി ചർച്ച നടത്തേണ്ടതായിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ സമയം അവസാനിക്കുകയാണ്. ചർച്ച തുടരുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിക്ക് എന്തെങ്കിലും പറയാനുണ്ടോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) : സർ, ചർച്ച തുടരുകയാണെന്നാണോ പറഞ്ഞത്?

മി. ചെയർമാൻ : ചർച്ച തുടരുകയാണ്.

ശ്രീ. കെ. രാജു : ഞാൻ സംസാരിച്ചുകഴിഞ്ഞാൽ പിന്നെ ചർച്ച തീരുകയല്ലേ ചെയ്യുന്നത്? ചർച്ച തുടരുകയാണെങ്കിൽ....

മി. ചെയർമാൻ : സഭ പന്ത്രണ്ടര മണിക്ക് അവസാനിക്കുമല്ലോ. അങ്ങേയ്ക്ക് എന്തെങ്കിലുമുണ്ടെങ്കിൽ സംസാരിക്കാം.

ശ്രീ. ആർ. രാജേഷ് : സർ, നമ്മൾ കാടിനെപ്പറ്റിയും നാടിനെപ്പറ്റിയുമൊക്കെ പറയുമ്പോൾ ഞാൻ മുമ്പ് ചൂണ്ടിക്കാണിച്ചതുപോലെ മാലിന്യപ്രശ്നവും പ്രധാനമാണ്. മനുഷ്യൻ താമസിക്കുന്ന സ്ഥലത്താണ് ഏറ്റവും കൂടുതൽ മാലിന്യങ്ങൾ നിറയുന്നത്. നമ്മൾ മൃഗങ്ങളെന്ന് പറഞ്ഞ് ആക്ഷേപിക്കുമ്പോഴും മൃഗതുല്യനെന്ന് പറയുമ്പോഴും മനുഷ്യൻ ചെയ്യുന്നത്ര മോശമായ ഒരു പ്രവൃത്തിയും മൃഗം ചെയ്യുന്നില്ല. അവർ ജീവിക്കുന്ന കാട്, ചുറ്റുപാട്, സ്ഥലം അതൊന്നും മാലിന്യ നിക്ഷേപങ്ങളുടെ കേന്ദ്രമല്ല. നമ്മുടെ നാടിനേക്കാൾ മനോഹരമായ സ്ഥലത്താണ് അവർ ജീവിക്കുന്നത്. ആ വൃത്തി കാടിനുണ്ട്. എന്നാൽ മനുഷ്യനെന്ന് നാം അവകാശപ്പെടുന്ന, നമ്മൾ ജീവിക്കുന്ന പ്രദേശത്ത് നമ്മളാണ് മാലിന്യം നിറയ്ക്കുന്നത്; മാലിന്യക്കൂമ്പാരമാക്കി മാറ്റുന്നത് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ : സർ, ബഹുമാന്യനായ അംഗം എം. സ്വരാജാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. അങ്ങാടിക്കുരുവികളെപ്പറ്റി അദ്ദേഹം തുടക്കത്തിൽ സൂചിപ്പിച്ചിരുന്നു. ഇപ്പോൾ നാട്ടിൽ കാക്കകൾ തീരെയില്ല. വീട്ടിലുണ്ടാകുന്ന ഒട്ടേറെ മാലിന്യങ്ങൾ ഒഴിവാകുന്നതിന് ഒരു പ്രധാനപ്പെട്ട കാരണം കാക്കകളായിരുന്നു.

മി. ചെയർമാൻ : സമയം കഴിയാറായി പ്ലീസ്....ശ്രീ. എം. സ്വരാജിന് എന്തെങ്കിലും പറയാനുണ്ടോ ?

ശ്രീ. എം. സ്വരാജ് : സർ, ഇവിടെ അംഗങ്ങളെല്ലാം വളരെ സജീവമായും താൽപര്യത്തോടുകൂടിയും ഈ ചർച്ചയിൽ ഇടപെടുകയുണ്ടായി. അത് വളരെ സ്വാഗതാർഹമായ ഒരു കാര്യമാണ്. ഈ വിഷയത്തിന്മേലുള്ള ചർച്ച തുടരാവുന്നതാണ്.

(ചർച്ച തുടരും)

മി. ചെയർമാൻ : ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 മാർച്ച് മാസം 13-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 12.29-ന് പിരിഞ്ഞു.)